ലക്ഷ്മീഭായീഗ്രന്ഥാവലി, ലക്കം 17.

ഐതിഹ്യമാല

രണ്ടാം ഭാഗം

കൊട്ടാരത്തിൽ ശങ്കുണ്ണി
എഴുതിയത്.

പ്രസാധകൻ
വെള്ളാഞ്ഞൂർ നാരായണമേനോൻ
തൃശ്ശിവപേരൂർ.

'വിദ്യാവിനോദിനീ' അച്ചുകൂടത്തിൽ
അച്ചടിച്ചത്.

All Rights Reserved.

വില ഒരുറുപ്പിക.

1090

Digitised By Kerala Sahitya Akademi

Digitised By Kerala Sahitya Akademi

മുഖവുര.

കാലപ്രവാഹശക്തിയും കൈപ്പുണ്യവും അനുകൂലിച്ചാലും ഗുരുത്വവും ജന്മാന്തരവാസനയുമില്ലെങ്കിൽ കുറിച്ചിടുന്നതെല്ലാം ഈരാറപന്ത്രണ്ടായിത്തിരുവാൻ വളരെ പ്രയാസമുണ്ടെന്നാണ് ഞങ്ങൾക്കു തോന്നുന്നത്. ഈ ഒരു ഗുണം മൂർത്തീകരിച്ച യോഗ്യനാണ് പ്രകൃതഗ്രന്ഥകർത്താവെന്നതിന്ന് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾതന്നെ അനുഭവസാക്ഷികളാണല്ലോ. വിശിഷ്യ മലയാളഭാഷയിൽ ഇദംപ്രഥമമായി ഒരു പുതിയ പ്രസ്ഥാനം ആരംഭിച്ച് അനേകംപേൎക്ക് ആദായത്തിന്നിടയാക്കിത്തീർത്തതാണ് ഐതിഹ്യമാല ഒന്നാം ഭാഗം. ആ ഒരൊററ സംഗതിതന്നെയാണ് ഞങ്ങളെ ഈ രണ്ടാം ഭാഗം അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുന്നതിന്നു പ്രോത്സാഹിപ്പിച്ചതും ധൈര്യപ്പെടുത്തിയതും എന്നു സന്തോഷപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു.

കാര്യം പറയുമ്പോൾ മുഷിക്കേൾക്കുന്നവരേക്കാൾ വെടി പറയുമ്പോൾ രസിച്ചിടുക്കുന്നവരെയാണ് നാം പ്രായേണ അധികമായി കണ്ടുവരുന്നത്. ഇതിന്നുള്ള കാരണം ഓരോരുത്തരുടേയും ചിത്തവൃത്തിയുടെ അവസ്ഥാഭേദമാണെന്നേ പറവാൻ വഴികാണുന്നുള്ളു. അതിനാൽ ഈ മാലികയുടെ ഒന്നും രണ്ടും ഭാഗങ്ങളിലടങ്ങിയ വിഷയഗുണങ്ങളുടെ ന്യൂനാധിക്യം വായനക്കാരുടെ ചിത്തവൃത്തിയെ അനുസരിച്ചിരിക്കുന്നതാകകൊണ്ട് അവരുടെ അഭിപ്രായവ്യത്യാസത്തെ ഓർത്തു ഗ്രന്ഥകർത്താവിന്നും പ്രസാധകന്നും സന്തോഷത്തിന്നോ സന്താപത്തിന്നോ ലേശവും അവകാശമുണ്ടെന്നു തോന്നുന്നില്ല. വിശേഷിച്ചു സന്മാൎഗ്ഗോപദേശങ്ങൾ അധികം ഗ്രഹിപ്പാനുള്ളത് ഈ രണ്ടാം

Digitised By Kerala Sahitya Akademi

ഭാഗത്തിൽനിന്നാണെന്നു വായനക്കാക്ക് അനായാസേന അനുഭവപ്പെടുന്നതാകുന്നു.

ഓരോ രാജ്യക്കാരുടേയും അഭിവൃദ്ധിക്കുള്ള പ്രധാന കാരണങ്ങളിൽ ഒന്ന് അവരുടെ ഇടയിലുള്ള ഐതിഹ്യങ്ങളുടെ അനുസ്മരണമാകുന്നു. ഐതിഹ്യങ്ങൾക്കു ചരിത്രത്തിൻെറ സ്ഥാനം കല്പിക്കപ്പെടാവുന്നതിനാൽ ചരിത്രപാരായണംകൊണ്ടുള്ള ഗുണം സാമാന്യം ഐതിഹ്യപാരായണത്താലും സിദ്ധിപ്പാൻ വഴിയുണ്ടെന്നാണ് തോന്നുന്നത്. എന്നാൽ പഴയ കഥകളിലുള്ള വൈമുഖ്യംകൊണ്ടോ ആധുനികവിദ്യാഭ്യാസത്തിൻെറ തടവുകൊണ്ടോ എന്തോ നമ്മുടെ ഐതിഹ്യങ്ങൾ ഏതാണ്ടു നഷ്ടപ്രായങ്ങളായിത്തീരാറായിരിക്കുന്നു. ഈ ദോഷത്തെ യഥാശക്തി പരിഹരിക്കുന്നതിനു ഭാഷാഭിമാനിയും വൃദ്ധകവിയുമായ ശങ്കുണ്ണി അവർകൾ ചെയ്തുപോരുന്ന യത്നത്തെ കേരളീയർ അഭിനന്ദിക്കുകയും അദ്ദേഹത്തോടു കൃതജ്ഞരായിരിക്കുകയും ചെയ്യാതിരിക്കയില്ലെന്നാണ് ഞങ്ങളുടെ ഉത്തമവിശ്വാസം.

അവതാരികയോ ആമുഖോപന്യാസമോ എഴുതുവാൻ പലക്കും മോഹമുള്ളതായിട്ടാണ് ഇപ്പോൾ കണ്ടുവരുന്നത്. പക്ഷേ, അതിന്നർഹന്മാരായിട്ടുള്ളവരോടാവശ്യപ്പെട്ടുകയോ അപേക്ഷിക്കയോ ചെയ്യാൻ അവക്കു നൂററെട്ടു കുത്താന്തങ്ങളുണ്ടെന്നാം മറവം പറഞ്ഞു ആവശ്യക്കാരെ ഭഗ്നാശയന്മാരാക്കിച്ചെയ്യുന്നത് അത്ര ഭംഗിമല്ല. അങ്ങിനെയിരിക്കെ കൃത്യന്തരബാഹുല്യത്താൽ സാഹിത്യലോകത്തിൽനിന്നു കുറെക്കാലമായി വേർപെട്ടിരിക്കുന്ന ബഹുമാനപ്പെട്ട വേങ്ങയിൽ കുഞ്ഞിരാമൻ നായനാരവർകളെക്കൊണ്ട് ഈ രണ്ടാം ഭാഗത്തിന്നും അവതാരിക

Digitised By Kerala Sahitya Akademi

എഴുതിക്കാൻ പുറപ്പെട്ടതു കുറെ സാഹസമായെങ്കിലും അവകാശവും അധികാരവും പറഞ്ഞാൽ ഏതു ന്യായക്കോടതിയും കേൾക്കാതിരിക്കുന്നതല്ല. അവതാരികയോ മറെറാ എഴുതി സാഹിത്യലോകത്തെ രസിപ്പിക്കാൻ താൻ തീരെ അശക്തനാണെന്നും മററും ബഹുമാനപ്പെട്ട നായ്നാരവർകൾ അദ്ദേഹത്തിൻെറ അവതാരികയിൽ പ്രസ്താവിച്ചിരിക്കുന്നതുകൊണ്ടു വായനക്കാരാരും പരിഭ്രമിക്കാതിരിക്കേണമപേക്ഷ. എന്തുകൊണ്ടെന്നാൽ മഹാകവി ശ്രീകാളിദാസൻപോലും സ്വാഹങ്കാരപരിഹാരത്തിന്നായി ഗ്രന്ഥാരംഭത്തിൽ 'മന്ദഃ കവിയശഃപ്രാൎത്ഥീ ഗമിഷ്യാമ്യുപഹാസ്യതാം' എന്നു പ്രസ്താവിച്ചിട്ടുള്ള സ്ഥിതിക്ക് ഇദ്ദേഹം ഇങ്ങിനെ പറഞ്ഞുപോയതിൽ അത്ഭുതപ്പെടുവാനില്ലല്ലോ.

ഗ്രന്ഥകൎത്താവിനോടും അവതാരികാകൎത്താവിനോടും ഞങ്ങൾക്കു മുമ്പേതന്നെയുള്ള സ്നേഹബഹുമാനകൃതജ്ഞതകൾ ഈ ഗ്രന്ഥം മൂലം ശതഗുണീഭവിച്ചിരിക്കുന്നു എന്നു മാത്രം തല്ക്കാലം പ്രസ്താവിച്ചുകൊണ്ടു അവസാനിപ്പിച്ചുകൊള്ളുന്നു. എന്ന്—

തൃശ്ശിവപേരൂർ
1—2—90

വെള്ളാങ്ങല്ലൂർ നാരായണമേനോൻ,
പ്രസാധകൻ.

Digitised By Kerala Sahitya Akademi

Digitised By Kerala Sahitya Akademi

സംഗതിവിവരം.

	അവതാരിക	i
	കൊട്ടാരത്തിൽ ശങ്കുണ്ണി	i
	പ്രസ്താവന	i
1.	കുമാരനല്ലൂർ ഭഗവതി	1
2.	തിരുനക്കരെദേവനും അവിടുത്തെക്കാളയും	10
3.	ഭവഭൂതി	18
4.	വാഗ്ഭടാചാര്യർ	20
5.	പ്രഭാകരൻ	29
6.	പാതായിക്കരെ നമ്പൂരിമാർ	38
7.	കാരാട്ടുനമ്പൂരി	45
8.	വിഡ്ഢി! കൂശ്മാണ്ഡം	49
9.	കുഞ്ചൻനമ്പ്യാരുടെ ഉത്ഭവം	55
10.	വലിയപരിഷശങ്കരനാരായണച്ചാക്യാർ	61
11.	ആഴവാഞ്ചേരിത്തമ്പ്രാക്കളും മംഗലത്തു ശങ്കരനും	67
12.	നാലേകാട്ടുപിള്ളമാർ	74
13.	കായംകുളം കൊച്ചുണ്ണി	91
14.	കൈപ്പുഴരാജ്ഞിയും പുളിങ്കുന്നു ദേശവും	149
15.	ഒരന്തർജ്ജനത്തിന്റെ യുക്തി	155
16.	പാഴൂർ പെരുംതൃക്കോവിൽ	159
17.	പാക്കനാരുടെ ഭാര്യയുടെ പാതിവ്രത്യം	165
18.	രണ്ടു മഹാരാജാക്കന്മാരുടെ സ്വഭാവവ്യത്യാസം	171
19.	കൊച്ചുനമ്പൂരി	173
20.	ചെമ്പകശ്ശേരി രാജാവും മേൽപ്പുത്തൂർ ഭട്ടതിരിയും	182
21.	വട്ടപ്പറമ്പിൽ വലിയമ്മ	187
22.	വൈക്കത്തു തിരുനീലകണ്ഠൻ	204

Digitised By Kerala Sahitya Akademi

Digitised By Kerala Sahitya Akademi

അവതാരിക.

'സ്ഥൂലതയാ നീലതയാ
ദൂരതയാ ച മധുലോലുപൈർഭ്രമരൈഃ
ഝാംകൃതമിഭരാജധിയാ
ഹന്താസിതസിന്ധുരോ മഹിഷഃ.'

കാനംയിക്കു സമീപം, മണിയറ, ഒരെമ്പ്രാന്തിരി ഉണ്ടായിരുന്നു. അദ്ദേഹം മരിച്ചിട്ടേറെ കാലമൊന്നുമായിട്ടില്ല. കണ്ടാലതിഗംഭീരൻ. വലിയ ഭക്ഷണപ്രിയനാണ്. പക്ഷെ ഈ ഐതിഹ്യമാലയിൽ പ്രസ്താവിച്ച പാതായിക്കരനമ്പൂതിരിയുടെ മാതിരി ഒന്നുമല്ല. പഞ്ചസാരപ്പായസമാണെങ്കിൽ ഒന്നു രണ്ടു പറയൊന്നും തള്ളിവിടുന്നതിന്ന് ഒരു ക്ലേശവുമില്ല വിദ്വാന്. നല്ല ദേഹണ്ഡക്കാരനാണ്. ബ്രാഹ്മണൎക്കു വേണ്ടുന്നതൊക്കെ തനിക്കത്രേ നിശ്ചയമുള്ളു. കുളിച്ചു തറ്റുടുത്തു ഭസ്മവും, ചന്ദനവും, കരിക്കുറിയും നീട്ടി വലിച്ചിട്ടു കണ്ടാൽ, ഒന്നാംതരം വൈദികനാണെന്നു തോന്നിപ്പോകും. അങ്ങിനെ ഇരിക്കുന്ന കാലം കുറെ ദൂരത്തുനിന്നു തന്നെ ഒരു വേളിക്കു പോവാൻ ക്ഷണിച്ചുവശായി. താനൊരു ഗൃഹസ്ഥനാകകൊണ്ടും, കണ്ടാലൊരു ഭവ്യനാകകൊണ്ടും, ഒരോതിക്കന്റെ നിലയിൽ 'ബ്രഹ്മനിരിക്കാനായി' ഈ വിദ്വാനോടാണാവശ്യപ്പെട്ടത്. 'ബ്രഹ്മനിരിക്കുക' കുറെ ബുദ്ധിമുട്ടുള്ള പണിയാണെങ്കിലും ചുമ്മാ ഇരുന്നാൽ മതിയല്ലൊ; അതുകൊണ്ടു കള്ളിയൊന്നും പുറത്താവാനിടയില്ല, പണവും കിട്ടും, എന്നൊക്കെ വിചാരിച്ചു താൻ അതു സമ്മതിച്ചു ഘലനത്തിലവിടെ ഇരുന്നു. തൽക്കാലത്തെ കൎമ്മങ്ങളൊക്കെ നിവൎത്തിച്ച് അവസാനം, 'എന്താ മൂസ്സ്, ഒക്കെ ശരിയായില്ലേ? എന്നു ചോദിച്ചപ്പോൾ, ഭോജനവീരനായ നമ്മുടെ 'ബ്രഹ്മൻ,' എന്താ തൽക്കാലം പറയേണ്ടതെന്നു ഭ്രമിച്ചു, 'ഭോ—ജ—നം വിട്ടുപോയൊ, അതു കേ

Digitised By Kerala Sahitya Akademi

ട്ടില്ലല്ലോ,' എന്നു പറഞ്ഞാൻ. താൻ പണ്ടു വേളികഴിച്ചിരുന്ന കാലത്ത് ഓരോ മന്ത്രങ്ങളും ചൊല്ലിക്കേട്ടതിൽ, 'ഭോജനം' എന്നൊരു ശബ്ദം മാത്രമേ തനിക്കു മനസ്സിലായിരുന്നുള്ളു. അതിന്നും മൂപ്പർ മറന്നിട്ടില്ല. ഭോജനം വിട്ടുപോയോ എന്നു ചോദിച്ചപ്പോൾ യോഗ്യനായ മററെ കർമ്മി സൂക്ഷ്മമായി ആലോചിച്ചു നോക്കിയപ്പോൾ, ഒരു മന്ത്രത്തിൽ ആ പദമുണ്ടെന്നു ധാരണയായി. ആ ഭാഗം എങ്ങിനെയോ വിട്ടുപോയിരിക്കുന്നു! അപ്പഴ് അവിടെ കൂടിയിരുന്നവർക്കെല്ലാം, ശാഭ്ര അഫൻ, സാമാന്യനല്ലെന്നു ബോദ്ധ്യമായിക്കഴിഞ്ഞു. എതായാലും കർമ്മലോപം വന്നുപോയ വസ്ഥക്ക് ഇനി ഒക്കെ രണ്ടാമതാവർത്തിക്കണമെന്നായി ചിലരുടെ പക്ഷം. അതിന്നു ചില പ്രായശ്ചിത്തങ്ങളും മററും വേണ്ടിവരും. അതിനെന്തൊക്കെയാണ്, എങ്ങിനെയെല്ലാമാണ് വേണ്ടതെന്നു ധൈര്യപ്പെട്ടു പറയാനാരുമില്ല. ഈ വിദ്വാന്മാരൊക്കെ നിശ്ചയമുണ്ടായിരിക്കണം, അതുകൊണ്ടു മൂപ്പരോടുതന്നെ ചോദിക്കാമെന്നായി. 'ഇനി എന്തൊക്കെയാണ് വേണ്ടത് മൂസ്സ്' എന്നു ചോദിച്ചു. മൂസ്സിന്നു വല്ല നിശ്ചയമുണ്ടോ, ഒരു വസ്തു ഗന്ധമില്ല. അപ്പഴാണ് തൻെറ കള്ളിയൊക്കെ പുറത്തായത്. എതാണ്ടതുപോലെയാണ് നമ്മുടെ സ്ഥിതി. പണ്ടു പണിയൊന്നുമില്ലാത്തകാലം — അന്നിത്രയധികം വിദ്വാന്മാരുമില്ല, ഇപ്പഴ് വിദ്വാന്മാരാണല്ലോ അധികം — വായക്കു തോന്നിയതു കോതക്കു പാട്ടെന്നു പറഞ്ഞപോലെ, ഓരോ പത്രങ്ങളിൽ പലതും എഴുതിവിട്ടതു വായിച്ച്, ഞാൻ ഇപ്പഴും ഈവക യോഗ്യന്മാരുടെ എടയിൽ ഓരോ കൃതികളുടെ ഗുണദോഷനിരൂപണം ചെയ്തു 'വിമർശനം' ചെയ്വാനൊ എഴുതാനൊ, സമർത്ഥനാണെന്നു ധരിച്ചതുകൊണ്ടായിരിക്കും, പിന്നെയും ഓരോന്നിങ്ങിനെ എഴുതേണമെന്നാവശ്യപ്പെടുന്നത്. ആദ്യത്തെ ഭാഗം പ്രസിദ്ധപ്പെടുത്തിയിരുന്ന കാലം

Digitised By Kerala Sahitya Akademi

എന്നോടാവശ്യപ്പെട്ടപ്രകാരം കോമുഖോപന്യാസം എഴുതിയതു വായിച്ചവരാരും പിന്നീട് ആ വ്യാധി ഉണ്ടാകുമെന്നു വിചാരിച്ചിരുന്നില്ല. എന്നിട്ടും നമ്മുടെ വെള്ളാശ്ശേരി നാരായണമേനോനവർകൾ എന്നോടുതന്നെ എഴുതാനാവശ്യപ്പെട്ടതിലാണാശ്ചര്യം! കഴിയില്ലെന്നു പറഞ്ഞാൽ അദ്ദേഹം സമ്മതിക്കാതിരിക്കുമ്പോൾ ഇങ്ങിനെ ഓരോന്ന് എഴുതിവിടുകയല്ലാതെ എന്താ നിവൃത്തി?

ഇപ്പോൾ എന്തെങ്കിലും വിധത്തിൽ പേരു കേൾപ്പിക്കണം, കടലാസ്സിൽ പ്രസിദ്ധപ്പെടുത്തണം എന്നൊരു വക ഭ്രമം സകല ജനങ്ങൾക്കും കലശലായിരിക്കുന്നു. യുദ്ധത്തിനാണെങ്കിൽ അതിനും ഞാൻ ഞാൻ തയ്യാറെന്നു പറയാൻ എത്രയാൾ! എന്താണ്, എവിടെയാണ്, എങ്ങിനെയാണ് പോകേണ്ടത്, പോയാലെന്താ വേണ്ടത് എന്നൊന്നും നിശ്ചയമില്ലെന്നല്ല അതിനെപ്പററി അല്പമായിട്ടെങ്കിലും ഒരാലോചനകൂടി ചെയ്യുവർ എത്രദുർല്ലഭം! തോക്കും വാളും കുന്തവും ഒന്നിനും അർഹതയില്ലാത്ത നമ്മൾ യുദ്ധത്തിനുതന്നെയാണ് പോകേണ്ടത്! പണ്ടു പാഞ്ചാലീസ്വയംവരത്തിനു ബ്രാഹ്മണർ രണ്ടാം മുണ്ടും വിശറിയുമായിട്ടു യുദ്ധത്തിനു പോയപോലിരിക്കും. അതിനേക്കാളൊക്കെ ഇങ്ങിനെ വല്ലതും എഴുതുന്നതുതന്നെയാണ് ഭേദം. യോഗ്യന്മാരായാൽ അവതാരിക എഴുതാൻ ഒരു ബുദ്ധിമുട്ടില്ല, എളുപ്പത്തിൽ പേർ സമ്പാദിക്കാം. ആരെങ്കിലും അങ്ങിനെ വല്ലതും ആവശ്യപ്പെട്ടാൽ വശമില്ലെന്നൊന്നും പറയരുത്. അത് അവസ്ഥയ്ക്കു പോരെന്നല്ല ഘനക്ഷയവുമാണ്. ഓരോന്ന് എഴുതിയതു കാണുമ്പോൾ വിദ്വത്വം കൊണ്ടൊന്നുമല്ല ആവശ്യപ്പെടുന്നതെന്ന് ആക്കും മനസ്സിലാക്കാം. പ്രഭുത്വംകൊണ്ടോ, ഉദ്യോഗവലിപ്പംകൊണ്ടോ പേരിൻെറ അന്ത്യത്തിൽ അക്ഷരലക്ഷമുള്ളതുകൊണ്ടോ, ബഹുമാനപ്പെട്ടതുകൊണ്ടോ മററൊ ആയിരിക്കാം. അ

Digitised By Kerala Sahitya Akademi

ങ്ങിനെയുള്ളവക്ക് ഒരു വക പ്രസിദ്ധിക്ക് ഇത്ര എളുപ്പമാ
യ വിദ്യ മറെറാന്നുമില്ല. ഈയിടെ കുറെക്കാലമായി പ്ര
യോഗിച്ചുവരുന്ന രണ്ടു നാലു സൂത്രം യഥാൎത്ഥത്തിൽ യോ
ഗ്യനായ ഒരു മാസികാപ്രവൎത്തകൻ എനിക്കെഴുതിയതിൽ
ചില ഭാഗം താഴെ ചേൎക്കുന്നു:—വേദാന്തമോ വൈദ്യമോ
എന്തു വിഷയമായാലും വേണ്ടതില്ല, വല്ലാരും വല്ല പുസ്ത
കവും എഴുതി അതിനൊരു മാതിരി പ്രശസ്തിയൊ പ്രചാര
മോ ഉണ്ടാക്കി ലാഭമുണ്ടാകണമെന്നു കണ്ടാൽ യോഗ്യന്മാ
രെക്കൊണ്ട് അവതാരിക എഴുതിക്കുകയാണ് ഒന്നാമതു
വേണ്ടത്. ചെന്നാവശ്യപ്പെട്ടാൽ, ഒരു വിരോധവുമില്ല,
ക്ഷണത്തിലെഴുതികളെയാം എന്നു വാഗ്ദാനം ചെയ്യാൻ ഒരു
ക്ലേശവുമില്ല. അങ്ങിനെ ശീച്ച്പ്പെടുത്തിയാൽ അദ്ദേഹംത
ന്നെ ഉടനെ ഒരു കടലാസ്സിൽ ആ വിവരം പ്രസിദ്ധപ്പെടു
ത്തും. മുപ്പര പുസ്തകം വാങ്ങിവെച്ചതല്ലാതെ ഒന്നു തുറന്നു
നോക്കീട്ടുംകൂടി ഉണ്ടായിരിക്കില്ല! പിന്നെ കൂടെക്കൂടെ എഴു
ത്തയച്ചിട്ടും അപേക്ഷിച്ചിട്ടും ചെന്നു കണ്ടിട്ടും കമ്പി അടി
ച്ചിട്ടും ബുദ്ധിമുട്ടാകുമ്പോഠം, ഇതെന്തൊരു മാരണമാണെന്നു
വിചാരിച്ചു കീഴുദ്യോഗസ്ഥന്മാരെക്കൊണ്ടോ, സ്നേഹിതന്മാ
രെക്കൊണ്ടോ വല്ലതും എഴുതിച്ചു, തൻെറ പേരെഴുതി ഒപ്പും
ഇട്ടയച്ചു കൊടുക്കും. വേറെ ചിലർ വല്ല അസംബന്ധ
വും എഴുതി, അതിലെ വാചകങ്ങളും മററും ഇഷ്ടംപോലെ
മാററി, വേണ്ടതു കൂട്ടാനും കിഴിക്കാനുമുള്ള സൎവ്വഅധികാര
വും കൊടുത്തുവിട്ടേക്കും. മറെറാരു കൂട്ടർ താന്താങ്ങഠംത
ന്നെ എഴുതി ശരിയാക്കി യോഗ്യന്മാരെക്കൊണ്ട് ഒപ്പിടുവി
ച്ചു വാങ്ങും. ഇങ്ങിനെയുള്ള ഗ്രന്ഥകൎത്താക്കന്മാർ ദുൎല്ലഭ
മൊന്നുമല്ല. ഇതൊന്നും കൂടാതെ വേറെയൊരു വിദ്യയു
ണ്ട്. അതാണ് ഇതിലെല്ലാററിലുംവെച്ച് എളുപ്പം. പ
ക്ഷെ ഇതുവരെ കണ്ടേടത്തോളം ആ സൂത്രം ഒരാഠം മാത്ര
മേ പ്രയോഗിച്ചിട്ടുള്ളൂ. അതുകൊണ്ട് ആ വിദ്യ എന്താ

Digitised By Kerala Sahitya Akademi

ടന്നു പറഞ്ഞാൽ, ക്ഷണത്തിലാളെ മനസ്സിലായിപ്പോകം. ഞാനായിട്ട് ആ വിദ്വാന്റെ കള്ളി പുറത്താക്കുന്നില്ല. ലോകത്തിൽ ഏതൊക്കെ തരക്കാരുണ്ട്! ഈ വയസ്സുകാലത്ത് ഈവക പുതിയ വിദ്യകൾ പഠിക്കാനും മനസ്സിലാക്കാനും നന്ന പ്രയാസംതന്നെ. ആ ദിക്കിൽ ഇങ്ങിനെയുള്ള അനവധി യോഗ്യന്മാരുണ്ടായിരിക്കെ എത്രയോ ദൂരത്ത് ഒരുമൂലയ്ക്കലിരിക്കുന്ന എന്നെയെന്തിനാണീശ്വരാ! കുഴക്കുന്നത്. എന്നെ സംബന്ധിച്ചേടത്തോളം നിങ്ങൾക്കുള്ള ഭ്രമം മേലെഴുതിയ ശ്ലോകത്തിലെ ഭ്രമരത്തിന്നു പററിയ അബദ്ധംപോലെയാണെന്ന് ഇനിയെങ്കിലും ധരിച്ചാൽ വേണ്ടതില്ലയായിരുന്നു.

ഈവക ഐതിഹ്യങ്ങൾ എഴുതിവെക്കേണ്ടുന്ന കാലം ഇപ്പോൾതന്നെ അതിക്രമിച്ചിരിക്കുന്നു. നമുക്കിങ്ങിനെയുള്ള കഥകളും ചരിത്രങ്ങളും എഴുതുന്ന സമ്പ്രദായം പണ്ടേ ഇല്ല. അതുകൊണ്ടു യഥാർത്ഥത്തിലുണ്ടായ കഥകൾതന്നെ ഇശ്ശിമുക്കാലും ഇപ്പഴ് കേൾക്കാനേ ഇല്ല. കഥകൾ പറയുന്ന പതിവ ഇല്ലാതെകണ്ടായി. മാലാകാരം പിടിച്ച നവീനവിദ്യാഭ്യാസംകൊണ്ടും ഇപ്പോഴത്തെ പരിഷ്കാരംകൊണ്ടും സകലതും അപ്പോഴപ്പോൾ വായിച്ചിട്ടോ, നോക്കീട്ടോ അറിയുന്നതല്ലാതെ ഓർമ്മിക്കുന്ന കാര്യം കേവലം ഇല്ലെന്നുതന്നെ പറയാം. പണ്ടു പഞ്ചാംഗം വെക്കാനറിയാത്തവർ ചുരുങ്ങും. ഇപ്പഴ് ആഴ്ച അറിയണമെങ്കിൽ പഞ്ചാംഗം വേണം, തീയതിയാണെങ്കിൽ കലണ്ടർ നോക്കണം. അടി അളക്കാനും നക്ഷത്രം നോക്കാനും ഒന്നും നിശ്ചയമില്ല. സകലതും ഇംഗ്ലീഷുമട്ടായിപ്പോയി. വൈദ്യമാണെങ്കിൽ അതും ഇംഗ്ലീഷിൽതന്നെ; എളുപ്പത്തിൽ കഴിയുമല്ലൊ. ചുക്കും, മുളകും, തിപ്പലിയും, കുറുന്തോട്ടിയും ഒന്നും വേണ്ട. ഒന്നുകിലൊ ഒരു ഗുളിക വിഴുങ്ങി കുറച്ചു ചുടുവെള്ളം കുടിച്ചാൽ വയറിളകി, മ

Digitised By Kerala Sahitya Akademi

റൊരു ഗുളിക സേവിച്ച് അല്പ്പം പച്ചവെള്ളം കഴിച്ചാൽ പനി മാറി. ഒന്നിനും നേരമില്ല. ഒന്നിനും ക്ഷമയില്ല. കുടുമ്മ കൂടി കെട്ടേണ്ട; സംഗീതമാണെങ്കിൽ അതിനും യന്ത്രം. ഒക്കെ യന്ത്രമയം- ഗുരുലാഘവത്വവും തനിക്കാഴ്ബോധവും ലേശമില്ല. കാരണവന്മാരെ മാത്രമല്ല ഉണ്ടാക്കിയ അമ്മയച്ഛന്മാരെ കൂടി നിസ്സാരം. അങ്ങിനെയുള്ള കാലമായിഃപ്പോയി.

ലാറിപ്പോർട്ടും, ന്യൂസ് പേപ്പറം റിക്കാർട്ടും, നോവലും ഒന്നും വായിക്കാൻ തരമില്ലാത്തവക്കും പെണ്ണുങ്ങൾക്കും കുട്ടികൾക്കും ഈവക ഓരോന്നു വായിക്കാൻ, ഈശ്വരാധീനാകൊണ്ടൊരു ഭ്രമം കാണുന്നുണ്ട്. അതില്ലെങ്കിൽ ഇങ്ങിനെ ഓരോന്നെഴുതാൻ ആരും ശ്രമിക്കുന്നതല്ലല്ലോ. ഐതിഹ്യമാലയിലെ കഥകൾ മിക്കതും മുമ്പേതന്നെ ഓരോരുത്തർ ഓരോ വിധം പറഞ്ഞു കേട്ടിട്ടുണ്ട്. കുമാരനല്ലൂർ ഭഗവതിയുടെ കഥപോലെ വടക്കു ചെറുകുന്നത്ത് അന്നപൂർണ്ണേശ്വരിയെപ്പറ്റി ഒരു കഥയും പാട്ടും കേട്ടിട്ടുണ്ട്. ഇങ്ങിനേയുള്ള പാട്ടുകളാരെങ്കിലും അച്ചടിപ്പിച്ചു എങ്കിൽ നന്നായിരുന്നു. വടകരസ്കൂൾസമീപമുള്ള കിഴൂരു ക്ഷേത്രത്തിൻെറ ആഗമം ഏതാണ്ട തിരുനക്കരദേവൻെറയും അവിടുത്തെകാളയുടേയും കഥപോലെതന്നെയാണ്. വാഗ്ഭടാചാര്യരുടെ കഥയിൽ മുഹമ്മദീയർ എന്നു പറഞ്ഞതു ബുദ്ധമതക്കാരെപ്പറ്റി ആവാനെ തരമുള്ളൂ. ബുദ്ധമതക്കാരെ പലരും മുഹമ്മദീയരാണെന്നു ധരിച്ചവരായിട്ടുണ്ട്. നാട്ടെഴുത്തച്ഛന്മാരുടെ കീഴിൽ പഠിച്ചിട്ടുള്ളവരാരും പ്രഭാകരൻെറ കഥ കേൾക്കാതിരിക്കില്ല. കണ്ണിൽ ചോരയില്ലാതെ തല്ലുന്ന എഴുത്തച്ഛന്മാക്ക് ഈ കഥ പറയുന്നത ഇന്നും പരിചാണ്. പ്രഭാകരൻെറ കഥ വടക്കൻദിക്കിൽ വേറെ ഒരു വിധത്തിലാണ് പറഞ്ഞുവരുന്നത്. എൻെറ പക്ഷം കഥക്കു ചമൽകാരം കുറച്ചതിനാ

Digitised By Kerala Sahitya Akademi

ണ് കൂടുക. കൃഷ്ണവിലാസം സുകുമാരകവിയുടെ കൃതി എന്നാണ് കേട്ടിട്ടുള്ളത്. പൂർണ്ണചന്ദ്രൻ ഉദിച്ചുവരുന്നതു കണ്ടപ്പോഴം, എന്റെ സുകുമാരന്റെ മുഖംപോലെ ഇരിക്കുന്നു എന്നു പുത്രവാത്സല്യത്തോടുകൂടി, ഗുരുനാഥൻ തന്റെ ഭാൎയ്യയോടു പറയുന്നതു കേട്ടപ്പോഴം സുകുമാരനു വളരെ പശ്ചാത്താപം തോന്നി. പിറേറന്നു കാലത്തെ ഓരോ സാരയം ചോദിക്കുന്ന കൂട്ടത്തിൽ ഗുരുദ്വേഷം ചെയ്യാലെന്താണ് പ്രതിവിധി എന്ന് അന്തസ്താപത്തോടുകൂടി ചോദിച്ചപ്പോഴം ലേശംപോലും സംശയിക്കാതെ പ്രഭാകരനോടു കല്പിച്ച പ്രായശ്ചിത്തം വിധിച്ചു. അതിൽപിന്നെ ഒന്നു രണ്ടു ദിവസത്തേക്കു സുകുമാരനെ കണ്ടില്ല. എവിടെപ്പോയി എന്നന്വേഷിച്ചപ്പോഴം ഗുരുപദേശപ്രകാരമുള്ള ദുസ്ഥിതിയിലാണെന്നറിഞ്ഞു വളരെ വ്യസനിച്ചു. ഈവക ഗുരുനാഥന്മാൎക്കു പുത്രനും ശിഷ്യനും ഭേദമില്ലെന്നുമേ എന്നു പറഞ്ഞതു പരമാൎത്ഥമാണ്. സുകുമാരനാണെങ്കിൽ ഞാൻ ആ വിധമാണ് വേണ്ടതെന്നു പറഞ്ഞുകൊടുക്കില്ലായിരുന്നു എന്നൊക്കെയാണ് കഥയുടെ സാരം.

ചില കഥകളൊക്കെ, അനേകശതം ജോലികളുള്ള സമയം, ചിങ്ങമാസത്തിൽ പ്രത്യേകിച്ചും പല തിരക്കും ഉള്ളപ്പഴ്, ലക്ഷ്മിഭായിമാനേജരവർകളുടെ വഴിക്കു വഴിയായി നമ്പ്രിട്ടു അനവധി എഴുത്തുകൾ ദിവസേന എന്നപോലെ വരുമ്പഴ്, എന്തൊരു ഗ്രഹപ്പിഴയാണിത്, എന്താണ് എഴുതിവിടേണ്ടത് എന്നു വിചാരിച്ചു, രണ്ടാമതൊരിക്കൽ വായിച്ചു പരിശോധിക്കാനുംകൂടി എടയില്ലാതെ ബദ്ധപ്പെട്ടു് അവതാരികയാണെന്നും പറഞ്ഞിങ്ങിനെ ഓരോന്നെഴുതുന്നതുപോലെ, ശങ്കുണ്ണി അവർകളും എഴുതീട്ടുണ്ടെന്നു വായിക്കുമ്പഴറിയാം. എന്തായിട്ടും ശങ്കുണ്ണി അവർകളുടെ ഉദ്യമം വളരെ നന്നായിരിക്കുന്നു. രണ്ടാം പതിപ്പ് സാ

Digitised By Kerala Sahitya Akademi

വകാരത്തിൽ പരിശോധിച്ച് അല്പം ചില മാറ്റങ്ങൾ ചെയ്ത് ഉടനെ പ്രസിദ്ധപ്പെടുത്താനെടവരുമെന്നു വിശ്വസിക്കുന്നു.

സാഹിത്യശകലങ്ങൾ എന്ന നാമധേയത്തിൽ എന്റെ ഒരു സ്നേഹിതൻ കോഴിക്കോട്ടു മനോരമയിൽ ചില കഥകൾ എഴുതുന്നുണ്ട്. അതുമാതിരി മഹാകവികളുടേയും മററു സന്ദർഭോചിതങ്ങളായ കഥകൾ ശങ്കുണ്ണി അവർകൾ എഴുതുന്നതായാൽ വളരെ നന്നായിരുന്നു. ഈ ഗ്രന്ഥകർത്താവിന്, ഇതൊന്നുമല്ല, ഈ പുസ്തകപ്രചാരവിഷയത്തിങ്കൽ എന്റെ ആശാസ്യമായ അനുഗ്രഹമേ വേണ്ടുവെങ്കിൽ 'ശ്രേയാംസി ഭൂയാംസി ഭവന്തു' എന്നു മാത്രം എഴുതി തൽക്കാലം അവസാനിപ്പിക്കുന്നു.

കാനായി—കൊവ്വായി
2—9—14, ഓണം.

വേങ്ങയിൽ കേ. രാമൻനായനാർ.

Digitised By Kerala Sahitya Akademi

Digitised By Kerala Sahitya Akademi

കൊട്ടാരത്തിൽ ശങ്കുണ്ണി.

Digitised By Kerala Sahitya Akademi

കൊട്ടാരത്തിൽ ശങ്കുണ്ണി.

പുരാതനകാലങ്ങളിൽ ജീവചരിത്രമെഴുതുക എന്നതു വളരെ ചുരുക്കമായിരുന്നുവല്ലൊ. അതിന്റെ കാരണം, ഓരോ കാലങ്ങളിൽ ഉണ്ടായിരുന്ന മഹാന്മാർ എല്ലാവരും എല്ലാംകൊണ്ടും ഏകദേശം തുല്യകക്ഷ്യന്മാരായിരുന്നതിനാൽ അന്യോന്യം അധികബഹുമാനത്തിന് ഇടയില്ലാതെയിരുന്നതോ, അഥവാ പരസ്പരമുണ്ടായിരുന്ന മത്സരമോ അസൂയയോ ആയിരിക്കാം. തങ്ങളുടെ ജീവചരിത്രം തങ്ങൾതന്നെ എഴുതുകയെന്നുള്ളത് അവക്കു ലജ്ജാവഹമായിരുന്നതിനാലായിരിക്കാം അവർ അങ്ങിനേയും ചെയ്യാതെയിരുന്നിട്ടുള്ളതെന്നു തോന്നുന്നു.

എല്ലാ അവസ്ഥയിലും കുറഞ്ഞവരായ അർവ്വാചീനന്മാൎക്കാണ് പൂർവ്വമഹാന്മാരുടെ ജീവചരിത്രം അറിയണമെന്നുള്ള ആഗ്രഹമുണ്ടാകുന്നത്. അപ്പോൾ അതിനു തക്കതായ യാതൊരു ലക്ഷ്യവും ഇല്ലാതിരുന്നാൽ അവക്കുണ്ടാകുന്ന ഇച്ഛാഭംഗം എത്രമാത്രമായിരിക്കുമെന്നുള്ളതു് ഇദ്ദേശത്തുള്ള ചരിത്രവായനക്കാൎക്ക് എല്ലാവൎക്കും അറിയാവുന്നതാണല്ലൊ.

ചെറുപ്പകാലം മുതൽ ഒരുമിച്ചു കളിക്കുകയും പഠിക്കുകയും മററും ചെയ്തു വളൎന്നുവന്ന എനിക്കു പൂർവ്വകവികളെക്കുറിച്ചുള്ളതുപോലെ ഒരു ബഹുമാനം ശങ്കുണ്ണി അവർകളെക്കുറിച്ചു തോന്നുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ നല്ലനല്ല പ്രബന്ധങ്ങൾ കാണുമ്പോൾ അവയിൽ അദ്ദേഹത്തിന്റെ ഒരു ജീവചരിത്രംകൂടി ചേൎത്തിരുന്നുവെങ്കിൽ ഭാവികാലങ്ങളിലുണ്ടാവുന്നവൎക്ക് അതു തൃപ്തികരവും സന്തോഷാവഹവുമായിരിക്കും എന്നും മിസ്റ്റർ ശങ്കുണ്ണിയുടെ ജീവചരിത്രം എഴുതുന്നതിന് എല്ലാംകൊണ്ടും ഇക്കാലത്തുള്ള

Digitised By Kerala Sahitya Akademi

വരിൽ യോഗ്യൻ ഞാൻതന്നെ ആണെന്നും തോന്നാറുണ്ടായിരുന്നു. മററാരുടേയും വിഷയത്തിൽ എനിക്കിങ്ങിനെ തോന്നീട്ടില്ലാത്തതിനാൽ എൻെറ ഈ വിചാരം ശങ്കുണ്ണി അവർകളുമായി ബാല്യംമുതൽ ഇതുവരേയുള്ള സഹവാസനിമിത്തം സിദ്ധിച്ചിട്ടുള്ള ദൃഢപരിചയംകൊണ്ടുണ്ടായിട്ടുള്ളതല്ലാതെ ചരിത്രമെഴുതുന്നതിന്ന് എനിക്കുള്ള വൈദഗ്ദ്ധ്യാഭിമാനംകൊണ്ടാണെന്നു ഞാൻ വിചാരിക്കുന്നില്ല.

ശങ്കുണ്ണി അവർകളുടെ ജീവചരിത്രം ഒന്നെഴുതേണ്ടതാണെന്നും അതു ഞാൻതന്നെ വേണ്ടതാണെന്നുമുള്ള വിചാരം എൻെറ മനസ്സിൽ അങ്കുരിച്ചു വളൎന്നുതുടങ്ങീട്ടു വളരെക്കാലമായെങ്കിലും ഇതുവരെ ഈ സംഗതിയേപ്പററി ഞാൻ ആരോടും പറഞ്ഞിട്ടില്ല. ഇപ്പോൾ ഇതൊന്നും അറിയാതെ "ലക്ഷ്മീഭായി" എന്ന മാസികയുടെ മാനേജരും പത്രാധിപരുമായ വെള്ളാസ്സൽ നാരായണമേനോനവർകൾ ചെയ്ത പ്രേരണ എൻെറ മനോരഥത്തെ സഫലീകരിക്കാൻ കാരണമായിത്തീൎന്നതിനാൽ എനിക്ക് അദ്ദേഹത്തിൻെറ പേരിലുണ്ടായിരിക്കുന്ന കൃതജ്ഞത സീമാതീതയായിരിക്കുന്നു എന്നുള്ള വാസ്തവംകൂടി പ്രസ്താവിച്ചുകൊണ്ടു പ്രകൃതത്തിലേക്കു പ്രവേശിക്കുന്നു.

ശങ്കുണ്ണി അവർകളുടെ കുടുംബം വളരെ പുരാതനവും, കരയിൽ ഗുരുസ്ഥാനവും മന്ത്രവാദവുംകൊണ്ട് അത്യന്തം പ്രസിദ്ധവുമായിട്ടുള്ളതാകുന്നു. അഖിലശാസ്ത്രപാരാവാരപാരംഗതനും അതിമാനുഷനും 'പൂരാടംതിരുനാൾ' എന്നു പ്രസിദ്ധനുമായിരുന്ന അമ്പലപ്പുഴരാജാവിൻെറ കാലത്ത് ഈ കുടുംബക്കാർ മന്ത്രവാദവിഷയത്തിലും മററും അദ്ദേഹത്തിൻെറ പ്രീതിബഹുമാനങ്ങൾക്കു പാത്രീഭവിച്ചിട്ടുണ്ടെന്നുള്ള ഐതിഹ്യംതന്നെ ഈ കുടുംബത്തിൻെറ പുരാതനത്വാദികളെ സൂചിപ്പിക്കുന്നുണ്ട്.

ശങ്കുണ്ണി അവർകളുടെ പിതാവായ വാസുദേവൻ ഉ

Digitised By Kerala Sahitya Akademi

ണ്ണി അവർകഠം കുലക്രമാഗതമായ മന്ത്രവാദത്തിലെന്ന പോലെ തന്നെ സംഗീതം, കരകൌശലം മുതലായ കലാവിദ്യകളിലും അതിസമത്ഥനും നല്ല കാൎയ്യസ്ഥനുമായിരുന്നതിനാൽ ഏതദ്ദേശ്യരായ ഒട്ടെല്ലാവരുംതന്നെ അവരവരുടെ കുടുംബസംബന്ധങ്ങളായും സൎക്കാർസംബന്ധങ്ങളായുമുള്ള സകലകാൎയ്യങ്ങളിലും അദ്ദേഹത്തിന്റെ ഉപദേശങ്ങളേയും സഹായങ്ങളേയും എല്ലായ്പ്പോഴും അപേക്ഷിച്ചുംകൊണ്ടിരുന്നിരുന്നു. അദ്ദേഹത്തിന്റെ ദ്വിതീയപുത്രനാണ് ഈ ശങ്കുണ്ണി അവർകഠം.

ശങ്കുണ്ണിഅവർകളുടെ സാക്ഷാൽ നാമധേയം 'വാസുദേവൻ' എന്നാണ്. അച്ഛന്റെ പേരും അതുതന്നെ ആയിരുന്നതിനാൽ അമ്മ ശൈശവത്തിൽ ഇദ്ദേഹത്തെ 'തങ്കം' എന്നു വിളിച്ചുവന്നു. കാലക്രമേണ ആ ഓമനപ്പേരു 'തങ്ക' എന്നായിത്തീൎന്നു. ഈ പേരിന് അൎത്ഥമൊന്നുമില്ലല്ലൊ എന്നു വിചാരിച്ചു പിന്നീടു 'ശങ്ക' എന്നു വിളിച്ചുവരികയും അതോടുകൂടി ജാതിപ്പേരായ 'ഉണ്ണി' എന്നുകൂടി ചേൎത്ത് എല്ലാവരും 'ശങ്കുണ്ണി' എന്നു പറഞ്ഞുതുടങ്ങുകയും ആ പേരു നടപ്പായിത്തീരുകയും ചെയ്തു. ശങ്കുണ്ണി അവർകഠക്ക് ഒരു ജ്യേഷ്ഠനും ഒരനുജനും എല്ലാവരിലും ഇളയവരായി രണ്ടു സഹോദരിമാരും ഉണ്ടായിരുന്നു.

ശങ്കുണ്ണിഅവർകളുടെ ജനനം കൊല്ലവൎഷം 1030-ാമാണ്ടു മീനമാസം 23-ാംനു- വിശാഖം നക്ഷത്രത്തിൽ കോട്ടയത്തു സ്വഭവനമായ കൊട്ടാരത്തിൽത്തന്നെ ആയിരുന്നു. ഇദ്ദേഹം ചെറുപ്പത്തിൽ നല്ല സാമൎത്ഥ്യവും ചുണയുമുള്ള ആളായിരുന്നുവെങ്കിലും വിദ്യാഭ്യാസവിഷയത്തിൽ വലിയ മടിയനായിരുന്നു. അച്ഛന്റെ നിൎബ്ബന്ധംനിമിത്തം ഇദ്ദേഹം 7 വയസ്സുമുതൽ 10 വയസ്സുവരെ ചില ആശാന്മാരുടെ (എഴുത്തച്ഛന്മാരുടെ) അടുക്കൽ പഠിക്കാൻ പോയിക്കൊണ്ടിരുന്നു. അതുതന്നെ മനസ്സോടും സന്തോഷത്തോ

Digitised By Kerala Sahitya Akademi

ട്ടുംകൂടി അല്ലായിരുന്നതിനാൽ അദ്ധ്യായം കാലംകൊണ്ടു മലയാളം കഷ്ടിച്ചു വായിക്കാനോ എഴുതാനോ വശമായതല്ലാതെ ഗ്രന്ഥങ്ങളിലൊന്നും പഠിക്കാൻ ഇദ്ദേഹത്തിനിടയായില്ല. പാഠശാലകളിൽ ചേർന്നു പഠിക്കുകയെന്നുള്ളത് ഇദ്ദേഹം ഒരിക്കലും ഉണ്ടായിട്ടില്ലെന്നു മാത്രമല്ല; പത്തു വയസ്സു തികഞ്ഞതിനോടുകൂടി ആശാന്മാരുടെ അടുക്കൽ പോയിയുള്ള പഠിത്തം മതിയാക്കുകയും ചെയ്തു. അതിന്റെ ശേഷം 16 വയസ്സു കഴിയുന്നതുവരെ ഇദ്ദേഹം കേവലം മൃഗപ്രായമായി കാലക്ഷേപം ചെയ്തതേ ഉള്ളു. ഏകദേശം 17 വയസ്സായപ്പോൾ തന്റെ സമപ്രായന്മാരായ ചിലർ പഠിക്കാൻ പോകുന്നതു കാണുകയും പഠിത്തത്തിന്റെ ഫലത്തെക്കുറിച്ചുള്ള ബഹുമാനം തോന്നുകയും അപ്പോൾ തന്റെ അനഭിജ്ഞതയെപ്പററി ഇദ്ദേഹത്തിനു പശ്ചാത്താപം ഉണ്ടാവുകയും തനിക്കും വല്ലതും പഠിച്ചാൽകൊള്ളാമെന്നുള്ള ഒരാഗ്രഹം സ്വയമേവ ഇദ്ദേഹത്തിന്റെ മനസ്സിൽ അങ്കുരിക്കുകയും ചെയ്തു.

അതിന്റെ ശേഷം മഹാവിദ്വാനായിരുന്ന 'മണർകാട്ടു ശങ്കുവാര്യർ (എന്റെ അച്ഛൻ) അവർകളുടെ അടുക്കൽ സിദ്ധരൂപവും രഘുവംശകാവ്യം ഒന്നാംസർഗ്ഗത്തിൽ ഏതാനും ശ്ലോകങ്ങളും പഠിച്ചു. അപ്പോഴേക്കും ആ ഗുരുനാഥൻ കുറച്ചുകാലത്തേക്കു തന്റെ സ്ഥിരതാമസം പനയുള്ളതു കോയിക്കലൊക്കിയതിനാൽ പിന്നെയും ഏതാനും കാലത്തേക്കു ശങ്കുണ്ണിഅവർകൾക്ക് ഒന്നും പഠിക്കാൻ തരമായില്ല. 17 വയസ്സു കഴിഞ്ഞതിന്റെശേഷം 1047-ാമാണ്ടു മിഥുനമാസത്തിൽ, വിശ്രുതവിശ്രുതനും വൈദ്യാഗ്രേസരനും പ്രൌഢകവിയും ഗംഭീരാശയനുമായിരുന്ന 1077-ാമാണ്ടു മീനമാസം 7-ാം നു- പരലോകപ്രാപ്തനായ വയക്കരെ ആഢ്യൻ നാരായണൻമൂസ്സ് അവർകളുടെ അടുക്കൽ ശങ്കുണ്ണിഅവർകൾ പിന്നെയും പഠിച്ചുതുടങ്ങി. അ

Digitised By Kerala Sahitya Akademi

ത് 1057-ാമാണ്ടു വരെ നിർവ്വിഘ്നമായി നടന്നുകൊണ്ടിരുന്നതിനാൽ അത്രയും കാലംകൊണ്ടു ശങ്കുണ്ണി അവർകൾ രഘുവംശം, മാഘം, നൈഷധം മുതലായ കാവ്യങ്ങളിൽ ഏതാനും സർഗ്ഗങ്ങളും സഹസ്രയോഗം, ഗുണപാഠം, ചികിത്സാക്രമം, അഷ്ടാംഗഹൃദയം മുതലായ വൈദ്യശാസ്ത്രഗ്രന്ഥങ്ങളും പഠിക്കുകയും ഒരുവിധം വ്യുൽപത്തി സമ്പാദിക്കുകയും ചെയ്തു. ദ്രൗയ്യൻനാരായണൻമൂസ്സ് അവർകൾക്കു പഠിപ്പിക്കുന്നതിനുള്ള വാസനയും സാമർത്ഥ്യവും അനന്യസാധാരണങ്ങളായിരുന്നു. അപ്രകാരം തന്നെ പഠിക്കുന്നതിനു ശങ്കുണ്ണി അവർകൾക്കുള്ള മനസ്സും ബുദ്ധിയും ഉത്സാഹവും അന്യാദൃശങ്ങളുമായിരുന്നു. അതിനാൽ ഒരുവിധം ശ്ലോകാർത്ഥം മനസ്സിലാക്കാനുള്ള നൈപുണ്യം സമ്പാദിക്കുന്നതിനു ശങ്കുണ്ണിഅവർകൾക്ക് അധികമായ കാലതാമസവും പ്രയാസവും വേണ്ടിവന്നില്ല. ശങ്കുണ്ണി അവർകളേക്കാൾ അധികം കാലവും അധികം ഗ്രന്ഥങ്ങളും പഠിച്ചിട്ടുള്ള ചില സഹപാഠികൾ ചില ശ്ലോകങ്ങളുടെ പദം, വിഭക്തി, അന്വയം, അന്വയാർത്ഥം, പരിഭാഷ, ഭാവം (താൽപര്യാർത്ഥം) മുതലായവ അറിയാൻ പാടില്ലാതെ ഇരുന്നു വിഷമിക്കുന്ന അവസരങ്ങളിൽ ഗുരുനാഥന്റെ നിയോഗപ്രകാരം ഇദ്ദേഹം അവയെല്ലാം നിഷ്പ്രയാസം പറഞ്ഞുകൊടുക്കുന്നതു കണ്ടും കേട്ടും ഞാൻ മുതലായ സഹപാഠികൾ പലപ്പോഴും സന്തോഷിക്കുകയും അത്ഭുതപ്പെടുകയും ചെയ്യാറുണ്ട്. ശങ്കുണ്ണിഅവർകളുടെ ബുദ്ധിശക്തിയുടെ സ്ഥിതിക്കു കുറച്ചുകാലം കൂടി അദ്ദേഹം മുറക്കു പഠിച്ചിരുന്നുവെങ്കിൽ ഒരു വൈദ്യനെന്നോ വൈയാകരണനെന്നോ താർക്കികനെന്നോ ജ്യോതിഷ്യനെന്നോ, അഥവാ ചതുശ്ശാസ്ത്രപണ്ഡിതൻ എന്നു തന്നെയോ ഉള്ള പേർ സമ്പാദിക്കുന്നതിന് അദ്ദേഹത്തിന് ഒരു പ്രയാസവും ഉണ്ടാകുമായിരുന്നില്ല. പക്ഷേ അദ്ദേഹത്തിന് അതിനൊ

Digitised By Kerala Sahitya Akademi

ന്നിന്നും ആഗ്രഹവും സംഗതിയും ഉണ്ടായില്ലെന്നേ ഉള്ളു. എങ്കിലും ആ വക സകലശാസ്ത്രങ്ങളിലും അല്പാല്പമായ ജ്ഞാനം അദ്ദേഹം സമ്പാദിച്ചിട്ടുണ്ട്. 1056-ാമാണ്ടായപ്പോഴേക്കും വാർദ്ധക്യംകൊണ്ട് അച്ഛനും ഇതരകൃത്യങ്ങളുടെ ബാഹുല്യവും ഗൃഹഭരണക്ലേശത്തിലുള്ള വൈമുഖ്യവും കൊണ്ടു ജ്യേഷ്ഠനും ഗൃഹകാര്യങ്ങൾ അന്വേഷിക്കുന്നതിനു സൌകര്യമില്ലാതെവരികയാൽ ആ ഭാരമേറിയ കൃത്യംകൂടി കയ്യേൽക്കേണ്ടതായി വന്നതുനിമിത്തം ശങ്കുണ്ണിഅവർകൾക്കു ഗുരുമുഖേനയുള്ള വിദ്യാഭ്യാസം അക്കാലം മുതൽ നിശ്ശേഷം നിറുത്തേണ്ടതായിവന്നു. അതിനാൽ അഷ്ടാംഗഹൃദയംപോലും മുഴുവൻ പഠിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചില്ല. എങ്കിലും അദ്ദേഹം യഥാവസരം പിന്നെയും സംസ്കൃതങ്ങളായ ചമ്പൂപ്രബന്ധങ്ങളും നാടകങ്ങളും അലങ്കാരശാസ്ത്രങ്ങളും മററും സ്വയമേവ നോക്കി തന്റെ വ്യുൽപത്തിയേ വർദ്ധിപ്പിച്ചുംകൊണ്ടിരുന്നു. ഇപ്പോഴും അദ്ദേഹം ആവക പരിശ്രമങ്ങൾ കേവലം മതിയാക്കീട്ടില്ല.

ശങ്കുണ്ണിഅവർകൾ കാവ്യങ്ങൾ പഠിച്ചുതുടങ്ങുന്നതിനുമുമ്പുതന്നെ കേവലം വിനോദത്തിനായി ചില മണിപ്രവാളപദ്യങ്ങളും പാട്ടുകളും ഉണ്ടാക്കിത്തുടങ്ങുകയും അവയിൽ തന്റെ വാസനാബലത്തെ പ്രകടിപ്പിക്കുകയും ചെയ്തിരുന്നതിനാൽ ഇദ്ദേഹം മേലാൽ ഒരു കവിയായിത്തീരണമെന്നായിരുന്നു ഈശ്വരേച്ഛ എന്ന് ഊഹിക്കാൻ വഴിയുണ്ടായിട്ടുണ്ട്. ഇദ്ദേഹം പ്രബന്ധരൂപമായി ഒന്നാമതുണ്ടാക്കീട്ടുള്ള കൃതി ശതകത്രയരൂപമായ സുഭദ്രാഹരണമണിപ്രവാളമാണ്. അത് ഇദ്ദേഹം 1066-ാമാണ്ടു 36-ാമത്തെ വയസ്സിൽ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻതിരുമനസ്സിലെ നിർബ്ബന്ധംകൊണ്ടുണ്ടാക്കീട്ടുള്ളതുമാണ്. കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരമാണ് ഈ കൃതി ഇദ്ദേഹം ഉണ്ടാക്കീട്ടുള്ളതെന്ന് ആ തിരുമന

Digitised By Kerala Sahitya Akademi

സ്സിലെ അനുമോദനാശ്ലോകാംകൊണ്ടും കവിയുടെ ഒരു പ്രാത്ഥനാശ്ലോകംകൊണ്ടും സ്പഷ്ടമാകുന്നുണ്ട്. ആ ശ്ലോകങ്ങളെ താഴെ പകരുന്നു.

"കൊട്ടാരത്തിലെഴും കവീന്ദ്രമണിയാം ശങ്കുണ്ണിയേററംപ്രിയ-
പ്പെട്ടോരെൻമൊഴി കേട്ടു തീൎത്ത കൃതിയാമിപ്പുസ്തകം സാദരം
ഒട്ടേറെസ്സരസപ്രമോദകരമായ്തീരാതിരിക്കില്ലിതിൻ-
മട്ടോരുമ്പൊഴം മുഖത്തരം സരസരേ! വാങ്ങിച്ചു വായിക്കുവിൻ."

"ഒട്ടുക്കീ ലോകമെല്ലാം പുകഴം പെരിയ പുമാൻ
കോടിലിംഗേശകഞ്ഞി-
ക്കുട്ടാഖ്യക്ഷോണിപാലൻ കനിവിനൊടരുളി-
ച്ചെയ്കയാൽ വൈകിടാതെ
ഇഷ്ടിക്കായ്തീൎത്തിട്ടുന്നേനൊരു കൃതിയധുനാ
മന്ദനാകുന്ന ഞാനി-
ന്നൊട്ടൊക്കെത്തെററു പററീടിലുമതു സകലം
സജ്ജനം തീൎത്തിടേണം."

ഇതു കൂടാതെ ശങ്കുണ്ണി അവർകൾ ഉണ്ടാക്കീട്ടുള്ള പ്രധാന കൃതികളുടെ പേരുകൾ താഴെ പറയുന്നു.

മണിപ്രവാളകൃതികൾ.

2. കേശവദാസചരിത്രം 3. ആസന്നമരണചിന്താശതകം 4. കേരളവൎമ്മശതകം 5. ലക്ഷ്മീഭായിശതകം 6. മാടമഹീശശതകം 7. യാത്രാചരിത്രം 8. അത്തച്ചമയസപ്തതി 9. മുറജപചരിതം.

ഭാഷാനാടകങ്ങൾ (തൎജ്ജമ)

10. മാലതീമാധവം 11. വിക്രമോൎവ്വശീയം.

ടി പുരാണകഥകൾ.

12. കുചേലഗോപാലം 13. സീമന്തിനീചരിതം 14. പാഞ്ചാലധനഞ്ജയം 15. ഗംഗാവതരണം.

ടി. കല്പിതകഥകൾ.

16. ദേവീവിലാസം 17. ജാനകീപരിണയം.

Digitised By Kerala Sahitya Akademi

ആട്ടക്കഥകൾ.

18. ശ്രീരാമപട്ടാഭിഷേകം 19. ശ്രീരാമാവതാരം. 20. സീതാവിവാഹം 21. ഭൂസുരഗോഗ്രഹണം 22. കിരാതസൂനുചരിതം.

കൈകൊട്ടിക്കളിപ്പാട്ടുകൾ.

23. നിവാതകവചവധം (24 വൃത്തം) 24. ശ്രീമൂലരാജവിലാസം (10 വൃത്തം) 25. വിക്ടോറിയാചരിതം (12 വൃത്തം) 26. ധ്രുവചരിതം (16 വൃത്തം) 27. ശോണാദ്രിശബരീമാഹാത്മ്യം (7 വൃത്തം) 28. ഭദ്രോൽപത്തി പാന.

തുള്ളൽപ്പാട്ട്.

29. ശ്രീഭൂതനാഥോത്ഭവം (ശീതങ്കൻ)

വഞ്ചിപ്പാട്ട്.

30. കല്യാണോത്സവം.

ഗദ്യപ്രബന്ധങ്ങൾ.

31. നൈഷധം. 32. വിശ്വാമിത്രചരിത്രം. 33. വിക്രമോർവ്വശീയനാടകകഥാസംഗ്രഹം. 34. അർജ്ജുനൻ. 35 ശ്രീകൃഷ്ണൻ.

ഇവ കൂടാതെ ഇദ്ദേഹം അനേകം ഒററശ്ലോകങ്ങളും ചില്ലറക്കൃതികളും ഉണ്ടാക്കീട്ടുണ്ട്. മേല്പറഞ്ഞവയിൽ 7-ം 8-ം നമ്പർ കൃതികൾ മലയാളമനോരമാപത്രത്തിൽ ചേൎത്തുമാത്രം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിട്ടുള്ളവയും 15-ം 21-ം 28-ം നമ്പർ കൃതികൾ അച്ചടിക്കപ്പെട്ടിട്ടില്ലാത്തവയുമാണ്. 2-ാം നമ്പർ 'രാജാകേശവദാസചരിത്ര'വും ശങ്കുണ്ണി അവർകൾ 1069-ാമാണ്ടിടയ്ക്കു കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരമുണ്ടാക്കീട്ടുള്ളതാണ്. ഇതിനെസ്സംബന്ധിച്ചു കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു ശങ്കുണ്ണി അവർകളുടെ പേൎക്കയച്ചിട്ടുള്ള ഒരു തിരുവെഴുത്തിലേ ചില ശ്ലോകങ്ങൾ താഴെ പകൎത്തുന്നു.

Digitised By Kerala Sahitya Akademi

മുമ്പേ നമ്മുടെ കേരളത്തിലധികം
കൂർകൊണ്ടു മാലോകരിൽ
തമ്പേർ കൊണ്ടുനടന്ന യോഗ്യർ ചിലരി-
ങ്ങുണ്ടായിരുന്നില്ലയോ?
അൻപേറുന്നവരിൽ കൃതജ്ഞതയൊടൊ-
ത്തി നമ്മളാ മാന്യരേ
വൻപേറുന്ന ചരിത്രചിത്രമെഴുതി-
ക്കാണിക്കുവാൻ നോക്കണം.

ചിലരുടെ ചരിതം ഞാൻ തീർത്തിടാം പിന്നെ വേറെ-
ച്ചിലരുടെ കഥ നന്നായ് താങ്കളുണ്ടാക്കി നോക്കു
പലരുമൊരുമയോടൊത്തീപ്രകാരം തുനിഞ്ഞാൽ
പലരുടയ ചരിത്രഗ്രന്ഥവും തീരുമല്ലോ.

ജോനിക്കനൃപമന്ത്രിമണിയായ്
നാട്ടാരിലിഷ്ടപ്പെട്ടും
"രാജാകേശവദാസ"നെന്നൊരു മഹാ-
നുണ്ടായിരുന്നില്ലയോ?
വ്യാജാപേതമവന്റെ ജീവചരിതം
ശ്ലോകപ്പടിക്കങ്ങു താൻ
ഹേ! ജാത്യത്തൊടു വിസ്തരിച്ചെഴുതെടോ!
സാരസ്യസാരാംബുധേ!

10-ാം നമ്പർ 'മാലതീമാധവം' ടി. കെ. കൃഷ്ണമേനോൻ ബി. എ., എം. ആർ. എ. എസ്., എഫ്. ആർ. എച്ച്. എസ് അവർകൾ 'വിദ്യാവിനോദിനി'യുടെ പത്രാധിപരായിരുന്ന കാലത്ത് ആ മാസികയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്താനായി തർജ്ജമചെയ്തു കൊടുക്കണമെന്ന് അദ്ദേഹം നിർബ്ബന്ധപൂർവ്വം ആവശ്യപ്പെടുകയാൽ തർജ്ജമ ചെയ്തിട്ടുള്ളതും അതോടുകൂടി പുസ്തകമായിട്ടുകൂടി അച്ചടിക്കപ്പെട്ടിട്ടുള്ളതുമാണ്. 15-ാം നമ്പർ നാടകം ശങ്കുണ്ണി അവർകൾ 1067 വൃശ്ചികത്തിൽ കോട്ടയത്തുവെച്ചു നടത്തപ്പെട്ട 'ഭാഷാപോഷിണീ' സഭയിൽ വെച്ചുണ്ടായ കവിതാപരീക്ഷയിൽ 6 മണിക്കൂർകൊണ്ട് ഉണ്ടാക്കീട്ടുള്ളതാണ്. 13-ം 14-ം നമ്പർനാടകങ്ങളും 'കവനോദയ'

Digitised By Kerala Sahitya Akademi

ത്തിൽ വെച്ചു പ്രസിദ്ധപ്പെട്ടത്താനായി കടത്തനാട്ടു രീ പ്പെട്ടുപോയ ഉദയവൎമ്മ ഇളയതമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരവും 16-ം 17-ം നമ്പർ നാടകങ്ങളും 3-ാംനമ്പർ ശതകവും 'ഭാഷാപോഷിണീ' സഭയുടെ നോട്ടീസിൻപ്രകാരവും 18-ം 19-ം 20-ം 22-ം നമ്പർ ആട്ടക്കഥകൾ കിഴിണിപ്പുറത്തു സ്വാമിയാർ തിരുമനസ്സിലെ കല്പനപ്രകാരവും 21-ാം നമ്പർ ആട്ടക്കഥ കൊച്ചി നാലാകൂർ തീപ്പെട്ടുപോയ കുഞ്ഞിക്കിടാവുതമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരവും 28-ാം നമ്പർ ധ്രുവചരിതം ചെങ്ങന്നൂർ വഞ്ഞിപ്പുഴത്തമ്പുരാൻ തിരുമനസ്സിലെ താല്പൎയ്യപ്രകാരവും ഉണ്ടാക്കിട്ടുള്ളവയാണ്. ഇവയിൽ 10-ം 11-ം നമ്പർ കൾ ഓരോകൊല്ലം ബി. ഏ. ക്ലാസിലേക്ക മദ്രാസ് സൎവ്വകലാശാലക്കാരാലും 1-ം 2-ം 3-ം 34-ം നമ്പർകൾ ഒന്നിലധികം കൊല്ലങ്ങളിൽ സൎക്കാർപാഠശാലകളിലേക്കു തിരുവിതാംകൂർ ഗവൎമ്മേണ്ടുവക ബുക്കുകമ്മട്ടിക്കാരാലും പാഠപുസ്തകങ്ങളായി സ്വീകരിക്കപ്പെട്ടിട്ടുണ്ട്.

കവിതാവിഷയത്തിൽ ശങ്കുണ്ണി അവർകൾക്കുണ്ടായിട്ടുള്ള പ്രസിദ്ധിയും ബഹുമതിയും ജനസമ്മതവും ഒട്ടും ചില്ലറയായിട്ടുള്ളവയല്ല. 1067 വൃശ്ചികത്തിൽ ആദ്യമായി കോട്ടയത്തു കൂടിയ 'ഭാഷാപോഷിണീ' സഭയിൽവെച്ചു നടത്തപ്പെട്ട മൂന്നു കവിതാപരീക്ഷകളിലും ശങ്കുണ്ണി അവർകൾ ചേരുകയും ജയിക്കുകയും അവയിൽ ഒന്നിനു സമ്മാനവും രണ്ടിനു പ്രശംസാപത്രങ്ങളും ലഭിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം തന്നെ തൃശ്ശിവപേരൂർ കൂടിയ 'ഭാഷാപോഷിണീ' സഭയിൽവെച്ചു നടത്തപ്പെട്ട പദ്യപരീക്ഷയിലും ഗദ്യപരീക്ഷയിലും ശങ്കുണ്ണി അവർകൾ ചേരുകയും രണ്ടിലും ജയിക്കുകയും സമ്മാനങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. 16-ാം നമ്പർ നാടകത്തിന് ഒന്നാമതായും 3-ാം നമ്പർ ശതകത്തിനു രണ്ടാമതായും ഭാഷാപോഷി

Digitised By Kerala Sahitya Akademi

ണിസഭയിൽ നിന്നു ശങ്കുണ്ണി അവർകൾക്കു സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്. തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ട് ഒരു വളയും 1076-ൽ നാടുനീങ്ങിപ്പോയ്‌വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു രത്നഖചിതമായ ഒരു മോതിരവും കസവുതുപ്പട്ടാവുമുതലായവയും കൊച്ചി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടും വീരകേരള (മൂന്നാംകൂർ) തമ്പുരാൻ തിരുമനസ്സുകൊണ്ടും നാലാംകൂർ, എട്ടാംകൂർ, പതിനഞ്ചാംകൂർ മുതലായ തിരുമേനികളും കോഴിക്കോട്ടു പടിഞ്ഞാറേക്കോവിലകത്തു വലിയതമ്പുരാനെന്ന മൂന്നാംകൂർ വിദ്വാൻ മാനവിക്രമ ഏട്ടൻതമ്പുരാൻ (ഇപ്പോഴത്തെ സാമൂതിരിപ്പാട്) തിരുമനസ്സുകൊണ്ടും മററം മുണ്ടുകളും കടത്തനാട്ടു തീപ്പെട്ടുപോയ ഉദയവർമ്മ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു പയ്യന്നൂർ പവിത്രമോതിരവും മുണ്ടുകളും മററമായി പലപ്പോഴായിട്ടു പല സമ്മാനങ്ങളും കേരളകാളിദാസനെന്നു പ്രസിദ്ധനായിരിക്കുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാൻ സി. എസ്. ഐ തിരുമനസ്സുകൊണ്ടും അവിടുത്തെ ജ്യേഷ്ഠനായ മൂത്ത കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും വള, രത്നഖചിതമായ മോതിരം, കസവുതുപ്പട്ടാവുകൾ, മുണ്ടുകൾ മുതലായി അനേക സമ്മാനങ്ങളും ശങ്കുണ്ണി അവർകൾക്കു കല്പിച്ചുകൊടുത്തിട്ടുണ്ട്. ഇവ കൂടാതെ വഞ്ഞിപ്പുഴത്തമ്പുരാൻ മുതലായ പ്രഭുക്കന്മാരും മററു പല മാന്യന്മാരും ശങ്കുണ്ണി അവർകൾക്കു പലവിധ സമ്മാനങ്ങൾ കൊടുത്തിട്ടുണ്ട്. തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷുമലബാർ എന്നീ മൂന്നു സംസ്ഥാനങ്ങളിലുമായി ഇത്ര വളരെ രാജസമ്മാനങ്ങളും മററും ലഭിച്ചിട്ടുള്ള വേറെ ഒരു കവി നമ്മുടെ കേരളത്തിൽ ഇപ്പോൾ ഉണ്ടെന്നു തോന്നുന്നില്ല.

ശങ്കുണ്ണി അവർകളുടെ കീർത്തി എത്രമാത്രതായി കേരളഭൂമിയിൽ ഒരു ഭാഗവും അദ്ദേഹത്തെക്കുറിച്ചു കേട്ടിട്ടില്ലാ

തെ ഭാഷാഭിമാനികളായ കേരളീയരിൽ ഒരാളും ഉണ്ടായിരിക്കയില്ലെന്നു നിശ്ചയമായി പറയാവുന്നതാണ്.

ശങ്കുണ്ണി അവർകൾ പ്രവേശിച്ചിട്ടുള്ള സകല കാൎയ്യങ്ങളിലും അദ്ദേഹം നല്ല പേരുതന്നെ സമ്പാദിച്ചിട്ടുണ്ട്. 1056-ാമാണ്ടു വിദ്യാഭ്യാസം മതിയാക്കി അദ്ദേഹം ഗൃഹഭരണം ആരംഭിച്ചപ്പോൾ തറവാട്ടിൽ ധനദൌർല്ലഭ്യം സാമാന്യത്തിലധികമുണ്ടായിരുന്നതിനാൽ അഹോവൃത്തിക്കു വേണ്ടുന്നതിനെ അന്വേഷിച്ചു സമ്പാദിച്ചു കൊണ്ടുവരേണ്ടതായിക്കൂടിവന്നു. അതിനാൽ അദ്ദേഹം ഉടനെ ഒരു പാദ്രിസായ്പിനെ മലയാളഭാഷ പറിപ്പിക്കാനായി ഏറ്റെട്ടു. അക്കാലം മുതൽ 1068-ാമാണ്ടു മകരമാസംവരെ 12 കൊല്ലം ശങ്കുണ്ണി അവർകൾ മാറിമാറി അഞ്ചാറു സായ്പന്മാരുടെ മലയാളമുൻഷിയായിട്ടാണിരുന്നിട്ടുള്ളത്. ആ സായ്പന്മാരെല്ലാം സന്തോഷിച്ചു സബഹുമാനം ശങ്കുണ്ണി അവർകൾക്കു സട്ടിഫിക്കേറ്റുകൾ കൊടുത്തിട്ടുണ്ട്. 1068-ാമാണ്ടു മകരമാസത്തിൽ കോട്ടയത്തു 'മാർ ദീവന്നാസ്യോസ്സു സിമ്മനാരി' ഹൈസ്കൂൾ ആരംഭിക്കുകയും ആരംഭത്തിൽത്തന്നെ ശങ്കുണ്ണി അവർകളെ അതിൽ മലയാളമുൻഷിയായി നിയമിക്കുകയും ചെയ്തു. അദ്ദേഹം അവിടെയും നല്ലപേരോടുകൂടിത്തന്നെയാണ് ആ ജോലി നടത്തിപ്പോരുന്നത്. ശങ്കുണ്ണി അവർകൾ ക്ലാസിൽ പറിപ്പിക്കുന്നതു കണ്ടാൽ അദ്ദേഹം പാഠശാലകളിൽ ചേൎന്നു വളരെക്കാലം പറിക്കുകയും പറിപ്പിക്കുകയും ചെയ്തു പരിചയിച്ചിട്ടുണ്ടെന്നല്ലാതെ പാഠശാലകളിൽ ചേൎന്നു പറിച്ചിട്ടില്ലാത്ത ഒരാളാണെന്ന് ആൎക്കും തോന്നുകയില്ല. സംഗതികൾ പറഞ്ഞു വിദ്യാൎത്ഥികളെ ധരിപ്പിക്കുകയും ക്ലാസു ഭരിച്ചുകൊണ്ടുപോവുകയും ചെയ്യുന്നതിനു ശങ്കുണ്ണി അവർകൾക്കുള്ള വാസനയും സാമൎത്ഥ്യവും ഒന്നു വേറെ തന്നെയാണ്. ഇംഗ്ലീഷുസ്കൂളുകളിൽ കുട്ടികൾ മലയാളമുൻഷി

Digitised By Kerala Sahitya Akademi

കളെ കുരങ്ങാട്ടം കളിപ്പിക്കുകയാണല്ലോ പ്രായേണ എല്ലാദിക്കുകളിലേയും പതിവ്. കുട്ടികളുടെ ആ വക വിദ്യകളൊന്നും ശങ്കുണ്ണി ആശാന്മാർകളുടെ അടുക്കൽ പററുകയില്ലെന്നു മാത്രമല്ല; ആരൊന്നും അദ്ദേഹത്തിന്റെ അടുക്കൽ ആരും പരീക്ഷിച്ചുനോക്കാറുമില്ല. ശങ്കുണ്ണി അവർകളുടെ അടുക്കൽ ഒരു മണിക്കൂറെങ്കിലും പഠിക്കാനിടയാകുന്ന ഏതൊരുത്തനും അദ്ദേഹത്തിന്റെ പേരിൽ എന്തെന്നില്ലാതെ ഒരു ഭയവും ഭക്തിയുമുണ്ടാകുമെന്നുള്ളതു തീർച്ചയാണ്. അതു ശങ്കുണ്ണി അവർകൾ തന്റെ അന്തേവാസികളുമായി പെരുമാറുന്ന ഒരു രീതിവിശേഷംകൊണ്ടെന്നല്ലാതെ മററൊന്നും പറയാൻ കാണുന്നില്ല. ശങ്കുണ്ണി അവർകൾ തന്റെ അടുക്കൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു താൻ പഠിപ്പിക്കുന്ന ഭാഷയിൽ തന്നാൽ കഴിയുന്ന അറിവുണ്ടാക്കികൊടുക്കണമെന്നുള്ള വിചാരത്തോടുകൂടിയല്ലാതെ ശമ്പളത്തെ മാത്രം വിചാരിച്ചു പഠിപ്പിക്കാറില്ല. പുതിയ പുതിയ അറിവുകളെ ഉണ്ടാക്കികൊടുക്കുന്ന ഗുരുനാഥന്മാരിൽ വിദ്യാർത്ഥികൾക്കു ഭയഭക്തിബഹുമാനങ്ങൾ ഉണ്ടാകുന്നത് ഒരത്ഭുതമല്ലല്ലൊ. ശങ്കുണ്ണി അവർകളുടെ ശിക്ഷാസാമർത്ഥ്യത്തിനു മാർ ദീവന്നാസ്യോസു സിമ്മനാരിയിൽനിന്നു മട്രിക്കുലേഷൻ പരീക്ഷയ്ക്കു പോകുന്ന വിദ്യാർത്ഥികളാരും ഒരിക്കലും മലയാളത്തിൽ തോൽക്കാറില്ലെന്നുള്ളതുതന്നെ ഒരുത്തമദൃഷ്ടാന്തമാണ്.

ശങ്കുണ്ണി അവർകളുടെ ഭാഷാകവിതയുടെ മാധുര്യത്തെ ആസ്വദിക്കാത്തവരായി കേരളവാസികളിൽ അധികം പേരുണ്ടായിരിക്കാനിടയില്ലാത്തതിനാൽ അതിനെക്കുറിച്ച് ഞാൻ ഒന്നുംതന്നെ പറയണമെന്നു വിചാരിക്കുന്നില്ല. ഇദ്ദേഹം ആട്ടക്കഥകൾ ഉണ്ടാക്കിത്തുടങ്ങിയതുവരെ ഇദ്ദേഹത്തിനു സംസ്കൃതശ്ലോകവും ഉണ്ടാക്കാമെന്നുള്ളതുതന്നെ അധികമാരും അറിഞ്ഞിരിക്കുമെന്നു തോന്നുന്നി

Digitised By Kerala Sahitya Akademi

ല്ല. ഇദ്ദേഹത്തിനു ഭാഷയിലെന്നപോലെ തന്നെ ശബ്ദാത്ഥാലങ്കാരങ്ങൾക്കു യാതൊരു കുറവും കൂടാതെ സംസ്കൃതത്തിലും പദ്യങ്ങൾ രചിക്കുന്നതിനു യാതൊരു പ്രയാസവുമില്ല. അഥവാ സംസ്കൃതത്തിലായാലല്ലയോ ഇദ്ദേഹത്തിനു കുറച്ചധികം എളുപ്പമെന്നുകൂടി വിചാരിക്കേണ്ടിയിരിക്കുന്നു. ദൃഷ്ടാന്തത്തിനായി ചില ശ്ലോകങ്ങൾ താഴെ പകത്തുന്നു.

ശ്രീമദ്വിഷ്ണുപദാദ്രാഗതം ശരധരം ശക്രായുധാലംകൃതം
ദുർവ്വാദ്യാമളമാത്മവിഗ്രഹജിതക്രവ്യാദമവ്യാഹതം
നിത്യാനന്ദിതനീലകണ്ഠമമലം വാതോത്ഭവോജ്ജൃംഭിതം
ഭൂജാതാർത്തിഹരം നമാമി സതതം ശ്രീരാമധാരാധരം. 1

ശംഭോരാദ്യം തനൂജം ഗജവരവദനം പത്മജാതാത്മജായാ-
മംഭോജാക്ഷാത്മഭദ്രാം ഭുവനയനഭവാം മൽഗുരൂൻ സൽഗുണാഢ്യാൻ
ദംഭാപേതാൻ ബുധേന്ദ്രാനഖിലമുനിവരാൻ ഭൂസുരേന്ദ്രാൻ സുരേന്ദ്രാൻ
രംഭാകാന്താരസംസ്ഥം കപികുലവൃഷഭം മാരുതിം ധീരമീഡേ. 2

അത്ഥശബ്ദാലങ്കാരപ്രധാനങ്ങളായ ഈ വന്ദനശ്ലോകങ്ങൾ 'ശ്രീരാമപട്ടാഭിഷേക'ത്തിലും 'ഭൂസുരഗോഗ്രഹണ'ത്തിലുമുള്ളവയാണ്. 'ശ്രീരാമപട്ടാഭിഷേക'ത്തിലെ രണ്ടു ശ്ലോകങ്ങൾ കൂടി താഴെ പകത്തുന്നു.

ഇത്ഥം ശ്രുത്വാ ജനകതനയാഭാഷണം ഭീഷണാത്മാ
ക്രുദ്ധസ്ത്വാ സപദി ഹൃദയേ സ്പദ്ധയാ മദ്ധ്യമാംബാം
നത്വാ പാദേ രഘുകുലവരം ലക്ഷ്മണസ്സൽക്ഷണോദ്യൽ-
ബദ്ധാടോപജ്വലിതനയനോ രൂക്ഷമിത്യാചചക്ഷേ. 1

വൃദ്ധൈസ്സുഗ്രീവവാക്യപ്രചലിതഹൃദയൈർവ്വാനരേന്ദ്രൈരതന്ദ്രൈ-
രാനീതാഭിശ്ച താഭിഃ കപിവരവനിതാഭിസ്സമം സൽസ്വഭാവാ
താരാ താരാധിപാസ്യാ ബഹുതരമുപഹാരാദിഭിർമ്മോദയിത്വാ
പ്രീതാം സീതാമവാദീൽ പ്രിയതരമിതി താം ഭൂമിജാം രാമജായാം. 2

ഇനി ശബ്ദാലങ്കാരപ്രധാനമായും അത്ഥാലങ്കാരപ്രധാനമായും ഭൂസുരഗോഗ്രഹണത്തിലുള്ള ചില ശ്ലോകങ്ങൾകൂടി ഇവിടെ കാണിക്കാം.

വിഹായസാ വിഹായസാ സമന്തു ഗന്ധമാദനം
വിഹായ സാധ്വസാവഹോ വിരോധിസാധ്വസാവഹം

Digitised By Kerala Sahitya Akademi

മഹാസ്ത്രശാസ്ത്രഗം മുദാഗതം തദാസ്ത്രഗാത്മജം
സഹാസമാഹ സാഞ്ജലിസ്സമാജ്ഞനാം വചോജ്ഞനഃ. 1

കാലാനുകൂലമനുജേ സുഖം വസന്തം
ലീലാലയേ ഹരിസുതഃ പ്രിയയാ വസന്തം
കാലാത്മജം പദനതഃ കലയൻ മുദന്തം
ലോലാശയോ നൃഗദദേത്യ ഗവാമുദന്തം. 2

ഇത്ഥം പാർത്ഥരണോപഹൂതിമധികക്രുദ്ധോന്ധപുത്രാനുജ-
ശ്ശ്രുത്വാ ബദ്ധവിരോധമുദ്ധതമതിസ്സദ്ധാല്പരേത്യാന്തികം
സാർദ്ധം തസ്കരസാർത്ഥമിത്രനികരൈര്യുദ്ധാർത്ഥമത്യുൽകട-
പ്രധ്വാനാല്പതകദ്ധ്രുവാദ്ധിനിവഹഃ പ്രത്യാഹ വൃത്രാരിജം. 3

ഇനി ഭൂസുരഗോഗ്രഹണത്തിലെ രണ്ടു ശ്ലോകംകൂടി ഇവിടെ പകത്താം.

കുസുമേഷുശിലീമുഖപ്രവേശാ-
ദസമാനാം നിജപത്നിനീം വിവർണ്ണാം
പ്രസമീക്ഷ്യ കദാപി ധാർത്തരാഷ്ട്ര-
സ്സസുമാം ഹന്ത ജഗാമ പുഷ്പവാടീം. 1

ബാലാം മാധവലാളിതാം കുസുമിതാം പത്രാങ്കുരാലംകൃതാം
പാർശ്വസ്ഥാം പരമജ്ജനസ്യ കലിതാമോദാം തദാ മാധവീം
വീക്ഷ്യാനല്പതരേർഷ്യയേവ കലുഷോ ഗത്വാ നികുഞ്ജാന്തരം
ദാക്ഷ്യാദത്ര വസന്നഭാഷത നിജാം ഭാര്യ്യാം സ ദുര്യ്യോധനഃ. 2

അർത്ഥാലങ്കാരസമ്പൂർണ്ണങ്ങളായിരിക്കുന്ന ശ്ലോകങ്ങളിൽക്കൂടിയും ശബ്ദഭംഗികളെ ധാരാളം പ്രയോഗിക്കുന്നതിനു ശങ്കുണ്ണി അവർകൾക്കു യാതൊരു പ്രയാസവുമില്ലെന്നും കൈരളിയെപ്പോലെതന്നെ ഗൈർവ്വാണിയും അദ്ദേഹത്തിനു സ്വാധീനയായിട്ടാണിരിക്കുന്നതെന്നും മേൽകാണിച്ച ശ്ലോകങ്ങൾകൊണ്ടു സ്പഷ്ടമാകുന്നുണ്ടല്ലൊ.

ഗൃഹഭരണവും അതോടുകൂടി സ്വന്തമായ ഒരു ദേവസ്വകാര്യ്യവിചാരവും മുൻഷിപ്പണിയും പല വർത്തമാനപത്രങ്ങളേയും മാസികകളേയും പദ്യങ്ങൾകൊണ്ടും ഗദ്യങ്ങൾകൊണ്ടും സഹായിക്കുകയും വിശേഷിച്ചും മ. മനോരമയ്ക്കും ഭാഷാപോഷിണീമാസികയ്ക്കും വേണ്ടുന്ന വിധത്തിലെല്ലാം സഹായിച്ചുകൊടുക്കുകയും മററും നിരന്തരമായി

Digitised By Kerala Sahitya Akademi

ചെയ്തുകൊണ്ടിരിക്കുന്ന ശങ്കുണ്ണി അവർകൾ 1066-ാമാണ്ടുമുതൽ ഏകദേശം 24 സംവത്സരകാലംകൊണ്ട് ഇത്ര വളരെ കൃതികൾ ഉണ്ടാക്കിത്തീർത്തതിൽ അത്ഭുതപ്പെടാനില്ലാതെ ഈ കൃതികൾക്കു വല്ല ന്യൂനതയുമുണ്ടെങ്കിൽ അതൊരു കുററമായി പറയാൻ ന്യായം കാണുന്നില്ല. ശങ്കുണ്ണി അവർകൾ ഏതെങ്കിലും ഒരു കൃതി എഴുതിത്തീർന്നാൽ അതു വീണ്ടും നോക്കി തിരുത്തിനന്നാക്കുകയും ആലോചിച്ചിരുന്നു കവിതയുണ്ടാക്കുകയും പതിവില്ല. നന്നായാലും ചീത്തയായാലും അപ്പൊഴപ്പോൾ തോന്നുന്നത് എഴുതിയിടുക മാത്രമേ അദ്ദേഹം പതിവുള്ളു. ഇതു കവിതാവിഷയത്തിൽ ശങ്കുണ്ണി അവർകൾക്കു പ്രധാനമായിട്ടുള്ള ഒരു ദോഷമാണെന്നു പറയാതെയിരിക്കാൻ നിവൃത്തിയില്ല. ശങ്കുണ്ണി അവർകൾ തന്റെ കൃതികളെ കുറച്ചുകൂടി മനസ്സിരുത്തി ആലോചിച്ചുണ്ടാക്കുകയും ഒന്നുരണ്ടു പ്രാവശ്യംകൂടി നോക്കിത്തിരുത്തി നന്നാക്കി മാറിയെഴുതുകയും ചെയ്തിരുന്നുവെങ്കിൽ അവയ്ക്കു ഇപ്പോഴത്തേതിൽ വളരെ കൂടുതലായ ഗുണങ്ങൾ ഉണ്ടാകുമായിരുന്നു. എന്നാൽ ഏതെങ്കിലും ഒരു പ്രബന്ധം എഴുതിത്തുടങ്ങിയാൽ അതു വല്ലവിധവും മുഴുവനാക്കാതെ അതിൽനിന്നു വിരമിക്കുകയില്ലെന്നുള്ളതു ശങ്കുണ്ണി അവർകൾക്കു കവിതാവിഷയത്തിലുള്ള ഒരു പ്രധാനഗുണമാണെന്നുള്ളതും നിസ്സംശയം പറയാവുന്നതാണ്. അനേകം കൃതികൾ ആരംഭിക്കുകയും ഒന്നും മുഴുവനാക്കാതെയിരിക്കുകയും ചെയ്യുന്ന യോഗ്യന്മാരായ പല കവികൾ നമ്മുടെ കേരളത്തിൽ ഉണ്ടായിരുന്നുവെന്നും ഇപ്പോഴും ഉണ്ടെന്നും എല്ലാവർക്കും അറിയാവുന്നതാണല്ലോ. അപ്രകാരം ശങ്കുണ്ണി അവർകളുടെ കൃതികളിൽ അധികമൊന്നും മുഴുവനാകാതെ കിടപ്പുണ്ടെന്നു തോന്നുന്നില്ല.

ശങ്കുണ്ണി അവർകൾക്ക് അർത്ഥാലങ്കാരത്തിലുള്ളതി

Digitised By Kerala Sahitya Akademi

ലളിതം ശ്രദ്ധയും പ്രതിപത്തിയും ശബ്ദാലങ്കാരത്തിലാണെന്നു ചിലർ വിചാരിക്കുകയും പറയുകയും ചെയ്യുന്നുണ്ട്. എന്നാൽ വാസ്തവത്തിൽ അദ്ദേഹം അവ രണ്ടിനായിട്ടും അധികം ക്ലേശിക്കാറില്ലെന്നും അനായാസേന ലഭിക്കുന്നവയെ ഉപേക്ഷിക്കാറില്ലെന്നുമാത്രമേ ഉള്ളു എന്നും പരിചിതന്മാർക്കറിയാവുന്നതാണ്.

ഇനി ശങ്കുണ്ണി അവർകളുടെ മനോഗുണത്തെപ്പററി വിചാരിക്കുകയാണെങ്കിൽ അതും ഒട്ടും ചില്ലറയല്ല. ഈശ്വരഭക്തി, ഗുരുജനഭക്തി, ഭൂതദയ, പരോപകാരതൽപരത, മതാചാരനിഷ്ഠ, ഹൃദയനിഷ്കളങ്കത മുതലായ അനേകഗുണങ്ങൾ ശങ്കുണ്ണി അവർകൾക്കു പൂർണ്ണമായിട്ടുണ്ട്. ഈശ്വരവിചാരം കൂടാതെ യാതൊന്നും പ്രവർത്തിക്കുകയില്ലെന്നുള്ളതു ശങ്കുണ്ണി അവർകൾക്കു പ്രത്യേകമുള്ള ഒരു ഗുണമാണ്. തനിക്കുണ്ടാകുന്ന ഏതുവിധമാപത്തുകളേയും ധൈര്യത്തോടും ക്ഷമയോടുംകൂടി സഹിക്കുന്നതിനു ശങ്കുണ്ണി അവർകൾക്കു ധാരാളം ശക്തിയുണ്ടെങ്കിലും അന്യന്മാരുടെ സങ്കടങ്ങൾ കണ്ടോ കേട്ടോ അറിഞ്ഞോ സഹിക്കുന്നതിന്ന് അദ്ദേഹം കേവലം അശക്തനാണ്. ആകപ്പാടെ നോക്കിയാൽ ശങ്കുണ്ണി അവർകൾ ഒരു സൽഗുണനും നിഷ്കളങ്കഹൃദയനും വിശ്വാസപൂർവ്വം സ്നേഹിക്കാൻ കൊള്ളാവുന്ന ഒരാളുമാണെന്നു നിസ്സംശയം പറയാവുന്നതാണ്.

വക്രോക്തികളും ഫലിതങ്ങളും പറ[illegible]ിനു ശങ്കുണ്ണി അവർകൾക്കു പ്രത്യേകമൊരു വാസനയുണ്ട്. ഇദ്ദേഹം വെടി പറയുന്നതു കേട്ടാൽ രസിക്കാതെ സഹൃദയന്മാരിൽ ആരുമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ആകപ്പാടെ ശങ്കുണ്ണി അവർകൾ സരസ്വതീപ്രസാദം സിദ്ധിച്ചിട്ടുള്ള ഒരു രസികനും സരസനുമാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

Digitised By Kerala Sahitya Akademi

ശങ്കുണ്ണി അവർകഠം ഒരു വലിയ കാര്യസ്ഥനും മററ മല്ലെങ്കിലും തൻെറ കാര്യങ്ങഠംക്കു ദോഷങ്ങഠം നേരിടാതെ നോക്കി നടത്തിക്കൊണ്ടുപോകുന്നതിനു വേണ്ടത്തക്ക കാര്യവിവരം അദ്ദേഹത്തിനുണ്ട്.

മിതവ്യയം ശങ്കുണ്ണി അവർകഠംക്കുള്ള ഒരു പ്രധാന ഗുണമാണ്. 'ആയം ദൃഷ്ട്വാ വ്യയം കുര്യാദായാദല്പതരോ വ്യയഃ' എന്നുള്ള പ്രമാണപ്രകാരമല്ലാതെ കയ്യിൽ കിട്ടുന്നതു മുഴുവനും പോരെങ്കിൽ കടംമേടിച്ചും ചെലവുചെയ്യുന്ന സ്വഭാവം അദ്ദേഹത്തെ ലേശംപോലും ബാധിച്ചിട്ടില്ല. വരവിനു തക്കവണ്ണമല്ലാതെ അദ്ദേഹം ഒരിക്കലും ഒരുവകക്കും ചെലവു ചെയ്യുകയില്ല. 'ദീപാളി' എന്നു കേഠംക്കുന്നതിനേക്കാഠം നല്ലതു 'ലുബ്ധൻ' എന്നു കേഠംക്കുന്നതാണെന്ന് അദ്ദേഹം പ്രസംഗവശാൽ പലപ്പോഴും എന്നോടുതന്നെ പറഞ്ഞിട്ടുണ്ട്. ഇത്രയും പറഞ്ഞതുകൊണ്ട് ശങ്കുണ്ണിഅവർകഠം ലൌകികവും ഔദാര്യവുമില്ലാത്ത ഒരു പിശുക്കനാണെന്ന് ആരും തെററിദ്ധരിച്ചുപോകരുത്. തൻെറ സ്ഥിതിക്കു തക്കവണ്ണം വേണ്ടുന്ന ദിക്കിൽ വേണ്ടതുപോലെ ചെലവു ചെയ്യുന്നതിന് അദ്ദേഹത്തിന് ഒരു മടിയുമില്ല. അനാവശ്യകമായും അതിരുകവിഞ്ഞും അദ്ദേഹം യാതൊന്നും ചെലവു ചെയ്യുകയില്ലെന്നു മാത്രമേ ഉള്ളു. ശങ്കുണ്ണിഅവർകഠം ഗൃഹഭരണം ആരംഭിച്ച കാലത്തു കുടുംബത്തിൽ നിത്യവൃത്തിക്കുതന്നെയും വളരെ ഞെരുക്കമായിരുന്നു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. കുറച്ചുകാലംകൊണ്ട് ആ സ്ഥിതി വിട്ട് അവിടെ അഹോവൃത്തിക്കു വലിയ ബുദ്ധിമുട്ടൊന്നുമില്ലെന്നുള്ള നിലയിലായിട്ടുള്ളതു പരിശ്രമശീലനും സകലകലാകുശലനും ഭാഗ്യവാനുമായിരുന്ന ജ്യേഷ്ഠൻെറ നിരന്തരപരിശ്രമവും സഹായവും ഈശ്വരൻെറ കാരുണ്യസായുക്തമായ ആനുകൂല്യവും കൊണ്ടാണെന്നാണ് ശങ്കുണ്ണി അവർകഠം വിചാരിക്കുകയും പറയുക

Digitised By Kerala Sahitya Akademi

യ്യം ചെയ്യുന്നതെങ്കിലും അതിൻെറ പ്രധാന കാരണങ്ങൾ അദ്ദേഹത്തിൻെറ ഗൃഹഭരണനിപുണതയും മിതവ്യയശീലവും കൂടിയാണെന്നുള്ള വാസ്തവം പറയാതെയിരിക്കാൻ നിവൃത്തിയില്ല.

സമയനിശ്ചയം എന്നുള്ളതു ശങ്കുണ്ണി അവർകൾക്കുള്ള ഗുണങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത വേറൊന്നാണ്. ഇന്നിന്ന സമയങ്ങളിൽ ഇന്നിന്ന പ്രവൃത്തികൾ ചെയ്യുകയെന്നു ശങ്കുണ്ണി അവർകൾ ഒരു നിശ്ചയം ചെയ്തിട്ടുണ്ട്. ആ നിശ്ചയത്തേ മിക്കവാറും തെററിക്കാതെതന്നെ അദ്ദേഹം കഴിച്ചുകൂട്ടിപ്പോരുന്നുമുണ്ട്. 'പ്രതിദിനം അനേകകൃത്യങ്ങൾ നിർവ്വഹിക്കേണ്ടുന്നവക്കു സമയനിശ്ചയമില്ലെങ്കിൽ ഒരു കാര്യവും ശരിയായിട്ടും വേണ്ടുന്ന സമയത്തും വേണ്ടുപോലെയും നടക്കുകയില്ലെന്നു മാത്രമല്ല; ഒരിക്കലും മനസ്സിനു സുഖവും സൈ്വരവും ഉണ്ടായിരിക്കുകയുമില്ല. നേരെ മറിച്ച് അനേകകൃത്യങ്ങൾ പ്രതിദിനം നിർവ്വഹിക്കേണ്ടതായി ഉണ്ടായിരുന്നാലും സമയനിശ്ചയം ചെയ്ത് അതിൻ പ്രകാരം പ്രവത്തിച്ചുകൊണ്ടിരിക്കുന്നവക്ക് ഒന്നും ഒരു ഭാരമായിരിക്കയില്ലെന്നു മാത്രമല്ല; അവരുടെ കൃത്യങ്ങൾ ക്ലിപ്തികക്കുടാതെ നടന്നുകൊണ്ടിരിക്കുകയും തന്നിമിത്തം അവക്കു മനസ്സുഖവും സൈ്വരവും ഉണ്ടായിരിക്കുകയും ചെയ്യും' എന്നൊരു മഹാൻ പറഞ്ഞിട്ടുള്ളത് എത്രയും വാസ്തവമാണെന്നതിനു ശങ്കുണ്ണി അവർകളുടെ സ്ഥിതി ഒരുത്തമദൃഷ്ടാന്തമായിട്ടാണിരിക്കുന്നത്. ദുന്നിവാരങ്ങളായ അനേകകൃത്യങ്ങൾ ദിനംപ്രതി നിർവ്വഹിക്കേണ്ടിയിരിക്കുന്ന ശങ്കുണ്ണി അവർകൾക്ക് ഇപ്രകാരം ഒരു സമയനിശ്ചയമില്ലായിരുന്നുവെങ്കിൽ സാഹിത്യവിഷയത്തിലും മററും യാതൊന്നും പ്രവത്തിക്കാൻ അദ്ദേഹത്തിന് ഒരിക്കലും സാധിക്കുകയില്ലായിരുന്നു.

മനുഷ്യരുടെ ഇഹലോകജീവിതം സുഖദുഃഖസമ്മി

Digitised By Kerala Sahitya Akademi

ശ്രമായിട്ടല്ലാതെ ഇരിക്കുകയില്ലെന്നുള്ളതു ശംകുണ്ണി അവർകളുടെ വിഷയത്തിലും എത്രയും വാസ്തവമായിട്ടാണിരിക്കുന്നത്. ഗൃഹഭരണത്തിന് അത്യന്തം നിപുണയും ഐശ്വര്യവതിയും ഗേഹലക്ഷ്മിയുമായിരുന്ന പ്രിയമാതാവ് 1048-ാമാണ്ടു തുലാമാസത്തിൽ പരലോകപ്രാപ്തയായതിനോടുകൂടിത്തന്നെ ശംകുണ്ണി അവർകളുടെ മനസ്സുഖം മിക്കവാറും അസ്തപ്രായമായി. തങ്ങളുടെ മാതാവിനെപ്പോലെ നിരുപാധികമായ വാത്സല്യം പ്രപഞ്ചത്തിൽ മററാക്കുമുണ്ടാവുകയില്ലെന്നുള്ളത് എല്ലാവക്കു അനുഭവസിദ്ധമായിട്ടുള്ളതാണല്ലൊ.

ജ്യേഷ്ഠൻ വിവാഹം ചെയ്തിട്ടുണ്ടായിരുന്നുവെങ്കിലും അതിൽ സന്താനമുണ്ടാകുന്ന കാര്യം സംശയസ്ഥിതിയിലാകയാൽ പിതൃനിയോഗപ്രകാരം 1056-ാമാണ്ടു മകരമാസത്തിൽ ശംകുണ്ണി അവർകളും വിവാഹം ചെയ്തുകയും ആ ആണ്ടു മേടമാസത്തിൽത്തന്നെ ആ യുവതിയെ സ്വഗൃഹത്തിൽ കുടിവെക്കുകയും ചെയ്തു. ആ സ്ത്രീ പഠിപ്പു, ബുദ്ധി, കായ്യശേഷി, ഗൃഹഭരണസാമത്ഥ്യം, ഭത്തൃഹിതാനുവത്തനം, ഭത്തൃശുശ്രൂഷാനൈപുണ്യം മുതലായ ഗുണപൌഷ്കല്യംകൊണ്ടു ശംകുണ്ണിഅവർകളുടെ മാതൃവിയോഗദുഃഖത്തെ കുറച്ചുകാലത്തിനിടയിൽ വിസ്മൃതപ്രായമാക്കിത്തീത്തു. അക്കാലത്തു ശംകുണ്ണിഅവർകളുടെ മാതൃവിയോഗാഗ്നിദഗ്ദ്ധമായ ഹൃദയവൃക്ഷം വീണ്ടുമൊന്നു തളിത്തു. എങ്കിലും ആ സ്ഥിതി അധികകാലം നീണ്ടുനില്ക്കുന്നതിനു ദുഷ്ടനായ ദുർവ്വിധി അനുവദിച്ചില്ല. 1057-ാമാണ്ടു ചിങ്ങമാസം 10-ാംനു- ശംകുണ്ണി അവർകളുടെ ആ പ്രിയതമ സന്നിപാതജ്വരത്താൽ ബാധിതയാവുകയും 17-ാംനു- പരലോകം പ്രാപിക്കുകയും ചെയ്തു.

പ്രഥമപുത്രന്റെ ഭായ്യ വന്ധ്യയായിത്തീരുകയും ദ്വിതീയപുത്രന്റെ പ്രിയപത്നിയായ ഗുണവതി അകാലകാ

Digitised By Kerala Sahitya Akademi

ലഗതിയെ പ്രാപിച്ചുപോവുകയും ചെയ്യുകയാൽ ദുഃഖിതനും വിഗതഭാര്യനും വയോവൃദ്ധനുമായ പിതാവിൻെറ ശുശ്രൂഷ ഒന്നുമാത്രമായിരുന്നു് ശങ്കുണ്ണിഅവർകൾക്കു മനസ്സമാധാനത്തിനു പിന്നീടുണ്ടായിരുന്ന ഒരുപായം. ആ പിതാവും 1061-ാമാണ്ടു മകരമാസത്തിൽ പരലോകത്തെ പ്രാപിച്ചു.

തദനന്തരം ശങ്കുണ്ണിഅവർകൾ സന്താനാൎത്ഥം 1062-മാണ്ടു മിഥുനമാസത്തിൽ ഒന്നു കൂടി വിവാഹം ചെയ്യുകയും 63 വൃശ്ചികത്തിൽ സ്വഭവനത്തിൽ കുടിവെക്കുകയും ചെയ്തു. ആ യുവതിയും ഗൃഹഭരണനൈപുണ്യം, ഭൎത്തൃസ്നേഹം, ക്ഷമ, ക്ലേശസഹനശക്തി മുതലായ സൽഗ്ഗുണങ്ങളാൽ പ്രശോഭിതയായിരുന്നു. തൻെറ സകല സുഖങ്ങൾക്കും നിദാനമായിട്ടുള്ളതു ഭൎത്താവാണെന്നുള്ള ദൃഢവിശ്വാസത്തോടു കൂടിയിരുന്ന ആ ഗുണവതിക്കു ഭൎത്താവിൻെറ മനശ്ശരീരസുഖങ്ങൾക്കായി കൃത്യങ്ങളെ നടത്തുന്ന സംഗതിയിൽ തൻെറ ഊണും ഉറക്കവും കൂടി അഗണ്യങ്ങളായിരുന്നു. ഇപ്രകാരമുള്ള ധൎമ്മപത്നിയുടെ സഹവാസം നിമിത്തം ശങ്കുണ്ണിഅവർകൾ പൂൎവ്വകഷ്ടദശകളെ അധികം സ്മരിക്കാതെ ഒരു വിധം സുഖമായിട്ടു തന്നെ കുറച്ചുകാലത്തേക്കു കാലക്ഷേപം ചെയ്തുകൊണ്ടിരുന്നു.

അതിനിടയ്ക്കു ശങ്കുണ്ണിഅവർകൾ തൻെറ സഹോദരിമാരേ രണ്ടുപേരേയും വിവാഹം ചെയ്തുകൊടുക്കുകയും മൂത്ത സഹോദരി പ്രസവിച്ചു പുരുഷന്മാരും സ്ത്രീകളുമായി പത്തും ഇളയ സഹോദരി പ്രസവിച്ച് അഞ്ചും കുട്ടികൾ ഉണ്ടാവുകയും ചെയ്തു. ആ ഭാഗിനേയന്മാരേയും ഭാഗിനേയികളേയും അവരുടെ മാതാക്കന്മാരോടുകൂടി ഇങ്ങോട്ടു വരുത്തിയും അങ്ങോട്ടു ചെന്നും കൂടക്കൂടെ കണ്ടു ശങ്കുണ്ണി അവർകൾ ആനന്ദിക്കുകയും തൻെറ അനപത്യതാദുഃഖത്തെ ഒരുവിധം ശാന്തപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.

Digitised By Kerala Sahitya Akademi

ശംകുണ്ണിഅവർകൾ ഈ സ്ഥിതിയിൽ ഇരിക്കുന്നതിനും ദൈവവിധി അധികകാലത്തേക്ക് അനുവദിച്ചില്ല. 1068-ാമാണ്ടു കർക്കടകമാസത്തിൽ മസൂരികാബാധിതനായി അദ്ദേഹം അത്യന്തം കഷ്ടപ്പെട്ടു. എങ്കിലും രാത്രിയും പകലും ഒരുപോലെ ഊണും ഉറക്കവുമുപേക്ഷിച്ചു ജ്യേഷ്ഠൻ കൂടെ അടുക്കലിരുന്നു രക്ഷിച്ചതുകൊണ്ടും ഈശ്വരകാരുണ്യംകൊണ്ടും ആയുസ്സിന്റെ ബലംകൊണ്ടും അദ്ദേഹം അതിൽനിന്ന് ഒരുവിധം രക്ഷപെട്ടുകേറി. എങ്കിലും തന്റെ സകലഭാഗ്യങ്ങൾക്കും കാരണഭൂതനും താൻ തന്റെ അച്ഛനേയെന്നപോലെ ഭയഭക്തിബഹുമാനങ്ങളോടു കൂടി ആചരിച്ചും പ്രാണനേക്കാളധികം സ്നേഹിച്ചും വെച്ചിരുന്ന ആളും ഗുണവാനുമായിരുന്ന പ്രിയജ്യേഷ്ഠൻ ആ മഹാവ്യാധിയാൽത്തന്നെ ബാധിതനായി ആ കർക്കടകത്തിൽത്തന്നെ പരലോകപ്രാപ്തനായിപ്പോയതിനാൽ ശംകുണ്ണിഅവർകൾക്കുണ്ടായ ദുഃഖം അത്യന്തം ദുസ്സഹമായിരുന്നു. ഇതിനും പുറമേ രണ്ടു സഹോദരിമാരും മൂത്ത സഹോദരിയിലുണ്ടായ പത്തു കുട്ടികളും ഇളയസഹോദരിയിലുണ്ടായ ഒരു പുത്രനും ഒരു പുത്രിയുമൊഴിച്ചു ശേഷം മൂന്നു കുട്ടികളും കൂടി കുറച്ചുകാലത്തിനിടകൊണ്ടു തുടരെത്തുടരെ അകാലനിര്യാണത്തെ പ്രാപിച്ചുപോവുകയാൽ ശംകുണ്ണിഅവർകൾക്കുണ്ടായ മനസ്താപം അവാങ്മനോഗോചരമെന്നല്ലാതെ ഒന്നും പറയാൻ കാണുന്നില്ല.

മുമ്പേതന്നെ വന്ധ്യയെന്ന് ഏകദേശം നിശ്ചയിക്കപ്പെട്ടിരുന്ന പൂർവ്വഭാര്യ വിധവയും കൂടി ആയിത്തീരുകയും തന്റെ ഭാര്യ യഥാകാലം പ്രസവിക്കാതെയിരിക്കുകയും ചെയ്കയാൽ ശംകുണ്ണിഅവർകൾ സന്തത്യർത്ഥം 1074-ാമാണ്ട് അനുജനേക്കൊണ്ടു കൂടി 'വിവാഹം ചെയ്യിക്കുകയും ആ സ്ത്രീയേയും സ്വഗൃഹത്തിൽ കുടിവെപ്പിക്കുകയും ചെയ്തു. അവരിലും സന്താനമുണ്ടാകാതെതന്നെ

Digitised By Kerala Sahitya Akademi

1077-ാമാണ്ടു മകരമാസത്തിൽ ആ സഹോദരനും 1080-ാമാണ്ട് ഇടവമാസത്തിൽ ആ സഹോദരപത്നിയും പരലോകത്തെ പ്രാപിച്ചു. മനുഷ്യപ്രയത്നംകൊണ്ടു മാത്രം ഒരു കാര്യവും സാധിക്കുകയില്ലെന്നും ഈശ്വരേച്ഛപോലെയല്ലാതെ ഒന്നും സംഭവിക്കുകയില്ലെന്നും ശംകുണ്ണിഅവർകൾക്കു മുമ്പേതന്നെ ഉണ്ടായിരുന്ന വിശ്വാസം അപ്പോൾ ഒന്നുകൂടി ദൃഢീഭവിക്കുകയും അതോടുകൂടി അദ്ദേഹം മിക്കവാറും ഒരു വിരക്തന്റെ നിലയിലായിത്തീരുകയും സന്തൃപ്തമായി ഇനി ഒന്നും പരിശ്രമിക്കാൻ കഴികയില്ലെന്നും 'യൽഭാവി തൽ ഭവതു' എന്നും ഏകദേശം തീർച്ചപ്പെടുത്തുകയും ചെയ്തു. എങ്കിലും അങ്ങിനെ വിചാരിച്ചാൽപ്പോരെന്നും തങ്ങളാൽ കഴിയുന്നതെല്ലാം ഇനിയും ചെയ്തുകൊണ്ടിരിക്കേണ്ടതാണെന്നും മററം ഞാൻ മുതലായ സ്നേഹിതന്മാരുടെയും മററു പല മാന്യസുഹൃത്തുക്കളുടെയും നിർബ്ബന്ധവും ഉപദേശവും നിമിത്തം ശംകുണ്ണിഅവർകൾ 1081-മാണ്ടു മിഥുനമാസത്തിൽ മൂന്നാമതായി ഒന്നുകൂടി വിവാഹം ചെയ്തു.

തദനന്തരം ശംകുണ്ണിഅവർകൾ അനിർവ്വചനീയയായ ഒരു കഷ്ടത കൂടി അനുഭവിക്കേണ്ടതായിവന്നു. അദ്ദേഹം രണ്ടാമതു വിവാഹം ചെയ്തു സകലസൽഗുണസമ്പൂർണ്ണയായ ആ ദ്വിതീയ ഭാര്യ 1083-ാമാണ്ടു മേടമാസത്തിൽ മസൂരികാദീനത്താൽ പരലോകപ്രാപ്തയായി. ഇതു ശംകുണ്ണി അവർകൾക്കുണ്ടായിട്ടുള്ള കഷ്ടാനുഭവസൌധങ്ങളുടെ എല്ലാംകൂടിയുള്ള ഒരു താഴികക്കുടമായിയിട്ടാണ് പരിണമിച്ചത്. സൽഗുണനിധിയായിരുന്ന ആ പ്രിയതമയെക്കുറിച്ചോർത്തു ദിവസത്തിൽ ഒരിക്കലെങ്കിലും കുറെ കണ്ണീർ പൊഴിക്കാതെയിരിക്കാൻ ശംകുണ്ണിഅവർകൾക്ക് ഇപ്പോഴും കഴിയുന്നുണ്ടെന്നു തോന്നുന്നില്ല.

1084-ാമാണ്ടു കർക്കടകത്തിൽ ജ്യേഷ്ഠത്തിയും പരലോ

Digitised By Kerala Sahitya Akademi

കപ്രാപ്തയായിപ്പോവുകയാൽ ഇപ്പോഠം ശംകുണ്ണിഅവർകളുടെ കുടുംബത്തിൽ അദ്ദേഹവും അദ്ദേഹം മൂന്നാമതു വിവാഹം ചെയ്ത ആ ധമ്മപത്നിയുമല്ലാതെ വേറേ ആരുമില്ല. അദ്ദേഹത്തിനു സന്താനലാഭം ഇതുവരെ സിദ്ധിച്ചിട്ടില്ല. എങ്കിലും അദ്ദേഹം സന്തത്യത്ഥം വളരെ നാളായിട്ടു ശക്തിക്കു തക്കവണ്ണവും അതിലധികവും അനേകസൽകമ്മങ്ങഠം അവിച്ഛിന്നമായി ചെയ്തുകൊണ്ടാണിരിക്കുന്നത്. അതിനാൽ അനേകസജ്ജനങ്ങളുടെ അനുഗ്രഹവും ആഗ്രഹവും അചിരേണ സഫലീഭവിച്ച് അനേകം ശുഭസന്താനങ്ങളോടും ആയുരാരോഗ്യസമ്പൽസമൃദ്ധിയോടും കൂടി ശംകുണ്ണിഅവർകഠം ഇനിയും വളരെക്കാലം സുഖമായി ജീവിച്ചിരിക്കുന്നതിനു സവ്വേശ്വരൻ സദയം കടാക്ഷിക്കുമാറാകട്ടെ.

പന്തളം കൃഷ്ണവാര്യർ.

Digitised By Kerala Sahitya Akademi

പ്രസ്താവന.

പലപ്പോഴായിയെഴുതി, വൃത്താന്തപത്രങ്ങളിലും മാസികകളിലും ചേൎത്തിട്ടുള്ള വിവിധവിഷയങ്ങളായ ഉപന്യാസങ്ങളെ പിന്നീടു ക്രോഡീകരിച്ചു പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തുകയെന്നുള്ളത് ഐതിഹ്യമാലയുടെ ഒന്നാം ഭാഗത്തിന്റെ ആവിൎഭാവത്തിനു മുമ്പു മലയാളത്തിലുണ്ടായിട്ടില്ലാത്തതായിരുന്നതിനാൽ അതിന്റെ ഭാവിഫലത്തെപ്പററി അതു പ്രസിദ്ധപ്പെടുത്തിയ കാലത്ത് എനിക്കും പ്രസാധകനും വളരെ സംശയമുണ്ടായിരുന്നു. അതിനാലാണ് അതിന്റെ പ്രസ്താവനയിൽ 'ഈ ഒന്നാം ഭാഗം വായനക്കാൎക്കു രുചിക്കുന്ന പക്ഷം' എന്നു ഞാനും 'മഹാജനങ്ങൾ ഈ ഗ്രന്ഥത്തെ വേണ്ടവിധം ആദരിക്കുന്നതായാൽ ഇതിന്റെ രണ്ടാം ഭാഗം ഉടനെ പ്രസിദ്ധപ്പെടുത്തുന്നതിന്നു... തയ്യാറാണ്' എന്നു മുഖവുരയിൽ പ്രസാധകനും സംശയസ്ഥിതിയിൽ പ്രസ്താവിച്ചിരുന്നത്. എന്നാൽ, ആ ഒന്നാം ഭാഗത്തിന്റെ ആമുഖോപന്യാസത്തിൽ രസികശിരോമണിയും ദീൎഘദൎശിയുമായ തൽകൎത്താവ് "'ഈ ഒന്നാം ഭാഗം വായനക്കാൎക്കു രുചിക്കുന്ന പക്ഷം,' എന്നു സംശയിച്ചു പറയാനൊന്നും അവകാശമില്ല; രുചിക്കും, നിശ്ചയം. 'ശുഭസ്യ ശീഘ്രം' എന്നുണ്ടല്ലോ" എന്ന് അനുഗ്രഹരൂപേണ അഭിപ്രായപ്പെട്ടിട്ടുള്ളത് അസ്ഥാനത്തിലാകാതെ സഫലീഭവിക്കുകയും ഈ വിഷയത്തിൽ ഞങ്ങളെ (എന്നെയും പ്രസാധകനേയും) അനുകരിക്കുവാൻ അനേകം പേരുണ്ടാവുകയും ചെയ്തിട്ടുള്ളതിനാൽ ഞങ്ങൾക്കുണ്ടായിട്ടുള്ള ചാരിതാൎത്ഥ്യം ഒട്ടും ചില്ലറയല്ലെന്ന് ഈ രണ്ടാം ഭാഗത്തിന്റെ ആവിൎഭാവംകൊണ്ടുതന്നെ വായനക്കാർ തീൎച്ചപ്പെടുത്തിക്കൊള്ളുമെന്നു വിശ്വസിക്കുന്നു. പ്രായാധിക്യവും

Digitised By Kerala Sahitya Akademi

രോഗപീഡകളും ഇതരകൃത്യങ്ങളുടെ ബാഹുല്യവും നിമിത്തം ഈ രണ്ടാം ഭാഗത്തിലേക്കു വേണ്ടുന്നിടത്തോളം ഉപന്യാസങ്ങൾ നോക്കിത്തെരഞ്ഞെടുത്തും എഴുതിയും ശരിപ്പെടുത്തിക്കൊടുക്കുന്നതിന് എനിക്കു സാധിച്ചിട്ടില്ല. എങ്കിലും എൻെറ ദേഹസ്ഥിതി—എന്നല്ല, എല്ലാ സ്ഥിതിയും ആകപ്പാടെ വിചാരിച്ചു കിട്ടിയതുകൊണ്ടു തൃപ്തിപ്പെട്ട് ഈ രണ്ടാം ഭാഗത്തേയും 'ലക്ഷ്മീഭായീഗ്രന്ഥാവലി'യിൽ ചേൎത്തു പ്രസിദ്ധപ്പെടുത്താമെന്നു തീൎച്ചപ്പെടുത്തിയ പ്രസാധകനെക്കുറിച്ച് എനിക്കുള്ള കൃതജ്ഞത ഇവിടെ പ്രസ്താവയോഗ്യമായിട്ടാണിരിക്കുന്നത്. എങ്കിലും 'ഉപപന്നസൌഹൃദാനാമുപചാരഃ ഖലു കൈതവോ ഭവതി' എന്നുള്ളതുകൊണ്ട് അതിനായി ഞാൻ തുനിയുന്നില്ല. അതിനാൽ—

ഭൂലക്ഷ്മീദേവിയായിപ്പുകഴൊടു ധരണീ-
വാണിയായ്‌വാണിരുന്നോ-
രാലക്ഷ്മീഭായിവഞ്ചീശ്വരിയുടെ തിരുനാ-
മത്തെയിസ്സത്തമാഢ്യൻ
ഈ ലക്ഷ്മീഭായിമൂലം ചിരമിഹ നിലനി-
ൎത്തീടുവാനാടലാററി,
ശ്രീലക്ഷ്മീശൻ വളൎത്തട്ടലിവുടയ കടാ-
ക്ഷങ്ങളാൽ മംഗളം മേൽ.

എന്നു പ്രാൎത്ഥിച്ചുകൊണ്ട് ഈ പ്രസ്താവനയെ ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

കോട്ടയം
23—12—89

കൊട്ടാരത്തിൽ ശങ്കുണ്ണി,
പുസ്തകകൎത്താവ്.

Digitised By Kerala Sahitya Akademi

ഐതിഹ്യമാല.

രണ്ടാം ഭാഗം.

1. കുമാരനല്ലൂർ ഭഗവതി.

തിരുവിതാംകൂർസംസ്ഥാനത്തുള്ള ഊരാണ്മക്ഷേത്രങ്ങളിൽ പ്രഥമഗണനീയവും ഏറ്റുമാനൂർ താലൂക്കിലുള്ളതും സുപ്രസിദ്ധവുമായ കുമാരനല്ലൂർക്ഷേത്രത്തെപ്പറ്റി കേട്ടിട്ടില്ലാത്തവർ കേരളത്തിലധികമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. അവിടത്തെ ദേവിയെക്കുറിച്ചുള്ള—

'ശംഖുണ്ടിടത്തു വലമേയൊരു ചക്രമുണ്ട്
കാലിൽ ചിലമ്പു ചില മുത്തുപടം കഴുത്തിൽ
ഓടീട്ടു വന്നു കുടികൊണ്ടു കുമാരനല്ലൂർ-
കാർത്ത്യായനീ! ശരണമെന്നിത കൈതൊഴുന്നേൻ'

എന്ന സങ്കീർത്തനശ്ലോകം അത്ര ഭംഗിയുള്ളതല്ലെങ്കിലും പ്രസിദ്ധമാകയാൽ അതും പലരും കേട്ടിരിക്കാനിടയുണ്ട്. എങ്കിലും ആ ഭഗവതി 'ഓടീട്ടു വന്നു കുടികൊണ്ട'തെന്തുപ്രകാരമാണെന്ന് അറിഞ്ഞിട്ടുള്ളവർ ഇപ്പോഴും അധികമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. അതിനാൽ ആ സംഗതിയെപ്പറ്റി ചുരുക്കത്തിൽ പറഞ്ഞുകൊള്ളുന്നു.

'മധുരമീനാക്ഷി' എന്നു കേൾവിപ്പെട്ട ദേവിയുടെ ക്ഷേത്രം പണ്ടു പാണ്ഡ്യരാജാക്കന്മാരുടെ വകയായിരുന്നു. പാണ്ഡ്യരാജാക്കന്മാരുടെ രാജധാനി മധുരയിലായിരുന്നതിനാൽ അവർ ആ ദേവിയെ അവരുടെ പരദേവതയായിട്ടാണ് വിചാരിക്കുകയും ആചരിക്കുകയും ചെയ്തുവന്നിരുന്നത്.

Digitised By Kerala Sahitya Akademi

ഒരിക്കൽ ആ ദേവീവിഗ്രഹത്തിൽ ചാൎത്തിയിരുന്നതും വളരെ വിലയുള്ളതും രത്നഖചിതവുമായ മൂക്കുത്തി എങ്ങിനെയോ പോയി. ശാന്തിക്കാരൻ നിൎമ്മാല്യം (തലേ ദിവസത്തെ പൂവും മാലയും) വാങ്ങിപ്പുറത്തിട്ടതിന്റെ കൂടെയോ അഭിഷേകവും മററും കഴിച്ചു സമയം ഓൎക്കാതെ ശാന്തിക്കാരന്റെ കൈ മുട്ടിത്തെറിച്ചോ എങ്ങിനെയാണ് അതു പോയതെന്ന് ആൎക്കും ഒരു നിശ്ചയവുമില്ലായിരുന്നു. മൂക്കുത്തി പോയിയെന്നു കേട്ട പാണ്ഡ്യരാജാവു പലവിധത്തിൽ അന്വേഷണങ്ങൾ നടത്തീട്ടും ഒരു തുമ്പുമുണ്ടായില്ല. ബിംബത്തിന്മേൽ ചാൎത്തിയിരുന്ന സാധനം ശാന്തിക്കാരനറിയാതെ പോവുകയില്ലെന്നുതന്നെ ഒടുക്കം രാജാവു തീൎച്ചപ്പെടുത്തി. ശ്രീകോവിലിനകത്തു ശാന്തിക്കാരനല്ലാതെ മററാരും കയറുക പതിവില്ലാത്ത സ്ഥിതിക്കു രാജാവിന്റെ വിചാരം അന്യായമായിപ്പോയി എന്നു പറയാനുമില്ല. എങ്കിലും ശുദ്ധാത്മാവും ദേവിയെക്കുറിച്ചു വളരെ ഭക്തിയുള്ള ആളുമായിരുന്ന ആ പഴയ ശാന്തിക്കാരന് ഈ മൂക്കുത്തി പോയത് ഏതുപ്രകാരമാണെന്നു വാസ്തവത്തിൽ യാതൊരറിവുമുണ്ടായിരുന്നില്ല. ദേവിക്കു പതിവായി ചാൎത്തിവന്ന ഈ ആഭരണം പോയതുനിമിത്തം അദ്ദേഹത്തിന്നും അപാരമായ മനസ്താപമുണ്ടായിരുന്നു. എങ്കിലും അതൊക്കെ ആരറിയുന്നു? ഉഗ്രശാസനനായ പാണ്ഡ്യരാജാവു ശാന്തിക്കാരനെ പിടിപ്പിച്ചുവരുത്തി ചോദ്യം തുടങ്ങി. പലവിധത്തിൽ ചോദിച്ചിട്ടും മൂക്കുത്തി പോയതേതുപ്രകാരമാണെന്ന് അറിഞ്ഞുകൂടെന്നുതന്നെ അദ്ദേഹം പറഞ്ഞു. ഒടുക്കം രാജാവു, നാല്പതു ദിവസത്തിനകം ആ മൂക്കുത്തി ശാന്തിക്കാരൻ എങ്ങിനെയെങ്കിലും തേടിപ്പിടിച്ചു രാജാവിങ്കൽ ഏല്പിക്കണമെന്നും അല്ലാത്തപക്ഷം ശാന്തിക്കാരന്റെ ശിരച്ഛേദനം ചെയ്യിക്കുന്നതാണെന്നും കല്പിച്ചു. ഇതു കേട്ട ശാന്തിക്കാരൻ ഒന്നും മറുപടി പറയാതെ വ്യസ

Digitised By Kerala Sahitya Akademi

നമ്പൂതിരിപ്പാടുകൂടി രാജസന്നിധിയിൽനിന്നു പോയി. ആ ബ്രാഹ്മണോത്തമൻ പലവിധത്തിൽ അന്വേഷിച്ചുനോക്കീട്ടും മൂക്കുത്തി കണ്ടുകിട്ടിയില്ല. അങ്ങിനെ മുപ്പത്തൊൻപതു ദിവസമായി. മുപ്പത്തൊൻപതാം ദിവസം രാത്രിയിൽ പിറ്റേദിവസം തന്റെ തല പോകുമല്ലൊ എന്നു വിചാരിച്ചു വിഷാദിച്ചുകൊണ്ട് അദ്ദേഹം കിടന്നു കണ്ണടച്ചു സമയം ആരോ അദ്ദേഹത്തിന്റെ അടുക്കൽച്ചെന്ന്, 'അങ്ങിനി ഇവിടെത്താമസിച്ചാലാപത്തുണ്ടാകും. ഇതാ കാവൽക്കാരെല്ലാം നല്ല ഉറക്കമായിരിക്കുന്നു. ഈ തരത്തിനു പുറത്തിറങ്ങി ഓടിക്കൊള്ളൂ. എന്നാൽ വല്ല ദിക്കിലും ചെന്നു രക്ഷപ്പെടാം' എന്നു പറഞ്ഞു. ഉടനെ അദ്ദേഹം കണ്ണു തുറന്നു നോക്കിയപ്പോൾ ആരേയും കണ്ടില്ല. 'ഇതാരാണ് ഇങ്ങിനെ പറഞ്ഞത്? എന്തോ എനിക്കു മനോരാജ്യംകൊണ്ടു വെറുതെ തോന്നിയതായിരിക്കും' എന്നു വിചാരിച്ച് അദ്ദേഹം പിന്നെയും കണ്ണടച്ചു. അപ്പോൾ പിന്നെയും ആ ആൾ അടുക്കൽച്ചെന്ന് 'എന്താ പോകുന്നില്ലെ? വേഗത്തിൽപ്പോകണം സംശയിക്കേണ്ട. പോകാതെയിരുന്നാലാപത്തുണ്ടാകും' എന്നു പറഞ്ഞു. അദ്ദേഹം പിന്നെയും കണ്ണു തുറന്നു. ആരെയും കണ്ടില്ല. അദ്ദേഹം കണ്ണടച്ചപ്പോൾ മൂന്നാമതും മേൽപ്രകാരം പറഞ്ഞു. 'എതായാലും ഈ ഗുണദോഷവാക്കിനെ നിരസിക്കുന്നതു യുക്തമല്ല. ഇതു ദേവി അരുളിച്ചെയ്യുതന്നെ ആയിരിക്കും. അതിനാൽ വേഗത്തിൽ പോവുകതന്നെ' എന്നു വിചാരിച്ചു നിശ്ചയിച്ചിട്ട് അദ്ദേഹം അവിടെനിന്നെണീറ്റ ക്ഷണത്തിൽ പുറത്തിറങ്ങി ഓടിത്തുടങ്ങി. അപ്പോൾ സർവ്വാംഗസുന്ദരിയായ ഒരു ദിവ്യസ്ത്രീ 'വളരെ കാലം എന്നെ സേവിച്ചുകൊണ്ടിരുന്ന അങ്ങു പോവുകയാണെങ്കിൽ ഞാനും പോരികയാണ്' എന്നു പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ പിന്നാലെ ഓടിയെത്തി. കുറച്ചു

Digitised By Kerala Sahitya Akademi

കഴിഞ്ഞപ്പോൾ ആ സ്ത്രീ മുൻപിലായിട്ടു് ഓടിത്തുടങ്ങി. അതു വലിയ കൂരിരുട്ടുള്ള കാലമായിരുന്നുവെങ്കിലും ആ സ്ത്രീയുടെ ശരീരശോഭയും ആഭരണങ്ങളുടെ പ്രകാശവും നിമിത്തം ആ ബ്രാഹ്മണനു വഴിയിൽ നല്ലപോലെ കണ്ണു കാണാമായിരുന്നു. അങ്ങിനെ രണ്ടുപേരുംകൂടി നാലഞ്ചുനാഴിക ദൂരംവരെ ഓടിയപ്പോൾ ആ സ്ത്രീ പെട്ടെന്നു മറഞ്ഞുകളഞ്ഞു. അപ്പോൾ വഴിയും ദിക്കുമെല്ലാം അന്ധകാരമയമായി. കണ്ണു തീരെ കാണാൻപാടില്ലാതെയായതിനാൽ ബ്രാഹ്മണന് ഓടാനെന്നല്ല, നടക്കാൻപോലും നിവൃത്തിയില്ലാതെയായി. അപ്പോൾ അദ്ദേഹത്തിനു വളരെ ഭയവും വ്യസനവുമുണ്ടായി. എങ്കിലും തപ്പിത്തപ്പി പിന്നെയും കുറേശ്ശ നടന്നുതുടങ്ങി. ക്ഷീണംകൊണ്ടു നടക്കാനും അദ്ദേഹത്തിനു പ്രയാസമായിത്തീർന്നു. രാജാവിൻെറ ആളുകൾ പിന്നാലെ ഓടിയെത്തി പിടിച്ചെങ്കിലോ എന്നുള്ള ഭയവും അദ്ദേഹത്തിനില്ലായ്കയില്ല. എങ്കിലും ക്ഷീണംനിമിത്തം വല്ല ദിക്കിലും കുറച്ചിരിക്കുകയോ കിടക്കുകയോ ചെയ്യാതെ നിവൃത്തിയില്ലെന്ന് അദ്ദേഹത്തിനു തോന്നി. അപ്പോൾ ഇടിമിന്നലിൻെറ പ്രകാശംകൊണ്ട് അദ്ദേഹം ആ വഴിക്കു സമീപത്തായി ഉണ്ടായിരുന്ന വഴിയമ്പലം കണ്ടു. തപ്പിത്തടഞ്ഞ് അദ്ദേഹം അവിടെച്ചെന്നു കേറി. രണ്ടാം മുണ്ടു വിരിച്ചു കിടന്നു. മനസ്സിൽ വളരെ ഭയവും വിചാരങ്ങളുമുണ്ടായിരുന്നുവെങ്കിലും ക്ഷീണംകൊണ്ടോ എന്തോ കിടന്നയുടനെ അദ്ദേഹം ഉറങ്ങിപ്പോവുകയും ചെയ്തു.

അക്കാലത്തു കേരളരാജ്യം അടക്കിവാണിരുന്ന ചേരമാൻപെരുമാൾ ഒരു ഭഗവതിയെ പ്രതിഷ്ഠിപ്പിക്കണമെന്നു വിചാരിച്ചു വൈക്കത്ത് ഉദയനാപുരത്തും, ഒരു സുബ്രഹ്മണ്യനെ പ്രതിഷ്ഠിപ്പിക്കണമെന്നു വിചാരിച്ച് ഇപ്പോൾ കുമാരനല്ലൂരെന്നു പറഞ്ഞുവരുന്ന സ്ഥലത്തും ഓരോ അമ്പലം പണികഴിച്ചു പ്രതിഷ്ഠയ്ക്കു മുഹൂർത്തവും നിശ്ചയിച്ച് അ

Digitised By Kerala Sahitya Akademi

വിളിച്ചു വേണ്ടുന്നവയെല്ലാം വട്ടംകൂട്ടിക്കൊണ്ടിരിക്കുകയായിരുന്നു. വഴിയമ്പലത്തിൽ കിടന്നുറങ്ങിയ ബ്രാഹ്മണൻ പിറേറ ദിവസം കാലത്തുണൎന്നു കണ്ണുതുറന്നു നോക്കിയപ്പോൾ കുമാരസ്വാമിയെ (സുബ്രഹ്മണ്യനെ) പ്രതിഷ്ഠിപ്പിക്കാനായി ചേരമാൻപെരുമാൾ പണിയിച്ച അമ്പലത്തിലായിരുന്നു. 'ഇതെന്തൊരത്ഭുതം' എന്നു വിചാരിച്ച് അദ്ദേഹം ചുററും നോക്കിയപ്പോൾ അവിടെ ശ്രീകോവിലിനകത്തു പീഠത്തിന്മേൽ സൎവ്വാംഗസുന്ദരിയായ ആ ദിവ്യസ്ത്രീ—ആ ബ്രാഹ്മണന്റെ മുൻപിൽ കടന്നോടിയ ആ ദേവി—ഇരിക്കുന്നത് അദ്ദേഹം കണ്ടു. അതു സാക്ഷാൽ 'മധുരമീനാക്ഷി'യായിരുന്നുവെന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലൊ.

ആ ബ്രാഹ്മണൻ അമ്പലത്തിൽനിന്നു പുറത്തിറങ്ങി അവിടെ കണ്ടവരോടെല്ലാം 'ഈ ക്ഷേത്രത്തിൽ മധുരമീനാക്ഷി കുടികൊണ്ടിരിക്കുന്നു' എന്നു പറഞ്ഞു. അതു കേട്ടവരെല്ലാം അമ്പലത്തിൽ ചെന്നു നോക്കി. ഒന്നും കണ്ടില്ല. 'എവിടെയിരിക്കുന്നു?' എന്ന് അവർ ചോദിച്ചു. ബ്രാഹ്മണൻ 'ഇതാ ആ ശ്രീകോവിലിനകത്ത്' എന്നു ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു. ദേവിയെ ആ ബ്രാഹ്മണനു പ്രത്യക്ഷമായി കാണാമായിരുന്നുവെങ്കിലും മററാൎക്കും കാണാൻ പാടില്ലായിരുന്നു. അതിനാൽ ആ ജനങ്ങൾ 'ഇദ്ദേഹം ഒരു ഭ്രാന്തനാണ്; അസംബന്ധം പറയുകയാണ്' എന്നും മററും പറഞ്ഞു പരിഹസിച്ചു. ഈ വൎത്തമാനം കേട്ടറിഞ്ഞ് ചേരമാൻ പെരുമാളും കേട്ട് അവിടെച്ചെന്നു നോക്കി. ഒന്നും കാണായ്കയാൽ 'ഇവിടെ ആരെയും കാണുന്നില്ലല്ലോ' എന്നു ബ്രാഹ്മണനോടു പറഞ്ഞു. ബ്രാഹ്മണൻ 'എന്നാൽ എന്നെത്തൊട്ടുംകൊണ്ടു നോക്കൂ' എന്നു പറഞ്ഞു. ചേരമാൻ പെരുമാൾ ആ ബ്രാഹ്മണനെത്തൊട്ടുംകൊണ്ടു നോക്കിയപ്പോൾ ദേവി

Digitised By Kerala Sahitya Akademi

ശ്രീകോവിലിനകത്തു പീഠത്തിന്മേലിരിക്കുന്നതു പ്രത്യക്ഷമായി കണ്ടു. പിന്നെ പെരുമാൾ ഇങ്ങിനെ വരുവാനുള്ള കാരണമെന്താണെന്ന് ആ ബ്രാഹ്മണനോടു ചോദിക്കുകയും ഉണ്ടായ സംഗതികളെല്ലാം ആ ബ്രാഹ്മണൻ വിസ്തരിച്ചു പറഞ്ഞു ചേരമാൻ പെരുമാളെ ഗ്രഹിപ്പിക്കുകയും ചെയ്തു. സംഗതികളെല്ലാം കേട്ടപ്പോൾ ചേരമാൻ പെരുമാൾക്കു വിശ്വാസവും വിസ്മയവുമുണ്ടായിയെങ്കിലും സ്വല്പം കോപവും ഇച്ഛാഭംഗവുംകൂടി ഉണ്ടാകാതെയിരുന്നില്ല. 'ഞാൻ സുബ്രഹ്മണ്യസ്വാമിയെ പ്രതിഷ്ഠിപ്പിക്കാനായി ഉണ്ടാക്കിച്ച സ്ഥലത്ത് അതിനിടയാകാതെയിരിക്കത്തക്കവണ്ണം മുൻകൂട്ടി കടന്നിരുന്നുകളയാമെന്നു വിചാരിച്ചു ഈ തന്റേടക്കാരത്തിക്ക് ഇവിടെ ഞാൻ യാതൊന്നും കൊടുക്കുകയില്ല. അത്ര ഊററമുണ്ടെങ്കിൽ വേണ്ടതൊക്കെ സ്വയമേവ ഉണ്ടാക്കിക്കൊള്ളട്ടെ. ഞാൻ വിചാരിച്ച മുഹൂൎത്തത്തിൽത്തന്നെ സുബ്രഹ്മണ്യസ്വാമിയെ പ്രതിഷ്ഠിപ്പിക്കും. അതു ദേവിയെ പ്രതിഷ്ഠിപ്പിക്കണമെന്നു വിചാരിച്ച സ്ഥലത്തായിക്കളയാം. ഇതാ ഞാൻ ഇപ്പോൾത്തന്നെ വൈക്കത്തിനു യാത്രയാണ്. ഇവളിവിടെയിരിക്കട്ടെ' എന്നു പറഞ്ഞിട്ട് അദ്ദേഹം അപ്പോൾത്തന്നെ അവിടെനിന്നു പോവുകയും ചെയ്തു.

ചേരമാൻ പെരുമാൾ അവിടെനിന്നു പോയി ഒരഞ്ചെട്ടുനാഴിക വടക്കായപ്പോൾ ആ പ്രദേശത്തെല്ലാം അകസ്മാൽ അതികഠിനമായിട്ടുള്ള മഞ്ഞു വന്നു നിറഞ്ഞു. അദ്ദേഹത്തിനും കൂടെയുണ്ടായിരുന്നവൎക്കും കണ്ണു തീരെക്കാണാൻ പാടില്ലാതെയായി. വഴി തിരിച്ചറിയാൻ പാടില്ലാതെ എല്ലാവരും വല്ലാതെ കുഴങ്ങിവശരായി. അപ്പോൾ ചേരമാൻ പെരുമാളുടെ ഒരു സേവകൻ 'നമുക്കിപ്പോൾ ഈ ആപത്തു നേരിട്ടത് ആ ദേവിയുടെ മായാവൈഭവംകൊണ്ടുതന്നെയായിരിക്കണം. അല്ലാതെ ഇപ്പോൾ ഇ

Digitised By Kerala Sahitya Akademi

ങ്ങിനെ വരാനിടയില്ല. ആ ദേവിയുടെ മാഹാത്മ്യം ഒട്ടും ചില്ലറയല്ല. ആ ദേവിയും പ്രവാഹണനും ഇവിടെ വന്നെത്തിയ കഥകൊണ്ടുതന്നെ ഇതറിയാവുന്നതാണ്. അതിനാൽ നമുക്ക മടങ്ങിപ്പോയി അവിടെക്കു വേണ്ടതെല്ലാം ചെയ്യുകയാണ് വേണ്ടതെന്നു തോന്നുന്നു' എന്നു പറഞ്ഞു. അതു കേട്ട ചേരമാൻ പെരുമാൾ 'ഇത് ആ ദേവിയുടെ മായാവൈഭവംകൊണ്ടാണെങ്കിൽ നമുക്കിപ്പോൾ കണ്ണു കാണാറാകട്ടെ. അങ്ങിനെയാവുകയാണെങ്കിൽ ഇവിടെ നിന്നു നോക്കിയാൽ കാണാവുന്ന ദേശമെല്ലാം ആ ദേവിക്കു കൊടുത്തേക്കാം. അവിടെ വേണ്ടുന്നതെല്ലാം നടത്തുകയും ചെയ്യാം' എന്നു പറഞ്ഞു. ഉടനെ മഞ്ഞു മാറുകയും എല്ലാവക്കും കണ്ണു കാണാറാവുകയും ചെയ്തു. ഉടനെ ചേരമാൻ പെരുമാൾ ആ ദേശമെല്ലാം ആ ദേവിക്കു വിട്ടുകൊടുത്തിരിക്കുന്നതായി പറകയും തിരിച്ചുപോരുകയും ചെയ്തു. മഞ്ഞു നിറഞ്ഞ ആ പ്രദേശത്തിനു 'മഞ്ഞൂര്' എന്നു നാമം സിദ്ധിച്ചു. അതു കാലക്രമേണ 'മാഞ്ഞൂര്' ആയിത്തീന്നു. മാഞ്ഞൂരെന്നു പറയുന്ന ദേശമെല്ലാം ഇപ്പോഴും കുമാരനല്ലൂർ ഭഗവതിയുടെ വകയായിട്ടുതന്നെയാണിരിക്കുന്നത്.

ചേരമാൻ പെരുമാൾ ദേവീസാന്നിദ്ധ്യമുണ്ടായ ഈ സ്ഥലത്തു മടങ്ങിയെത്തി, ഇവിടെ ദേവീപ്രതിഷ്ഠതന്നെ കഴിപ്പിക്കാമെന്നു നിശ്ചയിച്ച് അതിനു വേണ്ടുന്ന ഒരുക്കങ്ങളൊക്കെ ചെയ്തുകൊണ്ടു താമസിച്ചു. ഇവിടെ പ്രതിഷ്ഠിപ്പിക്കുന്നതിനായി ഉണ്ടാക്കിച്ച സുബ്രഹ്മണ്യവിഗ്രഹം ചേരമാൻ പെരുമാൾ ഉദയനാപുരത്തേക്കു കൊടുത്തയയ്ക്കുകയും അതു നിശ്ചിതമുഹൂർത്തത്തിൽത്തന്നെ ഉദയനാപുരത്തു പ്രതിഷ്ഠിപ്പിക്കുന്നതിനും അവിടെ പ്രതിഷ്ഠിപ്പിക്കുന്നതിനായി ഉണ്ടാക്കിച്ചുവെച്ചിരിക്കുന്ന ദേവീവിഗ്രഹം ഇങ്ങോട്ടു

Digitised By Kerala Sahitya Akademi

കൊട്ടത്തയയ്ക്കുന്നതിനും പ്രതിപുരുഷന്മാരെ ചട്ടംകെട്ടി അയയ്ക്കുകയും ചെയ്തു.

ഉദയനാപുരത്തുണ്ടാക്കിച്ചുവെച്ചിരുന്ന ദേവീവിഗ്രഹം സമയത്തിനു വന്നുചേരുകയില്ലെന്നു മുഹൂർത്തദിവസമടുത്തപ്പോഴം അറിവു കിട്ടുകയാൽ ചേരമാൻ പെരുമാഠംക്കു വളരെ വ്യസനമായി. വേറെ ഒരു വിഗ്രഹം പണിയിക്കുന്നതിനുമാത്രം ദിവസമില്ല; ഈ മുഹൂർത്തത്തിനു പ്രതിഷ്ഠ കഴിപ്പിക്കാഞ്ഞാൽ വളരെ മുതൽ നഷ്ടവും കുറച്ചിലുമുണ്ടാകുമെന്നുതന്നെയല്ല, ഇത്ര നല്ലതായ ഒരു ശുഭമുഹൂർത്തം പിന്നെയുണ്ടാകാനുമത്ര എളുപ്പമല്ല. ആകപ്പാടെ വിചാരിച്ചിട്ടു ചേരമാൻ പെരുമാഠം ഏററവും വിഷണ്ണനായിത്തീൎന്നു.

അന്നു രാത്രിയിൽ കിടന്നുറങ്ങിയ സമയം ചേരമാൻ പെരുമാഠം, 'ഒട്ടും വ്യസനിക്കേണ്ട. ഇവിടെനിന്നു രണ്ടു നാഴിക വടക്കുകിഴക്കായിട്ടുള്ള മലയിൽ ഒരു കിണററിൽ എൻെറ ഒരു ബിംബം കിടക്കുന്നുണ്ട്. അതെടുത്തുകൊണ്ടുവന്നു പ്രതിഷ്ഠ കഴിപ്പിച്ചാൽ മതി' എന്ന് ആരോ തൻെറ അടുക്കൽ വന്നു പറഞ്ഞതായി ഒരു സ്വപ്നം കണ്ടു. പിറേറദ്ദിവസം രാവിലെ ഇതു വാസ്തവമാണോ എന്നറിയണമെന്നു നിശ്ചയിച്ചു ചേരമാൻ പെരുമാഠം വളരെ ആളുകളോടുകൂടി ആ മലയിലേയ്ക്കു പോയി. അവിടമെല്ലാം വലിയ കാടായിരുന്നു. ആ കാടെല്ലാം വെട്ടിത്തെളിപ്പിച്ചു നോക്കിച്ചെന്നപ്പോഴം ഒരു കിണറു കണ്ടു. ആ കിണററിൽ ആളെയിറക്കി നോക്കിച്ചപ്പോഴം യാതൊരു കേടുമില്ലാത്തതും ഏററവും നിഃശേഷപ്പെട്ടതും ലക്ഷണമൊത്തതുമായ ഒരു ബിംബം കണ്ടുകിട്ടുകയും ചേരമാൻ പെരുമാഠം അതെടുപ്പിച്ചു കൊണ്ടുവന്നു നിശ്ചിതമുഹൂർത്തത്തിൽത്തന്നെ യഥാവിധി പ്രതിഷ്ഠ കഴിപ്പിക്കുകയും കുമാര (സുബ്രഹ്മണ്യ)സ്വാമിയെ പ്രതിഷ്ഠിപ്പിക്കുന്നതിനായി പണികഴി

Digitised By Kerala Sahitya Akademi

ഷ്ഠിച്ചിരുന്ന ആ ക്ഷേത്രത്തിനു മുൻ നിശ്ചയപ്രകാരം 'കുമാരനല്ലൂർ' എന്നുള്ള പേരുതന്നെ സ്ഥിരപ്പെടുത്തുകയും ചെയ്തു. പിന്നീടു ചേരമാൻ പെരുമാൾ മാങ്ങാട്ടൂർ ദേശം വിട്ടുകൊടുത്തതിനു പുറമെ അവിടെ നിത്യനിദാനം, മാസവിശേഷം, ആട്ടവിശേഷം മുതലായവയ്ക്കെല്ലാം വേണ്ടുന്ന വസ്തുവകകൾ വെച്ചുകൊടുക്കുകയും പതിവുകൾ നിശ്ചയിക്കുകയും ചെയ്തതിന്റെ ശേഷം ആ ദേവസ്വം ആ ദേശക്കാരായ ചില നമ്പൂരിമാർക്കായി വിട്ടുകൊടുക്കുകയും ചെയ്തു. അങ്ങിനെ അതൊരു ഊരാണ്മക്ഷേത്രമായിത്തീർന്നു.

ചേരമാൻ പെരുമാൾ കുമാരനല്ലൂർ ക്ഷേത്രത്തിൽ തുലാമാസത്തിൽ രോഹിണി മുതൽ വൃശ്ചികമാസത്തിൽ രോഹിണിവരെ ഇരുപത്തെട്ടു ദിവസത്തെ ഉത്സവമാണ് നിശ്ചയിച്ചിരുന്നത്. ആ ക്ഷേത്രം ഊരാണ്മക്കാരുടെ വകയായിത്തീർന്നിട്ടും വളരെക്കാലം അങ്ങിനെതന്നെ നടന്നിരുന്നു. പിന്നീട് അതു കുറച്ചു വൃശ്ചികമാസത്തിൽ കാർത്തിക ഒൻപതാമുത്സവമാകത്തക്കവണ്ണം പത്തു ദിവസത്തെ ഉത്സവം മതിയെന്നു നിശ്ചയിച്ചു. ഇപ്പോഴും അപ്രകാരം നടന്നുവരുന്നു. ദേവിയുടെ മാഹാത്മ്യവും ശക്തിയുംകൊണ്ടു കാലക്രമേണ അവിടെ വസ്തുവകകൾ വളരെ വൎദ്ധിച്ചു. ഇപ്പോഴും ആ ദേവസ്വത്തിൽ അഭിവൃദ്ധിയല്ലാതെ ഒട്ടും ക്ഷയമുണ്ടാകുന്നില്ല. സ്ത്രീനായകത്വം സൎവ്വത്ര ദോഷകരമാണെന്നാണല്ലോ പറഞ്ഞുവരുന്നത്. എന്നാൽ കുമാരനല്ലൂര് അതു വളരെ ഗുണപ്രദമായിട്ടാണ് കണ്ടുവരുന്നത്. ആ ഭഗവതിയുടെ മാഹാത്മ്യങ്ങൾ പറഞ്ഞുതുടങ്ങിയാൽ വളരെയുണ്ട്. ഇപ്പോഴും ദേവിസാന്നിദ്ധ്യം അവിടെ വിളങ്ങിക്കൊണ്ടുതന്നെയിരിക്കുന്നു.

ദേവിയോടുകൂടി മധുരയിൽനിന്നു പോന്ന ബ്രാഹ്മണന്റെ വംശജന്മാർ ഇപ്പോഴും കുമാരനല്ലൂരുണ്ട്. അവ

Digitised By Kerala Sahitya Akademi

രുടെ ഇല്ലപ്പേരു 'മധുര' എന്നും അവിടെയുള്ളവരെ 'മധുരനമ്പൂരിമാർ' എന്നുമാണ് പറഞ്ഞുവരുന്നത്.

2. തിരുനക്കരദ്ദേവനും അവിടുത്തെക്കാളയും.

തിരുവിതാംകൂറിൽ കോട്ടയംപട്ടണത്തിന്റെ മദ്ധ്യഭാഗത്തുള്ള തിരുനക്കരക്ഷേത്രത്തെപ്പററി പലരും കേട്ടിരിക്കാനിടയുണ്ട്. അവിടുത്തെ സ്വയംഭൂവായ ശിവനേയും കാളയേയും പററിയുള്ള ഐതിഹ്യങ്ങൾ വായനക്കാൎക്കു രസാവഹങ്ങളായിരിക്കുമെന്നു വിശ്വസിക്കുന്നു.

പണ്ടൊരു തെക്കുംകൂർരാജാവിനു തൃശ്ശിവപേരൂർവടക്കുന്നാഥക്ഷേത്രത്തിൽ തിങ്കൾഭജനം (മാസംതോറും തൊഴുക) പതിവുണ്ടായിരുന്നു. ഒരു മാസത്തിന്റെ അവസാനദിവസം അവിടെയെത്തിയാൽ അന്നും പിറേറദ്ദിവസവുമായി രണ്ടുമാസത്തെ തൊഴുക കഴിച്ചുപോരാമല്ലൊ. അങ്ങിനെയാകുമ്പോൾ ആണ്ടിൽ ആറു യാത്രകൊണ്ടു കഴിക്കാമല്ലോയെന്നു വിചാരിച്ച് ആ തമ്പുരാൻ അപ്രകാരമാണ് അതു നടത്തിപ്പോന്നത്. അങ്ങിനെ വളരെക്കാലം അദ്ദേഹം അതു മുടക്കംകൂടാതെ നടത്തിക്കൊണ്ടിരുന്നു. കാലക്രമേണ ആ തമ്പുരാനു പ്രായാധിക്യവും രോഗപീഡകളുംനിമിത്തം അന്യദേശസഞ്ചാരം ദുസ്സാധമായിത്തീൎന്നു. പരസഹായംകൂടാതെ ഒന്നും ചെയ്വാൻ ശക്തനല്ലാതെയായിട്ടും ഈശ്വരഭക്തനായ അവിടയ്ക്കു തൃശ്ശിവപേരൂർവടക്കുന്നാഥക്ഷേത്രത്തിലെ തിങ്കൾഭജനം മുടക്കുന്നതിനു ധൈൎയ്യമുണ്ടായില്ല.

അങ്ങിനെയിരിക്കുമ്പോൾ ഒരിക്കൽ ഒരു മാസാന്ത്യദിവസം ആ തമ്പുരാൻ പരിവാരസമേതം തൃശ്ശിവപേരൂ

Digitised By Kerala Sahitya Akademi

ന്നെത്തി. വളരെ പ്രയാസപ്പെട്ട് ഈ നിയമം കുളി കഴിച്ചു പരസഹായത്തോടുകൂടി വടക്കുന്നാഥൻെറ നടയിൽച്ചെന്നു തൊഴുതുകൊണ്ട്, 'ആപ്പൂര്യാ ഭക്തവത്സലനായ ഭഗവാനെ! എൻെറ ഈ നിയമം മുടങ്ങിട്ടു ജീവിച്ചിരിക്കുകയെന്നുള്ളത് എനിക്കു വളരെ സങ്കടമാണ്. ഇവിടെ വന്നു ദശ്നം കഴിച്ചുപോകാൻ ഞാൻ ശക്തനല്ലാതെയും തീന്നിരിക്കുന്നു. അതിനാൽ കഴിയുന്നതും വേഗത്തിൽ എന്നെ അവിടത്തെ തൃപ്പാദാരവിന്ദങ്ങളിൽ ചേത്തുകൊള്ളണെ' എന്നു പ്രാത്ഥിച്ചു. അന്ന് അത്താഴം കഴിഞ്ഞു തമ്പുരാൻ കിടന്നുറങ്ങിയസമയം ആരോ അദ്ദേഹത്തിൻെറ അടുക്കച്ചെന്ന്, 'ഇനി എന്നെക്കാണ്മാനായി ഇങ്ങോട്ടു വ ബുദ്ധിമുട്ടണമെന്നില്ല. ഞാൻ 'നക്കരെ'ക്കുന്നിൽ വന്നേക്കാം. എൻെറ പുരോഭാഗത്ത് എൻെറ വൃഷഭനേും പശ്ചാൽഭാഗത്ത് ഒരു വെളുത്ത ചെത്തിയും കാണപ്പെടും' എന്നു പറഞ്ഞതായിത്തോന്നി. ഉടനെ തമ്പുരാൻ കണ്ണുതുറന്നു നോക്കി. അപ്പോൾ ആരെയും കണ്ടില്ല. ഇതു വടക്കുന്നാഥൻതന്നെ തന്നെക്കുറിച്ചു പ്രസാദിച്ചിട്ട് അടുക്കൽവന്ന് അരുളിച്ചെയ്തതാണെന്ന് അദ്ദേഹം വിശ്വസിച്ചുകൊണ്ടു പിന്നെയും കിടന്നുറങ്ങുകയും ചെയ്തു.

പിറേറ ദിവസവും പതിവുപോലെ ദേവദശ്നവും ഭക്ഷണവും കഴിച്ചു തമ്പുരാൻ തൃശ്ശിവപേരൂർനിന്നു പോന്നു.

മടങ്ങിപ്പോരും വഴി തമ്പുരാൻ വൈക്കത്തു പെരുന്തൃക്കോവിലപ്പനെക്കൂടി തൊഴുതിട്ടു പോരാമെന്നു വിചാരിച്ച് അവിടെയിറങ്ങി. തൊഴാനായി അമ്പലത്തിൽ ചെന്നപ്പോൾ താടിയും തലയും വളത്തി, രുദ്രാക്ഷമാലകളും ഭസ്മവും ധരിച്ചു പരവശനായ ഒരു ബ്രാഹ്മണനെ അവിടെ കണ്ടിട്ട് അദ്ദേഹം ആരാണെന്നും മററും തമ്പുരാൻ അവിടെയുണ്ടായിരുന്നവരിൽ ചിലരോടു ചോദിച്ചു. അപ്പോൾ ഒരാൾ അദ്ദേഹം ഒരു നമ്പൂരിയാണെന്നും ഇല്ലം

Digitised By Kerala Sahitya Akademi

വൈക്കത്തുതന്നെയാണെന്നും ഇല്ലപ്പേര 'പേരേപ്പറമ്പ്' എന്നാണെന്നും ദാരിദ്ര്യദുഃഖം സഹിക്കാൻ വയ്യാതെയായിട്ടു വൈക്കത്തപ്പനെ സേവിക്കുകയാണെന്നും സംവത്സരഭജനം കഴിഞ്ഞിട്ടു രണ്ടുമൂന്നു ദിവസമായിയെന്നും അദ്ദേഹത്തിനു നിത്യവൃത്തിക്കുതന്നെ യാതൊന്നുമില്ലെന്നുതന്നെയല്ല, നാലഞ്ചു പെൺകിടാങ്ങളെ വേളികഴിച്ചു കൊടുക്കാൻ വൈകിയിരിക്കുന്നുണ്ടെന്നും മററുമുള്ള വിവരം തമ്പുരാനെ ഗ്രഹിപ്പിക്കയും ചെയ്തു. അതു കേട്ടു തമ്പുരാൻ ആ നമ്പൂരിയെ അടുക്കലെ വിളിച്ച്, 'എന്റെകൂടെ പോരാമെങ്കിൽ ഒന്നോ രണ്ടോ പെൺകൊടയ്ക്കു വേണ്ടുന്ന വക ഉണ്ടാക്കിത്തന്നയയ്ക്കാം' എന്നു പറഞ്ഞു. അതു കേട്ട് ഏററവും സന്തുഷ്ടമാനസനായി ബ്ഭവിച്ച നമ്പൂരി 'കല്പനപോലെ ചെയ്യാം' എന്നു പറയുകയും തമ്പുരാൻ പോന്നപ്പോൾ ഒരുമിച്ചു പോരികയും ചെയ്തു.

അന്നു തെക്കുംകൂർ രാജാക്കന്മാക്കു രാജ്യവാഴ്ചയുള്ള കാലമായിരുന്നു. അവരുടെ രാജധാനി അന്ന് ഇപ്പോൾ തിരുനക്കരക്ഷേത്രമിരിക്കുന്ന സ്ഥലത്തുനിന്നു ഒരു നാഴിക വടക്കു മാറി 'തളിയിൽ' എന്ന സ്ഥലത്തായിരുന്നു. അതിനാൽ പേരേപ്പറമ്പുനമ്പൂരി തെക്കുംകൂർ രാജാവിനോടുകൂടി അവിടെ വന്നു താമസിച്ചു.

അങ്ങിനെ താമസിച്ചിരുന്ന കാലത്തു പേരേപ്പറമ്പുനമ്പൂരി ഒരു ദിവസം തമ്പുരാന്റെ അടുക്കൽ അറിയിച്ചുംകൊണ്ടു തിരുനക്കരെ സ്വാമിയാരുമഠത്തിലേക്കു പോന്നു. സ്വാമിയാരെക്കണ്ടു തന്റെ സ്ഥിതി അറിയിച്ചാൽ വല്ലതും സഹായമുണ്ടായെങ്കിലോ എന്നു വിചാരിച്ചാണ് നമ്പൂരി പോന്നത്. അപ്രകാരം അദ്ദേഹം സ്വാമിയാരെക്കണ്ടു വിവരമറിയിക്കുകയും ചാതുർമ്മാസ്യം അടുത്തിരിക്കുന്നതിനാൽ നമ്പൂരി അതു കഴിഞ്ഞിട്ടു പോയാൽ മതിയെന്നും വല്ലതും സ്വല്പമായിട്ടെങ്കിലും സഹായിക്കാമെന്നും സ്വാമി

Digitised By Kerala Sahitya Akademi

യാർ അരുളിച്ചെയ്യുകയും ചെയ്തു. അതിനാൽ നമ്പൂരി അവിടെ താമസിച്ചു.

ഇപ്പോൾ തിരുവാക്കരെക്ഷേത്രമിരിക്കുന്ന സ്ഥലം അന്നു വെറും കാടായിട്ടു കിടക്കുകയായിരുന്നു. 'നക്കരെക്കുന്ന്' എന്നാണ് ആ സ്ഥലത്തിന് അന്നു പേരു പറഞ്ഞുവരുന്നിരുന്നത്. അവിടെ ദേവസാന്നിദ്ധ്യവും ക്ഷേത്രവുമുണ്ടായതിന്റെ ശേഷമാണ് നക്കരെ തിരുനക്കരെയായത്. നക്കരെ തന്നെ 'നൽക്കരെ' ലോപിച്ചുണ്ടായതുമാണ്. സ്വാമിയാർ മഠത്തിലെ ഭൃത്യന്മാർ ആ കുന്നിൻപുറത്തു ചേന, ചേമ്പു മുതലായവ കൃഷിചെയ്യുക പതിവായിരുന്നു. ചാതുർമ്മാസ്യം കഴിയുന്ന ദിവസം സ്വാമിയാർമഠത്തിൽ ചുരുക്കത്തിലൊരു സദ്യ പതിവുള്ളതിനാൽ അന്നു രാവിലെ ആ വാലിയക്കാരിൽ രണ്ടു പേർ ചേന പറിക്കാനായിച്ചെന്ന് ഒരു മൺവെട്ടി (തൂമ്പ) എടുത്ത് ഒന്നു വെട്ടിയപ്പോൾ അവിടെനിന്നു രക്തപ്രവാഹമുണ്ടാവുകയും അതു കണ്ട് അവർ ഭയപ്പെട്ട് ഓടിച്ചെന്നു വിവരം സ്വാമിയാരുടെ അടുക്കൽ അറിയിക്കുകയും ചെയ്തു. സ്വാമിയാർ അതു കേട്ട് അവിടെച്ചെന്നു മണ്ണു മാററിച്ചു നോക്കിയപ്പോൾ അവിടെ ഒരു ശിവലിംഗം മുളച്ചിരിക്കുന്നതായി കണ്ടു. ഇങ്ങിനെ സ്വയംഭൂവായിട്ടുള്ള ബിംബം കണ്ടാൽ ഉടനെ നിവേദ്യം കഴിപ്പിക്കാഞ്ഞാൽ അതു മറഞ്ഞുപോകുമെന്നുള്ളതിനാൽ സ്വാമിയാർ സ്വാമിയാർമഠത്തിൽനിന്നുതന്നെ ഉണക്കലരി, പൂവു മുതലായ സാധനങ്ങൾ വരുത്തി പേരേപ്പറമ്പുനമ്പൂരിയെക്കൊണ്ടു നിവേദ്യം വെപ്പിച്ച് ഉടനെ ഒരു പൂജ കഴിപ്പിച്ചു. അതിന്റെ ശേഷം സ്വാമിയാർ ഈ വിവരം തെക്കുംകൂർരാജാവിന്റെ അടുക്കൽ എഴുതിയയച്ച് അറിയിക്കുകയും ചെയ്തു.

ഈ വർത്തമാനം കേട്ടപ്പോൾ തനിക്കു തൃശ്ശിവപേരൂർ വെച്ചുണ്ടായ സ്വപ്നം ശരിയായല്ലോ എന്നു വിചാരിച്ചു

Digitised By Kerala Sahitya Akademi

തെക്കുംകൂർ രാജാവിനെ വിവരം ഗ്രഹിപ്പിക്കുകയും അദ്ദേഹം ഉടനെ നക്കരക്കുന്നിലെത്തുകയും ചെയ്തു. തമ്പുരാൻ വന്നു നോക്കിയപ്പോൾ ശിവലിംഗവും അതിന്റെ മുൻവശത്തായി ഒരു വൃഷഭനും പിൻവശത്തു സ്വല്പം വടക്കോട്ടു മാറി വായുകോണിലായി ഒരു വെളുത്ത ചെത്തിയും മുളച്ചിരിക്കുന്നതായിക്കാണുകയും ഇതു തൃശ്ശിവപേരൂർ വടക്കുന്നാഥൻ ഇളകൊണ്ടതുതന്നെയാണെന്നു തീർച്ചപ്പെടുത്തുകയും ചെയ്തു.

പിന്നെ തെക്കുംകൂർ രാജാവ് അവിടെ നാലു ഗോപുരങ്ങളും മാളികയായിട്ടു കൂത്തമ്പലം മുതലായവയോടു കൂടിയും ഒരു മഹാക്ഷേത്രത്തിനു വേണ്ടുന്ന ലക്ഷണങ്ങളെല്ലാമൊപ്പിച്ച് അമ്പലം പണി കഴിപ്പിക്കുകയും നിത്യനിദാനം, മാസവിശേഷം, ആട്ടവിശേഷം മുതലായ വകയ്ക്കെല്ലാം വേണ്ടുന്ന വസ്തുവകകൾ ദേവസ്വം വകയായി തിരിച്ചു വെക്കുകയും ചെയ്തു. അതിൻപ്രകാരം അവിടെ പ്രതിദിനം അഞ്ചു പൂജ, മൂന്നു ശിവേലി, നവകം, പഞ്ചഗവ്യം മുതലായവയും ആണ്ടിൽ തുലാം, മീനം, മിഥുനം ഈ മാസങ്ങളിലായി മൂന്നുത്സവങ്ങളും പതിവായിത്തീൎന്നു. ഒരു മഹാക്ഷേത്രത്തിൽ വേണ്ടുന്നവയെല്ലാം ഈ ക്ഷേത്രത്തിലും ആ തമ്പുരാനേർപ്പെടുത്തി. അങ്ങിനെ തിരുനക്കരക്ഷേത്രം പ്രസിദ്ധമായിത്തീരുകയും ചെയ്തു. അവിടെ പേരേപ്പറമ്പുനമ്പൂരിയെത്തന്നെ ശാന്തിക്കുമാക്കി. പെങ്ങഴശ്ശേരി, പുന്നശ്ശേരി ഇങ്ങിനെ രണ്ടില്ലങ്ങളിലുള്ള മൂത്തതിന്മാരെ ദേവന്റെ പരിചാരകപ്രവൃത്തികൾക്കും സ്വാമിയാർമഠത്തിലെ വാലിയക്കാരായിരുന്ന നെടുമങ്ങാടൻ, പാലക്കോടൻ എന്നവരുടെ തറവാട്ടേയ്ക്കു ക്ഷേത്രത്തിൽ വിളക്കെടുപ്പും നെല്ലുകുത്തും നടത്തുന്നതിനുള്ള സ്ഥാനം കൊടുത്ത് അവരെ ആ വകയ്ക്കും നിയമിക്കുകയും ചെയ്തു.

ഇത്രയുമൊക്കെക്കഴിഞ്ഞപ്പോൾ ഈ ദിക്കുകാർക്ക് ഒരു

Digitised By Kerala Sahitya Akademi

വലിയ ഉപദ്രവം നേരിട്ടു. തിരുനക്കരദേശത്തും അടുത്ത പ്രദേശങ്ങളിലും വെച്ചു സസ്യാദികളെ കൃഷിചെയ്യുകൽ എല്ലാം രാത്രികാലങ്ങളിൽ ഒരു വെള്ളക്കാള വന്നു വേലി പൊളിച്ച് അകത്തു കടന്നു തിന്നുനശിപ്പിച്ചു തുടങ്ങി. ഈ കാള ആരുടെയാണെന്നും എവിടെനിന്നു വരുന്നുവെന്നും എങ്ങോട്ടു പോകുന്നുവെന്നും ആക്കും നിശ്ചയമില്ല. അവനെ പിടിക്കാൻ കിട്ടുകയുമില്ല. നല്ല നിലാവുള്ള കാലത്തു ദൂരെനിന്നു നോക്കിയാൽ അവൻ നിന്നു തിന്നുന്നതു കാണാം. ആളുകൾ അടുത്തു ചെല്ലുമ്പോൾ എങ്ങിനെയോ അവൻ ചാടിപ്പൊയ്ക്കളയും. ഇങ്ങിനെയായിട്ടു ജനങ്ങൾ വളരെ കഷ്ടപ്പെട്ടു.

ഇങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം രാത്രിയിൽ നല്ല നിലാവുള്ള കാലത്തു തിരുനക്കരെനിന്ന് ഏകദേശം രണ്ടു നാഴിക പടിഞ്ഞാറ 'വേളൂർ' എന്ന ദേശത്ത് ഒരു കണ്ടത്തിൽവെച്ച് ഒരു പറയൻ ഈ കാളയെ കല്ലെട്ടുത്തെറിയുകയും മറവം ചെയ്തു. ആ രാത്രിയിൽത്തന്നെ ഒരു കാള തൻെറ അടുക്കൽ വന്ന് 'അങ്ങു ദേവനു വേണ്ടുന്നതെല്ലാം പതിവുവെച്ചല്ലൊ. എനിക്കെന്താണ് പതിവൊന്നും വെക്കാഞ്ഞത്? ഞാൻ ആ ദേവൻെറ വാഹനമാണല്ലൊ. ഞാൻ കണ്ടവരുടെ വിളവുകൾ കട്ടുതിന്നു കാലം കഴിക്കേണ്ടതായി വന്നല്ലൊ. അതുനിമിത്തം ഞാനിന്ന് ഒരു പറയൻെറ ഏറുകൊള്ളേണ്ടതായിട്ടും വന്നു. ഇതു വലിയ സങ്കടംതന്നെ' എന്നു പറഞ്ഞതായി തെക്കുംകൂർ രാജാവിന് ഒരു സ്വപ്നമുണ്ടായി. ഇതിനെക്കുറിച്ചു തമ്പുരാൻ പ്രശ്നംവെപ്പിച്ചു നോക്കിച്ചപ്പോൾ സ്വപ്നത്തിൽക്കാണപ്പെട്ട കാള തിരുനക്കരദേവൻെറ കാളതന്നെ ആണെന്നും അതിനുകൂടി പതിവായി നിവേദ്യത്തിന് ഒരു വകവെക്കേണ്ടതാണെന്നും വിധിക്കുകയും കാളയെ വേളൂരുവെച്ച് ഒരു പറയൻ കല്ലെട്ടുത്തെറിഞ്ഞ വിവരം

Digitised By Kerala Sahitya Akademi

അറിയുകയും ചെയ്കയാൽ തമ്പുരാൻ, വെള്ളൎവെച്ച കാള എത്ര നിലത്തിൽനിന്നു തിന്നപ്പോൾ എരുകൊണ്ടുവോ ആ നിലം ആ വൃഷഭന്റെ നിവേദ്യംവകയ്ക്കായി ദേവസ്വത്തിലേക്കു വിട്ടുകൊടുത്തു. ആ നിലത്തിന് ഇപ്പോഴും 'കാളക്കണ്ടം' എന്നാണ് പേരു പറഞ്ഞുവരുന്നത്. ഇപ്രകാരം ആ തെക്കുംകൂർ രാജാവു തിരുനക്കരക്ഷേത്രത്തിനു വേണ്ടുന്ന പുഷ്ടികളെല്ലാം വരുത്തുകയും അവിടെ തന്റെ തിരുവുൾബ്ഭജനം നിൎവ്വിഘ്നമായി നടത്തിക്കൊണ്ടുതന്നെയിരിക്കുകയും അതിനു മുടക്കംവരാതെ അദ്ദേഹം ചരമഗതിയെ പ്രാപിക്കുകയും ചെയ്തു.

തിരുനക്കരദ്ദേവന്റെ ചൈതന്യവും പ്രസിദ്ധിയും അസാമാന്യമായി വൎദ്ധിക്കുകയാൽ അവിടെ അവസാനമില്ലാതെ വഴിപാടുകൾ വന്നു തുടങ്ങി. പ്രതിദിനം അഞ്ചുമാറും ചതുശ്ശതവും എട്ടും പത്തും പന്തിരുനാഴിയും മററുമുണ്ടായിത്തുടങ്ങിയതിനാൽ ശാന്തിക്കു തന്നെക്കൊണ്ടു മതിയാകാതെവരികയാൽ പേരേപ്പറമ്പുനമ്പൂരി തിരുനക്കരെനിന്നു മൂന്നു നാഴികക്കു കിഴക്കു 'മാങ്ങാനം' എന്ന ദേശത്തുള്ള 'മടിപ്പള്ളി' എന്നില്ലപ്പേരായ ഒരു നമ്പൂരിയെക്കൂടി കീഴ്ശ്ശാന്തിയായിച്ചേൎത്തു. അങ്ങിനെ അവർ രണ്ടു പേരുംകൂടി കുറച്ചു കാലം ശാന്തിനടത്തിയപ്പോഴയ്ക്കും അതുകൊണ്ടുണ്ടായ സമ്പാദ്യം നിമിത്തം പേരേപ്പറമ്പുനമ്പൂരിയുടെ ദാരിദ്ര്യം അശേഷം നീങ്ങുകയും അദ്ദേഹം നല്ല സമ്പന്നനായിത്തീരുകയും ചെയ്തു. അതിനാൽ അദ്ദേഹം ശാന്തി മടിപ്പള്ളിനമ്പൂരിയെത്തന്നെ ഏല്പിച്ചിട്ടു വൈക്കത്തുതന്നെ സ്ഥിരതാമസമാക്കുകയും ചെയ്തു. എങ്കിലും ആ ഇല്ലത്തുനിന്ന് ഒരാൾ മാസത്തിലൊരിക്കൽ തിരുനക്കരെ വന്ന് ഒരു ദിവസം ഒരു പന്തീരടിപ്പൂജ കഴിക്കുക പതിവാണ്. അതിപ്പോഴും നടത്തിവരുന്നുമുണ്ട്.

മടിപ്പള്ളിനമ്പൂരി ശാന്തി കഴിച്ചുകൊണ്ടിരുന്ന കാല

Digitised By Kerala Sahitya Akademi

ത്തും മുൻപതിവനുസരിച്ചു ശിവേലികൾക്ക് എഴുന്നള്ളിക്കുക മൂത്തതിന്മാരായിരുന്നു. എന്തോ കാരണവശാൽ തെക്കുംകൂർ രാജാവിന് ഒരു മൂത്തതിൻെറ പേരിൽ വിരോധം ജനിക്കുകയാൽ ആ മൂത്തതിനെ വെടിവെച്ചു കൊന്നുകളയുന്നതിനു രാജഭടന്മാൎക്കു കല്പന കൊടുത്തു. അവർ മൂത്തതെന്നു വിചാരിച്ചു മടിപ്പള്ളിനമ്പൂരിയെ വെടിവെച്ചു കൊന്നു. അതിനാൽ ആ നമ്പൂരിയുടെ അന്തൎജ്ജനം തിരുനക്കരെ നടയിൽവെച്ചു പ്രാണത്ത്യാഗം ചെയ്തുകളഞ്ഞു. അതോടുകൂടി ആ നമ്പൂരിയുടെ ഇല്ലം അന്ന്യന്നില്ലുകയും ചെയ്തു. അന്നു മുതൽ തിരുനക്കരെ മതിൽക്കകത്ത് അന്തൎജ്ജനങ്ങൾ കടന്നുകൂടെന്നും മൂത്തതിന്മാർ എഴുന്നള്ളിച്ചുകൂടെന്നും ഏൎപ്പാടു വെക്കുകയും ചെയ്തു. അതു രണ്ടു കൂട്ടവും ഇപ്പോഴും ഇവിടെ പതിവില്ല.

തിരുനക്കരെദ്ദേവൻെറ കാളയ്ക്കു ചില കാലങ്ങളിൽ നീര് (വലിയ കുരു) ഉണ്ടായി പൊട്ടുമെന്നും അതു രാജ്യത്തു വലിയ ആപത്തുണ്ടാകുന്ന കാലങ്ങളിലാണ് പതിവെന്നുമുള്ളതു് പ്രസിദ്ധമാണല്ലൊ. മഹാരാജാക്കന്മാർ നാടുനീങ്ങിയതായ 933, 973, 986, 990, 1004, 1022, 1036, 1055 ഈ ആണ്ടുകളിൽ ഈ കാളയ്ക്കു നീരുണ്ടാവുകയും പൊട്ടുകയും ചെയ്തിട്ടുണ്ടെന്നാണ് കേട്ടിട്ടുള്ളത്. ഇങ്ങിനെ നീരുണ്ടാകുന്ന കാലങ്ങളിൽ ദോഷപരിഹാരാൎത്ഥമായി ഈ ക്ഷേത്രത്തിൽ വിശേഷാൽച്ചില അടിയന്തിരങ്ങൾ പതിവുണ്ട്. ആ വകയ്ക്ക് ആയിരത്തിൽച്ചില്വാനം പണം വീതമാണ് സൎക്കാരിൽനിന്നു ചെലവു ചെയ്തു വന്നത്. ജനങ്ങൾക്കു പരിഷ്കാരവും ഈവക സംഗതികളിൽ വിശ്വാസമില്ലായ്കയും വന്നുപോയതുകൊണ്ടോ എന്തോ അടുത്ത കാലങ്ങളിലെങ്ങും നീരുണ്ടാവുകയും പൊട്ടുകയുമൊന്നും പതിവില്ല. ഇനിയുള്ള കാലത്ത് അതൊന്നുമുണ്ടാകുമെന്നും തോന്നുന്നില്ല.

---

3 *

Digitised By Kerala Sahitya Akademi

3. ഭവഭൂതി.

ഉത്തരരാമചരിതം, മാലതീമാധവം മുതലായ നാടകങ്ങളുടെയും മററും കർത്താവും ഒരു മഹാകവിയുമായിരുന്ന ഭവഭൂതിയെക്കുറിച്ചു കേട്ടിട്ടില്ലാത്തവരായി ഒരുവിധം അക്ഷരജ്ഞാനമുള്ളവരിലാരുമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. അദ്ദേഹത്തിൻെറ സാക്ഷാൽപേരു 'ശ്രീകണ്ഠൻ' എന്നായിരുന്നു. അദ്ദേഹമൊരിക്കൽ,

> 'തപസ്വീ കാം ഗതോവസ്ഥാമിതി സ്മേരാനനാവിവ
> ഗിരിജായാസ്തനൌ വന്ദേ ഭവഭൂതിസിതാനനൌ'

എന്നൊരു ശ്ലോകമുണ്ടാക്കി ഒരു വിദ്വൽസമാജത്തിൽവെച്ചു ചൊല്ലുകയും അതിലേ 'ഭവഭൂതി'ശബ്ദത്തിൻെറ ചമൽകാരംനിമിത്തം സന്തുഷ്ടഹൃദയന്മാരായിത്തീന്ന ആ സഭാവാസികൾ അദ്ദേഹത്തിനു 'ഭവഭൂതി' എന്നുതന്നെ ഒരു പേരു കൊടുക്കുകയും ആ പേരു പ്രസിദ്ധമായിത്തീരുകയുമാണ് ചെയ്തത്.

ഒരിക്കൽ ശ്രീപാവ്വതി ശ്രീപരമേശ്വരനോടു, 'കവിതചത്തിൽ കാളിദാസനോ ഭവഭൂതിക്കോ അധികം യോഗ്യത' എന്നു ചോദിച്ചു. അതിനു ഭഗവാൻ, 'വലിയ വ്യത്യാസമൊന്നുമില്ല. ഇന്നതിന്നപ്രകാരമേ വരികയുള്ളു എന്നു കാളിദാസനു നല്ല നിശ്ചയമുണ്ട്. ഭവഭൂതിക്കു അതു തന്നെ ഇല്ല എന്നുള്ള ഭേദമേ ഉള്ളു. അത്ര വേണമെങ്കിൽ ഒന്നു പരീക്ഷിച്ചുനോക്കിയാലറിയാം' എന്നു മറുപടി കല്പിക്കുകയും പരീക്ഷിക്കാനുള്ള കൌശലം പറഞ്ഞുകൊടുക്കുകയും ചെയ്തു.

ഭഗവാൻെറ ഉപദേശപ്രകാരം സുബ്രഹ്മണ്യസ്വാമി ഒരു മരിച്ച ശിശുവായിത്തീരുകയും ശ്രീപാവ്വതി വിധവയും വൃദ്ധയുമായ ഒരു ബ്രാഹ്മണസ്ത്രീയുടെ വേഷം ധരിച്ച്

Digitised By Kerala Sahitya Akademi

ളും പൊട്ടുവിനെയെടുത്തു ഭോജരാജാവിൻെറ ഗോപുരദ്വാരത്തിങ്കൽ കൊണ്ടുചെന്നു കിടത്തിക്കൊണ്ട് അവിടെ നില്ക്കുകയും ചെയ്തു. അപ്പോഠം അവിടെ സഭ പിരിഞ്ഞ് ഓരോരോ കവിശ്രേഷ്ഠന്മാർ അതിലേ വന്നു തുടങ്ങി. അവരോട് ഓരോരുത്തരോടും ശ്രീപാർവ്വതി, 'ഇതാ ഇങ്ങോട്ടൊന്നു നോക്കണേ. എൻെറ കുട്ടി ഒരു ശാപത്താൽ മരിച്ചുപോയിരിക്കുന്നു. 'പുരോനിസ്സരണേ രണഃ' എന്നൊരു സമസ്യയുണ്ട്. അതു വേണ്ടതുപോലെ പൂരിപ്പിച്ചാൽ ഈ കുട്ടി ജീവിക്കും. അങ്ങിനെയാണ് ശാപമോക്ഷം. അതിനാൽ ഇതൊന്നു വേണ്ടതുപോലെ പൂരിപ്പിക്കണേ' എന്നു പറഞ്ഞു. അതു കേട്ട് ആ കവികളെല്ലാം ആ സമസ്യ ഓരോ വിധം പൂരിപ്പിച്ചു. അപ്പോഠം ശ്രീപാർവ്വതി 'എൻെറ കുട്ടി ജീവിച്ചില്ലല്ലൊ' എന്നു പറഞ്ഞു. 'അതെന്തോ ഞങ്ങഠംക്കറിഞ്ഞുകൂടാ' എന്നു പറഞ്ഞ് അവരെല്ലാവരും പോയി. ഉടനെ ഭവഭൂതി അതിലേ വന്നു. അദ്ദേഹത്തോടും ദേവി മേൽപ്പറഞ്ഞപ്രകാരം പറഞ്ഞു. ഭവഭൂതി ആ സമസ്യയെ,

'യാമീ പ്രിയവൃഷ്ട്യായാഃ പ്രിയായാഃ കണ്ഠസക്തയോഃ
അശ്രുജീവിതയോരാസീൽ പുരോനിസ്സരണേ രണഃ'

എന്നു പൂരിപ്പിച്ചു. അപ്പോഴും ശ്രീപാർവ്വതി 'എൻെറ കുട്ടി ജീവിച്ചില്ലല്ലൊ' എന്നു പറഞ്ഞു. 'അതെന്തോ; എനിക്കറിഞ്ഞുകൂടാ. ഞാൻ വിചാരിച്ചാൽ ഈ സമസ്യ ഇതിലധികം ഭംഗിയായിട്ടു പൂരിപ്പിക്കാൻ കഴികയില്ല. ഇനിയൊരാഠം വരുന്നുണ്ട്. അദ്ദേഹത്തോടു പറഞ്ഞാൽ ശരിയായി പൂരിപ്പിക്കുമായിരിക്കും' എന്നു പറഞ്ഞു ഭവഭൂതിയും പോയി. ഒടുവിൽ കാളിദാസരുടെ വരവായി. അപ്പോഴും ദേവി മേൽപ്പറഞ്ഞപ്രകാരം പറയുകയും കാളിദാസരും സമസ്യ പൂരിപ്പിക്കുകയും ചെയ്തു. കാളിദാസരുടെ പൂരണവും ഭവഭൂതിയുടെ പൂരണവും ഒരുപോലെത-

Digitised By Kerala Sahitya Akademi

ന്നെയായിരുന്നു. ഒരക്ഷരത്തിലും പോലും വ്യത്യാസമുണ്ടായിരുന്നില്ല. കാളിദാസരോടും ദേവി 'എന്റെ കുട്ടി ജീവിച്ചില്ലല്ലൊ' എന്നു പറഞ്ഞു. അതു കേട്ടു കാളിദാസർ 'എന്നാൽ നിങ്ങളുടെ കുട്ടി ജീവിക്കുന്നതല്ല. അല്ലെങ്കിൽ മരിച്ചിട്ടില്ല. മരിക്കാതെ ജീവിക്കുന്നതെങ്ങിനെ? ഈ സമസ്യ ഇതിലധികം ഭാഗിയായി പൂരിപ്പിക്കാൻ ആരുവിചാരിച്ചാലും സാധിക്കുന്നതല്ല' എന്നു പറഞ്ഞു പോവുകയും ചെയ്തു.

ഭവഭൂതിയുടേയും കാളിദാസരുടേയും പൂരണങ്ങൾ ഒരുപോലെതന്നെ ഇരിക്കുകയും കാളിദാസർ മേൽപ്പറഞ്ഞ പ്രകാരം രീച്ച്യയായി പറയുകയും ചെയ്തുകൊണ്ടു ഭഗവാൻ അരുളിച്ചെയ്തതു വാസ്തവംതന്നെ എന്നു ശ്രീപാർവ്വതിക്കു ബോധപ്പെടുകയും സുബ്രഹ്മണ്യനോടുകൂടി കൈലാസത്തിങ്കൽച്ചെന്നു ദേവി ഈ ഉണ്ടായ വിവരമെല്ലാം ഭഗവാനെ ഗ്രഹിപ്പിക്കുകയും ചെയ്തു.

---

4 വാഗ്ഭടാചാര്യർ.

ഒരു കാലത്തു മുഹമ്മദീയരുടെ ആക്രമവും പ്രാബല്യവും നിമിത്തം വൈദ്യശാസ്ത്രഗ്രന്ഥങ്ങളെല്ലാം അവരുടെ കൈവശത്തിലായിത്തീൎന്നു. ബ്രാഹ്മണരുടെ കൈവശം ഗ്രന്ഥങ്ങളൊന്നുമില്ലാതെയായതിനാൽ ആ ശാസ്ത്രം അഭ്യസിക്കുന്നവരും അഭ്യസിപ്പിക്കുന്നവരുമില്ലാതെയായി. അങ്ങിനെ കുറച്ചു കഴിഞ്ഞപ്പോൾ ബ്രാഹ്മണരുടെയിടയിൽ വൈദ്യന്മാർ തന്നെ ഇല്ലാതെയായി. ആൎക്കെങ്കിലും ഒരു ദീനമുണ്ടായാൽ മുഹമ്മദീയരുടെ അടുക്കൽച്ചെന്നു ചോദിച്ച് അവർ പറയുന്നതു ചെയ്യുകയെന്നുള്ള ദിക്കായിത്തീൎന്നു. മുഹമ്മദീയരുടെയിടയിൽ വൈദ്യശാസ്ത്രത്തിൽ അ

Digitised By Kerala Sahitya Akademi

തിനിപുണന്മാരായി പലർ ഉണ്ടായിത്തീരുകയും ചെയ്തു. ഈ സ്ഥിതി ബ്രാഹ്മണൎക്ക് ആകപ്പാടെ വലിയ വ്യസനകാരണമായിത്തീൎന്നു. അതിനാൽ പരദേശത്ത് ഒരു സ്ഥലത്തു യോഗ്യന്മാരായ അനേകം ബ്രാഹ്മണർ യോഗംകൂടി ഈ കഷ്ടത നീക്കാൻ എന്താണ് വേണ്ടതെന്ന് ആലോചിച്ചു. 'മുഹമ്മദീയരെ ജയിച്ചു ഗ്രന്ഥങ്ങൾ കൈക്കലാക്കാൻ അവരുടെ പ്രബലതയുടെ സ്ഥിതിക്കു സാധിക്കുകയില്ല. അവരുടെ അടുക്കൽച്ചെന്നു പഠിക്കാമെന്നു വെച്ചാൽ അവർ അവരുടെ ജാതിക്കാരെ അല്ലാതെ വൈദ്യശാസ്ത്രം പഠിപ്പിക്കുകയില്ല. അതിനാൽ ആരെങ്കിലും മുഹമ്മദീയ വേഷംധരിച്ചു നല്ല വൈദ്യനായ ഒരു മുഹമ്മദീയൻ്റെ അടുക്കൽച്ചെന്ന് ഉപായത്തിൽ പഠിച്ചുവരണം. അല്ലാതെ നിവൃത്തിയൊന്നുമില്ല' എന്ന് എല്ലാവരും കൂടി ആലോചിച്ചു തീൎച്ചയാക്കി. പിന്നെ, അതിനാരാണ് പോകേണ്ടത് എന്നുള്ള ആലോചനയായി. 'അതിനു നമ്മുടെ കൂട്ടത്തിൽ വാഗ്ഭടനോളം ബുദ്ധിയും സാമൎത്ഥ്യവുമുണ്ടായിട്ടു മററാരുമില്ല' എന്നും എല്ലാവരും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു. അപ്പോൾ ആ സദസ്സിൽത്തന്നെ ഉണ്ടായിരുന്ന വാഗ്ഭടാചാര്യർ 'നിങ്ങളുടെയൊക്കെ അനുഗ്രഹമുണ്ടെങ്കിൽ ഞാൻ പോയി ഇതു സാധിച്ചുവരാം' എന്നു സമ്മതിച്ചു പറഞ്ഞു. വാഗ്ഭടാചാൎയ്യൎക്ക് അന്നു വളരെ ചെറുപ്പമായിരുന്നു. ഒരിരുപതു വയസ്സിലധികമായിരുന്നില്ല. എങ്കിലും അദ്ദേഹം വേദശാസ്ത്രപുരാണേതിഹാസങ്ങളിൽ അതിനിപുണനായിത്തീൎന്നിരുന്നു. അദ്ദേഹം ആ ബ്രാഹ്മണശ്രേഷ്ഠന്മാരുടെ അനുഗ്രഹം വാങ്ങിക്കൊണ്ടു സദസ്സിൽനിന്നിറങ്ങി. ബ്രാഹ്മണർ യോഗംകൂടിയത് ഒരു നദീതീരത്തുള്ള ഒരു ശാലയിലായിരുന്നു. ആ സ്ഥലത്തിൻ്റെ മറുകരയിൽത്തന്നെ വൈദ്യശാസ്ത്രത്തിൽ അതിനിപുണനും പ്രസിദ്ധവൈദ്യനും പഠിപ്പിക്കുന്നതിന് ഏ

റവും സമത്ഥനും വലിയ ധനവാനുമായ ഒരു മുഹമ്മദീയൻ താമസിക്കുന്നുണ്ടായിരുന്നു. അവൻെറ അടുക്കൽത്തന്നെ ചെന്നു പഠിക്കാമെന്നു വാശടാചായ്യർ തീച്ചപ്പെടുത്തി. പിന്നെ അദ്ദേഹം മുഹമ്മദീയവേഷത്തിനു വേണ്ടുന്ന ഉടുപ്പ്, തൊപ്പി മുതലായവയെല്ലാം ശേഖരിച്ചുകൊണ്ട് ഒരു ദിവസം രാവിലെ കുളിയും നിത്യകമ്മാനുഷ്ഠാദികളും ഭക്ഷണവും കഴിച്ചു ബ്രാഹ്മണശ്രേഷ്ഠന്മാരെ വീണ്ടും വന്ദിച്ചിട്ടു വേഷം മാറി അവിടെനിന്നു പുറപ്പെട്ടു. കായ്യസിദ്ധിക്കായി ഈശ്വരപ്രാത്ഥന ചെയ്തുകൊണ്ട് ആ ബ്രാഹ്മണോത്തമന്മാർ അവിടെത്തന്നെ താമസിക്കുകയും ചെയ്തു.

വാശടാചായ്യർ മുഹമ്മദീയവേഷം ധരിച്ചുകൊണ്ട് ആ മുഹമ്മദീയവൈദ്യൻെറ അടുക്കൽച്ചെന്നു വന്ദിച്ചു. അപ്പോഴും വൈദ്യൻ അനേകം ശിഷ്യന്മാരെ അടുക്കലിരുത്തി വൈദ്യശാസ്ത്രം പഠിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇദ്ദേഹത്തിൻെറ വേഷം കണ്ടു സ്വജാതീയനാണെന്നു തീച്ചപ്പെടുത്തിക്കൊണ്ടു വൈദ്യൻ 'നീ എവിടെനിന്നു വരുന്നു? എന്തിനു വന്നു?' എന്നു ചോദിച്ചു.

വാശടൻ— ഞാൻ കുറച്ചു വടക്കുനിന്നാണ് വരുന്നത്. അവിടുത്തെപ്പേരു ഞങ്ങളുടെ ദിക്കിലൊക്കെ പ്രസിദ്ധമാണ്. ഇതുപോലെ ഒരു വൈദ്യൻ ഭൂലോകത്തിൽ വേറെയില്ലെന്നാണ് എല്ലാവരും പറയുന്നത്. അതിനാൽ അവിടുത്തെ അടുക്കൽക്കുറച്ചു വൈദ്യശാസ്ത്രം പഠിച്ചാൽക്കൊള്ളാമെന്നു വിചാരിച്ചാണ് വന്നത്. അതിന് അവിടുത്തെ കൃപയുണ്ടാകണം.

വൈദ്യൻ— ഓ! ഇതു നമുക്കു വളരെ സന്തോഷം. നാം നിന്നെ ഒന്നു പരീക്ഷിച്ചു നോക്കട്ടെ. പഠിക്കാൻ ബുദ്ധിയുള്ളവനെന്നു കണ്ടാൽ നാം നിന്നെ പഠിപ്പിക്കാം. ബുദ്ധിയില്ലാത്ത മടയന്മാക്കുവേണ്ടി ബുദ്ധിമുട്ടാൻ നമുക്കു മനസ്സില്ല. ഇവിടെ പഠിക്കുന്നവക്കെല്ലാം ചിലവി

Digitised By Kerala Sahitya Akademi

നു നാം കൊടുക്കും. ആയതിനെയാണ് പഠിപ്പ്. അതിനാൽ നീ അകത്തു ചെന്ന് ഊണു കഴിച്ചുവരണം. പിന്നെ നാം നോക്കാം.

വാഗ്ഭടൻ— ഞാനിപ്പോൾ ഊണു കഴിച്ചതാണ്. അതിനാൽ ഇനി ഇപ്പോൾ വേണമെന്നില്ല.

വൈദ്യൻ— അതു നിൻെറ ഇഷ്ടംപോലെ, ഞാൻ പറയാനുള്ളതു പറഞ്ഞു. ഊണു വേണ്ടെങ്കിൽ ഇപ്പോൾത്തന്നെ പഠിപ്പിച്ചു നോക്കാം. നിനക്കു ഗ്രന്ഥം വല്ലതുമുണ്ടോ?

വാഗ്ഭടൻ— എൻെറ കയ്യിലൊരു ഗ്രന്ഥവുമില്ല.

ഇതു കേട്ട വൈദ്യൻതന്നെ ഒരു ഗ്രന്ഥമെടുത്തുകൊണ്ടു വന്നു കൊടുത്തു പഠിപ്പിച്ചു നോക്കി. സ്വല്പം പഠിപ്പിച്ചു നോക്കിയപ്പോൾ വൈദ്യനു വളരെ സന്തോഷവും വിസ്മയവും തോന്നി. ഇത്രയും ബുദ്ധിയും ശ്രദ്ധയും പഠിക്കാനുള്ള വാസനയുമുള്ള ഒരാളെ അയാൾ അതിനു മുൻപു കണ്ടിരുന്നില്ല. അതിനാൽ വൈദ്യൻ 'നീ മിടുക്കൻ തന്നെ. നിന്നെ പഠിപ്പിക്കാൻ നമുക്കു വളരെ സന്തോഷമുണ്ട്. നിനക്ക് ഇവിടെത്തന്നെ താമസിക്കാം. ചെലവിനെല്ലാം നാം തരാം. നീ ഒരു കാൎയ്യംപോലും ചെലവു ചെയ്യണമെന്നില്ല. ശരിയായി പഠിക്കുക മാത്രം ചെയ്താൽ മതി' എന്നു പറഞ്ഞു.

വാഗ്ഭടൻ— എനിക്ക് ഈ നദിയുടെ അങ്ങേക്കരയിൽ ഒരു ബന്ധുഗൃഹമുണ്ട്. അവിടെ ചാൎച്ചയും വേഴ്ചയുമൊക്കെയുള്ളതിനാൽ ഞാനവിടെ താമസിച്ചുകൊള്ളാം. അവിടുന്നു ചെലവിനൊന്നും തരണമെന്നില്ല. കൃപയുണ്ടായി പഠിപ്പിക്കുക മാത്രം ചെയ്താൽ മതി.

വൈദ്യൻ— അതു നാം ചെയ്യാമെന്നു പറഞ്ഞുവല്ലൊ. പിന്നെയൊക്കെ നിൻെറ ഇഷ്ടംപോലെ. ഞാൻ പറയാനുള്ളതു പറഞ്ഞു.

Digitised By Kerala Sahitya Akademi

പകലെ ആകുന്നതു വരെ പഠിച്ചതിന്റെ ശേഷം വാഗ്ഭടാചാര്യർ തിരിയെപ്പോന്നു. ആററിനക്കരെ വന്നു വേഷം മാറി കുളിച്ച് അദ്ദേഹം സന്ധ്യാവന്ദനാദികളും അത്താഴവും കഴിഞ്ഞു കിടന്നുറങ്ങുകയും ചെയ്യും. പിറെറദിവസവും കുളിയും ജപവും ഭക്ഷണവും മററും കഴിഞ്ഞു മുഹമ്മദീയവേഷത്തിൽ വൈദ്യന്റെ അടുക്കൽച്ചെന്നു പഠിക്കുകയും തിരിച്ചുപോരികയും ചെയ്യും. ഇങ്ങിനെ ഏതാനും ദിവസം കഴിഞ്ഞപ്പോൾ ആ ഗുരുവിന് ഈ ശിഷ്യനെ പഠിപ്പിക്കാനുള്ള ഉത്സാഹവും സന്തോഷവും സാമാന്യത്തിലധികം വദ്ധിച്ചുവശായി. അതിനാൽ ഒരു ദിവസം വൈകുന്നേരം വാഗ്ഭടാചാര്യർ പഠിതം നിത്തിപ്പോരാൻ ഭാവിച്ച സമയം ആ വൈദ്യൻ, 'നിനക്കു മനസ്സുണ്ടെങ്കിൽ അത്താഴം കഴിഞ്ഞുവന്നാലും പഠിപ്പിക്കാൻ ഞാൻ തയ്യാറാണ്. നിന്റെ ഇഷ്ടംപോലെയാവാം' എന്നു പറഞ്ഞു. കഴിയുന്നതും വേഗത്തിൽ പഠിക്കാനുള്ളതു പഠിച്ചുകൊണ്ടു തന്റെ കളവു പുറത്താക്കാതെ അവിടെ നിന്നു കടക്കണമെന്നായിരുന്നു വാഗ്ഭടാചാര്യരുടെ വിചാരവും. അതിനാൽ ഗുരുവിന്റെ ഈ വാക്ക് അദ്ദേഹത്തിന് ഏററവും സന്തോഷാവഹമായിത്തീന്നു. 'എന്നാൽ ഞാനത്താഴം കഴിഞ്ഞു വരാം. പഠിക്കാനുള്ളതു പഠിച്ചുകൊണ്ടു കഴിയുന്നതും വേഗത്തിൽ നാട്ടിലേക്കു മടങ്ങിപ്പോയാൽക്കൊള്ളാമെന്ന് എനിക്കുമുണ്ട്. വീട്ടിലുള്ളവർ എന്നെ കാണാഞ്ഞിട്ടു വ്യസനിച്ചിരിക്കുകയായിരിക്കും. എന്റെ മോഹംകൊണ്ടു ഞാനിതിനായിച്ചാടിപ്പോന്നു എന്നേ ഉള്ളു' എന്നു പറഞ്ഞ് അദ്ദേഹം മടങ്ങിപ്പോരികയും അത്താഴം കഴിഞ്ഞു വീണ്ടും അവിടെ എത്തുകയും ചെയ്തു. അപ്പോഴയ്ക്കും വൈദ്യനും അത്താഴം കഴിഞ്ഞു തന്റെ ശിഷ്യന്റെ വരവിനെ പ്രതീക്ഷിച്ചുകൊണ്ടു തയ്യാറായി ഇരിക്കുന്നുണ്ടായിരുന്നു. രാത്രിയിലത്തെ പഠിതം

Digitised By Kerala Sahitya Akademi

വൈദ്യന്റെ ശയനഗൃഹത്തിലായിരുന്നു. അതൊരു എഴുനിലമാളികയുമായിരുന്നു. രാത്രിയിൽ ഈ ഒരു ശിഷ്യനെ അല്ലാതെ മററാരെയും ആ ഗുരു പഠിപ്പിച്ചിരുന്നില്ല.

പഠിത്തം തുടങ്ങിയാൽ ഗുരു മതിയെന്നു പറഞ്ഞിട്ടു മതിയാക്കാമെന്നു വിചാരിച്ചു ശിഷ്യനും ശിഷ്യനു മതിയെന്നു തോന്നുന്നതുവരെ പഠിപ്പിച്ചേക്കാമെന്നു ഗുരുവും വിചാരിച്ചു രാത്രിയിലും പകലും അവർ വളരെ നേരം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ചില ദിവസം രാത്രിയിൽ പഠിത്തം തുടങ്ങിയാൽ കോഴി കൂകുന്നതു കേട്ടാണ് പഠിത്തം മതിയാക്കുക പതിവ്. ഉത്സാഹവും സന്തോഷവുംകൊണ്ട് അതുവരെ നേരം പോകുന്നതു രണ്ടു പേരും അറിയാറില്ല. ഇങ്ങിനെ കുറച്ചുകാലം കഴിഞ്ഞപ്പോഴയ്ക്കും വൈദ്യശാസ്ത്രങ്ങളെല്ലാം വാഗ്ഭടാചാര്യർ പഠിച്ചുതീർത്തു. എങ്കിലും ഗുരുവിനു തൃപ്തിയായിക്കഴിഞ്ഞില്ല. പിന്നെ ആ ഗുരു വൈദ്യസംബന്ധങ്ങളായ ഓരോ പ്രയോഗങ്ങളെപ്പററി വാക്കാൽ ഉപദേശിച്ചുതുടങ്ങി. വാഗ്ഭടാചാര്യർ അവയും കേട്ടു ധരിച്ചുകൊണ്ടിരുന്നു. ഗുരു രാത്രികാലങ്ങളിൽ കട്ടിലിൽ കിടന്നുകൊണ്ട് ഓരോന്നു പറയുകയും ശിഷ്യൻ താഴെയിരുന്ന് എല്ലാം കേട്ടു ധരിക്കുകയുമാണ് പതിവ്.

അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം രാത്രിയിൽ ഗുരു "എന്റെ കാലു കഴയ്ക്കുന്നു. നീയീക്കട്ടിലിൽക്കയറിയിരുന്ന് എന്റെ കാലു കുറച്ചു തലോട്" എന്നു പറഞ്ഞു. വാഗ്ഭടാചാര്യർ ഒട്ടും മടിക്കാതെ അപ്രകാരം ചെയ്തു. രാത്രി അധികമായിരുന്നതുകൊണ്ടും വാഗ്ഭടാചാര്യർ കാലു തടവുന്നതിന്റെ സുഖംകൊണ്ടും കുറച്ചു കഴിഞ്ഞപ്പോൾ വൈദ്യൻ ഉറങ്ങിത്തുടങ്ങി. അപ്പോൾ വാഗ്ഭടാചാര്യരുടെ മനസ്സിൽ ഒരു വിചാരമുണ്ടായി. 'കഷ്ടം! എന്റെ വിധി ഇപ്രകാരമായിത്തീർന്നുവല്ലോ. ഞാൻ

Digitised By Kerala Sahitya Akademi

ഉത്തമബ്രാഹ്മണകുലത്തിലാണ് ജനിച്ചത്. വേദശാസ്ത്രപുരാണേതിഹാസങ്ങളെല്ലാം ഗ്രഹിച്ചു. ഇങ്ങിനെയൊക്കെയായിട്ടും ഒരു നീചന്റെ കാൽ പിടിക്കാനാണല്ലൊ എനിക്കു സംഗതിയായത്.' ഈവക വിചാരംകൊണ്ട് അദ്ദേഹത്തിന്റെ മനസ്സിൽ സഹിക്കവയ്യാതെകണ്ടുള്ള വ്യസനമുണ്ടായി. പെട്ടെന്ന് അദ്ദേഹമറിയാതെതന്നെ കുറെക്കണ്ണുനീരു പുറപ്പെട്ടുപോവുകയും ചെയ്തു. വാഗ്ഭടാചാര്യരുടെ നാലഞ്ചു തുള്ളി കണ്ണുനീര് ആ മുഹമ്മദീയന്റെ കാലിന്മേൽ വീണു. അയാൾ പെട്ടെന്നു കണ്ണുതുറന്നു നോക്കി. അപ്പോൾ ശിഷ്യന്റെ മുഖം അശ്രുപൂർണ്ണേക്ഷണമായിരിക്കുന്നതു കണ്ട്, 'ഇവൻ നമ്മെച്ചതിച്ചു. ഇവൻ നമ്മുടെ ജാതിക്കാരനല്ല. ഇവനെ വിട്ടയയ്ക്കാൻ പാടില്ല. ഇവന്റെ കഥ ഇപ്പോൾ കഴിക്കണം' എന്നിങ്ങിനെ വിചാരിച്ചുകൊണ്ട് അയാൾ പെട്ടെന്നെണീററ് ഒരു വാൾ കയ്യിലെടുത്തു. അതു കണ്ടു വാഗ്ഭടാചാര്യർ 'കാര്യം തെററി. ഇവൻ ഇപ്പോളെന്റെ കഥ കഴിക്കും. നീചന്റെ വെട്ടുകൊണ്ടു മരിക്കുന്നതു കഷ്ടമാണ്. അതു കൂടാതെ കഴിക്കണം. നാലു വേദങ്ങളും ആറു ശാസ്ത്രങ്ങളും ഈശ്വരൻ എന്നൊരാളുണ്ടെന്നു പറയുന്നതും സത്യമാണെങ്കിൽ എനിക്കു തരക്കേടൊന്നും പററുകില്ല' എന്നിങ്ങിനെ വിചാരിച്ചുകൊണ്ട് ആ ഏഴുനിലമാളികയുടെ ഒരു കിളിവാതിലിൽക്കൂടി പെട്ടെന്നു കീഴ്പ്പട്ടു ചാടി. വളരെ പൊക്കമുള്ള ആ മാളികയുടെ മുകളിൽനിന്നു താഴെച്ചെന്നു വീണിട്ടു വാഗ്ഭടാചാര്യർക്ക് ഒരു കാലിനല്പം മുടവു (മുടന്തു) പററിയതല്ലാതെ വേറെ യാതൊരു തരക്കേടും പററിയില്ല. അദ്ദേഹം അവിടെനിന്നെണീററ് ഒരു വിധം ഓടി ശത്രുക്കളുടെ കയ്യിലകപ്പെടാതെ പുഴ അക്കരെകടന്നു. ഉടനെ കുളിയും കഴിച്ചു ബ്രാഹ്മണസദസ്സിലെത്തി. അപ്പോൾ അദ്ദേഹത്തിന്റെ കാലിനു സ്വല്പം അസ്വാധീ

നതയുള്ളതായിക്കണ്ടിട്ട് ബ്രാഹ്മണർ കാരണം ചോദിച്ചു. അപ്പോൾ ഉണ്ടായ വർത്തമാനമെല്ലാം വാഗ്ഭടാചാര്യർ വിസ്തരിച്ചു പറഞ്ഞു കേൾപ്പിച്ചു. ഉടനെ ബ്രാഹ്മണർ 'എന്തു സങ്കല്പത്തോടുകൂടിയാണ് മാളികയിൽനിന്നു ചാടിയത്?' എന്നു ചോദിച്ചു. അതിനു മറുപടിയായി വാഗ്ഭടാചാര്യർ 'നാലു വേദങ്ങളും ആറു ശാസ്ത്രങ്ങളും ഈശ്വരൻ എന്നൊരാളുണ്ടെന്നു പറയുന്നതും സത്യമാണെങ്കിൽ എനിക്കു തരക്കേടൊന്നും പററുകില്ല' എന്നു സങ്കല്പിച്ചുകൊണ്ടാണ് ഞാൻ ചാടിയത് എന്നു പറഞ്ഞു. അതു കേട്ടു ബ്രാഹ്മണർ 'എന്നാൽ ഇങ്ങിനെ വന്നത് ഒരത്ഭുതമല്ല. 'സത്യമാണെങ്കിൽ' എന്നായിപ്പോയതെന്താണ്? അപ്പോൾ അതിൽ നല്ല വിശ്വാസമില്ല, അല്ലേ? 'നാലു വേദങ്ങളും ആറു ശാസ്ത്രങ്ങളും ഈശ്വരനും ഉള്ളതുകൊണ്ട്' എന്നായിരുന്നുവെങ്കിൽ ഈ അബദ്ധം പററുകില്ലായിരുന്നു. അങ്ങിനെ തോന്നിയില്ലല്ലോ. അതിനാൽ അങ്ങു ഭ്രഷ്ടനായിരിക്കുന്നു. ഇനി ഞങ്ങളുടെ കൂട്ടത്തിലിരിക്കാൻ അങ്ങു യോഗ്യനല്ല. പുറത്തേക്കു പോകാം' എന്നു പറഞ്ഞു. അതു കേട്ടു വാഗ്ഭടാചാര്യർ 'ശരിതന്നെയാണ്. ഇനി ഞാൻ നിങ്ങളുടെ കൂട്ടത്തിലിരിക്കുന്നില്ല' എന്നു പറഞ്ഞു സമാജശാലയിൽനിന്നു പുറത്തിറങ്ങി. പിന്നെ അദ്ദേഹം, 'ഇനി എന്താണ് വേണ്ടത്? ഏതായാലും ഇനി ഈ ദിക്കിൽ താമസിക്കാൻ സുഖമില്ല. ഇപ്പോൾതന്നെ വല്ല വഴിക്കും പൊയ്ക്കളയാമെന്നുവെച്ചാൽ എൻെറ പ്രയത്നം മുഴുവനും നിഷ്ഫലമാകും. ഇനിയൊരാൾ വിചാരിച്ചാൽ ഈ മുഹമ്മദീയരുടെ അടുക്കൽനിന്ന് ഈ വിദ്യ തട്ടിയെടുക്കാനത്ര എളുപ്പമില്ല. അതിനാൽ എൻെറ പ്രയത്നത്തിൻെറ ഫലം ഇവർക്ക് അനുഭവയോഗ്യമാക്കിക്കൊടുത്തിട്ടു വേണം ഇവിടെനിന്നു പോകാൻ' എന്നിങ്ങിനെ വിചാരിച്ചു നിശ്ചയിച്ചിട്ട് അദ്ദേഹം കുറച്ചുകാലം അ

Digitised By Kerala Sahitya Akademi

വിടെത്തന്നെ താമസിച്ചു. ബ്രാഹ്മണരുമായി യാതൊരു വിധത്തിലും സ്പൎശത്തിനിടയാകാതെ അദ്ദേഹം പ്രത്യേകമൊരു സ്ഥലത്തു സ്വയംപാകം ചെയ്തു ഭക്ഷണം കഴിച്ചുകൊണ്ടാണ് താമസിച്ചത്.

വാഗ്ഭടാചാൎയ്യർ അങ്ങിനെ താമസിച്ചുകൊണ്ട് ആദ്യംതന്നെ 'അഷ്ടാംഗസംഗ്രഹം' എന്നൊരു വൈദ്യശാസ്ത്രഗ്രന്ഥമെഴുതിയുണ്ടാക്കി. അതു മററുള്ള വൈദ്യശാസ്ത്രഗ്രന്ഥങ്ങളുടെയെല്ലാം സാരാംശങ്ങളെ സംഗ്രഹിച്ചും വളരെ ചുരുക്കിയുമാണുണ്ടാക്കിയത് എങ്കിലും അദ്ദേഹത്തിന് അതുകൊണ്ടു തൃപ്തിയായില്ല. മററുള്ള വൈദ്യശാസ്ത്രഗ്രന്ഥങ്ങളേക്കാളൊക്കെ ചുരുക്കമായിട്ടാണതുണ്ടാക്കിയതെങ്കിലും ചുരുങ്ങിയതു മതിയായില്ലെന്നാണ് അദ്ദേഹത്തിനു തോന്നിയത്. എന്നുമാത്രമല്ല, അതു ഗദ്യവും പദ്യവും കൂടിയായതുകൊണ്ടു പഠിക്കുന്നവൎക്കു ഹൃദിസ്ഥമാക്കുന്നതിനു പ്രയാസമായിരിക്കുമെന്നും അദ്ദേഹത്തിനു തോന്നി. അതിനാൽ സംഗ്രഹത്തെക്കാൾ ചുരുക്കമായിട്ടും എന്നാൽ സംഗതികളെല്ലാം അടക്കിയും പദ്യങ്ങൾ മാത്രമായിട്ടും ഒരു ഗ്രന്ഥമുണ്ടാക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. ആ നിശ്ചയത്തോടുകൂടി വാഗ്ഭടാചാൎയ്യരുണ്ടാക്കിയതാണ് അഷ്ടാംഗഹൃദയം. അതിന്റെശേഷം അദ്ദേഹം ജനോപകാരാൎത്ഥം 'അമരകോശം' എന്ന അഭിധാനഗ്രന്ഥവുമുണ്ടാക്കി. അതു വേറെയുള്ള അഭിധാനഗ്രന്ഥങ്ങളുടെ സാരസംഗ്രഹവുമാണ്. ഇങ്ങിനെ മൂന്നു ഗ്രന്ഥങ്ങളുണ്ടാക്കി ബ്രാഹ്മണസന്നിധിയിൽ സമൎപ്പിച്ചിട്ടു വാഗ്ഭടാചാൎയ്യർ അവിടെനിന്നു പോവുകയും ചെയ്തു. പിന്നീട് അദ്ദേഹത്തെ ആരും കണ്ടിട്ടുള്ളതായി ഒരു കേൾവിപോലുമില്ല. അതിനാൽ അതിൽപ്പിന്നെ അദ്ദേഹം എവിടെ, എന്തു സ്ഥിതിയിൽ താമസിച്ചിരുന്നുവെന്നും എവിടെവെച്ച്, എന്തുവിധത്തിൽ എന്ന് ചരമഗതിയെ പ്രാപിച്ചുവെന്നും മററുമുള്ള യാതൊരു കഥയും ആൎക്കും അറിവില്ല.

Digitised By Kerala Sahitya Akademi

വാഗ്ഭടാചാൎയ്യർ പോയതിന്റെ ശേഷം 'ഭ്രഷ്ടനാലു ണ്ടാക്കപ്പെട്ട ഗ്രന്ഥങ്ങൾ സ്വീകരിക്കാമോ?' എന്നു ബ്രാഹ്മണൎക്കു വളരെ സംശയമായി. സ്വീകരിക്കാതെയിരുന്നാൽ പിന്നെ ഇതുപോലെയുള്ള ഗ്രന്ഥങ്ങൾ ലഭിക്കുന്ന കാൎയ്യം അസാദ്ധ്യമായിരുന്നതിനാൽ വിശിഷ്ടന്മാരായ ബ്രാഹ്മണശ്രേഷ്ഠന്മാരെല്ലാവരും കൂടിയാലോചിച്ചു സ്വീകരിക്കാമെന്നുതന്നെ തീൎച്ചപ്പെടുത്തി. എന്നാൽ ഇവ ഭ്രഷ്ടനാലുണ്ടാക്കപ്പെട്ടവയാണെന്നുള്ള ഓൎമ്മയ്ക്കായി ഏകാദശിനാൾ ഈ മൂന്നു ഗ്രന്ഥങ്ങളും പഠിച്ചുകൂടായെന്നുകൂടി അവർ നിശ്ചയിച്ചു. അതിനാൽ ഇന്നും അഷ്ടാംഗസംഗ്രഹം, അഷ്ടാംഗഹൃദയം, അമരകോശം ഈ മൂന്നു ഗ്രന്ഥങ്ങൾ ഏകാദശിനാൾ പഠിക്കയും പഠിപ്പിക്കയും പതിവില്ല.

5. പ്രഭാകരൻ.

ശ്രീകൃഷ്ണവിലാസകാവ്യത്തിന്റെ കൎത്താവായ പ്രഭാകരകവിയെക്കുറിച്ചു കേട്ടിട്ടില്ലാത്തവർ സംസ്കൃതഭാഷാപരിജ്ഞാനം അല്പമെങ്കിലും സിദ്ധിച്ചിട്ടുള്ളവരിൽ ആരുമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. പ്രഭാകരകവിക്കു 'സുകുമാരൻ' എന്നൊരു പേരുകൂടി നടപ്പുണ്ട്. ഇദ്ദേഹത്തിന് ഇങ്ങിനെ രണ്ടു പേരുകളുണ്ടാവാനുള്ള കാരണമെന്താണെന്നു നിശ്ചയമില്ല. ഇദ്ദേഹം ജാതിയിൽ ബ്രാഹ്മണനായിരുന്നു എന്നാണ് കേട്ടിട്ടുള്ളത്.

പ്രഭാകരൻ അത്യന്തം ബുദ്ധിമാനും വിദ്യാഭ്യാസത്തിൽ ശ്രദ്ധയുള്ള ആളുമായിരുന്നതിനാൽ അദ്ദേഹത്തിന്റെ ഗുരുനാഥന് അദ്ദേഹത്തെക്കുറിച്ചു മനസ്സിൽ സീമാതീതമായ സ്നേഹവും വാത്സല്യവുമുണ്ടായിരുന്നു. എങ്കിലും ഗുരുനാഥൻ സദാനേരവും പ്രഭാകരനെ അധികാധിക്ഷേപ

യി അടിക്കുകയും ശകാരിക്കുകയും ചെയ്തുകൊണ്ടിരുന്നു. പ്രഭാകരന്റെ സഹപാഠികളായിട്ട വേറെയും പല ബാലന്മാരുണ്ടായിരുന്നു. അവർക്കും പ്രഭാകരനോളം ബുദ്ധിയും പഠിത്തത്തിൽ ശ്രദ്ധയുമുണ്ടായിരുന്നില്ല. എന്നാലും അവരെ ആരെയും ഗുരുനാഥൻ ഇതുപോലെ അടിക്കുകയും ശകാരിക്കുകയും പതിവില്ല. അവക്കൊക്കെ ഗുരുനാഥൻ ഒരു ശ്ലോകത്തിന്റെയൊ ഒരു പദത്തിന്റെയൊ അത്ഥം നൂറു പ്രാവശ്യം വേണമെങ്കിലും പറഞ്ഞുകൊടുക്കും. പ്രഭാകരൻ പഠിക്കുന്നതിന്റെ അത്ഥമെല്ലാം തന്നെത്താൻ വിചാരിച്ചു പറയണം. അഥവാ ഗുരുനാഥൻ പറഞ്ഞുകൊടുക്കുകയാണെങ്കിലും ഒരു പ്രാവശ്യമല്ലാതെ പതിവില്ല. അതികഠിനമായ ഒരു ശ്ലോകത്തിന്റെ ഭാവാത്ഥം പോലും ഒരു പ്രാവശ്യം പറഞ്ഞുകൊടുത്താൽ പ്രഭാകരൻ മനസ്സിലാക്കിക്കൊള്ളും. പിന്നെ അതൊരിക്കലും മറക്കുകയുമില്ല. എങ്കിലും പ്രഭാകരൻ ശുദ്ധമേ വിഡ്ഢിയാണെന്നും പഠിത്തത്തിൽ ജാഗ്രത വളരെക്കുറവാണെന്നുമല്ലാതെ ഗുരുനാഥൻ ഒരിക്കലും പറയുക പതിവില്ല. സദാനേരവും കോപഭാവമല്ലാതെ ആ ഗുരുനാഥൻ പ്രഭാകരന്റെ നേരെ സന്തോഷഭാവം ഒരിക്കലും പ്രകാശിപ്പിക്കാറില്ല. ഗുരുനാഥന്റെ ഈ ക്രൂരതയെക്കുറിച്ചു പ്രഭാകരനു വളരെ മനസ്താപമുണ്ടായി. എങ്കിലും അതൊന്നും പുറത്തു പ്രകാശിപ്പിക്കാതെ വിനയാദരഭക്തിപുരസ്സരം പഠിച്ചുംകൊണ്ടിരുന്നു. കാലക്രമേണ അദ്ദേഹം കാവ്യനാടകാലങ്കാരങ്ങളിലും വേദശാസ്ത്രപുരാണേതിഹാസങ്ങളിലും അനിതരസാധാരണമായ പാണ്ഡിത്യത്തെ ലഭിച്ചു. എങ്കിലും വിദ്യാഭ്യാസം മതിയാക്കുന്നതിന് അദ്ദേഹത്തിനും ഗുരുനാഥനും മനസ്സായില്ല. അതിനാൽ അദ്ദേഹം വീണ്ടും ഓരോരോ വക ശാസ്ത്രങ്ങളെ സശ്രദ്ധം പഠിച്ചുകൊണ്ടും ഗുരുനാഥൻ പഠിപ്പിച്ചുകൊണ്ടുമിരുന്നു. അങ്ങിനെ പ്രഭാ

Digitised By Kerala Sahitya Akademi

കരൻ ഒരു നല്ല വിദ്വാനും യൌവനയുക്തനുമായിത്തീന്നു. പിന്നെയും പ്രഭാകരന്റെ പഠിത്വത്തിനും ഗുരുനാഥന്റെ ശകാരത്തിനും അടിക്കും യാതൊരു കുറവും വന്നില്ല. പ്രഭാകരനു പഠിത്വവും പ്രായവും വൎദ്ധിക്കുന്തോറും ഗുരുനാഥന്റെ അടിയും ശകാരവും വൎദ്ധിച്ചുവന്നു.

ഒരു ദിവസം പഠിച്ചുകൊണ്ടിരിക്കുമ്പോൾ പ്രഭാകരൻ എന്തോ ഒരു സംശയം വരികയാൽ അതെങ്ങിനെയാണെന്നു ഗുരുനാഥനോടു ചോദിച്ചു. ഗുരുനാഥൻ 'എടാ ഏഭ്യ! ഇനിയും നിനക്ക് അതറിയാറായില്ലേ?' എന്നു ചോദിച്ചുകൊണ്ടു പ്രഹരിക്കാൻ തുടങ്ങി. അടികൊണ്ടു തുട പൊട്ടി രക്തം പ്രവഹിച്ചു തുടങ്ങി. പിന്നെയും ഗുരുനാഥന് അടി മതിയാക്കാനുള്ള ഭാവമില്ല. ഒടുക്കം സഹിക്ക വയ്യാതെയായപ്പോൾ പ്രഭാകരൻ ഓടിയൊളിച്ചു. അന്നു പ്രഭാകരനു സാമാന്യത്തിലധികം വേദനയും മനസ്താപവുമൊക്കെയുണ്ടായി. അതിനാൽ 'എന്തു വിധവും ഗുരുനാഥന്റെ കഥ ഇന്നു കഴിക്കണം. ഇനി ഈ ദുഷ്ടൻ ജീവിച്ചിരുന്നിട്ട് ഇങ്ങിനെ ഒരുത്തനെ അടിക്കരുത്' എന്നു നിശ്ചയിച്ചു. ഗുരുനാഥൻ സന്ധ്യാവന്ദനത്തിനു പോയ തരത്തിനു പ്രഭാകരൻ ഒരു വലിയ കരിങ്കല്ലു വലിച്ചെടുത്തുംകൊണ്ടു ഗുരുനാഥന്റെ ശയനഗൃഹത്തിന്റെ തട്ടിൻപുറത്തു കേറിയിരുന്നു. ഗുരുനാഥൻ വന്നു കിടന്ന് ഉറക്കമാകുന്ന സമയം തട്ടിന്റെ പലകയിളക്കി മാററി, കരിങ്കല്ലു ഗുരുനാഥന്റെ മാറത്തിട്ടു കൊല്ലണമെന്നായിരുന്നു പ്രഭാകരന്റെ വിചാരം.

ഗുരുനാഥൻ സന്ധ്യാവന്ദനാദി നിയമങ്ങളെല്ലാം കഴിഞ്ഞു ഗൃഹത്തിൽ വന്നപ്പോഴയ്ക്കും അത്താഴത്തിന് എല്ലാം കാലമായിരുന്നു. എങ്കിലും അദ്ദേഹം 'എനിക്കിന്നു നല്ല സുഖമില്ല. അതുകൊണ്ട് അത്താഴം വേണമെന്നു തോന്നുന്നില്ല' എന്നു പറഞ്ഞിട്ടു ശയനഗൃഹത്തിലേക്കു

Digitised By Kerala Sahitya Akademi

പോയി. അവിടെച്ചെന്നയുടനെ കട്ടിലിൽക്കേറി അത്യന്തം വിചാരമഗ്നനെന്നതുപോലെ കിടപ്പുമായി. ഗുരുനാഥൻ അത്താഴമുണ്ണാഞ്ഞതുകൊണ്ടു ഗുരുപത്നിയും ഉണ്ടില്ല. ഭർത്താക്കന്മാർ ഭക്ഷണം കഴിക്കാതെ പതിവ്രതമാർ ഭക്ഷിക്കുക പതിവില്ലല്ലോ. ഗുരുപത്നി ശയനഗൃഹത്തിൽ വന്നപ്പോൾ ഭർത്താവ് എന്തോ വലിയ മനോരാജ്യത്തോടുകൂടി ഉറങ്ങാതെ കിടക്കുന്നതു കണ്ടിട്ട് 'ഇന്നെന്താണ് അവിടേക്ക് ഒരു വലിയ മനോവിചാരമുള്ളപോലെയിരിക്കുന്നത്? അത്താഴവുമുണ്ടില്ലല്ലോ. സുഖമില്ലെന്നു പറഞ്ഞതെന്താണ്?' എന്നു ചോദിച്ചു.

ഗുരുനാഥൻ—എനിക്കു വിശേഷിച്ചു സുഖക്കേടൊന്നുമില്ല. ഞാനിന്നു നമ്മുടെ പ്രഭാകരനെ സാമാന്യത്തിലധികം അടിച്ചു. അപ്പോൾ ദേഷ്യംകൊണ്ട് അടിച്ചുപോയി. പിന്നെ അതു വിചാരിച്ചിട്ട് എനിക്കു വളരെ വ്യസനമുണ്ടായി. ആ വ്യസനം ഇപ്പോഴും എന്റെ മനസ്സിൽനിന്നു പോകുന്നില്ല. ഞാനെത്ര അടിച്ചാലും അവൻ അതെല്ലാം കൊണ്ടുംകൊണ്ട് ഇരിക്കുകയാണ് പതിവ്. ഇന്ന് അവൻ എണീററ് ഓടിപ്പൊയ്ക്കളഞ്ഞു. സഹിക്കവെയ്യാതെ വേദനയുണ്ടായതുകൊണ്ടാണ് അവൻ പോയത്. എന്റെ ക്രൂരതയെക്കുറിച്ചു വിചാരിച്ചിട്ട് എന്റെ ഹൃദയം പൊട്ടിയുന്നു. അതുകൊണ്ടാണ് ഞാൻ അത്താഴമുണ്ണാത്തത്. ഇന്ന് എനിക്ക് ഉറക്കവും വരികയില്ല. നാളെ അവനെക്കണ്ടല്ലാതെ എന്റെ മനസ്സിന്റെ അസ്വാസ്ഥ്യം തീരുകയില്ല.

ഗുരുപത്നി—ഇതു വലിയ കഷ്ടംതന്നെയാണ്. ഇതിനെക്കുറിച്ചു പറയണമെന്ന് ഞാൻ പലപ്പോഴും വിചാരിക്കാറുണ്ട്. പക്ഷെ ഞാൻ പറഞ്ഞാൽ അവിടേക്കു രസമായില്ലെങ്കിലോ എന്നു വിചാരിച്ചാണ് ക്ഷമിച്ചിരുന്നത്. പ്രഭാകരനെപ്പോലെ ബുദ്ധിയും പഠിത്തത്തിൽ

Digitised By Kerala Sahitya Akademi

ശ്രദ്ധയും ഗ്രഹണശക്തിയും ധാരണാശക്തിയും സൗശീല്യാദി ഗുണങ്ങളുമുണ്ടായിട്ട് ഇവിടെ പഠിക്കുന്ന കുട്ടികളിലെന്നല്ല, ഈ ലോകത്തിൽത്തന്നെ ആരുമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ ഇവിടെ അവനെ അടിക്കയും ശകാരിക്കയും ചെയ്യുന്നതുപോലെ മററാരേയുമില്ലതാനും. അവൻെറ ശരീരം കണ്ടാൽ പ്രഭാകരൻ എന്നും സുകുമാരൻ എന്നുമുള്ള നാമങ്ങൾ യഥാൎത്ഥങ്ങളാണെന്ന് എല്ലവരും സമ്മതിക്കും. ഇപ്രകാരം ആകൃതിക്കും പ്രകൃതിക്കും ഒന്നുപോലെ ഗുണം തികഞ്ഞിരിക്കുന്ന ഒരു ബാലനോട് ഇപ്രകാരം കഠിനത പ്രവൎത്തിക്കാമെന്ന് ഇവിടേക്കു തോന്നുന്നതെന്തുകൊണ്ടോ? കുട്ടികൾക്കു യൌവനാരംഭമായാൽ പിന്നെ അവരെ അടിക്കുകയും ശകാരിക്കുകയും ചെയ്യുന്നതുതന്നെ യുക്തമല്ല. അന്യൻെറ കുട്ടിയായാൽ പിന്നെ പറയാനുമില്ലല്ലൊ.

ഗുരുനാഥൻ— ഭവതി പറഞ്ഞതൊക്കെ വാസ്തവമാണ്. എന്നാൽ എൻെറ പ്രഭാകരനെ ഒരന്യബാലനായി ഞാൻ വിചാരിച്ചിട്ടില്ല. അവന് എത്ര പ്രായമായാലും എനിക്കവൻ എന്നും കുട്ടിതന്നെ. അവൻെറ ഗുണങ്ങളൊന്നും എനിക്ക് അറിഞ്ഞുകൂടാഞ്ഞയുമില്ല. എനിക്ക് അവനെക്കുറിച്ചു സ്നേഹവും വാത്സല്യവും ഇല്ലായ്കയുമില്ല. സത്യമായിട്ടു ഞാൻ പറയുന്നു. എനിക്ക് അവനെക്കുറിച്ചു നമ്മുടെ സീമന്തപുത്രനിലുള്ളതിലധികം സ്നേഹവും വാത്സല്യവുമുണ്ട്. എന്നാൽ അതൊന്നും ഞാൻ പുറത്തു കാണിക്കാത്തത് അവൻ നന്നായി വരണമെന്നു മാത്രം വിചാരിച്ചിട്ടാണ്. അവൻ ബുദ്ധിമാനും സമൎത്ഥനുമാണെന്നു ഞാൻ വിചാരിക്കുന്നു എന്ന് അവനറിഞ്ഞാൽ അവൻ അഹങ്കാരിയായി പോവുകയും തന്നിമിത്തം പഠിത്തത്തിൽ ജാഗ്രത കുറഞ്ഞുപോവുകയും ചെയ്യുമെങ്കിലൊ എന്നു വിചാരിച്ചു മാ

Digitised By Kerala Sahitya Akademi

ത്രമാണ് ഞാൻ അവനോടു സ്നേഹഭാവം കാണിക്കാ തെ ദുരികരുന്നത്. അല്ലാതെ മറൊന്നുംകൊണ്ടുമല്ല. ഞാൻ ശാസിക്കുന്നതിന്റെ ഗുണം ഒടുക്കം അവനിൽ കാണാറാകും. എന്റെ പ്രഭാകരൻ ലോകൈകകവി ദ്വാനായിത്തീരുമെന്നുള്ളതിനു സംശയമില്ല. ഇങ്ങിനെ ഒക്കെ ആണെങ്കിലും ഇന്നു ഞാൻ പ്രവൎത്തിച്ചതു വലി യ സാഹസമായിപ്പോയിതാനും. ഇനി ഞാൻ ഒരിക്ക ലും അവനെ ഇങ്ങിനെ വേദനപ്പെടുത്തുകയില്ല നിശ്ച യംതന്നെ. കഷ്ടം! എന്റെ പ്രഭാകരൻ ഇന്നനുഭവി ച്ച വേദനയെക്കുറിച്ചു വിചാരിച്ചിട്ട് എന്റെ ഹൃദയം പൊടിയുന്നു.

ഇപ്രകാരം ഗുരുവും ഗുരുപത്നിയുംകൂടിയുള്ള സംഭാ ഷണം കേട്ടപ്പോൾ പ്രഭാകരനു ഗുരുനാഥനെക്കുറിച്ചുണ്ടാ യ വൈരം മുഴുവനും പോയി എന്നു മാത്രവുമല്ല, അത്യന്തം ഭക്തിയും ബഹുമാനവും വൎദ്ധിക്കുകയും താൻ പ്രവൎത്തി ക്കാൻ വിചാരിച്ച കഠിനപ്രവൃത്തിയെക്കുറിച്ചു വളരെ പ ശ്ചാത്താപം ജനിക്കുകയും ചെയ്തു. 'കഷ്ടം! എന്റെ പേ രിൽ ഇത്രയും സ്നേഹവും വാത്സല്യവുമുള്ള ഗുരുനാഥനെ കൊല്ലേണമെന്നു ഞാൻ വിചാരിച്ചു പോയല്ലൊ. ഈ ശ്വര! ഈ മഹാപാപം ഇനി എന്തു ചെയ്താൽ തീരും' എന്നിങ്ങിനെ വിചാരിച്ചു വ്യസനിച്ചു കരഞ്ഞുംകൊണ്ടു പ്രഭാകരൻ താഴെ ഇറങ്ങിവന്നു ഗുരുനാഥന്റെ പാദത്തി ങ്കൽ വീണു നമസ്കരിച്ചു. ഗുരുനാഥൻ 'അയ്യോ ഇതെ ന്റെ പ്രഭാകരനല്ലേ' എന്നു പറഞ്ഞുകൊണ്ടു പെട്ടെന്നു കട്ടിലിൽനിന്നെഴുന്നേറ്റു പ്രഭാകരന്റെ തലയിൽത്തൊട്ട് അനുഗ്രഹിച്ചു, പിടിച്ചെഴുന്നേൽപ്പിച്ചു ഗാഢമായി ആ ലിംഗനം ചെയ്തു. സന്താപംകൊണ്ടോ സന്തോഷംകൊ ണ്ടോ എന്തോ രണ്ടു പേരും കണ്ണീരൊലിപ്പിച്ചുകൊണ്ടു നിശ്ചേഷ്ടന്മാരായി നിന്നതല്ലാതെ കുറച്ചു നേരത്തേക്ക് ഒ

Digitised By Kerala Sahitya Akademi

ക്ഷരംപോലും മിണ്ടുന്നതിന് അവക്ക് ശക്തിയുണ്ടായില്ല. പിന്നെ കുറഞ്ഞൊരു നേരം കഴിഞ്ഞതിൻെറശേഷം ഗുരുനാഥൻ 'പ്രഭാകരൻ എൻെറ അടിയുടെ ദുസ്സഹത്വംകൊണ്ട് ഇവിടെ കേറി ഒളിച്ചിരിക്കുകയായിരുന്നു അല്ലേ? നീ നന്നായി വരണമെന്നുള്ള ആഗ്രഹംകൊണ്ടും പ്രായാധിക്യം നിമിത്തം കോപത്തെ അടക്കുന്നതിന് എനിക്കു ശക്തി മതിയാകാതെ വന്നതുകൊണ്ടും ഞാൻ നിന്നെ ക്രമത്തിലധികം തല്ലിപ്പോയതാണ്. എനിക്ക് ഇപ്പോഴും അതിനെക്കുറിച്ച് വളരെ പശ്ചാത്താപമുണ്ട്. നിനക്ക് എന്നോടിതുകൊണ്ടു പരിഭവമൊന്നും തോന്നരുത്. ഇനി ഞാനൊരിക്കലും നിന്നെ ഇങ്ങിനെ ഉപദ്രവിക്കുകയില്ല.

പ്രഭാകരൻ—അവിടുന്ന് ഇങ്ങിനെ പറയുകയും ഇതിനെകുറിച്ച് ലേശംപോലും വ്യസനിക്കുകയും വേണ്ട. അവിടുന്ന് ഇനിയും എത്രയടിച്ചാലും ശകാരിച്ചാലും അതൊക്കെ അനുഭവിക്കുന്നത് എനിക്കു സന്തോഷമാണ്. അടികൊണ്ടു വേദന സഹിക്കവെയ്യാതെ ആയപ്പോഴും എൻെറ മനസ്സിൽ കുറച്ചു വല്ലായ്മയുണ്ടായി. അതിനെക്കുറിച്ചുതന്നെ എനിക്കിപ്പോഴും വളരെ പശ്ചാത്താപമുണ്ട്. എൻെറ അറിവില്ലായ്മകൊണ്ടും വേദനയുടെ ദുസ്സഹത്വംകൊണ്ടും ഗുരുനാഥനെ കൊല്ലണമെന്ന് എൻെറ ഹൃദയത്തിൽ തോന്നിപ്പോയി. അതിനായിട്ടാണ് ഞാൻ ഇവിടെക്കേറി ഒളിച്ചിരുന്നത്. ഈ ബാലചാപല്യത്തെ അവിടുന്നു കൃപാപൂർവ്വം ക്ഷമിച്ച് എനിക്കു മാപ്പു തരികയും എനിക്ക് ഈ ദുർവ്വിചാരം നിമിത്തമുണ്ടായിട്ടുള്ള മഹാപാപം തീരുന്നതിന്നു ഞാനെന്തു ചെയ്താൽ മതിയാകുമെന്നു അവിടുന്നെനിക്കു പറഞ്ഞുതരികയും വേണം.

ഗുരു— പശ്ചാത്താപത്തിനേക്കാൾ വലിയതായ പ്രായശ്ചിത്തം ഒരു പാപകർമ്മത്തിനുമില്ല. നിനക്കിപ്പോഴും

ഒരതിയായ പശ്ചാത്താപമുണ്ടായിരിക്കുന്നതുകൊണ്ടു നിന്റെ സകല പാപങ്ങളും തീർന്നിരിക്കുന്നു. ഞാൻ കൃപാമൂലം നിന്റെ തെററുകളെ ക്ഷമിച്ചു മാപ്പും തന്നിരിക്കുന്നു. ഇനി ഇതിനുവേണ്ടി നീ ഒരു പ്രായശ്ചിത്തവും ചെയ്യണമെന്നില്ല.

പ്രഭാക— അതുകൊണ്ടു മതിയായില്ല. എന്റെ ഈ ദുർവ്വിചാരത്തിന് അതികഠിനമായ മഹാപാപമുണ്ട്. അതു തീരണമെങ്കിൽ അതിനു തക്കതായ എന്തെങ്കിലും പ്രായശ്ചിത്തം ചെയ്യണം. അല്ലാതെ എന്റെ മനസ്സിനു സമാധാനം വരുന്നതല്ല.

ഗുരു— എന്നാൽ നാളെ ബ്രാഹ്മണസഭയിൽ ചെന്നു ചോദിച്ചിട്ട് ഉഭയകുലപരിശുദ്ധന്മാരായി, വേദജ്ഞന്മാരായി, ശാസ്ത്രജ്ഞന്മാരായിരിക്കുന്ന ആ മഹാബ്രാഹ്മണർ വിധിക്കുന്നതുപോലെ ചെയ്യണം. അല്ലാതെ എനിക്കൊന്നും തോന്നുന്നില്ല.

ഇങ്ങിനെ പറഞ്ഞു വ്യസനിച്ചുംകൊണ്ടുതന്നെ അവർ അന്നത്തെ രാത്രി ഒരുവിധം കഴിച്ചുകൂട്ടി. അരുണോദയമായപ്പോൾ പ്രഭാകരൻ കുളിച്ചു നിത്യകർമ്മാനുഷ്ഠാനാദികൾ കഴിച്ചുംകൊണ്ടു ബ്രാഹ്മണസഭയിലെത്തി വിവരമെല്ലാം പറഞ്ഞു. ആ മഹാബ്രാഹ്മണരെല്ലാവരുംകൂടി ആലോചിച്ചു, 'ഗുരുനാഥനെ കൊല്ലണമെന്നു വിചാരിച്ചവന്റെ പാപം തീരണമെങ്കിൽ അവൻ ഉമിത്തീയിൽനിന്നു നീറി ദഹിച്ചു മരിക്കണം. അല്ലാതെ തീരുന്നതല്ല' എന്നു വിധിച്ചു. ഉടനെ പ്രഭാകരൻ വന്ന് ഒരു സ്ഥലത്തുനിന്നുകൊണ്ട് ഉമി വരുത്തി തന്റെ കഴുത്തുവരെ കൂട്ടിച്ച്, അതിന്റെ നാലു ഭാഗത്തും തീയും വെപ്പിച്ചു. എന്തെങ്കിലും എന്റെ ഈ ജന്മം ഇങ്ങിനെയായി. എന്റെ പേരു ഭൂലോകത്തിൽ എന്നും നിലനിൽക്കുന്നതിനും ഭഗവൽസ്തുതിയോടുകൂടി മരിക്കുന്നതിനുമായിട്ട് ഇപ്പോൾ ഒരു കാവ്യ

Digitised By Kerala Sahitya Akademi

മുണ്ടാക്കണം' എന്നു നിശ്ചയിച്ച് പ്രഭാകരൻ രാവിലെ നിന്നുകൊണ്ട് ഒരു കാവ്യമുണ്ടാക്കി ചൊല്ലിത്തുടങ്ങി. അദ്ദേഹത്തിൻെറ സഹപാഠികൾ അതു കേട്ട് എഴുതാനും തുടങ്ങി. അങ്ങിനെ മഹാനായ ആ പ്രഭാകരകവി ഉമിത്തീയിൽനിന്നു ദഹിച്ചുകൊണ്ടുണ്ടാക്കിയതാണ് സാക്ഷാൽ 'ശ്രീകൃഷ്ണവിലാസം' കാവ്യം. പ്രഭാകരൻെറ ഈ ചരിത്രം ഗുരുശിഷ്യഭാവത്തോടുകൂടി വർത്തിക്കുന്നവരായ സകല ജനങ്ങളും സദാ ഓർത്തു പ്രവർത്തിക്കുന്നതായിരുന്നാൽ വളരെ ഗുണം സിദ്ധിക്കാനുണ്ടെന്നുള്ളതു പറയേണ്ടതില്ലല്ലോ.

പ്രഭാകരൻ അങ്ങിനെ ശ്രീകൃഷ്ണവിലാസമുണ്ടാക്കി പന്ത്രണ്ടാം സർഗ്ഗം മുഴുവനാകുന്നതിനു മുമ്പേ അദ്ദേഹത്തിൻെറ ദേഹം മുഴുവനും ദഹിച്ചുപോയതിനാൽ അതു മുഴുവനാക്കാൻ കഴിഞ്ഞില്ല. പന്ത്രണ്ടാം സർഗ്ഗത്തിലെ ഒരു ശ്ലോകത്തിൽ 'പശ്യപ്രിയേ! കൊങ്കണാ' ഇത്രയും പറഞ്ഞപ്പോഴയ്ക്കും അഗ്നി അദ്ദേഹത്തിൻെറ തൊണ്ടയിൽ പിടികൂടിപ്പോയതിനാൽ ആ ശ്ലോകംതന്നെ മുഴുവനാക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. അങ്ങിനെ അതിയോഗ്യനായിരുന്ന പ്രഭാകരൻ ഭസ്മാവശേഷനായിത്തീരുകയും ചെയ്തു.

അനന്തരം കവികുലശിരോമണിയായ സാക്ഷാൽ കാളിദാസൻ പ്രഭാകരൻെറ ശ്രീകൃഷ്ണവിലാസകാവ്യം വായിച്ചു കേട്ടിട്ട് അതു മുഴുവനാക്കണമെന്നു നിശ്ചയിച്ചു. 'പശ്യപ്രിയേ! കൊങ്കണ' എന്നുള്ളതിൻെറശേഷമായി 'ഭൂമിഭാഗാൻ' എന്ന് എഴുതിയപ്പോഴയ്ക്കും 'പട്ടുതലിനോടുകൂടി വാഴനാര് എച്ചുകെട്ടാൻ പുറപ്പെട്ടേണ്ട' എന്നൊരു അശരീരിവാക്കുണ്ടായി. അതിനാൽ കാളിദാസനും പിന്നെ അതിൻെറശേഷം മുഴുവനാക്കാൻ ശ്രമിച്ചില്ല. ശ്രീകൃഷ്ണവിലാസകാവ്യത്തിൻെറ ഗുണം എത്രമാത്രമുണ്ടെന്ന് ഇതിൽനിന്ന് ഊഹിക്കാവുന്നതാണല്ലോ.

Digitised By Kerala Sahitya Akademi

ഈ അശരീരിവാക്കു കേട്ടപ്പോൾ കാളിദാസരുടെ മനസ്സിൽ കുറച്ച് അസൂയയും കോപവും വാശിയും തോന്നി 'എന്നാൽ ഇതിനോട്ടുകൂടി ഞാനൊന്ന് എഴുച്ചുകെട്ടാൻ പോകുന്നില്ല. ഇതുപോലെ വേറെ ഒന്നുണ്ടാക്കാമോ എന്നു ഞാനും നോക്കാം' എന്നും പറഞ്ഞാണ് കാളിദാസർ 'കുമാരസംഭവം' കാവ്യം ഉണ്ടാക്കിയത്. 'അസ്തി ശ്രിയസ്സത്യമസുമേരുനാമാ' എന്നാണല്ലോ പ്രഭാകരൻ ശ്രീകൃഷ്ണവിലാസത്തിന്റെ ആദ്യം തുടങ്ങിയിരിക്കുന്നത്. അതിനു പകരമായിട്ടാണ് കാളിദാസർ തന്റെ കുമാരസംഭവകാവ്യത്തിന്റെ ആദ്യത്തിൽ 'അസ്ത്യുത്തരസ്യാം ദിശി ദേവതാത്മാ ഹിമാലയോ നാമ നഗാധിരാജഃ' എന്നു തുടങ്ങിയിരിക്കുന്നത്, എന്നാൽ ഈ സംഗതിയിൽ ചില പക്ഷാന്തരങ്ങളും ഇല്ലെന്നില്ല.

———o———

6. പാതായിക്കരെ നമ്പൂരിമാർ.

പാതായിക്കര എന്ന ഇല്ലം അങ്ങാടിപ്പുറംദേശത്താണ്. ഈ ഇല്ലത്ത് ഒരു കാലത്ത് അതിശക്തന്മാരും ജ്യേഷ്ഠാനുജന്മാരുമായി രണ്ടു നമ്പൂരിമാരുണ്ടായിരുന്നു. ഇവർക്കു പ്രതിദിനം രണ്ടുനേരവും ഭക്ഷണത്തിന് ഓരോ പന്തിരുന്നാഴി (പന്ത്രണ്ടേകാലിടങ്ങഴി അരി) വീതമായിരുന്നു പതിവ്. ഇവർ കൂട്ടാനും മോരുംകൂട്ടി ഊണുകഴിക്കുക പതിവില്ലായിരുന്നു. അതിനു പകരം തേങ്ങാപ്പാലാണ് അവർ കൂട്ടിവന്നത്. ജ്യേഷ്ഠനും അനുജനും പന്ത്രണ്ടേകാൽ വീതവും ജ്യേഷ്ഠന്റെ അന്തർജ്ജനത്തിനു മുന്നാഴിയും ഇങ്ങനെ ഇരുപത്തേഞ്ചകാലിടങ്ങഴി അരി ഒരു അന്തർജ്ജനം വെച്ചു വാർത്ത് അതിൽനിന്നു തനിക്കുള്ള മുന്നാഴിയരിയുടെ ചോ-

Digitised By Kerala Sahitya Akademi

റെട്ടത്തുകൊണ്ടു രേപ്പമുള്ളത് പറ്റ്യാറി രണ്ടുപേക്കും വിളമ്പിക്കൊറ്റുകകളും രണ്ടുപേരുടേയും ഇടത്തുവശത്തു പൊളിക്കാത്ത പന്ത്രണ്ടു തേങ്ങാവീതം കൊണ്ടുചെന്നു വെക്കുകയും ചെയ്യും. അങ്ങിനെയായിരുന്നു അവിടുത്തെ പതിവ്. നമ്പൂരിമാർ വന്നിരുന്ന് ഇടത്തു കൈകൊണ്ട് ഓരോ തേങ്ങായെടുത്തു പിഴിഞ്ഞുകൂട്ടി ഊണുകഴിക്കും. ആ ചോറവസാനിക്കുമ്പോൾ നാളികേരവും തീർന്നിരിക്കും. അന്തർജ്ജനത്തിന്റെ ഊണും അങ്ങിനെതന്നെ. അവക്കു ചോറു കുറവാകയാൽ പിഴിഞ്ഞുകൂട്ടാൻ ഒരു നാളികേരമേ പതിവുള്ളൂ. അവരും ആ ഒരു തേങ്ങാ പൊളിക്കാതെ തന്നെ ഇടത്തുകൈകൊണ്ടു പിഴിഞ്ഞുകൂട്ടിയുണ്ണുകയാണ് പതിവ്.

ഒരു ദിവസം ആ ഇല്ലത്തു പതിവുപോലെ അരിവെപ്പു കഴിഞ്ഞു നമ്പൂരിമാരുണ്ണാനിരിക്കാൻ ഭാവിച്ചപ്പോൾ സമീപസ്ഥനും ചാർച്ചക്കാരനുമായ ഒരു നമ്പൂരി ഓടിവന്ന് ഈ നമ്പൂരിമാരോട് 'ഇന്നു നമ്മുടെ ജന്മനക്ഷത്രമാണ്. നിങ്ങൾ രണ്ടുപേരും ഭക്ഷണത്തിന് ഇല്ലത്തേക്കു വരണം. ഇന്നലെത്തന്നെ ഇവിടെ ക്ഷണിക്കണമെന്നു മകനോടു പറഞ്ഞിരുന്നു. ഇതുവരെ നിങ്ങളെ കാണാഞ്ഞയാൽ ഇപ്പോൾ മകനെ വിളിച്ചു ഞാൻ ചോദിച്ചപ്പോൾ ഇവിടെ പറയാൻ അന്ധാളിച്ചുപോയിയെന്ന് അയാൾ പറഞ്ഞു. എന്നാൽ കാര്യം തെറ്റിയല്ലോ എന്നു വിചാരിച്ചു ഞാൻ പരിഭ്രമിച്ചു വരികയായിരുന്നു. ഈ അസമയത്തു വല്ലവരെയും പറഞ്ഞയച്ചാൽ നിങ്ങൾ അമാന്തിച്ചെങ്കിലോ എന്നു വിചാരിച്ചാണ് ഞാൻതന്നെ ഓടിവന്നത്. അതിനാൽ നമുക്കു വേഗത്തിൽ പോകാം. അവിടെ എല്ലാം കാലമായിരിക്കുന്നു. ഇല വെക്കാൻ നമ്മൾ ചെല്ലാത്ത താമസമേ ഉള്ളൂ" എന്നു പറഞ്ഞു. ചാർച്ചക്കാരന്റെ ഈ ക്ഷണം സ്വീകരിക്കാതെയിരിക്കുന്നതു ലൌകികത്തിനു

Digitised By Kerala Sahitya Akademi

പോരാത്തതാണല്ലോ എന്നു വിചാരിച്ചു നമ്പൂരിമാർ രണ്ടു പേരും അദ്ദേഹത്തോടുകൂടി സദ്യയ്ക്കു പോയി. ഈ വെച്ചുണ്ടാക്കിയ ചോറു വൈകുന്നേരത്തേക്കിരുന്നാൽ ആറിത്തണുത്തു ചീത്തയാകുമല്ലോ എന്നു വിചാരിച്ച് അന്തർജ്ജനം ആ രണ്ടു പന്തിരുനാഴിയും തനിക്കു പതിവുള്ള മുന്നാഴിയും കൂടി ഊണുകഴിക്കുകയും ചെയ്തു. സന്ധ്യ കഴിഞ്ഞപ്പോൾ നമ്പൂരിമാർ പതിവുപോലെ അത്താഴത്തിനു വന്നിരുന്നു. അത്താഴത്തിന് ആറിത്തണുത്ത ചോറായിരിക്കുമെന്നാണ് അവർ വിചാരിച്ചിരുന്നത്. എന്നാൽ നല്ല ചൂടുള്ള ചോറാണ് അവിടെ വിളമ്പിയിരുന്നത്. അതു കണ്ടിട്ടു മൂസ്സാമ്പൂരി 'കാലത്തെ ചോറ് എന്തു ചെയ്തു?' എന്നു ചോദിച്ചു. അപ്പോൾ അന്തർജ്ജനം 'അത് ആറിത്തണുത്തു ചീത്തയാകുമല്ലോ എന്നു വിചാരിച്ചു ഞാനുണ്ടു' എന്നു പറഞ്ഞു. അതു കേട്ടു മൂസ്സാമ്പൂരി 'അതുവ്വോ?, എന്നാൽ നല്ല ശിക്ഷയായി. ഒട്ടും തരക്കേടില്ല. നാളെ മുതൽ ഓരോ പന്തിരുനാഴികൂടി വെച്ചോളു' എന്നു പറഞ്ഞു. പിറ്റേദിവസം മുതൽ രണ്ടുനേരവും മുമ്മൂന്നു പന്തിരുനാഴി പതിവാക്കുകയും ചെയ്തു.

അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം ഈ നമ്പൂരിമാർക്ക് ഒരിടത്ത് ഒരു സദ്യയ്ക്കു ചെല്ലുന്നതിനു ക്ഷണംവന്നു. സദ്യയ്ക്കു പോകാറായപ്പോൾ മൂസ്സാമ്പൂരി അവിടെ നാലുകെട്ടിന്റെ നടുമുററത്തു കിടന്നിരുന്ന ആട്ടുകല്ലെടുത്ത് അകണത്തിന്റെ ഉത്തരത്തിന്മേൽ വെച്ചിട്ടാണ് പോയത്. അന്നു കറുത്ത വാവായിരുന്നു. വാവിൻനാൾ അവിടെ ആർക്കും അത്താഴം പതിവില്ല. എല്ലാവർക്കും വൈകുന്നേരം പലഹാരമാണ് പതിവ്. പലഹാരത്തിനും അരിയുടെ കണക്കു പതിവുപോലെ തന്നെ. മൂന്നുപേർക്കുംകൂടി മുപ്പത്താറുമുഴക്കിടങ്ങഴിയരി ആ അന്തർജ്ജനംതന്നെയാണ് ആ ആട്ടുകല്ലിലരച്ചു പലഹാരമുണ്ടാക്കുക പതിവ്.

Digitised By Kerala Sahitya Akademi

ആ ആട്ടുകല്ലിൽ പന്ത്രണ്ടേകാലിടങ്ങഴിയരിയിട്ടരച്ചാമം യിരുന്നുവെന്നു പറഞ്ഞാൽ അതിന്റെ വലിപ്പം ഏകദേശമൂഹിക്കാമല്ലോ. ആ കല്ലെടുത്തു ഉത്തരത്തിന്മേൽ വെച്ചാൽ അന്തർജ്ജനം എന്തു ചെയ്യുമെന്നറിയാമല്ലോ എന്നു വിചാരിച്ചു മൂസ്സാമ്പൂരി തന്റെ ധർമ്മപത്നിയുടെ ബലം പരീക്ഷിക്കാനായിട്ടാണ് അങ്ങിനെ ചെയ്തത്. അരി അരച്ചാറായപ്പോൾ അന്തർജ്ജനം പതിവുപോലെ അരിയും കൊണ്ടു നടുമുററത്തു ചെന്നു. അപ്പോൾ ആട്ടുകല്ല് അവിടെകാണായ്കയാൽ അവർ 'ഇതാരു കൊണ്ടുപോയി?' എന്നു വിചാരിച്ച് അവിടെയൊക്കെ നോക്കിത്തുടങ്ങി. അങ്ങിനെ നോക്കിച്ചെന്നപ്പോൾ കല്ല് ഉത്തരത്തിരിക്കുന്നതായി കണ്ടു. 'ഇതെടുത്തിവിടെ വെച്ചതാരാണ്?; മററാരുമായിരിക്കയില്ല; അവരിൽ ജ്യേഷ്ഠനോ അനുജനോ ആയിരിക്കണം. എന്തിനാണാവോ?, എന്തിനെങ്കിലുമാവട്ടെ, അരി അരക്കാതെയിരിക്കാൻ നിവൃത്തിയില്ലല്ലോ' എന്നിങ്ങിനെ വിചാരിച്ച് ആ അന്തർജ്ജനം ആ ആട്ടുകല്ലെടുത്തു താഴെവെച്ച് അരിയരക്കുകയും യഥാപൂർവ്വം മുകളിൽ തന്നെ വെക്കുകയും ചെയ്തു. നമ്പൂരിമാർ സന്ധ്യാവന്ദനാദികൾ കഴിഞ്ഞുവന്നപ്പോൾ പലഹാരം വിളമ്പിയിരിക്കുന്നതു കണ്ടു മൂസ്സാമ്പൂരി 'ഇന്നരിയരച്ചതെങ്ങിനെയാണ്?' എന്നു ചോദിച്ചു. അപ്പോൾ അന്തർജ്ജനം 'ആട്ടുകല്ലെടുത്തുതന്നെയാണ്. അത് അവിടെത്തന്നെ വെച്ചിട്ടുണ്ട്. എന്നാൽ പോരേ?' എന്നു ചോദിച്ചു. ഇതു കേട്ടു മൂസ്സാമ്പൂരി 'എന്നാൽ മതി' എന്നു പറയുകയും തന്റെ സഹധർമ്മചാരിണി തനിക്കനുരൂപതന്നെ എന്നു മനസ്സിൽ വിചാരിക്കുകയും ചെയ്തു.

ഒരിക്കൽ പാതായിക്കരെയില്ലത്തു കോഴിക്കോട്ടുകാരൻ ഒരു നമ്പൂരി വന്നിരുന്നു. അദ്ദേഹം വലിയ ശക്തിമാനും അഭ്യാസിയുമായിരുന്നു. അദ്ദേഹത്തെപ്പോലെ ശക്തിയു

Digitised By Kerala Sahitya Akademi

ണ്ടായിട്ടു ഭൂലോകത്തിലാരുമില്ലെന്നായിരുന്നു അദ്ദേഹത്തി ന്റേയും ആ നാട്ടു (കോഴിക്കോട്ടു)കാരുടേയും വിശ്വാസം. അദ്ദേഹം ദിവസംപ്രതി രണ്ടു നേരവും നാലിടങ്ങഴിയരിയു ടെ ചോറുവീതമുണ്ണുമായിരുന്നു. പാതായിക്കര നമ്പൂരി മാരുടെ സ്ഥിതി വിചാരിച്ചാൽ ഇതിലത്ഭുതപ്പെടാനൊ ന്നുമില്ലെങ്കിലും ഇതു സാധാരണമല്ലല്ലൊ. അതിനാൽ അദ്ദേഹവും ആ നാട്ടുകാരും അപ്രകാരം വിശ്വസിച്ചിരു ന്നത് ഒരു തെറ്റായി വിചാരിക്കാനില്ല. ഈ നമ്പൂരി പാതായിക്കര നമ്പൂരിമാരെക്കുറിച്ചു കേട്ടിട്ട് അവരുടെ ബലമൊന്നു പരീക്ഷിച്ചറിയണമെന്നും നിവൃത്തിയുണ്ടെ ങ്കിൽ അവരെ ജയിക്കണമെന്നും വിചാരിച്ചാണ് വന്നത്. അദ്ദേഹം വന്ന സമയം പാതായിക്കര നമ്പൂരിമാർ ഇല്ല ത്തുണ്ടായിരുന്നില്ല. അവർ എവിടെയൊ ഒരു സദ്യക്കു പോയിരിക്കുകയാണെന്നും വൈകുന്നേരം മടങ്ങിവരുമെ ന്നുമറിയുകയാൽ കോഴിക്കോട്ടുകാരൻ നമ്പൂരി, താൻ ആ നമ്പൂരിമാരെക്കാണാനായിട്ടാണ് വന്നിരിക്കുന്നതെന്നും അവർ വന്നു കണ്ടല്ലാതെ പോകുന്നില്ലെന്നും തനിക്കു ഭക്ഷ ണം കഴിക്കണമെന്നും തനിക്ക് ഒരു നേരത്തേക്കു നാലിട ങ്ങഴിയരിയുടെ ചോറാണ് പതിവെന്നും വൃഷലിമുഖാന്ത രം അകത്തറിയിച്ചു. 'ആട്ടെ അതിനു വിരോധമില്ല. കു ളി കഴിഞ്ഞുവരുമ്പോഴ്ക്കും ചോറു കൊടുക്കാം' എന്ന് അ ന്തർജ്ജനത്തിന്റെ മറുപടി കേട്ടു നമ്പൂരി കുളിക്കാൻ പോ യി. അദ്ദേഹം കുളിയും തേവാരവുമൊക്കെ കഴിഞ്ഞു വന്ന പ്പോഴ്ക്കും നാലുകെട്ടിൽ നാലിടങ്ങഴിയരിയുടെ ചോറു വിള മ്പി, ഒരു കിണ്ടി വെള്ളവും ഒരു പലകയും പൊതിക്കാത്ത നാലു നാളികേരവും അതിനടുക്കൽവെച്ചു, വടക്കിനിയി ലേക്കു കടന്നു നാലുകെട്ടിലേക്കുള്ള വാതിൽ ചാരിക്കൊ ണ്ട് 'ഇനി കടന്നിരുന്നോളാൻ പറ' എന്നു വൃഷലിയോ ടെന്ന ഭാവത്തിൽ പറഞ്ഞു. ഇതു കേട്ടു കോഴിക്കോട്ടുകാ

Digitised By Kerala Sahitya Akademi

രൻ നമ്പൂരി നാലുകെട്ടിൽക്കടന്ന് ഉണ്ണാനിരുന്നു. അവിടെ കൂട്ടാനും മോരുമൊന്നും കാണായ്കയാൽ അദ്ദേഹം 'കൂട്ടാനും മോരുമൊന്നുമില്ലായിരിക്കുമോ?' എന്ന് ആരോടുമല്ലാത്തവിധത്തിൽ ചോദിച്ചു. അതിനു മറുപടിയായി അന്തർജ്ജനം 'ഇവിടെ അതൊന്നും പതിവില്ല. ഇവിടെ എല്ലാവരും തേങ്ങാപ്പാൽ കൂട്ടിയാണ് ഊണു കഴിക്കുക പതിവ്. നാളികേരം അവിടെ വെച്ചിട്ടുണ്ടെന്നു പറഞ്ഞേക്ക്' എന്നു വൃഷലിയോടായിട്ടെന്ന വിധത്തിൽ പറഞ്ഞു. അതു കേട്ടു നമ്പൂരി 'നാളികേരം പിഴിയാതെയെങ്ങിനെയാണ് പാലുകൂട്ടിയുണ്ണുന്നത്?' എന്ന് ആത്മഗതംപോലെ പറഞ്ഞു. അപ്പോൾ ആ അന്തർജ്ജനം വടക്കിനിയുടെ വാതിൽ സ്വല്പം തുറന്ന് ഒരു പാത്രമെടുത്തു നാലുകെട്ടിലേക്കു വെച്ചിട്ടു വേറെ നാലു നാളികേരമെടുത്തു കൊണ്ടുവന്നു രണ്ടു കയ്യിലും ഓരോന്നെടുത്തു വാതിൽപ്പുറകിൽ മറഞ്ഞുനിന്നുകൊണ്ടു കൈ നീട്ടി രണ്ടു പ്രാവശ്യമായി ആ പാത്രത്തിലേക്കു മാമ്പഴം പിഴിയുന്നതുപോലെ പിഴിഞ്ഞു കൊടുത്തു. അതു കണ്ടു കോഴിക്കോട്ടുകാരനു വളരെ വിസ്മയവും ഭയവുമുണ്ടായി. പൊതിക്കാത്ത തേങ്ങയെടുത്ത് ഈ അന്തർജ്ജനം പിഴിഞ്ഞിട്ട് അതിന്റെ ചിരട്ടയും ചകിരിയും പഞ്ഞിപോലെയാവുകയും പാൽ മുഴുവനും പുറത്തു വരികയും ചെയ്തു. ഈ സ്ഥിതിക്ക് ആ നമ്പൂരിമാർ എത്ര മാത്രം ശക്തന്മാരായിരിക്കും. ഞാനവരെ ജയിക്കാൻ ശക്തനല്ല; തീർച്ചതന്നെ. ക്ഷണത്തിൽ ഇവിടെനിന്നു പോകണം; അതാണ് നല്ലത്' എന്നിങ്ങിനെ വിചാരിച്ച് അദ്ദേഹം ഒരുവിധം ഊണുകഴിച്ചുവെന്നു വരുത്തി, അവിടെനിന്നു പോവുകയും ചെയ്തു.

പാതായിക്കരെനമ്പൂരിമാരുടെ ഇല്ലത്തിനു സമീപം ഒരു ക്ഷേത്രമുണ്ട്. അവിടെ ഈ നമ്പൂരിമാർ എല്ലാദ്ദിവസവും രാവിലെ ചെന്നു തൊഴുതുപോരിക പതിവായിരു

Digitised By Kerala Sahitya Akademi

ന്നു. ആ പതിവിൻപ്രകാരം മൂസ്സാമ്പൂരി നേരത്തെ കുളിയും തേവാരവും കഴിഞ്ഞു തൊഴാൻ പോയി. അനുജൻനമ്പൂരി കുറച്ചുകൂടി കഴിഞ്ഞിട്ടാണ് തൊഴാൻ പോയത്. പാതായിക്കരയില്ലത്തുനിന്നിറങ്ങിയാൽ അമ്പലത്തിൽ ചെല്ലുന്നതിനിടയ്ക്കു കുറേയിട ഒരിടവഴിയാണ്. ഇളയനമ്പൂരി ആ ഇടവഴിയിലെത്തിയപ്പോഴും ആ വഴിയിൽക്കൂടി ഒരു വലിയ ആന വരുന്നുണ്ടായിരുന്നു. അന്നു ക്ഷേത്രത്തിൽ ഉത്സവമായിരുന്നതിനാൽ ശീവേലി കഴിഞ്ഞ് അതിനെ തളയ്ക്കാൻ കൊണ്ടുപോവുകയായിരുന്നു. ആ ആനയുടെ പിന്നാലെയായിട്ടു മൂസ്സാമ്പൂരിയും വരുന്നുണ്ടായിരുന്നു. എങ്കിലും വഴിയുടെ വിസ്താരക്കുറവും ആനയുടെ ദേഹപുഷ്ടിയും നിമിത്തം നമ്പൂരിമാർക്കു പരസ്പരം കാണാൻ പാടില്ലായിരുന്നു. അതിനാൽ ആനയുടെ മുൻവശത്ത് അനുജനെത്തിട്ടുണ്ടെന്നു ജ്യേഷ്ഠനും പിൻവശത്തു ജ്യേഷ്ഠനെത്തിട്ടുണ്ടെന്ന് അനുജനും അറിഞ്ഞില്ല. പാതായിക്കര നമ്പൂരിമാർ എവിടെപ്പോകുമ്പോഴും ആരു വന്നാലും വഴി മാറിക്കൊടുക്കുക പതിവില്ല. ആനയെ തിരിച്ചുകൊണ്ടു പോകുവാൻ തക്കവണ്ണം വഴിക്കു വിസ്താരവുമില്ല. 'പിന്നാക്കം നടത്തിക്കൊണ്ടുപോ' എന്ന് ആനക്കാരനോടു പറഞ്ഞുകൊണ്ട് അനുജൻനമ്പൂരി ആനയുടെ മസ്തകത്തിൽപ്പിടിച്ചു പുറകോട്ടു തള്ളി. അപ്പോഴും ആന പുറകോട്ടു മാറി. അതു കണ്ടു മൂസ്സാമ്പൂരി 'മുൻപോട്ടു കൊണ്ടുപോ' എന്നു പറഞ്ഞുകൊണ്ടു ആനയുടെ പിൻവശത്തു പിടിച്ചു മുൻപോട്ടു തള്ളി. അനുജൻനമ്പൂരി മുൻവശത്തു തള്ളിപ്പിടിച്ചിരുന്നതിനാൽ മൂസ്സാമ്പൂരി തള്ളിട്ട് ആന മുമ്പോട്ടു പോയില്ല. അപ്പോഴും സംശയം തോന്നുകയാൽ മൂസ്സാമ്പൂരി 'മുൻവശത്താരാണ്, അനുജനുണ്ടോ' ഇളയനമ്പൂരി, 'ഉണ്ട്' എന്നു പറഞ്ഞു. അപ്പോഴും മൂസ്സാമ്പൂരി 'എന്നാൽ പിടിച്ചോളു' എന്നു പറഞ്ഞു ശക്തിയോടുകൂടി മുൻപോട്ടു

Digitised By Kerala Sahitya Akademi

തള്ളിപ്പിടിച്ചു. അനുജൻനമ്പൂരി പുറകോട്ടും തള്ളിപ്പിടിച്ചു. അപ്പോൾ ആന ആകപ്പാടെ ഒന്നു ഞെരിഞ്ഞു. ആ സമയം അവർ രണ്ടു പേരും ഒരുപോലെ ഞെക്കിപ്പിടിച്ചുകൊണ്ട് ആ ആനയെ മേൽപ്പട്ടു പൊക്കി ഒരു വശത്തുള്ള കയ്യാലയുടെ മുകളിൽക്കൂടി കയ്യാലയ്ക്കപ്പുറത്തേക്കു മറിച്ചിട്ടിട്ടു രണ്ടു പേരും അങ്ങോട്ടുമിങ്ങോട്ടും കടന്നുപോവുകയും ചെയ്തു.

ഇങ്ങിനെ പാതായിക്കരെനമ്പൂരിമാരുടെ അത്ഭുതകർമ്മങ്ങൾ പറഞ്ഞാൽ വളരെയുണ്ട്. ഇത്രയും പറഞ്ഞതുകൊണ്ടുതന്നെ അവരുടെ ശക്തി എത്രമാത്രമുണ്ടായിരുന്നുവെന്നുള്ളത് ഏകദേശം ഊഹിക്കാവുന്നതാകയാൽ അധികം വിസ്തരിക്കുന്നില്ല.

7. കാരാട്ടുനമ്പൂരി.

പണ്ടൊരിക്കൽ ഒരു ദിവസം രാവിലെ തൃശ്ശിവപേരൂർ ബ്രഹ്മസ്വംമഠത്തിൽ വേദാദ്ധ്യയനം ചെയ്തു താമസിച്ചിരുന്ന ഉണ്ണിനമ്പൂരിമാരോടുകൂടി വാദ്ധ്യാൻനമ്പൂരി വടക്കുംനാഥക്ഷേത്രത്തിൽ തൊഴാനായി ചെന്ന സമയം നടയിൽ തൂക്കിയിരുന്ന ഒരു വലിയ മണിയിന്മേൽ ഏററവും ഭയങ്കരമായ ഒരു സൎപ്പം ചുററിപ്പിണഞ്ഞിരിക്കുന്നതായി കണ്ടു. വാദ്ധ്യാൻനമ്പൂരി മുതലായവരെല്ലാം ഭയപ്പെട്ടു പിൻമാറി. അതുകണ്ട് അമ്പലത്തിൽ ജപിച്ചുകൊണ്ടിരുന്ന കാരാട്ടുനമ്പൂരി കാരണം ചോദിക്കുകയും വാദ്ധ്യാൻനമ്പൂരി വിവരം അദ്ദേഹത്തെ ഗ്രഹിപ്പിക്കുകയും ചെയ്തു. കാരാട്ടുനമ്പൂരി വലിയ വിഷവൈദ്യനായിരുന്നതിനാൽ 'അത്രേ ഉള്ളോ? അതിനു സമാധാനമുണ്ടാക്കാം' എന്നു പ

Digitised By Kerala Sahitya Akademi

റഞ്ഞുകൊണ്ട് എണീററ നടയിലേക്കു ചെന്നു. അദ്ദേഹം ഒരു മന്ത്രം ജപിച്ചു സൎപ്പത്തെ ബാധിച്ചിട്ട് അതിൻെറ വാലിന്മേൽ പിടിച്ചു വലിച്ചു. അപ്പോൾ വാൽ വളരെ നീളത്തിൽ നീണ്ടു. നമ്പൂരി സൎപ്പത്തെ ആ മണിയിന്മേൽ രണ്ടുമൂന്നു കൂടി ചുററി. എന്നിട്ടും വാലിൻെറ നീളം കുറയാതെ കൂടിക്കൂടി വന്നു. നമ്പൂരി സൎപ്പത്തിൻെറ വാലിന്മേൽപ്പിടിച്ചുകൊണ്ടു ശ്രീകോവിലിനു മൂന്നു പ്രദക്ഷിണം വെച്ചു. അപ്പോൾ സൎപ്പം നീണ്ടു ശ്രീകോവിലിനു മൂന്നു ചുററായി എങ്കിലും മണിയിന്മേൽ ചുററിയിരുന്ന ആറു ചുററും വിട്ടില്ല. എന്നാൽ ഇതിന് എത്ര നീളമുണ്ടെന്നറിയണം എന്നു നിശ്ചയിച്ചുകൊണ്ടു നമ്പൂരി സൎപ്പത്തിൻെറ വാലിന്മേൽ പിടിച്ചുകൊണ്ട് അമ്പലത്തിൽനിന്നു പുറത്തിറങ്ങി. അപ്പോൾ സൎപ്പം അത്രയും നീണ്ടു. നമ്പൂരി പിന്നെ അമ്പലത്തിനാകപ്പാടെ മൂന്നു വലത്തുവെച്ചു. അപ്പോൾ സൎപ്പത്തിൻെറ ദേഹം അമ്പലത്തിനു മൂന്നു ചുററായി. എങ്കിലും മണിയിന്മേലുണ്ടായിരുന്ന ചുററു വിടുകയോ അതിൻെറ നീളം അവസാനിക്കയോ ചെയ്തില്ല. ഇത്രയും കണ്ടപ്പോൾ നമ്പൂരിയുടെ മനസ്സിൽ കുറച്ചു ഭയം ജനിച്ചു. ഈ സൎപ്പം സാമാന്യക്കാരനല്ലെന്നും അദ്ദേഹം നിശ്ചയിച്ചു. ഉടനെ വാലിന്മേൽനിന്നു വിട്ടിട്ട് അദ്ദേഹം ഓടി വടക്കേ ചിറയിൽച്ചെന്നു ചാടി. അവിടെ വെള്ളത്തിൽ മുങ്ങിക്കിടന്നുകൊണ്ട് അദ്ദേഹം ഗരുഡനെ ധ്യാനിച്ച് ഒരു മന്ത്രം ജപിച്ചുതുടങ്ങി. ആ സമയം വടക്കുംനാഥൻെറ ശ്രീകോവിലകത്തുനിന്നു—കാരാടിനോടു മത്സരിക്കേണ്ട വാസുകീ! ഇങ്ങോട്ടുപോരു. അതാണ് നല്ലത്—എന്നൊരശരീരി വാക്കു കേൾക്കപ്പെട്ടു. ഉടനെ ആ സൎപ്പത്തെ കാണാതെയാവുകയും ചെയ്തു. ഈ അശരീരിവാക്കു ഭഗവാൻെറതന്നെയായിരുന്നുവെന്നും ആ സൎപ്പം സാക്ഷാൽ വാസുകിതന്നെയായിരുന്നുവെന്നുമുള്ളതു വിശേഷി

Digitised By Kerala Sahitya Akademi

ച്ചു പറയണമെന്നില്ലല്ലോ. നമ്പൂരി വെള്ളത്തിൽനിന്നു പൊങ്ങി കരയ്ക്കു കയറിയപ്പോഴേക്കു അദ്ദേഹത്തിന്റെ പുരോഭാഗത്തു സാക്ഷാൽ ഗരുഡൻ ആവിർഭവിച്ചു. അപ്പോഴേയ്ക്കും സർപ്പം അന്തർദ്ധാനം ചെയ്തുകളഞ്ഞതിനാൽ നമ്പൂരി ഗരുഡനെ വന്ദിച്ചു മടക്കിയയയ്ക്കുകയും ചെയ്തു.

അനന്തരം കാരാട്ടുനമ്പൂരി കുറച്ചുകൂടി വിഷവൈദ്യം പഠിക്കണമെന്നു നിശ്ചയിച്ചു പല സ്ഥലങ്ങളിൽ സഞ്ചരിച്ചു. അദ്ദേഹത്തേക്കാൾ പഠിപ്പുമുള്ളവരായി കേരളത്തിൽ ആരേയും കണ്ടു കിട്ടായ്കയാൽ അദ്ദേഹം പരദേശത്തേക്കു കടന്നു. ബദര്യാശ്രമത്തുവെച്ച് അദ്ദേഹം വിഷവൈദ്യത്തിൽ അതിനിപുണനായ ഒരു സന്ന്യാസിയെക്കണ്ടു. തനിക്കു വിഷവൈദ്യം കുറച്ചുകൂടി പഠിച്ചാൽക്കൊള്ളാമെന്നുണ്ടെന്നുള്ള വിവരം അദ്ദേഹം ആ സന്ന്യാസിയെ ഗ്രഹിപ്പിച്ചു. 'അങ്ങേക്കു വിഷവൈദ്യത്തിലെന്തെല്ലാമറിയാം' എന്നു സന്ന്യാസി ചോദിച്ചു. 'സർപ്പങ്ങളുടെയെല്ലാം വിഷമിറക്കാനറിയാം' എന്നു നമ്പൂരി പറഞ്ഞു. 'അതുവോ? എനിക്കത്ര ശരിയായി തോന്നുന്നില്ല. ആട്ടെ പോകാം' എന്നു പറഞ്ഞു സന്ന്യാസി നമ്പൂരിയെ കൂട്ടിക്കൊണ്ട് അവിടെനിന്നു പുറപ്പെട്ടു. അഞ്ചാറ ദിവസംകൊണ്ട് അവർ ഒരു വലിയ വനത്തിലെത്തി. സന്ന്യാസി നമ്പൂരിയേയുംകൊണ്ട് അവിടെ ഒരു വലിയ മരത്തിന്റെ മുകളിൽക്കയറി. നമ്പൂരിയെ സന്ന്യാസി ആ മരത്തോടുകൂട്ടിവെച്ചു മുറുക്കെ കെട്ടിയതിന്റെ ശേഷം ഒരു മരുന്നെടുത്തു കിഴക്കോട്ടു കാണിച്ചു. അപ്പോഴേക്കു ആ വനത്തിൽ കിഴക്കു ഭാഗത്തുണ്ടായിരുന്ന മൃഗങ്ങളും പക്ഷികളുമെല്ലാം പടിഞ്ഞാട്ടു പാഞ്ഞുതുടങ്ങി. 'ആന, കരടികൾ, കടുവാ, പുലി, സിംഹം' മുതലായ മൃഗങ്ങളുടെ ഓട്ടം കണ്ടു നമ്പൂരി വളരെ പരിഭ്രമിച്ചു. അങ്ങിനെ ഇരിക്കുമ്പോൾ ഒരു സർപ്പത്തിന്റെ വരവായി. ആ സർപ്പം ഒരു വലിയ കാട്ടാനയെ

Digitised By Kerala Sahitya Akademi

കൊത്തിയെടുത്തു ഫണം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് വന്നത്. ആ സർപ്പം, ഒരു പെരുമ്പാമ്പ് ഒരു ചെറുതവളയെയെന്നപോലെ നിഷ്പ്രയാസമായിട്ടാണ് ആ വലിയ കൊലകൊമ്പനെ കൊത്തിയെടുത്തിരുന്നത് എന്നു പറഞ്ഞാൽ പിന്നെ ആ സർപ്പത്തിന്റെ വലിപ്പവും ഭയങ്കരത്വവും എത്രമാത്രമുണ്ടായിരുന്നുവെന്നുള്ളതു പ്രത്യേകം വിവരിക്കണമെന്നില്ലല്ലോ. ആ സർപ്പത്തിന്റെ ഫൂൽകാരത്തിൽനിന്നു പുറപ്പെടുന്ന വിഷജ്വാലതട്ടി സമീപത്തുള്ള കാടുകളും മരങ്ങളുമെല്ലാം കരിയുന്നുണ്ടായിരുന്നു. ഇങ്ങനെ ആ സർപ്പത്തിന്റെ വരവു കണ്ടപ്പോൾ നമ്പൂരി മൂർച്ഛിച്ചുപോയി. മരത്തിന്മേൽ കൂട്ടിവെച്ചു മുറുക്കെ കെട്ടിയിരുന്നതിനാൽ താഴെ വീണില്ല എന്നേ ഉള്ളൂ. സന്ന്യാസി ഉടനെ ഒരു മരുന്നെടുത്തു പടിഞ്ഞാട്ടു കാണിച്ചു. പടിഞ്ഞാട്ടു പോയ പക്ഷിമൃഗാദികളെല്ലാം തൽക്ഷണം കിഴക്കോട്ടു പോയി. ആ കൂട്ടത്തിൽ ആ സർപ്പവും തിരിയെ മടങ്ങി. അപ്പോഴേക്കും നമ്പൂരിക്കു ബോധം വീണു. അപ്പോൾ സന്ന്യാസി 'സർപ്പങ്ങളുടെ എല്ലാം വിഷമിറക്കാമെന്ന് അങ്ങു പറഞ്ഞുവല്ലോ. ഇങ്ങനെയുള്ള സർപ്പങ്ങളുടെ വിഷമിറക്കാമോ?' എന്നു ചോദിച്ചു. 'അയ്യോ! ഇതിനു ഞാൻ ശക്തനല്ല. ഇത്ര ഭയങ്കരങ്ങളായ സർപ്പങ്ങളുണ്ടെന്നു തന്നെ ഞാൻ ധരിച്ചിരുന്നില്ല' എന്നു നമ്പൂരി പറഞ്ഞു. പിന്നെ രണ്ടുപേരും മരത്തിന്മേൽനിന്നു താഴെ ഇറങ്ങി, ബദര്യാശ്രമത്തുതന്നെ വന്നുചേർന്നു. അവിടെ വെച്ച് ആ സന്ന്യാസി വിഷവൈദ്യത്തിനു വേണ്ടുന്ന മരുന്നുകളും മന്ത്രങ്ങളുമെല്ലാം നമ്പൂരിക്ക് ഉപദേശിച്ചുകൊടുത്തു. നമ്പൂരി ആ ഉപദേശങ്ങളെല്ലാം ഗ്രഹിച്ചു സന്ന്യാസിയെ ഭക്തിപൂർവ്വം വന്ദിച്ചു യാത്ര പറഞ്ഞു തിരിയെ പോരികയും ചെയ്തു.

സ്വദേശത്തു വന്നതിന്റെശേഷം കാരാട്ടുനമ്പൂരി

Digitised By Kerala Sahitya Akademi

വിഷവൈദ്യത്തിൽ പൂർവ്വാധികം പ്രസിദ്ധനായിത്തീൎന്നു. വിഷവൈദ്യം സംബന്ധിച്ച് അദ്ദേഹം അനേകം അത്ഭുതകൎമ്മങ്ങൾ ചെയ്യുകയും അദ്ദേഹത്തിന്റെ ശിഷ്യത്വം സമ്പാദിച്ച് അനേകം പേർ ഈ വിഷയത്തിൽ യോഗ്യന്മാരായിത്തീരുകയും ചെയ്തു.

---:o:---

8. വിഡ്ഢി! കൂശ്മാണ്ഡം.

വണ്ടു കാരാട്ടുനമ്പൂരിയുടെ ശിഷ്യനായി കോഴിക്കോട്ട് ഏററവും പ്രസിദ്ധനായിട്ട് ഒരു വിഷവൈദ്യനുണ്ടായിരുന്നു. അദ്ദേഹം വിഷമിറക്കാനായി ഒരു സ്ഥലത്തും പോവുക പതിവില്ല. വിഷഭയമുണ്ടാവുന്നവരെ അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുവന്നു വിഷമിറക്കിച്ചു കൊണ്ടുപോവുകയാണ് പതിവ്. അദ്ദേഹം അതിനായിട്ടു യാതൊന്നും വാങ്ങുകയും പതിവില്ല. എങ്കിലും ജനങ്ങൾ മററു വല്ല കാരണവും പറഞ്ഞ് അദ്ദേഹത്തിനു ധാരാളം പണം കൊടുത്തുവന്നിരുന്നു. അതിനാൽ അദ്ദേഹം കാലക്രമേണ വലിയ ധനവാനായിത്തീരുകയും ചെയ്തു. അദ്ദേഹത്തിന്റെ അടുക്കൽ വിഷവൈദ്യം പഠിക്കാനായിട്ടും വളരെയാളുകൾ ചെന്നുകൊണ്ടിരുന്നു. ചെല്ലുന്നവൎക്കെല്ലാം അദ്ദേഹം ഓരോ ദിവ്യമന്ത്രങ്ങൾ ഉപദേശിച്ചയയ്ക്കുകയാണ് പതിവ്.

ആ വിഷവൈദ്യൻ താമസിച്ചിരുന്ന സ്ഥലത്തിന്റെ തെക്കേതായി ഒരു വീടുണ്ടായിരുന്നു. അവിടെ കൊച്ചുരാമൻ എന്നുപേരായി ഒരു ബാലനുമുണ്ടായിരുന്നു. ആ വീട്ടുകാർ കാലക്ഷേപത്തിനു യാതൊരു മാൎഗ്ഗവുമില്ലാതെ വളരെ കഷ്ടപ്പെട്ടാണ് നിത്യവൃത്തി കഴിച്ചുവന്നത്. അഞ്ചി

Digitised By Kerala Sahitya Akademi

നെയിരിക്കുമ്പോൾ ദാരിദ്ര്യദുഃഖം സഹിക്കവെയ്യാതെയായിട്ടു തനിക്കും വിഷവൈദ്യം പഠിക്കണമെന്ന് ഈ കൊച്ചുരാമൻ നിശ്ചയിച്ചു. അവൻ അക്ഷരജ്ഞാനം പോലുമില്ലാത്ത ഒരു വിഡ്ഢിയായിരുന്നു. അവന്റെ കഷ്ടപ്പാടു നിമിത്തം അവനു അങ്ങിനെ ഒരു മോഹം തോന്നിയെന്നുമാത്രമേ ഉള്ളു. ആ കൊച്ചുരാമൻ ഒരു ദിവസം ആ വൈദ്യന്റെ ശിഷ്യന്മാരെക്കണ്ടു വിഷവൈദ്യം പഠിക്കുന്നതെങ്ങിനെയെല്ലാമാണെന്നു ചോദിച്ചു. അതിനവർ—വിഷവൈദ്യം പഠിക്കണമെന്ന് ആഗ്രഹമുള്ളവർ ഗുരുവിന്റെ അടുക്കൽച്ചെന്നു തങ്ങളെക്കൂടെ വിഷവൈദ്യം പഠിപ്പിക്കണമെന്നു പറയണം. യഥാശക്തി വല്ലതുമൊരു ദക്ഷിണയും ചെയ്യണം. എന്നാൽ അദ്ദേഹം ഒരു മന്ത്രം ഉപദേശിച്ചുതരും. ആ മന്ത്രം ഭക്തിയോടുകൂടി അക്ഷരലക്ഷം ഉരുക്കഴിക്കണം. പിന്നെ ആ മന്ത്രംകൊണ്ടു വെള്ളമോതിയൊഴുക്കുകയൊ ഭസ്മം ജപിച്ചിടുകയൊ എന്തെങ്കിലും ചെയ്താൽ വിഷമിറങ്ങും. അങ്ങിനെയാണ് പതിവ്—എന്നു മറുപടി പറഞ്ഞു. ഇതു കേട്ടപ്പോൾ കൊച്ചുരാമനു വളരെ സന്തോഷമായി. ഇതിനു പ്രയാസമൊന്നുമില്ലല്ലൊ. എങ്കിലും തൽക്കാലമൊരു ദക്ഷിണ ചെയ്യുന്നതിനു കൈവശമൊന്നുമില്ലാതെയിരുന്നതിനാൽ അവനു വളരെ വിഷാദവുമുണ്ടായി. അവൻ നോക്കീട്ട് അതിനു യാതൊരു മാർഗ്ഗവും കണ്ടില്ല. അവരുടെ പുരപ്പുറത്ത് ഒരു കുമ്പളം കയറിപ്പടൎന്നു കിടപ്പുണ്ടായിരുന്നു; അതിന്മേലഞ്ചാറു കായുമുണ്ടായിരുന്നു. തൽക്കാലം ഗുരുവിന് ഇതുകൊണ്ടുചെന്നു കൊടുക്കാമെന്നു നിശ്ചയിച്ചു. അവൻ അന്നുതന്നെ അതെല്ലാം പറിച്ചു കെട്ടിവെച്ചു. പിറ്റെദ്ദിവസം ശിഷ്യരാരും വന്നുകൂടുന്നതിനു മുമ്പ് ഉപദേശം വാങ്ങണമെന്നു നിശ്ചയിച്ചു കൊച്ചുരാമൻ വെളുപ്പാൻകാലത്തു കുമ്പളങ്ങാച്ചുമടുമെടുത്തു വൈദ്യന്റെ ഗൃഹത്തിലെത്തി.

Digitised By Kerala Sahitya Akademi

വൈദ്യൻ ഉണർന്നെണീററു പുറത്തു വന്നപ്പോൾ കൊച്ചുരാമൻ കമ്പിളങ്ങാച്ചൂട്ട വൈദ്യൻെറ മുമ്പിൽ വെച്ചു രാണ്ടു തൊഴുതു. 'നീ എന്തിനാണ് വന്നത്?' എന്നു വൈദ്യൻ ചോദിച്ചു. 'എന്നെക്കൂടി വിഷവൈദ്യം പഠിപ്പിക്കണം' എന്നു കൊച്ചുരാമൻ പറഞ്ഞു. അതു കേട്ടു വൈദ്യൻ 'അതിനു, വിഡ്ഢി! കൂശ്മാണ്ഡം എന്തിനാണ്?' എന്നു ചോദിച്ചു. വിഷവൈദ്യം പഠിക്കാനുള്ള ധൃതിയും പരിഭ്രമവും കൊണ്ടു കൊച്ചുരാമൻ, വൈദ്യൻ പറഞ്ഞതു മുഴുവനും കേട്ടില്ല. 'വിഡ്ഢി! കൂശ്മാണ്ഡം' എന്നു മാത്രമേ അവൻ കേട്ടുള്ളു. അതു മന്ത്രമാണെന്നും അതുകൊണ്ട് ഉപദേശം കഴിഞ്ഞുവെന്നും തീർച്ചപ്പെടുത്തി അവൻ ഉത്തരമൊന്നും മിണ്ടാതെ വൈദ്യനെ ഒന്നുകൂടി തൊഴുതിട്ട് അവിടെനിന്ന് ഇറങ്ങിപ്പോവുകയും ചെയ്തു. നേരം വെളുത്തപ്പോഴെ 'വിഡ്ഢി!' എന്നു വിളിച്ചതുകൊണ്ട് അവൻ മുഷിഞ്ഞുപോയതായിരിക്കും എന്നാണ് വൈദ്യൻ വിചാരിച്ചത്. കൊച്ചുരാമന് ഒരു മുഷിച്ചിലുമുണ്ടായില്ല. എന്നു തന്നെയല്ല, മന്ത്രം ക്ഷണത്തിൽ ഉപദേശിച്ചുകൊടുത്തതിനാൽ അവനു വളരെ സന്തോഷമുണ്ടാവുകയും ചെയ്തു. അവൻ ഉടനെ അവൻെറ വീട്ടിലെത്തി, കുളിച്ചുവന്ന് ഒരു വിളക്കു കൊളുത്തിവെച്ച് അതിൻെറ മുൻപിലിരുന്നു മന്ത്രം ജപിച്ചുതുടങ്ങി. അങ്ങിനെ അക്ഷരലക്ഷം (ഈ മന്ത്രം അഞ്ചക്ഷരമുള്ളതാകയാൽ അഞ്ചു ലക്ഷം) ഉരുക്കഴിച്ചു തീർത്തു. താൻ നല്ല വിഷവൈദ്യനായിത്തീർന്നു എന്നവൻ ദൃഢമായി വിശ്വസിക്കുകയും ചെയ്തു.

സാധാരണവിഷവൈദ്യന്മാർ വിഷമിറക്കാനായി എങ്ങും പോവുക പതിവില്ലല്ലൊ. ചെന്നു കടിക്കയില്ലെന്നും ചെന്നു വിഷമിറക്കുകയില്ലെന്നും സർപ്പങ്ങളും വിഷവൈദ്യന്മാരും തമ്മിൽ സത്യം ചെയ്തിട്ടുണ്ടെന്നാണല്ലോ പറയുന്നത്. എന്നാൽ നമ്മുടെ കൊച്ചുരാമൻ അതു കേ

Digitised By Kerala Sahitya Akademi

ട്ടിട്ടില്ലായിരുന്നു. എവിടെയെങ്കിലും വിഷഭയമുണ്ടായിയെന്നു കേട്ടാൽ അപ്പോൾ കൊച്ചുരാമൻ അവിടെയെത്തുകയും മേൽപ്പറഞ്ഞ മന്ത്രംകൊണ്ടു വെള്ളമോതിയൊഴിച്ചു വിഷമിറക്കുകയും പതിവായി. ആദ്യം കുറച്ചുദിവസത്തേക്ക് അവന്റെ വിഷവൈദ്യത്തിൽ ആക്കുമത്ര വിശ്വാസമുണ്ടായിരുന്നില്ല. ക്രമേണ എല്ലാവൎക്കും അനുഭവപ്പെട്ടുതുടങ്ങുകയും വിശ്വാസം ജനിക്കുകയും ചെയ്തു. അങ്ങിനെ കുറച്ചു കഴിഞ്ഞപ്പോൾ കൊച്ചുരാമവൈദ്യനെന്നുള്ള പേരു സൎവ്വത്ര പ്രസിദ്ധമായിത്തീൎന്നു. വിഷഭയമുണ്ടാകുന്ന ദിക്കിലെല്ലാം അവനെ ആളുകൾ വന്നു വിളിച്ചുകൊണ്ടു പോയിത്തുടങ്ങി. അവന് ആ വിഷയത്തിൽ ധാരാളം പണം കിട്ടിത്തുടങ്ങുകയും ചെയ്തു. വിഷമിറക്കിയാൽ അതിനൊന്നും വാങ്ങരുതെന്നുള്ള പ്രമാണം നമ്മുടെ കൊച്ചുരാമവൈദ്യൻ അത്ര വകവെച്ചിരുന്നില്ല. ഈവിധത്തിൽ കുറച്ചു കാലം കഴിഞ്ഞപ്പോൾ അവന്റെ ദാരിദ്ര്യം തീരേ തീൎന്നുവെന്നല്ല അവൻ വലിയ സമ്പന്നനായിത്തീരുകയും ചെയ്തു. അവൻ ഒരു വലിയ വീടു പണിയിക്കുകയും വളരെ നിലവും പുരയിടങ്ങളും വീട്ടിൽ വേണ്ടുന്ന ഭരണിപാത്രങ്ങളും ആഭരണങ്ങളുമെല്ലാം സമ്പാദിക്കുകയും ചെയ്തു.

അങ്ങിനെയിരിക്കുമ്പോൾ കോഴിക്കോട്ട് അന്നു നാടുവാണിരുന്ന സാമൂതിരിപ്പാടുതമ്പുരാനു വിഷഭയമുണ്ടായി. അനേകം വിഷവൈദ്യന്മാർ പഠിച്ചപണിയെല്ലാം നോക്കീട്ടും വിഷമിറങ്ങിയില്ല. മൂന്നാം ദിവസം തമ്പുരാനെ നിലത്തിറക്കി ശവസംസ്കാരത്തിനു വേണ്ടുന്ന വട്ടങ്ങൾ കൂട്ടിത്തുടങ്ങി. അപ്പോഴാണ് അവിടെച്ചിലൎക്കു കൊച്ചുരാമവൈദ്യനെക്കുറിച്ച് ഓൎമ്മ വന്നത്. അയാളെക്കൂടി ഒന്നുവരുത്തികാണിക്കണമെന്നു ചിലർ അഭിപ്രായപ്പെട്ടു. 'ഇനി ആരേയും കാണിച്ചിട്ടു പ്രയോജനമൊന്നുമില്ല. ഇവിടെ

കഥ കഴിഞ്ഞു' എന്നു മററു ചിലരും പറഞ്ഞു. ഏതെങ്കിലും ഒടുക്കം അയാളെക്കൂടെ വരുത്തണമെന്നുതന്നെ തീൎച്ചപ്പെടുത്തി, ഒരു ഡോലി (മേനാവു)യും കൊടുത്തു ചില ഹരിക്കാരന്മാരോടു കൂടി ആളുകളെ അയച്ചു. അവർ ചെന്നു കൊച്ചുരാമവൈദ്യനെക്കണ്ടു വിവരം പറയുകയും വൈദ്യൻ ക്ഷണത്തിൽ വരികയും ചെയ്തു. വൈദ്യൻ വന്നു തമ്പുരാനെക്കണ്ടയുടനെ കോവിലകത്തു മടപ്പള്ളിക്കാരനായ കുട്ടിപ്പട്ടരെ വിളിച്ചു ക്ഷണത്തിൽ കുറച്ചു കഞ്ഞിയുണ്ടാക്കാൻ പറഞ്ഞു. അതു കേട്ട് അവിടെ കൂടിയിരുന്ന മററു വിഷവൈദ്യന്മാരെല്ലാം 'അതെന്തിനാണ്?' എന്നു ചോദിച്ചു. 'തിരുമനസ്സുകൊണ്ട് അമൃതേത്തു കഴിച്ചിട്ടു രണ്ടു മൂന്നു ദിവസമായല്ലോ. വിഷമിറങ്ങുമ്പോൾ അവിടേക്കു വളരെ ക്ഷീണവും വിശപ്പുമുണ്ടായിരിക്കും. അപ്പോൾ അവിടേക്കു കൊടുക്കാനാണ് കഞ്ഞി' എന്നു കൊച്ചുരാമവൈദ്യൻ മറുപടി പറഞ്ഞു. അതു കേട്ട് എല്ലാവരും പുച്ഛരസത്തോടു കൂടി പുഞ്ചിരിയിട്ടു. തമ്പുരാൻെറ കഥ കഴിഞ്ഞുവെന്നായിരുന്നു അവരുടെ വിശ്വാസം. അല്ലെങ്കിൽ നിലത്തിറക്കുകയില്ലല്ലോ.

കൊച്ചുരാമവൈദ്യൻ കുറച്ചു വെള്ളമെടുത്തു 'വിഡ്ഢി! കൂശ്മാണ്ഡം' എന്നു നൂറെറട്ടുരു ജപിച്ചു തമ്പുരാൻെറ മുഖത്തു തളിച്ചു. ഉടനെ തമ്പുരാൻ കണ്ണു തുറന്നു. വൈദ്യൻ പിന്നെയും ഒരു പ്രാവശ്യംകൂടി അപ്രകാരം വെള്ളം ജപിച്ചു തളിച്ചു. തമ്പുരാൻ കയ്യും കാലുമിളക്കിത്തുടങ്ങി. മൂന്നാമതും വൈദ്യൻ വെള്ളം ജപിച്ചു തളിച്ചു. ഉടനെ തമ്പുരാൻ എണീററിരുന്നു കഞ്ഞി കുടിക്കണമെന്നു കല്പിച്ചു. തൽക്ഷണം കഞ്ഞി കൊണ്ടുവരികയും തമ്പുരാൻ വയറു നിറച്ചു കഞ്ഞി അമൃതേത്തു കഴിക്കുകയും ചെയ്തു. പിന്നെ സ്വല്പം കഴിഞ്ഞു ക്ഷീണമെല്ലാം മാറിയപ്പോൾ 'വിഷമിറക്കിയതാരാണ്?' എന്നു ക

ല്ലിച്ചുചോദിച്ചു. 'ഈയിരിക്കുന്ന കൊച്ചുരാമവൈദ്യനാണ്' എന്നു സേവകന്മാരിലൊരാൾ അറിയിച്ചു. തമ്പുരാൻ സന്തോഷിച്ചു കൊച്ചുരാമവൈദ്യനു രണ്ടു കൈക്കും വീരശൃംഖലയും പതിനായിരം പവനും പത്തുകത്തു പട്ടും സമ്മാനമായി കല്പിച്ചുകൊടുക്കുകയും വൈദ്യനെ പല്ലക്കിൽക്കയററിയെടുത്തു വാദ്യഘോഷങ്ങളോടുകൂടി അയാളുടെ വീട്ടിൽക്കൊണ്ടുചെന്നാക്കുന്നതിനു കല്പിക്കുകയും ചെയ്തു. ഇതെല്ലാം കണ്ടും കേട്ടും നിന്ന മററുള്ള വിഷവൈദ്യന്മാക്കുണ്ടായ ലജ്ജയും അത്ഭുതവും എത്രമാത്രമെന്നു പറയാൻ പ്രയാസം. ആ വൈദ്യന്മാരുടെ കൂട്ടത്തിൽ നമ്മുടെ കൊച്ചുരാമവൈദ്യൻെറ ഗുരുവുമുണ്ടായിരുന്നു. പക്ഷേ അയാൾ ഇതു തൻെറ ഉപദേശംകൊണ്ടു സാധിച്ചതാണെന്നു വിചാരിച്ചില്ല. താൻ 'വിഡ്ഢി!' എന്നു വിളിച്ചതു നിമിത്തം ഇയ്യാൾ എവിടെയോ പോയി ഈ ദിവ്യത്വം വശമാക്കിവന്നതാണെന്നാണ് അയാൾ വിചാരിച്ചത്. കൊച്ചുരാമവൈദ്യൻ ആൾക്കൂട്ടം നിമിത്തം തൻെറ ഗുരുവിനെ അപ്പോൾ കണ്ടുമില്ല.

കൊച്ചുരാമവൈദ്യനെ കല്പനപ്രകാരം പല്ലക്കിൽ കയററിയെടുത്തു പട്ടാളക്കാർ മുതലായവരുടെ അകമ്പടിയോടും വാദ്യഘോഷത്തോടുംകൂടി വീട്ടിലേക്കുകൊണ്ടു പുറപ്പെട്ടു. പിന്നാലെ അസംഖ്യം ജനങ്ങളും കോവിലകത്തു കൂടിയിരുന്ന വിഷവൈദ്യന്മാരും നടന്നു. അങ്ങിനെ പോകുമ്പോൾ ഒരിക്കൽ കൊച്ചുരാമവൈദ്യൻ തിരിഞ്ഞു നോക്കിയപ്പോൾ ആ ആൾക്കൂട്ടത്തിൽ തൻെറ ഗുരുവിനേയും കണ്ടു. ഉടനെ പല്ലക്ക് ഇറക്കിവെക്കാൻ വൈദ്യൻ പറയുകയും ചുമട്ടുകാർ ഇറക്കിവെക്കുകയും ചെയ്തു. ഉടനെ കൊച്ചുരാമവൈദ്യൻ പല്ലക്കിൽനിന്ന് ഇറങ്ങി, തനിക്കു കിട്ടിയ സമ്മാനങ്ങളെല്ലാം എടുത്തു ഗുരുവിൻെറ പാദത്തുങ്കൽ കൊണ്ടുചെന്നുവെച്ചു നമസ്കരിച്ചു. ഇതു

Digitised By Kerala Sahitya Akademi

കണ്ട് അയാൾ അത്ഭുതപ്പെട്ട് ഇതിൻെറ കാരണം ചോദിച്ചു. അപ്പോൾ കൊച്ചുരാമവൈദ്യൻ—ഇതെല്ലാം അവിടുത്തെ ഉപദേശവും അനുഗ്രഹവുംകൊണ്ടു കിട്ടിയതാണ്.. ഇതിനു മുമ്പും എനിക്കു വളരെ പണവും സമ്മാനങ്ങളും അവിടുത്തെ കാരുണ്യംകൊണ്ടു കിട്ടീട്ടുണ്ട്. ഇതുവരെ അവിടെ ഒന്നും കൊണ്ടുവന്നു തരാൻ സാധിച്ചില്ല. അതിനെക്കുറിച്ചു കൃപകേടുണ്ടാകരുത്. എൻെറ പേരിലുള്ള വീഴ്ചകൾ എല്ലാം ക്ഷമിച്ച് ഇതിനെ അവിടുന്നു സ്വീകരിക്കണം— എന്നു പറഞ്ഞു.

ഗുരു—ഞാൻ നിങ്ങൾക്ക് ഒന്നും ഉപദേശിച്ചുതന്നിട്ടില്ലല്ലോ. മരിച്ചവരെ ജീവിപ്പിക്കുന്നതായ ഈ വിദ്യ നിങ്ങൾ എനിക്കുപദേശിച്ചുതരണമെന്നു ഞാൻ അപേക്ഷിക്കുന്നു.

കൊ-വൈ—എനിക്കവിടന്നുപദേശിച്ചുതന്നിട്ടുള്ള മന്ത്രമല്ലാതെ വേറെ യാതൊരു വിദ്യയുമില്ല. അതുകൊണ്ടാണ് ഞാൻ ഇതെല്ലാം സാധിക്കുന്നത്.

ഗുരു—ഏതു മന്ത്രം?

കൊ-വൈ—(ഗുരുവിൻെറ ചെവിയിൽ സ്വകാര്യമായിട്ടു) 'വിഡ്ഢി!, കുശ്മാണ്ഡം' എന്ന മന്ത്രംതന്നെ.

ഇതു കേട്ടപ്പോൾ ഗുരുവിനു വളരെ അത്ഭുതമുണ്ടാവുകയും ഗുരുത്വവും ഭക്തിയും വിശ്വാസവും തന്നെയാണ് പ്രധാനമായി വേണ്ടതെന്നും അവയുണ്ടായാൽ സകലവും സിദ്ധമാകുമെന്നും ബോധം വരികയും ചെയ്തു.

9. കുഞ്ചൻനമ്പ്യാരുടെ ഉൽഭവം.

വന്നേരിദേശക്കാരനും കേവലം നിസ്വനുമായ ഒരു നമ്പൂരി തൻെറ പെൺകിടാങ്ങളെ വിവാഹം കഴിച്ചുകൊ

Digitised By Kerala Sahitya Akademi

ട്ടുക്കുന്നതിനു നിവൃത്തിയില്ലായ്കയാൽ വല്ലവരേയും കണ്ടു യാചിച്ചു കുറെ പണം സമ്പാദിക്കണമെന്നു നിശ്ചയിച്ചു സ്വദേശത്തുനിന്നു പുറപ്പെട്ടു. അദ്ദേഹം കോഴിക്കോട്ടു, കൊച്ചി, അമ്പലപ്പുഴ, തിരുവിതാംകൂർ മുതലായ രാജ്യങ്ങളിൽ സഞ്ചരിച്ചു രാജാക്കന്മാർ, പ്രഭുക്കന്മാർ മുതലായവരെക്കണ്ടു സങ്കടം പറഞ്ഞ് അവരിൽനിന്നു കിട്ടിയ ഏതാനും പണവുംകൊണ്ട് ഒരിക്കൽ ഒരു ദിവസം മദ്ധ്യാഹ്നമായ സമയം കിള്ളികുറിശ്ശിമംഗലത്തു ചെന്നുചേൎന്നു. അദ്ദേഹം ഭക്ഷണം കഴിക്കാതെ വഴി നടന്നും വെയിലുകൊണ്ടും വളരെ ക്ഷീണിച്ചാണ് അവിടെയെത്തിയത്. ക്ഷേത്രത്തിനു പുറത്തു ചെന്നുനിന്നുകൊണ്ട് 'ഇവിടെ ഉച്ചപ്പൂജയും മററും കഴിഞ്ഞുവോ?' എന്ന് അദ്ദേഹം വിളിച്ചു ചോദിച്ചു. അതു കേട്ടു ശാന്തിക്കാരൻ നമ്പൂരി പുറത്തു വന്ന്, 'ഉച്ചപ്പൂജ കഴിഞ്ഞു. എങ്കിലും വേഗത്തിൽ കുളിച്ചുവന്നാൽ ഊണു കഴിക്കാം' എന്നു പറഞ്ഞു. ഉടനെ ഈ നമ്പൂരി കുളക്കടവിൽച്ചെന്ന് അരയിൽകെട്ടിയിരുന്ന മടിശ്ശീലയഴിച്ചു കടവിൽ വെച്ചിട്ട് ഇറങ്ങി ക്ഷണത്തിൽ കുളിയും ജപവുമെല്ലാം കഴിച്ചുനോക്കിയ സമയം മടിശ്ശീല കണ്ടില്ല. അപ്പോൾ നമ്പൂരിക്കുണ്ടായ വ്യസനം എത്രമാത്രമെന്നു പറയാൻ പ്രയാസം. ആ പണംകൊണ്ടു രണ്ടു മൂന്നു പെൺകൊടയെങ്കിലും കഴിച്ചുകൂട്ടാമെന്നായിരുന്നു അദ്ദേഹം വിചാരിച്ചിരുന്നത്. മടിശ്ശീല കാണാതെയായതിനോടുകൂടി അദ്ദേഹത്തിന്റെ വിശപ്പും ദാഹവും മാത്രമല്ല, പാതിപ്രാണനും പോയിയെന്നുതന്നെ പറയാം. അദ്ദേഹം ഓടി അമ്പലത്തിൽച്ചെന്ന് അവിടെയെല്ലാവരോടും വിവരം പറഞ്ഞു. അവരാരും കുളക്കടവിലേക്കു ചെല്ലുകതന്നെ ചെയ്തില്ലെന്നു പറഞ്ഞു. ഒടുക്കം അതെങ്ങിനെയോ പോയതുതന്നെ. തന്റെ വിധി ഇങ്ങിനെയാണ് എന്നു തീർച്ചപ്പെടുത്തിക്കൊണ്ടു നമ്പൂരി ഉ

Digitised By Kerala Sahitya Akademi

ണ്ടാൻ ചെറിയിരുന്നു. വ്യസനംകൊണ്ട് അദ്ദേഹത്തിനു ചോറിറങ്ങുന്നില്ലായിരുന്നു. എങ്കിലും വിശപ്പും ദാഹവും കലശലായിട്ടുണ്ടായിരുന്നതിനാൽ കുറെ ചോറു വാരിത്തിന്നു കുറെ വെള്ളവും കുടിച്ച് ഒരുവിധം ഊണുകഴിച്ചുവെന്നു വരുത്തിയെന്നേ പറയാനുള്ളൂ. വ്യസനവും ക്ഷീണവും നിമിത്തം നടക്കാൻ ശക്തനല്ലാതെ അദ്ദേഹം അമ്പലത്തിൽത്തന്നെ മുണ്ടും വിരിച്ചു കിടന്നു. വെയിലൊട്ടാറിയപ്പോൾ, 'ഞാനിങ്ങിനെ വ്യസനിച്ച് ഇവിടെക്കിടന്നതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്?. 'ലിഖിതമപി ലലാടേ പ്രോജ്ഝിതും കസ്സമർത്ഥഃ' എന്നു വിചാരിച്ച് ഒരുവിധം സമാധാനപ്പെട്ടുകൊണ്ട് അവിടെ നിന്നെണീററു പോവുകയും ചെയ്തു.

പിന്നെയും കുറച്ചുകാലം കഴിഞ്ഞപ്പോൾ ആ നമ്പൂരി യഥാപൂർവ്വം ദേശസഞ്ചാരത്തിനായി ഇല്ലത്തുനിന്നു പുറപ്പെട്ടു ചില സ്ഥലങ്ങളിലെല്ലാം സഞ്ചരിച്ചു ക്രമേണ അദ്ദേഹം കിള്ളികുറിശ്ശിമംഗലത്തുതന്നെ വന്നുചേർന്നു. അത് ഒരു ദിവസം വൈകുന്നേരമായിരുന്നു. കുളി കഴിഞ്ഞ് അദ്ദേഹം അമ്പലത്തിൽച്ചെന്നു ശാന്തിക്കാരനെക്കണ്ടു തനിക്കുകൂടി അത്താഴം വേണമെന്നു പറഞ്ഞു. ശാന്തിക്കാരൻ ഇദ്ദേഹത്തെക്കണ്ടപ്പോൾത്തന്നെ അറിയുകയും മുമ്പുണ്ടായ കഥ ഓർക്കുകയും ചെയ്യുകയാൽ— ഓഹോ! അത്താഴം ഇവിടെയാവാം. എനിക്കും ഇവിടെത്തന്നെയാണ് അത്താഴം. ഇന്നു മടിശ്ശീല കുളക്കടവിൽ വെച്ചു മറക്കുകയോ മറേറാ ചെയ്തുവോ? എന്നാൽ ചോറധികം വേണ്ടിവരികയില്ലല്ലോ—എന്നു പറഞ്ഞു. അതിനുത്തരമായി നമ്പൂരി, 'ഈ പ്രാവശ്യം അതിനൊന്നും തരമില്ല. ഞാൻ ഇല്ലത്തുനിന്നു പുറപ്പെട്ട് ഇത്രത്തോളമായേ ഉള്ളു. അധികമൊന്നും സഞ്ചരിക്കാനും ഒന്നും സമ്പാദിപ്പാനുമിടയായില്ല. മടിശ്ശീല വെച്ചു മറക്കുകയും മററും മടക്കത്തി

Digitised By Kerala Sahitya Akademi

ളാവാമെന്നാണ് വിചാരിച്ചിരിക്കുന്നത്' എന്നു പറയുകയും ചെയ്തു.

അത്താഴം കഴിഞ്ഞപ്പോൾ വന്നേരിക്കാരൻനമ്പൂരി 'ഇനിയൊന്നു കിടക്കണമല്ലോ. അതെവിടെയാണ് വേണ്ടത്?' എന്നു ചോദിച്ചു. 'അതിനൊക്കെ തരമാക്കാം. നമുക്കിവിടെ ഒരു കിടപ്പിന്റെ വട്ടമൊക്കെയുണ്ട്. അങ്ങോട്ടു പോകാം. അവിടെ സ്ഥലം ധാരാളമുണ്ട്' എന്നു ശാന്തിക്കാരൻനമ്പൂരി മറുപടി പറയുകയും അവർ രണ്ടു പേരും കൂടി അങ്ങോട്ടു പോവുകയും ചെയ്തു.

കിള്ളികുറിശ്ശിമംഗലത്തു ക്ഷേത്രത്തിലെ ശാന്തിക്കാരൻനമ്പൂരി തിരുവിതാംകൂറിൽ ഏറ്റുമാനൂർതാലൂക്കിൽ ച്ചേർന്ന കിടങ്ങൂർദേശത്തുള്ള ആളായിരുന്നു. അദ്ദേഹത്തിന് അവിടെ 'കലക്കത്ത്' എന്നു പ്രസിദ്ധമായ നമ്പ്യാർമഠത്തിൽ സംബന്ധമുണ്ടായിരുന്നു. അങ്ങോട്ടാണ് അവർ പോയത്. അവിടെ ചെന്നപ്പോഴേക്കും ശാന്തിക്കാരൻ നമ്പൂരിയുടെ ഭാര്യ ഇവർക്കു രണ്ടുപേർക്കും കാൽ കഴുകുന്നതിനു വെള്ളം കൊണ്ടുചെന്നു കൊടുക്കുകയും നാലുകെട്ടിൽ ഒരു വിളക്കു കൊണ്ടുവന്നു വെച്ച്, ഒരു പുല്ലുപായ വിരിച്ചുകൊടുക്കുകയും മുറുക്കാനുള്ള സാമാനങ്ങളെല്ലാം കൊണ്ടുചെന്നു തയ്യാറാക്കി വെക്കുകയും ചെയ്തു. നമ്പൂരിമാർ കാൽ കഴുകിത്തോർത്തി, പുല്ലുപായയിൽ ചെന്നിരുന്നു മുറുക്കി ഓരോ വെടികൾ പറഞ്ഞുതുടങ്ങി. അതൊക്കെക്കേട്ടു രസിച്ചുകൊണ്ടു ശാന്തിക്കാരൻനമ്പൂരിയുടെ ഭാര്യയും അടുക്കൽ ചെന്നുകൂടി. വന്നേരിക്കാരൻനമ്പൂരിയുടെ പ്രധാനപ്രസംഗവിഷയം അദ്ദേഹത്തിന്റെ കഷ്ടപ്പാടുകളും മറ്റുമായിരുന്നു. ശാന്തിക്കാരൻനമ്പൂരി പറഞ്ഞത് ആ നമ്പ്യാർമഠത്തിലെ സ്ഥിതിയെപ്പററിയും മററുമായിരുന്നു. ആ നമ്പ്യാർമഠത്തിൽ വളരെക്കാലമായി സ്ത്രീകളല്ലാതെ പുരുഷന്മാരാരുമില്ലാതെയിരിക്കുകയായിരുന്നു.

Digitised By Kerala Sahitya Akademi

ഒരാൺകുട്ടിയുണ്ടായാൽക്കൊള്ളാമെന്നു വിചാരിച്ച് അവർ വളരെ സൽകർമ്മങ്ങളൊക്കെ നടത്തിയെന്നും ഇപ്പോഴും ഓരോന്നു നടത്തിക്കൊണ്ടാണിരിക്കുന്നതെന്നും എന്നിട്ടും ഫലമൊന്നും കാണുന്നില്ലെന്നും മററും ശാന്തിക്കാരൻനമ്പൂരി പറഞ്ഞപ്പോൾ തനിക്കും പുരുഷസന്താനമൊന്നും ഉണ്ടായിട്ടില്ലെന്നും നാലഞ്ചു പെൺകിടാങ്ങളുണ്ടായിട്ടുള്ളതെന്നും അവരെ വേളികഴിച്ചുകൊടുക്കാൻ നിവൃത്തിയില്ലാഞ്ഞിട്ടാണ് താനിങ്ങിനെ കഷ്ടപ്പെട്ട് അലഞ്ഞുനടക്കുന്നതെന്നും മററും വന്നേരിക്കാരൻനമ്പൂരിയും പറഞ്ഞു. ആ കൂട്ടത്തിൽ താൻ കുളക്കടവിൽ മടിശ്ശീല വെച്ചുമറന്ന കഥയും കൂടി അദ്ദേഹം പ്രസ്താവിച്ചു. മടിശ്ശീലയുടെ കാര്യം പറഞ്ഞപ്പോൾ ശാന്തിക്കാരൻ നമ്പൂരിയുടെ ഭാര്യ അതിനെപ്പററി ചിലതെല്ലാം ചോദിക്കുകയും വന്നേരിക്കാരൻനമ്പൂരി എല്ലാം വിസ്തരിച്ചു പറഞ്ഞു കേൾപ്പിക്കുകയും ചെയ്തു. ഉടനെ ആ സ്ത്രീ അവിടെനിന്നെണീററുപോയി അറ തുറന്ന് ഒരു മടിശ്ശീലയെടുത്തുകൊണ്ടുവന്ന്, 'ഇതായിരിക്കും അവിടുത്തെ മടിശ്ശീല?' എന്നു ചോദിച്ചുകൊണ്ടു വന്നേരിക്കാരൻനമ്പൂരിയുടെ മുൻപിൽ വെച്ചു. നമ്പൂരി അതെടുത്തു നോക്കി 'ഇതുതന്നെ. ഞാൻ കെട്ടിയ കെട്ട് അഴിച്ചിട്ടു കൂടിയില്ല' എന്നു പറഞ്ഞുകൊണ്ടു മടിശ്ശീല അഴിച്ചു പണം എണ്ണിനോക്കിയപ്പോൾ ശരിയായിരുന്നു. ആ സമയം ആ നമ്പൂരിക്കുണ്ടായ സന്തോഷം എത്രമാത്രമെന്നു പറയേണ്ടതില്ലല്ലൊ. അദ്ദേഹം 'ഇതെങ്ങിനെ കിട്ടി?' എന്നു ചോദിച്ചു. അപ്പോൾ ആ സ്ത്രീ 'മുൻപൊരിക്കൽ ഒരു ദിവസം ഉച്ചയ്ക്കു ഞാൻ ശുദ്ധം മാറിപ്പോവുകയാൽ കുളിക്കാനായി കുളക്കടവിൽ ചെന്നപ്പോൾ അവിടെ കുറേച്ചാണകം കിടക്കുന്നതു കണ്ടു. കുളി കഴിഞ്ഞു പോന്നപ്പോൾ അതു കൂടി കൊണ്ടുപോരാമെന്നു വിചാരിച്ചു വാരിയെടുത്തപ്പോൾ അതിനടിയിൽ ഈ മടിശ്ശീല ഇ

Digitised By Kerala Sahitya Akademi

രുന്നിരുന്നു. ഞാനിവിടെ മെഴുക്കുവാനും ചാണകമൊക്കെ തുടച്ചുകളഞ്ഞു മടിശ്ശീല പെട്ടിയിൽ വെച്ചു സൂക്ഷിച്ചു. ആരെങ്കിലും ഉടമസ്ഥന്മാരന്വേഷിച്ചുവന്നാൽ കൊടുക്കണമെന്നും വിചാരിച്ചിരുന്നു. ഇതുവരെ ഉടമസ്ഥനെ കണ്ടില്ല. ഇപ്പോൾ ഇത് ഇവിടുത്തേതാണെന്നറിയാറിടയായതു വലിയ ഭാഗ്യമായി. ഇത് ഉടമസ്ഥനെ ഏല്പിച്ചുകൊടുക്കാനിടയാകാഞ്ഞിട്ടു ഞാൻ വളരെ വ്യസനിച്ചുകൊണ്ടിരിക്കുകയായിരുന്നു' എന്നു പറഞ്ഞു. ഇത്രയും കേട്ടപ്പോൾ സംഗതിയൊക്കെ വെളിവായി. നമ്പൂരി കുളിച്ചു ജപിച്ചുകൊണ്ടു നിന്ന സമയം അവിടെ ഒരു പശു പുല്ലു തിന്നുകൊണ്ടു നിന്നിരുന്നു. ആ പശു ഈ മടിശ്ശീലയുടെ മുകളിൽ ചാണകമിട്ടു. അതു നമ്പൂരി കണ്ടില്ല. ചാണകത്തിനടിയിൽ മടിശ്ശീലയുണ്ടായിരിക്കുമെന്നോ പശു അതിൻെറ മീതെ ചാണകമിട്ടിരിക്കുമെന്നോ അദ്ദേഹം വിചാരിച്ചുമില്ല. അദ്ദേഹം നോക്കിയതു ചാണകം കിടന്നതിൻെറ അടുക്കലൊക്കെയായിരുന്നു. ഊണു കഴിക്കാനുള്ള പരിഭ്രമംകൊണ്ടു മടിശ്ശീല വെച്ചത് എവിടെയായിരുന്നുവെന്ന് അദ്ദേഹത്തിന് അത്ര നിശ്ചയമുണ്ടായിരുന്നുമില്ല. ഈ സ്ത്രീ കുളിക്കാൻ ചെന്നതും ചാണകം വാരിക്കൊണ്ടുപോന്നതും നമ്പൂരി കുളികഴിഞ്ഞ് അമ്പലത്തിലേക്കു പോയതിൻെറ ശേഷമായിരുന്നു. ഇങ്ങിനെയൊക്കെയാണ് കാര്യം പററിയതെന്ന് അപ്പോൾ എല്ലാവക്കും മനസ്സിലായി. ഉടനെ ആ നമ്പൂരി ആ പണത്തിൽ പകുതി മാററിവെച്ചിട്ട് 'ഇതെനിക്കിപ്പോൾ വെറുതേ തന്നതുപോലെയാണിരിക്കുന്നത്. അതിനാൽ എനിക്കു പകുതി മതി. പകുതി നിനക്കുമിരിക്കട്ടെ' എന്ന് ആ സ്ത്രീയോടു പറഞ്ഞു. അപ്പോൾ ആ സ്ത്രീ 'ഞാനിതിലൊരു കാശുപോലും വാങ്ങുകയില്ല. ഞാനങ്ങിനെ ആഗ്രഹിച്ചല്ല ഇതു സൂക്ഷിച്ചുവെച്ചിരുന്നതന്നത്. അന്യൻെറ മുതൽ

Digitised By Kerala Sahitya Akademi

ല്പസ്ഥലത്തുനിന്നു കിട്ടിയാൽ അതുടമസ്ഥനെ ഏല്പിക്കുക മൎയ്യാദക്കാരുടെ ധൎമ്മമാണ്. അതിനു പ്രതിഫലം വാങ്ങുക കേവലം നീചത്വവുമാണ്. എനിക്കു വേണമെങ്കിൽ പകുതിയല്ല, മുഴുവനുംതന്നെ എടുക്കാമായിരുന്നുവല്ലോ. അതുകൊണ്ടു ഞാനവിടുത്തെ സന്തോഷവും അനുഗ്രഹവും മാത്രമേ ഇതിനു പ്രതിഫലമായി ആഗ്രഹിക്കുന്നുള്ളു' എന്നു പറഞ്ഞു. ഇതു കേട്ടു സന്തുഷ്ടമാനസനായ ആ ബ്രാഹ്മണോത്തമൻ അവിടെനിന്നെണീററു രണ്ടു കയ്യുമുയൎത്തി ആ സ്ത്രീയുടെ ശിരസ്സിൽ വെച്ചുകൊണ്ട് ആനന്ദാശ്രുക്കളോടു കൂടി സഗൽഗദം 'അടുത്തയാണ്ടിൽ ഈ കാലത്തിനു മുമ്പായി നിനക്ക് അതിയോഗ്യനായ ഒരു പുത്രനുണ്ടാകട്ടെ' എന്നു പറഞ്ഞ് അനുഗ്രഹിച്ചു. അപ്രകാരംതന്നെ ആ സ്ത്രീ അചിരേണ ഗൎഭം ധരിക്കുകയും അതികോമളാംഗനായ ഒരു പുത്രനെ പ്രസവിക്കുകയും ചെയ്തു. ആ പുത്രനാണ് കലക്കത്തു കുഞ്ചൻനമ്പ്യാരെന്നു വിശ്വവിശ്രുതനായ സരസകവികുലാഗ്രേസരനായിത്തീൎന്നതെന്നുള്ളത് ഇനി വിശേഷിച്ചു പറയണമെന്നില്ലല്ലോ.

———o———

10. വലിയപരിഷശങ്കരനാരായണച്ചാക്യാർ.

മുൻപൊരുകാലത്ത് അമ്പലപ്പുഴെ ശങ്കരനാരായണച്ചാക്യാർ എന്നു പ്രസിദ്ധനായിട്ട് ഒരു മഹാനുണ്ടായിരുന്നു. അമ്പലപ്പുഴച്ചാക്യാരെ വലിയപരിഷച്ചാക്യാരെന്നുകൂടി പറയാറുള്ളതിനാൽ ഈ മഹാനെ സാധാരണമായി വലിയപരിഷശങ്കരനാരായണച്ചാക്യാർ എന്നാണ് എല്ലാവരും പറഞ്ഞുവന്നിരുന്നത്. ആ ചാക്യാർ കൊല്ലം 1022-ാമാണ്ടു നാടുനീങ്ങിയ മഹാരാജാവു തിരുമനസ്സി

Digitised By Kerala Sahitya Akademi

ലെക്കാലത്തു തിരുവനന്തപുരത്തു ചെല്ലുകയും തിരുമനസ്സിലെ സേവകന്മാരിൽ ഒരാളും ആ തിരുമേനിയിൽനിന്നു 'കരീന്ദ്രൻ' എന്ന വിശേഷപ്പേരു ലഭിച്ച മഹാനുമായിരുന്ന കിളിമാനൂർ ചെറുണ്ണിക്കോയിത്തമ്പുരാൻ മുഖാന്തരം തിരുമനസ്സറിയിച്ചു മുഖം കാണിക്കുകയും അവിടെ തിരുവമ്പാടിമണ്ഡപത്തിൽ വെച്ചു പന്ത്രണ്ടു ദിവസത്തെ കൂത്തു നടത്തുന്നതിനു കല്പനയുണ്ടാവുകയും ചെയ്തു. കൂത്തു പ്രബന്ധം പറയുകയായിരുന്നു. ചാക്യാരുടെ വാക്കു കേൾക്കുന്നതിന് ഒരു ദിവസമെഴുന്നള്ളിയിരുന്നു. പിന്നെ എഴുന്നള്ളാതെയിരുന്നപ്പോൾ കോയിത്തമ്പുരാൻ തിരുമനസ്സിലെ അടുക്കൽ 'ചാക്യാരുടെ കൂത്ത് അവിടെയ്ക്കത്ര രസിച്ചില്ലെന്നുണ്ടോ?' എന്നു ചോദിച്ചു. അതിനു തിരുമനസ്സുകൊണ്ട്, 'എന്നില്ല. ചാക്യാർ ശ്ലോകാൎത്ഥം പിഴക്കാതെ വിസ്തരിച്ചു പറയുന്നുണ്ടല്ലോ. വാക്കിനു മാധുൎയ്യമില്ലാത്തതിനാൽ കേൾക്കാൻ സുഖം പോര എന്നേ ഉള്ളു' എന്നു മറുപടി കല്പിക്കുകയും ചെയ്തു. പന്ത്രണ്ടുദിവസത്തെ കൂത്തു കഴിഞ്ഞപ്പോൾ ചാക്യാൎക്കു പതിവുള്ള പണം കൊടുക്കാൻ കല്പിച്ചതല്ലാതെ സമ്മാനമൊന്നും കല്പിച്ചുകൊടുത്തുമില്ല. കോയിത്തമ്പുരാനോടു മേൽപ്പറഞ്ഞപ്രകാരം കല്പിച്ചത് എങ്ങിനെയോ ചാക്യാർ മനസ്സിലാക്കി. അതുകൊണ്ടും സമ്മാനമൊന്നും ലഭിക്കായ്കകൊണ്ടും ചാക്യാൎക്കു വളരെ കുണ്ഠിതമുണ്ടായി. എങ്കിലും ചാക്യാർ നിരുത്സാഹിയായിബ്ഭവിക്കാതെ ഈ തിരുമനസ്സിലെ തൃക്കയ്യിൽനിന്നു സമ്മാനം വാങ്ങുവാൻ സാധിക്കുമോ എന്നൊന്നു പരീക്ഷിച്ചു നോക്കണമെന്നു നിശ്ചയിച്ചു തിരുവനന്തപുരത്തുനിന്നു കന്യാകുമാരിക്കു പോയി. അവിടെ ഒരു സംവത്സരഭജനം നടത്തി. അതിന്റെ ശേഷം വീണ്ടും തിരുവനന്തപുരത്തു വരികയും കോയിത്തമ്പുരാനെ കാണുകയും കോയിത്തമ്പുരാൻ വിവരം തിരുമനസ്സറിയിക്കുകയും അ

Digitised By Kerala Sahitya Akademi

പ്പോഴും പന്ത്രണ്ടു ദിവസത്തെ കൂത്തു നടത്താൻ കല്പനയു ണ്ടാവുകയും ചെയ്തു. കൂത്തു തുടങ്ങി നാലഞ്ചു ദിവസമാ യിട്ടും വാക്കു കേൾക്കാൻ ഒരു ദിവസവും എഴുന്നള്ളിയില്ല. അതിനാൽ ചെറുണ്ണിക്കോയിത്തമ്പുരാൻ, 'എന്താ, ചാ ക്ക്യാരുടെ വാക്കു കേൾക്കാൻ ഇതുവരെ എഴുന്നള്ളിയില്ല ല്ലോ. ഒരു ദിവസമെങ്കിലും എഴുന്നള്ളി കേൾക്കേണ്ടതാ ണ്" എന്നു പറഞ്ഞു. അതു കേട്ടു തിരുമനസ്സുകൊണ്ട്, 'കഴിഞ്ഞ കൊല്ലം കേട്ടതാണല്ലോ' എന്നു കല്പിച്ചു. അ പ്പോൾ കോയിത്തമ്പുരാൻ 'അതുകൊണ്ടു മതിയായില്ല. കഴിഞ്ഞ കൊല്ലം കല്പിച്ചതു ചാക്ക്യാരുടെ വാക്കിനു മാധു ര്യമില്ല എന്നാണല്ലോ. ഇക്കൊല്ലം അങ്ങിനെയല്ല; വാ ക്കിന് ഇതിലധികം മാധുര്യമുണ്ടാകാൻ നിവൃത്തിയില്ലാ ത്ത നിലയിലായിട്ടുണ്ട്", എന്നറിയിച്ചു. 'എന്നാൽ നാളെ തന്നെ ഒന്നു കേട്ടുകളയാം' എന്നു കല്പിക്കുകയും ചെയ്തു.

പിറെറദ്ദിവസമെഴുന്നള്ളി ചാക്ക്യാരുടെ വാക്കു കേട്ടു വളരെ സന്തോഷിച്ചു. ഉടനെ ഒന്നാം തരത്തിൽ രണ്ടു വീരശൃംഖല വരുത്തി കൂത്തു കഴിഞ്ഞതുടനെ ചാക്ക്യാരെ കല്പിച്ചുവിളിപ്പിച്ചു തൃക്കൈകൊണ്ടുതന്നെ രണ്ടു കയ്യിന്മേ ലുമിട്ടുവിക്കുകയും 'കൂത്തു വളരെ നന്നായി. ഇത്രയും മാ ധുര്യമുള്ള വാക്കു ചാക്ക്യാന്മാർ പറഞ്ഞ് ഇതിനു മുമ്പു കേ ട്ടിട്ടില്ല. വളരെ സന്തോഷമായി' എന്നു കല്പിക്കുകയും ചെയ്തു. ആദ്യം നിശ്ചയിച്ചതു കൂടാതെ കല്പനപ്രകാരം പിന്നെ നാല്പതു ദിവസത്തെ കൂത്തുകൂടിയുണ്ടായി. എ ല്ലാ ദിവസവും എഴുന്നള്ളി വാക്കു കേൾക്കുകയും ചെയ്തു. കൂത്തു കഴിഞ്ഞു ചാക്ക്യാർ യാത്രയറിയിക്കാനായി ചെന്ന സമയവും വളരെ സന്തോഷമായി കല്പിക്കുകയും ഓണപ്പു ടവ കൊടുത്തയക്കുകയും ചെയ്തു.

അക്കാലം മുതൽ 'വലിയപരിഷശങ്കരനാരായണ ച്ചാക്ക്യാർ' എന്നുള്ള പ്രസിദ്ധി ഭൂലോകമെല്ലാം നിറഞ്ഞു.

Digitised By Kerala Sahitya Akademi

'ഇങ്ങിനെയൊരു ചാക്ക്യാർ മുമ്പുണ്ടായിട്ടുമില്ല, ഇനി ഉണ്ടാവുകയുമില്ല' എന്നു സകല ജനങ്ങളും ഒരുപോലെ പ്രശംസിച്ചു തുടങ്ങുകയും ചെയ്തു. അതു വാസ്തവവുമായിരുന്നു. വാക്കിനു മാധുര്യാദിഷൾഗുണങ്ങളുടെ തികവിൽ ഇതുപോലെയുണ്ടായിട്ട് ഒരു ചാക്ക്യാർ അതിനു മുമ്പും അതിൽപ്പിന്നെയുമുണ്ടായിട്ടില്ലെന്നുതന്നെയാണ് കേൾവി.

ഇത്രയുമായപ്പോഴയ്ക്കും വിദ്വാന്മാർക്ക് ഉണ്ടാകാത്തവയും ഉണ്ടാകരുതാത്തവയുമായ ചില ദുർഗ്ഗുണങ്ങൾ ആ ചാക്ക്യാർക്കുണ്ടായിത്തീർന്നു. അവ മറെറാന്നുമല്ല; അഹംഭാവം, പരപുച്ഛം, ദുരാഗ്രഹം ഇത്യാദികളാണ്. അതിനാൽ സാമാന്യക്കാരാരും പറഞ്ഞാലും വിളിച്ചാലും അയാൾ എങ്ങും പോകാതെയും കൂത്തു കഴിക്കാതെയുമായി. വലിയ രാജാക്കന്മാരോ പ്രഭുക്കന്മാരോ അല്ലാതെ വല്ലവരും വിളിച്ചാൽ വല്ലിടത്തുമൊക്കെപ്പോയി കൂത്തു കഴിക്കുന്നതു കുറച്ചിലാണെന്നാണ് അയാൾക്കു പ്രധാനമായിട്ടുണ്ടായ ഒരു വിചാരം.

ഇങ്ങനെയിരിക്കുമ്പോൾ മുറജപത്തിനു പോകാനായി വാദ്ധ്യാന്മാർ, വൈദികന്മാർ, വലിയ വലിയ ആഢ്യന്മാർ മുതലായി അസംഖ്യം ബ്രാഹ്മണശ്രേഷ്ഠന്മാർ ഒരു ദിവസം അമ്പലപ്പുഴെ വന്നുചേർന്നു. ശങ്കരനാരായണച്ചാക്ക്യാരുടെ വാക്കു വളരെ കേമമാണെന്നും മററും ഓരോരുത്തർ സ്തുതിക്കുന്നതല്ലാതെ ആ ചാക്ക്യാരുടെ വാക്ക് അവരാരും കേട്ടിട്ടുണ്ടായിരുന്നില്ല. അതിനാൽ അമ്പലപ്പുഴെ ചെല്ലുമ്പോൾ അതൊന്നു കേൾക്കണമെന്നു വിചാരിച്ചുപ്പെട്ടതിനാലാണ് അവിടെ വന്നുചേർന്നത്. തോണിയിൽ നിന്ന് ഇറങ്ങിയ ഉടനെ ചാക്ക്യാരെക്കണ്ടു കൂത്തിന്റെ കാര്യം ഏർപ്പാടു ചെയ്തിട്ടുവേണം മററുള്ള കാര്യങ്ങളൊക്കെ എന്നു നിശ്ചയിച്ച് ഒട്ടു വളരെ നമ്പൂരിമാർ ചാക്ക്യാരുടെ മഠത്തിലെത്തി. ചാക്ക്യാർ അവരെ യഥോചിതം ആസ

നസൽക്കാരം ചെയ്യിരുത്തീട്ട് അവർ അവിടെ ചെന്നതിന്റെ കാരണം ചോദിച്ചു. നമ്പൂരിമാർ അവരുടെ ആഗ്രഹത്തെ ചാക്യാരെ അറിയിച്ചു അപ്പോൾ ചാക്യാർ 'ഇന്ന് എനിക്കു നല്ല സുഖമില്ലാത്ത ദിവസമാണ്. നാളെയോ മറെറാ ആവാം' എന്നു പറഞ്ഞു.

നമ്പൂരിമാർ— ചാക്യാരങ്ങിനെ മടി പറയരുത്. ഞങ്ങളിത് ആഗ്രഹിച്ചു തുടങ്ങീട്ടു വളരെ നാളായി. ഏതെങ്കിലും മുറജപത്തിന് ഇങ്ങോട്ടു വരണമല്ലൊ. അപ്പോൾ ഇതും സാധിച്ചുകൊള്ളാമെന്നു ഞങ്ങൾ ഉറപ്പായി വിശ്വസിച്ചുകൊണ്ടാണ് വന്നത്. അതു ചാക്യാർ സാധിപ്പിക്കണം. അല്ലെങ്കിൽ ഞങ്ങൾക്കു വളരെ വ്യസനവും ഇച്ഛാഭംഗവുമുണ്ടാകും. ഞങ്ങൾക്ക് ഒരു സ്ഥലത്ത് ഒരു നേരത്തിലധികം താമസിക്കാവുന്നതല്ല. ചാക്യാരുടെ വാക്കു കേൾക്കാനുള്ള ആഗ്രഹാധിക്യംകൊണ്ടാണ് അത്താഴത്തിനുകൂടി ഇവിടെത്താമസിക്കാമെന്നുവെച്ചത്. അത്താഴം കഴിഞ്ഞാലുടനെ പോകാതെയിരിക്കാൻ ഞങ്ങൾക്കു നിവൃത്തിയില്ല.

ചാക്യാർ—ഇന്ന് എങ്ങിനെയായാലും സാധിക്കയില്ല. നാളെയാണെങ്കിൽ വല്ലതുമാവട്ടെ. അതുതന്നെ പ്രയാസമായിട്ടാണിരിക്കുന്നത്. എനിക്കു തീരെ സുഖമില്ല. ഒരു ജലദോഷച്ഛായയോ ഒച്ചയടപ്പോ ഏതാണ്ടാകെയുണ്ട്.

നമ്പൂരി— അതെന്തൊക്കെയായാലും കൂത്തിന്നു വേണം. അതിന്നു ചാക്യാരു യാതൊരൊഴികഴിവും പറയരുത്. ഇവിടെ വന്നിട്ടു ചാക്യാരുടെ വാക്കു കേൾക്കാതെ പോകുന്നതു ഞങ്ങൾക്കു വലിയ സങ്കടമാണ്. പണം എത്ര വേണമെങ്കിലും തരാൻ ഞങ്ങൾ തയ്യാറാണ്.

ചാക്യാ— പണത്തിന്റെ കാര്യം വിചാരിച്ചിട്ടും മററമല്ല. എനിക്കിന്നു നിവൃത്തിയില്ലാഞ്ഞിട്ടാണ്.

9 *

Digitised By Kerala Sahitya Akademi

നമ്പൂരി— അയ്യോ! ചാക്യാരങ്ങിനെ പറയരുത്. ഞങ്ങൾ പലർകൂടി അപേക്ഷിക്കുന്നതാണ്. വാദ്ധ്യാന്മാരും വൈദികന്മാരും വേറെ പല യോഗ്യന്മാരും വന്നിട്ടുണ്ട്. അവർക്കൊക്കെ ചാക്യാരുടെ വാക്കു കേട്ടാൽ കൊള്ളാമെന്നു വളരെ മോഹമുണ്ട്. അതിനാൽ ചാക്യാർ ഞങ്ങളുടെ അപേക്ഷയെ ഉപേക്ഷിക്കരുത്.

ചാക്യാ— ഇതൊരു നാശമായിട്ടു തീൎന്നല്ലൊ. എന്തു പറഞ്ഞാലും ഒഴിച്ചുപോവുകില്ലെന്നുവെച്ചാലെങ്ങിനെയാണ്? ഇന്നെനിക്കു പ്രയാസമാണെന്നു പറഞ്ഞില്ലേ? വല്ലവരും വന്നു പറഞ്ഞാലുടനെ കൂത്തു കഴിക്കാൻ ഇവിടെ തയ്യാറില്ല. എന്റെ വാക്കു കേൾക്കണമെന്നുള്ളവർ എന്റെ സൌകൎയ്യംകൂടി നോക്കണം. ഇനി ഇക്കാൎയ്യത്തെപ്പററി എന്നോടൊന്നും പറയേണ്ട. ഞാനിന്നിതിനു തയ്യാറില്ല. വേണമെങ്കിൽ നിങ്ങൾ മടക്കത്തിലിവിടെ വന്നാൽ സൌകൎയ്യമുണ്ടെങ്കിൽ അന്നാവാം.

ചാക്യാർ ഇപ്രകാരം തീൎച്ചയായി പറഞ്ഞപ്പോൾ ശുദ്ധാത്മാക്കളായ ആ ബ്രാഹ്മണശ്രേഷ്ഠന്മാൎക്കു സഹിക്കവയ്യാതെകണ്ടുള്ള വ്യസനവും ഇച്ഛാഭംഗവുമുണ്ടായിയെന്നുള്ളതു പറയേണ്ടതില്ലല്ലൊ. അവരെല്ലാവരും വലിയ ആഢ്യന്മാരും ജന്മികളുമായിരുന്നു. അവരെന്തെങ്കിലും ആരോടെങ്കിലും പറഞ്ഞാൽ സമ്മതിക്കുകയല്ലാതെ ആരും പതിവില്ല. ഇങ്ങിനെ ഒരനുഭവം അവൎക്ക് ഇദംപ്രഥമമായിട്ടായിരുന്നു. ആരോടെങ്കിലും എന്തെങ്കിലും പറയണമെങ്കിൽ ആളയച്ചു വരുത്തിപ്പറയുകയല്ലാതെ അവർ മററൊരാളുടെ അടുക്കൽ ചെന്ന് ഒരു കാൎയ്യം പറയുകതന്നെ പതിവില്ല. ചാക്യാരുടെ വാക്കു കേൾക്കാനുള്ള ആഗ്രഹാധിക്യംനിമിത്തം അവർ സ്വാഭിമാനമെല്ലാം വിട്ട് ആ ചാക്യാരുടെ ഇരിപ്പിടത്തു ചെന്നു വളരെ താഴ്മയോടുകൂടി പല വിധത്തിൽ അപേക്ഷിച്ചിട്ടും അയാൾ അതി

Digitised By Kerala Sahitya Akademi

നെക്കൈക്കൊള്ളാതെയിരുന്നതിൽ അവൎക്കു വളരെ വ്യസനമുണ്ടായത് ഒരത്ഭുതമല്ല. ചാക്യാരുടെ ധിക്കാരവചനം കേട്ടിട്ട് അവൎക്കു വ്യസനം മാത്രമല്ല, കുറേശ്ശ കോപവുമുണ്ടായി. അവരിൽ വയോവൃദ്ധനും തപോവൃദ്ധനുമായ ഒരു നമ്പൂരി വ്യസനത്തോടുകൂടി 'ഞങ്ങൾ ഇങ്ങോട്ടു മടങ്ങിവരുമ്പോളല്ലാതെ തരമാവുകയില്ല, അല്ലേ? അതു തീൎച്ചതന്നെയാണോ?' എന്നു വീണ്ടും ചോദിച്ചു. 'തീൎച്ച തന്നെ' എന്നു ചാക്യാർ മറുപടി പറഞ്ഞു. അപ്പോൾ ആ നമ്പൂരി 'ഞങ്ങൾ തിരിയേ വരുമ്പോഴയ്ക്കും നിനക്കു പറയാൻ വയ്യാതെയായിപ്പോയെങ്കിലോ?' എന്നു ചോദിച്ചു. അതിനുത്തരം പറയാനായി ചാക്യാർ 'എ' എന്നൊരക്ഷരം മാത്രം പറഞ്ഞു. അപ്പോഴയ്ക്കും നാവു തളൎന്നുപോയതിനാൽ ഒന്നും പറയാൻ വയ്യാതെയായിപ്പോയി. നമ്പൂരിമാർ അപ്പോൾത്തന്നെ കുളിയും ഊണും കഴിച്ചു തിരുവനന്തപുരത്തേക്കു പോയി. ചാക്യാർ ഒന്നും സംസാരിക്കാൻ വയ്യാതെ കേവലം മൂകനെപ്പോലെ പിന്നെയും വളരെക്കാലം ജീവിച്ചിരുന്നു പശ്ചാത്താപമനുഭവിച്ചതിന്റെ ശേഷം ചരമഗതിയെ പ്രാപിക്കുകയും ചെയ്തു.

———:o:———

11. ആഴ്വാഞ്ചേരിത്തമ്പ്രാക്കളും

മംഗലത്തു ശങ്കരനും.

ആഴ്വാഞ്ചേരിത്തമ്പ്രാക്കളുടെ ഇല്ലത്തിനു സമീപം മംഗലത്ത് എന്നൊരു നായർഭവനമുണ്ടായിരുന്നു. ആ വീട്ടിൽ ശങ്കരൻ എന്നൊരു നായരുമുണ്ടായിരുന്നു. അയാളുടെ ജോലി ആഴ്വാഞ്ചേരി മനയ്ക്കലെ കന്നുകാലിക

Digitised By Kerala Sahitya Akademi

ളെ മേയ്ക്കുകയായിരുന്നു. ആ ജോലിക്കു ശങ്കരനെ നിയമി ച്ച കാലത്തു മനയ്ക്കൽ അസംഖ്യം കന്നുകാലികളുണ്ടായി രുന്നു. ദിവസംതോറും രാവിലെ ശങ്കരൻ മനയ്ക്കൽച്ചെന്നു കന്നുകാലികളെയെല്ലാമഴിച്ചുവിട്ടു കൊണ്ടുപോയിത്തീററി നേരം വൈകുമ്പോൾ മനയ്ക്കൽകൊണ്ടു ചെന്നു തൊഴുത്തു (കൂടു) കളിലാക്കിക്കെട്ടും. അങ്ങിനെയാണ് പതിവ്. അ യാൾ കന്നുകാലികളെ അഴിച്ചുവിട്ടു കൊണ്ടുപോകു മ്പോൾ അവ പലവഴിയായി പോയിത്തുടങ്ങും. വിളി ച്ചാലും പറഞ്ഞാലുമൊന്നും അവ അനുസരിക്കുകയില്ല. ആകപ്പാടെ നൂറന്നൂററൻപതെണ്ണമുണ്ട്. അവയെയെ ല്ലാം മേയ്ക്കാൻ അയാളൊരുത്തൻ മാത്രമേ ഉള്ളൂ. അതി നാലയാൾ വളരെ വിഷമിച്ചു. അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം അയാൾ പറഞ്ഞിട്ടു കേൾക്കാതെയിരുന്നതി നാൽ ഒരു വടികൊണ്ട് ഒരു പശുവിനെ ഒന്നടിച്ചു. അ ടികൊണ്ടയുടനെ പശു അവിടെ വീണു ചത്തു. ശങ്കരൻ പശുവിൻെറ അടി കൊണ്ട ആ സ്ഥാനം നോക്കി മനസ്സി ലാക്കി. പിന്നെ പശുവായാലും കാളയായാലും പറ ഞ്ഞിട്ടു കേട്ടില്ലെങ്കിൽ അയാൾ ആ സ്ഥാനം നോക്കി ഒര ടി കൊടുക്കും. അടികൊണ്ടാലുടനെ ആ മൃഗം വീണു ചാകയും ചെയ്യും. അങ്ങിനെ പതിവായി. അങ്ങിനെ കു റച്ചുകാലം കഴിഞ്ഞപ്പോഴേയ്ക്കും കന്നുകാലികൾ മിക്കതും ചത്തൊടുങ്ങി. ശങ്കരനു ബുദ്ധിമുട്ടും വളരെ കുറഞ്ഞു.

അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം തമ്പ്രാക്കൾ തൻെറ കന്നുകാലികളെല്ലാം നന്നായിരിക്കുന്നുവോ എ ന്നു നോക്കാനായിച്ചെന്നു. തൊഴുത്തുകളിൽ നോക്കിയ പ്പോൾ അവ മിക്കവാറും ശൂന്യങ്ങളായിരിക്കുന്നതായിക്ക ണ്ടു. ഒരു തൊഴുത്തിൽ മാത്രം ഒന്നോ രണ്ടോ പശുക്കളു ണ്ടായിരുന്നു. അവയും പട്ടിണികിടന്നു ക്ഷീണിച്ച് ഏക ദേശം ചാകാറായിരുന്നു. ഉടനെ തമ്പ്രാക്കൾ ശങ്കരനെ

Digitised By Kerala Sahitya Akademi

ആഴ്വാഞ്ചേരിത്തമ്പ്രാക്കളും മംഗലത്തു ശങ്കരനും ൯൯

വിളിച്ചു 'നമ്മുടെ കന്നുകാലികളൊക്കെ എവിടെ?' എന്നു ചോദിച്ചു.

ശങ്കരൻ—അതങ്ങിനെയിരിക്കും. ആരായാലെന്താ?; കന്നുകാലികളായാലും വകതിരിവു വേണം. പറഞ്ഞാൽ കേൾക്കാഞ്ഞാലങ്ങിനെയിരിക്കും. അടിയനോട്ടു കളിച്ചാലിങ്ങിനെയാണ് തമ്പുരാനേ!

തമ്പ്രാക്കൾ—നീയെന്താണ് പറയുന്നതു ശങ്കര! എനിക്കൊന്നും മനസ്സിലാകുന്നില്ല. നമ്മുടെ കന്നുകാലികളൊക്കെയെവിടെ?

ശങ്കരൻ—അവയൊക്കെ അസത്തുക്കളും അധികപ്രസംഗികളുമായിരുന്നു തമ്പുരാനേ! പറഞ്ഞാൽ കേൾക്കുന്നതായി അതിലൊന്നുമുണ്ടായിരുന്നില്ല.

തമ്പ്രാക്കൾ—അതൊക്കെയിരിക്കട്ടെ, അവ എവിടെ?

ശങ്കരൻ—എല്ലാം ചത്തു.

തമ്പ്രാക്കൾ—അയ്യോ! അതെങ്ങിനേ?

ശങ്കരൻ—പറഞ്ഞാൽപ്പറഞ്ഞതുപോലെ കേട്ടു നില്ലാഞ്ഞിട്ട് അടിയൻ ഓരോ വീക്കു കൊടുത്തു. എല്ലാം മറിഞ്ഞുവീണു ചാവുകയും ചെയ്തു. അവയെല്ലാം അസത്തുക്കളായിരുന്നു തമ്പുരാനേ!. അങ്ങിനെയുള്ളവ നമുക്കു വേണ്ട. തെക്കോട്ടു പോകാൻ പറഞ്ഞാൽ വടക്കോട്ടു പോകും. അങ്ങിനെയുള്ളവ നമുക്കെന്തിനാണ്.

തമ്പ്രാക്കൾ—അയ്യോ! മഹാപാപി! നീ ചതിച്ചല്ലോ. മുതൽ പോയതോ പോയി. അതു വല്ലതുമാകട്ടെ. നീ ഈ മഹാപാപമെല്ലാം കെട്ടിവെച്ചല്ലോ. ഇതിൻെറ ഒരംശം നമ്മുടെ തറവാട്ടേക്കുമിരിക്കുമല്ലോ. നീയിനി എത്രകാലം നരകമനുഭവിച്ചാൽ ഈ പാപമെല്ലാം തീരും? ഇതു വലിയ കഠിനമായിപ്പോയി.

ശങ്കരൻ—അയ്യോ! അടിയനതൊന്നും വിചാരിച്ചില്ല. അടിയനതൊന്നും അറിയാനും വയ്യ. പാപമെന്നുപ

Digitised By Kerala Sahitya Akademi

റഞ്ഞാലെന്താണ് തമ്പുരാനേ! അവിടുന്നു പാപമെന്നും നരകമെന്നുമൊക്കെ അരുളിച്ചെയ്യുന്നതിന്റെ സാരം അടിയനു മനസ്സിലാകുന്നില്ല.

ശങ്കരൻ കേവലം മൃഗപ്രായനായിരുന്നുവെന്നുള്ളതു പറയണമെന്നില്ലല്ലോ. അയാൾ പാപമെന്നും പുണ്യമെന്നും നരകമെന്നും സ്വർഗ്ഗമെന്നുമൊന്നും കേട്ടിട്ടുതന്നെ ഉണ്ടായിരുന്നില്ല. അയാൾ ഒടുവിൽ പറഞ്ഞതു കേട്ടിട്ടു തമ്പ്രാക്കൾ പാപപുണ്യങ്ങളേയും നരകസ്വർഗ്ഗങ്ങളേയും മററം പററി വളരെ വിസ്തരിച്ചു പറഞ്ഞു കേൾപ്പിച്ചു. ഓരോരോ നരകങ്ങളേയും നരകാനുഭവങ്ങളുടെ കഷ്ടതകളേയും പററി തമ്പ്രാക്കൾ വിവരിച്ചുപറഞ്ഞു കേട്ടപ്പോൾ ഭയവും വ്യസനവും സഹിക്കാൻപാടില്ലാതെയായിട്ടു ശങ്കരൻ കരഞ്ഞുതുടങ്ങി. അയാൾ കേവലം മൂഢനായിരുന്നുവെങ്കിലും അയാൾക്കു തമ്പ്രാക്കളെക്കുറിച്ചു വളരെ ഭക്തിയും അവിടുത്തെ വാക്കിൽ ദൃഢമായ വിശ്വാസവുമുണ്ടായിരുന്നു. അതിനാൽ അയാൾ വ്യസനിച്ചു കരഞ്ഞു തൊഴുതുകൊണ്ടു്, 'അടിയന്റെ അറിവില്ലായ്മകൊണ്ടു് ഇങ്ങിനെ ചെയ്തുപോയി. ഇനി ഈ മഹാപാപം തീരാൻ വല്ല വഴിയുമുണ്ടോ? അടിയനെന്തു ചെയ്താൽ ഈ മഹാപാപം തീരും? അതുകൂടി അവിടുന്നരുളിച്ചെയ്യണം.

തമ്പ്രാക്കൾ—ഈ മഹാപാപം തീരാൻ ഗംഗാസ്നാനമല്ലാതെ മറെറാരു മാർഗ്ഗവുമില്ല.

ശങ്കരൻ—അതു ചെയ്താൽ ഇതു തീരുമോ?

തമ്പ്രാക്കൾ—അതു സംശയിക്കാനുണ്ടോ? കാശിയിൽപ്പോയി ഗംഗാസ്നാനവും വിശ്വനാഥദർശനവും കഴിച്ചാൽ തീരാത്ത പാപമില്ല.

ശങ്കരൻ—എന്നാൽ അടിയൻ ഇപ്പോൾത്തന്നെ യാത്രയാണ്. ഇനി ഈ പാപം തീർത്തിട്ടല്ലാതെ മറെറാരു കാര്യമില്ല.

Digitised By Kerala Sahitya Akademi

ഇപ്രകാരം പറഞ്ഞു തമ്പ്രാക്കളെ ഭക്തിപൂർവ്വം വന്ദിച്ചുകൊണ്ടു ശങ്കരൻനായർ കാശിക്കു യാത്രയായി.

അങ്ങിനെയിരിക്കുന്ന കാലത്ത് ഒരു ദിവസം കാശിവിശ്വനാഥനോട് അവിടുത്തെ വാമോത്സംഗേ വസിക്കുന്ന ദേവി ശ്രീപാർവ്വതി 'അല്ലയോ ഭഗവാനേ! ഗംഗാസ്നാനം ചെയ്യുന്നവരെല്ലാം പാപമുക്തന്മാരായി മോക്ഷത്തെ പ്രാപിക്കുമെന്നാണല്ലോ പറയുന്നത്. എന്നാലസംഖ്യം ആളുകൾ ഇവിടെ വന്നു ഗംഗാസ്നാനം കഴിച്ചു പോകുന്നുണ്ട്. ഇവർക്കൊക്കെ മോക്ഷം ലഭിക്കുമോ?

ഭഗവാൻ—ഒരിക്കലും, ഒന്നുമില്ല. ഭക്തിയും വിശ്വാസവുമാണ് പ്രധാനം. അവയുണ്ടെങ്കിലല്ലാതെ മോക്ഷപ്രാപ്തി ഉണ്ടാവുകയില്ല. അവയുള്ളവർ ഇക്കാലത്തു ചുരുക്കമാണ്. അവയില്ലാതെ ഗംഗാസ്നാനം ചെയ്തുകൊണ്ടു യാതൊരു ഫലവുമില്ല. ഇതു വേണമെങ്കിൽ നാളെ ഞാൻ ബോധപ്പെടുത്തിത്തരാം.

ഈ സംഭാഷണം നടന്നതിന്റെ പിറ്റേദിവസം രാവിലെ നമ്മുടെ ശങ്കരൻനായർ കാശിയിലെത്തി. അപ്പോൾ അസംഖ്യമാളുകൾ അവിടെ സ്നാനദാനാദികൾ ചെയ്യുന്നുണ്ടായിരുന്നു. ആ കൂട്ടത്തിൽ ശങ്കരനും സ്നാനത്തിനാരംഭിച്ചു. ആ സമയം ഭഗവാൻ വിശ്വനാഥൻ ഒരു വൃദ്ധബ്രാഹ്മണന്റേയും ശ്രീപാർവ്വതി വൃദ്ധയായ ഒരു ബ്രാഹ്മണസ്ത്രീയുടേയും വേഷം ധരിച്ചു ഗംഗാതീരത്തിങ്കൽ വന്നെത്തി. ആ വൃദ്ധബ്രാഹ്മണൻ വിറച്ചുവിറച്ചു ചെന്നു നദിയിലേക്കിറങ്ങാനായി ഭാവിച്ച സമയം കാൽതെറ്റി വെള്ളത്തിൽ വീണു. അവിടെക്കിടന്നു മുങ്ങുകയും പൊങ്ങുകയും വെള്ളം കുടിക്കുകയും ചെയ്തു മരിക്കാൻ ഭാവിച്ചു. അപ്പോൾ ബ്രാഹ്മണസ്ത്രീ 'അയ്യോ! എന്റെ ഭർത്താവു കുടിച്ചുചാവാൻ ഭാവിക്കുന്നേ. അദ്ദേഹത്തിനു നീന്താനറിഞ്ഞുകൂട. ആരെങ്കിലും അദ്ദേഹത്തെ പിടിച്ചു

കയററി രക്ഷിക്കണെ' എന്നു പറഞ്ഞുകൊണ്ടു വിളിച്ചു നിലവിളിച്ചു. അതു കേട്ടു സ്നാനം കഴിച്ചുകൊണ്ടുനിന്ന ജനങ്ങളെല്ലാം ഓടിയെത്തി. ആ കൂട്ടത്തിൽ നമ്മുടെ ശങ്കരനുമുണ്ടായിരുന്നു. എല്ലാവരുമടുത്തു ചെന്നപ്പോൾ ബ്രാഹ്മണസ്ത്രീ 'പാപം തീരാത്തവരാരും എൻെറ ഭർത്താവിനെ തൊടരുതെ. പാപമുള്ളവർ തൊട്ടാലുടപ്പാൾ അദ്ദേഹം മരിച്ചുപോകും' എന്നു പറഞ്ഞു. ഇതു കേട്ട്, 'പാപം തീൎന്നോ ഇല്ലയോ എന്നെങ്ങിനെ നിശ്ചയിക്കാം. നാം നിമിത്തം ഒരു ബ്രാഹ്മണൻ മരിച്ചു എന്നു വരുന്നതു കഷ്ടമാണല്ലോ. അതുകൊണ്ട് അതു വേണ്ട' എന്നു വിചാരിച്ച് എല്ലാവരും പിൻമാറി. അപ്പോൾ നമ്മുടെ ശങ്കരൻ 'ഗംഗാസ്നാനം ചെയ്താൽ സകല പാപവും തീരുമെന്നാണല്ലോ എൻെറ തമ്പുരാൻ അരുളിച്ചെയ്തിട്ടുള്ളത്. എനിക്കിനി പാപമെവിടെയാണ്? എൻെറ സകല പാപങ്ങളും തീൎന്നിരിക്കുന്നു' എന്നു പറഞ്ഞുകൊണ്ട് ആ ബ്രാഹ്മണനെ പിടിച്ചുകയററി. ഭഗവാനും ഭഗവതിയും അവിടെ നിന്നു പോയതിൻെറശേഷം 'ഇന്ന് ഇവിടെ സ്നാനം കഴിച്ചിട്ടുള്ളവരിൽ എന്നെപ്പിടിച്ചുകയററിയ ആ ഒരുവനു മാത്രം മോക്ഷമുണ്ട്. അവൻെറ വിശ്വാസം കണ്ടില്ലേ?' എന്നു ഭഗവാൻ അരുളിച്ചെയ്യുകയും ദേവി സമ്മതിക്കുകയും ചെയ്തു.

പൂൎണ്ണവിശ്വാസത്തോടും ഭക്തിയോടുംകൂടി ഗംഗാസ്നാനം ചെയ്യുകയും വിശ്വനാഥനെ ദൎശിക്കുകയും വിശേഷിച്ചും ലോകൈകനാഥനായിരിക്കുന്ന ഭഗവാൻെറ കരസ്പൎശനത്തിനു ഭാഗ്യം സിദ്ധിക്കുകയും ചെയ്ത ശങ്കരനു മോക്ഷം കിട്ടുമോ എന്നുള്ളതു സംശയിക്കാനില്ലല്ലോ. അയാൾ കാശിയിൽവെച്ചുതന്നെ അചിരേണ ഭഗവൽസായുജ്യത്തെ പ്രാപിച്ചു.

ശങ്കരൻ കാശിക്കു പോയതിൻെറശേഷം കുറച്ചുകാ

Digitised By Kerala Sahitya Akademi

ലം കഴിഞ്ഞപ്പോൾ ആഴ്വാഞ്ചേരി മനയ്ക്കൽ സന്താനൈശ്വര്യങ്ങൾ കുറഞ്ഞു തുടങ്ങുകയാൽ തമ്പ്രാക്കൾ അതിന്റെ കാരണമറിയുന്നതിനായി പാഴൂർപടിപ്പുരയിൽ ആളയച്ചു പ്രശ്നംവെപ്പിച്ചു നോക്കിക്കുകയും പശുഹിംസ ചെയ്തതു ശങ്കരനാണെങ്കിലും തമ്പ്രാക്കൾകൂടി അന്വേഷിച്ചിരുന്നുവെങ്കിൽ അതിനിടയാവുകയില്ലായിരുന്നുവെന്നും അങ്ങിനെ ചെയ്യാതെയിരുന്നതിനാൽ ആ മഹാപാപത്തിന്റെ ഒരംശം തമ്പ്രാക്കളുടെ കുടുംബത്തെക്കൂടി ബാധിച്ചിട്ടുണ്ടെന്നും അതു നിമിത്തമാണ് സന്താനക്ഷയം മുതലായ ദോഷങ്ങൾ കാണുന്നതെന്നും തദ്ദോഷപരിഹാരാർത്ഥം ആണ്ടുതോറും ഏഴര മുറി പറമ്പുകളിൽ നിറച്ചു പയർ വിതപ്പിക്കുകയും അതു പൂവും കായുമാകുന്ന സമയം വേലിയെടുത്തു കന്നുകാലികളെക്കയററി തീററുകയും ചെയ്യണമെന്നും അങ്ങിനെ ചെയ്തുകൊണ്ടാൽ ദോഷങ്ങൾ നീങ്ങി ശ്രേഷ്ഠം ഫലമെന്നും കണിയാർ വിധിക്കുകയും ചെയ്തു. ആ വിധിപ്രകാരം മൂന്നു കൊല്ലം ചെയ്തപ്പോഴയ്ക്കും മനയ്ക്കൽ സന്താനവും സമ്പത്തും എന്നു വേണ്ട, സകലൈശ്വര്യങ്ങളും പൂർവ്വാധികം വർദ്ധിക്കുകയാൽ ഈ പുണ്യകർമ്മം എന്നും നടത്തണമെന്നു നിശ്ചയിച്ചു തമ്പ്രാക്കൾ അതിനു വേണ്ടുന്ന ഏർപ്പാടുകളൊക്കെച്ചെയ്തു. അത് അവിടെ ഇപ്പോഴും നടന്നുവരുന്നുണ്ടെന്നാണ് കേൾവി. എന്നു മാത്രമല്ല, പശുക്കളെ വളർത്തുന്നത് എങ്ങിനെയായാലും ഒടുക്കം ദോഷകരമായേ പരിണമിക്കയുള്ളു എന്നും അതിനാൽ മേലാൽ നമ്മുടെയില്ലത്ത് ആ ഏർപ്പാടേ വേണ്ട എന്നും തമ്പ്രാക്കൾ തീർച്ചപ്പെടുത്തി. അക്കാലം മുതൽ ആഴ്വാഞ്ചേരി മനയ്ക്കൽ പശുക്കളെ വളർത്തുക പതിവില്ല. ഇങ്ങിനെ ഓരോ കാരണങ്ങളാൽ പകാരാദികളായ പത്തു കൂട്ടം ആ മനയ്ക്കലില്ലാതെയായിത്തീർന്നു. അതിനെപ്പററി കേട്ടിട്ടുള്ള ഒരു ശ്ലോകം താഴെ എഴുതുന്നു.

Digitised By Kerala Sahitya Akademi

'പായും പരമ്പു പശു പാത്ര,പടററിവാഴ
പത്തായമാവും, പലക പൈതൽ, പണം തഥൈവ
പായാദി പത്തിവ പടിപ്പുരയോടു കൂടി-
ത്തന്ത്രാക്കൾതൻനിലയനേ നഹിയെന്നു കേൾപ്പു.'

12. നാലേകാട്ടുപിള്ളമാർ.

നാലേകാട്ടുകുടുംബക്കാർ ഒന്നാം തരം ശൈവപ്പിള്ളമാരാണ്. ഇവരുടെ പൂർവ്വകുടുംബം പാണ്ടിയിൽ 'നാങ്കുനേരി'ക്കു സമീപം 'വിജയനാരായണപുരം' എന്ന സ്ഥലത്തായിരുന്നു. എന്നാലിപ്പോൾ അതു തിരുവിതാംകൂറിൽ തിരുവല്ലായ്ക്കു സമീപം 'കുട്ടമ്പേരൂർ' എന്ന ദേശത്താണ്. ആ കുടുംബക്കാർ പലതുകൊണ്ടും യോഗ്യന്മാരായിരുന്നു. ഇപ്പോഴും അങ്ങിനെതന്നെ. അവർ സത്യവാന്മാരും പടിപ്പും കാര്യശേഷിയുമുള്ളവരും കണക്കുവിഷയത്തിൽ അതിസമർത്ഥന്മാരുമായിരുന്നു. ആ കുടുംബം വളരെ നാളായിട്ടു തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ പ്രത്യേകകരുണയ്ക്കു പാത്രീഭവിച്ചുകൊണ്ടാണ് വർത്തിക്കുന്നത്. ഇപ്രകാരം ശ്രേഷ്ഠവും പ്രസിദ്ധവുമായ ആ കുടുംബത്തിൽ മുൻപുണ്ടായിരുന്ന മൂന്നു മഹാന്മാരെപ്പററിയാണ് ഇവിടെ പറയാൻ ഭാവിക്കുന്നത്.

1. യോഗീശ്വരൻ.

യോഗീശ്വരന്റെ ജനനം കൊല്ലം 719-ാമാണ്ടു വിജയനാരായണപുരം എന്ന സ്ഥലത്തുതന്നെയായിരുന്നു. അദ്ദേഹം സാമാന്യവിദ്യാഭ്യാസാനന്തരം യോഗശാസ്ത്രം പഠിച്ചും പരീക്ഷിച്ചും പരിശീലിച്ചും ക്രമേണ ഒരു മഹായോഗിയായിത്തീർന്നു. അതിനിടയ്ക്കു് അദ്ദേഹം

Digitised By Kerala Sahitya Akademi

രണ്ടു വിവാഹം ചെയ്യുകയും ചില സന്താനങ്ങളുണ്ടാവുകയും ചെയ്തു.

ആ യോഗി ഒരിക്കൽ തിരുവനന്തപുരത്തുവരികയും മഹാരാജാവിനെ മുഖം കാണിക്കുകയും അവിടുന്നു യോഗിയെ യഥായോഗ്യം സൽകരിക്കുകയും പ്രത്യേകം സ്ഥലം കല്പിച്ചു കൊടുത്തു താമസിപ്പിക്കുകയും ചെയ്തു. മുഖം കാണിച്ച സമയം പ്രസംഗവശാൽ 'യോഗിക്കു ഭക്ഷണമെന്താണ് പതിവ്' എന്നുകൂടി കല്പിച്ചുചോദിച്ചു. 'പാലും പഴവും മാത്രമേ പതിവുള്ളൂ'. എന്നു യോഗി തിരുമനസ്സറിയിക്കുകയും യോഗി താമസിക്കുന്ന സ്ഥലത്ത് ആവശ്യമുള്ള പാലും പഴവും കൊണ്ടുചെന്നു കൊടുക്കുന്നതിനു കല്പിച്ചു ചട്ടംകെട്ടുകയും ചെയ്തു. കല്പനപ്രകാരം ഒരാൾ മൂന്നിടങ്ങഴിപ്പാലും മുപ്പതു പഴവും യോഗി താമസിച്ചിരുന്ന സ്ഥലത്തു കൊണ്ടുചെന്നു കൊടുത്തു. ഒരാൾക്ക് ഇത്രയും പാലും പഴവും വേണ്ടിവരികയില്ലെന്നും എങ്കിലും ധാരാളം കൊടുക്കണമെന്നാണല്ലൊ കല്പന, അതുകൊണ്ട് ഇത്രയുമിരിക്കട്ടെ എന്നും വിചാരിച്ചാണ് ആ മനുഷ്യൻ അത്രയും പാലും പഴവും കൊണ്ടുചെന്നത്. അതു കണ്ടു യോഗി 'എത്ര പാലുണ്ട്?' എന്നു ചോദിച്ചു. അതു കൊണ്ടുചെന്നയാൾ 'മൂന്നിടങ്ങഴിയുണ്ട്' എന്നു പറഞ്ഞു. അതു കേട്ടു യോഗി 'മൂന്നിടങ്ങഴിപ്പാൽ എന്റെ ആസനത്തിലൊഴിക്കാൻ തികയുകയില്ലല്ലോ' എന്നു പുച്ഛരസത്തോടു കൂടിപ്പറഞ്ഞു. മറേറയാൾ അതിനുത്തരമായി ഒന്നും മിണ്ടാതെ പോവുകയും ചെയ്തു.

മേൽപ്പറഞ്ഞപ്രകാരം യോഗി പറഞ്ഞ വിവരം എങ്ങിനെയോ മഹാരാജാവു കല്പിച്ചറിഞ്ഞു. പിറേറദ്ദിവസവും യോഗി കൊട്ടാരത്തിൽച്ചെല്ലുന്നമെന്നു കല്പിച്ചിരുന്നതിനാൽ യോഗി ചെല്ലുന്നതിനു മുമ്പായി മുപ്പതു പറ പാലും മൂവായിരം പഴവും കല്പിച്ചു കൊട്ടാരത്തിൽ വരു

ത്തിവെച്ചു. യോഗി ചെന്നു മുഖം കാണിച്ചപ്പോൾ 'ആസനത്തിൽക്കൂടി പാൽ കുടിക്കാറുണ്ടോ?' എന്നു കല്പിച്ചു ചോദിച്ചു. യോഗി അതിനു മറുപടിയായി 'ആവശ്യപ്പെട്ടാൽ അതുമാവാം' എന്നു തിരുമനസ്സറിയിച്ചു. 'എന്നാൽ അതൊന്നു കാണണം' എന്നു കല്പിക്കുകയും ഒരു വലിയ വാർപ്പിനകത്തു മുപ്പതു പറപ്പാലും അതിനടുക്കൽ മൂവായിരം പഴവും അവിടെ ഹാജരാക്കിച്ചു കൊടുക്കുകയും ചെയ്തു. ഉടനെ യോഗി ആ വാർപ്പിലിറങ്ങിയിരുന്നു കൈ നീട്ടി. യോഗിയുടെ കൂടെയുണ്ടായിരുന്ന ശിഷ്യന്മാർ പഴം തൊലികളഞ്ഞു കയ്യിൽ കൊടുത്തുകൊണ്ടിരുന്നു. യോഗി അതു വാങ്ങി ഭക്ഷിച്ചു തുടങ്ങുകയും ചെയ്തു. കുറച്ചു സമയം കഴിഞ്ഞപ്പോൾ ആ പഴം മുഴുവനും തിന്നുതീർന്നു. അപ്പോഴയ്ക്കും ആ പാലും മുഴുവൻ യോഗിയുടെ അകത്തായി. അതു കണ്ടു മഹാരാജാവ് ഏററവും വിസ്മയത്തോടുകൂടി 'ഇദ്ദേഹം കേവലമൊരു യോഗിയല്ല; ഒരു യോഗീശ്വരൻതന്നെയാണ്' എന്നു കല്പിച്ചു. അന്നുമുതൽ അദ്ദേഹത്തെ എല്ലാവരും യോഗീശ്വരൻ എന്നു പറഞ്ഞു തുടങ്ങുകയും ചെയ്തു.

യോഗീശ്വരൻ തിരുവനന്തപുരത്തു താമസിച്ചിരുന്ന കാലത്തു പ്രതിദിനം രാവിലെ കരമനയാററിൽപ്പോയി കുളിക്കുകയും കുടൽ പുറത്തിറക്കി കഴുകി ശുദ്ധീകരിക്കുകയും മെതിയടിയിട്ടുകൊണ്ടു വെള്ളത്തിന്റെ മീതെ നടക്കുകയും മററും ചെയ്തിരുന്നതായി കേൾവിയുണ്ട്. എല്ലാംകൊണ്ടും അദ്ദേഹം ദിവ്യനായ ഒരു യോഗീശ്വരനായിരുന്നുവെന്നുള്ളതിനു സംശയമില്ല.

യോഗീശ്വരൻ ശുചീന്ദ്രത്തും മരുത്വാമലയിലുമായി വളരെക്കാലം താമസിച്ചിട്ടുണ്ട്. അങ്ങിനെ പല സ്ഥലങ്ങളിൽ സഞ്ചരിച്ചും പലതും കണ്ടും കേട്ടും അനുഭവിച്ചും മനസ്സിനു നല്ല തൃപ്തിവരികയാൽ ഒടുക്കം അദ്ദേഹം കേവ

Digitised By Kerala Sahitya Akademi

ലാ വിരക്തനായിത്തീൎന്നു. യോഗീശ്വരനായിരുന്ന അദ്ദേഹത്തിന്നു രോഗപീഡയോ വൎഷാതപശീതാദികളിൽ ദുസ്സഹതമോ ഉണ്ടായിരുന്നില്ലെന്നുള്ളതു പറയേണമെന്നില്ലല്ലൊ. എങ്കിലും ഭൂലോകവാസത്തിൽ തൃപ്തിവരികയാൽ ഒടുക്കം അദ്ദേഹം ദേഹത്തെ ഉപേക്ഷിച്ചുകളയാമെന്നു നിശ്ചയിച്ചു. ഇപ്രകാരമുള്ള യോഗീശ്വരന്മാൎക്കു മരണം സ്വായത്തമാണല്ലൊ. അവൎക്ക് എപ്പോൾ വേണമെങ്കിലും മരിക്കുന്നതിന്നും എത്രകാലം വേണമെങ്കിലും ജീവിച്ചിരിക്കുന്നതിന്നും യാതൊരു പ്രയാസവുമില്ല

കേരളഭൂമി പരശുരാമനാൽ ബ്രാഹ്മണൎക്കായിക്കൊണ്ടു ദാനം ചെയ്യപ്പെട്ടിട്ടുള്ളതാകയാൽ അവിടെവെച്ചുള്ള ദേഹവിയോഗം വിഹിതമല്ലെന്നു നിശ്ചയിച്ച് അദ്ദേഹം പാണ്ടിയിൽ 'കരിങ്കുളം' എന്ന സ്ഥലത്തേക്കു പോയി. അവിടെവെച്ച് അദ്ദേഹം ൻനൂ൧൫-ാമാണ്ടു തുലാമാസത്തിൽ 217-ാമത്തെ വയസ്സിൽ ഒരു ദിവസം പതിവുപോലെ ശിവപൂജ കഴിക്കുകയും അതിൻെറ അവസാനത്തിൽ സമാധിയിലിരുന്നുകൊണ്ട് ആത്മാവിനെ പരമാത്മാവിങ്കൽ ലയിപ്പിക്കുകയും ചെയ്തു.

യോഗീശ്വരൻ കരിങ്കുളത്തു സമാധിയിലിരുന്ന സ്ഥലത്ത് അദ്ദേഹത്തിൻെറ വംശജന്മാർ ഒരമ്പലം പണിയിച്ച് അദ്ദേഹത്തിൻെറ വിഗ്രഹം പ്രതിഷ്ഠിക്കുകയും അവിടെ വിളക്കുവെപ്പ്, പൂജ മുതലായവ നടത്തുന്നതിനു വേണ്ടുന്ന ഏൎപ്പാടുകൾ ചെയ്കയും ചെയ്തു. നാലേകാട്ടുകുടുംബക്കാർ ഇപ്പോഴും ചില സമയങ്ങളിൽ അവിടെപ്പോവുകയും പൂജാദികൾ നടത്തി വന്ദിച്ചുപോരികയും ചെയ്തുവരുന്നുണ്ട്.

2. യോഗീശ്വരൻരാമൻപിള്ള

സാക്ഷാൽ യോഗീശ്വരൻെറ പ്രഥമഭാൎയ്യയിൽ അദ്ദേഹത്തിനുണ്ടായ പ്രഥമപുത്രനെ 'യോഗീശ്വരൻ രാമൻ

Digitised By Kerala Sahitya Akademi

പിള്ള' എന്നാണ് സാധാരണമായി പറഞ്ഞുവന്നിരുന്നത്. ചിലർ അദ്ദേഹത്തെ 'വരരാമയോഗി' എന്നും പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ജന്മസ്ഥലവും വിജയനാരായണപുരംതന്നെയായിരുന്നു. അദ്ദേഹം ജനിച്ചതു കൊല്ലം 900-ാമാണ്ടായിരുന്നു.

യോഗീശ്വരൻരാമൻപിള്ള ഒരു തമിഴ് പണ്ഡിതനും തമിഴ് കവിയുമായിരുന്നു. അദ്ദേഹം തമിഴിൽ അനേകം കൃതികളുണ്ടാക്കിട്ടുണ്ട്. അവയെല്ലാം എഴുതിട്ടുള്ള താളിയോലഗ്രന്ഥങ്ങൾ നാലേകാട്ടുഗൃഹത്തിൽ ഇപ്പോഴുമിരിക്കുന്നുമുണ്ട്.

യോഗീശ്വരൻരാമൻപിള്ള അദ്ദേഹത്തിന്റെ അച്ഛനോടുകൂടി ചെറുപ്പത്തിൽതന്നെ കേരളത്തിൽ വന്നുചേർന്നു. ചില സർക്കാരുദ്യോഗസ്ഥന്മാരുടെ പരിചയവും മഹാരാജാവുതിരുമനസ്സിലെ കാരുണ്യവും സിദ്ധിക്കാനിടയായതുകൊണ്ട് അദ്ദേഹത്തിനു ചെറുപ്പത്തിൽതന്നെ സർക്കാർജ്ജീവനം ലഭിക്കുന്നതിനും സംഗതിയായി. അദ്ദേഹത്തിന് ആദ്യം ലഭിച്ചതു മാവേലിക്കര, തിരുവല്ലാ മുതലായ സ്ഥലങ്ങളിൽ ദേവസ്വം കണക്കെഴുത്താണ്. അതിൽനിന്നു കയററം കിട്ടിക്കിട്ടി ഒടുക്കം അദ്ദേഹത്തിനു വലിയ മേലെഴുത്തുദ്യോഗം ലഭിച്ചു.

യോഗീശ്വരൻരാമൻപിള്ള വലിയ മെലെഴുത്തുപിള്ളയായിരുന്ന കാലത്തു കുട്ടമ്പേരൂർ നാലേകാട്ടുനായർ അന്യന്നില്ലുകയും ആ നായരുടെ സകലസ്വത്തുക്കളും ഇദ്ദേത്തിന് ഇനാമായി കല്പിച്ചുകൊടുക്കുകയും ചെയ്തു. പിന്നെ യോഗീശ്വരൻരാമൻപിള്ള ആ നായരുടെ വീടിരുന്ന സ്ഥലത്തു പുതുതായി ഒരു ഭവനം പണിയിക്കുകയും സ്വദേശമായ വിജയനാരായണപുരത്തുനിന്ന് 'ഉമയാൾ പാവ്തി' എന്നൊരു സ്വജാതിസ്ത്രീയെ വിവാഹം ചെയ്ത് അവിടെക്കൊണ്ടുവരികയും ചെയ്തു. ഇപ്രകാരമാണ് അ

Digitised By Kerala Sahitya Akademi

വക്ക് മലയാളത്തിൽ ഒരു കുടുംബമുണ്ടാവുകയും അവർ നാലേകാട്ടപിള്ളമാരായിത്തീരുകയും ചെയ്യുത്.

വിവാഹംചെയ്യതിന്റെ ശേഷം വളരെക്കാലത്തേക്കു യോഗീശ്വരൻരാമൻപിള്ളയ്ക്കു സന്താനമുണ്ടാകാതെയിരുന്നു. ഭാൎയ്യക്കു കുടെക്കൂടെ ഗൎഭമുണ്ടാവുകയും അതു നാലുമഞ്ചും മാസമാകുമ്പോഠം അലസിപ്പോവുകയുമാണ് ചെയ്തിരുന്നത്. അതിനായി പല ചികിത്സകഠം ചെയ്യിട്ടും ഒരു ഫലവും കാണായ്കയാൽ അതിന്റെ കാരണമറിയുന്നതിനായി യോഗീശ്വരൻരാമൻപിള്ള പാഴൂർ പടിപ്പുരയിൽപ്പോയി പ്രശ്നം വെപ്പിച്ചുനോക്കിക്കുകയും ആ സ്ത്രീയുടെ ദേഹത്തിൽ ഒരു ഗന്ധൎവ്വൻ ബാധിച്ചിട്ടുണ്ടെന്നും ആ ഗന്ധൎവ്വന്റെ ഉപദ്രവംനിമത്തമാണ് ഗൎഭമലസിപ്പോകുന്നതെന്നും ആ ഗന്ധൎവ്വനെ ഒഴിച്ചല്ലാതെ സന്താനമുണ്ടാവുകയില്ലെന്നും പ്രശ്നവിധിയുണ്ടാവുകയും ചെയ്തു. അതിനാൽ അദ്ദേഹം പല മന്ത്രവാദികളെ വരുത്തി മന്ത്രവാദങ്ങഠം ചെയ്യിച്ചു. ആരു വിചാരിച്ചിട്ടും ആ ഗന്ധൎവ്വനെ ഒഴിക്കാൻ കഴിഞ്ഞില്ല. അക്കാലത്തു ചെങ്ങന്നൂർ 'തേവലശ്ശേരിത്താൻ' എന്നൊരു വലിയ മന്ത്രവാദിയുണ്ടായിരുന്നു. ഒടുക്കം യോഗീശ്വരൻരാമൻപിള്ള ആ മന്ത്രവാദി വരുന്നതിനാളയച്ചു. 'രണ്ടുദിവസം കഴിഞ്ഞു വരാ'മെന്നു തേവലശ്ശേരിത്താൻ മറുപടി പറഞ്ഞയയ്ക്കുകയും ചെയ്തു.

പറഞ്ഞിരുന്ന ദിവസം വെളുപ്പാൻകാലത്തു തേവലശ്ശേരിത്താൻ ചെങ്ങന്നൂരുനിന്നു പുറപ്പെട്ടു. കുട്ടമ്പേരൂർ സമീപമായപ്പോഠം നേരം വെളുത്തു. താന്നു രാവിലെ കുളിയും ചില ജപങ്ങളുമൊക്കെ പതിവുണ്ടായിരുന്നതിനാൽ വഴിക്കു കണ്ടതായ ഒരമ്പലക്കുളത്തിലിറങ്ങി അദ്ദേഹം കുളിക്കുകയും അപ്പോഴയ്ക്കും കുറേശ്ശ ഇളവെയിലു വന്നുതുടങ്ങുകയാൽ രണ്ടാം മുണ്ടു കൌപീനമായി ഉടുത്തുകൊണ്ടു കൌപീനവും ഒന്നാം മുണ്ടും നനച്ചുപിഴിഞ്ഞു കുളപ്പുരയു

Digitised By Kerala Sahitya Akademi

ടെ മുകളിൽ വിരിച്ചിട്ട് അദ്ദേഹം കളപ്പുരയിലിരുന്നു ജപം തുടങ്ങുകയും ചെയ്തു. ആ സ്ഥലത്ത് ഒരു വലിയ കാവുംകൂട്ടവും അവിടെ അസംഖ്യം കുരങ്ങന്മാരുമുണ്ടായിരുന്നു. മന്ത്രവാദി കണ്ണുമടച്ചു മൂക്കും പിടിച്ചു ജപിച്ചുകൊണ്ടിരുന്ന സമയം ഒരു വാനരത്താനിറങ്ങിവന്ന് അദ്ദേഹത്തിന്റെ കൌപീനമെടുത്തുകൊണ്ടുപോയി. ജപം കഴിഞ്ഞു യാത്രയായി നോക്കിയപ്പോൾ കൌപീനം ഇട്ടിരുന്ന സ്ഥലത്തു കണ്ടില്ല. അതൊരു വാനരത്താനെടുത്തുകൊണ്ട് ഒരു വലിയ മരത്തിന്റെ അഗ്രഭാഗത്തു ചെന്നിരിക്കുന്നതായിക്കണ്ടു. 'എടാ! ദ്രോഹികളെ! നിങ്ങളെന്നെപ്പററിച്ചുവോ? എന്നാൽ ഞാൻ നിങ്ങളേയും ഒന്നു പററിക്കാതെ വിടുകയില്ല' എന്നു പറഞ്ഞിട്ട് താൻ ഒരു മന്ത്രം ജപിച്ച് ആ വാനരത്താന്മാരെയെല്ലാം മനസ്സുകൊണ്ട് ആകഷിച്ചുകൊണ്ടു മുണ്ടുമെടുത്തുടുത്തു യാത്രയായി. ആകഷണശക്തികൊണ്ടു വാനരത്താന്മാരെല്ലാം താൻന്റെ പിന്നാലെ കൂടി. അതിൽ ഒരു വാനരത്താൻന്റെ കയ്യിൽ ആ കൌപീനവുമുണ്ടായിരുന്നു. അങ്ങിനെ അദ്ദേഹം നാലേകാട്ടിലെത്തി. അദ്ദേഹത്തെ കണ്ടയുടനെ യോഗീശ്വരൻരാമൻപിള്ള ആസനസല്ക്കാരം ചെയ്തിരുത്തി കുശലപ്രശ്നം ചെയ്തു. അപ്പോഴേയ്ക്കും വാനരത്താന്മാരെക്കൊണ്ടു നാലേകാട്ടു മുററം നിറഞ്ഞു. അതു കണ്ടിട്ടു യോഗീശ്വരൻരാമൻപിള്ള 'ഇതെന്തൊരു വിദ്യയാണ്. ഈ കുരങ്ങന്മാരെയൊക്കെ കൂടെക്കൊണ്ടുവന്നിരിക്കുന്നതെന്തിനാണ്' എന്നു ചോദിച്ചു. അതിനു മറുപടിയായി താൻ 'ഈ കള്ളന്മാർ നമ്മുടെ കൌപീനം മോഷ്ടിച്ചു. അതിനാൽ അവരെ ഞാൻ ബന്ധിച്ചുകൊണ്ടു പോരികയാണ് ചെയ്തത്. എന്നെ ബുദ്ധിമുട്ടിക്കാൻ നോക്കിയതിന് അവരും കുറച്ചു ബുദ്ധിമുട്ടട്ടെ' എന്നു പറഞ്ഞു. അപ്പോൾ വലിയ മേലെടുത്തുപിള്ള 'ചെയ്തു സാധുക്കൾ; അവരെ വിട്ടു

യച്ചേക്കണം' എന്നു പറഞ്ഞു ഉടനെ താൻ ഒരു മന്ത്രം ജപിച്ചു മനസ്സുകൊണ്ടു ഉച്ചാടനം ചെയ്തിട്ടു 'ആ കൌപീനം അവിടെ ഇട്ടിട്ടു പോകുവിൻ' എന്നു പറഞ്ഞു. അപ്രകാരം ആ കുരങ്ങന്മാരെല്ലാം പോവുകയും ചെയ്തു.

ഇതു കണ്ടു യോഗീശ്വരൻ രാമൻപിള്ള വളരെ വിസ്മയിക്കുകയും തേവാശ്ശേരിത്താൻ ഒട്ടും ചില്ലറക്കാരനല്ലെന്നു തീർച്ചപ്പെടുത്തുകയും ചെയ്തുവെങ്കിലും ഒന്നുകൂടി പരീക്ഷിക്കണമെന്നു നിശ്ചയിച്ചുകൊണ്ടു, 'നിങ്ങൾ ഇവിടെ വരുന്നതിനു ഞാൻ ആവശ്യപ്പെട്ടതിൻെറ കാരണം മനസ്സിലായിരിക്കുമല്ലോ. ഞാനനേകം മന്ത്രവാദികളേയും വൈദ്യന്മാരേയും ഇവിടെ വരുത്തുകയും അവർ പഠിച്ചതെല്ലാം പ്രയോഗിച്ചുനോക്കുകയും ചെയ്തു. അതുകൊണ്ട് എനിക്ക് ഒട്ടുവളരെ പണം ചെലവായതല്ലാതെ മറെറാരു ഫലവുമുണ്ടായില്ല. ഇനി നിങ്ങളെക്കൊണ്ടു കൂടി കഴിയുന്നതൊക്കെ ചെയ്യിച്ചുനോക്കുകയും അതുകൊണ്ടും ഫലമുണ്ടാകാത്ത പക്ഷം ഈ ശ്രമവും ആഗ്രഹവും വേണ്ടെന്നു വെക്കുകയും ചെയ്യണമെന്നാണ് ഞാൻ വിചാരിക്കുന്നത്. എനിക്കു വയസ്സ് ഏകദേശം അറുപതോളമായിരിക്കുന്നു. ഇനിയും സന്തതി ഉണ്ടാകാത്ത പക്ഷം പിന്നെ അതിനെക്കുറിച്ച് ആഗ്രഹിക്കണമെന്നില്ലല്ലോ. ഈ പുരാതനവംശം എൻെറ കാലത്തു നശിച്ചു എന്നു വരാതെയിരിക്കാനായി ഒരു പുത്രസന്താനമെങ്കിലുമുണ്ടായാൽകൊള്ളാമെന്നേ എനിക്കാഗ്രഹമുള്ളു. മരിച്ചാൽ ശേഷക്രിയ (ഇത്രയും പറഞ്ഞപ്പോഴേക്കും യോഗീശ്വരൻരാമൻപിള്ളയുടെ കണ്ണു രണ്ടും നിറഞ്ഞ് അശ്രുക്കൾ ധാരയായി ഒഴുകിത്തുടങ്ങി. അദ്ദേഹത്തിനു വാക്കുകൾ പുറപ്പെടാതെയുമായി. ഗംഭീരമാനസനും ധൈര്യശാലിയുമായിരുന്ന അദ്ദേഹത്തിൻെറ പാരവശ്യം കണ്ട് അവിടെക്കൂടിയിരുന്നവരെല്ലാം കരഞ്ഞുപോയി. മന്ത്രവാദിയുടെ കണ്ണിലും വെ

Digitised By Kerala Sahitya Akademi

ള്ളം നിറഞ്ഞു. അദ്ദേഹം ഒരു വിധം മനസ്സിനെ സമാധാനപ്പെടുത്തി ഉറപ്പിച്ചുകൊണ്ടു പിന്നെയും പറഞ്ഞുതുടങ്ങി) ചെയ്വാൻ ആരുമില്ലാതെയിരിക്കുന്നതു കഷ്ടമാണല്ലൊ. 'അപുത്രസ്യ കുതോ മുക്തിഃ' എന്നാണല്ലൊ മഹദ്വചനം. അതിനാൽ എന്റെ ആഗ്രഹസിദ്ധിക്കായി നിങ്ങൾ വേണ്ടുന്നതിനെ മനസ്സിരുത്തി ചെയ്യണം. ഈ ഗന്ധർവ്വൻ ഒഴിഞ്ഞുപോയാൽ സന്താനമുണ്ടാകുമെന്നാണ് പ്രശ്നവശാൽക്കണ്ടിരിക്കുന്നത്. അതിനാൽ അതിനായിട്ടാണ് നിങ്ങൾ പ്രധാനമായി നോക്കേണ്ടത്. എനിക്ക് എന്റെ അനുഭവംകൊണ്ടു മന്ത്രവാദികളെക്കുറിച്ച് ആകപ്പാടെ വിശ്വാസം വളരെ കുറവായിരിക്കുന്നു. എന്നാൽ നിങ്ങളെക്കുറിച്ച് അങ്ങിനെ തോന്നുന്നില്ല. നിങ്ങൾ വിചാരിച്ചാൽ ഈ ഗന്ധർവ്വനെ ഒഴിച്ചുവിടാൻ കഴിയുമെന്നുതന്നെയാണ് എന്റെ വിശ്വാസം. എങ്കിലും എന്റെ മനസ്സിനു കുറച്ചുകൂടി ഉറപ്പുവരാനായി നിങ്ങൾ ആദ്യമേ ഒരു കാൎയ്യം ചെയ്യണം. എന്തെന്നാൽ, (ചൂണ്ടിക്കാണിച്ചുകൊണ്ട്) ഇതാ ഈ തൊഴുത്തിന്റെ (കന്നുകാലിക്കൂട്ടിന്റെ) പുറത്തു പടൎന്നുകിടക്കുന്ന മത്തവള്ളി ആകൎഷിച്ചു താഴെയിറക്കുകയും ഉച്ചാടനം ചെയ്തു പൂൎവ്വസ്ഥിതിയിലാക്കുകയും ചെയ്യണം. പിന്നെ നമ്മുടെ പ്രകൃതകാൎയ്യത്തിനു വട്ടംകൂട്ടേണ്ടതെന്തെല്ലാമാണെന്നു പറഞ്ഞാൽ എല്ലാം ഞാൻ തയ്യാറാക്കിച്ചുതരികയും ചെയ്യാം' എന്നു പറഞ്ഞു. അതു കേട്ടു തേവലശ്ശേരിനമ്പി 'ഗുരുകടാക്ഷവും പരദേവതമാരുടെ കാരുണ്യവും കൊണ്ട് ഈ ഗന്ധർവ്വന്റെ ഉപദ്രവം ഒഴിക്കാമെന്നുതന്നെയാണ് എന്റെ വിശ്വാസം. നിങ്ങളുടെ കുടുംബം അത്ര സുകൃതം ക്ഷയിച്ചതല്ലെന്നാണ് കേൾവികൊണ്ടു ഞാൻ അറിഞ്ഞിട്ടുള്ളത്. അതുകൊണ്ടും അവിടുത്തെ ഭാഗ്യംകൊണ്ടും അവിടേക്കു സന്തതിയുണ്ടാകുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. എന്റെ പേരിൽ

Digitised By Kerala Sahitya Akademi

അവിടെക്കു വിശ്വാസമുണ്ടാകുന്നതിന്നായി 'അവിടുന്ന് ആവശ്യപ്പെട്ടപ്രകാരം ഞാൻ ഇപ്പോൾതന്നെ കാണിച്ചു. ബോധപ്പെട്ടുവല്ലോ. പിന്നെ ഗന്ധൎവ്വനെ ഒഴിക്കുന്നതിനു വിശേഷിച്ചൊന്നും വട്ടംകൂട്ടേണ്ടതായിട്ടില്ല. അസ്തമിച്ച് ഏഴര നാഴിക രാത്രിയാകുന്നതുവരെ ക്ഷമിക്കുക മാത്രം ചെയ്താൽ മതി. പിന്നെ വേണ്ടതൊക്കെ അപ്പോൾ ഞാൻ പറയാം' എന്നു പറയുകയും തൊഴുത്തിന്റെ മുകളിൽ നിറച്ചു കായും പൂവുമായി പടൎന്നുകിടന്നിരുന്ന മത്തവള്ളിയെ ഒരു മന്ത്രം ജപിച്ചു മനസ്സുകൊണ്ട് ആകൎഷിച്ചു താഴെയിറക്കുകയും ചെയ്തു. അതു കണ്ട് അത്ഭുതപരവശനായ യോഗീശ്വരൻരാമൻപിള്ള 'ഇപ്രകാരം ചെയ്യണമെന്നു ഞാൻ പറഞ്ഞത് അവിടുത്തെ പേരിൽ എനിക്ക് അവിശ്വാസമുണ്ടായിട്ടല്ല. ഈ അത്ഭുതകൎമ്മം കാണാനുള്ള ആഗ്രഹംകൊണ്ടും ഈവക വിദ്യകൾ കാണിക്കുന്നതിനു ശക്തന്മാരായ മാന്ത്രികന്മാർ ഇപ്പോൾ ചുരുക്കമാകയാലും പറഞ്ഞുപോയി എന്നേയുള്ളു. ഏതെങ്കിലും ഇനി അവിടുന്ന് ഇതു പൂൎവ്വസ്ഥിതിയിലാക്കുക കൂടി ചെയ്യേണം' എന്നു പറഞ്ഞു. താൻ മറ്റൊരു മന്ത്രം ജപിച്ചു മനസ്സുകൊണ്ടുതന്നെ ഉച്ചാടനം ചെയ്തു പൂൎവ്വസ്ഥിതിയിലാക്കുകയും ചെയ്തു. ആ മത്തവള്ളിയെല്ലാം തല പൊക്കി, ഇഴഞ്ഞുകയറി യഥാപൂൎവ്വം തൊഴുത്തിന്റെ മുകളിൽ പടൎന്നുകിടപ്പായതു കണ്ടപ്പോൾ യോഗീശ്വരൻരാമൻപിള്ളയുടെ മനസ്സിൽ വിസ്മയം ശതഗുണീഭവിച്ചുവെന്നുള്ളതു പറയണമെന്നില്ലല്ലോ.

അന്ന് അസ്തമിച്ച് ഏഴര നാഴിക കഴിഞ്ഞപ്പോൾ തേവലശ്ശേരിത്താൻ മന്ത്രവാദമാരംഭിച്ചു. അദ്ദേഹം ഭസ്മംകൊണ്ടു ഷൾകോണമായി ഒരു ചക്രം വരച്ച്, അതിൽ ഉമയാൾപാൎവ്വതിയമ്മയെ ഇരുത്തി ഭസ്മം ജപിച്ച് അവരുടെ ദേഹത്തിലിട്ടുകൊണ്ടിരുന്നു. അങ്ങിനെ ഒരു മുക്കാൽ

Digitised By Kerala Sahitya Akademi

നാഴിക കഴിഞ്ഞപ്പോൾ ആ സ്ത്രീ തുള്ളിത്തുടങ്ങി. അപ്പോൾ താൻ, 'ഈ ദേഹത്തിന്മേൽ ആരാണ് വന്നിരിക്കുന്നത്? എന്തിനായിട്ടാണ് ഇവിടെ വന്നുകൂടിയിരിക്കുന്നത്, കൂടാൻ കാരണമെന്താണ്? എന്നുള്ളതെല്ലാം പറയണം' എന്നു പറഞ്ഞു. ഉടനെ ആ സ്ത്രീ ഗന്ധർവ്വന്റെ നിലയിൽ താഴെ വരുന്നപ്രകാരം പറഞ്ഞുതുടങ്ങി.

'ഞാനാരാണെന്നുള്ളതു പ്രശ്നവശാൽ നിങ്ങളറിഞ്ഞിട്ടുണ്ടല്ലോ. ഞാനീ സ്ത്രീയുടെ സൌന്ദര്യം കണ്ടു ബാധിച്ചിട്ടുള്ളതാണ്. ഈ സ്ത്രീയെ ഉപദ്രവിക്കണമെന്നുള്ള വിചാരം എനിക്കു ലേശംപോലുമില്ല. ഞാൻ യാതൊരുപദ്രവവും ചെയ്യുന്നുമില്ല. എന്നാൽ ഈ സ്ത്രീ ഭർത്തൃസഹവാസം ചെയ്യുന്നത് എനിക്ക് ഒട്ടും സന്തോഷകരമല്ലെന്നല്ല, മഹാവിരോധവുമാണ്. അതിനാൽ ഈ പുരുഷനിൽനിന്നു സന്താനമുണ്ടാകുന്നതിനു ഞാൻ സമ്മതിക്കുകയില്ല. വേറെ യാതൊരുപദ്രവവും ഞാൻ ചെയ്യുന്നുമില്ല, ചെയ്കയുമില്ല. ഈ സ്ത്രീയുടെ ദേഹത്തിൽനിന്ന് ഒഴിഞ്ഞുപോകുന്ന കാര്യം എനിക്കു വളരെ സങ്കടമായിട്ടുള്ളതാണ്. അതിനാൽ ആ ഒരു കാര്യം മാത്രം എന്നോടു നിർബന്ധിക്കരുത്.

താൻ—ഇല്ല, അങ്ങിനെ നിർബന്ധമില്ല. ഈ ദേഹത്തിനുപദ്രവമൊന്നുമുണ്ടായിരിക്കരുത്. ഇവിടെ സന്തതിയുണ്ടാവുകയും വേണം. അത്രമാത്രമേ ആഗ്രഹമുള്ളു.

സ്ത്രീ—ഞാനീ ദേഹത്തിലുള്ള കാലം സന്തതിയുണ്ടാവുക അസാദ്ധ്യംതന്നെയാണ്.

താൻ—എന്നാൽ ഒഴിഞ്ഞുപോവുകതന്നെ വേണം.

സ്ത്രീ—അതു സങ്കടമാണ്.

താൻ—പോകാതെയിരിക്കുന്നതു ഞങ്ങൾക്കും സങ്കടമാണ്.

സ്ത്രീ—എന്തുചെയ്യാം? അതു നിങ്ങൾ അനുഭവിക്കുകതന്നെ വേണം. എന്തായാലും ഞാനൊഴിഞ്ഞുപോവുകയില്ല.

Digitised By Kerala Sahitya Akademi

താൻ—പോയില്ലെങ്കിൽ ഞാൻ അയയ്ക്കും. അതു കൂടാതെ ഒഴിഞ്ഞുപൊയ്ക്കൊൾകയാണ് നല്ലത്.

സ്ത്രീ—എന്നെ ഒഴിച്ചുവിടാമെന്നോ? അതസാദ്ധ്യമാണ്. അങ്ങുതന്നെ ഒഴിഞ്ഞു പൊയ്ക്കൊൾകയാണ് നല്ലത്. എന്നാൽ ഉള്ള മാനം കളയാതെയിരിക്കാം. ഇതുവരെ എന്നെ ഒഴിക്കാൻ വന്നവരെപ്പോലെയല്ല അങ്ങെന്നെനിക്കറിയാം. അതുകൊണ്ടാണ് ഞാൻ പറയുന്നത്. മുൻപു വന്നവരെല്ലാം വിചാരിച്ചിട്ട് എന്നെക്കൊണ്ടു മിണ്ടിക്കാൻ പോലും കഴിഞ്ഞില്ല. അങ്ങു കുറച്ചു പഠിത്വമുള്ളയാളും മാന്യനുമാണ്. എന്നെ ഉപദ്രവിക്കാൻ തുടങ്ങുകയാണെങ്കിൽ ഞാനങ്ങെ അവമാനിച്ചയയ്ക്കും.

ഇത്രയും പറഞ്ഞ് ആ സ്ത്രീ അവിടെനിന്നെണീററു. ഉടനെ താൻ മുൻകൂട്ടി കരുതി അടുക്കൽ വെച്ചിരുന്ന കയറെടുത്തുപിടിച്ച് ഒരു മന്ത്രം ജപിച്ച് ഒരു കെട്ടു കെട്ടി. ഉടനെ ആ സ്ത്രീ 'അയ്യോ!' എന്നു പറഞ്ഞു കൈ രണ്ടുംകൂട്ടി പിടിച്ചു കെട്ടിയ വിധം ചേർത്തുവെച്ചുകൊണ്ട് അവിടെത്തന്നെ ഇരുന്നു. സ്ത്രീയെണീററതു മന്ത്രവാദിയുടെ ചെകിട്ടത്ത് അടിക്കാനായിട്ടായിരുന്നു. അതു മനസ്സിലായിട്ട് അദ്ദേഹം മന്ത്രം ജപിച്ചു ബന്ധിച്ചതിനാലാണ് സ്ത്രീ അവിടെയിരുന്നത്. ബന്ധനം കഴിഞ്ഞപ്പോൾ ആ സ്ത്രീക്കു കയ്യും കാലും ഇളക്കാനും ഇരുന്ന സ്ഥലത്തുനിന്നു മാറിയിരിക്കാൻ പോലും വയ്യാതെയായിട്ട്—അങ്ങു സാമാന്യക്കാരനല്ലെന്നു ഞാൻ സമ്മതിക്കുന്നു. ഞാനങ്ങോട്ടു മത്സരിക്കണമെന്നു വിചാരിക്കുന്നില്ല. എന്നെ ബഹുമാനപൂർവ്വം അയയ്ക്കണമെന്നു മാത്രം ഞാനപേക്ഷിക്കുന്നു. അങ്ങിനെയയയ്ക്കുകയാണെങ്കിൽ സസന്തോഷം ഞാൻ പൊയ്ക്കൊള്ളാം എന്നു പറഞ്ഞു.

താൻ— എങ്ങിനെ വേണമെങ്കിലും അവിടുത്തെ ഇഷ്ടം പോലെ ബഹുമാനിച്ചയയ്ക്കാൻ ഇവിടെ തയ്യാറാണ്.

Digitised By Kerala Sahitya Akademi

അവിടുത്തെ ഉപദ്രവിക്കണമെന്ന് ഇവിടെ ആക്കും വിചാരമില്ല. പോകുന്നതിന് എന്തെല്ലാമാണ് വേണ്ടത്?

സ്ത്രീ— അതു ഞാൻ പറയണമോ? അങ്ങേയ്ക്കറിയാമല്ലോ. അധികമൊന്നും വേണ്ട. സാധാരണ നടപ്പുപ്പോലെ മതി.

താൻ— ചുരുക്കത്തിലായാലും ഇന്നിനി തരമില്ലല്ലോ. അതിനാൽ ഒരവധി നിശ്ചയിച്ചു പറയണം.

സ്ത്രീ— പോവുക എന്നു തീർച്ചപ്പെടുത്തിയ സ്ഥിതിക്ക് എനിക്കിനി അധികം താമസിക്കാൻ പാടില്ല. നാളെ തന്നെ എന്നെ അയയ്ക്കണം.

താൻ— അങ്ങിനെതന്നെ.

സ്ത്രീ— എന്നാൽ ഇപ്പോൾ ഞാൻ മാറിനില്ക്കട്ടെ.

ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ ആ സ്ത്രീ അവിടെത്തന്നെ കിടന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ വെള്ളം കുടിക്കണമെന്നു പറയുകയും വെള്ളം കുടിച്ചതിന്റെ ശേഷം അവിടെനിന്ന് എണീറ്റു പോവുകയും ചെയ്തു. പിന്നെ സുഖക്കേടൊന്നുമുണ്ടായിരുന്നുമില്ല.

പിറേറദ്ദിവസം വൈകുന്നേരമായപ്പൊഴയ്ക്കും അവിടെ തെക്കേത്തളമെല്ലാം അടിച്ചുതളിച്ചു മെഴുകി ശുദ്ധമാക്കുകയും കെട്ടിവിതാനിച്ച് അലങ്കരിക്കുകയും ഒരു പൂജയ്ക്കു വേണ്ടുന്നവയെല്ലാമൊരുക്കുകയും ചൂടം, സാമ്പ്രാണി, അഷ്ടഗന്ധം, കളഭം, കസ്തൂരി മുതലായ സുഗന്ധവസ്തുക്കളും സൌരഭ്യമുള്ള പുഷ്പങ്ങളും മാലകളും പനിനീർ മുതലായവയും തയ്യാറാക്കിവെയ്ക്കുകയും ചെയ്തു. ഏകദേശം ഏഴരനാഴിക രാത്രിയായപ്പോൾ തേവലശ്ശേരിത്താൻ കുളിച്ചു ശുദ്ധമായിവന്നു. അദ്ദേഹം അവിടെ ഒരു പത്മമിട്ടു വിളക്കു വെച്ചു ഗന്ധർവ്വന് ഒരു പൂജകഴിച്ചു. പാൽപ്പായസം, അപ്പം, അട, അവിൽ, മലർ, പഴം, ഇളന്നീർ മുത

Digitised By Kerala Sahitya Akademi

ലായവയായിരുന്നു നിവേദ്യസാധനങ്ങൾ പൂജകഴിഞ്ഞല്ലു ടനെ തലേദിവസത്തെപ്പോലെ ഭസ്മംകൊണ്ടു ഷൾകോണ മായി ഒരു ചക്രം വരച്ച് ഉമയാൾപാൎവ്വതിയമ്മയെ അതി ലിരുത്തി. അന്നു ഭസ്മം ജപിച്ചിട്ടകയും മാറും ചെയ്തില്ല. തേവലശ്ശേരിത്താൻ കുറച്ചു ചന്ദനവും പൂവും കയ്യിലടുത്ത് ആ പൂജകഴിച്ച സ്ഥലത്തുനിന്നു ഗന്ധൎവ്വനെ ആവാഹിച്ച് ആ സ്ത്രീയുടെ ശിരസ്സിലേക്കിട്ടു. ഉടനെ അവർ തുള്ളിത്തുട ങ്ങി. തുള്ളുകയെന്നാൽ ഓട്ടകയും ചാട്ടകയുമൊന്നുമില്ല. ആ സ്ത്രീദേഹം ആകപ്പാടെ ഒന്നുവിറച്ചു. പിന്നെ ഒരു പ്രൌ ഢനായ പുരുഷനെപ്പോലെ കാലിന്മേൽ കാൽകേററിയി രുന്നു സംസാരിച്ചു തുടങ്ങും. അല്ലാതെ വിശേഷമൊന്നു മില്ല. തുള്ളിത്തുടങ്ങിയ ഉടനെ കളഭം, പുഷ്പമാല്യങ്ങൾ മുതലായവയെല്ലാമെടുത്തു തേവലശ്ശേരിത്താൻ ആ സ്ത്രീയു ടെ അടുക്കൽ വെച്ചു. ഉടനെ ആ സ്ത്രീ, 'എന്നെ ഇന്നലെ കെട്ടിയ കെട്ട് ഇതുവരെ അഴിച്ചില്ലല്ലൊ. പിന്നെ നിങ്ങ ളുടെ ഈ സൽകാരത്തെ ഞാനെങ്ങിനെ സ്വീകരിക്കും?' എന്നു ചോദിച്ചു. അതു കേട്ടു താൻ 'അക്കാൎയ്യം ഞാൻ തീരെ മറന്നുപോയി. എന്റെ ഈ തെററിനെ അവിടുന്നു കൃപാപൂൎവ്വം ക്ഷമിക്കണം' എന്നു പറഞ്ഞിട്ട് ഒരു മന്ത്രം ജപിച്ച് ആ ബന്ധനമഴിച്ചു. ഉടനെ സ്ത്രീ ആ കളഭമെടുത്തു ദേഹത്തിലെല്ലാം പൂശുകയും മാലകളും പൂ ക്കളുമെല്ലാമെടുത്തു ചൂടുകയും ചെയ്തു. അപ്പോഴയ്ക്കും തേവ ലശ്ശേരിത്താൻ കൎപ്പൂരം കത്തിക്കുകയും അഷ്ടഗന്ധം മുത ലായവ ധൂപിക്കുകയും ചെയ്ത് ആ സ്ഥലം സുഗന്ധസ മ്പൂൎണ്ണമാക്കിത്തീൎത്തു. ഉടനെ ആ സ്ത്രീ പറഞ്ഞു തുടങ്ങി:

'വളരെ സന്തോഷമായി. ഞാൻ ഇപ്പോൾത്തന്നെ യാത്രയായിരിക്കുന്നു. ഇനി ഒരു കാലത്തും ഈ സ്ത്രീയെ യെന്നല്ല, ഈ കുടുംബത്തിലാരേയുംതന്നെ ഞാൻ ബാധി ക്കുന്നതല്ല, സത്യം. എന്നാൽ ഇത്രയും കാലം ഞാൻ ഈ

Digitised By Kerala Sahitya Akademi

സ്ത്രീയുടെ ദേഹത്തേയും ഈ കുടുംബത്തേയും ആശ്രയിച്ചു താമസിച്ചിരുന്ന സ്ഥിതിക്ക് ഇവൎക്കൊരു സഹായവും ചെയ്യാതെ പോകുന്നതു യുക്തമല്ലല്ലോ. അതിനാൽ ഞാൻ സന്തോഷസമേതം അനുഗ്രഹിച്ചിരിക്കുന്നു. അടുത്ത ആണ്ടിൽ ഈ മാസത്തിൽ ഈ തീയതിയിൽത്തന്നെ ഈ സ്ത്രീ പ്രസവിച്ച് ഒരു പുരുഷസന്താനമുണ്ടാകും. ആ പുരുഷൻ പ്രസിദ്ധനും യോഗ്യനുമായിത്തീരുകയും ചെയ്യും. എന്നു മാത്രമല്ല, ഈ കുടുംബത്തിൽ കേവലം മൂഢന്മാരും അയോഗ്യന്മാരുമായി ആരും ഒരു കാലത്തുമുണ്ടാവുകയില്ല. ഇനിയൊരു മൂന്നു തലമുറ കഴിയുന്നതുവരെയുള്ളവൎക്കു പ്രത്യേകം യോഗ്യതകളുണ്ടായിരിക്കുകയും ചെയ്യും. എന്റെ ഈ അനുഗ്രഹത്തിനു യാതൊരു വ്യത്യാസവും വരുന്നതല്ല. എന്നാൽ എന്നെ ഇപ്രകാരം ഇവിടെനിന്ന് ഇറക്കിവിടുന്നതിനാൽ എല്ലാക്കാലത്തും ഈ കുടുംബത്തിൽ പുരുഷസന്താനം കുറവായിരിക്കുകയും ചെയ്യും.'

ഇപ്രകാരം പറഞ്ഞ് ആ ഗന്ധൎവൻ ഒഴിഞ്ഞുപോവുകയും ഉമയാൾപാൎവതിയമ്മ സ്വസ്ഥതയെ പ്രാപിക്കുകയും ചെയ്തു. യോഗീശ്വരൻരാമൻപിള്ളവലിയമേലെഴുത്തുപിള്ളയവൎകൾക്കുണ്ടായ സന്തോഷവും വിസ്മയവും തേവലശ്ശേരിത്താന്റെ പേരിലുണ്ടായ വിശ്വാസബഹുമാനങ്ങളും സീമാതീതങ്ങളായിരുന്നുവെന്നുള്ളതു പറയേണ്ടതില്ലല്ലോ. ആ മാന്ത്രികശ്രേഷ്ഠനെ അദ്ദേഹം സൽകാരവചനങ്ങൾകൊണ്ടും പലവിധ സമ്മാനങ്ങൾകൊണ്ടും മററും സന്തോഷിപ്പിച്ചയച്ചു. ഗന്ധൎവൻ പറഞ്ഞതുപോലെതന്നെ അധികം താമസിയാതെ ഉമയാൾപാൎവതിയമ്മ ഗൎഭം ധരിക്കുകയും അടുത്തയാണ്ടിൽ ആ ദിവസംതന്നെ ആ സ്ത്രീ പ്രസവിച്ച് ഒരു പുരുഷപ്രജ ഉണ്ടാവുകയും ചെയ്തു.

ഇപ്രകാരം യോഗീശ്വരൻരാമൻപിള്ളയ്ക്ക് ഉമയാൾപാൎവതിയമ്മയിലുണ്ടായ ഏകപുത്രനാണ് 'ബാലരാമൻ

Digitised By Kerala Sahitya Akademi

പിള്ള സമ്പ്രതിപ്പിള്ള' എന്നു പ്രസിദ്ധനായിത്തീൎന്നത്. ബാലരാമൻപിള്ള ജനിച്ചത 960-ാമാണ്ടു കട്ടപ്പേരൂർ നാലേകാട്ട കുടുംബത്തിൽത്തന്നെയാണ്. പുത്രനുണ്ടായ ഉടനെ യോഗീശ്വരൻരാമൻപിള്ള തിരുമനസ്സറിയിക്കുന്നതിനു തിരുവനന്തപുരത്തേക്ക് എഴുതിയയച്ചു. അന്നു നാടുവാണിരുന്നതു 973-ാമാണ്ടു നാടുനീങ്ങിയ സാക്ഷാൽ രാമവൎമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടായിരുന്നുവെന്നുള്ളതു പറയണമെന്നില്ലല്ലോ. ആ തിരുമനസ്സിലേക്ക് ഈ വലിയ മേലെഴുത്തുപിള്ളയുടെ പേരിൽ വളരെക്കാരുണ്യവും സന്തോഷവും വിശ്വാസവുമുണ്ടായിരുന്നു. തിരുമനസ്സിലേക്കു രാജ്യഭരണവിഷയത്തിൽ പ്രധാനസഹായികളായിരുന്നിട്ടുള്ളതു കേശവ (ദാസ്) പിള്ളദിവാൻജിയും ഈ വലിയ മേലെഴുത്തുപിള്ളയുമാണ്. വലിയ മേലെഴുത്തുപിള്ളക്കു പുത്രനുണ്ടായി എന്നു കേട്ടപ്പോഴം തിരുമനസ്സിലേക്കുണ്ടായ സന്തോഷം എത്രമാത്രമെന്നു പറയാൻ പ്രയാസം. ഈ കുട്ടിയെക്കാണുന്നതിനു തിരുമനസ്സിലേക്കു വളരെ ധൃതിയായിരിക്കുന്നുവെന്നുള്ള വിവരത്തിനു യോഗീശ്വരൻ രാമൻപിള്ളക്കു തിരുവനന്തപുരത്തുനിന്ന് ഒരു സ്വകാൎയ്യക്കത്തു കിട്ടുകയാൽ അദ്ദേഹം ഭാൎയ്യയുടെ പ്രസവരക്ഷാദികഠം കഴിഞ്ഞയുടനെ പുത്രനെ ഭാൎയ്യാസമേതം വള്ളത്തിൽക്കയററി തിരുവനന്തപുരത്തു കൊണ്ടുപോയി. വലിയ മേലെഴുത്തുപിള്ള ആ കുട്ടിയെയെടുത്തു തിരുമുൻപാകെ കൊണ്ടുചെന്ന സമയം ആശ്രിതവത്സലനും കരുണാനിധിയുമായ ആ തിരുമേനി ആ കുട്ടിയെ തൃക്കയ്യിൽ വാങ്ങിത്തിരുമടിയിൽ വെച്ചുകൊണ്ട്, നാമും നമ്മുടെ വലിയ മേലെഴുത്തുപിള്ളയും രാമന്മാരാണല്ലോ. അപ്രകാരംതന്നെ വലിയ മേലെഴുത്തുപിള്ളയുടെ പുത്രനു നമ്മുടെ അനന്തരവന്റെ പേരുമായിരിക്കട്ടെ' എന്ന് അരുളിച്ചെയ്തിട്ട് ആ കുട്ടിക്കു ബാലരാമൻ' എന്നു കല്പിച്ചു പേരു വിളിച്ചു.

Digitised By Kerala Sahitya Akademi

അന്ന് ഇളമുറസ്ഥാനം വഹിച്ചിരുന്നതു ബാലരാമവൎമ്മ മഹാരാജാവായിരുന്നുവല്ലൊ. ഈ സംഗതി വിചാരിച്ചാൽ ആ ബാലരാമൻപിള്ളയോളം ഭാഗ്യമുണ്ടായിട്ട് ആ വംശത്തിൽ മററാരുമുണ്ടായിട്ടില്ലെന്നുതന്നെ പറയാം. കുലശേഖരപ്പെരുമാളുടെ തിരുമടിയിൽക്കയറിയിരിക്കുന്നതിനും ഒരവിടുന്നുതന്നെ കല്പിച്ചു പേരു വിളിക്കുന്നതിനും മററാൎക്കും സംഗതിയായിട്ടില്ലല്ലൊ.

986-ാമാണ്ടു ബാലരാമവൎമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു നാടുനീങ്ങിയതിന്റെ ശേഷം യോഗീശ്വരൻരാമൻപിള്ള പ്രായാധിക്യം നിമിത്തം തിരുവനന്തപുരം വിട്ടു കുട്ടമ്പേരൂർ സ്വഗൃഹത്തിൽത്തന്നെ വന്നു താമസിച്ചു. എങ്കിലും വലിയ മേലെഴുത്തുദ്യോഗത്തിൽനിന്ന് അദ്ദേഹം മാറുകയോ അദ്ദേഹത്തെ ആരെങ്കിലും മാററുകയോ ചെയ്തില്ല. ആജീവനാന്തം അദ്ദേഹം ആ ഉദ്യോഗത്തിൽത്തന്നെയാണിരുന്നിരുന്നത്. ബാലരാമവൎമ്മ മഹാരാജാവിന്റെ കാലാനന്തരം രാജ്യം ഭരിച്ചിരുന്ന ശ്രീലക്ഷ്മീമഹാരാജ്ഞി, ശ്രീപാൎവ്വതി മഹാരാജ്ഞി എന്നിവൎക്കും യോഗീശ്വരൻരാമൻപിള്ളയുടെ പേരിൽ വളരെ കരുണയുണ്ടായിരുന്നു. അതിനാൽ ആ മഹാരാജ്ഞിമാർ വലിയ മേലെഴുത്തുപിള്ളയുടെ ജോലികളെല്ലാം അദ്ദേഹം തന്റെ പ്രതിനിധിയായി നിയമിച്ചയച്ച 'ചാങ്ങയിൽ ശങ്കരനാരായണപിള്ള' എന്ന ആളെക്കൊണ്ടു നോക്കിക്കുകയും ശമ്പളം മുഴുവനും മുറയ്ക്ക് ഇദ്ദേഹത്തിനുതന്നെ വീട്ടിൽ അയച്ചുകൊടുക്കുന്നതിനു ചട്ടംകെട്ടി നടത്തിക്കുകയുമാണ് ചെയ്തിരുന്നത്.

യോഗീശ്വരൻരാമൻപിള്ള 996-ാണ്ടു ചിങ്ങമാസത്തിൽ 96-ാമത്തെ വയസ്സിൽ യശശ്ശരീരമാത്രനായിബ്ഭവിച്ചു. അദ്ദേഹമുണ്ടാക്കീട്ടുള്ള അനേകം തമിഴ് കൃതികൾ താളിയോലഗ്രന്ഥങ്ങളിലായി ഇപ്പോഴും നാലേകാട്ടി

Digitised By Kerala Sahitya Akademi

പിരിക്കുന്നുണ്ടെന്നാണറിയുന്നത്. അദ്ദേഹത്തെ ഇപ്പോഴും ആ കുടുംബക്കാർ അവിടെവെച്ച് ആചരിച്ചുവരുന്നുമുണ്ട്.

3. ബാലരാമൻപിള്ള

ഇദ്ദേഹം ഒരു വലിയ സംസ്കൃതപണ്ഡിതനും കവിയും ജ്യോത്സ്യനും മന്ത്രവാദിയും വൈദ്യനുമായിരുന്നു. ഇദ്ദേഹത്തിനു രായസം, സമ്പ്രതി മുതലായ സക്കാരുദ്യോഗങ്ങളുമുണ്ടായിരുന്നു. ഇദ്ദേഹത്തെക്കുറിച്ച് അറിവും ഓർമ്മയുമുള്ളവർ ഇപ്പോഴും പലരുള്ളതിനാൽ ആ മഹാനെപ്പററി അധികം വിസ്തരിക്കുന്നില്ല.

ബാലരാമൻപിള്ള ചരമഗതിയെ പ്രാപിച്ചത് 90-ാമത്തെ വയസ്സിൽ 1050-ാമാണ്ടാണ്. ഇപ്പോൾ നാലേകാട്ടു കുടുംബത്തിലുള്ള ശങ്കരനാരായണപിള്ള അവർകൾ മേൽപ്പറഞ്ഞ മഹാന്റെ സന്താനപരമ്പരയിലുൾപ്പെട്ട ആളാണെന്നുകൂടിപ്പറഞ്ഞുകൊണ്ട് ഈ ഉപന്യാസത്തെ ഇവിടെ സമാപിപ്പിച്ചുകൊള്ളുന്നു.

---

13. കായംകുളം കൊച്ചുണ്ണി.

കായംകുളം കൊച്ചുണ്ണിയെക്കുറിച്ചു കേട്ടിട്ടില്ലാത്തവരായി തിരുവിതാംകൂറിലെന്നല്ല കേരളത്തിൽത്തന്നെ അധികം പേരുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. എന്നാൽ കൊച്ചുണ്ണി ഒരു വലിയ കള്ളനും അക്രമിയുമാണെന്നാണ് മിക്കവരുടേയും ബോധം. വാസ്തവത്തിൽ അയാൾ ഒരു സത്യവാനും മര്യാദക്കാരനും കൂടിയായിരുന്നു. പരസ്പരവിരുദ്ധങ്ങളായ ഈ ഗുണങ്ങൾ എല്ലാംകൂടി ഒരാളിലുണ്ടായിരിക്കുന്നതെങ്ങിനെയാണെന്നു ചിലർ വിചാരിച്ചേക്കാം. അത് എതുപ്രകാരമെന്നു പിന്നാലെ വരുന്ന സംഗതികൾ

Digitised By Kerala Sahitya Akademi

കൊണ്ടു ബോധപ്പെട്ടുമെന്നു മാത്രമേ ഇപ്പോൾ പറയു ന്നുള്ളു.

കൊച്ചുണ്ണി ജനിച്ചതു ൧൦൦൪-ാമാണ്ടു കൎക്കടകമാസ ത്തിൽ അമാവാസിയിൽ അൎദ്ധരാത്രി സമയം തിരുവിതാം കൂറിൽ കാൎത്തികപ്പള്ളിത്താലൂക്കിൽച്ചേൎന്ന കീരിക്കാട്ടു പ്ര വൃത്തിയിൽ കൊററകുളങ്ങരയ്ക്കു സമീപമുണ്ടായിരുന്ന സ്വ ഗൃഹത്തിലാണ്. കൊച്ചുണ്ണിയുടെ പിതാവും വലിയ അ ക്രമിയും കള്ളനുമായിരുന്നു. അയാളുടെ പ്രധാനമായ ഉ പജീവനമാൎഗ്ഗം മോഷണംതന്നെയായിരുന്നു. അന്നന്നു മോഷ്ടിച്ചു കിട്ടുന്നതുകൊണ്ട് അഹോവൃത്തി കഴിച്ചുവന്നു വെന്നല്ലാതെ അയാൾക്കു സമ്പാദ്യമൊന്നുമുണ്ടായിരുന്നി ല്ല. ഒരു രാത്രിയിൽ ഒന്നും മോഷ്ടിപ്പാൻ തരപ്പെട്ടില്ലെ ങ്കിൽ പിറേറദിവസം അയാളും കുടുംബത്തിലുള്ളവരും പ ട്ടിണിതന്നെ. അയാളുടെ സ്ഥിതി അത്രമാത്രം മോശമാ യിരുന്നു. അതിനാൽ തന്റെ പുത്രനായ കൊച്ചുണ്ണിയെ യഥാകാലം വിദ്യാഭ്യാസം ചെയ്യിക്കുന്നതിനും മററും അ യാൾക്കു കഴിഞ്ഞില്ല.

കൊച്ചുണ്ണി ഏകദേശം പത്തു വയസ്സുവരെ വള രെ കഷ്ടപ്പെട്ട് ഒരു വിധം സ്വഗൃഹത്തിൽത്തന്നെ താമ സിച്ചു. അതിന്റെ ശേഷം അവൻ വിശപ്പു സഹിക്കാൻ പാടില്ലാതെയായിട്ടു വീട്ടിൽനിന്നു പുറപ്പെട്ടു അടുത്ത പ്ര ദേശമായ ഏവൂർ എന്ന സ്ഥലത്തു ചെന്നുചേൎന്നു. അ വൻ അവിടെ ക്ഷേത്രത്തിനു സമീപമുണ്ടായിരുന്ന ഒരു പ രദേശബ്രാഹ്മണന്റെ മഠത്തിൽച്ചെന്നു് ആ ബ്രാഹ്മണ ന്റെ അടുക്കൽ താനൊരു മഹമ്മദീയബാലനാണെന്നും ദാരിദ്ര്യദുഃഖം നിമിത്തം ഇറങ്ങിപ്പുറപ്പെട്ടതാണെന്നും മ ററും പറഞ്ഞുകേൾപ്പിക്കുകയും തനിക്കു വിശപ്പു ദുസ്സഹ മായിത്തീൎന്നിരിക്കുന്നതിനാൽ വല്ലതും തരണമെന്നു് അ പേക്ഷിക്കുകയും ചെയ്തു. ദയാലുവായ ആ ബ്രാഹ്മണൻ

Digitised By Kerala Sahitya Akademi

കൊച്ചുണ്ണിയുടെ ദീനവചനങ്ങളെ കേട്ടും പാരവശ്യം കണ്ടും മനസ്സലിയുകയാൽ വാൎത്ത കഞ്ഞിയിൽ കുറെ വറവും ഉപ്പും ഇട്ട് അവനു വയറുനിറയുന്നതുവരെ കൊടുത്തു. ആ വാൎത്ത കഞ്ഞി നമ്മുടെ കൊച്ചുണ്ണിക്ക് അപ്പോൾ പഞ്ചാമൃതത്തേക്കാൾ മാധുൎയ്യമുള്ളതായിത്തോന്നിയെന്നുള്ളതു പറയണമെന്നില്ലല്ലൊ.

കഞ്ഞികുടി കഴിഞ്ഞതിന്റെശേഷം ആ ബ്രാഹ്മണൻ കൊച്ചുണ്ണിയോട്—ആഹാരത്തിനുള്ള വക കിട്ടിയാൽ നിനക്ക് ഇവിടെയെങ്ങാനും താമസിക്കാമോ?—എന്നു ചോദിച്ചു. കൊച്ചുണ്ണി സന്തോഷത്തോടുകൂടി അങ്ങിനെയാകാമെന്നു സമ്മതിച്ചു. ഉടനെ ആ ബ്രാഹ്മണൻ അവിടെ ക്ഷേത്രത്തിന്റെ കിഴക്കേനടയിൽ 'വലിയവീട്ടിൽപ്പീടിക' എന്നു പ്രസിദ്ധമായിട്ടുണ്ടായിരുന്ന പീടികയിൽക്കൊണ്ടുചെന്ന് 'ഇവനൊരു പാവപ്പെട്ട മേത്തക്കൊച്ചനാണ്. ഇവന് ആഹാരത്തിനു വല്ലതും കൊടുത്താൽ ഇവിടെത്താമസിച്ചുകൊള്ളും. അവനാൽ കഴിയുന്ന വേലയൊക്കെ ചെയ്യുകയും ചെയ്യും' എന്നു പറഞ്ഞ് അവനെ ഏല്പിച്ചു. പീടികക്കാർ അങ്ങിനെ സമ്മതിച്ച് അവനെ അവിടെ താമസിപ്പിക്കുകയും ചെയ്തു.

കൊച്ചുണ്ണിക്ക് ആദ്യം അവിടെ നിശ്ചയിച്ച വേല സാമാനങ്ങളെടുത്തുകൊടുക്കുകയായിരുന്നു. അത് അവൻ വളരെ ജാഗ്രതയോടും ശരിയായും ചെയ്കയാൽ മുതലാളിക്കു വളരെ സന്തോഷം തോന്നുകയും കൊച്ചുണ്ണിക്കു ഭക്ഷണം, വസ്ത്രധാരണം മുതലായവയ്ക്കു യാതൊരു ബുദ്ധിമുട്ടും കൂടാതെ ശരിയായി കൊടുത്തുവരികയും ചെയ്തു. ഒന്നു രണ്ടു കൊല്ലം അങ്ങിനെ കഴിഞ്ഞതിന്റെശേഷം അരി വിറ്റുകൊടുക്കുക മുതലായ ചില ജോലികൾകൂടി കൊച്ചുണ്ണിയെ ചുമതലപ്പെടുത്തി. അവൻ അവയെല്ലാം ശരിയായും വൃത്തിയായും ചെയ്തുകൊണ്ടിരുന്നു. ഇങ്ങിനെ

Digitised By Kerala Sahitya Akademi

കാലക്രമേണ സാമാനങ്ങൾ അളന്നും തൂക്കിയും കൊടുക്കുക, വാങ്ങുക മുതലായി പീടികയിലുള്ള സകലജോലികൾക്കും ചുമതലക്കാരൻ കൊച്ചുണ്ണിയായിത്തീൎന്നു. കൊച്ചുണ്ണിക്കു സകല പ്രവൃത്തികൾക്കും പ്രത്യേകമൊരു വാസനയും സാമൎത്ഥ്യവും അതിയായ ജാഗ്രതയുമുണ്ടായിരുന്നതിനാൽ മുതലാളിക്ക് അവനിലുള്ള സന്തോഷവും വിശ്വാസവും അളവില്ലാതെ വൎദ്ധിക്കുകയും ചെയ്തു.

അങ്ങിനെയിരിക്കുമ്പോൾ ഒരിക്കൽ മുതലാളി കച്ചവടസ്സാമാനങ്ങൾ വാങ്ങിക്കൊണ്ടുവരാനായി ആലപ്പുഴക്കു പോയി. കൊച്ചുണ്ണിയെയും കൊണ്ടുപോയിരുന്നു. അവിടെച്ചെന്നു സാമാനങ്ങളെല്ലാം വഞ്ചിയിലാക്കി ഇങ്ങോട്ടു പുറപ്പെട്ടു. മദ്ധ്യേമാൎഗ്ഗം അതികലശലായി ഒരു കോളും പിശറും തുടങ്ങി. ഓളം വലിയമലപോലെ ഉയൎന്നുരുണ്ടു മറിഞ്ഞുതുടങ്ങി. വഞ്ചിയിൽ വെള്ളം അടിച്ചുകേറിത്തുടങ്ങി. വഞ്ചി മുങ്ങുമെന്നു തീൎച്ചയായി. വഞ്ചിക്കാരൻ 'അയ്യോ! ഞാൻ വിചാരിച്ചാൽ നിവൃത്തിയില്ല. കഴുക്കോൽ കുത്തീട്ടു വഞ്ചി നേരെ നില്ക്കുന്നില്ല. ഇതാ ഓളപ്പാത്തിയിലായിരിക്കുന്നു. ദൈവംതന്നെ രക്ഷിക്കട്ടെ' എന്നും മറ്റും പറഞ്ഞു നിലവിളി കൂട്ടിത്തുടങ്ങി. 'സാമാനങ്ങൾ പോകുന്നതു പോകട്ടെ. നമ്മുടെ ജീവനും പോകുമല്ലോ' എന്നു പറഞ്ഞു മുതലാളിയും നിലവിളി തുടങ്ങി. അപ്പോൾ കൊച്ചുണ്ണി 'നിങ്ങൾ വ്യസനിക്കാതെയും കലശൽ കൂട്ടാതെയുമിരിക്കാമെങ്കിൽ വഞ്ചി ഞാൻ കരക്കടുപ്പിക്കാം. ചുമ്മായിരിക്കണം. നമുക്കു പടച്ചവനുണ്ട്' എന്നു പറഞ്ഞു ധൈൎയ്യസമേതം വഞ്ചിയുടെ അമരത്തു ചെന്നു കഴുക്കോലെടുത്ത് ഊന്നിത്തുടങ്ങി. യാതൊരാപത്തും അപകടവുംകൂടാതെ അവൻ വഞ്ചി കടവിലടുപ്പിക്കുകയും ചെയ്തു. കൊച്ചുണ്ണി അതിനു മുമ്പു കഴുക്കോൽ കുത്തി പരിചയിച്ചിരുന്നില്ല. അവനു സകല വേലകൾ

Digitised By Kerala Sahitya Akademi

ക്കും പ്രകൃത്യാതന്നെ ഒരു വശതയുണ്ടായിരുന്നു. ഈ സംഗതി നടന്നതിൻെറശേഷം സാമാനങ്ങൾ കൊണ്ടുവരുന്നതിന് ആലപ്പുഴക്കും കൊച്ചിക്കും പോകുമ്പോൾ മുതലാളിയുടെ വഞ്ചിക്കാരനായിരുന്നതും കൊച്ചുണ്ണിതന്നെയായിരുന്നു. ഇങ്ങിനെ കുറച്ചു കഴിഞ്ഞപ്പോൾ കൊച്ചുണ്ണിക്കു നിത്യവൃത്തിക്കു മാത്രം കൊടുത്താൽപ്പോരെന്നു തോന്നുകയാൽ മുതലാളി ചെലവു കഴിച്ചു പ്രതിമാസം ഒരു ചെറിയ സംഖ്യ അവനു ശമ്പളമായിട്ടും കൊടുത്തുതുടങ്ങി. ശമ്പളം വാങ്ങിയാൽ അവൻ വീട്ടിൽകൊണ്ടുപോയി അവൻെറ മാതാപിതാക്കന്മാരുടെ കയ്യിൽ കൊടുക്കുകയല്ലാതെ സ്വകാര്യമായി സമ്പാദിച്ചിരുന്നില്ല.

ഇങ്ങിനെയിരുന്ന കാലത്ത് ഒരു തങ്ങൾ കായംകുളത്തു വന്നു താമസിച്ചു ചില മഹമ്മദീയരെ ആയുധാഭ്യാസവും കായികാഭ്യാസവും മററും പരിശീലിപ്പിക്കുന്നതായി കൊച്ചുണ്ണി കേട്ടു. എന്നാൽ തനിക്കും ചിലതൊക്കെ പഠിക്കണമെന്നു നിശ്ചയിച്ചു കൊച്ചുണ്ണി ഒരു ദിവസം വൈകുന്നേരം പീടികയിലെ ജോലികളെല്ലാം കഴിഞ്ഞതിൻെറശേഷം കായംകുളത്തു ചെന്നു തങ്ങളെക്കണ്ടു തന്നോക്കൂടി വല്ലതുമൊക്കെ പഠിപ്പിച്ചാൽകൊള്ളാമെന്നു പറഞ്ഞു. അതു കേട്ടു തങ്ങൾ, 'നിന്നെ ഒന്നും പഠിപ്പിക്കാൻ പാടില്ല ഒന്നും പഠിക്കാഞ്ഞിട്ടുതന്നെ നിൻെറ പിതാവു വലിയ അക്രമിയായിരിക്കുന്നു. കാലസ്ഥിതികൊണ്ടു നീ അവനേക്കാൾ അക്രമിയായിത്തീരാനാണ് എളുപ്പം. നിന്നെ അഭ്യാസങ്ങൾക്കൂടി ശീലിപ്പിച്ചാൽ നീ ലോകം മുടിക്കും; അതിനു കാരണഭൂതനാകാൻ എനിക്കു മനസ്സില്ല. എൻെറ ശിഷ്യന്മാർ പരോപദ്രവികളായിത്തീരുന്നത് എനിക്കു സങ്കടമാണ്. അതിനായിട്ടല്ല ഞാൻ എൻെറ ശിഷ്യരെ അഭ്യസിപ്പിക്കുന്നത്. ശത്രുക്കളിൽനിന്നുണ്ടാകുന്ന ആപത്തുകൾ തങ്ങൾക്കു പററാതെ തടുത്തുകൊള്ളുന്നതിനു മാ

Digitised By Kerala Sahitya Akademi

ത്രമായിട്ടാണ് പഠിപ്പിക്കുന്നത്. അതിനാൽ നിന്നെ ഞാൻ അഭ്യസിപ്പിക്കുകയില്ല' എന്നു പറഞ്ഞു. അതു കേട്ട് ഏററവും കുണ്ഠിതത്തോടുകൂടി കൊച്ചുണ്ണി മടങ്ങിപ്പോന്നു. എങ്കിലും അവൻ ഇച്ഛാഭംഗത്തോടുകൂടി ആ ഉദ്യമം വേണ്ടെന്നു വെച്ചില്ല. രാത്രികാലങ്ങളിലായിരുന്നു തങ്ങൾ തന്റെ ശിഷ്യരെ അഭ്യസിപ്പിച്ചിരുന്നത്. അതു കൊച്ചുണ്ണിക്കു നല്ല തരമായിത്തീർന്നു. അവൻ പീടികയിലെ ജോലികളെല്ലാം കഴിഞ്ഞ് അത്താഴവും കഴിച്ചു പതിവായി ആരുമറിയാതെ കായംകുളത്തു ചെന്നു തങ്ങളുടെ കളരിക്കു സമീപം ഒരു സ്ഥലത്തിരുന്ന് അഭ്യാസങ്ങളെല്ലാം കണ്ടു പഠിക്കയും നേരം വെളുക്കുന്നതിനു മുമ്പു പീടികയിലെത്തുകയും ചെയ്തുകൊണ്ടിരുന്നു. അതിബുദ്ധിശാലിയായ അവൻ അങ്ങിനെ മിക്ക വിദ്യകളും ആരും പഠിപ്പിക്കാതെ കണ്ടുതന്നെ വശമാക്കി. അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം കൊച്ചുണ്ണി ഒളിച്ചിരുന്ന് അഭ്യാസങ്ങൾ കണ്ടു പഠിക്കുന്നത് ഒരാൾ കണ്ടെത്തുകയും വിവരം ഉപായത്തിൽ തങ്ങളെ ധരിപ്പിക്കുകയും ചെയ്തു. ഉടൻ തങ്ങൾ ശിഷ്യരിൽ ചിലരെ വിട്ടു കൊച്ചുണ്ണിയെ വിളിപ്പിച്ചു കളരിയിൽ വരുത്തി. തങ്ങളുടെ ശിഷ്യന്മാർ വന്നു വിളിച്ചിട്ട് ഒട്ടും മടിക്കാതെ കൊച്ചുണ്ണി കളരിയിൽച്ചെന്നു. തങ്ങൾ അവനോടു 'നീ എന്തെല്ലാം പഠിച്ചു?' എന്നു ചോദിച്ചു. 'ഇവിടെ പഠിപ്പിച്ചതെല്ലാം ഞാനും പഠിച്ചു' എന്നു കൊച്ചുണ്ണി മറുപടി പറഞ്ഞു. അതു കേട്ടു തങ്ങൾ അവനെ ഒന്നു പരീക്ഷിച്ചു. അപ്പോൾ തങ്ങളുടെ സ്വന്തം ശിഷ്യരേക്കാൾ അഭ്യാസവിഷയത്തിൽ കൊച്ചുണ്ണി യോഗ്യനായിത്തീർന്നിരിക്കുന്നതായിക്കണ്ടു. ഇതിനാൽ തങ്ങൾക്കു അസൂയയല്ല, വളരെ സന്തോഷമാണ് തോന്നിയത്. ഇത്രയും ബുദ്ധിമാനായിരിക്കുന്ന ഇവനെ ശരിയായി അഭ്യസിപ്പിക്കുകതന്നെ വേണം എന്നു നിശ്ച

Digitised By Kerala Sahitya Akademi

യിച്ചു തങ്ങൾ പതിവായി കളരിയിൽ വന്ന് അഭ്യസിപ്പിച്ചു കൊള്ളുന്നതിനു കൊച്ചുണ്ണിക്ക് അനുവാദം കൊടുത്തു. പിറ്റേദിവസം മുതൽ പതിവായി കൊച്ചുണ്ണി രാത്രിതോറും കളരിയിൽ ഹാജരായി അഭ്യസിച്ചു തുടങ്ങുകയും ചെയ്തു. എന്നാൽ ഇതുകൊണ്ട് അവൻ പീടികയിലെ ജോലികൾക്ക് യാതൊരു വിഘ്നവും അമാന്തവും വരുത്തിയുമില്ല. ഇങ്ങിനെ അവൻ ആ തങ്ങളുടെ അടുക്കൽനിന്ന് അക്കാലത്തു നടപ്പുണ്ടായിരുന്ന വെട്ട്, തട മുതലായ ആയുധാഭ്യാസങ്ങളും ഓട്ടം, ചാട്ടം, മറിച്ചിൽ, തിരിച്ചിൽ മുതലായ കായികാഭ്യാസങ്ങളുമെല്ലാം ശീലമാക്കി. ആകപ്പാടെ കുറച്ചു ദിവസത്തെ അഭ്യാസംകൊണ്ടു കൊച്ചുണ്ണി ഒരൊന്നാംതരം അഭ്യാസിയായിത്തീർന്നു എന്നു പറഞ്ഞാൽ മതിയല്ലൊ. കൊച്ചുണ്ണിയുടെ അനിതരസാധാരണമായ ബുദ്ധിസാമർത്ഥ്യം കണ്ടു തങ്ങൾക്കു വളരെ സന്തോഷം തോന്നി. ആ തങ്ങൾക്ക് ഈ വക അഭ്യാസങ്ങൾ മാത്രമല്ല ശീലമുണ്ടായിരുന്നത്. അയാൾ കൺകെട്ട്, ആൾമാറാട്ടം മുതലായ ജാലവിദ്യകളും ഗ്രഹിച്ചിട്ടുണ്ടായിരുന്നു. പക്ഷേ അതൊന്നും അധികം പ്രയോഗിക്കുകയും ശിഷ്യരെ പഠിപ്പിക്കുകയും പതിവില്ലായിരുന്നു. കൊച്ചുണ്ണിയുടെ പേരിൽ അത്യധികമായ സന്തോഷവും വാത്സല്യവും തോന്നുകയാൽ തങ്ങൾ ആ വക വിദ്യകളും കൊച്ചുണ്ണിക്കു ശ്രദ്ധമായി ഉപദേശിച്ചുകൊടുത്തു. ഇവയെല്ലാം ഗ്രഹിച്ചതിന്റെ ശേഷം കൊച്ചുണ്ണി യഥാശക്തി ഒരു ദക്ഷിണയും കൊടുത്തു ഗുരുനാഥന്റെ അനുഗ്രഹവും വാങ്ങി അവിടെനിന്നു പിരിഞ്ഞുപോരികയും ചെയ്തു. പീടികയിലെ കണക്കെഴുത്തുകാരുടേയും മററും സഹായവും സഹവാസവും മുതലാളിയുടെ ആനുകൂല്യവും നിമിത്തം കൊച്ചുണ്ണി ഒരുവിധം തമിഴും മലയാളവും എഴുതാനും വായിക്കാനും ശീലമാക്കുകയും ചെയ്തു.

Digitised By Kerala Sahitya Akademi

അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം വൈകുന്നേരം സന്ധ്യക്കു മുൻപായി ഏറ്റുമാനൂർ ക്ഷേത്രത്തിലെ ശാന്തിക്കാരൻ മൂന്നു തുലാം ശക്കരക്ക് അത്യാവശ്യമാകയാൽ പണവും പാത്രവും കൊടുത്ത് ഒരാളെ പീടികയിൽ പറഞ്ഞയച്ചു. അപ്പോൾ പീടികയിലുണ്ടായിരുന്ന ശക്കര മുഴുവനും അവസാനിച്ചിരുന്നു. എങ്കിലും മുതലാളിയുടെ വീട്ടിൽ ശക്കര ധാരാളം ശേഖരിച്ചിട്ടുണ്ടായിരുന്നു. വീടു പീടികയുടെ സമീപത്തുതന്നെ ആയിരുന്നു. അതിനാൽ വീട്ടിൽ ചെന്നു കുറെ ശക്കര എടുത്തുകൊണ്ടു വരുവാനായി മുതലാളി കൊച്ചുണ്ണിയെ വീട്ടിലേക്ക് അയച്ചു. കൊച്ചുണ്ണി വീട്ടിൽ ചെന്ന സമയം അവിടെയുള്ളവരെല്ലാം പടിപ്പുര അടച്ചു സാക്ഷയിട്ടു കളിക്കാൻ പോയിരിക്കുകയായിരുന്നു. വീട്ടിനു ചുറവും വലിയ മതിൽക്കെട്ടുമുണ്ടായിരുന്നു. കൊച്ചുണ്ണി രണ്ടു മൂന്നു വിളിച്ചിട്ടും ആരും മിണ്ടായ്കയാൽ അവൻ പാത്രവുംകൊണ്ടു പുറകു മറിഞ്ഞു മതിൽക്കെട്ടിനകത്തു കടക്കുകയും വീട്ടിന്റെ ഉറായത്തു ചാറയിൽ നിറച്ചിട്ടിരുന്നതിൽനിന്ന് ആവശ്യപ്പെട്ട ശക്കര പാത്രത്തിലാക്കി തലയിൽ വെച്ചുകൊണ്ടു മുമ്പു മറിഞ്ഞു മതിൽക്കെട്ടിനു പുറത്തിറങ്ങുകയും പീടികയിൽ ചെന്നു മൂന്നു തുലാം ശക്കര തൂക്കിക്കൊടുക്കയും ശേഷമുണ്ടായിരുന്നതു പീടികയിലെ ചാറയിലാക്കി അടച്ചുവെക്കുകയും ചെയ്തു. പിറേറദിവസം ആരോ പറഞ്ഞു കൊച്ചുണ്ണി കാണിച്ച ഈ വിദ്യയും അവൻ കായങ്കുളത്തു പോയി തങ്ങളുടെ അടുക്കൽനിന്നു ചില അഭ്യാസങ്ങൾ പഠിച്ചുവന്നുള്ള വിവരവും മുതലാളി അറിഞ്ഞു. അതുവരെ കൊച്ചുണ്ണി രാത്രികാലങ്ങളിൽ കായങ്കുളത്തു പോയി അഭ്യസിച്ച സാഗതി മുതലാളി അറിഞ്ഞിരുന്നില്ല. ഈ സാഗതികളെല്ലാം മനസ്സിലാക്കിയതിന്റെ ശേഷം മുതലാളി കൊച്ചുണ്ണിയെ അടുക്കൽ വിളിച്ചു വീട്ടിൽനിന്നു ശക്കരയെടുത്തുകൊണ്ടുവന്നത് ഏതുപ്ര

Digitised By Kerala Sahitya Akademi

കാരമായിരുന്നു എന്നും തങ്ങളുടെ അടുക്കൽ പോയി ഒാ ഭ്യാസങ്ങൾ പഠിക്കുകയുണ്ടായോ എന്നും മററും ചോദിച്ചു. കൊച്ചുണ്ണി ഒന്നും മറച്ചുവെക്കാതെ എല്ലാം സത്യമായി ഉണ്ടായതുപോലെ സമ്മതിച്ചു പറഞ്ഞു. ഉടനെ മുതലാളി—നീ എനിക്കു വളരെ സഹായങ്ങൾ ചെയ്തിട്ടുണ്ട്. അതൊന്നും ഞാൻ ഒരു കാലത്തും മറക്കുകയില്ല. നിൻെറ പേരിൽ എനിക്കു വളരെ സന്തോഷവും വിശ്വാസവുമുണ്ട്. എങ്കിലും നീ ഇനി ഇവിടെ താമസിക്കണമെന്നു തോന്നുന്നില്ല. ഞാൻ ഇങ്ങിനെ പറയുന്നതുകൊണ്ടു നിനക്കു മനസ്താപവും എൻെറ പേരിൽ വിരോധവുമുണ്ടാകരുത്. എന്നും നീ എൻെറ ഒരു ബന്ധുവായിത്തന്നെയിരിക്കണം. ഞാൻ ആവശ്യപ്പെടുന്ന സഹായങ്ങൾ എന്നും എനിക്കു നീ ചെയ്തുതരികയും വേണം. എന്നാൽ കഴിയുന്ന സഹായങ്ങൾ ഞാൻ നിനക്കും എന്നും ചെയ്തുതരുന്നതാണ്—എന്നു പറഞ്ഞ് അന്നുവരെ കണക്കു തീർത്ത് അവനു കൊടുപ്പാനുണ്ടായിരുന്ന ശമ്പളവും ആയിരം പണം സമ്മാനമായിട്ടും കൊടുത്ത് അവനെ അവൻെറ വീട്ടിലേക്കയച്ചു. അങ്ങിനെ കൊച്ചുണ്ണി വലിയ വീട്ടിൽ പീടികയിൽനിന്നു പിരിഞ്ഞു പോകയും ചെയ്തു. അന്നു കൊച്ചുണ്ണിക്ക് ഇരുപതു വയസ്സു പ്രായമായിരുന്നു. അതിനാൽ അവൻ പീടികയിൽ ജോലിയായിത്താമസിച്ചിരുന്നത് ഏകദേശം പത്തുകൊല്ലത്തോളമായിരുന്നുവെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലൊ.

കൊച്ചുണ്ണി സ്വഗൃഹത്തിൽ താമസമാക്കിയതിൻെറ ശേഷം അധികം താമസിയാതെ കല്യാണം കഴിച്ചു ഭാൎയ്യയേ തൻെറ വീട്ടിൽ കൊണ്ടുവന്നു; ആയിടക്കുതന്നെ അവൻെറ മാതാപിതാക്കന്മാർ കാലഗതിയെ പ്രാപിച്ചുപോയി. ഭാൎയ്യക്കു വളരെ ചെറുപ്പമായിരിക്കകൊണ്ടു കൊച്ചു

Digitised By Kerala Sahitya Akademi

ണ്ണി തന്റെ ഭാൎയ്യയുടെ മാതാവിനെ കൂടി സ്വഗൃഹത്തിൽ കൊണ്ടുവന്നു പാൎപ്പിച്ചു.

കൊച്ചുണ്ണിക്കു പിതൃസമ്പാദ്യമായിട്ടോ സ്വന്തസമ്പാദ്യമായിട്ടോ യാതൊരു മുതലുമില്ലാതെയിരുന്നതിനാൽ പിന്നെയും കാലക്ഷേപത്തിനു വളരെ ഞെരുക്കംതന്നെയായിരുന്നു. അതിനാലവൻ തന്റെ സതീൎത്ഥ്യരായ ചില മഹമ്മദീയരെക്കൂടെ കൂട്ടുപിടിച്ചുകൊണ്ടു ചില അക്രമപ്രവൃത്തികൾ തുടങ്ങി. അന്യരാജ്യങ്ങളിൽ ചെന്നു സഹായവിലക്കു വ്യാജച്ചരക്കുകൾ വാങ്ങി ഇവിടെ (കായംകുളത്തു) കൊണ്ടുവന്നു വിററു ലാഭമെടുക്കുകയാണ് കൊച്ചുണ്ണിയുടെ അക്രമപ്രവൃത്തികളിൽ ആദ്യം പ്രധാനമായിരുന്നത്. പിന്നീടു ചിലരുടെ ഭവനങ്ങൾ ഭേദിച്ച് അകത്തു കടന്നു സൎവ്വവും കൊള്ളയിടുക, വഴിപോക്കരുടെ കൈവശമുള്ളതെല്ലാം പിടിച്ചുപറിക്കുക മുതലായവയും തുടങ്ങി. എന്നാൽ, പാവപ്പെട്ടവരേയും മൎയ്യാദക്കാരേയും ധൎമ്മിഷ്ഠന്മാരേയും മററും കൊച്ചുണ്ണി ഒരിക്കലും ഉപദ്രവിക്കാറില്ലായിരുന്നു. വലിയ ധനവാന്മാരും പച്ചവെള്ളംപോലും ആൎക്കും കൊടുക്കാത്തവരുമായ ദുഷ്ടന്മാരുടെ ഭവനങ്ങളിൽ മാത്രമേ അവൻ കയറി കൊള്ളയിടാറുള്ളു. കൊച്ചുണ്ണിക്ക് ഒരിക്കൽ എന്തെങ്കിലും കൊടുത്താൽപ്പിന്നെ അവരെ അവൻ ഒരിക്കലും ഉപദ്രവിക്കാറില്ല. അവന് ഉപജീവനത്തിനു നിവൃത്തിയില്ലാതെയാകുമ്പോൾ വലിയ ധനവാന്മാരായിട്ടുള്ളവരുടെ അടുക്കൽ ചെന്നു തനിക്ക് ഇത്ര രൂപാ വേണം, അല്ലെങ്കിൽ ഇത്ര പറ നെല്ലു വേണമെന്നു പറയും. ഉടനെ കൊടുത്തേച്ചാൽ പിന്നെ യാതൊരുപദ്രവവുമില്ല. ഒരു സമയം മടക്കിക്കൊടുക്കുന്നതിനും അവനു വിരോധമില്ല. വാങ്ങിയ സംഖ്യയും പലിശയും കുറച്ചുകൂടെ വേണമെങ്കിൽ അതും അവൻ കൊടുത്തേക്കും. ചോദിച്ചിട്ടു കൊടുത്തില്ലെങ്കിൽ ആ കൊടുക്കാത്തവരുടെ സൎവ്വസ്വവും നാലു ദി

Digitised By Kerala Sahitya Akademi

വാസത്തിനകം കൊച്ചുണ്ണി കൊള്ളയിട്ടു കൊണ്ടുപോകുമെന്നുള്ളതു നിശ്ചയമായിരുന്നു. കൊച്ചുണ്ണി ഇങ്ങിനെ കൊള്ളചെയ്യേടുക്കുന്ന മുതലുകളെല്ലാം അവനും കൂട്ടുകാരും കൂടി പങ്കിട്ടെടുത്ത് അനുഭവിക്കുക മാത്രമല്ല ചെയ്തിട്ടുള്ളത്. അവൻെറ വിത്തത്തിനു കിട്ടുന്നതുകൊണ്ട് അവൻ ധാരാളമായി ധർമ്മവും ചെയ്തിരുന്നു. കൊച്ചുണ്ണി ഈ വക മുതലുകൾ സമ്പാദിക്കാറില്ല. അന്നത്തേടം സുഖമായി കഴിഞ്ഞുകൂടണമെന്നു മാത്രമേ അവനു വിചാരമുണ്ടായിരുന്നുള്ളു. സ്വദേശികളായ പാവപ്പെട്ടവരെ അവൻ ധാരാളമായി സഹായിച്ചുകൊണ്ടിരുന്നു. കൊച്ചുണ്ണിയുടെ കൂട്ടുകാരെല്ലാം ആദ്യം കേവലം നിർദ്ധനന്മാരായിരുന്നു. അവൻെറ സഹകരണം നിമിത്തം അവരെല്ലാം ക്രമേണ വലിയ ധനികന്മാരായിത്തീൎന്നു. കൊച്ചുണ്ണിക്കു മാത്രം അധികം സമ്പാദ്യമൊന്നുമുണ്ടായിരുന്നില്ല. അവൻെറ ആശ്രിതന്മാരും സ്വദേശികളുമായിരുന്ന അനേകം പാവപ്പെട്ടവരും കൊച്ചുണ്ണിയുടെ സഹായം നിമിത്തം സമ്പന്നന്മാരായിത്തീൎന്നിട്ടുണ്ട്. ഇന്ന ജാതിക്കാരെ, അല്ലെങ്കിൽ ഇന്ന മതക്കാരെ മാത്രമേ സഹായിക്കയുള്ളു എന്നുള്ള നിർബ്ബന്ധം കൊച്ചുണ്ണിക്കുണ്ടായിരുന്നില്ല. ബ്രാഹ്മണനായാലും ശൂദ്രനായാലും സ്വജാതിയായാലും ക്രിസ്ത്യാനിയായാലും അവനെ ആശ്രയിച്ചാൽ തന്നാൽ കഴിയുന്ന സഹായം അവൻ ചെയ്തുകൊണ്ടിരുന്നു. ആകപ്പാടെ നോക്കിയാൽ കൊച്ചുണ്ണി മൂലം അക്കാലത്തു സമ്പന്നന്മാരായിത്തീൎന്നിട്ടുള്ള ദരിദ്രക്കും നിർദ്ധനന്മാരായിത്തീൎന്നിട്ടുള്ള ധനികക്കും സംഖ്യയില്ല.

സ്ത്രീവിഷയമായിട്ടുള്ള ദുൎന്നടപ്പു കൊച്ചുണ്ണിക്കു സാമാന്യത്തിലധികമുണ്ടായിരുന്നു. കൊച്ചുണ്ണി നിമിത്തം പല ജാതിയിലുമുള്ള കുലടകൾക്കും വളരെ സമ്പാദ്യമുണ്ടായിട്ടുണ്ട്. പ്രത്യേകം സ്വദേശത്തുള്ള ഒരു ശൂദ്രസ്ത്രീയെ

Digitised By Kerala Sahitya Akademi

അവൻ ഏകദേശം ഭാൎയ്യയാക്കിത്തന്നെ വെച്ചിരുന്നു. അത് എങ്ങിനെയോ അവൻെറ ഭാൎയ്യയുടെ തള്ള അറിഞ്ഞുവശമാവുകയും ഭാൎയ്യയോടു പറയുകയും വീട്ടിൽ വളരെ ശണ്ഠകളും വഴക്കുകളുമൊക്കെ ഉണ്ടാക്കിത്തീൎക്കുകയും ചെയ്തു. എങ്കിലും കൊച്ചുണ്ണിക്ക് ആ ശൂദ്രസ്ത്രീയെ ഉപേക്ഷിക്കുന്നതിനു മനസ്സുവന്നില്ല. ഒരു ദിവസം ആ വൃദ്ധ (ഭാൎയ്യയുടെ തള്ള) കൊച്ചുണ്ണിയോടു നേരിട്ടുതന്നെ ആ ശൂദ്രസ്ത്രീയുമായിട്ടുള്ള സംസൎഗ്ഗം മതിയാക്കണമെന്നു പറഞ്ഞു. അതു കൊച്ചുണ്ണിക്ക് ഒട്ടും രസമായില്ല. അതിനെക്കുറിച്ച് അവർ തമ്മിൽ വളരെ വാഗ്വാദമുണ്ടായി. വഴക്കു മുറുകിവന്നപ്പോൾ കൊച്ചുണ്ണിക്കു ദേഷ്യംവരികയും അവൻ ഒരു കുറുവടികൊണ്ടു വൃദ്ധയുടെ തലയ്ക്ക് ഒരടി കൊടുക്കുകയും വൃദ്ധ പെട്ടെന്നു മറിഞ്ഞുവീണു മരിക്കുകയും ചെയ്തു. ഈ കഥ ആരേയുമറിയിക്കാതെ കൊച്ചുണ്ണി അന്നു രാത്രിയിൽതന്നെ ആ വൃദ്ധയുടെ മൃതശരീരം ഒരു പായിൽ പൊതിഞ്ഞുകെട്ടി വലിയ കല്ലുംവെച്ചു കായങ്കുളം കായലിൽ താഴ്ത്തിക്കളഞ്ഞു. എങ്കിലും ഒന്നു രണ്ടു ദിവസം കഴിഞ്ഞപ്പോൾ എങ്ങിനെയോ സംഗതി പുറത്തൊക്കെ കുറേശ്ശ സംസാരമായി. അങ്ങിനെ 'അങ്ങു പറഞ്ഞ് ഇങ്ങു പറഞ്ഞു' വൎത്തമാനം കാൎത്തികപ്പള്ളിത്തഹശീൽദാരുടെ ചെവിയിലെത്തി. ഉടനെ തഹശീൽദാർ (അക്കാലത്തു മജിസ്ത്രേട്ടെന്നു പറയാറില്ല) കൊച്ചുണ്ണിയെ പിടിച്ചേല്പിക്കുന്നതിനു പോലീസുകാൎക്ക് ഉത്തരവു കൊടുത്തു. പോലീസുകാർ മുറയ്ക്ക് അന്വേഷണവും തുടങ്ങി. എങ്കിലും അവനെ പിടിക്കുന്നതിന് അത്രയെളുപ്പത്തിൽ ആൎക്കും കഴിഞ്ഞില്ല. കൊച്ചുണ്ണി വലിയ അഭ്യാസിയായിരുന്നതിനാൽ ഒരു പത്തു പന്ത്രണ്ടു പേർ വിചാരിച്ചാലും മറ്റും അവനെ പിടിക്കാൻ കഴികയില്ല. സദാ അവൻെറ കയ്യിൽ കഠാരിയുടെ ആകൃതിയിൽ ഒരായുധമുണ്ടാ

യിരിക്കും. അവൻെറ കൂടെ വലിയ അഭ്യാസികളും അക്രമികളുമായ പല കൂട്ടുകാരും എപ്പോഴുമുണ്ടായിരിക്കും. അതിനാൽ അവനെ പിടിക്കാൻ ആക്കും ധൈര്യമുണ്ടായില്ല. എന്നു മാത്രമല്ല, ഈ സംഗതി നടന്നതിൻെറ ശേഷം പോലീസുകാരുടെ അന്വേഷണം തുടങ്ങിയപ്പോൾ മുതൽ കൊച്ചുണ്ണി ഒളിച്ചും വളരെ കരുതലോടുകൂടിയുമാണ് നടന്നിരുന്നത്. അതിനാൽ അവനെ നേരെ കാണുന്നതിനുതന്നെ അത്ര എളുപ്പമില്ലായിരുന്നു. ഒരു സമയം കണ്ടാൽത്തന്നെയും പ്രാണഭയം നിമിത്തം അവനെ ആരും പിടിക്കയുമില്ലല്ലോ. കൊച്ചുണ്ണി ഒളിച്ചു നടക്കുകയായിരുന്നു എങ്കിലും, സ്വദേശം വിട്ട് എങ്ങും പോയില്ല. കാർത്തികപ്പള്ളി, കരുനാഗപ്പള്ളി, മാവേലിക്കര ഈ മൂന്നു താലൂക്കുകളിലായിട്ട് അവൻ കഴിച്ചുകൂട്ടി. പിടിച്ചുപറി, മോഷണം മുതലായവ അക്കാലത്തും അവർ യഥാപൂർവ്വം നടത്തിക്കൊണ്ടുതന്നെ ഇരുന്നു.

കൊച്ചുണ്ണിയുടെ അക്രമങ്ങൾ ദിവസംപ്രതി വർദ്ധിക്കുകയും 'കായങ്കുളം കൊച്ചുണ്ണി' എന്നുള്ള പ്രസിദ്ധി രാജ്യമൊട്ടുക്കു പരക്കുകയും അപ്പോഴേയ്ക്കും അവനെ ഏതു വിധവും പിടിക്കണമെന്നുള്ള നിഷ്കർഷ ഗവർമ്മേണ്ടിനു കൂടിവരികയും ചെയ്തു. ഒടുക്കം 1025-ാമാണ്ടു ദിവാൻജി കാർത്തികപ്പള്ളി തഹശിൽദാരുടെ പേക്കു നേരിട്ട് ഒരുത്തരവയച്ചു. അതിൽ ഒരു വാരത്തിനകം കൊച്ചുണ്ണിയേ പിടിപ്പിച്ചു റാണാവിലാക്കാത്തപക്ഷം തഹശീൽദാരേ ഉദ്യോഗത്തിൽനിന്നു സ്ഥിരമായി മാററുന്നതാണെന്നു രീച്ചയായി പ്രസ്താവിച്ചിരുന്നു. ഈ ഉത്തരവു കണ്ടപ്പോൾ തഹശീൽദാക്കു വളരെ വിചാരവും വ്യസനവുമുണ്ടായെന്നുള്ളതു പറയേണ്ടതില്ലല്ലോ. ബുദ്ധിമാനായ തഹശിൽദാർ കൊച്ചുണ്ണിയുടെ ഗൂഢസഞ്ചാരം ഏതെല്ലാം ദിക്കുകളിലാണെന്നു മററും രഹസ്യമായി നടത്തിയ അന്വേഷണത്തിൽ

Digitised By Kerala Sahitya Akademi

അവനു മേല്പറഞ്ഞ ശൂദ്രസ്ത്രീയുമായി അടുപ്പമുണ്ടെന്നും മി ക്കദിവസവും രാത്രികാലങ്ങളിൽ അവൻ അവളുടെ വീ ട്ടിൽ വരുന്നുണ്ടെന്നും വേറെ ഒരു ശൂദ്രനും അവളുമായി സംസർഗ്ഗമുണ്ടെന്നും അയാൾക്ക് ആന്തരത്താൽ കൊച്ചു ണ്ണിയോടു രസമില്ലെന്നും മററും മനസ്സിലാക്കി. തഹശീൽ ദാർ ആ ശൂദ്രൻ മുഖാന്തരം ആരുമറിയാതെ ആ സ്ത്രീയെ വരുത്തി, അവളോടു, 'നിന്നെ എൻെറ ഭാൎയ്യയായി സ്വീ കരിക്കണമെന്നു ഞാൻ വിചാരിക്കുന്നു. നീ അതു സമ്മ തിക്കുന്ന പക്ഷം അധികം താമസിയാതെ സംബന്ധം ന ടത്തണമെന്നാണ് ഞാൻ വിചാരിക്കുന്നത്. പക്ഷേ അ ങ്ങിനെയായാൽ കൊച്ചുണ്ണിയുമായുള്ള അടുപ്പം വേണ്ടെന്നു വെക്കേണ്ടതായി വരും. അതുംമുൻകൂട്ടി പറഞ്ഞേക്കാം' എ ന്നു പറഞ്ഞു. ഇതു കേട്ട് ആ പുംശ്ചലി ഒരു മേത്തനുമാ യുള്ള അടുപ്പത്തേക്കാൾ നല്ലത് ഒരു തഹശിൽദാരുടെ ഭാ ൎയ്യയായിരിക്കുന്നതാണല്ലോ എന്നു വിചാരിച്ച് 'അവിടു ത്തെ ഇഷ്ടംപോലെയൊക്കെ ചെയ്യുന്നത് എനിക്കു സമ്മ തമാണ്. അതിനുവേണ്ടി ഞാനെന്തെല്ലാം വേണമെങ്കി ലുംചെയ്യാം' എന്നു പറഞ്ഞു. 'എന്നാൽ ഇന്നു രാത്രിയിൽ അവൻ വരുമ്പോൾ നീ ഈ മരുന്നിട്ടു കുറേ പാൽ കാച്ചി അവനു കൊടുക്കണം.' എന്നു പറഞ്ഞു തഹശീൽദാർ ഒരു മരുന്ന് അവളുടെ കയ്യിൽ കൊടുത്തു. അടുത്ത ദിവ സംതന്നെ സംബന്ധം നടത്തിക്കളയാമെന്നും അതിലേ ല്ലു വേണ്ടുന്നതൊക്കെ വട്ടം കൂട്ടുന്നതിനു തൽക്കാലം ഇതി രിക്കട്ടെ എന്നും പറഞ്ഞു തഹശീൽദാർ അൻപതു രൂപ യും കൊടുത്തു. അവൾ അതെല്ലാം വാങ്ങി സന്തോഷ ത്തോടു കൂടി വീട്ടിലേക്കു വന്നവഴിതന്നെ ആരുമറിയാതെ പോവുകയും ചെയ്തു.

എകദേശം പാതിരായായപ്പോൾ കൊച്ചുണ്ണി എ കാകിയായി ആ ശൂദ്രസ്ത്രീയുടെ വീട്ടിലെത്തി. അവൻ ക

Digitised By Kerala Sahitya Akademi

യ്യം കാലും തേച്ചുകഴുകി ശയനഗൃഹത്തിൽ പ്രവേശിച്ചയുടനെ അവൾ തഹശിൽദാർ പറഞ്ഞിരുന്നതുപോലെ മരുന്നിട്ടു കാച്ചിയ പാൽ കൊണ്ടുചെന്നു കൊടുത്തു. കൊച്ചുണ്ണിക്കു മുൻപേതന്നെ അവൾ പാൽ കാച്ചികൊടുക്കുക പതിവുണ്ടായിരുന്നതിനാൽ അവൻ യാതൊരു സംശയവും കൂടാതെ പാലെടുത്തു കുടിക്കുകയും മാത്രനേരം കഴിഞ്ഞപ്പോൾ ബോധരഹിതനായി വീഴുകയും ചെയ്തു. അപ്പോഴേക്കും തഹശിൽദാർ മുൻകൂട്ടി ചട്ടംകെട്ടിയിരുന്നതുപോലെ ചില സഹായികളോടുകൂടി പോലീസ്സുകാർ അവിടെ എത്തുകയും കൊച്ചുണ്ണിയെ ബന്ധിച്ചു കാർത്തികപ്പള്ളി ഠാണാവിലേക്ക് എടുത്തുകൊണ്ടുപോവുകയും ചെയ്തു. ആ സമയം കൊച്ചുണ്ണിക്കു തീരെ ബോധമില്ലായിരുന്നു. അവൻ ശവംപോലെ കിടക്കുകയായിരുന്നു. പോലീസ്സുകാർ കൊച്ചുണ്ണിയെ ഠാണാവിലാക്കി കൈക്കും കാലിനും വിലങ്ങുവെക്കുകയും അപ്പോൾത്തന്നെ വിവരം തഹശീൽദാരുടെ അടുക്കൽ അറിയിക്കുകയും ചെയ്തു.

കൊച്ചുണ്ണി ഭാര്യയുടെ തള്ളയെ അപായപ്പെടുത്തിയത് 1015 ാമാണ്ട് ആയിരുന്നു. അക്കാലംമുതൽ പത്തുകൊല്ലം അവൻ ഒളിച്ചുനടക്കുകയായിരുന്നു. അതിനിടക്ക് അവനെ പിടിക്കുന്നതിന് ആരു വിചാരിച്ചിട്ടും കഴിഞ്ഞില്ല. ഒടുക്കം 25-ാമാണ്ട് അവനെ പിടിച്ചതു മേല്പറഞ്ഞപ്രകാരം ചതിച്ചാണ്. കൊച്ചുണ്ണി സ്വബോധത്തോടുകൂടിയിരിക്കുകയായിരുന്നുവെങ്കിൽ അന്നും അവനെ ആരും പിടിക്കയില്ലായിരുന്നു. കുലടകളെ വിശ്വസിച്ചാലുണ്ടാകുന്ന ഫലമിങ്ങിനെയാണെന്ന് എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്.

തഹശീൽദാർ ആ രാത്രിയിൽത്തന്നെ കൊച്ചുണ്ണിയെപ്പിടിച്ചു കാർത്തികപ്പള്ളി ഠാണാവിലാക്കിയിരിക്കുന്നു എന്നുള്ള വിവരത്തിന് അടിയന്തിരത്തിൽ ഹജൂരക്ക് എഴുതി

Digitised By Kerala Sahitya Akademi

യയച്ചു. അവനെ ഉടനെ ഠാണാപ്പാറാവുകാരെക്കൊണ്ടു നാകരുതലോടും ബന്തവസ്സോടുംകൂടി തിരുവനന്തപുരത്തേക്കയക്കാൻ അടിയന്തിരത്തിൽത്തന്നെ ഉത്തരവു വരികയും ചെയ്തു.

കൊച്ചുണ്ണിക്ക് അവനെ പിടിച്ചു ഠാണാവിലാക്കിയതിന്റെ പിറ്റേദിവസം നേരം വെളുത്തപ്പോഴേക്കും ബോധം വീണു. അപ്പോഴാണ് താൻ ബന്ധനത്തിലകപ്പെട്ടിരിക്കുകയാണെന്ന് അവനറിഞ്ഞത്. ഇത് ആ കുലടയുടെ വിശ്വാസവഞ്ചനയാൽ പററിയതാണെന്ന് അവൻ അപ്പോൾത്തന്നെ മനസ്സുകൊണ്ടാലോചിച്ചു നിശ്ചയിക്കുകയും ചെയ്തു. അന്നു രാത്രിയാകുന്നതുവരെ അവൻ ഠാണാവിൽത്തന്നെ കിടന്ന് ഏകദേശം പത്തുനാഴിക രാത്രിയായപ്പോൾ വിലങ്ങുകളും പൊട്ടിച്ച് കൊച്ചുണ്ണി ഠാണാവിൽനിന്ന് വെളിയിൽ ചാടി ഓടിക്കളഞ്ഞു. അവന്റെ കയ്യിൽ സദാ ഉണ്ടായിരിക്കാറുള്ള ആയുധം ആ ശൂദ്രസ്ത്രീയുടെ വീട്ടിലുണ്ടെങ്കിൽ എടുക്കാമെന്നു വിചാരിച്ച് അവൻ നേരെ അങ്ങോട്ടുതന്നെ നടന്നു. അവിടെച്ചെന്നപ്പോൾ അവളും അവളുടെ ഇഷ്ടനായ ശൂദ്രയുവാവുംകൂടി അത്താഴം കഴിഞ്ഞു സ്വൈരസല്ലാപവും ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. പുരയുടെ വാതിൽ ചാരിയിരുന്നെങ്കിലും സാക്ഷയിട്ടിട്ടുണ്ടായിരുന്നില്ല. അകത്തു വിളക്കുമുണ്ടായിരുന്നു. കൊച്ചുണ്ണി ഒട്ടും സംശയിക്കാതെ വാതിൽ തുറന്ന് അകത്തേക്കു കടന്നു. ആ സമയം കൊച്ചുണ്ണി അവിടെച്ചെല്ലുമെന്ന് അവർ ലേശംപോലും വിചാരിച്ചിരുന്നില്ല. ഒരിക്കലും തിരിച്ചുവരാനിടയാകാതെ അവനെ തൂക്കിക്കൊല്ലുകയോ നാടുകടത്തുകയോ ചെയ്യുമെന്നായിരുന്നു അവരുടെ വിശ്വാസം. അങ്ങിനെ ഇരിക്കെ പെട്ടെന്നു കൊച്ചുണ്ണിയെ അടുത്തു കണ്ടപ്പോൾ അവരുടെ മനസ്സിലുണ്ടായ വികാരങ്ങൾ ഏ

Digitised By Kerala Sahitya Akademi

തെല്ലാം പ്രകാരമായിരുന്നിരിക്കുമെന്നു വായനക്കാർ അവരുടെ മനോധൎമ്മംപോലെ ഊഹിച്ചുകൊള്ളുകയല്ലാതെ പറഞ്ഞറിയിക്കുന്ന കാൎയ്യം പ്രയാസംതന്നെ. കൊച്ചുണ്ണിയെ കണ്ടമാത്രയിൽ രണ്ടു പേരും പെട്ടെന്നെണീറ്റ് ഒരു സംഭ്രമത്തോടും വിറയലോടുംകൂടി മുറിയുടെ ഒരരികിലേക്കു മാറിനിന്നു. കൊച്ചുണ്ണി മുറിക്കകത്തു കടന്നിട്ട് ആദ്യം കണ്ടതു കട്ടിലിന്റെ താഴെ കിടന്നിരുന്നതായ സ്വന്തം ആയുധമാണ്. അവൻ അതു പെട്ടെന്നു കയ്യിലെടുത്തു, കൊച്ചുണ്ണി ആയുധമെടുത്തു ഒന്നു വീശുകയും ആ പുംശ്ചലിയുടേയും അവളുടെ ഇഷ്ടനായ ശൂദ്രന്റേയും തല താഴെ വീഴുകയും ഒരുമിച്ചുകഴിഞ്ഞു. കൊച്ചുണ്ണി അപ്പോൾത്തന്നെ പുറത്തിറങ്ങി പോവുകയും ചെയ്തു.

അവൻ പോയവഴിക്കുതന്നെ ഒരു കുളത്തിൽ ഇറങ്ങി കുളിയും കഴിച്ചു സ്വഗൃഹത്തിലെത്തി. അപ്പോൾ അവന്റെ ഭാൎയ്യ ഭൎത്താവിനെ പോലീസ്സുകാർ പിടിച്ചുകൊണ്ടു പോയി ഠാണാവിലാക്കിയെന്നു കേട്ടു വിഷാദിച്ചു അന്നു ജലപാനംപോലും കഴിക്കാതെ കിടക്കുകയായിരുന്നു. കൊച്ചുണ്ണി പുറത്തു ചെന്നു വാതിൽമുട്ടി പതുക്കെപ്പതുക്കെ വിളിച്ചു. വിളിച്ചതെല്ലാം അവൾ കേട്ടുവെങ്കിലും അത് ഇന്നാരാണെന്നു നിശ്ചയം വരായ്കയാൽ അവൾ വാതിൽ തുറന്നില്ല. പിന്നെ കൊച്ചുണ്ണി സ്വല്പം ഉറക്കെ വിളിക്കുകയും 'സംശയിക്കേണ്ട. ഞാൻ തന്നെയാണ്. വാതിൽ തുറക്കു' എന്നു സ്പഷ്ടമായി പറയുകയും ചെയ്കയാൽ അവൾക്ക് ആൾ ഇന്നാരാണെന്നു മനസ്സിലാവുകയും വിളക്കു കൊളുത്തിക്കൊണ്ടു വന്നു വാതിൽ തുറക്കുകയും ചെയ്തു. പിന്നെ അവൾ വേഗം അരിവെച്ചു രണ്ടുപേരും അത്താഴമുണ്ടു. കൊച്ചുണ്ണിക്കു പറ്റിയ അബദ്ധം അവനും ഭാൎയ്യക്കുണ്ടായ വിഷാദവും മററും അവരും പരസ്പരം പറഞ്ഞു. പുംശ്ചലിമാരുടെ ദുഷ്ടതയെക്കുറിച്ചും തന്റെ ഭാൎയ്യ

Digitised By Kerala Sahitya Akademi

യുടെ മനോഗുണങ്ങളേയും സ്നേഹത്തേയും കുറിച്ചും കൊച്ചുണ്ണിക്ക് അന്നു കണ്ടും കേട്ടും അനുഭവിച്ചു നല്ലപോലെ അറിയാനിടയായി. അന്നു മുതൽ അവൻ അന്യസ്ത്രീസംസർഗ്ഗമെന്നുള്ള ദുഷ്പ്രവൃത്തി വേണ്ടെന്നു വെക്കുകയും ചെയ്തു. പിന്നെ എന്നും കൊച്ചുണ്ണി ഏകപത്നീവ്രതത്തോടുകൂടി തന്നെയാണ് ഇരുന്നിട്ടുള്ളത്.

കൊച്ചുണ്ണി ആ രാത്രി ഭാര്യയോടുകൂടി സ്വഗൃഹത്തിൽ താമസിക്കുകയും നേരം വെളുക്കുന്നതിനു മുമ്പ് അവിടെനിന്നു പോവുകയും ചെയ്തു. പിന്നെയുമവൻ ഒളിച്ചുനടന്നുകൊണ്ട് ഓരോ അക്രമങ്ങൾ പ്രവർത്തിച്ചുതന്നെ കാലക്ഷേപം കഴിച്ചുവന്നു. അവൻ സ്വഗൃഹത്തിൽ ചില ദിവസം രാത്രിയിൽ ആരുമറിയാതെ ചെല്ലാറുണ്ടായിരുന്നതല്ലാതെ പതിവായിട്ട് അവിടെ പോകാറില്ലായിരുന്നു എങ്കിലും ഭാര്യക്കു യാതൊന്നിനും ബുദ്ധിമുട്ടിന് ഇടയാകാതെ അവൻ അവിടെ എത്തിച്ചുകൊടുത്തുകൊണ്ടുതന്നെയാണിരുന്നത്.

കൊച്ചുണ്ണി തടവു ചാടിപ്പോയതിന്റെ പിറേറദിവസം കാർത്തികപ്പള്ളിത്താലൂക്കിൽ മുഴുവനും അടുത്ത പ്രദേശങ്ങളിലും ഒരു വലിയ ഭൂകമ്പംതന്നെയായിരുന്നു. നേരം വെളുത്തപ്പോൾ കൊച്ചുണ്ണിയെ കാണായ്കയാൽ ഠാണാമുതൽപ്പേരും ശിപായിമാരുമെല്ലാം അണ്ടികളഞ്ഞ അണ്ണാനെപ്പോലെ വിഷണ്ണന്മാരായിത്തീർന്നു. ഉടനെ വിവരം തഹശീൽദാരെ അറിയിച്ചു. തഹശീൽദാർ കോപംകൊണ്ടും വ്യസനംകൊണ്ടും പരവശനായിത്തീർന്നു. അപ്പോഴേക്കും കീരിക്കാട്ട് ഒരു വീട്ടിൽ ഒരു സ്ത്രീയേയും ഒരു പുരുഷനേയും വെട്ടിക്കൊന്നിട്ടിരിക്കുന്നു എന്നുള്ള വർത്തമാനവും തഹശീൽദാർ കേട്ടു. അദ്ദേഹം ആകപ്പാടെ പരിഭ്രമിച്ചുവശായി. എന്താണ് വേണ്ടത്, എങ്ങോട്ടാണ് പോകേണ്ടത് എന്നിങ്ങിനെയുള്ള വിചാരംകൊണ്ടു സംഭ്രാന്തചി

Digitised By Kerala Sahitya Akademi

ത്തനായ തഹശിൽദാർ കൊച്ചുണ്ണിയെ അന്വേഷിച്ചു പിടിക്കുന്നതിനായി പോലീസ്സുകാരെ വീണ്ടും നിയോഗിച്ചു. പോലീസ്സുകാർ വളരെ ആളുകളെ സഹായത്തിനു കൂട്ടികൊണ്ടു നാലുവഴിക്കും ഓട്ടവും അന്വേഷണങ്ങളും തുടങ്ങി. തഹശിൽദാരും ഗ്രാമസ്ഥനും ചില ശേവുകക്കാരും ഒട്ടു വളരെ ആളുകളുമായി കീരിക്കാട്ടേക്കും പോയി. സ്ഥലത്തു ചെന്നു ശവങ്ങൾ കണ്ടു യാദാസ്ത്യെഴുതുകയും അവ മറവു ചെയ്യുന്നതിനു വേണ്ടുന്ന എപ്പാടുകൾ ചെയ്യുകയും ചെയ്തു. മരിച്ചതു കൊച്ചുണ്ണിയെ പിടിക്കാൻ സഹായിച്ചവരാണെന്ന് അറിഞ്ഞപ്പോൾത്തന്നെ അവരെ കൊന്നതു കൊച്ചുണ്ണിതന്നെയാണെന്നു തഹശിൽദാർ തീച്ചപ്പെടുത്തി. ചിലരുടെ അഭിപ്രായം കൊച്ചുണ്ണിയല്ല ഈ കൃത്യം നടത്തിയതെന്നും അവന്റെ കൂട്ടുകാരായിരിക്കണമെന്നുമായിരുന്നു. അപ്രകാരംതന്നെ കൊച്ചുണ്ണി തടവുചാടിപ്പോയത് അവന്റെ സാമത്ഥ്യംകൊണ്ടു മാത്രമായിരിക്കയില്ലെന്നും അവൻ റാണാക്കാരെ സ്വാധീനപ്പെടുത്തി അവരുടെ അറിവോടുകൂടിയായിരിക്കണമെന്നും ചിലർ അഭിപ്രായപ്പെട്ടു. ഇങ്ങിനെ ഓരോരുത്തർ ഓരോന്നു പറഞ്ഞുതുടങ്ങി എന്നല്ലാതെ ഒന്നിനും മതിയായ ലക്ഷ്യമൊന്നുമില്ല. സകല ദിക്കിലും സകല ജനങ്ങളുടെ ഇടയിലും കൊച്ചുണ്ണിയെന്നും തടവുചാടിയെന്നും ഇരട്ടക്കൊലപാതകമെന്നും മററുമുള്ള സംസാരമല്ലാതെ കേൾപ്പാനില്ല. അങ്ങിനെ രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോൾ എല്ലാമൊട്ടു ശമിച്ചുതുടങ്ങി.. പോലീസ്സുകാരും മററും കഴിയുന്ന അന്വേഷണങ്ങളെല്ലാം നടത്തീട്ടും കൊച്ചുണ്ണിയുടെ പൊടിപോലും കാണ്മാൻ കഴിഞ്ഞില്ല. അതിനിടക്ക് അവൻ നാടുവിട്ടു പൊയ്ക്കളഞ്ഞു എന്നും ഒരു സംസാരം ചിലർ പറഞ്ഞുതുടങ്ങി. പക്ഷെ കൊച്ചുണ്ണിയും കൂട്ടുകാരുംകൂടി ദിവസാപ്രതി ഓരോ അക്രമങ്ങളും കൊള്ളകളും വീണ്ടും നട

Digitised By Kerala Sahitya Akademi

ത്തിക്കൊണ്ടിരുന്നതിനാൽ അവൻ എങ്ങും പോയിട്ടില്ലെന്നുതന്നെയായിരുന്നു എല്ലാവരുടേയും വിശ്വാസം. വാസ്തവവും അങ്ങിനെതന്നെയായിരുന്നു.

കൊച്ചുണ്ണിയുടെ അക്രമങ്ങളും കൊള്ളകളും വീണ്ടും നാൾക്കുനാൾ വർദ്ധിച്ചുവരികയാൽ അവനെ പിടിച്ചേല്പിക്കുന്നതിനു മേലാവിൽനിന്ന് ഉത്തരവുകൾ ദിവസംപ്രതി വന്നുകൊണ്ടിരുന്നു. പോലീസ്സുകാരുടെ അന്വേഷണവും മുറയ്ക്കു നടന്നുകൊണ്ടുതന്നെയിരുന്നു. എന്തെല്ലാമായിട്ടും അവനെ പിടികൂടാൻ കഴിഞ്ഞില്ല. അവന്റേയും കൂട്ടുകാരുടേയും ഉപദ്രവങ്ങൾകൊണ്ടു യാത്രക്കാർക്കു കരവഴിക്കും വള്ളംവഴിക്കും സഞ്ചരിക്കാൻ നിവൃത്തിയില്ലാതെയായിത്തീർന്നു. കൊച്ചുണ്ണിയും കൂട്ടരും എപ്പോൾ എവിടെയുണ്ടായിരിക്കുമെന്ന് ആർക്കും നിശ്ചയമില്ല. ചില ദിവസങ്ങളിൽ അവർ കായംകുളത്തിനു സമീപമുള്ള വഴികളിൽ കരസ്ഥരായിരിക്കും. ചില ദിവസങ്ങളിൽ ചില ഓടിവള്ളങ്ങളിൽക്കയറി അവർ കായലിൽ സഞ്ചരിക്കുകയായിരിക്കും. അത് എന്തെല്ലാമെന്നും എപ്പോഴെല്ലാമെന്നും ആർക്കും നിശ്ചയിക്കാൻ പാടില്ലായിരുന്നു. എന്നാൽ മിക്കപ്പോഴും അവരുടെ ഉപദ്രവം രാത്രികാലങ്ങളിലായിരുന്നു.

കൊച്ചുണ്ണിക്കു കൂട്ടുകാർ പലരുമുണ്ടായിരുന്നു. എന്നാൽ അവരിൽ പ്രധാനന്മാർ കോപ്പാറപ്പറമ്പിൽ മമ്മത്, കടുവച്ചേരി വാവാ, കോട്ടപ്പുറത്തു ബാപ്പുകുഞ്ഞു, ചക്കോലത്തു ന്യാമ്മത്, വലിയകുളങ്ങരെ കുഞ്ഞുമരക്കാര്, വാഴ്വീട്ടുവടക്കേടത്തു കൊച്ചുപിള്ള എന്നിവരായിരുന്നു. ഇവരെല്ലാം വലിയ അഭ്യാസികളും അക്രമികളും ശക്തന്മാരുമായിരുന്നു. എന്നാൽ കോപ്പാറപ്പറമ്പിൽ മമ്മതു സാധുക്കളേയും ഉപദ്രവിക്കുന്നവനും എന്തും ചെയ്യാൻ മടിയില്ലാത്തവനുമായിരുന്നു. സാധുപീഡനം കൊച്ചുണ്ണി

Digitised By Kerala Sahitya Akademi

ഒരു വലിയ വിരോധമായിരുന്നു. അതിനാൽ മേഘത്തിനെ അവൻ ഇടക്കാലത്ത് ഉപേക്ഷിച്ചുകളഞ്ഞു.

കൊച്ചുണ്ണി ചില ദിവസങ്ങളിൽ സ്വഗൃഹത്തിൽ പോകാറുണ്ടെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അതിനാൽ അവന് ആ ഒളിച്ചുനടന്ന കാലത്തിനിടക്കു മൂന്നു പുത്രന്മാരും ഒരു പുത്രിയും ജനിച്ചു എന്നുള്ളതും വക്തവ്യമായിരിക്കുന്നു.

ഇങ്ങിനെ കൊച്ചുണ്ണി 1015-ാമാണ്ടു മുതൽ 25-ാമാണ്ടുവരേയും അതിന്റെശേഷം 1033-ാമാണ്ടുവരേയും ആകെ 18 വഷം പിടികിട്ടേണ്ടും പുള്ളിയായി ഒളിച്ചുനടന്നും അക്രമപ്രവൃത്തികൾകൊണ്ടുതന്നെ ഉപജീവനം കഴിച്ചും കാലക്ഷേപം ചെയ്തുവന്നു. 1033-ാമാണ്ടു മകരമാസത്തിൽ സർ ടി. മാധവരായരവർകൾ തിരുവിതാംകൂർ ദിവാനായി നിയമിക്കപ്പെട്ടു. അതോടുകൂടി കൊച്ചുണ്ണിക്കു ഗ്രഹപ്പിഴയും ആരംഭിച്ചു. മാധവരായർ ദിവാൻജിയായതിന്റെശേഷം രാജ്യക്ഷേമത്തിനായി അനേകം പരിഷ്കാരങ്ങൾ ചെയ്യണമെന്നു നിശ്ചയിച്ച കൂട്ടത്തിൽ പ്രധാനമായ ഒരു കാര്യം കൊച്ചുണ്ണി മുതലായവരുടെ അക്രമവും തന്നിമിത്തം ജനങ്ങൾക്കുള്ള ഉപദ്രവവും നിറുത്തേണമെന്നുള്ളതായിരുന്നു. അദ്ദേഹം അതിനു വേണ്ടുന്ന ശ്രമങ്ങളും ചട്ടംകെട്ടുകളും മുറക്കു തുടങ്ങി. ആയിടക്കു ചങ്ങനാശ്ശേരിയിൽച്ചേൎന്ന വാഴപ്പള്ളിയിൽ പാപ്പാടിയിൽ കുഞ്ഞുപണിക്കർ കാർത്തികപ്പള്ളിൽ തഹശീൽദാരായി നിയമിക്കപ്പെടുകയും ആ തഹശീൽദാരുടെ പേക്കു ദിവാൻജി കൊച്ചുണ്ണിയെ പിടിച്ചയക്കുന്നതിനു പ്രത്യേകം ഉത്തരവയച്ചു ചട്ടംകെട്ടുകയും ചെയ്തു. കുഞ്ഞുപണിക്കർ തഹശീൽദാർ നല്ല സമത്ഥനും ബുദ്ധിമാനും കാര്യശേഷിയുള്ളവനുമായിരുന്നു. എങ്കിലും അദ്ദേഹം പലവിധ ശ്രമങ്ങൾ ചെയ്തിട്ടും കൊച്ചുണ്ണിയെ പിടികിട്ടിയില്ല. ഒടുക്കം അദ്ദേഹം അ

Digitised By Kerala Sahitya Akademi

വൻെറ കൂട്ടുകാരിൽ ചിലരെ സ്വാധീനപ്പെടുത്താതെ ഈ കാൎയ്യം ഒരിക്കലും സാധിക്കയില്ലെന്നു തീൎച്ചപ്പെടുത്തി. പിന്നെ അതിനായി ചില അന്വേഷണങ്ങളും ശ്രമങ്ങളും തുടങ്ങി. ആ അന്വേഷണത്തിൽ 'കോപ്പാറപ്പറമ്പിൽ മമ്മത്' എന്നവനെ കൊച്ചുണ്ണി ഉപേക്ഷിച്ചുകളയുകയാൽ അവനു കൊച്ചുണ്ണിയോടു നല്ല രസമില്ലാതെ ഇരിക്കുകയാണെന്ന് അറിവു കിട്ടി. ഉടനെ മമ്മതിന് ഒരാളെ അയച്ച് അവനെ ഉപായത്തിൽ തഹശിൽദാർ തൻെറ അടുക്കൽ വരുത്തുകയും അവനെ സാമദാനാദികൾകൊണ്ടു സ്വാധീനപ്പെടുത്തുകയും അവൻ മുഖാന്തരം കൊച്ചുണ്ണിയുടെ മററുള്ള കൂട്ടുകാരെക്കൂടി വശീകരിക്കുകയും കൊച്ചുണ്ണിയെ അകപ്പെടുത്താനുള്ള കൗശലങ്ങളെല്ലാം പറഞ്ഞു നിശ്ചയിക്കുകയും ചെയ്തു.

ഒരു ദിവസം വൈകുന്നേരം കൊച്ചുണ്ണിയുടെ ഇഷ്ടനും പ്രധാന കൂട്ടുകാരിൽ ഒരാളുമായ വാഴൂത്തു വടക്കേടത്തു കൊച്ചുപിള്ള എന്നയാൾ അയാളുടെ ഭാൎയ്യാഗൃഹമായ അമ്പിയിൽവീട്ടിൽ കൊച്ചുണ്ണിയേ വിളിച്ചുകൊണ്ടു പോയി ചില ലഹരിയുള്ള പദാൎത്ഥങ്ങളും മററും കൊടുത്ത് അവനെ ബോധരഹിതനാക്കിത്തീൎത്തു. കൊച്ചുണ്ണി തല പൊക്കാൻ പാടില്ലാതെ മയങ്ങി ഒരു കട്ടിലിൽ കിടപ്പായി. ആ സമയം മമ്മത്, ന്യാറാമ്മദ്, ബാപ്പുക്കുഞ്ഞ്, കുഞ്ഞുമരക്കാര്, വാവാ, കൊച്ചുപിള്ള മുതൽപേരും തഹശിൽദാരവർകളാൽ അയക്കപ്പെട്ട കൊച്ചുകുഞ്ഞുപിള്ള മുതലായവരും കൂടി വലിയ കയറുകളിട്ടു കൊച്ചുണ്ണിയെ കട്ടിലോടുകൂടി വരിഞ്ഞുകെട്ടി. കെട്ടു മുറുകിത്തുടങ്ങിയപ്പോൾ കൊച്ചുണ്ണി കണ്ണു തുറന്നു നോക്കുകയും 'കൊച്ചുപിള്ളക്കുഞ്ഞേ! നീയാണോ എന്നെ ചതിച്ചത്. അപ്പൻെറ മുഖത്തു ചിരവടിക്കുന്ന മാതിരി നിനക്കുണ്ടെന്നു ഞാൻ വിചാരിച്ചിരുന്നില്ല. എന്നെച്ചതി

Digitised By Kerala Sahitya Akademi

ച്ചുവാങ്ങാം എന്റെ അനുഭവം വരുത്താനല്ല. എന്തുചെയ്യുമ്പോഴും ഫലിക്കാതെ പോയേനെയ്ക്കു് എന്നു പറകയും ആ കിടന്നകിടപ്പിൽ അന്നുവരെ കയ്യിലുണ്ടായിരുന്ന 'കത്താൾ' എന്ന ആയുധം കൊണ്ടു ചിലരെയൊക്കെ വെട്ടുകയും കുത്തുകയും ചെയ്തു വലിയ മുറിവുകളേല്പിക്കുകയും ചെയ്തു. അതേറ്റവരെല്ലാം ഒഴിഞ്ഞുപോകാൻ പാടില്ലാത്ത വിധം കെട്ടപ്പെടുകയും കൊച്ചുപിള്ള മുതൽപേർ ആയുധം തട്ടിയെടുത്തുകൊണ്ടുപോകയും ചെയ്തു. പിന്നെ പോലീസ്സുകാരും അവരുടെ കൂട്ടത്തിലുണ്ടായിരുന്നവരും മററും കൂടി കൊച്ചുണ്ണിയെ കെട്ടിപ്പൊതിഞ്ഞെടുത്തു കാർത്തികപ്പള്ളിൽ ഠാണാവിൽ കൊണ്ടുചെന്നു പാറാവിലാക്കി. പിറേറദിവസം രാവിലെ തഹശീൽദാരദ്ദേഹം ഠാണാവിൽ ചെന്നു കൊച്ചുണ്ണിക്കു വിലങ്ങു വച്ചിടുകയും അനേകം കുന്തക്കാർ വാളുരിപ്പിടിച്ച പോലീസ്സുകാർ മുതലായി അനേകമാളുകളെക്കൂട്ടി അവനെ ഠാണാപ്പാറാവു വഴി തിരുവനന്തപുരത്തേക്കു് അയയ്ക്കുകയും ചെയ്തു. കൊച്ചുണ്ണിയെ തിരുവനന്തപുരത്തു കൊണ്ടുചെന്നിരിക്കുന്നതായി അറിഞ്ഞയുടനെ ദിവാൻജി അവനെ കച്ചേരിയിൽ വരുത്തിക്കാണുകയും പന്തിരുഠാണാവിലാക്കി പ്രത്യേകം സൂക്ഷിക്കുന്നതിന് ഉത്തരവു കൊടുക്കുകയും അവന്റെ പേരിലുണ്ടായിരുന്ന കേസ്സുകളെല്ലാം മുസ്സു വിസ്തരിച്ചു വിധി കല്പിക്കുന്നതിനു വേണ്ടുന്ന ഏർപ്പാടുകളെല്ലാം ചെയ്യുകയും ചെയ്തു.

കൊച്ചുണ്ണിയെ പിടിച്ചു ബന്ധനത്തിലാക്കുന്നതിനു സഹായിക്കുകയും ശ്രമിക്കുകയും ചെയ്തവരിൽ പ്രധാനന്മാർ കൊച്ചുപിള്ള, കൊച്ചുകുഞ്ഞുപിള്ള, ഉമ്മത് എന്നിവരായിരുന്നു. അവരിൽ പിടികൊട്ടു പ്രവൃത്തിയിൽ കണക്കു തകെടിയവർക്കായിട്ടു കൊച്ചുകുഞ്ഞുപിള്ളയ്ക്കു കൃഷ്ണപുരം പാർവത്യവും കൊച്ചുപിള്ളയ്ക്കു പള്ളിയൂർ പാർവത്യവും ഉമ്മതിന് ഉടവാ മുതലാംപ്പേരുചലയും തഹശീൽദാരദ്ദേഹം

Digitised By Kerala Sahitya Akademi

ശ്രുപാൾ ചെയ്തു കൊടുപ്പിച്ചു. എങ്കിലും അവരും കൊച്ചു
ണ്ണിയുടെ കൂട്ടുകാരെന്നോ മറ്റോ ബാധിക്കാൻ കൂടിയവരുമാ
യ കടുവാക്കുഴി പാപ്പാ, കോട്ടപ്പുറത്തു ചാപ്പക്കുഞ്ഞു, ച
ക്കോലത്തു ന്യൂറമ്മതു, വലിയതളങ്ങരെ കുഞ്ഞുമരക്കാര്
എന്നിവരും താമസിയാതെ ഓരോ കേസ്സുകളിലകപ്പെട്ടു
14 വൎഷം വീതം കഠിനതടവിനു വിധിക്കപ്പെട്ടു പന്തിരു
റാണാവിൽ കൊച്ചുണ്ണിയുടെ അടുക്കൽത്തന്നെ ചെന്നു
ചേൎന്നു. അവരെ കണ്ടപ്പോൾ സന്തോഷഭാവത്തോടുകൂ
ടി കൊച്ചുണ്ണി 'എന്താ കൂട്ടരേ! ഞാൻ പറഞ്ഞതുപോലെ
പററി, ഇല്ലേ'—എന്നു ചോദിച്ചു. അപ്പോൾ അവൎക്കെ
ല്ലാം എത്രമാത്രം പശ്ചാത്താപമുണ്ടായി എന്നു പറയാൻ
പ്രയാസം. കൊച്ചുണ്ണി തന്റെ പേരിലുള്ള കേസ്സുകൾ
വിസ്തരിച്ചുതീരുന്നതിനു മുമ്പു റാണാവിൽ കിടന്നുതന്നെ
1034-ാമാണ്ടു കന്നിമാസത്തിൽ തന്റെ 41-ാമത്തെ വയ
സ്സിൽ ചരമഗതിയെ പ്രാപിക്കുകയും ചെയ്തു. കൊച്ചു
ണ്ണിയെ പിടികൂടി തിരുവനന്തപുരത്തേക്കയച്ചതു 33-ാമാ
ണ്ടു മിഥുനമാസത്തിലായിരുന്നു. അവന് ആകെ 91 ദി
വസം മാത്രമേ തടവിൽ കിടന്നു കഷ്ടപ്പെടേണ്ടതായി വ
ന്നുള്ളൂ.

കൊച്ചുണ്ണി കാഴ്ചയിൽ നല്ല സുന്ദരനും ആജാനുബാ
ഹുവും വെളുത്തുചുവന്ന നിറത്തോടുകൂടിയ കോമളനുമാ
യിരുന്നു. അവന്റെ വിരിഞ്ഞ നെഞ്ചും ഒതുങ്ങിയ അര
യും വട്ടമുഖവും നീണ്ടകണ്ണുകളും വളഞ്ഞിരുണ്ട പുരികങ്ങ
ളും എന്നുവേണ്ട, സകല അവയവങ്ങളും അത്യന്തം മനോ
ഹരങ്ങളായിരുന്നു. അവന്റെ സംഭാഷണം വളരെ ശാ
ന്തവും മധുരവുമായിരുന്നു. കൊച്ചുണ്ണി ആകെ രണ്ടു സ്ത്രീ
കളേയും ഒരു പുരുഷനേയുമല്ലാതെ കൊന്നിട്ടില്ല. അവ
ന്റെ കൂട്ടുകാരായിരുന്ന മമ്മതു മുതലായവരുടെ അക്രമ

Digitised By Kerala Sahitya Akademi

ങ്ങൾ വിചാരിച്ചാൽ കൊച്ചുണ്ണി വളരെ മര്യാദക്കാരനായിരുന്നുവെന്നുതന്നെ പറയാം.

കൊച്ചുണ്ണിക്കു മൂന്നു പുത്രന്മാരും ഒരു പുത്രിയുമാണുണ്ടായിരുന്നതെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. അവരിൽ പ്രഥമ പുത്രൻ ഒരു ശിക്ഷയിലകപ്പെട്ടു ജെയിലിൽക്കിടന്നുതന്നെ മരിച്ചു. രണ്ടാമത്തെ പുത്രനും ഒരു ശിക്ഷയിലുൾപ്പെട്ടു ജെയിലിലാക്കപ്പെട്ടുവെങ്കിലും അവൻ തടവുചാടിപ്പൊയ്ക്കളഞ്ഞു. അവനിപ്പോൾ ഉണ്ടോ ഇല്ലയോ, ഉണ്ടെങ്കിൽതന്നെ എവിടെയാണ് എന്നൊന്നും തൃപമില്ല. മൂന്നാമത്തെ പുത്രൻ ഇപ്പോൾ കച്ചവടംചെയ്തു ഓച്ചിറയും, പുത്രി എരുവയിൽ ഭർത്തൃഗൃഹത്തിലും താമസിച്ചുവരുന്നു. ഇത്രയുമൊക്കെയാണ് കായംകുളം കൊച്ചുണ്ണിയുടെ ജീവിതകഥാസംക്ഷേപം. ഇനി കൊച്ചുണ്ണിയുടെ ഓരോ അക്രമപ്രവൃത്തികളും അത്ഭുതകർമ്മങ്ങളും പിന്നാലെ വിവരിക്കാം.

കൊച്ചുണ്ണി ആൾമാറാട്ടം കൺകെട്ടു മുതലായ ജാലവിദ്യകളും അഭ്യസിച്ചിട്ടുണ്ടെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ അവൻ അവയൊന്നും സാധാരണ പ്രയോഗിക്കാറില്ല. നിവൃത്തിയില്ലാതെവരുന്ന അവസരങ്ങളിലേ അവ പ്രയോഗിക്കാവു എന്നാണ് അവന്റെ ഗുരുനാഥനായ തങ്ങൾ അവനോടു പറഞ്ഞിരുന്നത്. എങ്കിലും കൊച്ചുണ്ണി ഒരു വിദ്യ ഒരിക്കലൊന്നു പ്രയോഗിച്ചുനോക്കി.

കൊച്ചുണ്ണിയുടെ സ്വദേശമായ കീരിക്കാട്ട് ഏറ്റവും ധനവാനായ ഒരു നായരുണ്ടായിരുന്നു. കുടുംബകാര്യങ്ങളെല്ലാം അന്വേഷിച്ചുനടത്തിയിരുന്നത് അയാൾതന്നെയായിരുന്നുവെങ്കിലും അയാളുടെ സ്ഥിരതാമസം ഭാര്യാഗൃഹത്തിലായിരുന്നു. അയാൾ ഭാര്യയ്ക്കു പുതിയതായി ഒരു വീടു പണിയിച്ചുകൊടുത്തു. അത് അകമേ നിരയും പുറമേ ഭിത്തിയുമായി വളരെ ഉറപ്പോടും ബലത്തോടുംകൂടിയാണ് പണിയിച്ചത്. ആ പുരപണി നടന്നുകൊണ്ടിരു

Digitised By Kerala Sahitya Akademi

ന്നപ്പോൾ അയാളുടെ ഒരു സ്നേഹിതൻ പുരപണി കാണാനായിട്ട് അവിടെ ചെന്നു. പണികളെല്ലാം നോക്കീട്ട് ആ മനുഷ്യൻ, 'പുരയ്ക്കു ഭിത്തിയോ നിരയോ ഏതാണെങ്കിലും ഒന്നു പോരേ? രണ്ടുംകൂടി ഇതെന്തിനാണ്?' എന്നു ചോദിച്ചു. അപ്പോൾ നായർ 'പണ്ടൊക്കെ അതു മതിയായിരുന്നു. ഇതു കൊച്ചുണ്ണിയുടെ കാലമായതുകൊണ്ട് അതു പോരാ. ഭിത്തിയോ നിരയോ ഒന്നു മാത്രമായിരുന്നാൽ അവൻ കുത്തിപ്പൊളിച്ച് അകത്തു കടക്കും. രണ്ടുംകൂടി പൊളിച്ച് അകത്തു കടക്കാൻ അത്രയെളുപ്പമില്ലല്ലോ' എന്നു പറഞ്ഞു. അതു ശരിതന്നെ എന്നു മറ്റേയാളും സമ്മതിക്കുകയും ചെയ്തു. ഇങ്ങിനെ ഇവർ തമ്മിൽ പറഞ്ഞ ഈ വർത്തമാനം എങ്ങിനെയോ കൊച്ചുണ്ണി അറിഞ്ഞു. എങ്കിലും തൽക്കാലം അവനൊന്നിനും പോയില്ല.

പുരപണിയും വാസ്തുബലിയും ഗൃഹപ്രവേശവുമെല്ലാം കഴിഞ്ഞു ഭാര്യാപുത്രാദികളോടുകൂടി നായർ പുത്തൻ പുരയിൽ താമസവുമായി. നായർ വല്ല കാര്യസ്ഥനും കണിശക്കാരനുമായിരുന്നു. പൊന്നു പണയം കിട്ടാതെ അയാൾ ആർക്കും ഒരു കൊച്ചുകാശുപോലും കടംകൊടുക്കുക പതിവില്ല. പലരും പണയംവെച്ച് അയാളോടു പണം വാങ്ങാറുമുണ്ടായിരുന്നു. ഒരിക്കൽ അവിടെ അടുക്കൽ തന്നെയുള്ള ഒരാൾക്ക് ഒരായിരം രൂപയ്ക്ക് ഒരത്യാവശ്യം നേരിടുകയാൽ ഏകദേശം രണ്ടായിരം രൂപ വിലയ്ക്കുള്ള പൊൻപണ്ടങ്ങൾ ഈയാളുടെ അടുക്കൽ പണയം വെച്ചു രൂപ വാങ്ങിക്കൊണ്ടുപോയി. ആ വിവരവും എങ്ങിനെയോ കൊച്ചുണ്ണി അറിഞ്ഞു.

അങ്ങിനെയിരിക്കുമ്പോൾ കൊച്ചുണ്ണിക്കു ചെലവിനൊന്നുമില്ലാതെ ഒരിക്കൽ വലിയ ഞെരുക്കമായിത്തീർന്നു. എന്തെങ്കിലും ഈ നായരുടെ അടുക്കൽ പോയി ചോദിക്കാം എന്നു വിചാരിച്ച് അവൻ അയാളുടെ അടുക്കൽ

Digitised By Kerala Sahitya Akademi

ചെന്ന് 'എനിക്ക് ഒരഞ്ചുറു ഉറുപ്പികയ്ക്ക് അത്യാവശ്യം നേരി ട്ടിരിക്കുന്നു. ഇവിടെയുണ്ടെങ്കിൽ കിട്ടിയാൽകൊള്ളാം' എന്നു പറഞ്ഞു.

നായർ—അത്യാവശ്യം, ചെലവിനൊന്നുമില്ല, അതുതന്നെ അല്ലേ? ആട്ടെ, ഉറുപ്പിക ഞാൻ തരാം. എന്നാലതു കൊച്ചുണ്ണിയെ പേടിച്ചിട്ടാണെന്നു വിചാരിക്കരുത്. കൊച്ചുണ്ണിയുടെ അക്രമമൊന്നും ഇവിടെ പററുകയില്ല. അതു കരുതിത്തന്നെയാണ് ഞാൻ പുര പണിയിച്ചിരിക്കുന്നത്.

കൊച്ചുണ്ണി—അതു ഞാൻ പുര പണിക്കാലത്തുതന്നെ അറിഞ്ഞു. ഭയപ്പെടുത്തി പണം വാങ്ങുക എനിക്കു പതിവുമില്ല. മര്യാദയ്ക്കു ചോദിക്കും കിട്ടിയെങ്കിൽ വാങ്ങും; ഇല്ലെങ്കിൽ പിന്നെ വേറെ വഴി നോക്കും. അങ്ങിനെയാണ് പതിവ്.

നായർ—ശരിതന്നെ. അതെനിക്കറിയാം. എങ്കിലും വെറുതെ ഇവിടെ വന്നു വിഡ്ഢിത്തം കളിക്കേണ്ട എന്നു വിചാരിച്ചു പറഞ്ഞു എന്നേയുള്ളു.

ഇങ്ങിനെ പറഞ്ഞു നായർ നൂറു ഉറുപ്പികയും എണ്ണിക്കൊടുത്തു. കൊച്ചുണ്ണി വാങ്ങിക്കൊണ്ടു പോവുകയും ചെയ്തു. നായർ പണം കൊടുത്തതുകൊണ്ടു കൊച്ചുണ്ണിക്കു വലിയ സന്തോഷമായിത്തീർന്നു. 'ഇനി ഈയാളെ ഉപദ്രവിക്കുന്നതു കഷ്ടവും നമ്മുടെ പതിവിനു വിരോധവുമാണ്. എങ്കിലും ഈയാളുടെ ഊററത്തിന് ഇയ്യാളെ ഒന്നു പററിക്കാതെയിരിക്കുന്നതും ശരിയല്ല. ആട്ടെ, തരം വരാം. അപ്പോൾ നോക്കാം' എന്നിങ്ങിനെ വിചാരിച്ചു കൊച്ചുണ്ണി ആ നായരെ കളിപ്പിക്കുന്നതിനു തരം നോക്കിക്കൊണ്ടിരുന്നു.

അങ്ങിനെ അഞ്ചാറു മാസം കഴിഞ്ഞപ്പോൾ ഒരു ദിവസം സന്ധ്യാസമയത്ത് ആ നായർ എണ്ണതേച്ചു കുളിക്കാനായിട്ടു വീട്ടിൽനിന്ന് ഇറങ്ങിപ്പോയി. അയാളുടെ മ

Digitised By Kerala Sahitya Akademi

ഷ്ട അടുക്കളയിലേയ്ക്കും പോയി. മാത്രകഴിഞ്ഞപ്പോൾ ഭർത്താവു മുററത്തു വന്നുനിന്നു വിളിക്കുന്നതായി ആ സ്ത്രീയ്ക്കു തോന്നി. അവർ പുറത്തേയ്ക്കു വന്നപ്പോൾ അവൾക്കു തോന്നിയതുപോലെതന്നെ കാണുകയും ചെയ്യുകയാൽ 'കുളിക്കാൻ പോയിട്ടു കുളിക്കാതെ പോന്നതെന്താണ്' എന്നു ചോദിച്ചു. മുററത്തുനിന്നയാൾ, ഇന്നാൾ നമ്മുടെ കൃഷ്ണപിള്ള ചില പണ്ടങ്ങൾ ഇവിടെ പണയംവെച്ച് ആയിരം രൂപ വാങ്ങിക്കൊണ്ടുപോയിട്ടില്ലേ? അതു പലിശയോടുകൂടി കൊണ്ടുവന്നിരിക്കുന്നു. ആ പണയമെടുത്തുകൊടുക്കണം. എന്റെ കയ്യിന്മേലൊക്കെ എണ്ണയാണല്ലോ. അതുകൊണ്ടു താക്കോലെടുത്തു പെട്ടിതുറന്ന് ആ പണ്ടങ്ങൾ എടുത്ത് ഇങ്ങോട്ടു തരികയും, ഈ പണം പെട്ടിയിൽ വെച്ചു പൂട്ടി താക്കോൽ പതിവുള്ള സ്ഥലത്തുതന്നെ വെച്ചേയ്ക്കുകയും വേണം' എന്നു പറഞ്ഞ് ഒരു വലിയ 'ജാലിക' ഇറയത്തു വെച്ചു. ആ സ്ത്രീ അയാൾ പറഞ്ഞതുപോലെ ഒക്കെ ചെയ്തു. അയാൾ പണ്ടങ്ങളുമെടുത്തു പുറത്തേയ്ക്കിറങ്ങിപ്പോയി. സ്ത്രീ വീണ്ടും അടുക്കളയിലേക്കും പോയി.

അതിന്റെ ശേഷം പത്തുപതിനഞ്ചു ദിവസം കഴിഞ്ഞപ്പോൾ പണയംവെച്ചു പണം വാങ്ങിക്കൊണ്ടുപോയ കൃഷ്ണപിള്ള പണവും പലിശയും കൊണ്ടുവന്നു. ആ ധനികനായ നായർ മുതലും പലിശയുമെല്ലാം കണക്കുപറഞ്ഞ് എണ്ണിവാങ്ങിയതിന്റെ ശേഷം പണയപ്പണ്ടങ്ങളെടുത്തു കൊടുക്കാനായി താക്കോലെടുത്തു പെട്ടി തുറന്നു. അപ്പോൾ അതിൽ ഒരു വലിയ 'ജാലിക'യിരിക്കുന്നതായിക്കണ്ടു. അയാൾ വളരെ അത്ഭുതപ്പെട്ടു. താനറിയാതെ ഈ 'ജാലിക' പൂട്ടിവെച്ചിരുന്ന പെട്ടിയിൽ വന്നതെങ്ങിനെയെന്നു സംശയിച്ച് അയാൾ ഭാര്യയെ വിളിച്ചു ചോദിച്ചു.

ഭാര്യ—അല്ലേ! അതു നിങ്ങൾതന്നെ കൊണ്ടുവന്നു തന്ന്

Digitised By Kerala Sahitya Akademi

എന്നെക്കൊണ്ടു പെട്ടിയിൽ വെയ്പിച്ചതല്ലേ? എന്താ ഈയിട ഇത്ര വലിയ മറവി?.

നായർ—ഞാനിങ്ങിനെ ഒരു 'ജാളിക' കൊണ്ടുവന്നു തന്നുവോ? അത്ഭുതാതന്നെ. ഇതെന്നായിരുന്നു?

ഭാര്യ—ഇന്നു പത്തോ പതിനഞ്ചോ ദിവസമായിരിക്കും. അതിലധികമായിട്ടില്ല. ഇന്നാളൊരു ദിവസം സന്ധ്യക്ക് എണ്ണ തേച്ചുകൊണ്ടു കുളിക്കാൻ പോയില്ലെ? അന്നാണ്.

നായർ—അന്നെന്നല്ല, ഒരിക്കലും ഇങ്ങിനെ ഒരു 'ജാളിക' ഞാൻ നിന്റെ കയ്യിൽകൊണ്ടുവന്നു തരികയുണ്ടായിട്ടില്ല.

ഭാര്യ—ഇങ്ങിനെ പറഞ്ഞാൽ വിഷമമാണ്. കുളിക്കാനായി ഇറങ്ങിപ്പോയിട്ടു മാത്ര കഴിഞ്ഞപ്പോഴ് നിങ്ങൾ തിരിയെവന്നു മുറ്റത്തുനിന്നുകൊണ്ട് എന്നെ വിളിക്കുകയും ഞാൻ പുറത്തേക്കു വന്നപ്പോൾ കൃഷ്ണപിള്ള പണവും പലിശയും കൊണ്ടുവന്നിരിക്കുന്നുവെന്നും നിങ്ങളുടെ കയ്യിലുള്ളതൊക്കെ എണ്ണയുള്ളതുകൊണ്ടു ഞാൻ താക്കോലെടുത്തു പെട്ടി തുറന്നു പണയപ്പണ്ടങ്ങളെല്ലാമെടുത്തു തരികയും ഈ 'ജാളിക'യെടുത്തു പെട്ടിയിൽ വെച്ചു പൂട്ടി താക്കോൽ പതിവു സ്ഥലത്തുവെക്കുകയും ചെയ്യണമെന്നു നിങ്ങളെന്നോടു പറയുകയും 'ജാളിക' ഇറയത്തുവെച്ചു തരികയും ചെയ്തത് ഈ ദിവസത്തിനിടക്കു നിങ്ങൾ മറന്നുപോയോ? എന്നാൽ അത്ഭുതം തന്നെ.

നായർ—ഭ്രാന്തുപറയുന്ന നിന്നോട് എന്തു പറയുന്നു? ആട്ടെ, എന്നിട്ടു നിയാപ്പണ്ടങ്ങളൊക്കെ എന്തു ചെയ്തു.

ഭാര്യ—ഞാനെടുത്തു നിങ്ങളുടെ കയ്യിൽ കൊണ്ടുവന്നു തന്നു.

നായർ—അയ്യോ! ഇങ്ങനെ ഭോഷ്കു പറയരുത്. പെണ്ണു

ങ്ങൾ ധാരാളം പൊളി പറയുന്നവരാണ്. എന്നാൽ ഇങ്ങിനെ ആരും പറഞ്ഞുകേട്ടിട്ടില്ല. വിശേഷം ഇതിനു മുമ്പ് എന്നോടിങ്ങിനെ പറഞ്ഞിട്ടില്ല. ഇപ്പോൾ നിന്റെ ബുദ്ധിക്ക് എന്തോ സ്വല്പം — സ്വല്പമല്ല, വളരെ വല്ലായ്മ സംഭവിച്ചിട്ടുണ്ട്. അതാണിങ്ങിനെ പറയുന്നത്.

ഭാര്യ—എന്റെ ബുദ്ധിക്ക് ഒരു വല്ലായ്മയും വന്നിട്ടില്ല. വാസ്തവം പറഞ്ഞാൽ പറയുന്നോരുടെ ബുദ്ധിക്കുതന്നെയാണ് ഇപ്പോൾ എന്തോ വല്ലായ്മ പററിയിരിക്കുന്നത്.

ഇങ്ങിനെ അവർ തമ്മിൽ എന്താനും വാഗ്വാദം കഴിഞ്ഞതിന്റെശേഷം നായർ 'ജാളികൾ' അഴിച്ചു കുടഞ്ഞിട്ട് 'ഹാ കഷ്ടം! അതിലുണ്ടായിരുന്നതു മുഴുവനും കരിങ്കൽച്ചില്ലി. അയ്യോ!' എന്നൊരു നിലവിളിയോടുകൂടി നായർ മൂർഛിച്ചു നിലത്തുവീണു. നായരുടെ പാരവശ്യം കണ്ടു ഭാര്യയും ബോധംകെട്ടു വീണു. നായരെ കൃഷ്ണപിള്ളയും ഭാര്യയെ സമീപത്തുനിന്നിരുന്ന ദാസിയും താങ്ങിപ്പിടിച്ചു. രണ്ടു പേരുടേയും മുഖത്തു കുറേശ്ശ വെള്ളം തളിച്ചിട്ടു വിശറിയെടുത്തു വീശിത്തുടങ്ങി. മാത്രനേരം കഴിഞ്ഞപ്പോൾ നായർ കണ്ണു തുറന്ന് എണീററിരുന്നു. അയാൾ ധൈര്യത്തെ അവലംബിച്ചുകൊണ്ട്, 'ആട്ടെ കൃഷ്ണപിള്ള! പററിയതൊക്കെ പററി. പോയതൊക്കെ പോകട്ടെ. ഇനി നമ്മുടെ എപ്പോഴത്തേ തീർച്ചയെന്താണ് വേണ്ടതെന്നു പറയൂ' എന്നു പറഞ്ഞു.

കൃഷ്ണപിള്ള—ഞാനെന്തു പറയുന്നു? എല്ലാം നിങ്ങൾതന്നെ നിശ്ചയിച്ചാൽ മതി.

നായർ— നിങ്ങളുടെ പണ്ടങ്ങൾ കൈമോശം വന്നുപോയി. ഇനി നിങ്ങൾക്കു പകരം പണ്ടങ്ങൾ പണിയിച്ചുതരികയൊ വില തരികയൊ ചെയ്യാം. അ

Digitised By Kerala Sahitya Akademi

ല്ലാതെ നിവൃത്തിയില്ലല്ലൊ. അതിലേതാണ് വേണ്ട തെന്നു പറയൂ.

കൃഷ്ണപിള്ള—എനിക്കു പണ്ടമാണെങ്കിൽ എന്റെ പണ്ട ങ്ങൾതന്നെ കിട്ടണം. അല്ലെങ്കിൽ വില മതി. പക രം പണിയിച്ചുതരണമെന്നില്ല.

നായർ—അതിന്റെ വില തന്നേക്കാം. വില എന്തു വരും?

കൃഷ്ണ—അതു നമ്മൾ അന്നുതന്നെ തിട്ടപ്പെടുത്തീട്ടുണ്ട ല്ലോ. രണ്ടായിരം രൂപ വിലക്കുണ്ടെന്നു നിങ്ങൾത ന്നെയല്ലെ അന്നു സമ്മതിച്ചുപറഞ്ഞത്. എനിക്ക് അ തു കിട്ടിയാൽ മതി. ഞാൻ മഹ്സൂദക്കേടൊന്നും പറക യില്ല.

നായർ—ശരി. രണ്ടായിരം രൂപ തന്നേക്കാം. എന്നാൽ തൽക്കാലം മുഴുവനും തരുന്നതിന് ഇവിടെ പണമില്ലാ തെയിരിക്കുന്നു. നിങ്ങൾ കൊണ്ടുവന്നു തന്നതിൽനി ന്ന് ആയിരം രൂപ റൊക്കം തന്നേക്കാം. ആയിരം രൂപക്കു തൽക്കാലം ഞാനൊരു പ്രമാണം എഴുതിത്ത രാം. അതു പോരേ?

കൃഷ്ണ—ധാരാളം മതി. പ്രമാണംതന്നെ വേണമെന്നില്ല. നിങ്ങൾ തന്നേക്കാമെന്നു വാക്കു പറഞ്ഞാലും മതി.

നായർ—അതുപോരാ. മനുഷ്യാവസ്ഥകൾ പ്രമാണമുണ്ടാ യിരിക്കേണ്ടത് അത്യാവശ്യമാണ്. പണമേർപ്പാടിൽ ലൌകികവും ദാക്ഷിണ്യവും ആവശ്യമില്ല.

എന്നു പറഞ്ഞു നായർ ആയിരം രൂപ റൊക്കം എ ണ്ണിക്കൊടുക്കുകയും ഒരോലയെടുത്തു വാർന്നുമുറിച്ച് ആയി രം രൂപക്ക് ഒരു പ്രമാണമെഴുതിക്കൊടുക്കുകയും ചെയ്തിട്ടു 'കൃഷ്ണപിള്ളേ! ഈ ആയിരം രൂപ മുപ്പതുദിവസത്തിനകം തന്നു ഞാനിപ്രമാണം മടക്കി വാങ്ങിക്കൊള്ളാം. എ ന്നാൽ നിങ്ങൾ ഈ സംഗതി ആരോടും പറഞ്ഞുപോക രുത്. പണം പോകുന്നതിലല്ല, വല്ലവരുമൊക്കെ പരി

Digitised By Kerala Sahitya Akademi

ഹാസിക്കുന്നതു കേൾക്കുന്ന കാര്യമാണ് സങ്കടം' എന്നു പറഞ്ഞു.

കൃഷ്ണ—ഞാൻ പറഞ്ഞിട്ട് ഈ സംഗതി പുറത്തുപോവുകയില്ല നിശ്ചയംതന്നെ.

എന്നു പറഞ്ഞു. കൃഷ്ണപിള്ള പണവും പ്രമാണവുമെടുത്തു പുറത്തിറങ്ങിപ്പോയി. ഇത്രയും കഴിഞ്ഞപ്പോഴേക്കും നായരുടെ ഭാര്യക്കും ബോധം വീണു. അവരും എണീറ്റു പൂമുഖത്തു നായരുടെ അടുക്കൽ വന്നു. വിഷാദിച്ചു വിചാരമഗ്നനായി ഒന്നും മിണ്ടാതെയിരുന്നിരുന്ന നായരെ കണ്ടിട്ടു ഭാര്യ വ്യസനിച്ചുകൊണ്ടു ഓരോന്നു പറഞ്ഞുതുടങ്ങി. ആ സമയം നമ്മുടെ കൊച്ചുണ്ണി അവിടെക്കേറിച്ചെന്നു ഈ ഭാര്യാഭർത്താക്കന്മാരെ കണ്ടിട്ട് "ഇന്നെന്താ രണ്ടുപേരും ഒരുത്സാഹമില്ലാതെ വലിയ വിചാരത്തിൽ മുഴുകിയവരെപ്പോലെയിരിക്കുന്നത്" എന്നു ചോദിച്ചു. ഉടനെ ഭാര്യ അവിടെയുണ്ടായ സംഗതികളെല്ലാം കൊച്ചുണ്ണിയെ പറഞ്ഞു കേൾപ്പിച്ചു. അതു നായർക്ക് ഒട്ടും രസിച്ചില്ല. സംഗതി ആരെയും അറിയിക്കാതെ കഴിക്കണമെന്നായിരുന്നുവല്ലൊ അയാളുടെ വിചാരം. അതു ഭാര്യ മനസ്സിലാക്കിയില്ല. അവർ പറഞ്ഞു തുടങ്ങിയപ്പോൾ നായർ രണ്ടു മൂന്നു പ്രാവശ്യം ചില ആംഗ്യങ്ങൾകൊണ്ടു വിലക്കി. അതൊന്നും ആ സ്ത്രീ കണ്ടുമില്ല. വർത്തമാനമൊക്കെ കേട്ടു കഴിഞ്ഞപ്പോൾ കൊച്ചുണ്ണി നായരുടെ നേരെ നോക്കിട്ടു 'അയ്യോ കഷ്ടം! ഇതു വലിയ കുറച്ചിലായിപ്പോയി. പുര എങ്ങിനെ പണിയിച്ചാലും കൊണ്ടുപോകുന്നവൻ കൊണ്ടുപോകുകതന്നെ ചെയ്യുമെന്ന് ഇനിയെങ്കിലും മനസ്സിലായാൽ കൊള്ളാം. കൊച്ചുണ്ണിക്കു വല്ലതും വേണമെങ്കിൽ പുര കുത്തിപ്പൊളിച്ച് അകത്തു കടന്നിട്ടു വേണമെന്നില്ല. കൊച്ചുണ്ണി പുറത്തുനിന്നാലും വേണമെങ്കിൽ അകത്തുള്ളതു പുറത്തു വരും. ഇതാ കൃഷ്ണപിള്ളയുടെ പ

ങ്ങൾ. എല്ലാം ഇവിടെ വന്നു നോക്കിക്കൊള്ളണം. കൊണ്ടുചെന്നു കൊടുത്തതു് ഉടനെ നിങ്ങളുടെ ത്രാപയും പ്രമാണവും മടക്കിവാങ്ങിക്കൊണ്ടു പോരണം. എനിക്കിതിലൊന്നും വേണ്ട. ഇനിയെങ്കിലും നിങ്ങൾ മുമ്പു പറഞ്ഞിട്ടുള്ളതുപോലെ ഊററം പറയാതിരുന്നാൽ മതി' എന്നു പറഞ്ഞു പണ്ടങ്ങളെല്ലാം നായരുടെ മുമ്പിൽ വെച്ചിട്ടു കൊച്ചുണ്ണി ഇറങ്ങിപ്പോവുകയും ചെയ്തു. പണ്ടങ്ങൾ കിട്ടിയതുകൊണ്ടു നായൎക്കു വളരെ സന്തോഷമുണ്ടായി എങ്കിലും അയാളുടെ മുഖം ആ സമയം പുളിശ്ശേരി കുടിച്ചതുപോലെ ഇരുന്നുവെന്നുള്ളതു പറയണമെന്നില്ലല്ലൊ. ഭാൎയ്യയുടെ മനസ്സിൽ അത്ഭുതമോ ലജ്ജയോ അധികമുണ്ടായതെന്നു തീൎച്ചപറയാൻ പ്രയാസം. കൊച്ചുണ്ണി ആൾമാറാട്ടവിദ്യയിലും അദ്വിതീയനായിരുന്നുവെന്നുള്ളതു് ഈ കഥകൊണ്ടു സ്പഷ്ടമാകുന്നുണ്ടല്ലൊ. ഈ സംഗതി പ്രസിദ്ധമായപ്പോൾ നാട്ടുകാരുടെയിടയിൽ കൊച്ചുണ്ണിയെക്കുറിച്ചുണ്ടായിരുന്ന ഭയവും ബഹുമാനവും ശതഗുണീഭവിച്ചു.

ഇനി കൊച്ചുണ്ണിയുടെ തൽക്കാലോചിതകൎത്തവ്യജ്ഞാനത്തിനു ദൃഷ്ടാന്തമായിട്ടു് ഒരു സംഗതി പറയാം.

ഒരിക്കൽ കൊച്ചുണ്ണി ചെലവിനൊന്നുമില്ലാതെ ബുദ്ധിമുട്ടുകയാൽ കായംകുളത്തുള്ള ധനവാനായ ഒരു നായരുടെ അടുക്കൽ ചെന്നു നൂറുപറ നെല്ലു കിട്ടിയാൽകൊള്ളാമെന്നു പറഞ്ഞു. നായർ 'പണം കൊണ്ടുവന്നിട്ടുണ്ടൊ' എന്നു ചോദിച്ചു. 'പണം തൽക്കാലം കൈവശമില്ല' എന്നു കൊച്ചുണ്ണി മറുപടി പറഞ്ഞു.

നായർ—ഇവിടെ നെല്ലുള്ളതു വില്ക്കാനാണ് ഇട്ടിരിക്കുന്നതു്. വെറുതേ വല്ലവൎക്കും വാരിക്കൊടുക്കാനല്ല. പണമോ, അതില്ലെങ്കിൽ പണയമോ കൊണ്ടുവന്നാൽ നെല്ലു തരാം. അല്ലാതെ നിവൃത്തിയില്ല.

കൊച്ചുണ്ണി—തീൎച്ചതന്നെയോ.

Digitised By Kerala Sahitya Akademi

നായർ—ശരിതന്നെ! യാതൊരു സംശയവുമില്ല.

ഇതുകേട്ടു കൊച്ചുണ്ണി ഇറങ്ങിപ്പോയി. നാലഞ്ചു ദിവസം കഴിഞ്ഞതിന്റെശേഷം കൊച്ചുണ്ണി ഒരു ദിവസം രാത്രിയിൽ തന്റെ കൂട്ടുകാരിൽ ചിലരോടു കൂടി ആ നായരുടെ വീട്ടിലെത്തി. നായൎക്കു രണ്ടു സഹോദരിമാരുണ്ടായിരുന്നവരെ രണ്ടു പേർ സംബന്ധം ചെയ്തുകൊണ്ടുപോയിരുന്നതിനാൽ അയാളും ഭാൎയ്യയേയും മക്കളേയുംകൂടി വീട്ടിൽ കൊണ്ടുവന്നു താമസിപ്പിച്ചിരിക്കയായിരുന്നു. അത് ഉഷ്ണം വളരെ കലശലായിട്ടുള്ള മേടമാസം കാലമായിരുന്നതിനാൽ രാത്രികാലങ്ങളിൽ നായരും ഭാൎയ്യയും പുറത്തു പൂമുഖത്താണ് പതിവായി കിടന്നുവന്നിരുന്നത്. കൊച്ചുണ്ണിക്കു നെല്ലു കൊടുക്കാതെയിരുന്നതിനാൽ അവൻ മുഷിഞ്ഞാണ് പോയിരിക്കുന്നതെന്നും അവൻ എന്നെങ്കിലും കൊള്ളയ്ക്കു വരാതിരിക്കയില്ലെന്നുമുള്ള വിചാരം നായൎക്കു നല്ലപോലെയുണ്ടായിരുന്നതിനാൽ അത്താഴം കഴിഞ്ഞാൽ ഭാൎയ്യയുടേയും കുട്ടികളുടേയും ആഭരണങ്ങളെല്ലാം അഴിച്ചുവാങ്ങി അറയ്ക്കകത്തു പെട്ടിയിൽ വെച്ചു പൂട്ടുകയും അപ്രകാരംതന്നെ പുരയുടെ സകല വാതിലും അടച്ചുപൂട്ടുകയും ചെയ്തിട്ടാണ് അയാൾ കിടന്നുറങ്ങുക പതിവു. പടിപ്പുരച്ചാവടിയിലും മാടത്തിലും മറവുമായി അയാൾ അഞ്ചെട്ടുപേരെ കാവൽകിടത്തുകയും പതിവായിരുന്നു. കൊച്ചുണ്ണിയും കൂട്ടരും അവിടെ ചെന്നതായ രാത്രിയിലും അയാൾ ഇങ്ങിനെയെല്ലാം ചെയ്തിരുന്നു.

കൊച്ചുണ്ണി കൊള്ളയ്ക്കായി എവിടെച്ചെന്നാലും പുരയ്ക്കകത്തു കടക്കുക പതിവില്ല. കൂട്ടുകാരെ അകത്തു കടത്തീട്ടു പുറത്തു നിൽക്കുകയാണ് പതിവ്. ആ പതിവിൻപ്രകാരമാണ് ഇവിടെയും ചെയ്തത്. പുരയുടെ പുറകുവശത്തുള്ള ഭിത്തി കുത്തിപ്പൊളിച്ചു കൂട്ടുകാർ അകത്തു കടന്നു കള്ളത്താക്കോലിട്ട് അറ തുറന്നു പൊൻപണ്ടങ്ങളും

Digitised By Kerala Sahitya Akademi

പവനും ത്രപയും ചക്രവുമെല്ലാം എടുത്തു തുടങ്ങി. കൊച്ചുണ്ണി ആയുധപാണിയായിട്ടു പുറത്തുനിൽക്കുകയും ചെയ്തു. അകത്തു കടന്നവർ ഓരോന്നു തപ്പിയെടുത്തു നടന്നപ്പോൾ അടുക്കിവെച്ചിരുന്ന ഓട്ടുപാത്രങ്ങളിന്മേൽ അവരിലൊരാളുടെ കാൽ മുട്ടുകയാൽ എല്ലാംകൂടി ഉരുണ്ടു വീണു വലിയ ശബ്ദമുണ്ടായി. അതു കേട്ടു നായരുണൎന്നു. അപ്പോഴേയ്ക്കും കാവൽക്കാരുമെല്ലാം അവിടെ ഓടിയെത്തി. ഉടനെ വിളക്കും ചൂട്ടുകളുമെല്ലാം കൊളുത്തി. അപ്പോൾ കൊച്ചുണ്ണി സ്വല്പം ദൂരെ മാറിനിന്നു. നായർ താക്കോലെടുത്തു പുര തുറന്നു. പുര തുറക്കുന്നതു കേട്ടു നായരുടെ ഭാൎയ്യയുമുണൎന്നു. എല്ലാവരുംകൂടി പുരക്കകത്തേക്കു കടന്നു. കാൎയ്യം പററി. കൂട്ടുകാരെ പിടികൂടിപ്പോകുമെന്നുതന്നെ കൊച്ചുണ്ണി തീൎച്ചപ്പെടുത്തി. പുര തുറക്കുന്ന ശബ്ദംകേട്ടു കൂട്ടുകാർ പുരയുടെ ഒരു മൂലയിൽ പതുങ്ങിയൊതുങ്ങിയിരുന്നതിനാൽ നായൎക്കും മററും പെട്ടെന്നവരെക്കണ്ടു പിടിക്കാൻ കഴിഞ്ഞില്ല. എല്ലാവരും പുരക്കകത്തായി എന്നറിഞ്ഞപ്പോൾ കൊച്ചുണ്ണി പെട്ടെന്നോടിച്ചെന്നു പൂമുഖത്തു കിടന്നുറങ്ങിയിരുന്ന രണ്ടു കുട്ടികളെ എടുത്ത് ആ പുരയിടത്തോടടുത്തു കിഴക്കുവശത്തുണ്ടായിരുന്ന വയലിലേക്കെറിഞ്ഞു. കുട്ടികൾ അവിടെക്കിടന്നു നിലവിളിച്ചുകൂട്ടി. നായരും ഭാൎയ്യയും അതുകേട്ട് 'അയ്യോ കുഞ്ഞുങ്ങൾ' എന്നു പറഞ്ഞു നിലവിളിച്ചുകൊണ്ടു പാടത്തേക്കോടി. വിളക്കുമായി ഭൃത്യന്മാരും പിന്നാലെ എത്തി. സൎവ്വസ്വവും പോയാലും കുട്ടികളുടെ ജീവൻ കിട്ടിയാൽ മതിയെന്നുള്ള വിചാരമേ അവൎക്കപ്പോളുണ്ടായുള്ളൂ. ആ തരത്തിനു കൊച്ചുണ്ണി കൂട്ടുകാരെ വിളിച്ചുംകൊണ്ടു പമ്പ കടന്നു. കുട്ടികളെ എടുത്തുകൊണ്ടുവന്നു നോക്കിയപ്പോൾ അവൎക്കു വലിയ തരക്കേടൊന്നും പററിയിരുന്നില്ല. പിന്നെ എല്ലാവരുംകൂടി പുരക്കകമെല്ലാം പരിശോധന കഴിച്ചു.

Digitised By Kerala Sahitya Akademi

കള്ളന്മാരെ അവിടെയെങ്ങും കണ്ടില്ല. മുതൽ കാര്യങ്ങൾ തിട്ടംവരുത്തി നോക്കിയപ്പോൾ പണ്ടങ്ങളും പണവുമുൾപ്പടെ പന്തീരായിരം രൂപയുടെ വക കൊണ്ടുപോയിട്ടുണ്ടെന്നറിഞ്ഞു. കൊച്ചുണ്ണി അപ്പോൾ ആ വിദ്യ പ്രയോഗിച്ചില്ലെങ്കിൽ കൂട്ടുകാരെല്ലാം അകപ്പെട്ടുപോകുമായിരുന്നുവെന്നുള്ളതു തീർച്ചയാണല്ലോ.

കൊച്ചുണ്ണിയും അവന്റെ കൂട്ടുകാരും വലിയ അഭ്യാസികളായിരുന്നുവെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അങ്ങിനെയിരുന്ന അവരെല്ലാം അഭ്യാസിയായ ഒരു മൂസ്സാമ്പൂരിയോടു തീരെത്തോററുപോയി എന്നുള്ള അത്ഭുതസംഗതിയാണ് ഇനി പ്രസ്താവിക്കാൻ ഭാവിക്കുന്നത്.

1027-ാമാണ്ടു മുറജപക്കാലത്തു തിരുനാവായ വാദ്ധ്യാൻനമ്പൂരി അവർകൾ തിരുവനന്തപുരത്തുനിന്നു വടക്കോട്ട് ഒരു യാത്രയുണ്ടായതും കായംകുളത്തുകായലിൽവെച്ചു കൊച്ചുണ്ണിയുമായി ഒരു കൂടിക്കാഴ്ച കഴിച്ചതും മററും മുമ്പു പറഞ്ഞിരുന്നതു വായനക്കാർ വിസ്മരിച്ചിരിക്കയില്ലെന്നു വിശ്വസിക്കുന്നു. വാദ്ധ്യാൻനമ്പൂരി അവർകൾ വീണ്ടും തിരുവനന്തപുരത്ത് എത്തിയതിന്റെശേഷം ഒരു ദിവസം നമ്പൂരിമാരുടെ സദസ്സിൽവെച്ചു, 'കായംകുളം കൊച്ചുണ്ണിയെപ്പോലെ കാഴ്ചയിലും കാര്യത്തിലും യോഗ്യനായിട്ടുള്ള ഒരു മഹമ്മദീയനെ ഞാൻ കണ്ടിട്ടില്ല. കണ്ടാൽ നല്ല സുമുഖൻ; സംഭാഷണം അതിമധുരം; ഒരൊന്നാന്തരം അഭ്യാസി. മര്യാദകൊണ്ടല്ലാതെ ബലംകൊണ്ടോ അഭ്യാസംകൊണ്ടോ അവനെ ജയിക്കാൻ ആരു വിചാരിച്ചാലും സാധിക്കയില്ല' എന്നും മററും പ്രസ്താവിക്കയുണ്ടായി. ഇതു കേട്ടു കോഴിക്കോട്ടുകാരനും ഏററവും വയോവൃദ്ധനുമായ ഒരു നമ്പൂരി—എന്നാൽ ആ കൊച്ചുണ്ണിയെ ഒന്നു കാണാമല്ലോ. മടക്കം കായംകുളം വഴിക്കുതന്നെ ആയ്ക്കളയാം—എന്നു പറകയും മുറജപം

കഴിഞ്ഞത് ശേഷമാം അങ്ങിനെതന്നെ പുറപ്പെടുകയും ചെയ്തു.

ഒരു ദിവസം സന്ധ്യക്കു മുമ്പായി മൂസ്സാമ്പൂരി തോണിക്കു കരുനാഗപ്പള്ളിയിൽ പടനായർകുളങ്ങര എന്ന സ്ഥലത്തു വന്നിറങ്ങി. അവിടെ കുളിച്ചു സന്ധ്യാവന്ദനാദികളും അത്താഴവും കഴിച്ച് അപ്പോൾത്തന്നെ അവിടെനിന്നു കരവഴിക്കു വടക്കോട്ടു പുറപ്പെട്ടു. രാത്രി ഏകദേശം പത്തു, പതിനൊന്നു മണിയായപ്പോൾ അദ്ദേഹം 'പുത്തൻതെരുവ്' എന്ന സ്ഥലത്തെത്തി. അപ്പോൾ ഏകാകിയായിപ്പോകുന്ന അദ്ദേഹത്തെ മദ്ധ്യേമാർഗ്ഗം ചില കച്ചവടക്കാർ കണ്ടു 'ഹേ! അങ്ങ് ഈ അസമയത്ത് എങ്ങോട്ടാണ് പോകുന്നത്?' എന്നു ചോദിച്ചു. 'ഞാൻ കുറച്ചു വടക്കോളംപോവുകയാണ്' എന്നു മൂസ്സാമ്പൂരി മറുപടി പറഞ്ഞു.

കച്ചവടക്കാർ—അങ്ങു തനിച്ച് ഈ അസമയത്തു പോകരുത്. പോയാൽ ആപത്തുണ്ടാകും. ഇവിടെനിന്നു കുറച്ചു വടക്കോട്ടു ചെല്ലുമ്പോൾ 'വൌവാക്കാട്' എന്ന സ്ഥലമായി. രാത്രികാലങ്ങളിൽ അവിടെ കായംകുളം കൊച്ചുണ്ണി മുതലായവരുടെ സഞ്ചാരമുണ്ടായിരിക്കുന്നതു സാധാരണമാണ്. അവരിലാരെങ്കിലും കണ്ടാൽ അങ്ങയുടെ കൈവശമുള്ളതെല്ലാം പിടിച്ചുപറിക്കുമെന്നു മാത്രമല്ല ഒരു സമയം ബ്രഹ്മഹത്യ ചെയ്യുന്നതിനും അവർ മടിക്കുന്നവരല്ല. അതിനാൽ ഇവിടെയെങ്ങാനും താമസിച്ചു നാളെ രാവിലെ പോയാൽ മതി. കായംകുളം കൊച്ചുണ്ണിയെക്കുറിച്ച് അങ്ങും കേട്ടിരിക്കുമല്ലോ.

മൂസ്സാമ്പൂരി—കേട്ടിട്ടുണ്ട്. എങ്കിലും എനിക്ക് അവനെക്കുറിച്ചു ഭയമില്ല. എനിക്കു പട്ടികളെക്കുറിച്ചു മാത്രമേ ഭയമുള്ളു. അതിനാൽ നിങ്ങൾ ഒരു വടി തരാമെങ്കിൽ വലിയ ഉപകാരമായിരിക്കും.

കച്ചവടക്കാർ—ഈ പാതിരാക്കു വടിയുണ്ടാക്കാൻ ഞങ്ങ

Digitised By Kerala Sahitya Akademi

ളെവിടെക്കാണു പോകുന്നു? അതൊന്നും വേണ്ട ഇന്നത്തെ ഇ വിടെ താമസിച്ചിട്ടു പോവുകയാണ് നല്ലത്. പിന്നെ മനസ്സുപോലെ.

മൂസ്സാമ്പൂരി—(ഒരു കച്ചവടക്കാരന്റെ കയ്യിൽ ഒരു വെ ള്ളിക്കോലിരിക്കുന്നതു കണ്ടിട്ടു) വടിയില്ലെങ്കിൽ തൽക്കാ ലാവശ്യത്തിലേക്കായി ആ വെള്ളിക്കോല് ഇങ്ങോട്ടു ത ന്നാലും മതി.

വെള്ളിക്കോലു കൊടുക്കുന്ന കാൎയ്യത്തിൽ കച്ചവട ക്കാരൻ സ്വല്പം ചില തൎക്കങ്ങളെല്ലാം പറഞ്ഞുവെങ്കിലും ആ വൃദ്ധബ്രാഹ്മണന്റെ നിൎബ്ബന്ധം നിമിത്തം ഒടുക്കം അ യാളതു കൊടുത്തു.

മൂസ്സാമ്പൂരി വെള്ളിക്കോലുമായി പിന്നെയും നേരെ വടക്കോട്ടു നടന്നു. ഏകദേശം ഒരു നാഴിക വടക്കോട്ടു നടന്നപ്പോൾ വെൺവാക്കോട് എന്ന സ്ഥലത്തെത്തി. ഈ സ്ഥലം കരുനാഗപ്പള്ളിക്കും കായംകുളത്തിനും മദ്ധ്യേ ഉ ള്ളതും കൊച്ചുണ്ണി മുതലായവരുടെ സങ്കേതവും ഏററവും വിജനവുമായിട്ടുള്ളതാണ്. മൂസ്സാമ്പൂരി അവിടെ വന്ന പ്പോൾ നല്ല ത്രിശാലമുട്ടന്മാരായിട്ടുള്ള നാലുപേർ ആ വ ഴിയിൽ ഇരിക്കുന്നുണ്ടായിരുന്നു. എങ്കിലും അദ്ദേഹം യാ തൊരു കൂസലുംകൂടാതെ അവരുടെ അടുക്കൽക്കൂടി കടന്നു വടക്കോട്ടു നടന്നു. അവിടെ ഇരുന്നിരുന്നതു മമ്മതു മുത ലായവരായിരുന്നു. ഒരു കൂസലുംകൂടാതെ നമ്പൂരി കടന്നു പോയതു കണ്ടിട്ടു മമ്മതു—ഹേ! ആ കടന്നുപോയതാരാ ണ്? ഇവിടെ വരണം; ചോദിക്കട്ടെ—എന്നു പറഞ്ഞു.

മൂസ്സാമ്പൂരി—അങ്ങോട്ടു വരാൻ എനിക്കു മനസ്സില്ല. ആ വശ്യവുമില്ല. എന്നെക്കണ്ടിട്ടു വല്ലതുമാവശ്യമുണ്ടെ ങ്കിൽ ഇങ്ങോട്ടു വരണം. ഞാൻ ഇവിടെയിരുന്നു മുറു ക്കാൻ ഭാവിക്കുകയാണ്.

മമ്മത്—ഹാ! ഇയ്യാൾ കുറെ കേമനാണല്ലോ. അത്ര

Digitised By Kerala Sahitya Akademi

ധിക്കാരമാണെങ്കിൽ ഇയ്യാളെ വിട്ടയയ്ക്കാൻ പാടില്ല. ഈ അസമയത്ത് ഒരു ക്രുസൽക്കൂടാതെ ഇതിലേ കടന്നു പൊയ്ക്കളയാമെന്നു വിചാരിച്ചതുതന്നെ ഇയ്യാളുടെ അഹമ്മതികൊണ്ടല്ലേ? അതൊന്നു തീർത്തു വിടണം.

മൂസ്സാമ്പൂരി—അതു നിങ്ങാം വിചാരിച്ചാൽ സാധിക്കുമെന്നു തോന്നുന്നില്ല. ഇതു ധർമ്മരാജ്യമാണ്. ഇവിടെ അസമയം നോക്കാനൊന്നുമില്ല. രാത്രിയിലും പകലും ഒരുപോലെ സഞ്ചരിക്കാം. വഴിയിൽവെച്ച് ആരെങ്കിലും വിളിച്ചാൽ അവരുടെയൊക്കെ അടുക്കൽ ചെന്നുകൊള്ളണമെന്നു മഹാരാജാവിൻെറ കല്പനയുമില്ല. എന്നെ ആരും വിട്ടയച്ചിട്ടു വേണ്ട എനിക്കു പോകാൻ. എന്നെ ഇപ്പോഠം ആരും പിടിച്ചു ബന്ധിച്ചിട്ടും മററുമില്ലല്ലോ. എന്നെ അങ്ങിനെ ആരും ചെയ്യുകയുമില്ല. ഞാൻ കട്ടും കവന്നും പിടിച്ചുപറിച്ചും നടക്കുന്ന കള്ളനും മററുമല്ലല്ലൊ. ഞാൻ ഒരുത്തമബ്രാഹ്മണനാണ്. മുറജപം കഴിഞ്ഞു ദക്ഷിണയും വാങ്ങി വരികയാണ്. എൻെറ ഭാണ്ഡത്തിൽ കുറച്ചു പണവുമുണ്ട്. ഇതു തട്ടിയെടുത്തുകളയാമെന്നുണ്ടെങ്കിൽ വരുവിൻ.

നമ്പൂരിയുടെ ഈ ധിക്കാരവാക്കുകഠം കേട്ടപ്പോഠം മമ്മതിനും കൂട്ടർക്കും വളരെ അത്ഭുതം തോന്നുകയും കോപം ദുസ്സഹമായിത്തീരുകയും ചെയ്തു. അവർ നാലു പേരും എണീററു കഠവടി മുതലായ ആയുധങ്ങളുമായി മൂസ്സാമ്പൂരിയുടെ അടുക്കലേക്കു ചെന്നു. അവർ അടുത്തു വരുന്നതു കണ്ടു നമ്പൂരി വെള്ളിക്കോലു കയ്യിലെടുത്തുകൊണ്ട് എണീററുനിന്നു. അവർ അടുത്തു ചെന്നപ്പോഠം മൂസ്സാമ്പൂരി നല്ല സ്ഥാനം നോക്കി വെള്ളിക്കോൽകൊണ്ടു നാലു പേർക്കും ഓരോ കൊട്ടു കൊടുത്തു. ആ കൊട്ടു കൊണ്ട മാത്രയിൽ മമ്മതും കൂട്ടരും നിശ്ചേഷ്ടരായി നിലത്തു പതിച്ചു. മു

Digitised By Kerala Sahitya Akademi

റക്കു കഴിഞ്ഞു ഭാണ്ഡവും കെട്ടിയെടുത്തു മൂസ്സാമ്പൂരി പിന്നെയും വടക്കോട്ടുതന്നെ നടന്നുതുടങ്ങി.

അങ്ങിനെ കുറച്ചു വടക്കോട്ടു ചെന്നപ്പോൾ ആജാനുബാഹുവും അതിസുമുഖനുമായ ഒരാൾ വഴിയിൽ നില്ക്കുന്നതു കണ്ടു എങ്കിലും നമ്പൂരി കൂസൽ കൂടാതെ ആ മനുഷ്യൻെറ അടുക്കൽ കൂടി കടന്നുപോയി. കൊച്ചുണ്ണിയുടെ ആകൃതിയെക്കുറിച്ചു മൂസ്സാമ്പൂരി മുൻപേതന്നെ കേട്ടിരുന്നതിനാൽ വഴിയിൽ നിന്നിരുന്ന ആ മനുഷ്യൻ കൊച്ചുണ്ണിയാണെന്ന് അദ്ദേഹം കണ്ടപ്പോൾത്തന്നെ മനസ്സിലാക്കി. അവൻ എന്താണ് ഭാവമെന്നറിയട്ടെ എന്നു വിചാരിച്ചുകൊണ്ടാണ് അദ്ദേഹം കടന്നുപോയത്.

കൊച്ചുണ്ണി—ഹേ! എവിടെപ്പോകുന്നു? അവിടെ നില്ക്കണം.

മൂസ്സാമ്പൂരി— നില്ക്കാൻ മനസ്സില്ലെങ്കിലോ?

കൊച്ചുണ്ണി— എന്നാൽ പിടിച്ചുനിറുത്തും.

മൂസ്സാമ്പൂരി— അതുവ്വോ? എന്നാൽ കാണട്ടെ.

എന്നു പറഞ്ഞ് അദ്ദേഹം നടന്നു തുടങ്ങി. ആ വൃദ്ധബ്രാഹ്മണനെ ഉപദ്രവിക്കണമെന്നോ അദ്ദേഹത്തിൻെറ കയ്യിൽനിന്നു വല്ലതും അപഹരിക്കണമെന്നോ വിചാരിച്ചിട്ടല്ല കൊച്ചുണ്ണി അദ്ദേഹത്തോട് അവിടെ നില്ക്കാൻ പറഞ്ഞത്. എങ്കിലും അദ്ദേഹത്തിൻെറ ധിക്കാരം കണ്ടപ്പോൾ ഇയ്യാളെ ഒരു നല്ല പാഠം പഠിപ്പിച്ചുതന്നെ വിടണം എന്നവൻ നിശ്ചയിച്ചു. കൊച്ചുണ്ണി പിന്നാലെ ഓടിച്ചെന്നു നമ്പൂരിയുടെ ഭാണ്ഡത്തിനു കടന്നു പിടിച്ചു. നമ്പൂരി തിരിഞ്ഞുനിന്നു വെള്ളിക്കോലുകൊണ്ടു കൊച്ചുണ്ണിയെ ഒന്നടിച്ചു. ആ അടി തൻെറ ദേഹത്തിൽ കൊള്ളാതെ കൊച്ചുണ്ണി വെള്ളിക്കോലിൻെറ തലയ്ക്കു കടന്നു പിടിച്ചു. നമ്പൂരി വെള്ളിക്കോലിൻെറ മറേറ തലയ്ക്കു പിടിച്ചുകൊണ്ട് ആ നിന്നനിലയിൽ വലത്തോട്ട് ഒന്നു തിരി

Digitised By Kerala Sahitya Akademi

ഞു. അതോടുകൂടി വെള്ളിക്കോലിന്മേൽ കൊച്ചുണ്ണി പിടിച്ച പിടി വല്ലാതെ മുറുകുകയും ആ പിടി അവനു വിടാൻ വയ്യാതെയായിത്തീരുകയും ചെയ്തു. നമ്പൂരി ഒന്നുമറിയാത്ത ഭാവത്തിൽ വെള്ളിക്കോലിന്റെ മറേ അറ്റം കക്ഷത്തിൽ വെച്ചുകൊണ്ടു നടന്നു തുടങ്ങി. ചില കുരുടന്മാർ വഴികാട്ടികളുടെ വടിയുടെ അറ്റത്തു പിടിച്ചുകൊണ്ടു നടക്കുന്നതുപോലെ വെള്ളിക്കോലിന്റെ അറ്റത്തു പിടിച്ചുകൊണ്ടു കൊച്ചുണ്ണിയും നമ്പൂരിയുടെ പിന്നാലെ നടന്നു. അങ്ങിനെ കുറച്ചു കഴിഞ്ഞപ്പോൾ കൊച്ചുണ്ണിയുടെ ഞരമ്പുകളെല്ലാം പിടച്ചു തുടങ്ങി. സന്ധിബന്ധങ്ങളെല്ലാം മുറിഞ്ഞുപോയതുപോലെ അവനു തോന്നി. കൊച്ചുണ്ണിയുടെ സർവ്വാംഗവും കുളിച്ചതുപോലെ വിയർത്തു. ദേഹം കിടുകിട വിറച്ചുതുടങ്ങി. അവനു നടക്കാൻ വയ്യാതെയായി. വീണുപോകുമെന്നു തോന്നിത്തുടങ്ങി. ആകപ്പാടെ കൊച്ചുണ്ണി ഏറ്റവും പരവശനും വിഷണ്ണനുമായിത്തീർന്നു. അവൻ പഠിച്ച വിദ്യകളെല്ലാം നോക്കീട്ടും വെള്ളിക്കോലിന്മേൽനിന്നു പിടിവിടാൻ കഴിഞ്ഞില്ല. അവന്റെ വിരലുകൾ നിവിരാത്തവിധം അക്കയ്യ് ആകപ്പാടെ സ്തംഭിച്ചുപോയി. ഒരു നിവൃത്തിയുമില്ലെന്നായപ്പോൾ കൊച്ചുണ്ണി പാരവശ്യത്തോടുകൂടി— പൊന്നുതിരുമേനി! അടിയനെ രക്ഷിക്കണേ. ദയയുണ്ടായി അടിയനെ വിട്ടയയ്ക്കണേ—എന്നു പറഞ്ഞു.

നമ്പൂരി— നീ ആരാണ്? എനിക്കു മനസ്സിലായില്ലല്ലോ. നിനക്കു പോകരുതേ?

കൊച്ചുണ്ണി—അടിയൻ കായംകുളത്തുകാരൻ ഒരു മഹമ്മദീയനാണ്. അടിയന്റെ പേരു കൊച്ചുണ്ണി എന്നാണ്. അടിയൻ ആളറിയാതെ തിരുമേനിയുടെ ഭാണ്ഡത്തിന്മേലും ഈ വെള്ളിക്കോലിന്മേലും കടന്നു പിടിച്ച

Digitised By Kerala Sahitya Akademi

പോയി. അടിയന്റെ ഈ അവിവേകത്തെ അവിട്ടു ന്നു കൃപാപൂർവ്വം ക്ഷമിച്ച് അടിയനെ വിട്ടയയ്ക്കണം.

മൂസ്സാമ്പൂരി— ഓഹോ! നിയാണോ സാക്ഷാൽ കായങ്കുളം കൊച്ചുണ്ണി? നീ വലിയ അഭ്യാസിയാണെന്നു കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾ നിന്റെ അഭ്യാസമൊക്കെ എവിടെപ്പോയി?

കൊച്ചുണ്ണി— പൊന്നുതിരുമേനി! അടിയനു വേദന സഹിക്കാൻ വയ്യാതെയായിരിക്കുന്നു. ഇനിയും അവിടേക്കു ദയയുണ്ടാകാത്തപക്ഷം അടിയന്റെ ജീവനിപ്പോൾ പോകും.

മൂസ്സാമ്പൂരി— ആട്ടെ ഇനി മേലാൽ മലയാളബ്രാഹ്മണരെ ഉപദ്രവിക്കുകയും അവരുടെ മുതൽ അപഹരിക്കുകയും ചെയ്കയില്ലെന്നു സത്യം ചെയ്യാൽ നിന്നെ ഇപ്പോൾ വിട്ടേക്കാം.

കൊച്ചുണ്ണി— സത്തുക്കളായ ബ്രാഹ്മണരെ അടിയൻ ഉപദ്രവിക്കാറില്ല. ഇനി ഒരിക്കലും ഉപദ്രവിക്കയുമില്ല. പടച്ചവനാണ് സത്യം.

കൊച്ചുണ്ണിയുടെ ദീനവാക്കുകൾ കേൾക്കുകയും പാരവശ്യം കാണുകയും ചെയ്തു മനസ്സലിയുകയാൽ മൂസ്സാമ്പൂരി മുമ്പു തിരിഞ്ഞതിനെതിരായി ഇടത്തോട്ട് ഒന്നു തിരിഞ്ഞു. ഉടനെ കൊച്ചുണ്ണി വെള്ളിക്കോലിന്മേലേ പിടി വിടുകയും അവന്റെ പാരവശ്യമെല്ലാം തീർന്നു യഥാപൂർവം അവൻ സ്വസ്ഥനായിബ്ഭവിക്കുകയും ചെയ്തു. കൊച്ചുണ്ണി ജനിച്ചതില്പിന്നെ അവനിങ്ങിനെ ഒരു കഷ്ടപ്പാടു പററീട്ടില്ല. അവൻ വളരെ ലജ്ജയോടും ബഹുമാനത്തോടുംകൂടി മൂസ്സാമ്പൂരിയെ താണു തൊഴുതുകൊണ്ട് 'ഇനി അടിയനു പോകാനനുവാദമുണ്ടാകണം' എന്നു പറഞ്ഞു.

മൂസ്സാമ്പൂരി—നിന്റെ കൂട്ടുകാരനാണെന്നു തോന്നുന്നു, നാം തമ്മിൽ കാണുന്നതിനു കുറച്ചു മുമ്പ എന്നെ ഉപദ്രവി

Digitised By Kerala Sahitya Akademi

ക്കാനായി വന്നു. ആവരെ ഒക്കെ ഓരോ കൊട്ടുകൊട്ടി ഞാൻ വഴിയിലിട്ടിട്ടുണ്ട്. നേരത്തോടുനേരം കഴിയു ന്നതിനു മുമ്പു മറുവശം കൊട്ടി അവരെ എണീപ്പിച്ചു വിടാത്തപക്ഷം പിന്നെ അവർ ഒരിക്കലും എണീക്കയി ല്ല. എന്നാൽ ഇനി അതിനായി പുറകോട്ടു പോകുന്ന കാര്യം പ്രയാസവുമാണ്. അതിനാൽ നീ തന്നെ അ വരെ മറുപുറം കൊട്ടി എണിപ്പിച്ചു വിടണം. ഞാൻ ഈ വെള്ളിക്കോലു പുത്തൻതെരുവിലുള്ള ഒരു കച്ചവ ടക്കാരനോടു മേടിച്ചതാണ്. ഇതു നീതന്നെ ഇതി ന്റെ ഉടമസ്ഥനു കൊടുക്കുകയും വേണം.

എന്നു പറഞ്ഞു മറുവശം കൊട്ടുക എന്നവിദ്യ കൊ ച്ചുണ്ണിക്ക് ഉപദേശിച്ചു കൊടുത്തു വെള്ളിക്കോലും കൊ ടുത്ത് അയച്ചിട്ടു മൂസ്സാമ്പൂരി വടക്കോട്ടു പോവുകയും ചെ യ്തു. മൂസ്സാമ്പൂരിയോടു തോററുവെങ്കിലും മറുപുറം കൊട്ടു ക എന്നൊരു വിദ്യകൂടി ഗ്രഹിക്കാനിടയായതുകൊണ്ടു കൊച്ചുണ്ണിക്ക് ഈ സംഗതിയിൽ സന്താപത്തിലധികം സന്തോഷമാണുണ്ടായത്. അവൻ മടങ്ങിപ്പോയി വഴി യിൽ മൂർഛിച്ചു കിടന്നിരുന്ന മമ്മതു മുതലായവരെ മറുപു റം കൊട്ടി എണിപ്പിച്ചുവിടുകയും വെള്ളിക്കോൽ അതി ന്റെ ഉടമസ്ഥനെ ഏല്പിക്കുകയും ചെയ്തു. അതിൽപ്പി ന്നെ കൊച്ചുണ്ണി ഒരിക്കലും മലയാളബ്രാഹ്മണരെ ഉപദ്ര വിച്ചിട്ടില്ലെന്നു മാത്രമല്ല, അവരെക്കുറിച്ച് അവനു വളരെ ഭക്തിയുമുണ്ടായിരുന്നു.

1027-ാമാണ്ടു മുറജപകാലത്തു തിരുനാവായവാ ദ്ധ്യാൻ നമ്പൂരി അവർകൾക്ക് അദ്ദേഹത്തിന്റെ അച്ഛ ന്റെ ശ്രാദ്ധമൂട്ടുന്നതിനു സ്വഗൃഹത്തിൽ പോകേണ്ടതാ യി വരികയാൽ വിവരം മഹാരാജാവു തിരുമനസ്സിലെ സന്നിധിയിൽ അറിയിച്ചുകൊണ്ടു തിരുവനന്തപുരത്തുനി ന്നു പുറപ്പെട്ടു. ഒരു ദിവസം അത്താഴം കഴിഞ്ഞു ബോട്ടു

Digitised By Kerala Sahitya Akademi

കയറി. ജലമാർഗ്ഗമായിട്ടാണ് അദ്ദേഹം തിരുവനന്തപുരത്തുനിന്നു പുറപ്പെട്ടത്. പിറേറദ്ദിവസം രാവിലെ വർക്കലെ എത്തി കുളിയും തേവാരവും ഊണും കഴിച്ച് ഉടനെ പുറപ്പെട്ടു വൈകുന്നേരം കൊല്ലത്തെത്തി. കൊല്ലത്തുനിന്ന് അത്താഴം കഴിഞ്ഞു പുറപ്പെടാൻ ഭാവിച്ചപ്പോൾ ബോട്ടുകാർ—ഇനി ഇന്നു പോകാൻ നിവൃത്തിയില്ല. കായംകുളത്തുകായലിൽകൂടി വേണം പോകാൻ. അവിടം രാത്രിസമയം സഞ്ചരിക്കാൻ കൊള്ളാവുന്ന സ്ഥലമല്ല. കായംകുളം കൊച്ചുണ്ണിയും കൂട്ടുകാരും രാത്രികാലങ്ങളിൽ ആ കായലിൽ ഉണ്ടായിരിക്കുന്നതു പതിവാണ്. അവരുടെ കയ്യിലകപ്പെടുന്നവരുടെ പ്രാണനും പണവും അപഹരിക്കാതെ അവർ വിട്ടയയ്ക്കുക പതിവില്ല. അതിനാൽ രാവിലെ പുറപ്പെടുകയാണ് നല്ലത്—എന്നു പറഞ്ഞു. അതു കേട്ടു വാദ്ധ്യാൻനമ്പൂരി—കൊച്ചുണ്ണിയും ഒരു മനുഷ്യൻ തന്നെയാണല്ലോ. അവൻ ഉപദ്രവിക്കാതെയിരിക്കാൻ എന്തെങ്കിലും നിവൃത്തിയുണ്ടാകും. ഇപ്പോൾത്തന്നെ പുറപ്പെടാതെയിരിക്കാൻ നിവൃത്തിയില്ല. നാളെ രാവിലെ അമ്പലപ്പുഴെ എത്തണം—എന്നു പറഞ്ഞു. 'എന്നാൽ കല്പനപോലെ. തിരുമനസ്സിലെ ജീവനേക്കാൾ വലിയതല്ല അടിയങ്ങളുടെ ജീവൻ. ആപത്തു വല്ലതുമുണ്ടായെങ്കിൽ അടിയങ്ങളുടെ പേരിൽ തിരുവുളക്കേടുണ്ടാകരുത് എന്നേ ഉള്ളൂ. 'എന്നാൽ നിങ്ങളെന്താ അതു മുൻകൂട്ടി പറയാഞ്ഞത്?' എന്നു കല്പിച്ചു ചോദിക്കാൻ ഇടയാകരുതെന്നു വിചാരിച്ചാണ് അടിയങ്ങൾ ഉള്ള പരമാർത്ഥം അറിയിച്ചത്" എന്നു പറഞ്ഞു ബോട്ടുകാരെല്ലാം തയാറായി. ഉടനെ വാദ്ധ്യാൻനമ്പൂരി അവർകൾ ബോട്ടിൽക്കയറുകയും ബോട്ടുകാർ ബോട്ടു നീക്കുകയും ചെയ്തു. നേരം വെളുക്കാൻ ഏകദേശം പത്തുനാഴികയുള്ളപ്പോൾ ബോട്ടു കായംകുളത്തുകായലിന്റെ മദ്ധ്യത്തിങ്കലെത്തി. അപ്പോൾ

Digitised By Kerala Sahitya Akademi

കാച്ചു ട്ടരെനിന്നു വളരെ ഗൌരവത്തോടും ഗാംഭീര്യത്തോടും, 'ബോട്ടുകാരാരു?, ബോട്ടവിടെ നിൽക്കട്ടെ' എന്ന് ആരോ വിളിച്ചുപറയുന്നതായിക്കേട്ടു. ഉടനെ വാദ്ധ്യാൻനമ്പൂരി ബോട്ടു നിറുത്താൻ പറയുകയും ബോട്ടുകാർ ബോട്ടു നിറുത്തുകയും 'അയ്യോ തിരുമേനി! കാര്യം തെററി. നാമെല്ലാമകപ്പെട്ടു' എന്നു പറയുകയും ചെയ്തു. വാദ്ധ്യാൻനമ്പൂരി അവർകൾ ചങ്ങലവട്ട (ഒരുമാതിരി വിളക്ക്) എടുത്തു മുമ്പിൽവെച്ച് (അതു കെടുത്തീട്ടില്ലായിരുന്നു) ബോട്ടിൻെറ വാതിലുകളുമെല്ലാം തുറന്നിട്ടു യാതൊരു ക്ലേശവും കൂടാതെ അവിടെയിരുന്നു. ബോട്ടുകാരും വാദ്ധ്യാൻനമ്പൂരി അവർകളുടെ പരിവാരങ്ങളുമെല്ലാം പ്രാണഭീതിയോടുകൂടി കിടുകിടാ വിറച്ചുകൊണ്ടു ശ്വാസംപോലും നേരെ വിടാതെ നിലയുമായി. മാത്രക്കിടയിൽ എട്ടു തണ്ടു വെച്ചതായ ഒരോടിവള്ളം ബോട്ടിൻെറ ഒരു വശത്തായി വന്നടുത്തു. ഉടനെ വാദ്ധ്യാൻനമ്പൂരി—വഞ്ചിയിലാരാണ്? കൊച്ചുണ്ണിയല്ലേ? ബോട്ടിലേക്കു കടക്കാം—എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ കൊച്ചുണ്ണിക്ക് അല്പമൊരു ശങ്ക ജനിച്ചു. 'ഇത്ര ധൈര്യത്തോടുകൂടി ഇപ്രകാരം പറയുന്ന ഈ ഗംഭീരമാനസൻ ആരായിരിക്കും? ആരെങ്കിലുമാവട്ടെ. ഈ വാക്കു കേട്ടു ഭയപ്പെട്ട് ഒന്നു പരീക്ഷിച്ചുനോക്കാതെ പിൻമാറിപ്പോകുന്നതു ഭീരുത്വവും ഭോഷത്വവുമാണല്ലോ' എന്നു വിചാരിച്ച്, 'ഞാൻ കൊച്ചുണ്ണിതന്നെ, കായംകുളം കൊച്ചുണ്ണി' എന്നു പറഞ്ഞുകൊണ്ടു ബോട്ടിലേക്കു കയറി. ഉടനെ വാദ്ധ്യാൻനമ്പൂരി—അവിടെ ഇരിക്കാം. കായംകുളം കൊച്ചുണ്ണിയെന്നു കേട്ടുതുടങ്ങീട്ടു വളരെക്കാലമായി. ഒന്നു കണ്ടാൽകൊള്ളാമെന്ന് ആഗ്രഹിച്ചുതുടങ്ങീട്ടു വളരെ നാളായി. ഇപ്പോൾ മാത്രമേ അതു സാധിച്ചുള്ളു. ഭാഗ്യംതന്നെ. വളരെ സന്തോഷമായി. ഈ സമയത്ത് ഇതി

Digitised By Kerala Sahitya Akademi

ലേ പോയാൽ കൊച്ചുണ്ണിയെ കാണാൻ തരമാകുമെന്നു ബോട്ടുകാർ പറഞ്ഞു. അതാണ് ഈ അസമയത്തുതന്നെ പുറപ്പെട്ടത്! ഞാൻ തിരുനാവായവാദ്ധ്യാനാണ്. മുറജപം സംബന്ധിച്ചു തിരുവനന്തപുരത്തു പോയിരുന്നു. മററന്നാഠം അച്ഛന്റെ ശ്രാദ്ധമാണ്. അതിനു വടക്കുള്ള ഇല്ലത്തെത്താൻ സമയമില്ലാത്തതുകൊണ്ടു കോട്ടയത്തിനു സമീപം കുടമാളൂർ എന്ന ദേശത്തു നമുക്കുള്ള ഇല്ലത്തു ചെന്നു ശ്രാദ്ധം കഴിച്ചു പോരാമെന്നു വിചാരിച്ചു പുറപ്പെട്ടിരിക്കുകയാണ്. ശ്രാദ്ധം കഴിഞ്ഞാൽ അന്നുതന്നെ ഇങ്ങോട്ടുമുണ്ടാകും. ലക്ഷദീപത്തിനു മുൻപായി ഇനിയും തിരുവനന്തപുരത്തെത്തണം. ഉടനെ മടങ്ങിവരണമല്ലോ എന്നു വിചാരിച്ചു സാമാനങ്ങഠം അധികമൊന്നും കൊണ്ടുപോന്നില്ല. പണവും ചുരുക്കമാണ്. എങ്കിലും കുറച്ചു കാണും. ഉള്ളതൊക്കെ എടുക്കാം. ഇതാ പെട്ടിയുടെ താക്കോൽ—എന്നു പറഞ്ഞു താക്കോൽ കൊച്ചുണ്ണിയുടെ മുൻപിലേക്കു വെച്ചു. കൊച്ചുണ്ണി വളരെ വിനയത്തോടുകൂടി താണു തൊഴുതുകൊണ്ട്—അടിയൻ ഇപ്രകാരമുള്ള മഹാബ്രാഹ്മണരുടെ അടുക്കൽ ഇരിക്കാൻ തക്ക യോഗ്യതയുള്ളവനല്ല. ഇങ്ങിനെയുള്ളവരെ ഉപദ്രവിക്കുകയോ അവരുടെ മുതൽ അപഹരിക്കുകയോ ചെയ്യാറുമില്ല. യാതൊരുത്തക്കും മനസ്സറിഞ്ഞു യാതൊന്നും കൊടുക്കാത്ത ധനവാന്മാരായ ദുഷ്ടന്മാരെ മാത്രമേ അടിയൻ ഉപദ്രവിക്കാറുള്ളു. ഇപ്പോഠം അടിയൻ ആളറിയാതെ അടുത്തുവരികയും ബോട്ടിൽക്കയറുകയും എഴുന്നള്ളത്തിന് ഇത്രയും താമസം വരുത്തുകയും ചെയ്തുപോയതിനെക്കുറിച്ചു തിരുവുള്ളക്കേടുണ്ടാകരുതെന്നും ഈ തെററിനെ കൃപാപൂർവം ക്ഷമിക്കണമെന്നും അപേക്ഷിക്കുന്നു. ഇതിനെക്കുറിച്ചു അടിയന് അപാരമായ പശ്ചാത്താപമുണ്ട്. എങ്കിലും കഴിഞ്ഞ കാൎയ്യത്തെപ്പററി ഇനി അധികം വിചാരിക്കയും പ

Digitised By Kerala Sahitya Akademi

റയുകയും ചെയ്യുന്നുകൊണ്ടു പ്രയോജനമൊന്നുമില്ലല്ലൊ. അതിനാൽ അടിയന്നു വിടകൊള്ളുവാൻ കല്പിച്ചനുവാദം തരണമെന്ന് അപേക്ഷിക്കുന്നു. ഈവിധം ഇവിടെ വെച്ചെങ്കിലും തിരുപ്പാദം കണ്ടു വന്ദിപ്പാനിടയായതു വിലയ ഭാഗ്യം തന്നെ— എന്നു പറഞ്ഞു വീണ്ടും വന്ദിച്ചു. അപ്പോൾ വാദ്ധ്യാൻനമ്പൂരി—ഒന്നും വേണമെന്നില്ലെങ്കിൽ പോകാം, എങ്കിലും അധികം താമസിക്കാൻ തരമില്ല. ഇനിയും താമസിയാതെ തമ്മിൽ കാണാൻ ഈശ്വരൻ സംഗതി വരുത്തട്ടെ. കൊച്ചുണ്ണിയെ ഞാൻ ഇപ്പോൾ ആദ്യമായിട്ടു കാണുകയാണല്ലൊ ഉണ്ടായത്. അതിനാൽ ഒന്നും തരാതെയയക്കുന്നതു ലൌകികത്തിനു പോരാത്തതാണ്. അതു കൊണ്ട് ഇപ്പോൾ ഇതിരിക്കട്ടെ—എന്നു പറഞ്ഞു നാലു പാവുമുണ്ടെടുത്തു കൊച്ചുണ്ണിയുടെ കയ്യിൽ കൊടുത്തു. കൊച്ചുണ്ണി സവിനയം അതു തൊഴുതുവാങ്ങിട്ട്— അടിയൻെറ കൂട്ടുകാരിൽച്ചിലർ വേറെ തോണികളിൽക്കയറി ഈ കായലിൽത്തന്നെ സഞ്ചരിക്കുന്നുണ്ട്. ഇവിടെനിന്നു വടക്കോട്ടു ചെല്ലുമ്പോൾ ഒരു സമയം അവരിൽ വല്ലവരും വന്നു പിടികൂടിയേക്കും. അവർ അത്ര വകതിരിവുള്ളവരല്ലാത്തതിനാൽ പക്ഷേ വല്ല ഉപദ്രവവും ചെയ്യുവെന്നും വരാം. അങ്ങിനെ വരാതിരിക്കാനും അടിയനെക്കുറിച്ചുള്ള ഓർമ്മ എന്നും തിരുമനസ്സിലുണ്ടായിരിക്കാനുമായി ഇതു തൃക്കയ്യിൽ കിടക്കട്ടെ. ഇതു കാണിച്ചു വിവരം പറഞ്ഞാൽ അടിയൻെറ കൂട്ടുകാരെല്ലാം ഒരുപദ്രവവും ചെയ്യാതെ മടങ്ങിപ്പൊയ്ക്കൊള്ളും—എന്നു പറഞ്ഞു കൊച്ചുണ്ണി തൻെറ കൈവിരലിൽക്കിടന്നിരുന്ന ഒരു മോതിരം ഊരിയെടുത്തു വാദ്ധ്യാൻനമ്പൂരിയുടെ കയ്യിൽക്കൊടുത്തു. രത്നഖചിതമായ ആ മോതിരത്തിന് ആയിരം രൂപായിൽ കുറയാതെ വില കാണുമെന്നാണ് കേട്ടിട്ടുള്ളത്.

ഇങ്ങിനെ കൊച്ചുണ്ണിയും വാദ്ധ്യാൻനമ്പൂരിയും ത

Digitised By Kerala Sahitya Akademi

ത്തിൽ സസന്തോഷം പിരിയുകയും ബോട്ടു വിട്ടു കായൽ വഴിക്കു ചെന്നപ്പോൾ രണ്ടു മൂന്നു സ്ഥലത്തുവെച്ചു കൊച്ചുണ്ണിയുടെ കൂട്ടുകാരായ ചില തോണിക്കാർ അടുത്തു ചെല്ലുകയും ബോട്ടിൽ കയറി ചില അക്രമങ്ങൾക്കായിട്ടു ഭാവിക്കുകയും ചെയ്തുവെങ്കിലും വാദ്ധ്യാൻനമ്പൂരി കൊച്ചുണ്ണി കൊടുത്ത മോതിരം കാണിച്ചു വിവരം പറയുകയാൽ യാതൊരുപദ്രവവും ചെയ്യാതെ എല്ലാവരും മടങ്ങിപ്പോവുകയും വാദ്ധ്യാൻനമ്പൂരി ആപത്തൊന്നും കൂടാതെ കൊടുങ്ങല്ലൂരെത്തുകയും ചെയ്തു. ആ മോതിരമുണ്ടായിരുന്നതുകൊണ്ടു വാദ്ധ്യാൻനമ്പൂരിക്കു തെക്കൻയാത്രയിൽ അതില്പിന്നെ യാതൊരിക്കലും കൊച്ചുണ്ണി മുതൽപേരിൽനിന്നു യാതൊരുപദ്രവവും ഉണ്ടായിട്ടില്ലെന്നും അദ്ദേഹം അത് ആജീവനാന്തം സബഹുമാനം തന്റെ കൈവിരലിൽ ധരിച്ചിരുന്നുവെന്നും ആ മോതിരം ഇപ്പോഴും വാദ്ധ്യാൻമനക്കലെ ഈടുവെപ്പിലിരിപ്പുണ്ടെന്നുമാണ് കേൾവി. ഈ കഥകൊണ്ടു കൊച്ചുണ്ണിയുടെ സ്വഭാവഗുണം സ്പഷ്ടമാകുന്നുണ്ടല്ലോ.

ഒരിക്കൽ പരദേശത്തുനിന്ന് ഒരു ബ്രാഹ്മണൻ എറണാകുളത്ത് അദ്ദേഹത്തിന്റെ അമ്മാമന്റെ മഠത്തിൽ വരാനായി പുറപ്പെട്ടു. ഒരു ദിവസം സന്ധ്യയായപ്പോൾ അദ്ദേഹം ഓച്ചിറ എന്ന സ്ഥലത്തു വന്നുചേർന്നു. അദ്ദേഹത്തിന്റെ കൈവശം പത്തഞ്ഞൂറു രൂപാ വിലയുള്ള ചില ആഭരണങ്ങളും കുറെ പണവുമുണ്ടായിരുന്നു. അവ അന്നു രാത്രി അദ്ദേഹത്തിന്റെ അമ്മാമന്റെ മഠത്തിൽ നിശ്ചയിച്ചിരുന്ന ഒരു വിവാഹമടിയന്തരത്തിൽ ഉപയോഗിക്കാനുള്ളവയായിരുന്നു. അവ അവിടെ കൊണ്ടുചെന്നില്ലെങ്കിൽ അന്നു വിവാഹം നടക്കുകയില്ലെന്നുള്ളതു തീർച്ചയുമായിരുന്നു. കായംകുളം കൊച്ചുണ്ണി മുതലായവരെക്കുറിച്ച് അദ്ദേഹം ധാരാളം കേട്ടറിഞ്ഞിട്ടുമുണ്ടായിരുന്നു. അതിനാൽ

Digitised By Kerala Sahitya Akademi

രാത്രി സമയം പണ്ടങ്ങളും പണവുംകൊണ്ടു കായങ്കുളം കടന്ന് ഏവൂക്കു പോകാൻ അദ്ദേഹത്തിനു വളരെ ഭയവുമുണ്ടായിരുന്നു. വഴിക്കു കൊച്ചുണ്ണിയോ കൂട്ടരോ കണ്ടാൽ യാതൊന്നും കൊടുത്തയയ്ക്കുകയില്ലെന്ന് അദ്ദേഹത്തിനു നല്ല നിശ്ചയവുമുണ്ടായിരുന്നു. പോകാതെയിരിക്കാൻ നിവൃത്തിയുമില്ല. ആകപ്പാടെ ബ്രാഹ്മണൻ കഴങ്ങിവശായി. ഏവൂരു മുതലായ സ്ഥലങ്ങളിൽ അദ്ദേഹത്തിനു പരിചയക്കാർ ധാരാളമുണ്ടായിരുന്നു. അവരിൽ വല്ലവരേയും വഴിക്കു കണ്ടെങ്കിൽ ഒരുമിച്ചു പോകാമല്ലൊ. ഏതെങ്കിലും പോകുകതന്നെ എന്നു നിശ്ചയിച്ച് അദ്ദേഹം പണ്ടങ്ങളും പണവുമെല്ലാം ഭാണ്ഡത്തിൽവെച്ചു മുറുക്കിക്കെട്ടി തോളത്തിട്ടുകൊണ്ടു നേരെ വടക്കോട്ടു നടന്നു തുടങ്ങി. കുറച്ചു വടക്കോട്ടു ചെന്നപ്പോൾ വഴിയിൽ ഒരാൾ നില്ക്കുന്നതു കണ്ടു. അപ്പോൾ നേരം മയങ്ങിത്തുടങ്ങി, അത്രേയുള്ളു. വലിയ ഇരുട്ടായിക്കഴിഞ്ഞില്ല. ബ്രാഹ്മണൻ ആ മനുഷ്യനോട് ഒന്നും മിണ്ടാതെ അയാളുടെ അടുക്കൽക്കൂടി കടന്നുപോയി. അദ്ദേഹം വളരെ ബദ്ധപ്പെട്ടു നടക്കുകയായിരുന്നു. അപ്പോൾ ആ മനുഷ്യൻ—ഹേ സ്വാമി! അങ്ങ് എവിടെപ്പോകുകയാണ്? അവിടെ നിൽക്കണം ഒരു കാര്യം പറയട്ടെ—എന്നു പറഞ്ഞുകൊണ്ട് അടുത്തു ചെന്നു.

ബ്രാഹ്മണൻ ഞാൻ ഏവൂരോളം പോകയാണ്. എനിക്കു പോകാൻ ധൃതിയായിരിക്കുന്നു; ഒരത്യാവശ്യമായിട്ടു പോകുകയാണ്. സംസാരിച്ചുകൊണ്ടു നിൽക്കാൻ നിവൃത്തിയില്ല.

മറേറയാൾ— അങ്ങ് ഇപ്പോൾ പോകുന്നതു ശരിയല്ല. ഇന്ന് ഇവിടെയെങ്ങാനും കേറിക്കിടന്നു നാളെ രാവിലെ പോയാൽ മതി.

ബ്രാഹ്മ— അതിനു നിവൃത്തിയില്ല, എനിക്ക് ഇന്നുതന്നെ പോകേണ്ടിയിരിക്കുന്നു. അത്യാവശ്യമാണ്.

Digitised By Kerala Sahitya Akademi

മറേറയാൾ—കായങ്കുളം കൊച്ചുണ്ണിയെക്കുറിച്ച് അങ്ങ് കേട്ടിട്ടില്ലായിരിക്കാം, അല്ലേ? അങ്ങയുടെ ഭാണ്ഡത്തിലെന്താണ്?

ബ്രാഹ്മ—ഭാണ്ഡത്തിൽ സാരമായിട്ടൊന്നുമില്ല. രണ്ടുമൂന്നു മുണ്ടുകൾ മാത്രമേയുള്ളു.

മറേറയാൾ— അതല്ല, ഭാണ്ഡത്തിനു കുറെ ഭാരമുള്ളതുപോലെ തോന്നുന്നല്ലോ. ഏതായാലും ഈ അസമയത്ത് അങ്ങു തനിച്ചു പോകുന്നതു ശരിയല്ല.

ബ്രാഹ്മ— അതു ശരിതന്നെ. എന്തു ചെയ്യാം? എനിക്കും ഈ വിചാരമില്ലാതെയില്ല. കൊച്ചുണ്ണിയേക്കുറിച്ചു ഞാൻ നല്ലപോലെ കേട്ടിട്ടുണ്ട്. എൻെറ മനസ്സിൽ ഭയവും ധാരാളമുണ്ട്. എങ്കിലും പോകാതെയിരിക്കാൻ നിവൃത്തിയില്ല. കൂട്ടുകാരാരുമില്ലാഞ്ഞിട്ടാണ് ഞാൻ തനിച്ചു പോകുന്നത്. ആപത്തിനൊന്നുമിടയാകാതെ എന്നെ ഏറ്റുമാനൂർ കൊണ്ടുചെന്നു വിടാൻ ഈ ദിക്കിൽ വല്ലവരേയും കിട്ടിയെങ്കിൽ അവൎക്ക് എന്തു വേണമെങ്കിലും കൊടുക്കാമെന്നുണ്ട്.

മറേറയാൾ— അങ്ങേക്ക് ഏറ്റുമാനൂരെവിടെയാണ് പോകേണ്ടത്?

ബ്രാഹ്മ—ക്ഷേത്രത്തിൻെറ കിഴക്കേനടയിലൊരു മഠത്തിൽ.

മറേറയാൾ— ആ മഠത്തിലൊരു മൂത്തണ്ണാവിയുണ്ടല്ലോ. അദ്ദേഹം അങ്ങയുടെ ആരാണ്?

ബ്രാഹ്മ— എൻെറ അമ്മാമനാണ്. അദ്ദേഹത്തെ നിങ്ങൾ അറിയുമോ?

മറേറയാൾ—അറിയും. അദ്ദേഹം ഒരു നല്ല മനുഷ്യനാണ്. എൻെറ പേരിൽ അദ്ദേഹത്തിനു വളരെ വാത്സല്യമുണ്ട്.

ബ്രാഹ്മ— എന്നാൽ നിങ്ങൾക്ക് എൻെറ പേരിലും വാത്സല്യം തോന്നേണ്ടതാണല്ലോ. എനിക്ക് ഇവിടെയെങ്ങും പരിചയമില്ല. നിങ്ങൾക്ക് ഈ ദിക്കിൽ പരിച

Digitised By Kerala Sahitya Akademi

യമുണ്ടെങ്കിൽ എന്റെകൂടെ ഒരാളെ ചട്ടംകെട്ടി അയ ച്ചുതന്നാൽ വലിയ ഉപകാരമായിരിക്കും. കൂടെപ്പോരു ന്ന ആൾക്കു ഞാൻ വല്ലതും കൊടുക്കുകയും ചെയ്യാം.

മറേറയാൾ— എന്തു കൊടുക്കാം?

ബ്രാഹ്മ— നാലു ചക്രം കൊടുക്കാം.

മറേറയാൾ— നാലു ചക്രമോ? അതിന് ഇവിടങ്ങളിലാരു മുണ്ടാവുകയില്ല. ഇതാ ഇപ്പോൾതന്നെ നല്ലയിരുട്ടായി രിക്കുന്നു. ഈ അസമയത്ത് അഞ്ചാറു നാഴിക അങ്ങയു ടെ പ്രാണരക്ഷയ്ക്കായി കൂടെപ്പോരുന്നയാൾക്കു നാലു ച ക്രമോ? നല്ല ശിക്ഷയായി! സഹായത്തിനാരും കൂടാതെ അങ്ങു തനിച്ചു പോയാൽ അങ്ങയുടെ ഭാണ്ഡവും പ്രാണ നും പോകും. അതു വിചാരിക്കാത്തതെന്താണ്? അ ഞ്ചുറുപ്പ തരാമെങ്കിൽ ഞാൻതന്നെ പോരാം. വേറെ ആരെയും അന്വേഷിക്കേണ്ട.

ഇങ്ങിനെ അവർ തമ്മിൽ പറഞ്ഞുംകൊണ്ടു നിന്ന തിനിടയ്ക്കു നേരം സന്ധ്യകഴിഞ്ഞു; നല്ല ഇരുട്ടുമായി. ഒടു ക്കപ്പാടെ ആലോചിച്ച് ഒടുക്കം മൂന്നുറുപ്പ കൊടുക്കാമെ ന്നു ബ്രാഹ്മണൻ പറയുകയും മറേറയാൾ അത് ഒരു വിധം സമ്മതിക്കയും ചെയ്തു. പിന്നെ രണ്ടു പേരുംകൂടി നടന്നു തു ടങ്ങി. വഴിക്കു ബ്രാഹ്മണൻ കൊച്ചുണ്ണിയെ വളരെ ശകാ രിക്കുകയും ശപിക്കുകയുമൊക്കെച്ചെയ്തു. മറേറയാൾ എ ല്ലാം മൂളിക്കേട്ടു ശരിവെച്ചു. അങ്ങിനെ രണ്ടു പേരുംകൂടി ഏവൂർ ക്ഷേത്രത്തിന്റെ കിഴക്കേനടയിൽ മേല്പറഞ്ഞ ബ്രാ ഹ്മണന്റെ പടിക്കലെത്തി. അപ്പോൾ ആ കൂട്ടുകാരൻ— ഇനിപ്പേടിക്കാനൊന്നുമില്ലല്ലൊ ഇതാണല്ലൊ മഠം. എനി ക്ക് തരാമെന്നു പറഞ്ഞതു തന്നേയ്ക്കണം. എനിക്ക് പോ കാൻ ധൃതിയായി—എന്നു പറഞ്ഞു.

ബ്രാഹ്മ— അകത്തേക്കു വരാമല്ലൊ. ഉറുപ്പ ഭാണ്ഡത്തിലാ

Digitised By Kerala Sahitya Akademi

ണ്. ഭാണ്ഡമഴിച്ചെടുക്കണം. മഠത്തിൻെറ ഇറയത്തു ചെന്നിരുന്നു ഭാണ്ഡമഴിച്ചെടുത്തു തരാം.

മഠേറയാൾ — ഞാനകത്തേക്കു വരുന്നില്ല. ഇവിടെ നിൽക്കാം. അങ്ങുപോയി ഭാണ്ഡമഴിച്ചെടുത്തു കൊണ്ടുവന്നു തന്നാൽ മതി.

'എന്നാലങ്ങിനെയാവട്ടെ' എന്നു പറഞ്ഞു ബ്രാഹ്മണൻ അകത്തേക്കു പോയി. മഠത്തിൻെറ മുററത്തു ചെന്നിരുന്ന് അമ്മാമനെ വിളിച്ചു. ഉടനെ മൂത്തണ്ണാവി ഒരു വിളക്കുംകൊണ്ടു വാതിൽ തുറന്നു പുറത്തു വന്നു.

മൂത്തണ്ണാവി — നിന്നെക്കാണാഞ്ഞു ഞാൻ വളരെ വ്യസനിച്ചിരിക്കുകയായിരുന്നു. നേരം സന്ധ്യകഴിയുന്നതുവരെ നോക്കിക്കൊണ്ടിരുന്നു. സന്ധ്യകഴിഞ്ഞിട്ടും കാണാഞ്ഞപ്പോൾ കൊച്ചുണ്ണിയുടെ കയ്യിൽ അകപ്പെട്ടുപോയി എന്നുതന്നെ തീർച്ചയാക്കി. എതെങ്കിലും നേരം വെളുത്തിട്ട് അന്വേഷിക്കാമെന്നു വിചാരിച്ചിരിക്കുകയായിരുന്നു. ഈശ്വരകാരുണ്യംകൊണ്ട് ആപത്തൊന്നുമുണ്ടായില്ലല്ലൊ.

ബ്രാഹ്മ — ഇല്ല, കായംകുളത്തിനു സമീപത്തായപ്പോഴേക്കും നേരം സന്ധ്യമയങ്ങിത്തുടങ്ങി. പിന്നെ അവിടെനിന്ന് ഒരു കൂട്ടുകാരനേക്കൂടെ വിളിച്ചുകൊണ്ടാണ് ഞാൻ പോന്നത്. അവനു മൂന്നു രൂപ കൊടുക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്. അതു കൊടുക്കണം. അവൻ പടിക്കൽ നിൽക്കുന്നു.

മൂത്തണ്ണാവി — അതിനായിട്ടു ഭാണ്ഡമഴിക്കണമെന്നില്ല. അവനു രൂപ ഞാൻ കൊടുത്തുകൊള്ളാം. നീ വഴിനടന്നു ക്ഷീണിച്ചല്ലേ വന്നിരിക്കുന്നത്. വേഗം കുളിച്ച് അത്താഴം കഴിക്കാൻ നോക്കു. ഭാണ്ഡം അവിടെയിരിക്കട്ടെ. ഞാനെടുത്ത് അകത്തുവെച്ചുകൊള്ളാം.

എന്നു പറഞ്ഞു മൂത്തണ്ണാവി തൻെറ ഭാഗിനേയനെ

Digitised By Kerala Sahitya Akademi

കളിക്കാനയയ്ക്കുകയും ഭാണ്ഡമെടുത്തു അകത്തു കൊണ്ടു പോയി വെയ്ക്കുകയും ചെയ്തിട്ടു മൂന്നു രൂപയെടുത്തു വിളക്കുമായി പടിക്കു പുറത്തു ചെന്നു. അപ്പോൾ മറേറ ബ്രാഹ്മണൻെറ കൂടെ വന്നയാൾ അവിടെത്തന്നെ നില്ക്കുന്നുണ്ടായിരുന്നു. ആ മനുഷ്യൻ മൂത്തണ്ണാവിയേക്കണ്ടയുടനെ കാൽക്കൽ വീണു നമസ്കരിച്ചു. ഇതെന്തൊരു വിദ്യയാണെന്നറിയാതെ മൂത്തണ്ണാവി ആ മനുഷ്യൻെറ മുഖത്തു വിളക്കടുപ്പിച്ചു പിടിച്ചു സൂക്ഷിച്ചുനോക്കി.

മൂത്തണ്ണാവി— ഓഹോ! കൊച്ചുണ്ണിയല്ലേ ഇത്? നീയാണോ കൊച്ചുസ്വാമിയെ ഇവിടെക്കൊണ്ടുവന്നു വിട്ടത്?

കൊച്ചുണ്ണി— അതേ.

മൂത്തണ്ണാവി— വളരെ സന്തോഷമായി. നീ ഈ ചെയ്ത ഉപകാരത്തിനു മൂന്നല്ല, മുന്നൂറു രൂപ തന്നാലും മതിയാവുകയില്ല. നീ കാണാനിടയാകാതെ അവൻ ആ മമ്മതിൻെറ കയ്യിലോ മറേറാ അകപ്പെട്ടിരുന്നുവെങ്കിൽ അവൻെറ കഥ കഴിഞ്ഞുപോകുമായിരുന്നുവല്ലൊ. അതിനൊന്നും ഇടയാകാഞ്ഞതു ഭാഗ്യംതന്നെ. ഇതാ മൂന്നു രൂപ, ഇതു മതിയോ? പോരെങ്കിൽ എത്ര വേണമെങ്കിലും തരാം.

കൊച്ചുണ്ണി— എനിക്കൊന്നും വേണ്ട, ഞാനൊന്നും മേടിക്കാൻ വിചാരിച്ചിരുന്നുമില്ല. അദ്ദേഹം ഇവിടെ വരികയാണെന്നും സ്വാമിയുടെ അനന്തരവനാണെന്നും പറഞ്ഞതു വാസ്തവംതന്നെയൊ, അദ്ദേഹം ഒരാൾക്കെന്തെങ്കിലും കൊടുക്കാമെന്നു പറഞ്ഞാൽ കൊടുക്കുന്നയാളോ, ഒടുക്കം കാര്യം കഴിയുമ്പോൾ കബളിപ്പിക്കുന്ന മനുഷ്യനോ എന്നും മററുമറിയാനായി മാത്രം ഞാനിവിടെ നിന്നതാണ്. അല്ലാതെ ഒന്നും വേണമെന്നു വിചാരിച്ചല്ല. എനിക്ക് വേണമെങ്കിൽ ആ ഭാണ്ഡം മുഴുവനും മേടിക്കാമായിരുന്നല്ലൊ. എനിക്കിതിനു ഒരു കാ

ദ്രൂപോവും വേണ്ട. സ്വാമി അന്നുതന്ന ആ വാത്സല്യം തിയുടെ സ്വാദു ഞാനിന്നും മറന്നിട്ടില്ല. ഞാൻ ചത്താലും അതു മറക്കുകയുമില്ല. എനിക്കു സ്വാമിയുടെ അനുഗ്രഹം മാത്രം മതി.

എന്നു പറഞ്ഞ് ആ മനുഷ്യൻ മൂത്തണ്ണാവിയെ വീണ്ടും വന്ദിച്ചിട്ടു പോവുകയും ചെയ്തു. ആ മൂന്നു രൂപയും അയാൾ മേടിച്ചില്ല. ആ മനുഷ്യൻ നമ്മുടെ കൊച്ചുണ്ണിയായിരുന്നുവെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ. കൊച്ചുണ്ണി ഒരു കൃതജ്ഞതയുള്ള ആളായിരുന്നുവെന്നുള്ളതിന് ഈ കഥ ഒരൊന്നാന്തരം ദൃഷ്ടാന്തവുമാണല്ലോ. ഇനി കൊച്ചുണ്ണിയുടെ സത്യസന്ധതയ്ക്കു ദൃഷ്ടാന്തമായിട്ട് ഒരു സംഗതി പറയാം.

കൊച്ചുണ്ണിയുടെ കാലത്തു കാത്തികപ്പള്ളിത്തെരുവിനു സമീപം സിറിയൻക്രിസ്ത്യൻസമൂഹത്തിലുൾപ്പെട്ട ഒരു മാപ്പിള താമസിച്ചിരുന്നു. അയാൾ കാലക്ഷേപത്തിന് ഒരു ഗതിയും ഇല്ലാത്തവനായിരുന്നു. വല്ലവരോടുമൊക്കെ വില പിന്നീടു കൊടുക്കാമെന്നു പറഞ്ഞു നാളികേരം വാങ്ങി വെട്ടി കൊപ്രായാക്കി, ആലപ്പുഴ കൊണ്ടുചെന്നു വിററു വില വാങ്ങി തേങ്ങയുടെ വില കൊടുത്തു തീർത്തിട്ടു കിട്ടുന്ന ലാഭംകൊണ്ടാണ് അയാൾ 'അഹോവൃത്തി' കഴിച്ചു വന്നത്. അയാൾ ദേഹണ്ഡിച്ചുകൊടുത്തിട്ടു കഴിയേണ്ടവരായി അയാളുടെ ഭാൎയ്യയും നാലഞ്ചു കുട്ടികളും അയാളുടെ തള്ളയുമുണ്ടായിരുന്നു. അയാൾ ഒരു സത്യവാനും സാധുവും പരാധീനക്കാരനുമായിരുന്നതിനാൽ അയാൾക്കു കടമായി നാളികേരം കൊടുക്കുന്നതിനു സമീപസ്ഥന്മാൎക്കു മടിയുണ്ടായിരുന്നില്ല.

അങ്ങിനെയിരിക്കുമ്പോൾ അയാൾ നാലഞ്ചു പേരോട് ആയിരവും അഞ്ഞൂറും വീതം നാളികേരം കടമായി വാങ്ങി വെട്ടി കൊപ്രായുണക്കി ആലപ്പുഴക്കൊണ്ടുപോയി

Digitised By Kerala Sahitya Akademi

റുകൾക്കുകൊടുത്തു പണവും വാങ്ങിക്കൊണ്ടു മടങ്ങിപ്പോന്നു. കൊപ്രാ കയററിക്കൊണ്ടുപോയതു തൃക്കുന്നപ്പുഴെ നിന്ന് ഒരാളോടു കൂലിക്കു വാങ്ങിയ വഞ്ചിയിലായിരുന്നു. അതിനാൽ അയാൾ തൃക്കുന്നപ്പുഴെ വന്നു വഞ്ചി ഉടമസ്ഥനെ ഏല്പിച്ചിട്ട് അവിടെനിന്നു കരവഴി കാർത്തികപ്പള്ളിക്കു പുറപ്പെട്ടു. അപ്പോൾ നേരം ഏകദേശം അഞ്ചു നാഴിക ഇരുട്ടിയിരുന്നു. തൃക്കുന്നപ്പുഴനിന്നു കാർത്തികപ്പള്ളിക്കു രണ്ടു നാഴികയിലധികം ദൂരമില്ലാതെയിരുന്നതുകൊണ്ട് ആ ദിക്കിലൊക്കെ അയാൾക്കു നല്ലപോലെ പരിചയമുണ്ടായിരുന്നതിനാലും കൊച്ചുണ്ണി മുതലായവരുടെ സഞ്ചാരം ആ പ്രദേശത്തു സാധാരണമല്ലാതെയിരുന്നതിനാലും വല്ലതുമാപത്തുണ്ടായേക്കുമെന്നുള്ള വിചാരം അയാൾക്ക് അധികമുണ്ടായിരുന്നില്ല. എങ്കിലും കൊച്ചുണ്ണിയും കൂട്ടുകാരും ചിലപ്പോൾ അവിടങ്ങളിലും സഞ്ചരിക്കാറുണ്ടായിരുന്നതുകൊണ്ടു കുറച്ചൊരു ഭയം ഇല്ലാതിരുന്നുമില്ല. എന്തെങ്കിലും ആ സാധുമനുഷ്യൻ കൊപ്രാ വിററു കിട്ടിയ ഇരുന്നൂററിച്ചില്വാനം രൂപയും മടിയിൽവെച്ചുകൊണ്ടു തനിച്ചാണ് പുറപ്പെട്ടതെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

മാപ്പിള ഏകദേശം പകുതിവഴിയായപ്പോൾ, കൊച്ചുണ്ണി വഴിയിൽ നില്ക്കുന്നുണ്ടായിരുന്നു. രാത്രിയായിരുന്നതിനാൽ ദൂരെവെച്ചു കാണുന്നതിനും ആളറിയുന്നതിനും കഴിഞ്ഞില്ല. അല്ലെങ്കിൽ ആ മാപ്പിള ദൂരെവെച്ചുതന്നെ വഴിമാറിപ്പോകുമായിരുന്നു. ഗ്രഹപ്പിഴയുടെ ശക്തികൊണ്ടോ എന്തോ അതിനൊന്നുമിടയായില്ല. അവർ പരസ്പരം പരിചിതന്മാരായിരുന്നതിനാലും നിലാവിന്റെ വെളിച്ചം കുറേശ്ശ ഉണ്ടായിരുന്നതുകൊണ്ടും അടുത്തുകൂടിയപ്പോൾ രണ്ടുപേരും തമ്മിലന്യോന്യം മനസ്സിലായി. അപ്പോൾ, ആ മാപ്പിളയ്ക്കുണ്ടായ ഭയവും വ്യസനവും എത്രമാത്രമെന്നു പറയാൻ പ്രയാസം.

Digitised By Kerala Sahitya Akademi

കൊച്ചുണ്ണി—താനിപ്പോൾ എവിടെപ്പോയിവരുന്നു?

മാപ്പിള—ഞാൻ ആലപ്പുഴയോളം പോയിവരികയാണ്.

കൊച്ചുണ്ണി—കൊപ്രാ കൊടുക്കാനാണോ?

മാപ്പിള—അതെ.

കൊച്ചുണ്ണി—എന്നാൽ തന്റെ കയ്യിൽ പണം കാണുമല്ലൊ. എത്ര രൂപയുണ്ട്. മടിശ്ശീല കാണട്ടെ.

ഇതു കേട്ടു മാപ്പിള ഒന്നും മിണ്ടാതെ വിഷണ്ണനായി നിന്നു.

കൊച്ചുണ്ണി—ഒട്ടും മടിക്കേണ്ട. തന്നേയ്ക്കു. അതാണ് നല്ലത്. അല്ലെങ്കിൽ അറിയാമല്ലൊ. കൊച്ചുണ്ണിയുടെ സ്വഭാവം താൻ മനസ്സിലാക്കീട്ടുള്ളതല്ലേ?

മാപ്പിള വേഗം മടിശ്ശീലയെടുത്തു കൊച്ചുണ്ണിയുടെ കയ്യിൽ കൊടുത്തിട്ട് 'ഇരുന്നൂററിയമ്പതുണ്ട്' എന്നു പറഞ്ഞു. 'എത്രയെങ്കിലുമാവട്ടെ' എന്നു പറഞ്ഞു കൊച്ചുണ്ണി മടിശ്ശീലയുംകൊണ്ടുപോവുകയും ചെയ്തു.

കഷ്ടം! സാധുവായ ആ മാപ്പിളയുടെ പിന്നത്തെ സ്ഥിതി എന്തു പറയുന്നു. പണമോ പോയി. ഉപജീവനവും മുട്ടിയല്ലൊ. നാളികേരം കടം വാങ്ങിയവക്കു കൊടുക്കാനുള്ളതു കൊടുക്കാതെയിരുന്നാൽ പിന്നെയയാളെ വിശ്വസിച്ചു വല്ലവരും വല്ലതും കൊടുക്കുമോ? കടം കിട്ടാതെയായാൽ ഉപജീവനത്തിനു വേറെ മാർഗ്ഗവുമില്ലല്ലൊ. ഇതെല്ലാം വിചാരിച്ചു മാപ്പിള ജീവച്ഛവമായിട്ടു നടന്ന് ഒരുവിധം അയാളുടെ വീട്ടിലെത്തി. വിവരമെല്ലാം ഭാര്യയോടും പറഞ്ഞു. രണ്ടുപേരുംകൂടി വളരെ നേരമിരുന്നു പലതും പറഞ്ഞു വിഷാദിച്ചു. ഒടുക്കം അയാളുടെ ഭാര്യ—പണം പോയതു പോട്ടെ. നിങ്ങളുടെ ജീവൻ പോയില്ലല്ലൊ. അതുതന്നെ ഭാഗ്യം. നമുക്കൊരു തുണ്ടുപുരയിടമുള്ളതു നാളെത്തന്നെ ആർക്കെങ്കിലും പണയമെഴുതി പണം വാങ്ങി കടം വാങ്ങിയേടത്തു കൊടുക്കാനുള്ളതു

Digitised By Kerala Sahitya Akademi

കൊടുത്തുതീൎക്കണം. അല്ലെങ്കിൽ നേരില്ലാത്തവനെന്നു പേരു കിട്ടുമെന്നു മാത്രമല്ല, നമ്മുടെ ഉപജീവനവും മുട്ടുമല്ലൊ. പണയമെഴുതി വാങ്ങുന്ന കടം ദൈവകൃപകൊണ്ട് ഒരു കാലത്തു തീൎക്കാൻ സംഗതിയായെങ്കിൽ തീൎക്കാം. വല്ലവിധവും പലിശ കൊടുത്തുകൊണ്ടിരുന്നാൽ നേരുകേടു കൂടാതെ കഴിക്കാമല്ലൊ. എന്തെങ്കിലും അത്താഴം കഴിച്ചു നമുക്കു കിടക്കാം. നേരം വളരെയധികമായി—എന്നു പറഞ്ഞു. വ്യസനംകൊണ്ടു മാപ്പിളയ്ക്കു് അത്താഴം വേണമെന്നുതന്നെ തോന്നിയില്ല. ഭാൎയ്യയുടെ നിൎബ്ബന്ധം നിമിത്തം അയാൾ അത്താഴം കഴിച്ചുവെന്നുവരുത്തി പോയിക്കിടക്കുകയും ചെയ്തു. വിചാരം നിമിത്തം അയാൾക്കു നേരെ ഉറക്കവും വന്നില്ല. ഓരോ മനോരാജ്യങ്ങൾ വിചാരിച്ചു വിചാരിച്ചുതന്നെ ഒരുവിധം നേരം വെളുപ്പിച്ചുവെന്നേ പറയാനുള്ളു. പിറേറദിവസംതന്നെ മാപ്പിള തന്റെ പുരയിടം പണയമെഴുതി ആവശ്യമുള്ള പണം വാങ്ങി കടമെല്ലാം വീട്ടി. വീണ്ടും നാളികേരം കടമായിത്തന്നെ വാങ്ങി കൊപ്രാവെട്ടും ആരംഭിച്ചു.

അങ്ങിനെ പത്തു പതിനഞ്ചു ദിവസം കഴിഞ്ഞ് ഒരു ദിവസം സന്ധ്യാസമയം മാപ്പിള വീട്ടിന്റെ ഇറയത്തു ചില മനോരാജ്യങ്ങൾ വിചാരിച്ചുകൊണ്ടിരുന്നപ്പോൾ ആരോ ഒരാൾ പടികയറി വരുന്നതുകണ്ടു. നേരം ഇരുട്ടിത്തുടങ്ങിയതിനാൽ അതാരാണെന്ന് ആദ്യം അയാൾക്കു മനസ്സിലായില്ല. ആ മനുഷ്യൻ അടുത്തു ചെന്നപ്പോൾ കൊച്ചുണ്ണിയാണെന്നു മനസ്സിലാവുകയാൽ മാപ്പിള മനസ്സറിയാതെ 'അയ്യോ!' എന്നൊരു നിലവിളിയോടുകൂടി പരിഭ്രമിച്ചു പെട്ടെന്നെണീററു.

കൊച്ചുണ്ണി—ഹേ! ഒട്ടും പരിഭ്രമിക്കേണ്ട. ഞാൻതന്നെ ഉപദ്രവിക്കാനായിട്ടു വന്നതല്ല. തന്നോട് ഇന്നാളുള്ളൊ

Digitised By Kerala Sahitya Akademi

രു ദിവസം വാങ്ങിയ പണം തരാനായിട്ടാണ് ഞാൻ വന്നിരിക്കുന്നത്. പാവപ്പെട്ടവനായ തന്റെ പണം അപഹരിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. അന്നെനിക്കു കുറച്ചുപണത്തിന് ആവശ്യമുണ്ടായിരുന്നു. മറെറാ മാർഗ്ഗമൊന്നുമുണ്ടാകാഞ്ഞതിനാൽ തന്നോടു വാങ്ങിക്കൊണ്ടു പോയതാണ്. ഇന്നലെ എനിക്കു കുറച്ചു പണം കിട്ടി. ഇനി തന്റെ പണം തരാതെയിരിക്കുന്നതു ശരിയല്ലല്ലോ എന്നു വിചാരിച്ചു കൊണ്ടുവന്നതാണ്. ഇതാ തന്റെ മടിശ്ശീലയും പണവും. അതിൽ സ്വല്പം കൂടുതലുണ്ടായിരിക്കും. അതു താനന്നു ചെയ്ത ഉപകാരത്തിനു പ്രതിഫലമായിട്ടിരിക്കട്ടെ.

എന്നു പറഞ്ഞു മടിശ്ശീല മാപ്പിളയുടെ മുൻപിൽവെച്ചിട്ടു കൊച്ചുണ്ണി അപ്പോൾത്തന്നെ ഇറങ്ങിപ്പോവുകയും ചെയ്തു. മാപ്പിള മടിശ്ശീലയെടുത്തഴിച്ച് എണ്ണിനോക്കിയപ്പോൾ അഞ്ഞൂറു രൂപയുണ്ടായിരുന്നു. അപ്പോൾ ആ മാപ്പിളയ്ക്കുണ്ടായ സന്തോഷം, കൊച്ചുണ്ണി പണം വാങ്ങിക്കൊണ്ടുപോയപ്പോളുണ്ടായ സന്താപത്തിലിരട്ടിയിലധികമായിരുന്നു. പിന്നെ അയാൾ ആ അഞ്ഞൂറു രൂപയും കൂടി നാളികേരം വാങ്ങി കൊപ്രാവെട്ടി കച്ചവടം ചെയ്തു. അങ്ങിനെ ഒരു കൊല്ലം കഴിഞ്ഞപ്പോൾ പുരയിടത്തിന്മേൽ സ്ഥാപിച്ചും അല്ലാതെയുമുണ്ടായിരുന്ന സകല കടങ്ങളും തീർന്ന് ആയിരത്തിച്ചില്വാനം രൂപ മാപ്പിളയ്ക്കു സ്വന്തമായിട്ടുതന്നെ കൈവശമുണ്ടായി. പിന്നെ അയാൾ അതുകൊണ്ടു മുറയ്ക്കു കൊപ്രാക്കച്ചവടം ചെയ്തുകൊണ്ടിരുന്നു. എന്തിനു വളരെപ്പറയുന്നു, കുറച്ചുകാലംകൊണ്ട് ആ മാപ്പിള കാലക്ഷേപത്തിന് ഒട്ടും ഞെരുക്കമില്ലാത്ത ഒരു നിലയിലായി. ഇതിന്റെ കാരണഭൂതൻ സത്യസന്ധനായ കൊച്ചുണ്ണിയാണെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ. ഇങ്ങിനെ അനേകമഗതികൾ കൊച്ചുണ്ണി

Digitised By Kerala Sahitya Akademi

യുടെ സഹായംകൊണ്ടു സമ്പന്നന്മാരായിത്തീർന്നിട്ടുണ്ട്. കൊച്ചുണ്ണി നിമിത്തം ദാരിദ്ര്യം തീർന്നവരായ പല കുടുംബക്കാർ കായംകുളം, കാർത്തികപ്പള്ളി, കീരിക്കാട്ടു, മുതുകുളം മുതലായ സ്ഥലങ്ങളിൽ ഇപ്പോഴും നല്ല സ്ഥിതിയിൽത്തന്നെ ഇരിക്കുന്നുമുണ്ട്. അവർക്കു കൊച്ചുണ്ണിയെക്കുറിച്ചുള്ള നന്ദി ഇന്നും അവരുടെ മനസ്സിൽനിന്നു മാഞ്ഞുപോയിട്ടുമില്ല.

14. കൈപ്പുഴരാജ്ഞിയും പുളിങ്കുന്നു ദേശവും.

വടക്കുംകൂർ രാജവംശത്തിലെ ഒരു ശാഖക്കാർ ഒരു കാലത്ത് ഏററുമാനൂർ താലൂക്കിൽ ചേർന്ന കൈപ്പുഴ എന്ന സ്ഥലത്തു താമസിച്ചിരുന്നു. അവരെ അക്കാലത്തു സാധാരണമായി 'കൈപ്പുഴത്തമ്പുരാക്കന്മാരെ'ന്നാണ് പറഞ്ഞുവന്നിരുന്നത്. അവിടെനിന്ന് ഒരു തമ്പുരാട്ടിയെ ഒരമ്പലപ്പുഴ (ചെമ്പകശ്ശേരി)ത്തമ്പുരാൻ സംബന്ധം ചെയ്തു കൊണ്ടുപോയിരുന്നു. അമ്പലപ്പുഴത്തമ്പുരാക്കന്മാർ ബ്രാഹ്മണരായിരുന്നുവല്ലോ. മലയാളബ്രാഹ്മണരിൽ മൂത്തയാൾ മാത്രം സ്വജാതിയിൽ വിവാഹം ചെയ്യുകയും മററുള്ളവരെല്ലാം ബ്രാഹ്മണരിൽത്താണ ജാതിക്കാരുടെ സ്ത്രീകളെ സംബന്ധം ചെയ്യുകയുമാണല്ലോ പതിവ്. ഒരു കാലത്ത് അമ്പലപ്പുഴെ ജ്യേഷ്ഠാനുജന്മാരായിട്ടു രണ്ടു തമ്പുരാക്കന്മാരുണ്ടായിരുന്നു. അവരിൽ രണ്ടാമനാണ് കൈപ്പുഴ രാജ്ഞിയെ സംബന്ധം ചെയ്തു കൊണ്ടുപോയത്. എങ്കിലും കുറച്ചുകാലം കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു മൂപ്പും രാജ്യാധിപത്യവും സിദ്ധിച്ചു. അക്കാലത്ത് ആ തമ്പുരാൻ സ്വരാജ്യത്തിൽ "പുളിങ്കുന്ന്" എന്ന ദേശം തന്റെ പ്രിയതമയായ കൈപ്പുഴരാജ്ഞിക്ക് ഇഷ്ടദാനമായി കൊടു

Digitised By Kerala Sahitya Akademi

ണ്ടു. അവിടെ ഒരു ഭവനവുമുണ്ടാക്കികൊടുത്ത് ആ രാജ്ഞിയേയും സന്താനങ്ങളേയും അവിടെ പാൎപ്പിച്ചു. ആ തമ്പുരാന്റെ കാലം കഴിഞ്ഞിട്ടും ആ തമ്പുരാട്ടിയും അവിട്ടത്തെ മക്കളും അവിടെത്തന്നെ താമസിച്ചിരുന്നു. ആ ദേശത്തെ നികുതി പിരിക്കുന്നതിനുള്ള അധികാരം അവിടെയ്ക്കുണ്ടായിരുന്നതു കൂടാതെ അവിട്ടത്തെ ഭൎത്താവായിരുന്ന തമ്പുരാൻ അവിടെയ്ക്കു ധാരാളം പണം കൊടുക്കുകയും ചെയ്തിരുന്നു. അതിനാൽ അവിടെ വേണ്ടതിനൊന്നും ഒരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല. കുട്ടിപ്പട്ടന്മാർ, ഭൃത്യന്മാർ, പരിചാരികമാർ, കാൎയ്യസ്ഥന്മാർ മുതലായവരും ധാരാളമുണ്ടായിരുന്നു. ശമ്പളം കൊടുക്കാൻ വേണ്ടുന്ന മുതലുണ്ടെന്നുകണ്ടാൽ സേവിക്കാനാളുകളും ധാരാളമുണ്ടാകുമല്ലൊ. അതിനാൽ ആ രാജ്ഞി യഥാപൂൎവ്വം വേണ്ടുന്ന പദവികളോടുകൂടിത്തന്നെയാണ് അവിടെത്താമസിച്ചിരുന്നത്.

ഇങ്ങിനെയിരിക്കുന്ന കാലത്താണ് തിരുവിതാംകൂർമഹാരാജാവ് അമ്പലപ്പുഴ രാജാവുമായി യുദ്ധമാരംഭിച്ചത്. ആ യുദ്ധത്തിൽ അമ്പലപ്പുഴരാജാവു പരാജിതനായിത്തിരുമെന്ന് ഏകദേശം തീൎച്ചയായപ്പോഴേയ്ക്കും, തിരുവിതാംകൂർമഹാരാജാവിന്റെ സൈന്യങ്ങൾ പുളിംകുന്നിലേയ്ക്കുകൂടിക്കടന്നു വല്ല ഉപദ്രവവുമുണ്ടാക്കിയേയ്ക്കുമോ എന്നു വിചാരിച്ചു രാജ്ഞിക്കു വളരെ പരിഭ്രമവും ഭയവുമുണ്ടായി. 'എന്തായാലും ഇനി ഇവിട്ടത്തെത്താമസം അത്ര ശുഭമായിവരികയില്ല. കഴിയുന്ന വേഗത്തിൽ കൈപ്പുഴയ്ക്കു പോകണം' എന്നു രാജ്ഞി തീൎച്ചപ്പെടുത്തുകയും ആ വിവരം കാൎയ്യസ്ഥന്മാരെ ധരിപ്പിച്ചു വേണ്ടുന്നതെല്ലാം തയ്യാറാക്കുവാൻ ചട്ടം കെട്ടുകയും ചെയ്തു. അക്കാലത്തു പുളിംകുന്നിൽ വലിയ ധനവാന്മാരായ നായന്മാർ മുന്നൂററിൽപ്പരം വീട്ടുകാരുണ്ടായിരുന്നു. ഈ നായന്മാരല്ലാതെ സാമാന്യം പോലെ ആ ദിക്കിലാരുമുണ്ടായിരുന്നില്ലെന്നുതന്നെ പറയാം.

Digitised By Kerala Sahitya Akademi

നമ്പ്യാണിമാപ്പിളമാർ നാലോ അഞ്ചോ കുടുംബക്കാരുണ്ടാ യിരുന്നുവെങ്കിലും അവരെല്ലാം അന്നന്നു കൂലിവേല ചെ യ്തു അഹോവൃത്തി കഴിക്കുന്ന ദുർഗതികളായിരുന്നു. രാ ജ്ഞിക്കു രാജ്യാധിപത്യം കൂടിയുണ്ടായിരുന്നതിനാൽ അവി ടെയുള്ള സകലജനങ്ങളും ആ രാജ്ഞിയുടെ ആജ്ഞയിലുൾ പ്പെട്ടാണ് അവിടെ താമസിച്ചിരുന്നത്. രാജ്ഞിയുടെ ഭ ർത്താവായ രാജാവു തീപ്പെട്ടുപോയതിന്റെ ശേഷവും ആ രാജപത്നിയെക്കുറിച്ചുള്ള ഭക്തിയും ബഹുമാനവും അവൎക്കും കുറഞ്ഞിരുന്നില്ല. എങ്കിലും രാജ്ഞി യാത്ര നിശ്ചയിച്ചിരി ക്കുന്നുവെന്നു കേട്ടപ്പോൾ, അക്കാലം വരെ അവൎക്കു വേണ്ടി പ്രാണത്യാഗം ചെയ്വാൻ പോലും തയ്യാറായി രുന്ന ആ നായന്മാരുടെ ഭാവം മാറി. തങ്ങളുടെ രക്ഷാധി കാരിണിയായിരുന്ന രാജ്ഞി ദേശം വിട്ടു പോകുന്നുവെന്നു കേട്ടാൽ ഒന്നു ചെന്നുകാണണമെന്നോ തങ്ങളാൽ കഴിയു ന്ന സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നോ തോന്നുന്നതു സ്വാഭാവികമാണല്ലോ. എന്നാൽ ആ ദിക്കിലുള്ള നായ ന്മാൎക്ക് ആവക ലൌകികവിചാരമൊന്നുമുണ്ടായില്ല. അ വിടെ കൂടെത്താമസിച്ചിരുന്ന ഭൃത്യന്മാർ പോയി രണ്ടു വ ഞ്ചികൾ കൊണ്ടുവന്ന് അവിടെയുണ്ടായിരുന്ന ഭരണിപാ ത്രങ്ങൾമുതലായ സാമാനങ്ങളെല്ലാം ഒരു വഞ്ചിയിലാക്കി. ഉടനെ പണ്ടങ്ങളും പണവുമായിട്ടുണ്ടായിരുന്നതെല്ലാം എ ടുത്തുംകൊണ്ടു തന്റെ സന്താനങ്ങളോടുകൂടി രാജ്ഞി മറേറ വഞ്ചിയിലും ചെന്നുകേറി. അപ്പോഴെയ്ക്കും ഭൃത്യന്മാരും എ വിടെയോ പൊയ്ക്കളഞ്ഞു. പരിചാരികമാർ, കുട്ടിപ്പട്ടന്മാർ മുതലായവരും ഭൃത്യന്മാർ പോയ പുറകേ പോയി. കിം ബഹുനാ? രാജ്ഞിയും അവിടുത്തെ സന്താനങ്ങളും മാത്രം അവിടെ ശേഷിച്ചു. സഹായത്തിനുള്ള ആളുകളും വഞ്ചി ക്കാരുമെല്ലാം വരുമെന്നു വിചാരിച്ച് അവർ വളരെ നേരം ആ വഞ്ചിയിൽ നോക്കിക്കൊണ്ടിരുന്നു. ആരെയും കണ്ടി

Digitised By Kerala Sahitya Akademi

ല്ല. നേരം വൈകിത്തുടങ്ങുകയും ചെയ്തു. അപ്പോൾ രാജ്ഞിക്കു ഭയവും വ്യസനവും വൎദ്ധിച്ചുതുടങ്ങി. 'ഈശ്വരാ! ഇവരെല്ലാവരും കൂടി എന്നെ ചതിക്കുകയായിരിക്കുമോ?' എന്നു പറഞ്ഞു വയോവൃദ്ധയായ ആ രാജ്ഞി കുറേശ്ശ കരഞ്ഞുതുടങ്ങി. അമ്മയുടെ മുഖഭാവം മാറിക്കണ്ടപ്പോൾ മക്കളെല്ലാം കൂട്ടത്തോടെ കരഞ്ഞുതുടങ്ങി. നാലു വയസ്സു മുതൽ പത്തു വയസ്സു വരെ പ്രായമായ മൂന്നാലു കുട്ടികളല്ലാതെ പ്രായം തികഞ്ഞവരായി ആ രാജ്ഞിയുടെ മക്കളിലാരുമുണ്ടായിരുന്നില്ല. രാജ്ഞി ഒരുവിധം തന്റെ വ്യസനത്തെ ഉള്ളിലൊതുക്കുകയും കുട്ടികളെ സമാധാനപ്പെടുത്തുകയും ചെയ്തിട്ടു തന്റെ മൂത്ത പുത്രനെ അവിടെ സമീപത്തുണ്ടായിരുന്ന നായർഗൃഹങ്ങളിലെല്ലാം പറഞ്ഞയച്ച് അവരെയൊക്കെ വിളിപ്പിച്ചു. അവരിൽ സ്ത്രീകളാകട്ടെ പുരുഷന്മാരാകട്ടെ യാതൊരുത്തരും വന്നില്ല. എന്നുമാത്രമല്ല, ആ രാജകുമാരൻ ചെന്നു വിളിച്ചിട്ട് അവരാരും മിണ്ടിയതുപോലുമില്ല. പിന്നെ രാജ്ഞി ആ കുമാരനെത്തന്നെ ചില മാപ്പിളവീടുകളിൽ പറഞ്ഞയച്ചു. അവിടെയൊക്കെച്ചെന്നു നോക്കീട്ട് ആരെയും കണ്ടതുതന്നെയില്ല. ആ വിവരവും കുമാരൻ മടങ്ങിവന്നു പറഞ്ഞു. അപ്പോൾ രാജ്ഞിക്കു താൻ നിസ്സഹായയായിത്തീൎന്നുവെന്നു തീൎച്ചയായി. രാവിലെ ഊണു കഴിച്ചു വഞ്ചിയിൽക്കയറിയ കുട്ടികളെല്ലാം വിശപ്പുകൊണ്ടു ക്ഷീണിച്ചു കരഞ്ഞുതുടങ്ങിയിരിക്കുന്നു. സൂൎയ്യൻ അസ്തമിക്കാറാവുകയും ചെയ്തു. 'ഇനി എന്തൊരു ഗതിയാണീശ്വരാ! ആകപ്പാടെ ആപത്തിലായല്ലോ' എന്നു പറഞ്ഞു രാജ്ഞി വീണ്ടും കരഞ്ഞുതുടങ്ങി. അതു കണ്ടപ്പോൾ കുട്ടികളുടെ കരച്ചിൽ ഒന്നു കൂടി വൎദ്ധിച്ചു.

ഇങ്ങിനെ അവരെല്ലാവരും കൂടി കരഞ്ഞുകൊണ്ടിരുന്നപ്പോൾ സ്വല്പം ദൂരെക്കൂടി നാലു മാപ്പിളമാർ കടന്നു

Digitised By Kerala Sahitya Akademi

പോകുന്നതു കണ്ടിട്ടു രാജ്ഞി തൻെറ പുത്രനെക്കൊണ്ട് അവരെ വിളിപ്പിച്ചു. അവർ അടുത്തുവന്നപ്പോൾ രാജ്ഞിയെക്കാണുകയാൽ താണുതൊഴുതുകൊണ്ട് 'ഇപ്പോൾ ഇവിടെയിങ്ങിനെയെഴുന്നള്ളിയിരിക്കുന്നതെന്താണ്' എന്നു ചോദിച്ചു. രാജ്ഞി സംഗതികളെല്ലാം പറഞ്ഞ് അവരെ ധരിപ്പിച്ചതിൻെറ ശേഷം 'എതുവിധവും നിങ്ങൾ കഴിയുന്നതും വേഗത്തിൽ എന്നെയും എൻെറ കുട്ടികളേയും കൈപ്പുഴ കൊണ്ടുചെന്നാക്കണം. അതിനു നിങ്ങൾക്ക് എന്തു വേണമെങ്കിലും തരാം' എന്നു പറഞ്ഞു. അതു കേട്ടു മാപ്പിളമാർ ഒന്നും കല്പിച്ചതന്നില്ലെങ്കിലും അവിടെയ്ക്കു വേണ്ടി എന്തും ചെയ്വാൻ അടിയങ്ങൾ തയ്യാറാണ്. വിശേഷിച്ചും ഈ സ്ഥിതിയിൽ അടിയങ്ങളാൽ കഴിയുന്നതു ചെയ്യില്ലെങ്കിൽ പിന്നെ മനുഷ്യരായി ജീവിക്കുന്നതെന്തിനാണ്. അവിടുത്തെച്ചോറാണ് അടിയങ്ങൾ ഇതുവരെ തിന്നിട്ടുള്ളത്. അതു ചത്താലും മറക്കുകയില്ല. എന്നാൽ കല്പിച്ച് ഒരരനാഴിക ഒന്നു ക്ഷമിക്കണം. അടിയങ്ങൾ നേരം വെളുത്തപ്പോൾ കുളിവേലയ്ക്കു വിടകൊണ്ടതാണ്. ഇന്നു കരിക്കാടി ആകരിച്ചിട്ടില്ല. അതിനാൽ ക്ഷണത്തിൽ കുറച്ചു കരിക്കാടിവെള്ളം മോന്തികൊണ്ടു വിടകൊള്ളാം. കല്പിച്ചകാര്യം അടിയങ്ങളേററിരിക്കുന്നു. അതിനു യാതൊരു വ്യത്യാസവും വരുത്തുകയില്ല' എന്നു പറഞ്ഞു പോയി. ഉടനെ അവർ നാലുപേരും ആഹാരവും കഴിച്ചു വന്നു വഞ്ചികളിൽ ഈരണ്ടുപേർ കയറി. വഞ്ചി നീക്കാറായപ്പോൾ ശുദ്ധഹൃദയയായ ആ രാജ്ഞി വ്യസനാക്രാന്തയായി കരഞ്ഞുകൊണ്ട് 'എൻെറ ഈശ്വരാ! ഈ ദിക്കിലുള്ള നായന്മാരെല്ലാം നശിച്ചുപോണെ. മാപ്പിളമാരെല്ലാം സകല ശ്രേയസ്സുകളോടുകൂടി വർദ്ധിച്ചുവരികയും ചെയ്യണെ' എന്നു പറഞ്ഞിട്ട് ആപത്തൊന്നും കൂടാതെ തൻെറ പൂർവ്വഗൃഹത്തിൽ ചെന്നെത്താനായി ഈശ്വ

Digitised By Kerala Sahitya Akademi

രനെ പ്രാൎത്ഥിച്ചുകൊണ്ടു വഞ്ചിയിലിരുന്നു. ഉടനെ മാപ്പിളമാർ വഞ്ചി നീക്കിപ്പോവുകയും ചെയ്തു.

യാതൊരാപത്തിനുമിടയാകാതെ പിറേറദ്ദിവസം അതിരാവിലെ വഞ്ചികൾ രണ്ടും കൈപ്പുഴക്കടവിലടുത്തു. ഉടനെ രാജ്ഞിയും മക്കളും കരയ്ക്കിറങ്ങി രാജമന്ദിരത്തിലേയ്ക്കു പോയി. തലേദ്ദിവസം സാമാന്യം പോലെ ഭക്ഷണം കഴിക്കാതെയിരുന്നതിനാൽ അവൎക്കു വളരെ ക്ഷീണമുണ്ടായിരുന്നു. അതിനാൽ ഉടനെ കുളിച്ച് അവർ ഭക്ഷണം കഴിച്ചു. അപ്പോഴേയ്ക്കും വഞ്ചിക്കാരായ മാപ്പിളമാരും കൈപ്പുഴ ഉണ്ടായിരുന്ന ഭൃത്യന്മാരും കൂടി സാമാനങ്ങളെല്ലാം ചുമന്നു കോയിക്കലാക്കി. രാജ്ഞി ആ മാപ്പിളമാൎക്കു ക്ഷേമമായി ഭക്ഷണം കൊടുപ്പിക്കുകയും അവർ വിചാരിച്ചിരുന്നതിൽ വളരെ അധികം പണവും സമ്മാനങ്ങളും കൊടുത്തു സന്തോഷിപ്പിച്ചയയ്ക്കുകയും ചെയ്തു.

രാജ്ഞി പുളിങ്കുന്നിൽനിന്നു പോയിട്ട് അധികം താമസിയാതെതന്നെ തിരുവിതാംകൂർ മഹാരാജാവ് അമ്പലപ്പുഴരാജ്യവും അതോടുകൂടി പുളിംകുന്നും പിടിച്ചടക്കി സ്വരാജ്യത്തോടു ചേൎത്തു. ആ രാജ്ഞിയുടെ ശാപവും അനുഗ്രഹവും നിമിത്തം കാലക്രമേണ പുളിംകുന്നിലുണ്ടായിരുന്ന നായർകുടുംബങ്ങളെല്ലാം നശിക്കുകയും മാപ്പിളമാരെല്ലാം വൎദ്ധിക്കുകയും ചെയ്തു. ഇപ്പോൾ പുളിംകുന്നെന്ന സ്ഥലത്തു നാലോ അഞ്ചോ നായർ കുടുംബങ്ങൾ മാത്രമേ ഉള്ളു. ആ കുടുംബക്കാരെല്ലാം നിത്യവൃത്തിക്കു പോലും വകയില്ലാത്ത അഗതികളുമാണ്. എന്നു മാത്രമല്ല, അവൎക്ക് ഓരോ ആപത്തുകളും അനൎത്ഥങ്ങളും ഇപ്പോഴും തുടരെത്തുടരെ ഉണ്ടായിക്കൊണ്ടുമാണിരിക്കുന്നത്. അവിടെയിപ്പോൾ നസ്രാണിമാപ്പിളമാരുടെ വീടുകൾ മുന്നൂറിലധികമുണ്ട്. ആ വീട്ടുകാരിൽ മിക്കവരും വലിയ ധനവാന്മാരു

Digitised By Kerala Sahitya Akademi

മാണ്. കേവലമഗതികളെന്നു പറയത്തക്കവണ്ണമുള്ളവരായി അവിടെയിപ്പോഴും മാപ്പിളമാരാരുമില്ലെന്നുതന്നെ പറയാം. ധനപുഷ്ടികൊണ്ടും ജനപുഷ്ടികൊണ്ടും പുളിംകുന്നിലുള്ള മാപ്പിളമാൎക്കു തുല്യരായി അടുത്ത പ്രദേശങ്ങളിലെങ്ങും ആരുമില്ലെന്നായിരിക്കുന്നു. വാസ്തവം പറയുകയാണെങ്കിൽ അവിടെയുള്ള നായന്മാൎക്ക് ഇപ്പോഴും ആ മാപ്പിളമാരുടെ സഹായംകൂടാതെ അവിടെ കഴിച്ചുകൂട്ടാൻ നിവൃത്തിയില്ലെന്നുള്ള നിലയിലായിട്ടുണ്ട്. പുളിംകുന്നിലുള്ള നായന്മാരുടെ അധഃപതനത്തിനും ആപത്തുകൾക്കും കാരണം കൈപ്പുഴരാജ്ഞിയുടെ ശാപമാണെന്ന് അടുത്ത കാലത്തു പാഴൂർക്കണിയാരുടെ ഒരു പ്രശ്നവിധിയുമുണ്ടായിട്ടുണ്ട്.

15. ഒരന്തൎജ്ജനത്തിൻെറ യുക്തി.

സ്ത്രീകൾ വിവേകശൂന്യകളും ദുൎമ്മാൎഗ്ഗചാരിണികളും ഭൎത്തൃശുശ്രൂഷാവിമുഖകളുമായിപ്പോകുന്നത് അവരുടെ ഭൎത്താക്കന്മാരുടെ കൊള്ളരുതായ്കകൊണ്ടാണെന്നാണല്ലോ മഹാന്മാരുടെ അഭിപ്രായം. 'യോഷാദോഷം മൃഷാ യഃ കഥയതി വിദുഷേ ഹന്ത! തസ്മൈ നമസ്തേ' എന്നൊരു മഹദ്വചനമുണ്ടായിട്ടുള്ളതും ഈ അഭിപ്രായത്തിൽനിന്നാണല്ലോ. എന്നാൽ, പുരുഷന്മാർ ദുൎമ്മാൎഗ്ഗചാരികളായി ധൂൎത്തടിച്ചു നടക്കുന്നത് അവരുടെ ഭാൎയ്യമാരായ സ്ത്രീകളുടെ കൊള്ളരുതായ്കകൊണ്ടാണെന്നും നിസ്സംശയം പറയാവുന്നതാണ്. വാസ്തവം വിചാരിച്ചാൽ നല്ല തൻേറടമുള്ള ഒരു പുരുഷനു തൻെറ ഭാൎയ്യയെ ഭൎത്തൃശുശ്രൂഷാനിരതയും പാതിവ്രത്യനിഷ്ഠയുള്ളവളുമാക്കിയിരുത്താൻ എത്രത്തോളം കഴിയുമോ അതിൽ പതിന്മടങ്ങ്, ഒരു സ്ത്രീ നല്ല

Digitised By Kerala Sahitya Akademi

വൈദഗ്ദ്ധ്യമുള്ളവളാണെങ്കിൽ അവളുടെ ഭർത്താവിനെ ഏകപത്നീവ്രതത്തോടുകൂടി സന്മാർഗ്ഗത്തിൽ നടത്താൻ കഴിയുമെന്നുള്ളതിനു സംശയമില്ല. ഇനി സ്ത്രീകൾ ദുർമ്മാർഗ്ഗചാരിണികളും പുരുഷന്മാർ ദുർമ്മാർഗ്ഗചാരികളുമായിത്തീരുന്നതിന്റെ കാരണം വിശേഷിച്ചു പറയണമെന്നില്ലല്ലൊ. ഇതിനു രണ്ടിനും ദൃഷ്ടാന്തം നമ്മുടെ നാട്ടുകാരുടെ ഇടയിൽത്തന്നെ ധാരാളമുള്ളതുകൊണ്ട് ഇതിനു വേറെ തെളിവൊന്നും വേണമെന്നും തോന്നുന്നില്ല. എങ്കിലും ഇതിനു ദൃഷ്ടാന്തമായി കേട്ടിട്ടുള്ള ഒരൈതിഹ്യം ഇവിടെ പറഞ്ഞുകൊള്ളുന്നു.

പണ്ട് ഇടപ്പള്ളിയിലെ ഒരു വലിയതമ്പുരാൻ അവിടുത്തെ ദേശവഴികളിൽ ഒന്നായ 'കല്ലൂപ്പാറ' എന്ന ദിക്കിൽപ്പോയിത്താമസിച്ചിരുന്നു. വിവാഹം ചെയ്തിട്ടുണ്ടായിരുന്നു എങ്കിലും കല്ലൂപ്പാറെ ഒരു ബാന്ധവമുണ്ടായിരുന്നതിനാൽ അവിടുന്ന് ഇടപ്പള്ളിൽപ്പോയിത്താമസിക്കുക പതിവില്ല. വിവാഹസംബന്ധങ്ങളായ ക്രിയകളെല്ലാം കഴിഞ്ഞതിന്റെ ശേഷം അവിടുന്ന് അന്തർജ്ജനത്തെ തൊട്ടിട്ടില്ലെന്നല്ല, കാണുകപോലും ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്.

ഇങ്ങിനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ അവിടുത്തെ ബാന്ധവജനങ്ങൾക്കെല്ലാം വളരെ വ്യസനമായിത്തീർന്നു. 'വിവാഹം കഴിഞ്ഞിട്ടു പത്തുപന്ത്രണ്ടു കൊല്ലമായി. ഇതുവരെ സന്തതിയുണ്ടായിട്ടില്ല. രാജതുല്യമായ കൂടിയുള്ള ഒരു വലിയ ബ്രാഹ്മണകുടുംബം സന്തതിയില്ലാതെ നശിച്ചുപോകുന്നതു കഷ്ടമാണല്ലൊ. സന്താനാർത്ഥം വല്ല സൽകർമ്മങ്ങളും തുടങ്ങണം. അല്ലെങ്കിൽ അവിടുത്തെക്കൊണ്ട് ഒന്നുകൂടി വിവാഹം കഴിപ്പിക്കണം' എന്നിങ്ങിനെ വിചാരിച്ചു ബന്ധുക്കളായ ചില നമ്പൂരിമാർ കല്ലൂപ്പാറയെത്തി, വലിയതമ്പുരാനെക്കണ്ടു തങ്ങൾ ചെന്ന കാര്യം അറിയിച്ചു. ആദ്യം

Digitised By Kerala Sahitya Akademi

അവിടുന്ന് ഇവർ പറഞ്ഞതൊന്നും അത്ര ആദരിച്ചില്ല. എങ്കിലും നമ്പൂരിമാർ വീണ്ടും നിർബ്ബന്ധിക്കുകയാൽ ഒന്നുകൂടി വേളികഴിക്കാമെന്ന് അവിടുന്നു സമ്മതിച്ചു. ആദ്യത്തെ അന്തർജ്ജനം വന്ധ്യയായതിനാലാണ് സന്തതിയുണ്ടാകാത്തതെന്നായിരുന്നു നമ്പൂരിമാരുടെ വിചാരം. അതിനാലാണ് അവർ രണ്ടാം വിവാഹത്തിന് അത്ര നിർബ്ബന്ധിച്ചത്. ഒടുക്കം വലിയതമ്പുരാൻ 'നാമിനി രണ്ടാമതും വിവാഹം ചെയ്യണമെങ്കിൽ ആദ്യത്തെ അന്തർജ്ജനത്തിന്റെ സമ്മതം വേണമല്ലോ. അതിനെങ്ങിനെയാണ്? എനിക്ക് അവരോടു ചോദിക്കാൻ കഴികയില്ല' എന്നു പറഞ്ഞു. അപ്പോൾ നമ്പൂരിമാർ 'അകായിലെ സമ്മതം ഞങ്ങൾ വാങ്ങിക്കൊള്ളാം. അതിനൊന്നും പ്രയാസമില്ല' എന്നു പറഞ്ഞു. 'എന്നാൽ നമ്മുടെ കാര്യസ്ഥനെക്കൂടെ അയയ്ക്കാം. അകായിൽനിന്ന് അനുവദിക്കുന്നപക്ഷം ആ വിവരം കാര്യസ്ഥനോടു പറഞ്ഞയച്ചാൽ ഉടനെ നാം അങ്ങോട്ടുവരാം' എന്നു വലിയതമ്പുരാനും പറഞ്ഞു. അങ്ങിനെ സമ്മതിച്ചു നമ്പൂരിമാരും കാര്യസ്ഥനും കൂടിപ്പുറപ്പെട്ട് ഇടപ്പള്ളിലെത്തി. ദാസിമുഖാന്തരം വിവരം അകായിലെ ധരിപ്പിക്കുകയും അനുവാദം ചോദിക്കുകയും ചെയ്തു. അപ്പോൾ ആ അന്തർജ്ജനം, 'ഇവിടെ സന്തതിയുണ്ടാകേണ്ടത് അത്യാവശ്യമാണ്. അത് എനിക്കും വളരെ ആഗ്രഹമുള്ള കാര്യവുമാണ്. അതിനാൽ അവിടുന്നു രണ്ടാമതും വിവാഹം കഴിക്കുന്നതിന് എനിക്കു പൂർണ്ണസമ്മതമാണ്. എന്നാൽ, ഒരു കാര്യംകൂടി എനിക്കാഗ്രഹമുണ്ട്. ഇനി വേളികഴിക്കുന്നതെങ്കിലും നല്ലപോലെ ജാതകം നോക്കിവേണം. ഒന്നിങ്ങിനെ വന്നു. ഇനി അങ്ങിനെ വരരുതല്ലോ. എന്റെ ജാതകംപോലെയുള്ള ജാതകമുള്ളവരെ വിവാഹം ചെയ്തതുകൊണ്ടു പ്രയോജനമില്ല. അവിടുന്നു കല്ലൂറ്റപ്പാറെത്താമസിച്ചാൽ ഇവിടെ സന്തതിയുണ്ടാകണം; അങ്ങിനെയുള്ള ജാതകമുണ്ടു

Digitised By Kerala Sahitya Akademi

കിൽ അതു നോക്കിവേണം ഇനി വിവാഹം കഴിക്കാൻ' എന്നു പറഞ്ഞു. ഇതു കേട്ടപ്പോഴാണ് സംഗതി എല്ലാവൎക്കും മനസ്സിലായത്. കാൎയ്യസ്ഥൻ ഉടനെ പോയി, കല്ലൂപ്പാറെച്ചെന്ന് അകായിൽനിന്നു പറഞ്ഞതുപോലെതന്നെ വലിയതമ്പുരാന്റെ അടുക്കൽ അറിയിച്ചു. ഇതു കേട്ടപ്പോഠം വലിയതമ്പുരാന്റെ മനസ്സിൽ ലജ്ജയോ അത്ഭുതമോ മനസ്താപമോ എന്തെല്ലാമാണുണ്ടായതെന്ന് അവിടേക്കുതന്നെ അറിയാം. എന്തെങ്കിലും അന്തൎജ്ജനത്തിന്റെ ഈ യുക്തി കേട്ടിട്ടു മാത്രപോലും താമസിക്കാതെ വലിയതമ്പുരാൻ ബോട്ടുകയറി ഇടപ്പള്ളിയിലെത്തിത്താമസമായി. ആ അന്തൎജ്ജനത്തിന്റെ ബുദ്ധിഗുണവും ഭൎത്തൃശുശ്രൂഷാസാമൎത്ഥ്യവും മററുംകൊണ്ടു മനസ്സു ലയിച്ചുപോവുകയാൽ പിന്നെ രണ്ടാംവിവാഹത്തിന്റെ പ്രസംഗംപോലും ഉണ്ടായില്ല. കല്ലൂപ്പാറയ്ക്കു പോകണമെന്നുള്ള ആഗ്രഹവും നിലച്ചു. മുറയ്ക്കു ഗൃഹസ്ഥാശ്രമം അനുഷ്ഠിച്ചുകൊണ്ട് ഇടപ്പള്ളിൽത്തന്നെ താമസവുമായി. അങ്ങിനെ ഒരു കൊല്ലം കഴിയുന്നതിനു മുൻപ് അവിടേക്ക് ഒരു പുത്രസന്താനം ഉണ്ടാവുകയും ചെയ്തു. പിന്നെ അവിടുന്ന് ആജീവനാന്തം ആ നിലയിൽത്തന്നെ താമസിച്ചിരുന്നുവെന്നും ആ അന്തൎജ്ജനത്തിൽനിന്നുതന്നെ അനേകം സന്താനങ്ങഠം അവിടേക്കുണ്ടായി എന്നും കേട്ടിരിക്കുന്നു. ആ അന്തൎജ്ജനത്തെപ്പോലെ യുക്തിയുക്തമായി സംഭാഷണം ചെയ്യും ഭക്തിപൂൎവ്വം ഭൎത്തൃശുശ്രൂഷ ചെയ്യും പാതിവ്രത്യനിഷ്ഠയോടുകൂടിയിരുന്നു നമ്മുടെ കേരളീയസ്ത്രീകളെല്ലാവരും തങ്ങളുടെ ഭൎത്താക്കന്മാരെ ദുൎമ്മാൎഗ്ഗത്തിൽ വിടാതെ തങ്ങളിൽ ആസക്തചിത്തന്മാരാക്കിത്തീൎത്തു ഭൎത്തൃസുഖത്തോടും സൽസന്താനലാഭത്തോടുംകൂടി സുഖമാകുംവണ്ണം വസിക്കട്ടെ.

Digitised By Kerala Sahitya Akademi

16. പാഴൂർ പെരുന്തൃക്കോവിൽ.

ഒരിക്കൽ ഒരു നമ്പൂരി വിവാഹം കഴിക്കണമെന്നു നിശ്ചയിച്ച ജാതകം നോക്കിക്കാനായി ചില സ്ത്രീജാതകങ്ങളും തന്റെ ജാതകവുംകൊണ്ടു പാഴൂർ കണിയാരുടെ അടുക്കൽച്ചെന്നു. കണിയാർ ജാതകങ്ങളെല്ലാം വാങ്ങി ആകപ്പാടെ ഒന്നുനോക്കീട്ട്, 'തമ്പുരാനിപ്പോൾ വിവാഹത്തിനായി ഉത്സാഹിക്കണമെന്നില്ല; അവിടെയ്ക്കിപ്പോൾ വലിയ ഗ്രഹപ്പിഴകാലമാണ്. ഒരു കൊല്ലത്തിനകം അവിടുന്നു തീപ്പെട്ടുപോകുമെന്നാണ് ജാതകംകൊണ്ടു കാണുന്നത്. അതിനാൽ ജാതകം നോക്കണമെങ്കിൽ ഒരു കൊല്ലം കഴിഞ്ഞിട്ടു മതി. ഈ ഗ്രഹപ്പിഴ നീങ്ങിക്കിട്ടണമെങ്കിൽ അതിനു തക്കവണ്ണമുള്ള പുണ്യകർമ്മമെന്തെങ്കിലും ചെയ്യണം. അതത്ര എളുപ്പമല്ലല്ലൊ' എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ നമ്പൂരിക്കു സാമാന്യത്തിലധികം വ്യസനമുണ്ടായിയെന്നുള്ളതു പറയണമെന്നില്ലല്ലൊ. അദ്ദേഹം ഇതിനു മറുപടിയായി ഒന്നുംമിണ്ടാതെ അവിടെ നിന്നിറങ്ങിപ്പോയി. അപ്പോഴെയ്ക്കും നേരം സന്ധ്യയായിത്തുടങ്ങിയതിനാൽ പുഴയിലിറങ്ങിക്കുളിച്ച് ഒരു നമ്പൂരിയുടെ ഇല്ലത്തുചോയി അത്താഴവും കഴിച്ച് അവിടെക്കിടന്നു.

തന്റെ മരണത്തെക്കുറിച്ചുള്ള വിചാരം നിമിത്തം നമ്പൂരിക്കു രാത്രിയിൽക്കിടന്നിട്ട് ഉറക്കം വന്നില്ല. അദ്ദേഹം അവിടെക്കിടന്നുകൊണ്ട് ഈ ഗ്രഹപ്പിഴ നീങ്ങാനെന്താണ് ചെയ്യേണ്ടതെന്നു വിചാരിച്ചു തുടങ്ങി. അദ്ദേഹം വിചാരിച്ചു വിചാരിച്ച് ഒടുക്കം, ഒരു ക്ഷേത്രം പണിയിച്ചു ശിവപ്രതിഷ്ഠ കഴിപ്പിച്ച് അവിടെ നിത്യനിദാനം, മാസവിശേഷം, ആട്ടവിശേഷം മുതലായവയ്ക്കു വേണ്ടുന്ന മുതൽ കൊടുത്തേയ്ക്കാമെന്നു നിശ്ചയിക്കുകയും അതിനുള്ള മുതൽ തന്റെ മനസ്സങ്കല്പംകൊണ്ടു നീക്കിവെക്കുകയും ചെയ്തു.

Digitised By Kerala Sahitya Akademi

പിറേറദിവസം രാവിലെ അദ്ദേഹം വീണ്ടും കണിയാരുടെ അടുക്കൽച്ചെന്നു തൻെറ ആയുസ്സിനെക്കുറിച്ച് ഒന്നുകൂടി ചിന്തിച്ചു പറയണമെന്നു പറഞ്ഞു. കണിയാർ വീണ്ടും നോക്കിയപ്പോഠം അദ്ദേഹത്തിനു ദീഘായുർയ്യോഗം കാണുകയാൽ, 'തമ്പുരാനെന്തോ വലുതായ ഒരു പുണ്യകമ്മം ചെയ്യിരിക്കുന്നതായിക്കാണുന്നുണ്ട്. ഇനി ഭയപ്പെടാനൊന്നുമില്ല. അവിടെയ്ക്കു ദീഘായുർയ്യോഗം സിദ്ധിച്ചിരിക്കുന്നു. ഇനി ഉടനെ വിവാഹം നടത്താം' എന്നു പറയുകയും ജാതകം നോക്കിക്കൊടുക്കുകയും ചെയ്യു. എങ്കിലും താൻ നിശ്ചയിച്ച പുണ്യകമ്മം സാധിച്ചതിനു ശേഷമല്ലാതെ വിവാഹം കഴിക്കുന്നില്ലെന്നു നമ്പൂരി തീച്ചയാക്കി.

അക്കാലത്തു പാഴൂർതന്നെ തച്ചുശാസ്ത്രനിപുണനും യോഗ്യനുമായ ഒരു തച്ചൻ (ആശാരി) ഉണ്ടായിരുന്നു. നമ്പൂരി അവൻെറ അടുക്കൽച്ചെന്നു വൈക്കത്തു പെരുന്തൃക്കോവിൽ ക്ഷേത്രംപോലെ ഒരു ക്ഷേത്രം പണി കഴിപ്പിക്കേണ്ടിയിരിക്കുന്നുവെന്നും അതിലേയ്ക്കു ഒരു കണക്കുണ്ടാക്കുകയും സ്ഥാനം നിശ്ചയിക്കുകയും പണി നടത്തിച്ചുതരികയും ചെയ്യണമെന്നും പറഞ്ഞു. തച്ചൻ അപ്രകാരം ചെയ്യാമെന്നു സമ്മതിക്കുകയും വൈക്കത്തു പെരുന്തൃക്കോവിൽ ക്ഷേത്രത്തിൻെറ ആകൃതിയൊപ്പിച്ച് കണക്കുണ്ടാക്കുകയും ക്ഷേത്രം പണിയുന്നതിനു പൂവ്വാവാഹിനിയായ (കിഴക്കോട്ടൊഴുകുന്ന) പാഴൂർപുഴയുടെ വക്കത്ത് ഒരു സ്ഥാനം കാണുകയും അവിടെ ആ കണക്കൊപ്പിച്ച് ഒരമ്പലം പണിതുതീക്കുകയും ചെയ്യു. നമ്പൂരി അവിടെ ശിവപ്രതിഷ്ഠ, കലശം മുതലായവ നടത്തുകയും ഒരു മഹാക്ഷേത്രത്തിൽ വേണ്ടുന്ന അഞ്ചുപൂജ, മൂന്നു ശിവേലി, നവകം പഞ്ചഗവ്യം മുതലായവ പ്രതിദിനം നടക്കുന്നതിനും മാസവിശേഷം ആട്ടവിശേഷം മുതലായവയ്ക്കും വേണ്ടുന്ന വസ്തുവകകഠം ആ ദേവൻെറ വകയ്ക്കായി കൊടുക്കുകയും ചെ

സ്സ. ഇപ്രകാരമാണ് പാഴൂർ പെരുന്തൃക്കോവിൽക്ഷേത്രമുണ്ടായത്. ആ ക്ഷേത്രം വൈക്കത്തു പെരുന്തൃക്കോവിൽ ക്ഷേത്രത്തിന്റെ ആകൃതിയിൽത്തന്നെയാണ് ഇപ്പോഴും കാണപ്പെടുന്നത്. ഇനി ഈ ക്ഷേത്രം സംബന്ധിച്ചുള്ള ചില വിശേഷങ്ങൾ പറയാനുണ്ട്. അവ താഴെ കുറിക്കുന്നു.

പാഴൂർ പെരുന്തൃക്കോവിൽക്ഷേത്രം പണി നടത്തിയ തച്ചപ്പണിക്കൻ നല്ല കണക്കനായിരുന്നുവെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. അതിനാലവനെ ക്ഷേത്രങ്ങൾക്കു കണക്കു നിശ്ചയിക്കുന്നതിനും സ്ഥാനം കാണുന്നതിനും മറവുമായി പല സ്ഥലങ്ങളിൽനിന്നും ആളുകൾ വന്നു കൊണ്ടു പോവുക പതിവായിരുന്നു. ക്ഷേത്രം പണിതുടങ്ങിയാൽ അതു മുഴുവനായി കലശം കഴിയുന്നതുവരെ പ്രധാന തച്ചൻ പൂണുനൂൽ ധരിച്ചിരിക്കണമെന്നും ക്ഷൌരം ചെയ്യിക്കാൻ പാടില്ലെന്നും ഒരേർപ്പാടുണ്ടല്ലോ. അതിനാൽ ഈ തച്ചപ്പണിക്കൻ എന്നും പൂണുനൂൽ ധരിച്ചുകൊണ്ടും ക്ഷൌരം ചെയ്യിക്കാതെയുമാണ് ഇരുന്നിരുന്നത്. ക്ഷേത്രം പണിക്കു പ്രാധാന്യം വഹിച്ചുകൊണ്ടിരിക്കാനല്ലാതെ അവനു സമയം കിട്ടിയിരുന്നില്ല. അവന്റെ ചുമതലയിൽ ഒരു സ്ഥലത്ത് ഒരമ്പലം പണി തുടങ്ങിയാൽ അതു മുഴുവനാകുന്നതിനു മുൻപു വേറെ നാലു ദിക്കിൽ തുടങ്ങും. അതിനാലവൻ എന്നും താടിയും തലയും വളർത്തിക്കൊണ്ടും പൂണുനൂൽ ധരിച്ചുകൊണ്ടുമിരുന്നു. അവന്റെ ദേഹം വെളുത്തു ചുവന്നും തടിച്ചുരുണ്ടും സ്വല്പം കുടവയറോടു കൂടിയതുമായിരുന്നു. കാഴ്ചയിൽ അവൻ നല്ല ശ്രീമാനും തേജസ്വിയും ആകപ്പാടെ യോഗ്യനുമായിരുന്നു. ഇതെല്ലാം കൊണ്ടും ഇവനെക്കണ്ടിട്ടു പരിചയമില്ലാത്തവൻ ഒരാഢ്യൻനമ്പൂരിയാണെന്നു തെറ്റിദ്ധരിക്കുക സാധാരണവുമായിരുന്നു.

Digitised By Kerala Sahitya Akademi

ഈ തച്ചപ്പണിക്കനെ ഒരിക്കൽ ഒരമ്പലത്തിനു സ്ഥാനം നോക്കി നിശ്ചയിക്കാനായി കായംകുളത്തു രാജാവിന്റെ കല്പനപ്രകാരം ആളുകൾ വന്ന് ഒരു തോണിയിൽ കയററിക്കൊണ്ടുപോയി. ആ തോണി വേമ്പനാട്ടുകായലിലായപ്പോൾ തെക്കുനിന്നു വടക്കോട്ട് ഒരു ബോട്ടുവരുന്നതു കണ്ടു. ആ ബോട്ടിൽ പൂരാടം പുറന്ന ശക്തനായ ചെമ്പകശ്ശേരി (അമ്പലപ്പുഴ) രാജാവായിരുന്നു. ബോട്ടും തോണിയും തമ്മിൽ ഒട്ടടുത്തപ്പോൾത്തന്നെ രാജാവു തച്ചപ്പണിക്കനെക്കാണുകയും വിശിഷ്ടനായ ഒരു ബ്രാഹ്മണശ്രേഷ്ഠനാണെന്നു തീർച്ചപ്പെടുത്തി ബോട്ടിനകത്ത് എണീററു നില്ക്കുകയും ചെയ്തു. രാജാവിനെക്കണ്ടു തോണിയിൽ തച്ചനും എണീററുനിന്നു. ബോട്ടും തോണിയുമായി നല്ലപോലെ അടുത്തപ്പോൾ രാജാവു തച്ചനോട് 'ആരാണ്' എന്നു ചോദിച്ചു. എന്നാൽ, രാജാവിനു വിക്കുനിമിത്തം വാക്കുകൾ നേരേ പുറപ്പെടാതെയിരുന്നതിനാൽ വിക്കിവിക്കി 'ആ ആ ആരാണ്' എന്നാണ് ചോദിച്ചത്. തച്ചപ്പണിക്കനും വിക്കനായിരുന്നതിനാൽ 'അ അ അടിയൻ ത ത ത തച്ചനാണ്' എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ, ഇവൻ തന്നേക്കാൾ ആഭിജാത്യമുള്ള ആഢ്യന്മാരിലാരെങ്കിലുമായിരിക്കുമെന്നു വിചാരിച്ചു ബ്രാഹ്മണനായ താൻ സബഹുമാനം എണീററുനിന്നു പോയതുകൊണ്ടുള്ള കുണ്ഠിതവും തച്ചനും വിക്കിവിക്കിപ്പറഞ്ഞതു തന്നെ പരിഹസിച്ചാണെന്നു വിചാരിച്ചുണ്ടായ കോപവും രാജാവിനു സഹിക്കവയ്യാതെയായി. ഉടനെ അദ്ദേഹം ഒരു വാളുമായി ആ തോണിയിൽച്ചാടിക്കയറുകയും തച്ചന്റെ കഴുത്തു വെട്ടിമുറിച്ചു കായലിലിടുകയും ചെയ്തിട്ടു പോകേണ്ടിയിരുന്ന ദിക്കിലേക്കു പോവുകയും ചെയ്തു.

ആ ദിവസം പാഴൂർ പെരുന്തൃക്കോവിലിൽ ഉച്ചശ്ശിവേലിക്കെഴുന്നള്ളിച്ച് ആദ്യത്തെ പ്രദക്ഷിണം കിഴക്കേ നട

Digitised By Kerala Sahitya Akademi

യിലായപ്പോൾ—മതി, അകത്തെഴുന്നെള്ളിച്ചു നട പൂട്ടട്ടെ. എന്റെ തച്ഛൻ മരിച്ചിരിക്കുന്നു; എനിക്ക അതുകൊണ്ടു ള്ള വ്യസനം സഹിക്കവയ്യാതെയുമായിരിക്കുന്നു—എന്നൊ രശരീരിവാക്കു കേൾക്കപ്പെട്ടു. ഇതു പാഴൂർ പെരുംതൃക്കോ വിൽ ഭഗവാന്റെ അരുളപ്പാടാണെന്നു വിശ്വസിച്ച് ഉട നെ അകത്തെഴുന്നള്ളിക്കുകയും നട പൂട്ടുകയും ചെയ്തു. ഇ പ്പോഴും അവിടെ ഉച്ചശ്ശീവേലിക്ക് ഒരു പ്രദക്ഷിണമേ പ തിവുള്ളു.

പാഴൂർ പെരുംതൃക്കോവിൽക്ഷേത്രത്തിൽ പതിവായി നിവേദ്യം വകയ്ക്കും മററുമുള്ള അരിയളന്നു കൊടുക്കുക മുത ലായ പ്രവൃത്തികൾ നടത്തുന്നതിന് ഒരു മൂത്തതുണ്ടായിരു ന്നു. അദ്ദേഹത്തിന്ന് ആ ക്ഷേത്രത്തിൽനിന്നു പല അനു ഭവങ്ങളും ആദായങ്ങളും നിശ്ചയിച്ചിട്ടുമുണ്ടായിരുന്നു. അ ദ്ദേഹം വലിയ ചതുരംഗപ്പോരുകാരനായിരുന്നു. ചതുരം ഗംവെച്ച് അദ്ദേഹം പലരെത്തോല്പിക്കുകയും ആരോടും തോല്ക്കാതെയിരിക്കുകയും ചെയ്തിരുന്നതിനാൽ ചതുരംഗ ത്തിൽ തന്നെ തോല്പിക്കുന്നതിനു ഭൂലോകത്തിലാരുമില്ലെന്ന് ഒരഹമ്മതി അദ്ദേഹത്തിനു കലശലായിത്തീന്നു.

അങ്ങിനെയിരിക്കുന്ന കാലത്ത് ആ ദേശക്കാരനും 'കരുര്' എന്ന് ഇല്ലപ്പേരുമായ ഒരു നമ്പൂരിയും ഈ മൂത്ത തുംകൂടി ഒരു ദിവസം ചതുരംഗം വെയ്ക്കുകയും നമ്പൂരി മൂത്ത തിനെ തോല്പിക്കുകയും ചെയ്തു. അപ്പോൾ മൂത്തത്, 'ഒരു വരകൂടി വെയ്ക്കുകയാണെങ്കിൽ ഞാനങ്ങെത്തോല്പിക്കും' എന്നു പറഞ്ഞു. 'തോല്പിച്ചില്ല, മൂത്തതിനെ ഞാൻ തോ ല്പിക്കുകയാണ് ചെയ്യുന്നതെങ്കിലോ?' എന്നു നമ്പൂരി ചോദി ച്ചു. 'അങ്ങിനെ വരികയാണെങ്കിൽ എനിക്ക് ഈ ക്ഷേ ത്രത്തിലുള്ള അവകാശങ്ങൾ മുഴുവനും ഞാനങ്ങെയ്ക്ക് ഒഴി ഞ്ഞു തന്നേയ്ക്കാം' എന്നു മൂത്തതു പറഞ്ഞു. അപ്രകാരം മൂത്തതിനെക്കൊണ്ടു സത്യം ചെയ്യിച്ചതിന്റെ ശേഷം ന

Digitised By Kerala Sahitya Akademi

മ്പൂരി മൂത്തതിനോടുകൂടി വീണ്ടും ചതുരംഗം വെയ്ക്കുകയും മൂത്തതിനെ തോല്പിക്കുകയും ചെയ്തു. മൂത്തതു സത്യപ്രകാരം ക്ഷേത്രത്തിലെ സകലയവകാശങ്ങളും നമ്പൂരിക്ക് ഒഴിഞ്ഞുകൊടുത്തിട്ടു കുടുംബസഹിതം ആ ദേശത്തുനിന്നു പൊയ്ക്കളഞ്ഞു. അതിനാൽ ഇപ്പോഴും പാഴൂർ പെരുംതൃക്കോവിൽക്ഷേത്രത്തിൽ മൂത്തതില്ല. മൂത്തതു നടത്തിവന്നിരുന്ന പ്രവൃത്തികളെല്ലാം ഇപ്പോൾ അവിടെ കുറുരുനമ്പൂരിയുടെ ആൾക്കാരായ ചിലരാണ് നടത്തിവരുന്നത്. മൂത്തതിനുണ്ടായിരുന്ന അനുഭവങ്ങളെല്ലാം ദേവസ്വത്തിൽനിന്നു കുറുരുനമ്പൂരിക്കു കൊടുത്തുവരുന്നുമുണ്ട്.

പാഴൂർ പെരുംതൃക്കോവിൽക്ഷേത്രത്തിന്റെ തിരുമുറ്റത്തു വളരെ പഴക്കമുള്ളതായ ഒരു വരിക്കപ്ലാവ് ഇപ്പോഴും നില്ക്കുന്നുണ്ട്. അതുണ്ടായതെന്നാണെന്ന് ഓർമ്മയുള്ളവരായി ഇപ്പോൾ ആ ദിക്കിലെങ്ങുമാരുമില്ല. വലിയവയോവൃദ്ധന്മാരോടു ചോദിച്ചാലും അവർക്കോർമ്മയുള്ള കാലംമുതൽ അതങ്ങിനെ അവിടെ നില്ക്കുന്നുണ്ടെന്നു പറയും. അതിനെ 'കീഴ്‌ലോകത്തുവരിക്ക' എന്നാണ് എല്ലാവരും പറഞ്ഞുവരുന്നത്. ആ പ്ലാവിന്റെ ആഗമത്തെക്കുറിച്ചുള്ള ഐതിഹ്യം എററവും രസകരമാണ്.

ഒരിക്കൽ പാഴൂർ പെരുംതൃക്കോവിലെ കലശക്കുടങ്ങൾ മുക്കാനായി ക്ഷേത്രത്തിൽ പ്രവൃത്തിക്കാരിൽ ഒരാൾ പുഴയിൽക്കൊണ്ടുപോയി. ആ കൂട്ടത്തിൽ ഒരു സ്വർണ്ണക്കുടം കൂടിയുണ്ടായിരുന്നു. അതു ക്ഷേത്രത്തിൽ പതിവായിട്ടുള്ള നവകത്തിനും ബ്രഹ്മകുടമായി ഉപയോഗിക്കുന്നതായിരുന്നു. ആ കുടം മുക്കിയപ്പോൾ കയ്യിൽനിന്നു തെററി വെള്ളത്തിൽപ്പോവുകയും പുഴയിൽത്താണുപോവുകയും ചെയ്തു. ഉടനെ ആ കഴകക്കാരൻ 'അയ്യോ! പൊൻകുടം പോയല്ലൊ' എന്നു പറഞ്ഞ് ആററിൽച്ചാടി മുങ്ങി. കുടം താണുതാണുപോകുന്നത് അയാൾക്കു കാണാമായിരുന്നു.

Digitised By Kerala Sahitya Akademi

പ്പെങ്കിലും പിടികിട്ടാൻ കിട്ടിയില്ല. അതിനാൽ അയാളും കുടത്തിന്റെ പിന്നാലെ പോയി. അങ്ങിനെ വളരെ താഴെച്ചെന്നപ്പോൾ വെള്ളമവസാനിക്കുകയും അവിടമൊരു കരപ്രദേശമായിക്കാണപ്പെടുകയും ചെയ്തു. അവിടെ കുറെ ആളുകൾകൂടി ചക്കപ്പഴം തിന്നുകൊണ്ടിരിക്കുന്നുണ്ടായിരിരുന്നു. അവർ ഈ മനുഷ്യനെക്കണ്ടപ്പോൾ ഒരു തുണ്ടം ചക്കപ്പഴം ഇയ്യാൾക്കും തിന്നാനായിക്കൊടുക്കുകയും അതിലുള്ള കുരുവെല്ലാം തിരിയെ ഏല്പിക്കണമെന്നു പറയുകയും ചെയ്തു. അയാൾ ആ ചക്കപ്പഴം തിന്നുനോക്കിയപ്പോൾ അതിന്റെ മാധുര്യം അസാധാരണമായി അയാൾക്കു തോന്നി. അത്ര വിശേഷപ്പെട്ട ചക്കപ്പഴം അയാൾ അതിനു മുമ്പ് ഒരിക്കലും തിന്നിട്ടില്ലായിരുന്നു. 'എന്തായാലും ഇതിന്റെ ഒരു കുരു തട്ടിയെടുത്തു നമ്മുടെ ദിക്കിൽ കൊണ്ടുപോകണം' എന്ന് അയാൾ നിശ്ചയിക്കുകയും അവിടെയുള്ളവരറിയാതെ ഒരു കുരു മുണ്ടിനടിയിൽ ഒളിച്ചുവെയ്ക്കുകയും ചെയ്തു. പിന്നെ ആ മനുഷ്യൻ പൊൻകുടവുമെടുത്ത് അവിടെയുണ്ടായിരുന്നവരോടു യാത്രയും പറഞ്ഞു തിരിച്ചുപോരികയും പാഴൂർ പെരുന്തൃക്കോവിൽ ക്ഷേത്രത്തിന്റെ കടവിൽത്തന്നെ വന്നുകയറുകയും ചെയ്തു. അയാൾ മോഷ്ടിച്ചുകൊണ്ടുപോന്ന ചക്കക്കുരു കുഴിച്ചിട്ടു മുളപ്പിച്ചുണ്ടാക്കിയ പ്ലാവിനെയാണ് ഇപ്പോൾ 'കീഴ്ലോകത്തുവരിക്ക' എന്നു പറഞ്ഞുവരുന്നത്. ഇങ്ങിനെ അനേകം വിശേഷങ്ങളോടുകൂടിയതാണ് പാഴൂർപെരുന്തൃക്കോവിൽ എന്നു പറഞ്ഞുകൊണ്ട് ഈ ഉപന്യാസത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

Digitised By Kerala Sahitya Akademi

പാക്കനാരുടെ ഭാൎയ്യയുടെ പാതിവ്രത്യം.

വരരുചി എന്ന പ്രസിദ്ധനായ ബ്രാഹ്മണശ്രേഷ്ഠന് ഒരു പറയി (പറച്ചി) അല്ലെങ്കിൽ പാക്കള്ളിയിൽനിന്നു പന്ത്രണ്ടു മക്കൾ ജനിച്ചു എന്നും ആ മക്കൾ—

'മേളത്തോളഗ്നിഹോത്രീ രജകനുളിയന്നൂർത്തച്ചനും പിന്നെ വള്ളോൻ
വായില്ലാക്കുന്നിലപ്പൻ വടുതലെ മരുവും നായർ കാരയ്ക്കൽ മാതാ
ചെമ്മേ കേളുപ്പുകൂറ്റൻ പെരിയ തിരുവരങ്കത്തെഴും പാണനാരും
നേരേ നാരായണഭ്രാന്തനുമുടനകവൂർ ചാത്തനും പാക്കനാരും'

എന്നിവരാണെന്നും അവരെക്കുറിച്ചുള്ള പല ഐതിഹ്യങ്ങളും മററും പ്രസിദ്ധങ്ങളാണല്ലോ. ഈ പന്ത്രണ്ടുപേരിൽ വായില്ലാക്കുന്നിലപ്പനെ ഒഴിച്ചു പതിനൊന്നുപേരും അവരുടെ അച്ഛന്റെ ശ്രാദ്ധം അഗ്നിഹോത്രികളുടെ ഇല്ലത്തുകൂടി ഒരുമിച്ചാണ് നടത്തുക പതിവെന്നുള്ളതും പ്രസിദ്ധമാണ്. അങ്ങിനെ ഒരിക്കൽ എല്ലാവരും അവിടെ കൂടി ശ്രാദ്ധം കഴിഞ്ഞതിന്റെ ശേഷം പതിനൊന്നുപേരും ഒരു സ്ഥലത്തു ഭക്ഷണത്തിനായിട്ടിരുന്നു. അപ്പോൾ അഗ്നിഹോത്രികളുടെ അന്തൎജ്ജനം ഇവൎക്കു വിളമ്പിക്കൊടുക്കാൻ വരാൻ സ്വല്പം മടിച്ചു. പിന്നെ അഗ്നിഹോത്രികൾ വിളിക്കുകയും വളരെ നിൎബ്ബന്ധിക്കുകയും ചെയ്തപ്പോൾ അന്തൎജ്ജനം ഒരു കുടയുമെടുത്തുകൊണ്ട് ആ സ്ഥലത്തേക്കു വന്നു. അതു കണ്ടു പാക്കനാർ 'ഇതെന്തിനാണെന്നു' ചോദിച്ചു. അപ്പോൾ അഗ്നിഹോത്രികൾ 'ഇതു പതിവ്രതമാരുടെ ധൎമ്മമാണെ'ന്നും 'പതിവ്രതമാൎക്കു പരപുരുഷന്മാരെ കാണ്മാൻ പാടില്ലെ'ന്നും മററും പറഞ്ഞു. ഉടനെ പാക്കനാർ—ഇതൊന്നും പതിവ്രതാധൎമ്മമല്ല. ബ്രാഹ്മണസ്ത്രീകൾക്കു പതിവ്രതാധൎമ്മം എന്നാൽ എന്താണെന്നുതന്നെ അറിഞ്ഞുകൂടാ. പതിവ്രതാധൎമ്മവും പാതിവ്രത്യവുമിരിക്കുന്നതു കുടയിലും പുതപ്പിലുമൊന്നുമല്ല. ഇപ്പോൾ പതിവ്രതാധൎമ്മത്തെ ശരിയായി അനുഷ്ഠിക്കുന്ന

Digitised By Kerala Sahitya Akademi

ഒരു സ്ത്രീ എന്റെ കെട്ടിയവളെപ്പോലെ ലോകത്തിലി ല്ല—എന്നു പറഞ്ഞു. അതു കേട്ട് അഗ്നിഹോത്രികൾ—ചണ്ഡാലികൾക്കു പാതിവ്രത്യമോ പതിവ്രതാധൎമ്മജ്ഞാനമോ വല്ലതുമുണ്ടോ? പാക്കനാർ പറഞ്ഞതു ശുദ്ധമേ അസംബന്ധമാണ്—എന്നു പറഞ്ഞു. പിന്നെ അവർ രണ്ടുപേരുംകൂടി പതിവ്രതാധൎമ്മത്തെപ്പററി വളരെ വാദപ്രതിവാദങ്ങൾ നടത്തിയതിന്റെ ശേഷം അഗ്നിഹോത്രികളുടെ അന്തൎജ്ജനത്തിനോ പാക്കനാരുടെ കെട്ടിയവൾക്കോ പതിവ്രതാധൎമ്മജ്ഞാനമുള്ളതെന്നു ബോധപ്പെടുത്തികൊടുക്കാമെന്നു പറഞ്ഞു പാക്കനാർ അഗ്നിഹോത്രികളെ വിളിച്ചുകൊണ്ടു സ്വഗൃഹത്തിലേക്കു പോയി. അവിടെ എത്തിയ ഉടനെ പാക്കനാർ ഭാൎയ്യയെ വിളിച്ച് 'ഇവിടെ എത്ര നെല്ലിരിക്കുന്നുണ്ട്?' എന്നു ചോദിച്ചു. ഭാൎയ്യ 'അഞ്ചിടങ്ങഴിയുണ്ട്' എന്നു പറഞ്ഞു. ഉടനെ പാക്കനാർ അതിൽ പകുതി നെല്ലെടുത്തു കുത്തി അരിയാക്കി വെച്ചുകൊണ്ടുവരുവാൻ പറഞ്ഞു. ഭാൎയ്യ തൽക്ഷണം പോയി നെല്ലുകുത്തി അരിയാക്കി വെച്ചു ചോറും കൊണ്ടു വന്നു. അപ്പോൾ പാക്കനാർ 'ആ ചോറ് ആ കുപ്പയിലിട്ടേക്കു' എന്നു പറഞ്ഞു. അവൾ ഒട്ടും മടിക്കാതെ അങ്ങിനെതന്നെ ചെയ്തു. ഉടനെ പാക്കനാർ ശേഷമിരിക്കുന്ന നെല്ലും കുത്തി അരിയാക്കി വെച്ചുകൊണ്ടുവരാൻ പറഞ്ഞു. പറയി പോയി ശേഷമിരുന്ന നെല്ലും കുത്തി അരിയാക്കി വെച്ചുകൊണ്ടുവന്നു. പാക്കനാർ പിന്നേയും മേൽപ്രകാരം ആ ചോറും കുപ്പയിലിട്ടേക്കാൻ പറഞ്ഞു. അപ്പോഴും ഒട്ടും വൈമനസ്യം കൂടാതെ അവൾ ആ ചോറും കുപ്പയിലിട്ടു. അഗ്നിഹോത്രി ഇതു കണ്ടു വളരെ അത്ഭുതപ്പെട്ടു. പാക്കനാൎക്കു വളരെ ദാരിദ്ര്യമായിരുന്നു. അയാളുടെ ഭാൎയ്യ അന്നു ഭക്ഷണം കഴിച്ചിരുന്നില്ല. ആ അഞ്ചിടങ്ങഴി നെല്ലല്ലാതെ അവിടെ നെല്ലും അരിയുമൊന്നും ഇ

Digitised By Kerala Sahitya Akademi

രിക്കുന്നുണ്ടായിരുന്നില്ല. ആ നെല്ലിൽനിന്നു കറെ എടുത്തു കുത്തിവെച്ചുണ്ണാമെന്നു വിചാരിച്ച് അവഠം അതിനായി ആരംഭിച്ച സമയത്താണ് അഗ്നിഹോത്രികളും പാക്കനാരുംകൂടി അവിടെയെത്തിയത്. ഇങ്ങിനെയൊക്കെയിരുന്നിട്ടും പാക്കനാരുടെ ഭായ്യ തൻെറ ഭത്താവു പറഞ്ഞതുപോലെ ലേശംപോലും മടിക്കാതെ ചെയ്തു.

ഇത്രയും കഴിഞ്ഞതിൻെറശേഷം അഗ്നിഹോത്രികളും പാക്കനാരുംകൂടി അവിടെനിന്നു പുറപ്പെട്ടു തിരിയെ അഗ്നിഹോത്രികളുടെ ഇല്ലത്തെത്തി. ഉടനെ പാക്കനാർ 'ഞാൻ ചെയ്യിച്ചതുപോലെ ഇവിടുത്തെ അന്തർജ്ജനത്തെക്കൊണ്ടും ചെയ്യിക്കുക. ഞാൻ കാണട്ടെ' എന്ന് അഗ്നിഹോത്രികളോടു പറഞ്ഞു. ഉടനെ അഗ്നിഹോത്രികഠം അന്തർജ്ജനത്തെ വിളിച്ചു രണ്ടരയിടങ്ങഴി നെല്ലെടുത്തു കുത്തി അരിയാക്കി വെച്ചുകൊണ്ടുവരുവാൻ പറഞ്ഞു. അതു കേട്ട് അന്തർജ്ജനം 'ഇവിടെ അരി ഇരിക്കുന്നുണ്ടല്ലോ. പിന്നെ ഇപ്പോഠം നെല്ലുകുത്തുന്നതെന്തിനാണ്?' എന്നു ചോദിച്ചു. പിന്നെ അഗ്നിഹോത്രികഠം വളരെ നിബ്ബന്ധിച്ചിട്ട് അന്തർജ്ജനം മനസ്സുകേടോടുകൂടി മുഖം വീപ്പിച്ചു പിറുപിറുത്തുകൊണ്ടുപോയി നെല്ലുകുത്തി അരിയാക്കി വെച്ചുകൊണ്ടുവന്നു. അപ്പോഠം അഗ്നിഹോത്രികഠം ആ ചോറു കുപ്പയിലേക്കു ഇട്ടേക്കാൻ പറഞ്ഞു. അതുകേട്ട് അന്തർജ്ജനം 'എന്താ ഹേ! അവിടേക്കു ഭ്രാന്തുണ്ടോ? ചോറു വെറുതെ കളയുന്നതുതന്നെ കഷ്ടം. വിശേഷിച്ചും ഞാൻ വളരെ പ്രയാസപ്പെട്ടു നെല്ലു കുത്തി അരിയാക്കി വെച്ചുണ്ടാക്കിക്കൊണ്ടുവന്ന ചോറു കുപ്പയിൽ കളയുകയൊ? ഇതു വലിയ സങ്കടംതന്നെയാണ്' എന്നും മററും ഓരോ തരങ്ങഠം പറഞ്ഞുകൊണ്ടുനിന്നു. ഒടുക്കം അഗ്നിഹോത്രികളുടെ നിബ്ബന്ധം നിമിത്തം അന്തർജ്ജനം ആ ചോറു കുപ്പയിലേക്കിട്ടു. ഉടനെ അഗ്നിഹോത്രികഠം 'ഇനിയും ര

Digitised By Kerala Sahitya Akademi

ണ്ടോ ഇടങ്ങഴി നെല്ലെടുത്തു കുത്തി അരിയാക്കി വെച്ചു കൊണ്ടുവരു' എന്നു പിന്നെയും പറഞ്ഞു. അപ്പോൾ അന്തൎജ്ജനം 'അവിടേയ്ക്കു ഭ്രാന്തുതന്നെയാണ്. ഈ കൊട്ടുന്ന താളത്തിനൊക്കെ തുള്ളാൻ ഞാനാളല്ല. അസംബന്ധം പറയുകയെന്നുവെച്ചാൽ അതിനുമൊരവസാനമില്ലാതെയായാൽ വിഷമമാണ്' എന്നു പറഞ്ഞ് അകത്തേയ്ക്കു പോയി. അഗ്നിഹോത്രികൾ പിന്നെ നിൎബ്ബന്ധപൂൎവ്വം വളരെ വിളിച്ചിട്ടും അന്തൎജ്ജനം പുറത്തേക്കു വന്നില്ല. അപ്പോൾ പാക്കനാർ 'ഇതാണോ പതിവ്രതാധൎമ്മം? ഭൎത്താക്കന്മാർ എന്തു പറഞ്ഞാലും സന്തോഷത്തോടുകൂടി അത് ഉടനെ ചെയ്യുന്നവളാണ് പതിവ്രത. അങ്ങിനെ ചെയ്യുന്നതാണ് പതിവ്രതാധൎമ്മം. അതിൽ ഗുണദോഷവിചിന്തനം ചെയ്യാനും തൎക്കം പറയാനും ഭാൎയ്യമാൎക്ക് അവകാശവും അധികാരവുമില്ല' എന്നു പറഞ്ഞ് അഗ്നിഹോത്രികളെ സമ്മതിപ്പിച്ചിട്ടു പാക്കനാർ പോയി.

ഈ ഐതിഹ്യത്തെപ്പററി ഇപ്പോഴുള്ള പരിഷ്കാരികളുടെ ഇടയിൽ വളരെ അഭിപ്രായവ്യത്യാസമുണ്ടായേക്കാം. എങ്കിലും ഭൎത്താക്കന്മാർ വല്ലതും പറഞ്ഞാൽ പല ഒഴികഴിവുകളും ദുസ്തൎക്കങ്ങളും പറഞ്ഞ് അത് ഉടനെ ചെയ്യാതിരിക്കുന്ന സ്ത്രീകൾ കേരളത്തിൽ ധാരാളമുണ്ടെന്നും അതു പതിവ്രതകളായ സ്ത്രീകൾക്കു ചേൎന്നതല്ലെന്നുമുള്ളതിൽ പക്ഷാന്തരമുണ്ടാകുമെന്നു തോന്നുന്നില്ല. ഏതെങ്കിലും ഒരു വിഷയത്തിൽ അതിയായ ഭ്രമംകൊണ്ടോ ദുൎവ്വാശികൊണ്ടോ ദുസ്സഹമായ മനസ്താപംകൊണ്ടോ മറേറാ ഭൎത്താക്കന്മാർ മതിമറന്നു ക്രമവിരോധമായി വല്ലതും പ്രവൎത്തിക്കാനാരംഭിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യുന്ന അവസരങ്ങളിൽ ഗുണദോഷങ്ങൾ പറഞ്ഞ് അവരുടെ മനസ്സിനെ പിൻതിരിച്ച് യഥാസ്ഥിതമാക്കുന്നതിനുള്ള ചുമതല ഭാൎയ്യമാൎക്കുണ്ട്. അങ്ങിനെയല്ലാതെ ഭൎത്താക്കന്മാർ സ

Digitised By Kerala Sahitya Akademi

ബുദ്ധിയോടുകൂടി എന്തെങ്കിലും പറഞ്ഞാൽ ഉടനെ അതു ചെയ്യാതെ വല്ലതും ദുസ്സഹം പറയുന്നതു ഭാൎയ്യമാൎക്ക് ഒരിക്കലും യുക്തമായിട്ടുള്ളതല്ല. അങ്ങിനെയുള്ളവരെ 'ഗൃഹിണികൾ' എന്നു പറയാനും പാടില്ല. അവരെയാണ് 'ഗേഹബാധ'കളെന്നു പറയേണ്ടത്.

പാക്കനാർ തന്റെ ഭാൎയ്യയുടെ പാതിവ്രത്യനിഷ്ഠ എത്രമാത്രമുണ്ടെന്ന് അഗ്നിഹോത്രികളെ ദൃഷ്ടാന്തസഹിതം അറിയിച്ചതായി ഒരൈതിഹ്യംകൂടി കേട്ടിട്ടുണ്ട്. ഒരിക്കൽ അഗ്നിഹോത്രികൾ പാക്കനാരുടെ മാടത്തിങ്കൽ ചെന്നപ്പോൾ പാക്കനാർ അഗ്നിഹോത്രികൾക്ക് ഇരിക്കുന്നതിന് ഒരു പലകയോ മറ്റോ എടുത്തു കൊടുക്കുന്നതിനായി ഭാൎയ്യയെ വിളിച്ചു. അപ്പോൾ അവൾ കിണററിൽനിന്നു വെള്ളം കോരിക്കൊണ്ടു നിൽക്കുകയായിരുന്നു. വെള്ളവും പാളയും കൂടി കിണററിന്റെ മദ്ധ്യത്തിങ്കലായപ്പോഴാണ് പാക്കനാർ വിളിച്ചത്. ഭൎത്താവു വിളിച്ചതു കേട്ട ഉടനെ അവൾ കയററിന്മേൽനിന്നു കൈ വിട്ട് ഓടിവന്നു. പാളയും കയറും ആ സ്ഥിതിയിൽതന്നെ അവിടെ നിന്നതല്ലാതെ കീഴ്പ്പട്ടു പോയില്ല. അതു കണ്ട് അഗ്നിഹോത്രികൾ വളരെ ആശ്ചൎയ്യപ്പെട്ടു. 'പാതിവ്രത്യമുണ്ടായാലിങ്ങിനെയാണ്. ഭൎത്താവു വിളിക്കുന്നതു കേട്ടാൽ എന്തുതന്നെ പ്രവൎത്തിച്ചുകൊണ്ടിരിക്കുകയാണെങ്കിലും അതുപേക്ഷിച്ചിട്ടു ഭൎത്താവിന്റെ അടുക്കലെത്തുകയെന്നുള്ളതു പതിവ്രതമാരുടെ ധൎമ്മമാണ്' എന്നു പാക്കനാർ പറഞ്ഞു. നമ്മുടെ കേരളീയസഹോദരിമാരും ഈ ഐതിഹ്യങ്ങളുടെ സാരാംശത്തെ ഗ്രഹിച്ചു പ്രവൎത്തിക്കുന്നതായാൽ അവൎക്കു ശ്രേയസ്കരമായിരിക്കുന്നതാണ്.

Digitised By Kerala Sahitya Akademi

18. രണ്ടു മഹാരാജക്കന്മാരുടെ സ്വഭാവവ്യത്യാസം.

തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ പടിഞ്ഞാറേ നടയിൽനിന്നു മിത്രാനന്ദപുരം ക്ഷേത്രത്തിലേയ്ക്കുള്ള വഴിയുടെ രണ്ടുവശങ്ങളിലും മുൻകാലങ്ങളിൽ നമ്പൂരിമാരുടെ മഠങ്ങളുണ്ടായിരുന്നു. ആ മഠങ്ങളിൽ ഓണന്തുരുത്ത്, കുമാരനല്ലൂർ, കിടങ്ങൂർ, കാടമുറി മുതലായ ഗ്രാമങ്ങളിൽനിന്നു തിരുവനന്തപുരത്തു മണ്ഡപത്തിൽ ജപം, ഈശ്വരസേവ, പള്ളിത്തേവാരം മുതലായവ നടത്തുന്നതിനായി ചെന്നുതാമസിക്കുന്ന നമ്പൂരിമാരാണ് പാർത്തുവന്നിരുന്നത്. അവർ രണ്ടുവശത്തുമുള്ള മഠങ്ങളിലിരുന്നു വെററില മുറുക്കിയാൽ വഴിയിലേയ്ക്കാണ് തുപ്പുക പതിവ്. അതുകൊണ്ടു മിത്രാനന്ദപുരം ക്ഷേത്രത്തിൽ ദൎശനത്തിനായും മററും പോകുന്നവൎക്ക് അതിലെ ശുദ്ധമായിട്ടു നടക്കാൻ പ്രയാസമായിത്തീൎന്നു. ആ പ്രയാസം കോവിലെഴുന്നള്ളത്തുസമയത്തു മഹാരാജാക്കന്മാൎക്കുമുണ്ടാകാതെയിരുന്നില്ല. എങ്കിലും നമ്പൂരിമാരെക്കുറിച്ചുള്ള ഭക്ത്യാദരബഹുമാനങ്ങൾനിമിത്തം ആരുമൊന്നും പറയാറുമില്ല.

1036-മാണ്ടു നാടുനീങ്ങിയ മാൎത്താണ്ഡവൎമ്മമഹാരാജാവുതിരുമനസ്സുകൊണ്ട് ഇളയതമ്പുരാനായിരിക്കുന്ന കാലത്ത് ഒരു ദിവസം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെഴുന്നള്ളി ദൎശനം കഴിച്ചതിന്റെ ശേഷം മിത്രാനന്ദപുരത്തേയ്ക്കായി എഴുന്നള്ളി. മേൽപ്പറഞ്ഞ വഴിയുടെ സമീപത്തായപ്പോൾ വഴിയിലെല്ലാം തുപ്പൽ നിറഞ്ഞിരുന്നതിനാൽ അതിലെ പോകാൻ നിവൃത്തിയില്ലാതെ അവിടെ എഴുന്നള്ളിനിന്നുകൊണ്ട് അടിച്ചുതളിക്കാരെ വരുത്തി ആ വഴിയെല്ലാം വെടിപ്പായി അടിച്ചുതളിപ്പിക്കുകയും മേലാലവിടെയാരും തുപ്പാതിരിക്കുന്നതിനുവേണ്ടി ആ വഴിയുടെ ഇരു

Digitised By Kerala Sahitya Akademi

പാൎശ്വങ്ങളിലും നിറച്ചു തുളസി നട്ടുവിക്കുകയും തുളസിക്കു ദിവസംതോറും വെള്ളമൊഴിച്ചും മററും അതിനെ രക്ഷിക്കുന്നതിനു പ്രത്യേകമൊരു ശമ്പളക്കാരനെ കല്പിച്ചു നിയമിക്കുകയും ചെയ്തിട്ടു കോവിലെഴുന്നള്ളത്തു കഴിഞ്ഞു കൊട്ടാരത്തിലേക്കെഴുന്നള്ളുകയും ചെയ്തു.

കുറച്ചുസമയം കഴിഞ്ഞപ്പോൾ അന്നു നാടുവാണിരുന്ന(1022-ാമാണ്ടു നാടുനീങ്ങിയ) സ്വാതിതിരുനാൾ രാമവൎമ്മമഹാരാജാവുതിരുമനസ്സിലെ കോവിലെഴുന്നള്ളത്തായി. അവിടുന്നു പത്മനാഭസ്വാമിക്ഷേത്രത്തിൽ ദൎശനം കഴിച്ചു മിത്രാനന്ദപുരം ക്ഷേത്രത്തിൽ ദൎശനത്തിനായി എഴുന്നള്ളി മേൽപ്പറഞ്ഞവഴിയുടെ അടുക്കലായപ്പോൾ അവിടെ നിറച്ചു തുളസി നട്ടിരിക്കുന്നതായും അതിന്മേലെല്ലാം തുപ്പിയിരിക്കുന്നതായും കണ്ടിട്ട് 'ഇവിടെയൊക്കെ തുളസി നട്ടതാരാണ്?' എന്നു കല്പിച്ചു ചോദിക്കുകയും 'ഇവിടെയാരും തുപ്പാതിരിക്കാനായിട്ട് ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചുനടിയിച്ചതാണ്' എന്ന് എഴുന്നള്ളത്തോടുകൂടെയുണ്ടായിരുന്നവരറിയിക്കുകയും ചെയ്തു. അതു കേട്ടിട്ടു മഹാരാജാവുതിരുമനസ്സുകൊണ്ട്, 'അപ്പന് (തിരുവിതാംകൂർ മഹാരാജകുടുംബത്തിൽ പ്രായം കൂടിയവർ പ്രായം കുറഞ്ഞവരെ വാത്സല്യസൂചകമായി 'അപ്പൻ' എന്നാണ് പറയുക പതിവ്) ഇത്ര ശുദ്ധഗതിയുണ്ടല്ലോ. ഇക്കാലത്തുള്ളവരോട് ഈ വിദ്യയൊന്നും പററുകില്ല. ഇതു കലിയുഗമാണ്. ഇപ്പോഴുള്ള ബ്രാഹ്മണൎക്കു തുളസിയിന്മേൽ തുപ്പരുതെന്നും മററുമുള്ള വിചാരം ചുരുക്കമാണ്. ഇതാ ഇതിന്മേലൊക്കെ നിറച്ചു തുപ്പിയിരിക്കുന്നതു കണ്ടില്ലേ? ആട്ടെ, ഇതിനു ഞാനൊരു കൌശലം പ്രയോഗിച്ചുനോക്കാം' എന്നു കല്പിച്ചിട്ട് ആ തുളസിയെല്ലാമവിടെനിന്നു പറിപ്പിച്ചു മാററിക്കുകയും ഒരു കയ്യാമം വരുത്തി അവിടെ കല്പിച്ചുസ്ഥാപിപ്പിക്കുകയും, ആരെങ്കിലും ഈ വഴിയിലേ

Digitised By Kerala Sahitya Akademi

ക്കു തുപ്പിയാൽ അവരെപ്പിടിച്ച് ഈ ആമത്തിലിടുടണം എന്നു കല്പിച്ചു ചാട്ടംകെട്ടി അവിടെയൊരു ശിപായിയെ നിയമിക്കുകയും ചെയ്തു. അന്നുമുതൽ ആ വഴിയിലേയ്ക്കു ആരും തുപ്പാതെയുമായി. ജ്യേഷ്ഠാനുജന്മാരായിരുന്ന ആ മഹാരാജാക്കന്മാരുടെ സ്വഭാവവ്യത്യാസം ഇതിൽനിന്നു ഗ്രഹിക്കാമല്ലൊ.

19. കൊച്ചുനമ്പൂരി.

എറനാടൻ താലൂക്കിൽ ചേന്ന കട്ടത്തിരുത്തിപ്പവൃത്തിയിൽ തിരുവമ്പാടി എന്ന ദിക്കിൽ കൊച്ചുനമ്പൂരി എന്നൊരു സരസൻ ഉണ്ടായിരുന്നു. ഇദ്ദേഹം ഒരു വലിയ വ്യുൽപന്നനല്ലായിരുന്നു എങ്കിലും കവിതാവാസന സാമാന്യം ഉള്ള ആളായിരുന്നു. എന്നുമാത്രമല്ല നല്ല ഫലിതക്കാരനും ആയിരുന്നു. ഈ ദിക്കുകളിലേ ശാസ്ത്രകളിയിൽ വിഡ്ഢി, വൃദ്ധ, പ്രാക്കൾ, ഓതിക്കോൻനമ്പൂരി മുതലായ വിനോദകരങ്ങളായ വേഷങ്ങൾ എല്ലാം പരിഷ്കരിച്ചതു ഇദ്ദേഹമാണ്. അതാതു വേഷങ്ങൾക്കു ചേന്നവയായ വാക്കുകളും പാട്ടുകളും, ശ്ലോകങ്ങളും എല്ലാം നല്ല ഫലിതമയങ്ങളായിട്ട് ഇദ്ദേഹം ഉണ്ടാക്കിട്ടുമുണ്ട്. ശാസ്ത്രകളിയിൽ ഇദ്ദേഹത്തിന്റെ പ്രധാനവേഷങ്ങൾ വിഡ്ഢിയുടേയും പ്രാക്കളുടേയും ആയിരുന്നു. ഇദ്ദേഹത്തിന്റെ കാലത്ത് ഏകദേശം ഇതുപോലെതന്നെ ഫലിതക്കാരനായിട്ടു മഠത്തിൽ നമ്പൂരി എന്നൊരാളും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രധാനവേഷങ്ങൾ വൃദ്ധയുടേയും, ഓതിക്കോൻനമ്പൂരിയുടേയും ആയിരുന്നു. ഇവർ രണ്ടു പേരുംകൂടിയുള്ള സംഭാഷണങ്ങൾ എല്ലാം ഫലിതമയങ്ങളും ഏററവും സരസങ്ങളുമായിരുന്നു. ഇവക്കു രണ്ടു പേക്കും അനന്യസാധാരണമാ

Digitised By Kerala Sahitya Akademi

യി ഉണ്ടായിരുന്ന ഒരു വിശേഷം തൽകാലോചിതങ്ങളായ ഫലിതവാക്കുകൾ അപ്പളപ്പോൾ പുത്തൻ പുത്തനായി തോന്നിവരുമെന്നുള്ളതാകുന്നു. വിഡ്ഢിയുടെ ഞാണിന്മേൽകളിയുടെ വന്ദനശ്ലോകങ്ങളായി കൊച്ചുനമ്പൂരി ഉണ്ടാക്കീട്ടുള്ളവയിൽ ചിലതു താഴെ ചേർക്കുന്നു.

കച്ചോലം കച്ചമുണ്ടും കലവറമുരല്യം കോലരക്കാലവട്ടം
പച്ചക്കായാണ്ടിയാട്ടം തലമുടി വലിയാനേടെ കൊമ്പും കരിമ്പും
പച്ചപ്പട്ടും വയമ്പും കുരുനിര ചിറകും കത്തി തേച്ചോരു വേഷം
പിച്ചന്മാരിപ്രകാരം പറയുമവരെ ഞാൻ നിച്ചലും കൈതൊഴുന്നേൻ. 1

തീണ്ടാനാഴി കറപ്പു ജീരകമരം തണ്ടിഞ്ചി പൂരാടവും
വെൺകൊററക്കുടയും വിയപ്പുഉണിയും വേഴാമ്പലോടാമ്പലും
പഞ്ചാരപ്പൊതിയും ചിരിച്ച ചിരിയും ധാനപന്തലും പമ്പരം
ഇത്ഥം പേകൾ പറഞ്ഞുകൊണ്ടു വിലസും ഭ്രാന്തായ തുഭ്യം നമഃ. 2

അക്ഷീണം മദിരാശിതന്നിലുളവാം വൃത്താന്തമിന്നൊക്കയും
ശിക്ഷല്ക്കിങ്ങര നാഴികയ്ക്കറിയുമാക്കമ്പിത്തപാലും, ദ്രുതം
പക്ഷിപ്രൌഢനതെന്നപോലെ ഗമനം ചെയ്യുന്ന തീവണ്ടിയും
രക്ഷിച്ചീടണമാസ്ഥയോടു കയറേൽക്കേറിക്കളിക്കും വിധൌ. 3

* അഖിലഭുവനമുണ്ണീ ഘോരയാം നക്രതുണ്ഡി
യനിലതനയനുണ്ണീ മാലകെട്ടുന്നൊരുണ്ണീ
ഹരനുടെ മകനുണ്ണീ നല്ലൊരോന്നിച്ചയുണ്ണീ-
യഴകൊടു നളനുണ്ണീ പാതു മാം കൊത്തലുണ്ണീ.

വൃദ്ധയുടെ കേശാദിപാദാന്തം വർണ്ണിക്കുന്നവയായ പാട്ടുകളിൽ ഒന്നു താഴെ ചേർക്കുന്നു.

(ശിതങ്കന്റെ മട്ടു)

ഞാണിൽക്കരേറിക്കളിക്കുന്ന നേരത്തു
വീണു പോകാതിരുന്നീടാൻ ഗണേശനും
വാണിയും മൽഗുരുനാഥനും വ്യാസനും
പാണികൾ നീട്ടിയനുഗ്രഹിച്ചീടണം.

---

* ഈ ശ്ലോകം അഖിലഭുവനമുണ്ണീ വെണ്ണയും പാലുമുണ്ണീ എന്നുള്ള ശ്രീകൃഷ്ണവന്ദനയായിട്ടുള്ള പഴയ സങ്കീർത്തനശ്ലോകത്തെ അനുകരിച്ചുണ്ടാക്കീട്ടുള്ളതാകുന്നു.

Digitised By Kerala Sahitya Akademi

ചഞ്ചലം കൂടാതെ വൃദ്ധയാം നിന്നെയും
നെഞ്ചകംതന്നിൽ നിനയ്ക്കുന്നു സന്തതം
അഞ്ചിതമാം നിൻെറ കേശാദിപാദവു-
മഞ്ചാതെ ചിത്തേ വിളങ്ങേണമെപ്പൊഴും.

വെഞ്ചാമര പോലെയുള്ള തലമുടി-
ക്കഞ്ചു വിരൽ നീളമുണ്ടതിലെപ്പൊഴും
പഞ്ചാര കണ്ടാലുറമ്പരിക്കും പോലെ
സഞ്ചരിച്ചീടുന്നു മൂട്ടയും പേനുമായ്.

തറകെട്ടീടാൻ ഞൊറിയുന്നതു പോലെ-
യററമില്ലാതുണ്ടവയാൽ വിളങ്ങുന്ന
നെററിത്തടത്തിൻെറ ജാത്യമോർത്തീടിലോ
മററൊരു നാരിക്കുമീവണ്ണമില്ലഹോ!

കണ്ണിണതന്നുടെ ജാത്യങ്ങളൊക്കെയും
വർണ്ണിച്ചു ചൊല്ലുവാനിന്നു തുടങ്ങിയാൽ
കുണ്ഡലീനാഥനായുള്ളോരനന്തനും
ദണ്ഡമാമെങ്കിലുമല്പം പറഞ്ഞിടാം.

കണ്ണൻപഴത്തിൻെറ തൊണ്ടു കളഞ്ഞിട്ടു
വെണ്ണനെ പോലങ്ങരച്ചിട്ടുരുട്ടീട്ടു
കണ്ണുകൾ രണ്ടിലും വെച്ചെന്നു തോന്നുമി-
കണ്ണു കാണുന്ന ജനങ്ങൾക്കശേഷവും.

രണ്ടരച്ചോതന കൊള്ളുന്ന തോൽക്കുടം
രണ്ടു കമത്തിയ പോലെ കവിൾത്തടം
രണ്ടും പ്രകാശിപ്പതോർക്കുകിൽ ബ്രഹ്മാവു
പണ്ടിതു പോലെ ചമച്ചതില്ലെങ്ങുമേ.

പാണ്ടു പിടിച്ചുള്ള ചുണ്ടും, പെരുച്ചാഴി-
മാണ്ടി പോലുള്ളോരു വായിൻെറ ഭംഗിയും
മന്ദഹാസങ്ങളും കണ്ടാൽ തലേത്തട്ടി
വന്നു പിടിച്ച പോലാശു ഛർദ്ദിച്ചിടും.

വേനൽക്കു കായ്ക്കുന്ന വെള്ളരിക്കായ്ക്കുവ-
മാനം വരുത്തുന്ന * * തൻയുഗ്മവും
പാതാളമൊക്കും വയറും നിനയ്ക്കിലാ
വേതാളവും തോററുപോമെന്നു നിർണ്ണയം.

ശേഷമനേകമുണ്ടിന്നു വാഴ്ത്തീടുവാൻ
ശേഷിയില്ലാഞ്ഞടങ്ങുന്നു മാലോകരേ!

Digitised By Kerala Sahitya Akademi

ഇതു കൂടാതെ 'പാലയപാലയ വൃദ്ധ! നിൻെറ കോലം ഞാൻ കണ്ടു തൊഴുന്നേൻ' എന്നു പല്ലവിയായി ഒരു കേശാദിപാദം കൂടിയുണ്ട്. വിസ്തരഭയത്താൽ അതിവിടെ പകൎത്തുന്നില്ല.

കൊച്ചുനമ്പൂരി വിഡ്ഢി കെട്ടുമ്പോഠം കുഞ്ചൻനമ്പ്യാരുടെ തുള്ളൽകഥകളിലുള്ള പല ഘട്ടങ്ങളേയും അനുകരിച്ചു പല ഫലിതങ്ങളും പ്രയോഗിക്കാറുണ്ട്. അവയിൽ ചിലതു താഴെ ചേൎക്കുന്നു. ഒരു പറയൻ തുള്ളലിൽ ഭസ്മധാരണത്തെക്കുറിച്ചു കുഞ്ചൻനമ്പ്യാർ പറഞ്ഞിട്ടുള്ളതിനു പകരം.

സൂൎയ്യദേവനുദിക്കുമ്പോഠം
ജലം കൂട്ടിദ്ധരിക്കേണം
മേടപ്പടിയാനസ്തമിക്കുമ്പോഠം
മേപ്പടി കൂടാതെയും മേപ്പടി.

'നാളായണീ ചരിതം' പറയൻ തുള്ളലിൽ മുനിയും മുനിപത്നിയുംകൂടി ഓരോരോ വേഷം ധരിച്ചു നടന്നതായി കുഞ്ചൻനമ്പ്യാർ വൎണ്ണിച്ചിരിക്കുന്നതിനു പകരം

'ആശാരിയായ് മുനിശ്രേഷ്ഠൻ
ആശാരിച്ചിയായ് മുനിപത്നി
മൂശാരിയായ് മുനിശ്രേഷ്ഠൻ
മൂശാരിച്ചിയായ് മുനിപത്നി.
കൊല്ലനായ് മുനിശ്രേഷ്ഠൻ
കൊല്ലത്തിയായ് മുനിപത്നി.
ഞാനായി മുനിശ്രേഷ്ഠൻ (എന്റെ)
അമ്മയായി മുനിപത്നി.

നാരദമഹൎഷി ശ്രീകൃഷ്ണനെ കാണാനായിച്ചെന്ന സമയം പതിനാറായിരത്തെട്ടു ഭാൎയ്യമാരുടെ ഗൃഹത്തിലും ഓരോ വിധം ഭഗവാനെ കണ്ടതായി കുഞ്ചൻനമ്പ്യാർ ഒരു ഓട്ടൻ തുള്ളലിൽ പറഞ്ഞിരിക്കുന്നതിനു പകരം,

Digitised By Kerala Sahitya Akademi

ചതുരൻ കൃഷ്ണനുമൊരു സുന്ദരിയും
ചതുരംഗം വെക്കുന്നതു കണ്ടു.
വട്ടൻ കൃഷ്ണനുമൊരു സുന്ദരിയും
വട്ടുകാ വെക്കുന്നതു കണ്ടു.
കോണൻ കൃഷ്ണനുമൊരു സുന്ദരിയും
കോണകാ വെക്കുന്നതു കണ്ടു.

പിന്നെ ഒരോട്ടൻ തുള്ളലിൽ കുഞ്ചൻനമ്പ്യാർ സുബ്രഹ്മണ്യന്റെ ആറു മുഖങ്ങളേയും ഓരോ വിധത്തിൽ വൎണ്ണിച്ചിരിക്കുന്നതിനു പകരം

മെച്ചമേറും കൊച്ചിതന്നിലഴിമുഖമൊന്നു.
പിച്ചാത്തിപ്പിടിയിന്മേലും വ്യാളിമുഖമൊന്നു.
പത്മനാഭനാറാട്ടുന്ന ശംഖമുഖമൊന്നു.
ഏററമാന്തർസന്ധ്യവേല നല്ലമുഖമൊന്നു.
മധുരഞ്ചിറായിരവിയുടെ മുതലമുഖമൊന്നു.
ചാരവും കരിയും തേച്ചോരെന്റെ മുഖമൊന്നു.

വേറെ ഒരു തുള്ളക്കഥയിൽ ശ്രീപരമേശ്വരന്റെ ശിരസ്സിൽ ഗംഗാദേവിയുടെ മുഖം കണ്ടിട്ടു ശ്രീപാൎവ്വതിയുടെ ചോദ്യവും ഭഗവാന്റെ സമാധാനവും മാഗളാത്ഥാ കുഞ്ചൻനമ്പ്യാർ വൎണ്ണിച്ചിരിക്കുന്നതിനു പകരം

എന്നുടെ തലയിൽ മരത്തകോടൻ-
തന്നുടെ മൂക്കും മുഞ്ഞിയുമഴകൊടു
കണ്ടു കയത്തെന്നമ്മയൊരുന്നാൾ
കണ്ണിതമോടേ ചോദ്യം ചെയ്തു.
മകനേ! നിന്നുടെ തലയിൽ പല പല
വികൃതികൾ കാണുമതിതെന്തൊരു വസ്തു?
ഞാനുരചെയ്തേൻ തലയിൽ പ്രാക്കടെ-
യാനനമായ കിരീടമിതെന്ന്.

ദുഷ്ടാ! കപടമുരയ്ക്കരുതെന്നൊടു
പൊട്ടക്കിണറിത കാണാകുന്നു.
മൂത്തു നരച്ചോരു നിന്നൊടു കപടമ-
തോൎത്തുരചെയ്യിട്ടെന്തൊരു കാൎയ്യം?
പൊട്ടക്കിണറല്ലമ്മേ! പ്രാക്കടെ
വട്ടക്കൺമിഴിയാണറിയേണം.

Digitised By Kerala Sahitya Akademi

കോമളമാകിയ നിൻതലയിൽ ര-
ണ്ടാമകൾ കാണ്മാനെന്തവകാശം?
ആമകളല്ല കവിൾത്തടമാണതു
മാമകജനനീ! ബോധിച്ചാലും.
പ്രാക്കടെ മുഖമതിൽ മാക്കാന്തവളു ക-
രേറി വസിപ്പതിനെന്തവകാശം?
മാക്കാനല്ലതു ർമ്യമതാകും
മൂക്കാണെന്നു ധരിച്ചീടേണം.
ധവളിമയോടെ തെളുതെളെ വിലസും
കവടികൾ കാണ്മാനെന്തവകാശം?
കവടികളല്ലതു പ്രാക്കടെ ദന്താ
കവടികൾ പോലെ വിളങ്ങീടുന്നു.
കമ്പിളിതന്നുടെ ചരടുകളനവധി
സംപ്രതി കാണ്മാനെന്തവകാശം?
കമ്പിളിയല്ലതു പ്രാക്കടെ നല്ലൊരു
ചെമ്പൻമീശകളെന്നറിയേണം.
ഇത്ഥം കപടഗിരം ഗിരിസുതയൊടു
സ്തരമോതും ഗിരിശ നമസ്തേ.

ഇപ്രകാരം കൊച്ചുനമ്പൂരിയുടെ വിഡ്ഢിയുടെനേരമ്പോക്കുകൾ പറഞ്ഞാലവസാനം ഇല്ലാതെ ഉണ്ട്. വിസ്തരഭയത്താൽ അവയെല്ലാം ഇവിടെ ചേൎക്കണമെന്നു വിചാരിക്കുന്നില്ല. ഇനി അദ്ദേഹം പ്രാക്കളുടെ വേഷം കെട്ടുമ്പോളുള്ള നേരമ്പോക്കുകളിൽ ചിലതു പറഞ്ഞുകൊള്ളുന്നു.

മരത്തക്കോടൻ എന്നും, ഘോരൻ എന്നും കൂടെപ്പേരുള്ള പ്രാക്കൾ ഒരു മത്സ്യച്ചുമടുമായി അരങ്ങത്തു വന്നാൽ മത്സ്യങ്ങളെ വൎണ്ണിച്ചു ചൊല്ലുന്നതിനായി അനേകം ശ്ലോകങ്ങൾ അദ്ദേഹമുണ്ടാക്കീട്ടുള്ളവയിൽ ചിലതു താഴെ ചേൎക്കുന്നു.

അംഭോധികളുളിൽ വാഴും ജലജപരിഷകൾക്കൊക്കെയും തമ്പുരാനാം
വൻപൻകരിമീനലാച്ചിമീനെപ്പരിചൊടു വലതന്നുള്ളിലാക്കിപ്പിടിച്ച്
ഉപ്പിട്ടു വെയ്ലിൽ മൂപ്പിച്ചുമൊരുപോലങ്ങു നിത്യം ഭുജിച്ചാ-
ലെൺപത്തെണ്ണായിരത്താണ്ടവനിയിലതിമോദേന ജീവിച്ചിരിക്കും. 1

Digitised By Kerala Sahitya Akademi

മച്ചിപ്പെണ്ണു കറിച്ചിമീനതു പിടിച്ചുപ്പിൽ പചിച്ചിച്ചയാ
ഷെച്ചാം വെച്ചു പുളിച്ചു കച്ചതിൽ വെളിച്ചെണ്ണാം തളിച്ചാദരാൽ
പല്ലപ്പാള പോളിച്ചു വെച്ചതിനകത്തേററം ഭുജിച്ചീടുകിൽ
കൊച്ചുണ്ടാമൊരുമിച്ചൊരൻപതു തടിച്ചുച്ചൈസ്സുരം നിശ്ചയം. 2

പരലെന്നുള്ള മത്സ്യത്തെപ്പുലർകാലേ പിടിച്ചുടൻ
മലരിൽച്ചേർത്തു സേവിച്ചാൽ പരലോകം ഗമിച്ചിടാം. 3

ചാളയെന്നുള്ള മത്സ്യത്തെപ്പാളക്കീററിൽപ്പൊതിഞ്ഞുടൻ
തോളത്തിട്ടങ്ങു കൊട്ടീടിൽ താളമുണ്ടായ്‌വരും ദൃഢം. 4

സരസകവികുലാഗ്രേസരൻ ആയിരുന്ന വെണ്മണി മഹൻനമ്പൂരിപ്പാട്ടും ഈ കൊച്ചുനമ്പൂരിയും തമ്മിൽ വളരെ സ്നേഹമായിരുന്നു എന്നു മാത്രമല്ല, കൊച്ചുനമ്പൂരിയുടെ കവിതാരീതി മഹൻനമ്പൂരിപ്പാട്ടിലേക്കു വളരെ ബോധിച്ചിട്ടുമുണ്ടായിരുന്നു. അതിനാൽ ഒരിക്കൽ നമ്പൂരിപ്പാട്ടു 'മധുരാപുരിരാജചരിതം' എന്നൊരു പുസ്തകം ഉണ്ടാക്കാനാരംഭിക്കയും കുറെ ആയപ്പോൾ അദ്ദേഹത്തിനു സഹജമായിട്ടുള്ള മടി നിമിത്തം അതു മുഴുവനാക്കാനായി കൊച്ചുനമ്പൂരിയുടെ പേക്കു എഴുത്തോടുകൂടി അയച്ചുകൊടുക്കുകയും ചെയ്തു. ആ എഴുത്തിൽ എട്ടു ശ്ലോകങ്ങളുണ്ടായിരുന്നു. എങ്കിലും മുഴുവൻ തോന്നാത്തതിനാൽ തോന്നുന്ന രണ്ടു ശ്ലോകം താഴെ എഴുതുന്നു.

ക്ഷീരത്തിൽ സിതചേർത്തപോലെ മധുരിച്ചീടുന്ന പദ്യങ്ങളെ-
ച്ചാരുതചത്തൊടുതൂത്തിടും കവികളിൽ കാരന്നോരതാകും ഭവാൻ
ഏറെത്തന്നെ മനസ്സിരുത്തി മുഴുവൻ തീർക്കേണമെന്നെങ്കിലും
പാരിൽത്തേ കിടയായിടും കവിയെവൻചേർത്തൊത്തു തീർത്തീടുവാൻ

കൊച്ചുനമ്പൂരിതിക്കായിക്കൊച്ചനാം വെണ്മണിദ്വിജൻ
പിച്ചുകൊണ്ടു കുറിച്ചിന്നേൽപ്പിച്ചീടുന്നേനിതൊക്കെയും.

ആ എഴുത്തിനു മറുപടിയായി കൊച്ചുനമ്പൂരി അയച്ച ശ്ലോകങ്ങളേയും ഇവിടെ എഴുതുന്നു.

വിപ്രാഗ്രേസര! വെണ്മണിദ്വിജ! ഭവാനെൻകയ്യിൽ വന്നെത്തുവാ-
നമ്പോപ്പവിൽ ബ്ബഹുമോദമോടെഴുതിയോരാപ്പദ്യമിന്നൊക്കെയും
സ്വല്പം താമസമെന്നിയേ ഗുണനിധേ! വന്നെത്തി വായിച്ചു ഞാൻ
മറ്റാരിൽപ്പുരുകീർത്തി ചേർത്തധിവസിച്ചീടുന്ന ഭാഗ്യാംബുധേ!

Digitised By Kerala Sahitya Akademi

പാരാവാരമതിങ്കലുള്ള തിരപോൽ വാരിച്ചൊരിഞ്ഞേററവും
നേരമ്പോക്കുകളാൎന്ന പദ്യനിരകൊണ്ടീരേഴു ലോകത്തിലും
പാരം കീൎത്തി നിറച്ചിടുന്ന ധരണീദേവാഗ്രഗണ്യാ ഭവാൻ
പാരാതങ്ങു ചമച്ച രാജചരിതശ്ലോകങ്ങളും കണ്ടു ഞാൻ. 2

വെള്ളോലതന്നിൽ വിലസും തവ പദ്യമോൎത്തി-
ട്ടുള്ളിൽ ജനിച്ച പരിതോഷമശേഷമിപ്പോൾ
പൊള്ളല്ലുരയ്ക്കുവതിനോക്കിൽ മുരാന്തകന്റെ
പള്ളിക്കിടക്കയുമൊടുക്കമബദ്ധമാകും. 3

ഉദ്ദണ്ഡാ തീൻതൃക്കും തവ സരസകവിതങ്ങൾ വൎണ്ണിച്ചു കേട്ടാ-
ലുദ്ദണ്ഡന്നും ക്ഷണത്തിൽ പരിഭവമകതാരിങ്കലങ്കുരിക്കും
അദ്ദണ്ഡംപോലെതന്നേ വരുമതിസരസൻ കഞ്ചനും വീരനായോ-
രദ്ദണ്ഡിക്കും നിതാന്തം, പ്രിയവചനമുരയ്ക്കുന്നതല്ലന്തുണന്ന്! 4

ചൊല്ലേറും മധുരാപുരീശചരിതം മല്ലാക്ഷി കേട്ടിട്ടവാ-
നുല്ലാസേന ചമച്ച നല്ല സരസശ്ലോകങ്ങളാക്കിബ്ഭവാൻ
കല്യാണാലയ! ശിഷ്ടമുള്ളതഹമിന്നാഹന്ത! തീൎത്തീടുവാ-
നല്ലോ പദ്യമയച്ചതായതു നിനച്ചല്ലൽപ്പെടുന്നേനഹം. 5

ചൊല്ലേറിടുന്ന തവ പദ്യമതിന്റെ ശിഷ്ടം
ചൊല്ലുന്നതിന്നു മടിയാതെ തുടൎന്നുവെങ്കിൽ
വല്ലാതെ കണ്ടു വലയും ബഹുമിശ്രമാക-
മെല്ലാം ജനങ്ങൾ പരിഹാസമതും തകക്കും. 6

കേടററ തങ്കമണിമാലകൾ തന്റെ മദ്ധ്യ
മാറ്റോടുകൊണ്ടു ചില മാലകൾ തീൎത്തു കോൎത്താൽ
മൂഢത്വമെന്നു പറയും ഗരുഡൻ പറന്നാൽ
മാടപ്പിറാവുമതുപോലെ പറന്നുപോമോ? 7

കവികുലജനമെല്ലാം സൎവ്വദാ കൈവണങ്ങും
ധവളമണിയതാകും ധാത്രിദേവോത്തമന്റെ
ചെവിയിലിതു ധരിപ്പിച്ചീടണം കുട്ടി വായി-
ച്ചിവ സകലമതിന്നായ് ബാലവിപ്രൻ കുറിച്ചേൻ. 8

ഇപ്രകാരം വെണ്മണി മഹൻനമ്പൂരിപ്പാട്ടിലേക്കയച്ചതായിട്ടും മററനേകം സംഗതിവശാലും കൊച്ചുനമ്പൂരി അസംഖ്യം ശ്ലോകങ്ങൾ ഉണ്ടാക്കീട്ടുണ്ട്. പലവിധത്തിലുള്ള പാട്ടുകൾ സങ്കീൎത്തനങ്ങൾ മുതലായവയും ഉണ്ടാക്കീട്ടുണ്ട്. സമസ്യകൾ പൂരിപ്പിച്ചിട്ടുള്ളതിനും സംഖ്യയില്ല. അദ്ദേഹം

Digitised By Kerala Sahitya Akademi

പൂരിപ്പിച്ചിട്ടുള്ളനാലു സമസ്യകളെ പൂരണങ്ങളോടുകൂടി താഴെ ചേൎക്കുന്നു.

വെളുത്ത ചോറെങ്കിലുമിഷ്ടഹീനൻ
വിളിച്ചു തന്നാലതിനില്ല സൌഖ്യം
വിളക്കു കാണാനുളവായ നാരി
കുളിച്ചു കോപ്പിട്ടു വരുന്നപോലെ. 1

ഹംസം വാഹനമായവന്റെ ലിഖിതം കഷ്ടം! മഹാദുഃഖദം
സംസാരാംബുധിതന്നിൽ വീണു കരുണാരാശേ! വലഞ്ഞീടഹം
കംസൻതന്നുടെ വൈരിയാം മധുരിപോ! നാമത്രയം സൎവ്വദാ
സംസാരിപ്പതിനെങ്കിലും വഴി വഴക്കെന്യേ വരുത്തീടണം. 2

ചെറുപ്പകാലത്തു തനൂരുഹങ്ങൾ
കറുത്തിരുന്നായതിലൎദ്ധമിപ്പോൾ
വെളുത്തതോൎത്താലിനി മേലിലെല്ലാം
വെളുത്തുപോമെന്നിഹ തോന്നിടുന്നു. 3

ഓണത്തിനും വിഷുവിനും തിരുവാതിരയ്ക്കും
പ്രാണാധിനാഥയെ വെടിഞ്ഞു വസിക്കയെന്നു
വാണീവരൻ മമ ശിരസ്സിൽ വരച്ചതോൎത്താൽ
പ്രാണൻ ത്യജിക്കിലതുതന്നെ ഗുണം മഹാത്മൻ! 4

മേൽപറഞ്ഞ സമസ്യകൾ വെണ്മണി മഹൻനമ്പൂരിപ്പാട്ടിലേതാണെന്നു ചിലർ പറയുന്നുണ്ട്. മൂന്നാം സമസ്യ നമ്പൂരിപ്പാട്ടിന്നുതന്നെ പൂരിപ്പിച്ചിട്ടുള്ളതും കേട്ടിട്ടുണ്ട്. താരതമ്യവിവേചനത്തിന്നായി ആ പൂരണവും ഇവിടെ ചേൎക്കുന്നു.

കുളുൎത്ത ചെന്താമരതന്നകത്തെ-
ദ്ദളത്തിനൊക്കും മിഴിമാർമണേ! കേൾ
തളത്തിൽ നിന്നിങ്ങിനെ തന്നെ നേരം
വെളുത്തുപോമെന്നിഹ തോന്നിടുന്നു.

കൊച്ചുനമ്പൂരി ഈശ്വരസ്തോത്രങ്ങളായിട്ടും സദാചാരങ്ങളായിട്ടും അനേകം ശ്ലോകങ്ങൾ ഉണ്ടാക്കീട്ടുണ്ട്. സ്ഥലച്ചുരുക്കത്താൽ അവയും ഇവിടെ ചേൎപ്പാൻ നിവൃത്തിയില്ല. പരൽപേറിൻപ്രകാരം അക്ഷരനിൎണ്ണയം ചെയ്തു അൎത്ഥം മനസ്സിലാക്കേണ്ടതായ ഒരു ശ്ലോകം താഴെ ചേൎക്കുന്നു.

Digitised By Kerala Sahitya Akademi

* എൺപത്തൊന്നു ദൂരെ വിട്ടു പതിനേഴൻപോടു കൈകൊണ്ടു താ-
നൻപത്തൊന്നവതാരബാലകനെഴും മുപ്പത്തിമൂന്നെപ്പൊഴും
സത്യമെന്നു ദൃഢീകരിച്ചതെഴുനൂററഞ്ചിൽ സ്മരിച്ചീടിലി-
ഞ്ഞൻപത്തൊന്നു ദൂരെയാക്കിയറുപത്തഞ്ചിൽ സുഖിക്കാമെടോ!

വെണ്മണി മഹൻനമ്പൂരിപ്പാടുണ്ടാക്കിയ മധുരാപുരിരാജചരിതം ആരും മുഴുവനാക്കീട്ടില്ല. നമ്പൂരിപ്പാട്ടിന്നു ഇരുപത്തഞ്ചു ശ്ലോകത്തോളമുണ്ടാക്കീട്ടുള്ളതായി കേട്ടിട്ടുണ്ട്. കൊച്ചുനമ്പൂരിക്കു അയച്ചതായ ഒരു പദ്യംകൊണ്ടു അതു സ്പഷ്ടമാകുന്നുമുണ്ട്. ആ ശ്ലോകം താഴെ എഴുതുന്നു.

പഞ്ചാരപ്പൊടിയോടു പാരമിടയും തൽപദ്യമിപ്പോഴം ഭോ-
നഞ്ചാറല്ല കൊടുത്തയച്ചതിരുപത്തഞ്ചാം സഖേ! സാദരം
എഞ്ചാരത്തിഹ വന്ന ദനരമധുനാ വാങ്ങിച്ചു വായിച്ചു ഞാൻ
നെഞ്ചാകെത്തെളിവായി മന്ദമെഴുനേററഞ്ചാറു ചാടീടിനേൻ.

മേൽപ്പറഞ്ഞ സംഗതികൊണ്ടു കൊച്ചുനമ്പൂരിയുടെ കവിതാരീതി വെണ്മണി മഹൻനമ്പൂരിപ്പാട്ടിലേക്കും ഏററവും ബോധിച്ചതായിരുന്നു എന്നു സ്പഷ്ടമാകുന്നുണ്ട്. ഇപ്രകാരം സരസകവിയായ അദ്ദേഹം കൊല്ലം ഓരായിരത്തി അൻപതാമാണ്ടു മീനമാസത്തിൽ ചരമഗതിയെ പ്രാപിക്കയും ചെയ്തു.

20. ചെമ്പകശ്ശേരി രാജാവും മേൽപ്പുത്തൂർ ഭട്ടതിരിയും.

പ്രസിദ്ധവിദ്വാനും മഹാകവിയുമായിരുന്ന മേൽപ്പുത്തൂർ നാരായണഭട്ടതിരി ചെമ്പകശ്ശേരി രാജാവിന്റെ ഇഷ്ടനായിട്ടു കുറച്ചുകാലം അമ്പലപ്പുഴെത്താമസിച്ചിരുന്നുവെന്നുള്ളതു ചരിത്രപ്രസിദ്ധമാണല്ലോ. അദ്ദേഹം അ

* എൺപത്തൊന്നു...വ്യാജം. പതിനേഴ...സത്യം. അൻപത്തൊന്ന്...കൃഷ്ണൻ. മുപ്പത്തിമൂന്നു...ലീല. എഴുനൂററഞ്ചു...മനസ്സ്. അൻപത്തൊന്ന്...കാമം. അറുപത്തഞ്ചു...മോക്ഷം.

Digitised By Kerala Sahitya Akademi

മ്പലപ്പുഴെ ചെന്നു ചേരാനും രാജാവിന്റെ ഇഷ്ടനായിത്തീരാനുമുണ്ടായ കാരണത്തെയാണ് ഇവിടെ ആദ്യമായി പ്പറയാൻ ഭാവിക്കുന്നത്.

ഒരു കാലത്ത് അമ്പലപ്പുഴ നാടുവാണിരുന്ന രാജാവിനു പ്രതിദിനം ഒരു ബ്രാഹ്മണനെക്കൊണ്ടു ഭാരതം വായിപ്പിച്ചു കേട്ടല്ലാതെ ഭക്ഷണം കഴിക്കുകയില്ലെന്ന് ഒരു നിശ്ചയമുണ്ടായിരുന്നു. അതിലേയ്ക്കു പ്രത്യേകമൊരു ബ്രാഹ്മണനെ ശമ്പളംവെച്ച് ആക്കീട്ടുമുണ്ടായിരുന്നു. ആ ബ്രാഹ്മണൻ ഒരു ദിവസത്തെ വായന കഴിഞ്ഞു പിറെറദ്ദിവസത്തേയ്ക്കു തിരിച്ചെത്തിക്കൊള്ളാമെന്നു വിചാരിച്ച് എവിടെയോ പോയി. അദ്ദേഹം വിചാരിച്ചതുപോലെ പിറേറദ്ദിവസത്തെ വായനയ്ക്കു വന്നെത്തുന്നതിന് എന്തോ കാരണവശാൽ സാധിച്ചില്ല. രാജാവു നേരത്തെ കുളിയും തേവാരവുമെല്ലാം കഴിഞ്ഞു പതിവുപോലെ വായന കേൾക്കാൻ ചെന്നിരുന്നു. വളരെ നേരമിരുന്നിട്ടും വായനക്കാരൻബ്രാഹ്മണനെ കണ്ടില്ല. ഭക്ഷണത്തിന്റെ സമയം കഴിഞ്ഞപ്പോഴേയ്ക്കും രാജാവിനു വിശപ്പുകലശലായി. എവിടെനിന്നെങ്കിലും ഒരു ബ്രാഹ്മണനെ ഉടനെ വിളിച്ചുകൊണ്ടുവരണമെന്നു പറഞ്ഞു ഭടന്മാരെ ഓടിച്ചു. അപ്പോൾ ഒരാൾ രാജാവിന്റെ അടുക്കൽച്ചെന്നു വഴിപോക്കനായ ഒരു ബ്രാഹ്മണൻ അമ്പലത്തിനകത്തു മണ്ഡപത്തിൽ ജപിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നറിയിച്ചു. ഉടനെ രാജാവാളയച്ച് ആ ബ്രാഹ്മണനെ വരുത്തി, 'ഹേ! അങ്ങേയ്ക്കു കുട്ടിവായന ശീലമുണ്ടോ?' എന്നു ചോദിച്ചു. 'കുറേശ്ശ പരിചയമുണ്ട്' എന്നു ബ്രാഹ്മണൻ പറയുകയും ഉടനെ രാജാവു ഭാരതം ഗ്രന്ഥമെടുത്തു കൊടുക്കുകയും ബ്രാഹ്മണൻ വായിച്ചുതുടങ്ങുകയും ചെയ്തു. കർണ്ണപർവ്വമാണ് വായിച്ചിരുന്നത്. അതിൽ ഭീമന്റെ കയറാത്തെ വർണ്ണിക്കുന്ന ഘട്ടത്തിൽ

Digitised By Kerala Sahitya Akademi

'ഭീമമഭസനാഗദാത്രസ്താ ഭഗ്നോധനാവരൂഥിനി
ശിഖാഖാഡ്വാടകസ്യേവ കണ്ണമൂലമുപാശ്രിതാ'

എന്നു കൂട്ടിവായിച്ചു. ഭാരതത്തിലില്ലാത്തതായ ഈ ശ്ലോകം കഷണ്ടിത്തലയനായ തന്നെ പുച്ഛിച്ച് ആ നമ്പൂരി തൽക്ഷണം ഉണ്ടാക്കിയതാണെന്നു രാജാവിനു മനസ്സിലാകയാൽ 'അങ്ങുന്നാണോ മേൽപ്പത്തൂർ നാരായണൻ ഭട്ടതിരി?' എന്നു നിസ്സംശയം ചോദിക്കയും ചെയ്തു. അപ്പോൾ രാജാവിനെ സന്തോഷിപ്പിക്കുന്നതിന്നായി അദ്ദേഹം,

'അവ്യഞ്ജനഃ താർക്ഷ്യകേതുര്യൽപദം ഘടയിഷ്യതി
തത്തേ ഭവതു കല്പാന്തം ദേവനാരായണ പ്രഭോ!'

ഈ ശ്ലോകവും തൽക്ഷണമുണ്ടാക്കിച്ചൊല്ലി.

ഇദ്ദേഹം മേൽപ്പത്തൂർ ഭട്ടതിരിയാണെന്നറിഞ്ഞപ്പോൾ രാജാവിനു വളരെ സന്തോഷമുണ്ടാവുകയും ഭട്ടതിരിയും അന്ന് ഊണു കഴിച്ചിട്ടില്ലായിരുന്നതിനാൽ അവർ ഒപ്പമിരുന്ന് ഊണു കഴിക്കുകയും രാജാവു പിന്നെ കുറച്ചുകാലത്തേക്കു ഭട്ടതിരിയെ അവിടെ താമസിപ്പിക്കുകയും ചെയ്തു. ഇങ്ങിനെയാണ് മേൽപ്പത്തൂർ ഭട്ടതിരി അമ്പലപ്പുഴെ രാജാവിൻെറ ഇഷ്ടനായി അവിടെ താമസിക്കുന്നതിന്നിടയായത്. ഇങ്ങിനെ താമസിച്ചിരുന്ന കാലത്തുണ്ടാക്കിയതാണ് 'പ്രക്രിയാസർവ്വസ്വ'മെന്ന വ്യാകരണഗ്രന്ഥം. അക്കാലത്തു ഭട്ടതിരിയോട് ഒരു നാടകമുണ്ടാക്കേണമെന്നു രാജാവും, നാടകമുണ്ടാക്കിക്കിട്ടിയാൽ കല്പനയുണ്ടെങ്കിൽ അരങ്ങേററം കഴിച്ചുകൊള്ളാമെന്ന് അക്കാലത്ത് അതിസമർത്ഥനായി അവിടെയുണ്ടായിരുന്ന ചാക്യാരും പറഞ്ഞു. എങ്കിലും ഭട്ടതിരി 'ഒരു നാടകമുണ്ടാക്കുവാൻ തക്കവണ്ണമുള്ള പാണ്ഡിത്യവും കവിത്വവുമെനിക്കില്ല; ചാക്യാർക്കു പറയാമെന്നുണ്ടെങ്കിൽ ഞാൻ ചില ചമ്പുപ്രബന്ധങ്ങളുണ്ടാക്കിത്തരാം' എന്നു പറഞ്ഞതല്ലാതെ നാടകമുണ്ടാക്കാൻ തുനിഞ്ഞില്ല. വലിയ വിദ്വാനും മ

Digitised By Kerala Sahitya Akademi

ന്ധാകവിയുമായിരുന്ന ഭട്ടതിരിതന്നെ ഇപ്രകാരം പറഞ്ഞൊഴിഞ്ഞതുകൊണ്ട് അക്കാലത്തു 'നാടകാദ്യം കവിത്വ'മെന്നുള്ളതല്ല, 'നാടകാന്തം കവിത്വ'മെന്നുള്ള അഭിപ്രായംതന്നെയാണ് വിദ്വാന്മാരുടെയിടയിൽ പ്രബലപ്പെട്ടിരുന്നതെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ.

നാടകമുണ്ടാക്കുകയെന്നുള്ളത് അശക്യമാണെങ്കിൽ ചമ്പൂപ്രബന്ധങ്ങളുണ്ടാക്കിയാലും മതിയെന്നു രാജാവു സമ്മതിക്കുകയാൽ ഭട്ടതിരി സുഭദ്രാഹരണം, ദൂതവാക്യം, രാജസൂയം, നൃഗമോക്ഷം, നിരനുനാസികം, മത്സ്യാവതാരം ഇത്യാദികളായ പത്തു ചമ്പൂപ്രബന്ധങ്ങളുണ്ടാക്കുകയും അവയെല്ലാം അമ്പലപ്പുഴ രാജാവിന്റെ കല്പനപ്രകാരം ചാക്യാർ അരങ്ങേററം കഴിക്കുകയും ചെയ്തു. ഭട്ടതിരി പ്രബന്ധങ്ങൾ മുഴുവനുമുണ്ടാക്കിക്കൊടുത്തിട്ട് അവ പിന്നീടു ചാക്യാരു തോന്നിച്ച് അരങ്ങേററം കഴിക്കുകയല്ല ചെയ്തത്. ഭട്ടതിരി ചാക്യാർക്കു ഓരോ ദിവസം പറയാൻ മാത്രം കുറേശ്ശ എഴുതിക്കൊടുക്കുകയും എഴുതിക്കൊടുക്കുന്നതു അന്നന്നു തോന്നിച്ചു ചാക്യാർ അരങ്ങേററം കഴിക്കുകയുമാണ് ചെയ്തിരുന്നത്. ഓരോ ശ്ലോകങ്ങൾക്കും ഗദ്യങ്ങൾക്കും ഭട്ടതിരി വിചാരിക്കുന്നതിലധികമർത്ഥം ചാക്യാർ പറഞ്ഞിരുന്നതിനാൽ സന്തോഷവും ഉത്സാഹവും വർദ്ധിക്കുകയാലാണ് ഭട്ടതിരി പത്തു പ്രബന്ധങ്ങളുണ്ടാക്കാനിടയായത്. ഒരു പ്രബന്ധമുണ്ടാക്കുകയെന്നേ ഭട്ടതിരി ആദ്യം വിചാരിച്ചിരുന്നുള്ളു. ചാക്യാർ പറഞ്ഞ ഒരു വിശേഷാർത്ഥം ഉദാഹരണത്തിനായി താഴെ പറയുന്നു.

'സുഭദ്രാഹരണം പ്രബന്ധത്തിലെ—

'അത്രാഗതം...

എന്ന ശ്ലോകത്തിനു ചാക്യാർ 'കബരീ ഇഹ പ്രശിഥിലാ, ഇഹ നദ്ധാ' (തലമുടി ഇവിടെവെച്ച് അഴിഞ്ഞു, ഇവിടെവെച്ചു കെട്ടി) എന്നു രണ്ടായിട്ടന്വയിച്ച് അർത്ഥം

Digitised By Kerala Sahitya Akademi

പറഞ്ഞു കൂത്തു കഴിഞ്ഞപ്പോൾ ഭട്ടതിരി 'ചാക്യാർ ഞാൻ വിചാരിച്ചിരുന്നതിൽ ഒന്നു കടത്തിവെച്ചു. 'പ്രശിഥിലാ കബരീ ഇഹ നദ്ധാ' (അഴിഞ്ഞ തലമുടി ഇവിടെവെച്ചു കെട്ടി) എന്ന് ഒരഭിപ്രായമേ ഞാൻ വിചാരിച്ചിരുന്നുള്ളൂ. ചാക്യാർ പറഞ്ഞതുപോലെ രണ്ടഭിപ്രായമായിട്ടു പറഞ്ഞാലാണ് അധികം ചമൽക്കാരവും അർത്ഥപുഷ്ടിയുമുണ്ടാകുന്നത്. അതിനാൽ ചാക്യാരുടെ മനോധർമ്മം വളരെ നന്നായി' എന്നു പറഞ്ഞു. ഇങ്ങിനെ അനേകം ശ്ലോകങ്ങൾക്ക് ആ ചാക്യാർ ഭട്ടതിരി വിചാരിക്കുന്നതിലധികമർത്ഥം പറയുകയും അവയെയെല്ലാം ഭട്ടതിരിയും രാജാവും സമ്മതിക്കുകയും ചെയ്തിരുന്നു.

നാരായണഭട്ടതിരി സംസ്കൃതചമ്പൂപ്രബന്ധങ്ങളുണ്ടാക്കുകയും അവയെ ചെമ്പകശ്ശേരി രാജാവിന്റെ കല്പനപ്രകാരം അമ്പലപ്പുഴച്ചാക്യാരരങ്ങേറ്റം കഴിക്കുകയും ചെയ്തതിന്റെ ശേഷം ആ പ്രബന്ധങ്ങളെത്തന്നെ ശേഷമുള്ള ചാക്യാന്മാരും പാഠകക്കാരും ഉപയോഗിച്ചു തുടങ്ങുകയും അവയ്ക്കു സർവ്വത്രപ്രചാരം സിദ്ധിക്കുകയും ചെയ്തു. ഭട്ടതിരിയെ അനുകരിച്ചു വേറെ ചില വിദ്വാന്മാരും രംഗോപജീവികളുടെ ഉപയോഗത്തെ ഉദ്ദേശിച്ചു ചമ്പൂപ്രബന്ധങ്ങളുണ്ടാക്കീട്ടുണ്ട്. എങ്കിലും അവയിലൊന്നിനും ഭട്ടതിരിയുടെ പ്രബന്ധങ്ങളോളം പ്രചാരം സിദ്ധിച്ചിട്ടില്ല. ഭട്ടതിരി സംസ്കൃതചമ്പൂപ്രബന്ധങ്ങളുണ്ടാക്കി അരങ്ങേറ്റം കഴിപ്പിക്കുന്നതിനു മുമ്പു ചാക്യാന്മാർ, പാഠകക്കാർ മുതലായ രംഗോപജീവികൾ ഭാഷാചമ്പൂപ്രബന്ധങ്ങളാണ് ഉപയോഗിച്ചുവന്നിരുന്നത്. അതിനാൽ ഭട്ടതിരിയുടെ പ്രബന്ധനിർമ്മാണോദ്യമം രംഗോപജീവികൾക്കും ജനങ്ങൾക്കാകപ്പാടെയും ഉപകാരകാരകമായിട്ടുണ്ടെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

Digitised By Kerala Sahitya Akademi

21. വട്ടപ്പറമ്പിൽ വലിയമ്മ.

കാർത്തികപ്പള്ളിത്താലൂക്കിൽച്ചേർന്ന കായംകുളം എന്ന പ്രദേശം തിരുവിതാംകൂറിൽ ചേരുന്നതിനു മുമ്പ് അതൊരു പ്രത്യേകരാജ്യമായി ഒരു രാജാവിനാൽ ഭരിക്കപ്പെട്ടിരുന്നതാണെന്നുള്ളതു പ്രസിദ്ധമാണല്ലൊ. അവിടെ ഇപ്പോഴുമുള്ള 'പുതിയിടത്തു' ക്ഷേത്രത്തിനു സമീപം വട്ടപ്പറമ്പിൽ എന്നു പ്രസിദ്ധമായിട്ട് ഒരു നായർകുടുംബമുണ്ടായിരുന്നു. ഈ കുടുംബക്കാൎക്കു കായംകുളത്തുരാജാവിൻെറ മന്ത്രിസ്ഥാനവും ആയുധാഭ്യാസവിഷയത്തിൽ ഗുരുസ്ഥാനവും തന്നിമിത്തം സേനാനായകത്വവുമുണ്ടായിരുന്നതുകൂടാതെ വിവാഹബന്ധത്താൽ ബന്ധുത്വവുമുണ്ടായിരുന്നു. ഇപ്രകാരം ആ രാജാവിൻെറ ആശ്രയത്തിലും സംരക്ഷണത്തിലുമിരുന്ന ആ കുടുംബത്തിലുൾപ്പെട്ട ഒരു ശാഖക്കാർ എന്തോ കാരണവശാൽ ആ രാജാവിൻെറ അപ്രീതിക്കു പാത്രീഭവിക്കുകയാൽ കൊല്ലം 850-ാമാണ്ടിടയ്ക്കു അവിടെനിന്നു പിരിഞ്ഞുപോകേണ്ടതായി വന്നു. പണ്ടേതന്നെ ശൂരന്മാരും ധൈൎയ്യശാലികളും യുദ്ധവിദഗ്ദ്ധന്മാരുമായ അവർ അവിടെനിന്നു പിരിഞ്ഞുപോയി എങ്കിലും ഏതാനും സൈന്യങ്ങളെ ശേഖരിച്ചുകൊണ്ടു കായംകുളത്തിനു സമീപംതന്നെ 'കീരിക്കാട്' എന്ന ദിക്കിൽ ഏതാനും സ്ഥലം സ്വാധീനപ്പെടുത്തുകയും അവിടെ കോട്ട കൊത്തളം മുതലായവയും ആ കോട്ടയ്ക്കകത്ത് ഒരു ഭവനവും ചില പരദേവതാലയങ്ങളുമുണ്ടാക്കിക്കുകയും ചെയ്ത് അനന്യാശ്രയമായും പൂൎവ്വാധികം പ്രാബല്യത്തോടുകൂടിയും താമസിച്ചു. ശേഷമുള്ള ശാഖക്കാർ യഥാപൂൎവ്വം കായംകുളത്തുരാജാവിനെ ആശ്രയിച്ചുതന്നെ കായംകുളത്തുള്ള ആദികുടുംബത്തിലും താമസിച്ചുവന്നു. കീരിക്കാട്ടു മാറിത്താമസിച്ചവർ കായംകുളത്തുരാജാവിനെ ലേശം

പോലും വക വെക്കാതെ സ്വാതന്ത്ര്യത്തോടുകൂടിയാണ് താമസിച്ചിരുന്നത്. എങ്കിലും അവരുടെ പ്രാബല്യത്തേയും പരാക്രമത്തേയും സൈന്യബലത്തേയും മററും കുറിച്ചു വിചാരിച്ചിട്ടും, തന്റെ സൈനികന്മാർ അവരുടെ ശിഷ്യരും വളരെക്കാലം അവരുടെ അധികാരത്തിൻകീഴിൽ ഇരുന്നിരുന്നവരുമാകയാൽ അടുത്തുകൂടിവരുമ്പോഴും മറുഭാഗത്തു ചേർന്നുകളഞ്ഞെങ്കിൽ വലിയ ആപത്തായിത്തീരുമല്ലൊ എന്നു ശങ്കിച്ചിട്ടും കായംകുളത്തുരാജാവിന് അവരോടെതിർക്കാൻ ധൈര്യമുണ്ടായില്ല. അതിനാൽ അവർ കാലക്രമേണ ഒരു നാട്ടുവാഴിയുടെ സ്ഥിതിയിലായിത്തീൎന്നു.

വട്ടപ്പറമ്പിൽ കുടുംബത്തിൽനിന്നു പിരിഞ്ഞുപോയി താമസം കീരിക്കാട്ടാക്കിയതിന്റെ ശേഷവും അവർ എഴുത്തുകുത്തുകളിലും മററും ആ പുരാതനകുടുംബപ്പേർതന്നെയാണ് ഉപയോഗിച്ചിരുന്നത്. ഇപ്പോഴും അങ്ങിനെതന്നെ നടത്തിവരുന്നു. എങ്കിലും കീരിക്കാട്ടുള്ള ഭവനം കോട്ടയ്ക്കകത്താകയാൽ ആ ദിക്കുകാർ ആ ഭവനത്തിനു "കോട്ടയ്ക്കകത്ത്" എന്നുകൂടി പേർ പറഞ്ഞുതുടങ്ങുകയും അത് ആ ദിക്കുകളിൽ ഒരു വിധം നടപ്പായിത്തീരുകയും ചെയ്തു. ഇപ്പോഴും അവിടങ്ങളിൽ ചിലർ അങ്ങിനെ പറഞ്ഞുവരുന്നുമുണ്ട്.

കൊല്ലം 681-ാമാണ്ടുമുതൽ 710-ാമാണ്ടുവരെ രാജ്യം വാണിരുന്ന വീരഉദയമാർത്താണ്ഡവൎമ്മമഹാരാജാവിന്റെ കാലാനന്തരം 904-ാമാണ്ടു സാക്ഷാൽ മാർത്താണ്ഡവൎമ്മമഹാരാജാവു രാജ്യഭാരം കയ്യേററ കാലംവരെ ചില ഇടപ്രഭുക്കന്മാർ, മാടമ്പിമാർ, എട്ടുവീട്ടിൽ പിള്ളമാർ മുതലായ രാജദ്രോഹികളുടെ അക്രമങ്ങളും ഉപദ്രവങ്ങളും നിമിത്തം തിരുവിതാംകൂർമഹാരാജകുടുംബത്തിലെ ആൺവഴിതമ്പുരാക്കന്മാരും പെൺവഴിതമ്പുരാക്കന്മാരും പലപ്പോഴും തല

Digitised By Kerala Sahitya Akademi

സ്ഥാനം വിട്ട് ഒളിച്ചോടിപ്പോയി. പല സ്ഥലങ്ങളിൽ ചെന്ന് അജ്ഞാതവാസം ചെയ്യേണ്ടതായി വന്നിട്ടുണ്ടെന്നുള്ളതു പ്രസിദ്ധമാണല്ലൊ. ആ കൂട്ടത്തിൽ ഒരു മഹാരാജ്ഞി ശത്രുഭയം നിമിത്തം പ്രാണരക്ഷാത്ഥം കുറച്ചുകാലം അരിപ്പാട്ടു 'കരിപ്പാലിൽ'കോയിക്കൽ എഴുന്നള്ളി താമസിച്ചിരുന്നു. 933-ാമാണ്ടുമുതൽ 73-ാമാണ്ടുവരെ തിരുവിതാംകൂർ രാജ്യം യഥായോഗ്യം ഭരിച്ചുവാണിരുന്ന വിശ്വവിശ്രുതനായ കാത്തികതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു തിരുവവതാരം ചെയ്യരുളിയത് ആ മഹാരാജ്ഞിയിൽനിന്നും അവിടെവെച്ചുമായിരുന്നു. അങ്ങിനെ ആ മഹാരാജ്ഞി ആ രാജകുമാരനോടുകൂടി അവിടെ എഴുന്നള്ളി താമസിച്ചിരുന്നകാലത്തു കീരിക്കാട്ടു വട്ടപ്പറമ്പിൽ അന്നു മൂപ്പായിരുന്ന സ്ത്രീ കൂടെക്കൂടെ മഹാരാജ്ഞിയെ മുഖം കാണിക്കാനായി കരിപ്പാലിൽകോയിക്കൽ പൊയ്ക്കൊണ്ടിരുന്നു. അതിനാൽ ആ സ്ത്രീയും മഹാരാജ്ഞിയും തമ്മിൽ പരിചയമായി എന്നുമാത്രമല്ല; പരസ്പരം അത്യന്തം സ്നേഹവും വിശ്വാസവുമായിത്തീരുകയും ചെയ്തു. ആ മഹാരാജ്ഞി തിരുവിതാംകൂർ മഹാരാജകുടുംബത്തിലെ ഒരു പ്രധാനാംഗമായിരുന്നുവെങ്കിലും കാലസ്ഥിതികൊണ്ടും ദേശാന്തരവാസം നിമിത്തവും മററും പലവിധത്തിലുള്ള ബുദ്ധിമുട്ടുകളും ഞെരുക്കങ്ങളുമുണ്ടായിരുന്നു. അക്കാലത്ത് അതിനെല്ലാം പരിഹാരമുണ്ടാക്കിക്കൊടുത്തു സഹായിച്ചുകൊണ്ടിരുന്നതു വട്ടപ്പറമ്പിലെ ആ ഗുണവതിയും ബുദ്ധിശാലിനിയും ഔദാര്യനിധിയുമായ സ്ത്രീയായിരുന്നു. അവരുടെ സഹായമില്ലായിരുന്നുവെങ്കിൽ മഹാരാജ്ഞിതിരുമനസ്സിലേക്ക് അന്ന് അവിടെ കഴിച്ചുകൂട്ടുവാൻ കഴിയുമായിരുന്നുവോ എന്നുതന്നെ സംശയമാണ്. ആ സ്ത്രീ കൂടെക്കൂടെ ചെന്നു മഹാരാജ്ഞിയെ മുഖം കാണിക്കുകയും അവിടുത്തെ യോഗക്ഷേമങ്ങളെ അന്വേഷിക്കുകയും ചെ

Digitised By Kerala Sahitya Akademi

ള്ളുമ്പോളെല്ലാം കുറേശ്ശ പണവും നിത്യോപയോഗയോഗ്യങ്ങളായ ചില സാധനങ്ങളും തിരുമുൽക്കാഴ്ച വെക്കുകയും പതിവായിരുന്നു.

അങ്ങിനെയിരിക്കുമ്പോഠം ഒരു ദിവസം വട്ടപ്പറമ്പിലെ ആ മൂത്തസ്ത്രീ തിരുമുമ്പാകെ ചെന്നിരുന്ന സമയം അന്നു മൂന്നു തിരുവയസ്സു മാത്രം പ്രായമായിരുന്ന രാജകുമാരൻ ആ സ്ത്രീയെക്കണ്ടിട്ടു തന്റെ മാതാവോട് 'ഇതാരാണമ്മേ!' എന്നു കല്പിച്ചു ചോദിക്കുകയും അതിനു മറുപടിയായി മഹാരാജ്ഞി (ആ സ്ത്രീക്കു മഹാരാജ്ഞിയേക്കാഠം പ്രായക്കൂടുതലുണ്ടായിരുന്നതിനാൽ) 'ഇതു നിന്റെ വലിയമ്മയാണ്' എന്നു കല്പിക്കുകയും ചെയ്തു. അന്നുമുതൽ ആ രാജകുമാരൻ ആ സ്ത്രീയെ വലിയമ്മ എന്നുതന്നെ വിളിച്ചുവന്നു. അവിടുന്നു മഹാരാജാവായതിന്റെ ശേഷവും അങ്ങിനെതന്നെ കല്പിച്ചുവിളിച്ചുവന്നിരുന്നതിനാൽ വട്ടപ്പറമ്പിൽ കുടുംബത്തിൽ അന്നന്നു മൂപ്പായിരിക്കുന്ന സ്ത്രീകഠംക്കു 'വലിയമ്മ' എന്നുള്ളത് ഒരു സ്ഥാനപ്പേരായിത്തീൎന്നു. അതിനാൽ ഇപ്പോഴും അവരെ എല്ലാവരും അങ്ങിനെതന്നെ വിളിച്ചുവരുന്നു.

വട്ടപ്പറമ്പിൽ വലിയമ്മ എന്തെങ്കിലും തിരുമുൽക്കാഴ്ചവെക്കാനായി മഹാരാജ്ഞിയുടെ തിരുമുമ്പാകെ കൊണ്ടുചെന്നാൽ രാജകുമാരൻ ഓടിച്ചെന്നു തൃക്കയ്യിൽ വാങ്ങി അമ്മയുടെ അടുക്കൽ കൊണ്ടുചെന്നുകൊടുക്കുക പതിവായിരുന്നു. അതിനാൽ അവിടുന്നു തിരുമൂപ്പേറ്റതിന്റെ ശേഷവും വട്ടപ്പറമ്പിൽ കുടുംബത്തിലെ സ്ത്രീകഠം മുഖം കാണിക്കാനായി ചെല്ലുന്ന സമയങ്ങളിൽ കൊണ്ടുചെല്ലുന്ന കാഴ്ചദ്രവ്യം തൃക്കയ്യിൽത്തന്നെ വാങ്ങുക പതിവായിരുന്നു എന്നുമാത്രമല്ല; തന്റെ പിൻവാഴ്ചക്കാരും അങ്ങിനെ ചെയ്തുകൊള്ളണമെന്ന് ഒരേറ്റ്പാടു കല്പിച്ചു നിശ്ചയ

Digitised By Kerala Sahitya Akademi

ക്കുകയും ചെയ്തു. ആ ഏർപ്പാട് ഇപ്പോഴും അങ്ങിനെതന്നെ നടന്നുവരുന്നുമുണ്ട്.

രാമവർമ്മരാജകുമാരനെ അക്ഷരാഭ്യാസം ചെയ്യിക്കുന്നതിന് ആദ്യം ഗുരുസ്ഥാനം വഹിച്ചതു മഹാരാജ്ഞിതന്നെയാണ്. പിന്നീട് അതിനുവേണ്ടുന്ന ചില ഏർപ്പാടുകളും വട്ടപ്പറമ്പിൽ വലിയമ്മ ചെയ്തുകൊടുക്കുകയും ചെയ്തു. രാജകുമാരൻ അന്ന് ഏകദേശം അനാഥസ്ഥിതിയിലാണ് താമസിച്ചിരുന്നതെങ്കിലും വട്ടപ്പറമ്പിൽ വലിയമ്മയുടെ സഹായം നിമിത്തം യഥാകാലം വേണ്ടതുപോലെ വിദ്യാഭ്യാസം ചെയ്യിക്കപ്പെട്ടുന്നതിന്നിടയായി. രാജകുമാരനു വട്ടപ്പറമ്പിൽ വലിയമ്മയുടെ പേരിൽ, സാക്ഷാൽ വലിയമ്മയുടെ പേരിലെന്നപോലെതന്നെ, സ്നേഹബഹുമാനങ്ങളുണ്ടായിരുന്നു. അപ്രകാരംതന്നെ രാജകുമാരനെക്കുറിച്ച് പുത്രനിർവ്വിശേഷമായ സ്നേഹവാത്സല്യം ആ വലിയമ്മയ്ക്കുമുണ്ടായിരുന്നു.

ഇങ്ങിനെയിരിക്കുന്ന കാലത്ത് ഒരു ദിവസം വൈകുന്നേരം 'പെരളാവൂർ അടിതിരി' എന്നു പ്രസിദ്ധനായിരുന്ന ഒരു ബ്രാഹ്മണശ്രേഷ്ഠൻ അരിപ്പാട്ടു ചെന്നുചേന്നു. അത്താഴം കഴിക്കുന്നതിന് എവിടെക്കേറിയാൽ തരമാകുമെന്ന് അന്വേഷിച്ചപ്പോൾ കരിപ്പാലിൽകോയിക്കൽ ചെന്നാൽ അത്താഴം കിട്ടുമെന്നും അവിടെ അരിവെപ്പു ബ്രാഹ്മണരാണെന്നും ആരോ പറയുകയാൽ അദ്ദേഹം അവിടെച്ചെന്നുകേറി. അത്യൌദാൎയ്യനിധിയായിരുന്ന രാജകുമാരൻ ആ ബ്രാഹ്മണോത്തമനെ കണ്ടയുടനെ അത്താഴത്തിനു ക്ഷണിക്കുകയും കുളിയും മററും കഴിച്ചുവരാനായി കല്പിച്ചയയ്ക്കുകയും ചെയ്തു. അടിതിരിപ്പാട്ടിലെ കുളിയും സന്ധ്യാവന്ദനാദിനിത്യകർമ്മാനുഷ്ഠാനങ്ങളും കഴിഞ്ഞുചെന്നപ്പോഴേയ്ക്കും അത്താഴം കാലമായിരുന്നു. അത്താഴം കഴിഞ്ഞതിൻെറ ശേഷം, ആ ബ്രാഹ്മണവൎയ്യൻ

Digitised By Kerala Sahitya Akademi

എവിടെനിന്നാണ് വരുന്നതെന്നും എവിടെപ്പോകാനായിട്ടാണ് പുറപ്പെട്ടിരിക്കുന്നതെന്നും മററും രാജകുമാരൻ കല്പിച്ചു ചോദിക്കുകയും, താൻ കുറച്ചു വടക്കുനിന്നാണ് വരുന്നതെന്നും തനിക്കു വിവാഹം കഴിച്ചുകൊടുക്കാനുള്ള പ്രായം അതിക്രമിച്ചവരായി ഒമ്പതു പെങ്കിടാങ്ങൾ ഇരിക്കുണ്ടെന്നും ദാരിദ്ര്യം നിമിത്തം ഒരു കന്യകയേയെങ്കിലും വിവാഹം കഴിച്ചുകൊടുപ്പാൻ താൻ ശക്തനല്ലെന്നും തിരുവനന്തപുരത്തു ചെന്നു മഹാരാജാവിനെ മുഖം കാണിച്ചു വിവരമറിയിച്ചാൽ വല്ലതും നിവൃത്തിയുണ്ടായെങ്കിലോ എന്നു വിചാരിച്ചു താൻ തിരുവനന്തപുരത്തേക്കായിട്ടാണ് പുറപ്പെട്ടിരിക്കുന്നതെന്നും മററും ആ ബ്രാഹ്മണൻ പറയുകയും ചെയ്തു. അപ്പോൾ രാജകുമാരൻ 'ഒമ്പതു പെങ്കിടാങ്ങളെ കൊടുക്കുന്നതിന് എത്ര പണം വേണ്ടിവരും?' എന്നു കല്പിച്ചു ചോദിച്ചതിനു നമ്പൂരി 'ഒൻപതിനായിരം പണമുണ്ടെങ്കിൽ ഒരുവിധം കഴിച്ചുകൂട്ടാമായിരുന്നു' എന്നു മറുപടി പറഞ്ഞു. (അക്കാലത്തു നമ്പൂരിമാർക്ക് ഒരു പെങ്കൊടയ്ക്കു് ആയിരം പണത്തിലധികം സ്ത്രീധനം കൊടുക്കേണ്ടിയിരുന്നില്ല.) ഉടനെ രാജകുമാരൻ 'കാലത്തു തമ്മിൽ കണ്ടിട്ടേ പൊയ്ക്കൂളയാവൂ' എന്നരുളിച്ചെയ്തിട്ടു നമ്പൂരിയെ കിടക്കാൻ കല്പിച്ചയച്ചു. അപ്പോൾത്തന്നെ രാജകുമാരൻ ഈ വിവരങ്ങളെല്ലാം കാണിച്ച് ഒരു തിരുവെഴുത്തു വട്ടപ്പാറമ്പിൽ വലിയമ്മയുടെ പേർക്ക് എഴുതി ഒരു ഭൃത്യൻെറ പക്കൽ കല്പിച്ചു കൊടുത്തയച്ചു. വലിയമ്മ തിരുവെഴുത്തു കണ്ടയുടനെ ഒൻപതിനായിരം പണം ഒൻപതു കിഴിയായികെട്ടി ആ ഭൃത്യൻെറ കയ്യിൽത്തന്നെ കൊടുത്തയച്ചു. ഭൃത്യൻ കൊണ്ടുവന്ന പണക്കിഴികൾ വാങ്ങിവെച്ചതിൻെറ ശേഷം രാജകുമാരൻ പള്ളിക്കുറുപ്പിന് എഴുന്നള്ളുകയും ചെയ്തു.

പിറേറദിവസം രാവിലെ രാജകുമാരൻ പള്ളിക്കുറു

Digitised By Kerala Sahitya Akademi

പ്പുന്നന്നു പുറത്തെഴുന്നള്ളിയപ്പോഴയ്ക്കും അടിതിരിപ്പാട്ടം അവിടെ എത്തി. ഉടനെ രാജകുമാരൻ പണക്കിഴി ഒമ്പതും എടുത്തുകൊണ്ടുവന്ന് ആ ബ്രാഹ്മണന്റെ കയ്യിൽകൊടുത്തിട്ട് 'ഇതാ ഇത് ഒൻപതിനായിരം പണമുണ്ട്. ഇതിനായിട്ട് ഇനി അങ്ങു തിരുവനന്തപുരംവരെ പോകേണമെന്നില്ല' എന്നു കല്പിച്ചു. അപ്പോൾ ആ ബ്രാഹ്മണോത്തമന് 'ഇത്രമാത്രം ഔദാര്യമുള്ള ഈ ബാലൻ ആരാണ്' എന്നു സംശയം തോന്നുകയും വിവരം രാജകുമാരനോടുതന്നെ ചോദിക്കുകയും അവിടുന്നു വസ്തുതയെല്ലാം അരുളിച്ചെയ്യുകയും ചെയ്തു. സംഗതികളെല്ലാം മനസ്സിലായപ്പോൾ അടിതിരിപ്പാട്ടിലേക്കുണ്ടായ സന്തോഷവും സന്താപവും അത്ഭുതവും ബഹുമാനവും വാത്സല്യവുമെല്ലാം സീമാതീതങ്ങളായിരുന്നു എന്നുള്ളതു പറയേണ്ടതില്ലല്ലോ. ഉടനെ ആ ബ്രാഹ്മണോത്തമൻ പുളകാവൃതശരീരനായി ആനന്ദാശ്രുപൊഴിച്ചുകൊണ്ടു രണ്ടു കയ്യും രാജകുമാരന്റെ ശിരസ്സിൽ വെച്ചിട്ടു സഗൽഗ്ഗദം 'അവിടേക്ക് ഈ കഷ്ടപ്പാടുകളെല്ലാം തീർന്നു വളരെക്കാലം നിർബ്ബാധമായി രാജഭോഗങ്ങളനുഭവിച്ചു സുഖമായി വാണരുളുവാൻ സർവ്വേശ്വരൻ സഹായിക്കട്ടെ' എന്നനുഗ്രഹിച്ചു. അനന്തരം അദ്ദേഹം യാത്രയറിയിച്ചുകൊണ്ടു സസന്തോഷം സ്വദേശത്തേക്കുതന്നെ മടങ്ങിപ്പോവുകയും ചെയ്തു. ഈ സംഗതി നടന്ന കാലത്തു നമ്മുടെ കൊച്ചുതമ്പുരാനു കഷ്ടിച്ച് ഒമ്പതു തിരുവയസ്സു മാത്രമേ പ്രായമായിട്ടുണ്ടായിരുന്നുള്ളു.

തദനന്തരം കുറച്ചു ദിവസം കഴിഞ്ഞപ്പോൾ മഹാരാജ്ഞി പുത്രസമേതം അരിപ്പാട്ട് എഴുന്നള്ളി താമസിക്കുന്നുണ്ടെന്നുള്ള വിവരം എട്ടുവീട്ടിൽപിള്ളമാർ, മാടമ്പിമാർ മുതലായ രാജദ്രോഹികൾക്ക് അറിവുകിട്ടുകയാൽ ഇവരെ സംഹരിക്കാനായി അവർ ഇങ്ങോട്ടു പുറപ്പെട്ടിരിക്കുന്നു എന്നു ചാരന്മാർ മുഖാന്തരം മഹാരാജ്ഞി അറിഞ്ഞു. അപ്പോൾ

Digitised By Kerala Sahitya Akademi

അവിടേക്കുണ്ടായ ഭയവും വ്യസനവും പരിഭ്രമവും എത്ര മാത്രമായിരുന്നു എന്നു പറയാൻ പ്രയാസം. ഉടനെ അവിടുന്നു വട്ടപ്പറമ്പിലേക്കാളെ അയച്ച്, വലിയമ്മയെ വരുത്തി, വിവരമെല്ലാം കല്പിച്ചു. വലിയമ്മ ഇതു കേട്ടിട്ട് 'ഇതുനിമിത്തം അവിടുന്ന് ഒട്ടും വ്യസനിക്കുകയും പരിഭ്രമിക്കുകയും വേണ്ട. ഇതിനു സമാധാനം അടിയൻ ഉണ്ടാക്കിക്കൊള്ളാം. ഏതായാലും ഇനി ഇവിടെ എഴുന്നള്ളിത്താമസിച്ചാൽ ആപത്തുണ്ടായേക്കും. അതിനാൽ ഉടനെ എഴുന്നള്ളത്തിനു തയ്യാറാകണം' എന്നു തിരുമനസ്സറിയിച്ചതിന്റെശേഷം, അക്കാലത്തു ദേശാധിപത്യവും അഭ്യാസബലവും സൈന്യബലവും പ്രാബല്യവും ധാരാളമുണ്ടായിരുന്ന മമ്പള്ളി (വഞ്ചിപ്പുഴ)ത്തമ്പുരാന്റെ പേർക്കു സകല വിവരത്തിനും ഒരെഴുത്തെഴുതിക്കൊടുത്ത് ഒരു ഭൃത്യനെ മുൻകൂട്ടി ചെങ്ങന്നൂർക്ക് ഓടിക്കുകയും കരിപ്പാലിൽ കോയിക്കലുണ്ടായിരുന്ന പാത്രങ്ങൾ മുതലായവ സമീപത്തുതന്നെ വിശ്വാസമുള്ള ഒരു സ്ഥലത്താക്കി സൂക്ഷിക്കുകയും കീരിക്കാട്ടേക്ക് ആളെ അയച്ച് ഏതാനും സൈനികന്മാരേയും ഭൃത്യന്മാരേയും ഒരു മേനാവും (ഡോലി) വരുത്തുകയും ചെയ്തു. അപ്പോഴേക്കും മഹാരാജ്ഞിയും കൊച്ചുതമ്പുരാനും അമൃതേത്തും മറ്റും കഴിച്ച് എഴുന്നള്ളത്തിനു തയ്യാറായി. ഉടനെ വലിയമ്മയും ഊണു കഴിക്കുകയും ഭൃത്യന്മാർ മുതലായവരെ ഊണു കഴിപ്പിക്കുകയും ചെയ്തിട്ടു ക്ഷണത്തിൽ യാത്ര പുറപ്പെട്ടു. മഹാരാജരാജ്ഞിയും കുമാരനും വലിയമ്മയും മേനാവിലും ശേഷമുള്ളവർ കാൽനടയായിട്ടുമാണ് പുറപ്പെട്ടത്.

അങ്ങിനെ ചെങ്ങന്നൂർക്ക് ഒട്ടു സമീപം 'ബുധനൂർ' എന്ന ദിക്കിലുള്ള വലിയ പാടത്ത് എത്തിയപ്പോഴേക്കും പിള്ളമാരും മാടമ്പിമാരും വിവരമറിഞ്ഞു പിന്നാലെ അവിടെയെത്തി, ആ ദേശക്കാരായ ചില ദുഷ്ടന്മാരെക്കൂടെ

Digitised By Kerala Sahitya Akademi

കൂട്ടപിടിച്ചുകൊണ്ടു കല്ലും കുട്ടയും കൊഴിയുമായി അടുത്തു കൂടി. ശത്രുക്കാം അടുത്തുവരുന്നു എന്നു കണ്ടപ്പോഠം വലിയമ്മ മഹാരാജ്ഞിയേയും രാജകുമാരനേയും മേനാവിൽനിന്നു താഴെയിറക്കി ഒരു ദാസി (ഭൃത്യസ്ത്രീ)യുടേയും ചെറുക്കൻേറയും നിലയിൽ മേനാവിൻെറ പിന്നാലെ നടത്തുകയും വലിയമ്മ മേനാവിൽത്തന്നെ വാതിലടച്ചിരിക്കുകയും ഭൃത്യന്മാരോടും മററം വേഗത്തിൽ നടക്കാനാജ്ഞാപിക്കുകയും ചെയ്തു. ശത്രുക്കാംക്കു സംഘബലം അധികമുണ്ടായിരുന്നതിനാൽ അവരോടെതിരിടാൻ പോകേണ്ടെന്നും മേനാവിൻെറ ചുററം ചേൎന്നു നടന്നുകൊണ്ടാൽ മതിയെന്നും, സൈനികന്മാരോടും വലിയമ്മ പറഞ്ഞു ചട്ടംകെട്ടി. അപ്പോഴെക്കും ശത്രുക്കാം അടുത്തുവന്ന് ഏറു തുടങ്ങി. മഹാരാജ്ഞിയും രാജകുമാരനും മേനാവിനകത്താണെന്നു വിചാരിച്ച് അവർ അധികമെറിഞ്ഞതു മേനാവിൻെറ നേരേയും മേനാവു ചുമക്കുന്നവരുടെ നേരേയും സൈനികന്മാരുടെ നേരേയുമായിരുന്നു. പാവപ്പെട്ടവരായ ഭൃത്യസ്ത്രീയും ചെറുക്കനുമാണെന്നു വിചാരിച്ചു മഹാരാജ്ഞിയേയും രാജകുമാരനേയും അവർ അധികമുപദ്രവിച്ചില്ല. അതു വലിയമ്മയുടെ കൌശലത്തിൻെറ ഫലമാണെന്നു പറയണമെന്നില്ലല്ലൊ. ഭൃത്യന്മാക്കും സൈനികന്മാക്കും ധാരാളം ഏറു കൊണ്ടുവെന്നാലും അവർ ഓടിക്കളയാതെ ധൈൎയ്യത്തോടുകൂടി അതെല്ലാം സഹിച്ചു മേനാവിൻെറ കൂടെത്തന്നെ നടന്നു. എങ്കിലും മേനാവിൻെറ വാതിൽ പൊളിഞ്ഞു ചില ഏറുകഠം വലിയമ്മക്കും കൊള്ളാതെയിരുന്നില്ല. അതു വരുമെന്നു വലിയമ്മ മുമ്പേതന്നെ വിചാരിച്ചിരുന്നു. തനിക്ക് എന്തെല്ലാമുപദ്രവങ്ങഠം പററിയാലും മഹാരാജ്ഞിയേയും കുമാരനേയും രക്ഷിക്കണമെന്നു മാത്രമേ അവർ വിചാരിച്ചിരുന്നുള്ളു.

ഇങ്ങിനെ ഒരുവിധം ചെങ്ങന്നൂരിൻെറ അതൃത്തിയി

Digitised By Kerala Sahitya Akademi

ലെത്തിയപ്പോഴയ്ക്കും വഞ്ഞിപ്പുഴത്തമ്പുരാനും സൈന്യസമേതം അവിടെ വന്നു ചേൎന്നു. തമ്പുരാനേയും സൈന്യങ്ങളേയും കണ്ടപ്പോഴയ്ക്കും രാജദ്രോഹികളായ ദുഷ്ടന്മാരെല്ലാം ഭയവിഹ്വലന്മാരായി ഓടിയൊളിച്ചു. പിന്നെ മഹാരാജ്ഞിയേയും രാജകുമാരനേയും കൂടി മേനാവിൽ കയററി എല്ലാവരും കൂടി വഞ്ഞിപ്പുഴമഠത്തിൽ ചെന്നുചേൎന്നു. വട്ടപ്പറമ്പിൽ വലിയമ്മ അവിടെ മൂന്നു ദിവസം താമസിച്ചതിൻെറ ശേഷം മഹാരാജ്ഞിയേയും രാജകുമാരനേയും വഞ്ഞിപ്പുഴത്തമ്പുരാൻെറ അടുക്കൽ പ്രത്യേകം പറഞ്ഞേല്പിച്ചിട്ടു യാത്രയുമറിയിച്ചു പരിവാരസമേതം സ്വദേശത്തേക്കു മടങ്ങിപ്പോരികയും ചെയ്തു.

അതിൻെറ ശേഷം കുറഞ്ഞൊരുദിവസം കഴിഞ്ഞപ്പോൾ, അന്നു നാടുവാണിരുന്ന വലിയ രാമവൎമ്മമഹാരാജാവു തിരുമനസ്സിലേക്കു ശീലായ്മ കലശലായിരിക്കുന്നതായി കേൾക്കുകയാൽ, വഞ്ഞിപ്പുഴത്തമ്പുരാൻ മഹാരാജ്ഞിയെ പുത്രസമേതം യാതൊരാപത്തിനും ഇടയാകാതെ തിരുവനന്തപുരത്തു കൊണ്ടുചെന്നാക്കുകയും പിന്നെ അധികം താമസിയാതെ മഹാരാജാവുതിരുമനസ്സുകൊണ്ടു നാടുനീങ്ങുകയും രാജകേസരിയെന്നു പ്രസിദ്ധനും വീരനും ശൂരനുമായിരുന്ന സാക്ഷാൽ മാൎത്താണ്ഡവൎമ്മ മഹാരാജാവുതിരുമനസ്സിലേക്കു തിരുമൂപ്പുസിദ്ധിക്കുകയും അവിടുന്നു രാജദ്രോഹികളുടെ വംശത്തെ നാമാവശേഷമാക്കിത്തീൎക്കുകയും രാജ്യത്തു ക്ഷേമവും സമാധാനവും വൎദ്ധിപ്പിക്കുകയും ചെയ്തു. അതിനാൽ അന്തശ്ഛിദ്രങ്ങളും കലഹങ്ങളും കലാപങ്ങളും ശമിച്ചു മഹാരാജകുടുംബത്തിലെ അംഗങ്ങളെല്ലാം പിന്നീടു നിൎബ്ബാധമായും നിൎഭയമായും സസുഖം നിവസിച്ചു.

ഇത്രയും പറഞ്ഞതുകൊണ്ടു വട്ടപ്പറമ്പിൽ വലിയമ്മയുടെ ബുദ്ധിസാമൎത്ഥ്യം, ഔദാൎയ്യം, ധീരത, തൽക്കാലോചി

Digitised By Kerala Sahitya Akademi

തകൎത്തവ്യജ്ഞാനം, രാജഭക്തി മുതലായ സൽഗുണങ്ങൾ എത്രമാത്രമുണ്ടായിരുന്നു എന്നു സ്പഷ്ടമായല്ലൊ. ഇനി വട്ടപ്പറമ്പിൽ കുടുംബത്തെക്കുറിച്ചു തിരുവിതാംകൂർ മഹാരാജാക്കന്മാൎക്കു പ്രത്യേകമൊരു പ്രതിപത്തിയും കാരുണ്യവും ഉണ്ടാവാനുള്ള ചില കാരണങ്ങൾകൂടി ഈ ഉപന്യാസം അവസാനിപ്പിക്കുന്നതിനു മുമ്പായി പറയേണ്ടിയിരിക്കുന്നു.

മാൎത്താണ്ഡവൎമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു കായംകുളം രാജ്യം പിടിച്ചടക്കണമെന്നു നിശ്ചയിച്ചതിന്റെ ശേഷം താൻ ഇന്നപ്രകാരം ചെയ്വാൻ നിശ്ചയിച്ചിരിക്കുന്നു എന്നും അതിനു വേണ്ടുന്ന സഹായങ്ങൾ ചെയ്തുതരണമെന്നും വട്ടപ്പറമ്പിൽ വലിയമ്മയുടെ പേൎക്കു സ്വകാൎയ്യമായി ഒരു തിരുവെഴുത്തയയ്ക്കുകയും അങ്ങിനെ ചെയ്തുകൊള്ളാമെന്നു സമ്മതിച്ചു വലിയമ്മ മറുപടി അയച്ചുകൊടുക്കുകയും അപ്രകാരം മഹാരാജാവും രാമയ്യൻ ദളവയും യുദ്ധത്തിനായി സൈന്യസമേതം കായംകുളത്തെത്തിയ സമയം വലിയമ്മ അവിടെയുണ്ടായിരുന്ന സൈന്യങ്ങളേയെല്ലാം തന്റെ സഹോദരിപുത്രനോടുകൂടി അയച്ചു കഴിയുന്ന സഹായങ്ങളെല്ലാം ചെയ്തുകൊടുക്കുകയും ചെയ്തു. കായംകുളത്തു രാജാവു തോറേറാടുകയും മാൎത്താണ്ഡവൎമ്മമഹാരാജാവു ജയിക്കുകയും അതോടുകൂടി യുദ്ധം അവസാനിക്കുകയും ചെയ്തതിന്റെ ശേഷം രാമയ്യൻദളവയും വട്ടപ്പറമ്പിലുണ്ണിത്താനും (വട്ടപ്പറമ്പിലെ പുരുഷന്മാൎക്ക് 'ഉണ്ണിത്താൻ' എന്ന സ്ഥാനപ്പേരു കായംകുളത്തു രാജാവു കൊടുത്തിരുന്നതാണ്) കൂടി കോട്ടയ്ക്കകത്തു കടന്നു ഓരോന്നു കണ്ടും കാണിച്ചും സഞ്ചരിച്ചുകൊണ്ടിരുന്ന മദ്ധ്യേ വിജിതനായ കായംകുളത്തു രാജാവിന്റെ ഒരു ഭടൻ ഒരു സ്ഥലത്ത് ഒളിച്ചുനിന്നുകൊണ്ട് ഉണ്ണിത്താനെ ലക്ഷ്യമാക്കി വിഷലിപ്തമായ ഒരു ശരം പ്രയോഗിച്ചു. അതു കൊണ്ടയുടനെ ഉണ്ണിത്താൻ നിലത്തു പതിക്കുകയും സ്വല്പനേരത്തി

Digitised By Kerala Sahitya Akademi

നിടയിൽ കാലഗതിയെ പ്രാപിക്കുകയും ചെയ്തു. ഇതു കേട്ടപ്പോൾ മാർത്താണ്ഡവർമ്മ മഹാരാജാവിനുണ്ടായ വ്യസനം സീമാതീതമായിരുന്നു. ഈ വർത്തമാനം കേൾക്കുമ്പോൾ ഉണ്ണിത്താന്റെ അമ്മയ്ക്കും വലിയമ്മയ്ക്കുമുണ്ടാകുന്ന ദുഃഖം എത്രമാത്രമായിരിക്കുമെന്നും അവരെ ഏതുപ്രകാരം സമാധാനപ്പെടുത്തുന്നു എന്നും വിചാരിച്ചിട്ടാണ് അവിടേക്ക് അധികം വ്യസനമുണ്ടായത്. ഉണ്ണിത്താന്റെ അമ്മയ്ക്കു യുദ്ധവിദഗ്ദ്ധനും ധീരനും സുന്ദരനും യുവാവുമായിരുന്ന ആ ഒരു പുത്രൻ മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ സംഗതികളാകപ്പാടെ വിചാരിച്ചിട്ട മഹാരാജാവ് അത്യന്തം വിഷണ്ണനായിത്തീർന്നു. ഏതുവിധവും ആ മാതാവിനെ സമാധാനപ്പെടുത്തണമല്ലോ എന്നു വിചാരിച്ചു മഹാരാജാവും രാമയ്യൻദളവയും കൂടി അവിടെനിന്നു പുറപ്പെട്ടു കീരിക്കാട്ടു വട്ടപ്പറമ്പിലെത്തി. അപ്പോഴയ്ക്കും നേരം അർദ്ധരാത്രി കഴിഞ്ഞിരുന്നതിനാൽ അവിടെ എല്ലാവരും കിടന്ന് ഉറക്കമായിരുന്നു. ഉണ്ണിത്താന്റെ അമ്മ മാത്രം തന്റെ പുത്രൻ തിരിച്ചു വന്നില്ലല്ലോ എന്നുള്ള വിചാരം നിമിത്തം ഉറങ്ങിട്ടില്ലായിരുന്നു. മഹാരാജാവു മുററത്ത് എഴുന്നള്ളിനിന്നുകൊണ്ട് 'അമ്മേ! അമ്മേ!' എന്നു വിളിച്ചു. അതു കേട്ട് ഉണ്ണിത്താന്റെ അമ്മ തന്റെ പുത്രനാണ് വിളിക്കുന്നതെന്നു വിചാരിച്ചു സന്തോഷത്തോടുകൂടി വാതിൽ തുറന്ന് ഒരു വിളക്കുമായി പുറത്തുവന്നു. അപ്പോൾ കണ്ടത് അപരിചിതന്മാരായ രണ്ടു പേരെ ആകയാൽ ആ അമ്മ 'എന്റെ മകനെവിടെ?' എന്നു ചോദിച്ചു. അതിനു മറുപടിയായി തിരുമനസ്സുകൊണ്ട് 'ഇന്നുമുതൽ നിങ്ങളുടെ മകൻ ഞാനാണ്. നിങ്ങൾ പ്രസവിച്ച മകനെ ഇനി ജീവനോടുകൂടി കാണ്മാൻ നിങ്ങൾക്കു സാധിക്കില്ല' എന്നു കല്പിച്ചു. ഇതു കേട്ട് ആ സാധ്വി ഇടിവെട്ടിയ മരംപോലെ കുറച്ചുനേരം നിശ്ചേഷ്ടയായി

Digitised By Kerala Sahitya Akademi

നിന്നുപോയി. എങ്കിലും ബുദ്ധിശാലിനിയായ ആ വിദുഷി ഉടനെ ധൈര്യത്തെ അവലംബിച്ചു മനസ്സിനെ ഉറപ്പിച്ചുകൊണ്ടു 'അങ്ങ് ആരാണ്?; എന്റെ മകന് എന്തോരാപത്താണ് പററിയത്?' എന്നു വീണ്ടും ചോദിച്ചു. ഉടനെ മഹാരാജാവു തിരുമനസ്സുകൊണ്ടു താൻ ആരാണെന്നും ഉണ്ണിത്താനു പ്രാണഹാനി സംഭവിക്കാനുണ്ടായ കാരണമിന്നതെന്നും കല്പിച്ചു കേൾപ്പിക്കുകയും വിവരമെല്ലാമറിഞ്ഞപ്പോൾ വീണ്ടും ദുഃഖാത്തയായിബ്ഭവിച്ച ആ സംധ്വസ്ത്രീയെ പലവിധത്തിലുള്ള സാന്ത്വനവാക്കുകൾകൊണ്ട് ഒരുവിധം സമാശ്വസിപ്പിക്കുകയും ചെയ്തിട്ടു തിരിച്ചെഴുന്നള്ളുകയും ചെയ്തു. കാത്തികതിരുനാൾ തിരുമനസ്സുകൊണ്ട് ഒരു സ്ത്രീയെ വലിയമ്മയെന്നു വിളിച്ചതുകൊണ്ടു വട്ടപ്പറമ്പിൽ കുടുംബത്തിൽ അന്നന്നു മൂപ്പായിരിക്കുന്ന സ്ത്രീകൾക്കെല്ലാം വലിയമ്മ എന്ന സ്ഥാനം സിദ്ധമായതുപോലെ മാത്താണ്ഡവമ്മമഹാരാജാവു തിരുമനസ്സുകൊണ്ട് ആ ഒരു സ്ത്രീയെ അമ്മേ! എന്നു കല്പിച്ചു വിളിച്ചതു നിമിത്തം ആ കുടുംബത്തിലുള്ള സ്ത്രീകൾക്കെല്ലാം അമ്മയെന്നുള്ള സ്ഥാനം സിദ്ധിച്ചു. ഇപ്പോഴും അവിടെയുള്ള സ്ത്രീകളെയെല്ലാം എല്ലാവരും അങ്ങിനെതന്നെയാണ് പറഞ്ഞുവരുന്നത്. മാത്താണ്ഡവമ്മമഹാരാജവു നാടുനീങ്ങുന്നതുവരെ ആ സ്ത്രീയെ സ്വമാതാവിനെ എന്നപോലെതന്നെ അത്യന്തം സ്നേഹബഹുമാനങ്ങളോടുകൂടി ആദരിച്ചിരുന്നു. എന്നുമാത്രമല്ല; ആ കുടുംബത്തേക്ക് അസംഖ്യം വസ്തുവകകളും പല സ്ഥാനമാനങ്ങളും കല്പിച്ചുകൊടുക്കുകയും ചെയ്തു. വട്ടപ്പറമ്പിൽ കുടുംബത്തിലെ പുരുഷന്മാക്കു മുമ്പിനാലെ ഉണ്ടായിരുന്ന ഉണ്ണിത്താൻ എന്ന പേർ ഭേദപ്പെടുത്തി, 'വലിയതാൻ' എന്ന സ്ഥാനം കല്പിച്ചുകൊടുത്തതും മാത്താണ്ഡവമ്മമഹാരാജാവാണ്. മഹാരാജ്ഞിയെന്നു വിചാരിച്ചു വട്ടപ്പറമ്പിൽ വലിയമ്മയെ ബു

Digitised By Kerala Sahitya Akademi

ധന്മാർ പാടത്തു വെച്ചു കല്ലെറിഞ്ഞ തദ്ദേശവാസികളായ ദുഷ്ടന്മാരെ ആ മഹാരാജാവു പിടിപ്പിച്ചു വരുത്തി യഥാന്യായം ശിക്ഷിക്കുകയും അവൎക്ക് ആ പാടത്തുണ്ടായിരുന്ന വസ്തുക്കളെല്ലാം 'ദ്രോഹപ്പാട്ടം' എന്ന ഇനത്തിൽ ചേൎത്തു കണ്ടുകെട്ടി സൎക്കാരിലേക്കെടുക്കുകയും ചെയ്തു.

വട്ടപ്പറമ്പിലെ ഒരു വലിയതാൻ (മേല്പറഞ്ഞ വലിയമ്മയുടെ ഒരു ദൌഹിത്രനെന്നാണ് കേട്ടിരിക്കുന്നത്) ഒരിക്കൽ ദേശസഞ്ചാരത്തിനായി പോവുകയും മൂകാംബി, കുടചാദ്രി മുതലായ സ്ഥലങ്ങളിൽ ദൎശനം കഴിച്ചു വടക്കു കോട്ടയത്തു വന്നുചേരുകയും കോട്ടയത്തു രാജാവിനെക്കണ്ടു പരിചയമാവുകയും അദ്ദേഹത്തിന്റെ അടുക്കൽനിന്ന് ഇന്ദ്രജാലം, മഹേന്ദ്രജാലം മുതലായ മോടിവിദ്യകൾ അഭ്യസിച്ച് അതിൽ അദ്വിതീയനായിത്തീരുകയും ചെയ്തതിന്റെ ശേഷം തിരുനൽവേലി മാൎഗ്ഗം തിരുവനന്തപുരത്തു വന്നുചേൎന്നുവെന്നും അന്നു നാടുവാണിരുന്ന കാൎത്തികതിരുനാൾ രാമവൎമ്മമഹാരാജാവുതിരുമനസ്സിലെ മുഖം കാണിക്കുകയും മഹാരാജാവു സന്തോഷസമേതം സൽക്കരിച്ചു വലിയതാനെ കുറച്ചുദിവസം തിരുവനന്തപുരത്തു താമസിപ്പിക്കുകയും ചെയ്തുവെന്നും അക്കാലത്തു മോടിവിദ്യയിൽ ഏററവും പ്രസിദ്ധനായി തിരുവനന്തപുരത്തുണ്ടായിരുന്ന 'പീതാംബരയ്യൻ' എന്ന പാരദേശികനെ വലിയതാൻ തോല്പിച്ചോടിച്ചുവെന്നും പത്മതീൎത്ഥമദ്ധ്യത്തിൽ കച്ചവടസ്സാമാനങ്ങൾ നിരത്തി തങ്ങളുടെ സാമൎത്ഥ്യത്തെ കാണിച്ച ഊററക്കാരും ഐന്ദ്രജാലികന്മാരുമായ പട്ടാണികളേയും ഈ വലിയതാൻ വെള്ളത്തിൽ മുക്കി മടക്കി വിട്ടുവെന്നും വലിയതാന്റെ ഈവക പ്രയോഗങ്ങൾ കണ്ടു മഹാരാജാവു വളരെ സന്തോഷിക്കുകയും വിസ്മയിക്കുകയും ചെയ്തു വലിയതാന്റെ രണ്ടു കൈക്കും വീരശൃംഖലയും മററനേകം സമ്മാനങ്ങളും കല്പിച്ചുകൊടുത്തു സന്തോഷി

Digitised By Kerala Sahitya Akademi

പ്പിച്ചയയ്ക്കുകയും ചെയ്യുവെന്നും പ്രസിദ്ധവിദ്വാനും മഹാകവിയുമായിരുന്ന അശ്വതിതിരുനാൾ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു കുറച്ചുകാലം കൃഷ്ണപുരത്തെഴുന്നള്ളിത്താമസിച്ച് ഈ വലിയമ്മയുടെ അടുക്കൽനിന്നു മോടിവിദ്യകൾ അഭ്യസിക്കുകയുണ്ടായിട്ടുണ്ടെന്നും മററും ചില കഥകളും കേട്ടിട്ടുണ്ട്. വട്ടപ്പറമ്പിൽ കുടുംബക്കാരും തിരുവിതാംകൂർ മഹാരാജകുടുംബവുമായി ഇപ്രകാരമുള്ള അടുപ്പങ്ങളെല്ലാമുണ്ടാവാൻ പ്രധാനകാരണഭൂത ആ വലിയമ്മയാണെന്നുള്ളതു സ്പഷ്ടമാണല്ലോ.

ഐതിഹ്യങ്ങൾ മിക്കവാറും കേട്ടുകേൾവിയെ അടിസ്ഥാനപ്പെടുത്തിയും ഓരോരുത്തർ നിർമ്മിക്കുന്ന കള്ളക്കഥകളെ കൂട്ടിച്ചേർത്തും പറഞ്ഞും എഴുതിക്കൂട്ടിയുമുണ്ടാകുന്നവയാണെന്നാണല്ലോ സാധാരണ ജനങ്ങളുടെ വിശ്വാസം. എന്നാൽ ഈ ഉപന്യാസത്തിൽ പറയപ്പെട്ടിട്ടുള്ള മിക്ക സംഗതികളും വട്ടപ്പറമ്പിൽ ഇപ്പോഴുമിരിപ്പുള്ള പുരാതനരേഖാപ്രമാണങ്ങളെ അടിസ്ഥാനപ്പെടുത്തി എഴുതീട്ടുള്ളവയാണെന്നും ഇതിലേക്കു വേറെയും ലക്ഷ്യങ്ങൾ കാണുന്നുണ്ടെന്നും അതിനാൽ ഈ ഐതിഹ്യങ്ങളെപ്പററി അവിശ്വസിക്കാൻ യാതൊരു കാരണവുമില്ലെന്നും വായനക്കാരെ അറിയിച്ചുകൊള്ളുന്നു. കിരിക്കാട്ടു വട്ടപ്പറമ്പിൽഭവനത്തിനു 'കോട്ടയ്ക്കകത്ത്' എന്നുകൂടി ഒരു പേർ ഇപ്പോഴും ആ ദിക്കുകാരിൽ ചിലർ പറഞ്ഞുവരുന്നതും അവിടെ കോട്ട, കിടങ്ങുമുതലായവയുടെ നഷ്ടാവശിഷ്ടങ്ങൾ ഇപ്പോഴും കാണുന്നുള്ളതും ആ ഭവനത്തിൽ ഏററവും പഴക്കമുള്ള വലിയ തോക്കുകൾ, വാളുകൾ, ഈട്ടി, കുന്തം, വേൽ മുതലായ ആയുധങ്ങൾ ഇപ്പോഴും കാണപ്പെടുന്നതും ഇതിലേക്ക് ഉത്തമലക്ഷ്യങ്ങളാണല്ലോ. തിരുവിതാംകൂർ മഹാരാജാക്കന്മാർക്കു വട്ടപ്പറമ്പിൽ കുടുംബത്തോടുള്ള പ്രത്യേകപ്രതിപത്തി ഇപ്പോഴും നിലനിന്നുപോരുന്നുണ്ടെന്നുള്ളതിന്നും പലദൃഷ്ടാന്ത

Digitised By Kerala Sahitya Akademi

ങ്ങളുണ്ട്. ഇവക്കു ബഹുമാനസൂചകമായി രണ്ടു വെള്ളിവി ല്ലുക്കാരെ കല്പിച്ചനുവദിച്ചിട്ടുള്ളത് ഇന്നും നിറുത്തൽ ചെയ്യിട്ടില്ലാത്തതുതന്നെ ഒരു മുഖ്യ ലക്ഷ്യമാണല്ലൊ. കാർത്തികതിരുനാൾ തിരുമനസ്സുകൊണ്ടും മാർത്താണ്ഡവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ടും വട്ടപ്പറമ്പിൽ വലിയമ്മയുടെ പേൎക്ക് ഓരോ തിരുവെഴുത്തുകൾ അയച്ചതായി മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. ആ തിരുവെഴുത്തുകൾ വട്ടപ്പറമ്പിലെ പഴയ രേഖാപ്രമാണങ്ങളുടെ ശേഖരത്തിൽ അവർ സബഹുമാനം സൂക്ഷിച്ചു വെച്ചിരുന്നു. 1045-ാമാണ്ടിടയ്ക്കു ദിവാനായിരുന്ന സർ. ടി. മാധവരായരവർകൾ ഒരു തിരുവിതാംകൂർ ചരിത്രമെഴുതുന്നതിലേക്കായി വട്ടപ്പറമ്പിലുള്ള പഴയ രേഖാപ്രമാണങ്ങൾ കാണണമെന്ന് ആവശ്യപ്പെടുകയും വലിയതാനവർകൾ അവ കാണിച്ചു കൊടുക്കുകയും ചിലതെല്ലാം മാധവരായരവർകളുടെ ആവശ്യപ്രകാരം കൊടുത്തകൂട്ടത്തിൽ ആ തിരുവെഴുത്തുകളും കൊടുക്കുകയും ചെയ്തു. ആ പ്രമാണങ്ങളൊന്നും തിരിയെ കൊടുത്തിട്ടില്ല. എങ്കിലും അവയുടെ ശരി പകൎപ്പുകൾ ഇപ്പോഴും വട്ടപ്പറമ്പിൽ കാണുന്നുണ്ട്.

1058-ാമാണ്ടു വട്ടപ്പറമ്പിലെ അന്നത്തെ വലിയമ്മ തിരുവനന്തപുരത്തു ചെന്നു തന്റെ കുടുംബസംഗതികളെപ്പററി ഒരു സങ്കടഹൎജ്ജി വിശാഖംതിരുനാൾ തിരുമനസ്സിലെ സന്നിധിയിൽ സമൎപ്പിക്കുകയും തിരുമനസ്സുകൊണ്ട് ആ ഹൎജ്ജി തൃക്കയ്യിൽത്തന്നെ കല്പിച്ചു വാങ്ങുകയും ഉടൻ തന്നെ താഴെകാണുന്ന അൎത്ഥത്തിൽ അറിവെഴുതി തുല്യം ചാൎത്തി സൎവ്വാധികാൎയ്യക്കാരെ ഏല്പിക്കുകയും ചെയ്തു.

'ഇതു വട്ടപ്പറമ്പിൽ വലിയമ്മയുടെ ഒരു ഹൎജ്ജിയാണ്. ഇവർ വളരെ മാന്യതയോടും ഐശ്വൎയ്യത്തോടുമിരിക്കുന്ന ഒരു കുടുംബക്കാരാകുന്നു. ഈ ഹൎജ്ജി ദിവാൻജിയുടെ പൂൎണ്ണമായും ശീഘ്രതയിലുമുള്ള ആലോചനയ്ക്കായി

Digitised By Kerala Sahitya Akademi

ഒരു സാധനത്തോടുകൂടി അയയ്ക്കുണം. അമ്മ ഇവിടെ താമസിക്കുന്നു. അവരെ ആവശ്യത്തിലധികം താമസിപ്പിക്കരുത്.'

എന്ന് രാമവർമ്മ.

ഇതു മഹാരാജാവു തിരുമനസ്സിലെ പ്രീതിയും കാരുണ്യവും ഇവരുടെ പേരിൽ എത്രമാത്രമുണ്ടെന്നുള്ളതിന് ഒരു ദൃഷ്ടാന്തമാണല്ലൊ.

ഇനി വട്ടപ്പറമ്പു കുടുംബത്തിന്റെ താൽക്കാലികസ്ഥിതികൂടി സ്വല്പം പറയേണ്ടിയിരിക്കുന്നു. കായംകുളത്തു താമസിച്ചിരുന്ന ശാഖക്കാർ കായംകുളം തിരുവിതാംകൂറിൽ ചേർന്നിട്ട് അധികം താമസിയാതെതന്നെ നാമാവശേഷരായിത്തീർന്നു. അവിടെ ഇപ്പോൾ അവരുടെ ചില പരദേവതാക്ഷേത്രങ്ങളും മററുമല്ലാതെ പഴയ ഭവനംപോലും കാണ്മാനില്ല. കീരിക്കാട്ടുള്ള ഭവനത്തിൽ കൊല്ലം 1000-ാമാണ്ടായപ്പോഴേയ്ക്കും ഒരു വലിയമ്മ മാത്രമായിത്തീർന്നു. അവർ വയോവൃദ്ധയായിത്തീരുകയും അവർക്കു സന്തതിയില്ലാതിരിക്കുകയും ചെയ്കയാൽ വിവരം മഹാരാജാവിങ്കൽ തിരുമനസ്സറിയിച്ച് അവിടുത്തെ അനുവാദപ്രകാരം 1034-ാമാണ്ടു പന്തളത്തു 'തോട്ടത്തിൽ' ഉണ്ണിത്താന്മാരുടെ ഭവനത്തിൽനിന്നു കുടുംബമടക്കം ദത്തെടുത്തു വട്ടപ്പറമ്പിൽ കുടുംബത്തിൽ അവകാശപ്പെടുത്തി. ആ ദത്തിലുൾപ്പെട്ടവരായി ഒരമ്മയും മൂന്നു സ്ത്രീസന്താനങ്ങളും രണ്ടു പുരുഷസന്താനങ്ങളുമുണ്ടായിരുന്നു. ആ മൂന്നു സ്ത്രീകളിൽ ഒരു സ്ത്രീ പന്തളത്തും ഒരു സ്ത്രീ കീരിക്കാട്ടു വട്ടപ്പറമ്പിലും താമസിക്കുകയും ഒരു സ്ത്രീയെ 1068-ാമാണ്ടു തീപ്പെട്ടുപോയ നെടുമ്പ്രത്തുകോയിക്കൽ വലിയതമ്പുരാൻ അവർകൾ പട്ടും പരിവട്ടവുമിട്ട് അവിടുത്തെ പ്രണയിനിയാക്കി സ്വീകരിച്ച് അവർക്കു വേണ്ടുന്ന വസ്തുവകകളും ഗൃഹവും പുരയിടങ്ങളുമെല്ലാം കൊടുത്തു തിരുവല്ലായിൽ

Digitised By Kerala Sahitya Akademi

കൊണ്ടുവന്നു താമസിപ്പിക്കുകയും ചെയ്തു. കീരിക്കാട്ടു വട്ടപ്പറമ്പിൽ ഒടുക്കം ശേഷിച്ച വലിയമ്മ 1059-ാമാണ്ടു കർക്കടകമാസം 18-ാംനു- പരമഗതിയെ പ്രാപിച്ചുപോയി. ഇപ്പോൾ പന്തളത്തുള്ള തോട്ടത്തിൽ ഭവനത്തിലും കീരിക്കാട്ടു വട്ടപ്പറമ്പിലും തിരുവല്ലാ വട്ടപ്പറമ്പിലുമായി താമസിച്ചു വരുന്ന മൂന്നു ശാഖക്കാരും നേരെ ജ്യേഷ്ഠത്തിയനുജത്തിമാരുടെ സന്താനങ്ങളാണെന്നു വിശേഷിച്ചു പറയേണമെന്നില്ലല്ലോ.

22. വൈക്കത്തു തിരുനീലകണ്ഠൻ.

വിശ്രുതവിശ്രുതനായിരുന്ന വൈക്കത്തു തിരുനീലകണ്ഠൻ എന്ന ഗജശ്രേഷ്ഠനെക്കുറിച്ചുള്ള ഓർമ്മ ഈ നാട്ടുകാരുടെ മനസ്സിൽനിന്നു മാഞ്ഞുപോയിരിക്കുമെന്നു തോന്നുന്നില്ല. അവന്റെ യോഗ്യതാംശങ്ങൾ കണ്ടും കേട്ടും അറിഞ്ഞിട്ടുള്ളവർക്കാർക്കും അവനെ ഒരിക്കലും വിസ്മരിക്കാൻ സാധിക്കുന്നതുമല്ല. (ആനയെ അത് എന്നല്ലാതെ അവൻ എന്നു പറയുന്നതു ശരിയല്ലെന്നു ചിലർക്കു തോന്നിയേക്കാം. എന്നാൽ തിരുനീലകണ്ഠൻ സ്വഭാവംകൊണ്ട് ഒരു മൃഗമല്ലാതെയിരുന്നതിനാൽ ഞാനിപ്രകാരം പറയുന്നതാണെന്നു വായനക്കാർ മനസ്സിലാക്കിക്കൊള്ളേണ്ടതാണ്.)

തിരുനീലകണ്ഠന്റെ ജനനം എന്നായിരുന്നുവെന്നു തീർച്ചപ്പെടുത്താൻ മാർഗ്ഗമൊന്നും കാണുന്നില്ല. എന്നാൽ ഇവനെ കാട്ടിൽനിന്നു പിടിച്ചു കൂട്ടിലിട്ടു പഴക്കിപ്പുറത്തിറക്കിയതിന്റെ ശേഷം ആദ്യമായി ഏററുമാനൂർ ക്ഷേത്രത്തിൽ എഴുന്നള്ളിപ്പിനായി നിയമിക്കുകയാണ് ചെയ്തതെന്നും അത് 965-ാമാണ്ടിടയ്ക്കായിരുന്നുവെന്നും അറ്റോൾ

Digitised By Kerala Sahitya Akademi

ഇവന് ഏകദേശം നാലഞ്ചുവയസ്സു പ്രായമായിരുന്നുവെന്നുമുള്ളതിനു ചില ലക്ഷ്യങ്ങളുണ്ട്. അതിനാൽ നമ്മുടെ കഥാനായകന്റെ ജനനം കൊല്ലം 960, 61 ആയിടയ്ക്കായിരിക്കുമെന്ന് ഊഹിക്കാം. എന്നാലിവൻ വൈക്കത്തു ചെന്നുചേൎന്നത് എന്നാണെന്നു നിൎണ്ണയിക്കുന്നതിനും തക്കതായ ലക്ഷ്യമൊന്നുമില്ലാതെയാണിരിക്കുന്നത്.

വൈക്കത്തു സന്ധ്യവേല തുടങ്ങിയാൽ ഉത്സവം കഴിയുന്നതുവരെയും രണ്ടു നേരവും എഴുന്നള്ളിപ്പു വേണ്ടതുകൊണ്ടും വിശേഷിച്ചും അഷ്ടമിനാൾ ഉദയനാപുരത്തപ്പന്റെ എഴുന്നള്ളത്തുകൂടി ഉള്ളതുകൊണ്ടും അവിടെ എന്നും രണ്ടു നല്ല ആനകൾ അവശ്യം വേണ്ടതായിട്ടാണിരിക്കുന്നത്. ഒരു കാലത്ത് അവിടെ വേലായുധൻ എന്നും വിരൂപാക്ഷൻ എന്നും രണ്ടു വലിയ ആനകളുണ്ടായിരുന്നു. അക്കാലത്ത് ആ ആനകളെക്കൊണ്ടാണ് അവിടുത്തെ അടിയന്തിരങ്ങൾ നിൎവ്വഹിച്ചുവന്നിരുന്നത്. വിരൂപാക്ഷൻ കഴിഞ്ഞതിന്റെ ശേഷം വേലായുധനെക്കൊണ്ടു മാത്രം അവിടെ മതിയാകാതെ വന്നതിനാലാണ് തിരുനീലകണ്ഠനെ അവിടെ നിയമിച്ചത്. ഇതുകൊണ്ടു തിരുനീലകണ്ഠൻ വൈക്കത്തു ചെന്നുചേൎന്ന സമയം അവന്റെ ബാല്യദശ കഴിഞ്ഞിരുന്നുവെന്നും വൈക്കത്തെ എഴുന്നള്ളിപ്പു നിൎവ്വഹിക്കാൻ തക്ക പ്രായവും പുഷ്ടിയും അവനു സിദ്ധിച്ചിരുന്നുവെന്നും തീൎച്ചയാക്കാം.

വേലായുധനു തിരുനീലകണ്ഠനേക്കാൾ വലിപ്പമുണ്ടായിരുന്നു. എങ്കിലും ഭംഗിയും തലയെടുപ്പും തിരുനീലകണ്ഠനോളം വേലായുധനുണ്ടായിരുന്നില്ല. എഴുന്നള്ളിക്കുന്ന സമയങ്ങളിൽ തിരുനീലകണ്ഠൻ തല ഒന്നുകൂടി ഉയൎത്തിപ്പിടിക്കുമായിരുന്നു. അതിനാൽ ആ സമയം മുമ്പിൽനിന്നു നോക്കിയാൽ വേലായുധനേക്കാൾ പൊക്കം കൂടുതൽ തിരുനീലകണ്ഠനാണെന്നു തോന്നും. തലയെടുപ്പു, തലക്കു

Digitised By Kerala Sahitya Akademi

ട്ടി, മസ്തകത്തിന്റെ വിരിവു, ദേഹത്തിന്റെ പുഷ്ടി, കൊമ്പുകളുടേയും ചെവികളുടേയും വലിപ്പം, ഭാഗി ഇങ്ങിനെയുള്ള ഓരോ ഭാഗങ്ങൾ നോക്കിയാലും തിരുനീലകണ്ഠനെപ്പോലെയുള്ള ഒരാന 'ന ഭൂതോ ന ഭവിഷ്യതി' എന്നുതന്നെ തീൎച്ചപറയാം. എഴുന്നള്ളിക്കുന്ന സമയങ്ങളിൽ തല ഉയൎത്തിപ്പിടിച്ചുകൊണ്ടും വാദ്യഘോഷങ്ങളുടെ താളമൊപ്പിച്ചു ചെവിയാട്ടിക്കൊണ്ടുമുള്ള അവന്റെ ആ നിലയുടെ ഒരു ഭാഗി ഒന്നു വേറെതന്നെയാണ്. എന്നാൽ വിസ്മയനീയവും ശ്ലാഘ്യവുമായിരിക്കുന്നതു തിരുനീലകണ്ഠന്റെ സ്വഭാവഗുണവും ബുദ്ധിമാഹാത്മ്യവുമാണ്.

ആനകളുടെ വൎഗ്ഗത്തിലും ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ ഇങ്ങിനെ നാലു വകയുണ്ടെന്നും അവയിൽ തിരുനീലകണ്ഠൻ ബ്രാഹ്മണവൎഗ്ഗത്തിൽപ്പെട്ടവനാണെന്നുമാണ് ചിലരുടെ അഭിപ്രായം.

തിരുനീലകണ്ഠൻ മനസ്സറിഞ്ഞ് ആരേയും കൊന്നിട്ടില്ല. അവൻ നിമിത്തം ഒരു മഹമ്മദീയസ്ത്രീ മാത്രം മരിച്ചിട്ടുണ്ടെന്നു വേണമെങ്കിൽപ്പറയാം. ചിലപ്പോൾ എഴുന്നള്ളിപ്പിനായി തിരുനീലകണ്ഠനെ ചേൎത്തലെ കൊണ്ടുപോകാറുണ്ടായിരുന്നു. അവനെ മുട്ടത്തങ്ങാടിയിൽകൂടി കൊണ്ടുപോകുമ്പോൾ മിക്ക കച്ചവടക്കാരും അവനു പഴക്കുല കൊടുക്കുക പതിവാണ്. ഒരാണ്ടിൽ ഒരു മഹമ്മദീയവ്യാപാരി അവനു പഴക്കുല കൊടുത്തില്ല. ആ മഹമ്മദീയനു പഴവും പലഹാരങ്ങളും കച്ചവടമുണ്ടായിരുന്നിട്ടും പഴക്കുല കൊടുക്കാതിരുന്നതു ന്യായമായില്ലെന്നാണ് തിരുനീലകണ്ഠനു തോന്നിയത്. മററുള്ള കച്ചവടക്കാർ വില കൊടുത്തു പഴക്കുല വാങ്ങിക്കൊടുത്ത സ്ഥിതിക്ക് അനേകം പഴക്കുലകൾ കൈവശം വെച്ചുകൊണ്ടിരിക്കുകയും പഴം വിററുതന്നെ വളരെ ലാഭമെടുത്തുകൊണ്ടിരിക്കുകയും ചെയ്യു ആ മഹമ്മദീയൻ ഒന്നും കൊടുക്കാതിരുന്ന

Digitised By Kerala Sahitya Akademi

ടിനാൽ നമ്മുടെ കഥാനായകനു വൈരസ്യം തോന്നിയ ത് ഒരന്യായമായി വിചാരിക്കാനുമില്ലല്ലൊ. എന്തെങ്കി ലും തിരുനീലകണ്ഠൻ വഴിയിൽനിന്നുകൊണ്ടു തുമ്പിക്കൈ നീട്ടി മഹമ്മദീയൻെറ പീടികയിൽ നിന്നിരുന്ന ഒരു പഴ ക്കുലയുടെ ഒരററത്തു പിടിച്ചു. അപ്പോൾ അവിടെ കച്ച വടം ചെയ്യുകൊണ്ടിരുന്ന മഹമ്മദീയസ്ത്രീ പഴക്കുലയുടെ മറെറത്തലയ്ക്കു പിടിച്ച് അകത്തേക്കു വലിച്ചു. തിരുനീ ലകണ്ഠൻ പഴക്കുല പിടിച്ചു പുറത്തേക്കു വലിച്ചതിനോടു കൂടി ആ സ്ത്രീ വഴിയിൽ തിരുനീലകണ്ഠൻെറ മുമ്പിൽച്ചെ ന്നു വീണു. എങ്കിലും അവൻ അവളെ കുത്തുകയോ ച വിട്ടുകയോ എന്നല്ല, തൊടുകപോലും ചെയ്തില്ല. സ്ത്രീ തൻെറ മുമ്പിൽ വന്നു വീണയുടനെ തിരുനീലകണ്ഠൻ അ വിടെനിന്നു പോയി. ആളുകൾ വന്നു സ്ത്രീയെ എടുത്ത് അകത്തു കൊണ്ടുപോയിക്കിടത്തി. അപ്പോഴേക്കും അവൾ മരിച്ചിരുന്നു. അത് അവളുടെ ആധികൊണ്ടെന്നല്ലാതെ തിരുനീലകണ്ഠൻ കൊന്നിട്ടെന്നു പറയാനില്ലല്ലൊ.

തിരുനീലകണ്ഠൻ വൈക്കത്തു ചെന്ന കാലം മുതൽ അവസാനംവരെ അവൻെറ പ്രധാന പാപ്പാൻ 'മൂല യിൽ ഗോവിന്ദശ്ശാര്' എന്നൊരു നായരായിരുന്നു. അ യാൾക്കു തിരുനീലകണ്ഠനെക്കുറിച്ചു പുത്രനിർവിശേഷമായ സ്നേഹവും വാത്സല്യവുമുണ്ടായിരുന്നു. തിരുനീലകണ്ഠനു നേരത്തെ എന്തെങ്കിലും ഭക്ഷണം കൊടുക്കാതെ അയാൾ ജലപാനംപോലും കഴിക്കുക പതിവില്ല. വൈകുന്നേര വും അവനു വയറു നിറയത്തക്കവണ്ണം തീററിക്കു വക ക രുതാതെ അയാൾ അത്താഴമുണ്ണാറില്ല. ഗോവിന്ദശ്ശാർ പതിവായി അവനെ പുഴയിൽ കൊണ്ടുപോയി കുളിപ്പി ച്ചു ക്ഷേത്രത്തിൽ കൊണ്ടുചെന്നു തൊഴീച്ചു തീർത്ഥവും പ്ര സാദവും ത്രിമധുരവും മററും മേടിച്ചു കൊടുക്കുന്നതു ക ണ്ടാൽ ഇവൻ അയാളുടെ മകൻ തന്നെയായിരിക്കുമോ

Digitised By Kerala Sahitya Akademi

എന്നു തോന്നിപ്പോകും. അയാൾ അവനെ സാധാരണ വിളിച്ചുവന്നതും 'മക്കളെ!' എന്നു തന്നെയാണ്. പിന്നെ അയാൾ തിരുനീലകണ്ഠനു 'ശങ്ക' എന്നൊരു ഓമനപ്പേരുകൂടി ഇട്ടിരുന്നു. ചിലപ്പോൾ അയാൾ അതും വിളിക്കാറുണ്ടായിരുന്നു. അല്ലാതെ തിരുനീലകണ്ഠനെന്നുള്ള ശബ്ദം അയാൾ ഒരിക്കലും അവനെ വിളിക്കാനും പറയാനും ഉപയോഗിച്ചിരുന്നില്ല. തിരുനീലകണ്ഠൻ ഗോവിന്ദശ്ശാരെ വിചാരിച്ചിരുന്നതും തന്റെ പിതാവിനെപ്പോലെ തന്നെയാണ്. അയാൾ ദൂരെ നിന്നുകൊണ്ടു മക്കളെ!, അല്ലെങ്കിൽ ശങ്ക എന്നു വിളിച്ചാൽ ഏററവും ആദരവോടും ഭയഭക്തിസ്നേഹബഹുമാനങ്ങളോടുംകൂടി ഉറക്കെ വിളികേട്ടുകൊണ്ട് അവൻ ഓടിച്ചെല്ലുന്നതു കണ്ടാൽ എവരും വിസ്മയിച്ചുപോകും. ഗോവിന്ദശ്ശാർ തിരുനീലകണ്ഠനെ ഈ പ്രകാരം വശംവദനാക്കിത്തീർത്തതു ചില മന്ത്രപ്രയോഗങ്ങൾകൊണ്ടാണെന്നു ചിലർ വിശ്വസിക്കുകയും പറയുകയും ചെയ്തിരുന്നു. വാസ്തവത്തിൽ അയാൾ സ്നേഹവാത്സല്യങ്ങളും പരിചരണാദികളുംകൊണ്ടാണ് അവനെ സ്വാധീനപ്പെടുത്തിയത്. അയാൾക്ക് അത് അനായാസേന സാധിച്ചത് അവന്റെ സ്വഭാവഗുണംകൊണ്ടുമാണ്. ഗോവിന്ദശ്ശാർ ഒരിക്കലും തിരുനീലകണ്ഠനെ അടിക്കുകയും മററും ചെയ്തു വേദനപ്പെടുത്തീട്ടില്ല. സകല കാര്യവും നല്ലവാക്കു പറഞ്ഞുതന്നെയാണ് അയാൾ സാധിച്ചിട്ടുള്ളത്. അടിക്കുന്നതിനും മററും തിരുനീലകണ്ഠൻ ഒരിക്കലും കാരണമുണ്ടാക്കീട്ടുമില്ല. അതിനൊന്നും കാരണമുണ്ടാവാനും മാർഗ്ഗമില്ലായിരുന്നു. സാധാരണ ആനക്കാരന്മാരെപ്പോലെ ഗോവിന്ദശ്ശാർ തിരുനീലകണ്ഠനെക്കൊണ്ടു കള്ളത്തടി പിടിപ്പിക്കുകയും മററും പതിവില്ല. എഴുന്നള്ളിപ്പുകൾക്കു മാത്രമല്ലാതെ അയാൾ അവനെ ഉപയോഗപ്പെടുത്താറില്ല. അതിലേക്കു—വിശേഷിച്ചും വൈക്കത്തു

ക്ഷേത്രത്തിൽ വേണ്ടിവരുന്ന ബുദ്ധിമുട്ടും കഷ്ടപ്പാടുമെല്ലാം സഹിക്കാൻ തിരുനീലകണ്ഠൻ സദാ സന്നദ്ധനുമായിരുന്നു. ഗോവിന്ദശ്ശാർ പറഞ്ഞാൽപ്പിന്നെ പറയാനുമില്ല.

സാധാരണയാനകളെപ്പോലെ തിരുനീലകണ്ഠനെ തളയ്ക്കുക പതിവില്ല. പകൽ സമയമെല്ലാം അവൻ വൈക്കത്തു മതിൽക്കകത്തുതന്നെയാണ് നിൽക്കുക പതിവ്. രാത്രികാലങ്ങളിൽ ഗോവിന്ദശ്ശാരുടെ ഭാര്യവീട്ടിനു സമീപം എവിടെയെങ്കിലും അയാൾ തീററി തയ്യാറാക്കി വെച്ചുകൊടുക്കുന്ന സ്ഥലത്തു നിൽക്കുകയും തീററി തിന്നു തീർന്നാൽ കിടന്നുറങ്ങുകയും ചെയ്തുകൊള്ളും. വളരെ വാഴയും തെങ്ങിൻതയ്യുമുള്ള പുരയിടങ്ങളിലായാലും തിരുനീലകണ്ഠൻ അവയിലൊന്നും നഷ്ടപ്പെടുത്തുക പതിവില്ല. ഉത്സവകാലത്തു വിശേഷിച്ചും അഷ്ടമിദിവസം സ്ത്രീകളും പുരുഷന്മാരും കുട്ടികളും വൃദ്ധന്മാരും മററുമായി വൈക്കത്തു മതിൽക്കകത്തു ജനങ്ങൾ സദാ തിങ്ങിവിങ്ങി നിറഞ്ഞിരിക്കുമല്ലോ. ആ കൂട്ടത്തിൽ തിരുനീലകണ്ഠനുമുണ്ടായിരിക്കും. അവനെ തളച്ചിരിക്കുകയില്ലെന്നല്ല, ആനക്കാരനും അവിടെയെങ്ങുമുണ്ടായിരിക്കാറില്ല. എന്നാൽ അവനു ഗോവിന്ദശ്ശാർ ശേഖരിച്ചുകൊടുക്കുന്ന സാമാനങ്ങൾ തിന്നുകൊണ്ട് ഒരരികിലെങ്ങാനും നിൽക്കുകയല്ലാതെ അവൻ യാതൊരുത്തരേയും യാതൊരു പ്രകാരത്തിലും ഉപദ്രവിക്കുക പതിവില്ല. അവൻെറ ഈ സാധുസ്വഭാവം കണ്ടിട്ടു ചില രസികന്മാർ ഫലിതമായി 'തിരുനീലകണ്ഠനാന വലിയ കേസരിയാണെങ്കിലും വൈക്കത്തു മതിൽക്കകത്തു ചെന്നാൽ പട്ടിയാകും' എന്നു പറയാറുണ്ട്.

വൈക്കത്തുക്ഷേത്രത്തിൽ മിക്ക ദിവസവും സദ്യയുണ്ടായിരിക്കുന്നതു സാധാരണമാണല്ലോ. സദ്യയുള്ള ദിവസങ്ങളിലെല്ലാം ഒരു ചെമ്പു (മൂന്നുപറ അരിയുടെ) ചോ

Digitised By Kerala Sahitya Akademi

ം തിരുനീലകണ്ഠനും കൊടുക്കണമെന്ന് ഏർപ്പാടുണ്ടായിരുന്നു. അത് അമ്പലവാസിസദ്യ കഴിയുമ്പോളാണ് പതിവ്. അമ്പലവാസികൾ ഊണു കഴിഞ്ഞ് ഊട്ടുപുരയിൽനിന്ന് ഇറങ്ങിത്തുടങ്ങുമ്പോൾ ആരും പറയാതെതന്നെ തിരുനീലകണ്ഠൻ അടുക്കളെവാതുക്കൽ ഹാജരാകും. അപ്പോൾ ദേഹണ്ഡക്കാർ പതിവുള്ള ചോറും പായസവും പാത്രങ്ങളിലാക്കി പുറത്തെടുത്തിടും. ഗോവിന്ദശ്ശാർ വന്ന് ഉരുട്ടിയുരുട്ടി വായിൽ വെച്ചുകൊടുക്കുകയും തിരുനീലകണ്ഠൻ മുറയ്ക്കു വാങ്ങി ഭക്ഷിക്കുകയും ചെയ്യും. ചിലപ്പോൾ ഗോവിന്ദശ്ശാർ വരാതെയിരുന്നാൽ ദേഹണ്ഡക്കാരിൽ പ്രധാനനായ 'വെങ്കിട്ടനെമ്പ്രാൻ' എന്നാളായിരുന്നു ചോറുരുട്ടിക്കൊടുക്കുക പതിവ്. ആ എമ്പ്രാന്തിരിയും തിരുനീലകണ്ഠനും തമ്മിലും വലിയ സ്നേഹമായിരുന്നു. ചുരുക്കത്തിലുള്ള ചില സദ്യകളുണ്ടായാൽ ചിലപ്പോൾ അമ്പലവാസിസദ്യ ഉണ്ടായില്ലെന്നും വരും. എങ്കിലും തിരുനീലകണ്ഠനു പതിവുള്ളതു കൊടുക്കാതെയിരിക്കാറില്ല. അമ്പലവാസിസദ്യ ഇല്ലാത്ത ദിവസങ്ങളിൽ അടുക്കളെവാതിൽക്കൽ ഹാജരാകേണ്ടുന്ന സമയം നിശ്ചയമില്ലാതെ തിരുനീലകണ്ഠൻ ചിലപ്പോൾ സ്വല്പം താമസിച്ചുപോയിയെന്നു വരും. എന്നാൽ വെങ്കിട്ടനെമ്പ്രാൻ ചോറെടുത്തു പുറത്തിട്ടുകൊണ്ടു ശങ്കു! എന്ന് ഉറക്കെ വിളിക്കും. വിളി കേട്ടാലുടനെ അവനവിടെ എത്തുകയും ചോറു വാങ്ങി ഭക്ഷിക്കുകയും ചെയ്യും. ഭക്ഷണം കഴിഞ്ഞാലുടനെ യഥാപൂർവ്വം അവൻ അവന്റെ സ്ഥാനത്തു പോയി നില്ക്കുകയും ചെയ്യും. ആനക്കൊട്ടിലിന്റെ വടക്കുവശത്തു കിഴക്കോട്ടു മാറി ആ അരികിലാണ് അവൻ പകൽ സമയം നിൽക്കുക പതിവ്. ചില ദിവസം വല്ല കാരണത്താലും അവനു പതിവുള്ള ചോറു മുഴുവനും കിട്ടാതെ വന്നാൽ അടുക്കളെവാതിൽക്കൽനിന്ന് അവൻ പോവുകയില്ല. കുറ

Digitised By Kerala Sahitya Akademi

ച്ചുനേരംകൂടി അവിടെ നിന്നിട്ടും ചോറു മുഴുവനും കൊടു ത്തില്ലെങ്കിൽ തഹശിൽദാർ ഇരിക്കുന്ന സ്ഥലത്തു ചെന്ന് ഉറക്കെ ഒന്നു ഗർജ്ജിക്കും. തിരുനീലകണ്ഠൻ ആവലാതി ക്കു ചെല്ലുമ്പോൾത്തന്നെ തഹശിൽദാരന്മാൎക്കു കാൎയ്യം മ നസ്സിലാകും. അന്വേഷിക്കുമ്പോൾ ചോറു മുഴുവനും കൊ ടുത്തിട്ടില്ലായിരിക്കും. തഹശിൽദാരുടെ മുമ്പിൽനിന്ന് അവൻ പോകണമെങ്കിൽ അവനു കൊടുപ്പാനുള്ള ചോ റ്, അല്ലെങ്കിൽ അതിനു ശരിയാകത്തക്കവണ്ണമുള്ള പഴം, ശൎക്കര, നാളികേരം മുതലായ സാമാനങ്ങൾ ഏതെങ്കിലും കൊടുക്കണം. അതു കൊടുത്തുകഴിഞ്ഞാൽ വാങ്ങി ഭക്ഷി ക്കുകയും സ്വസ്ഥാനത്തു പോയി നിൽക്കുകയും ചെയ്തു കൊള്ളും. ഇതിനൊന്നിനും തിരുനീലകണ്ഠന് ആനക്കാ രന്മാരുടെ സഹായം ആവശ്യമില്ലായിരുന്നു.

എഴുന്നള്ളിക്കാറാകുമ്പോൾ ആനക്കാരാരുമവിടെയി ല്ലെങ്കിലും തിരുനീലകണ്ഠൻ സ്വയമേവ കൊടിമരച്ചുവ ട്ടിൽ ഹാജരാകും. തലയിൽക്കെട്ടു കെട്ടിക്കുന്നതിന് ആ ൎക്കെങ്കിലും പുറത്തു കയറാം. അവൻ യാതൊരുപദ്രവവും ചെയ്യുകയില്ല. എന്നാൽ മുൻവശത്തുകൂടി കേറുകയും ഇറങ്ങുകയും ഗോവിന്ദശ്ശാരും എഴുന്നള്ളിക്കുന്ന ആളും മാ ത്രമേ പാടുള്ളു എന്ന് അവനു നിർബന്ധമുണ്ട്. മററാരാ യാലും അവൻ പിൻകാൽ പൊക്കിക്കൊടുക്കും. അതി ലെ കേറുകയും ഇറങ്ങുകയും ചെയ്തുകൊള്ളണം എന്നാണ് അവൻെറ ചട്ടം. എഴുന്നള്ളിപ്പിന് ആനക്കാരില്ലെങ്കി ലും കഴിച്ചുകൂട്ടുന്നതിന് ഒരു പ്രയാസവുമില്ല. ഇന്നിന്ന സ്ഥ ലങ്ങളിൽ നിൽക്കണം, ഇന്നിന്ന സ്ഥലങ്ങളിൽ നടക്ക ണം, ഇന്ന സ്ഥലത്തു വേഗത്തിൽ നടക്കണം ഇന്ന സ്ഥ ലത്തു സാവധാനത്തിൽ നടക്കണം, നിൽക്കുന്നതു ഇത്ര നേരം വേണം, ഇത്രാമതിത്രാമത്ഉത്സവങ്ങളിൽ ശീവേലി ക്കും വിളക്കിനും ഇത്രയിത്ര നേരം താമസിക്കണമെന്നും മ

Digitised By Kerala Sahitya Akademi

ററവുമുള്ള കാൎയ്യങ്ങൾ തിരുനീലകണ്ഠനു നല്ല നിശ്ചയമുണ്ടായിരുന്നു. ആനക്കാരുണ്ടായിരുന്നാൽ അവർ പററ, കേളി, വളരെ വിസ്തരിച്ചുള്ള നാഗസ്വരപ്രദക്ഷിണം, ചെണ്ടപ്രദക്ഷിണം എന്നിവയാകുമ്പോൾ തിരുനീലകണ്ഠൻെറ കാലുകളിന്മേൽ ചാരിയിരുന്നുറങ്ങുക പതിവാണ്. എന്നാൽ നിൽക്കുന്ന നിലയിൽനിന്നു നടന്നു തുടങ്ങാറാവുമ്പോൾ അവൻ പതുക്കെ തുമ്പിക്കൈകൊണ്ടും മററും അവരെ ഉണൎത്തുകയല്ലാതെ ഉപദ്രവിക്കുക പതിവില്ല.

സന്ധ്യവേലക്കാലത്തും ഉത്സവകാലത്തും വിളക്കിൻെറ ഉരുട്ടുചെണ്ടപ്രദക്ഷിണം വടക്കെ നടയിലാകുമ്പോൾ തിരുനീലകണ്ഠൻ അതിഗംഭീരശബ്ദത്തോടുകൂടി ഒന്നു രണ്ടു ഗൎജ്ജിക്കുക പതിവാണ്. അപ്പോൾ വലിയ കലവറയിൽനിന്നു മൂന്നാലു പഴക്കുല കൊണ്ടുചെന്ന് അവനു കൊടുത്തേക്കണം. പിന്നെ എത്രനേരം വേണമെങ്കിലും നിൽക്കുന്നതിന് അവനു യാതൊരു വിരോധവുമില്ല. അതു കൊടുത്തിട്ടില്ലെങ്കിൽ അവൻ ക്ഷണത്തിൽ നടന്നു പ്രദക്ഷിണം തികച്ചിട്ടു കൊടിമരച്ചുവട്ടിൽച്ചെന്നു മടക്കും. ഉടനെ ഇറക്കിയെഴുന്നള്ളിച്ചുകൊള്ളണം. അങ്ങിനെയാണ് അവൻെറ ഏൎപ്പാട്. അവൻെറ ഹിതത്തിനു വിപരീതമായി ഗോവിന്ദശ്ശാരൊന്നും പറയാറില്ല. പറഞ്ഞാൽ കേൾക്കുമൊ എന്ന് ആരും പരീക്ഷിച്ചിട്ടുമില്ല. ഗോവിന്ദശ്ശാരു പറഞ്ഞാൽ തിരുനീലകണ്ഠൻ എന്തും ചെയ്യുമെന്നാണ് പരസമ്മതം. ആ മാനം പൊയ്പ്പോയെങ്കിലൊ എന്നു വിചാരിച്ചുകൂടിയായിരിക്കാം അതു പരീക്ഷിച്ചു നോക്കാതെയിരുന്നിട്ടുള്ളത്. തിരുനീലകണ്ഠൻെറ ഈ സ്വഭാവം എല്ലാവൎക്കും അറിയാവുന്നതുകൊണ്ട് അവൻെറ ഗൎജ്ജനം കേട്ടാലുടനെ പഴക്കുല കൊണ്ടുചെന്നു കൊടുക്കാതെയിരിക്കാറില്ല. ചില തഹശീൽദാരന്മാരുടെ സ്വഭാവവ്യത്യാസം നിമിത്തം ഒന്നോ രണ്ടോ പ്രാവ

Digitised By Kerala Sahitya Akademi

ശ്രമേ തിരുനീലകണ്ഠൻെറ ഗജ്ജനം കേട്ടിട്ടു പഴക്കുല കൊടുക്കാതെയിരുന്നിട്ടുള്ളു. അന്നൊക്കെ അവൻ മേൽപ്പറഞ്ഞപ്രകാരം വിളക്കു ക്ഷണത്തിൽ കഴിച്ചുകൂട്ടുകയും ചെയ്യു.

തിരുനീലകണ്ഠൻെറ ഓമ്മശക്തിയും വിസ്മയിക്കത്തക്കതുതന്നെയായിരുന്നു. ഒരിക്കൽ അവനെ ഏററുമാനൂരാറാട്ടിനെഴുന്നള്ളിക്കാൻ കൊണ്ടുപോയിരുന്നു. എഴുന്നള്ളിച്ചു വടക്കെ നടയിലായപ്പോൾ ചുററമ്പലത്തിൽനിന്നു പുറത്തേക്ക് അടിയിൽക്കൂടിയുള്ള ഓകിൻെറ മീതെയിട്ടിരുന്ന തളക്കല്ലിന്മേൽ അവൻ ചവിട്ടുകയും ആ കല്ലു കീഴ്പ്പോട്ടു താണുപോവുകയും ചെയ്യു. തിരുനീലകണ്ഠൻ അവൻെറ സാമത്ഥ്യംകൊണ്ടു കാൽ ആ കഴിയിലകപ്പെടാതെ ക്ഷണത്തിൽ അവിടം കടന്നുകളഞ്ഞു. പിന്നെയും ആണ്ടുതോറും അവനെ ഏററുമാനൂരാറാട്ടിനെഴുന്നള്ളിക്കാൻ കൊണ്ടുപോകാറുണ്ടായിരുന്നു. എന്നാൽ അവൻ വടക്കെ നടയിൽ ആ ഓകിൻെറ ചൊവ്വിനാകുമ്പോൾ ആ തളക്കല്ലിന്മേൽച്ചവിട്ടാതെ കാൽ അകത്തിവെക്കുക പതിവായിരുന്നു. വളരെക്കാലം കഴിഞ്ഞിട്ടും ഒരിക്കലെങ്കിലും അബദ്ധം പററാൻ ഭാവിച്ച ആ സംഗതി അവൻ മറന്നില്ല.

തിരുനീലകണ്ഠനു നമ്മുടെ ഇപ്പോഴത്തെ ഗംഗാധരനേയും മററും പോലെ കൂട്ടാനെക്കുത്തുകയെന്നുള്ള ദുസ്സ്വഭാവവുമുണ്ടായിരുന്നില്ല. എന്നു മാത്രമല്ല, അവനു സ്വജാതിസ്നേഹവും ധാരാളമുണ്ടായിരുന്നു. ചില കുട്ടിയാനകൾ തിന്നാനൊന്നുമില്ലാതെ വിശന്നു നിൽക്കുന്നതു കണ്ടാൽ അവൻ അവൻെറ തീററിസ്സാമാനങ്ങളിൽനിന്നു കുറേശ്ശയെടുത്ത് അവയുടെ മുൻപിലേക്കു മാററിയിട്ടു കൊടുക്കുക പതിവാണ്. എന്നാൽ കൂട്ടാനെക്കുത്തുന്ന ആനകളോട് അവനു വളരെ വിരോധവുമാണ്. വേലായുധൻ കഴിഞ്ഞതിൻെറ ശേഷം ഒരഷ്ടമിയെഴുന്നള്ളത്തിനു ചങ്ങനാശേരി ലക്ഷ്മീപുരത്തുകൊട്ടാരം വക ഒരാ

Digitised By Kerala Sahitya Akademi

നയെ വൈക്കത്തു വരുത്തിയിരുന്നു. ആ ആനയും വളരെ നല്ലതായിരുന്നു. പക്ഷേ കൂട്ടാനെക്കുത്തുകയെന്നുള്ള ദുസ്സ്വഭാവംകൊണ്ട് അവനെ എഴുന്നള്ളത്തിനു കൊണ്ടുപോകാൻ എല്ലാവൎക്കും വളരെ ഭയമായിരുന്നു. വൈക്കത്ത് അക്കൊല്ലം വേറെ നല്ലയാനയെക്കിട്ടായ്കകൊണ്ടു മാത്രം അവനെ വരുത്തിയതാണ്. അഷ്ടമിദിവസം വൈക്കത്തപ്പനേയും ഉദയനാപുരത്തപ്പനേയും എഴുന്നള്ളിക്കുന്നതിനു രണ്ടു നല്ലയാനകളില്ലാതെ നിവൃത്തിയില്ലല്ലൊ. ലക്ഷ്മീപുരത്തുകൊട്ടാരത്തിലെ ആനയെ വരുത്തിയ കാലം അഷ്ടമിക്കു കൊട്ടാരം വക ആനപ്പുറത്തു വൈക്കത്തപ്പനേയും തിരുനീലകണ്ഠന്റെ പുറത്ത് ഉദയനാപുരത്തപ്പനേയുമാണ് എഴുന്നള്ളിച്ചിരുന്നത്. ഉദയനാപുരത്തപ്പന്റെ എഴുന്നള്ളത്തു വടക്കെ ഗോപുരത്തിനകത്തു കടന്നു കിഴക്കോട്ടു തിരിഞ്ഞപ്പോൾ വൈക്കത്തപ്പനെ വഹിച്ചുകൊണ്ടു കൊട്ടാരംവക ആന കിഴക്കെ ആനക്കൊട്ടിലിൽ പടിഞ്ഞാട്ടു തിരിഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. തിരുനീലകണ്ഠൻ തലയുയൎത്തിപ്പിടിച്ചു ചെവിയുമാട്ടി മന്ദംമന്ദം ആടിക്കുഴഞ്ഞ് അങ്ങിനെ വരുന്നതു കണ്ടിട്ടു കൊട്ടാരംവക ആനയ്ക്ക് ഒട്ടും സഹിച്ചില്ല. നമ്മുടെ കഥാനായകനെ നേരിട്ടു കണ്ടപ്പോഴേയ്ക്കും മറേറയാന ചെവി വട്ടംപിടിക്കുകയും വാലുയൎത്തിപ്പിടിക്കുകയും ചെയ്തുകൊണ്ടു മുൻപോട്ടു നടന്നുതുടങ്ങി. ആനക്കാരന്മാർ തോട്ടിയിട്ടു പിടിക്കുകയും കുന്തംകൊണ്ടു കുത്തുകയും മററും ചെയ്തിട്ടും അവൻ നിന്നില്ല. ആ ആന ആനക്കൊട്ടിലിനു പുറത്തായപ്പോഴേയ്ക്കും വൈക്കത്തു മതിൽക്കകത്തുണ്ടായ ഭൂകമ്പം ഇന്നപ്രകാരമെന്നു പറയാൻ പ്രയാസം. വാദ്യക്കാർ, ദീവട്ടിക്കാർ മുതലായവർപോലും പ്രാണഭീതിയോടുകൂടി നാലു പുറത്തേക്കും ഓടി. ഇതൊക്കെയായിട്ടും നമ്മുടെ തിരുനീലകണ്ഠനും ഗോവിന്ദന്മാൎക്കും ഒരിളക്കവുമുണ്ടായില്ല. കൊട്ടാരം

Digitised By Kerala Sahitya Akademi

വക ആന അടുത്തു തുടങ്ങിയപ്പോൾ തിരുനീലകണ്ഠൻ ഗോവിന്ദശ്ശാരുടെ കയ്യിലിരുന്ന വളർവടി തുമ്പിക്കയ്യിൽ മേടിച്ചു പിടിച്ചു. കൊട്ടാരം വക ആന തിരുനീലകണ്ഠനെ കുത്താനായി പാഞ്ഞു ചെന്ന സമയം തിരുനീലകണ്ഠൻ സ്ഥാനം നോക്കി ആ വടികൊണ്ട് ഒരടി കൊടുത്തു. അടികൊണ്ട ഉടനെ കൊട്ടാരംവകയാന ഉറക്കെ നില വിളിച്ചുകൊണ്ട് ഓടിച്ചെന്നു ബലിക്കൽപ്പുരയിൽക്കയറി പേടിച്ചുവിറച്ചുകൊണ്ടു നിന്നു. ആനക്കാരന്മാർ പഠിച്ച വിദ്യകളെല്ലാം നോക്കീട്ടും ആ ആനയെ അപ്പോൾ അവിടെനിന്ന് ഇറക്കിക്കൊണ്ടുപോകാൻ കഴിഞ്ഞില്ല. വൈക്കത്തപ്പനേയും ഉദയനാപുരത്തപ്പനേയുംകൂടി ഒരുമിച്ച് ആനക്കൊട്ടിലിൽ എഴുന്നള്ളിച്ചു നിറുത്തീട്ടു വേണമല്ലോ കാണിക്കിടുക മുതലായവ നടത്താൻ. അതിനാൽ വേറൊരാനയെക്കൊണ്ടു ചെന്നു കൊട്ടാരംവക ആനയുടെ പുറത്തുനിന്നു വൈക്കത്തപ്പനെ ആ ആനയുടെ പുറത്തേക്കു മാററി എഴുന്നള്ളിച്ചു കിഴക്കെ ആനക്കൊട്ടിലിൽ ഉദയനാപുരത്തപ്പനോടുകൂടി നിറുത്തി, കാണിക്കിടുക കഴിക്കുകയും അവിടെ നിന്നെഴുന്നള്ളിച്ചു പടിഞ്ഞാറെ നടയിലാവുകയും ചെയ്തതിൻെറ ശേഷം കൊട്ടാരംവക ആനയെ ബലിക്കൽപ്പുരയിൽനിന്നിറക്കി, തലയിൽക്കെട്ട് അഴിച്ചെടുത്തുകൊണ്ടു കൊണ്ടുപോയിത്തളച്ചു. അതിൽ പിന്നെ കൊട്ടാരംവക ആന കൂട്ടാനയെക്കുത്തുക ഒരിക്കലുമുണ്ടായിട്ടുമില്ല.

തിരുനീലകണ്ഠനെ തിരുവിതാംകൂറിനു പുറത്ത് ഒരു സ്ഥലത്തും അയയ്ക്കുക പതിവില്ല. തൃപ്പൂണിത്തുറയുത്സവം, തൃശ്ശിവപേരൂർ പൂരം, ആറാട്ടുപുഴപ്പൂരം മുതലായ അടിയന്തരങ്ങൾക്ക് എഴുന്നള്ളിപ്പാനായി തിരുനീലകണ്ഠനെ കൊണ്ടുപോകുന്നതിനു പലരും വരികയും വളരെ നിർബ്ബന്ധിക്കുകയും കൂലി എന്തു വേണമെങ്കിലും കൊടുക്കാമെന്നു പറയുക

യും മററും പല പ്രാവശ്യമുണ്ടായിട്ടുണ്ട്. എങ്കിലും അവനെ എങ്ങും അയയ്ക്കാറില്ല. തിരുനീലകണ്ഠൻെറ അന്യാദൃശങ്ങളായ യോഗ്യതാംശങ്ങൾ കേട്ടു കേട്ട് അവനെ ഒന്നു കാണണമെന്നുള്ള ആഗ്രഹം കൊച്ചിത്തമ്പുരാക്കന്മാൎക്കു കലശലായിത്തീരുകയാൽ നമ്മുടെ ആയില്യംതിരുനാൾ തിരുമനസ്സിലേക്കാലത്ത് അവിടുത്തേപ്പേൎക്ക് അന്നത്തെ കൊച്ചിവലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു തൃപ്പൂണിത്തുറക്ഷേത്രത്തിൽ ഒരു കളഭവും വിളക്കും നിശ്ചയിച്ചിരിക്കുന്നുവെന്നും അതിൻെറ എഴുന്നള്ളിപ്പിനു തിരുനീലകണ്ഠനെ അയയ്ക്കുന്നതിനു അനുവാദമുണ്ടാകണമെന്നും നേരിട്ട് ഒരു സ്വകാൎയ്യക്കത്തയയ്ക്കുകയും അതിൻപ്രകാരം കല്പിച്ചനുവദിച്ചു കല്പനപ്രകാരം എഴുതിവരികയും ചെയ്യുകയാൽ ഒരിക്കൽ അവനെ തൃപ്പൂണിത്തുറെ അയയ്ക്കുകയുണ്ടാട്ടുണ്ട്. ആ എഴുന്നള്ളിപ്പു കഴിഞ്ഞു തിരിയെ വൈക്കത്തു കൊണ്ടുവന്നപ്പോഴേയ്ക്കും തിരുനീലകണ്ഠൻ വളരെ ക്ഷീണിക്കുകയും പഴം കൊടുത്താൽപ്പോലും തിന്നാതെയും വെള്ളം കുടിക്കാതെയുമാവുകയും എണീററു നടക്കാൻ പോലും ശക്തനല്ലാതെ കിടപ്പാവുകയും അവൻെറ ദേഹത്തിലെല്ലാം കഴിഞ്ചിക്കുരു മുഴപ്പിൽ ഒരുമാതിരി പൊളമുണ്ടാവുകയും ചെയ്തു. പിന്നെ വേലൻപ്രവൃത്തി, വറതിരുമ്മുക മുതലായ മന്ത്രവാദങ്ങളും അനേകം ചികിത്സകളും മററും ചെയ്തതിൻെറ ശേഷമാണ് അവനു സുഖമായത്. ഈ ആപത്തുണ്ടായതു കരിങ്കണ്ണന്മാരായ ആരുടെയോ നാവിൻദോഷം നിമിത്തമാണെന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലോ. ഇതു കഴിഞ്ഞതിൽപ്പിന്നെ അവനെ ഈ രാജ്യത്തിനു പുറത്ത് ഒരു സ്ഥലത്തുമയച്ചിട്ടില്ല.

ഒരാണ്ടിൽ കുംഭമാസത്തിലഷ്ടമിക്കു കിഴക്കോട്ടെഴുന്നെള്ളിച്ചു പോയ സമയം മദ്ധ്യേമാൎഗ്ഗം ഒരു സ്ഥലത്തുവെച്ചു തലയിൽക്കെട്ടിലെ ഒരു സ്വൎണ്ണക്കുമിള ചില കുത്തുകൾ

Digitised By Kerala Sahitya Akademi

Digitised By Kerala Sahitya Akademi